# അനുഗ്രഹത്തിന്റെ അക്ഷരവർഷങ്ങൾ

## ഫാ. തോമസ് കുഴിനാപ്പുറത്തിന്റെ രചനാ ജീവിതത്തിലേക്ക് ഒരു തിരനോട്ടം



എഡിറ്റർ: ഫാ. ജൂബി കുഴിനാപ്പുറത്ത്

www.malankaralibrary.com

# അനുഗ്രഹത്തിന്റെ അക്ഷരവർഷങ്ങൾ

ഫാ. തോമസ് കുഴിനാപ്പുറത്തിന്റെ
രചനാജീവിതത്തിലേക്ക് ഒരു തിരനോട്ടം

www.malankaralibrary.com

**അനുഗ്രഹത്തിന്റെ**
**അക്ഷരവർഷങ്ങൾ**
ഫാ. തോമസ് കുഴിനാപ്പുറത്തിന്റെ
രചനാജീവിതത്തിലേക്ക്
ഒരു തിരനോട്ടം

എഡിറ്റർ:
ഫാ. ജൂബി കുഴിനാപ്പുറത്ത്
പ്രസിദ്ധീകരണം:
ദി കമ്മീഷൻ ഫോർ തിയോളജി &
പബ്ലിക്കേഷൻ
തിരുവനന്തപുരം മേജർ അതിരൂപത
മേജർ ആർച്ച് ബിഷപ്പ്സ് ഹൗസ്, പട്ടം
തിരുവനന്തപുരം - 695 004
മൊബൈൽ: 8129482279
ctptrivandrum@gmail.com

കവർ ചിത്രം:
കൊല്ലം ബാബു
കവർ ഡിസൈൻ:
നിമ്മി ആൻ ജോർജ്ജ് പാറയ്ക്കൽ

അച്ചടി
ലേഔട്ട് & പേജ് സെറ്റിംഗ്:
അക്ഷര ഓഫ്സെറ്റ്,
തിരുവനന്തപുരം

നാലാം പതിപ്പ്:
2020 ജൂലൈ
വില : ₹ 300/-
Copies: 1000

**Anugrahathinte**
**Aksharavarshangal**
Fr. Thomas Kuzhinapurathinte
Rachana Jeevithathilekku Oru Thiranottam
(An Introduction to the Literary
Life of Fr. Thomas Kuzhinapurath)

Editor:
Fr. Juby Kuzhinapurath
Published by:
The Commission for Theology &
Publication,
Major Archdiocese of Trivandrum
Major Archbishop's House,
Pattom, Trivandrum - 695 004
Mob: 8129482279
ctptrivandrum@gmail.com

Cover Picture:
Kollam Babu
Cover Design:
Nimmy Ann George Parakkal

Type Setting & Printing:
Akshara Offset
Vanchiyoor, Trivandrum - 695 035
Phone: 2471174

Fourth Edition:
July 2020
Price : ₹ 300/-
Copies: 1000

www.malankaralibrary.com

# അനുഗ്രഹത്തിന്റെ അക്ഷരവർഷങ്ങൾ

ഫാ. തോമസ് കുഴിനാപ്പുറത്തിന്റെ
രചനാജീവിതത്തിലേക്ക് ഒരു തിരനോട്ടം


എഡിറ്റർ
**ഫാ. ജൂബി കുഴിനാപ്പുറത്ത്**



**ദി കമ്മീഷൻ ഫോർ തിയോളജി & പബ്ലിക്കേഷൻ**
തിരുവനന്തപുരം മേജർ അതിരൂപത
മേജർ ആർച്ച് ബിഷപ്പ്സ് ഹൗസ്, പട്ടം
തിരുവനന്തപുരം - 695 004



www.malankaralibrary.com

# പ. ജോൺപോൾ II മാർപാപ്പായുടെ
# അപ്പോസ്തോലിക ആശീർവാദം

SECRETARIAT OF STATE

FIRST SECTION - GENERAL AFFAIRS

From the Vatican, 2 December 2000

Dear Father Kuzhinapurath,

The Holy Father wishes me to express his gratitude for the gift of a book which you presented for his acceptance. He very much appreciates your kind and devoted sentiments.

His Holiness asks our Lord Jesus Christ to sustain you in his grace and love and to fill you with his peace. I am also pleased to convey to you the Apostolic Blessing.

Yours sincerely in Christ,

Monsignor Pedro López Quintana
Assessor

The Reverend Thomas Kuzhiapurath
Collegio Damasceno
46, Via Carlo Emanuele I
00185 ROMA

www.malankaralibrary.com

THE SYRO-MALANKARA CATHOLIC CHURCH
MAJOR ARCHDIOCESE OF TRIVANDRUM

MORAN MOR BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS OF
THE SYRO-MALANKARA CATHOLIC CHURCH &
MAJOR ARCHBISHOP OF TRIVANDRUM

THIRUSANNIDHI
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA

# അനുഗ്രഹാശംസ

സർഗ്ഗവാസനകൾ ദൈവാനുഗ്രഹത്തിന്റെ ബഹിർസ്ഫുരണങ്ങളാണ്. അവയെ ശരിയായ രീതിയിൽ ഉപയോഗിച്ചാൽ മാനവസമൂഹനിർമ്മിതിയിൽ അവയ്ക്ക് നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയും. നവസമൂഹ സൃഷ്ടിയിൽ എഴുത്തിനും എഴുത്തുകാരനുമുള്ള പങ്ക് പ്രാധാന്യമർഹിക്കുന്നതാണ്. അക്ഷരം എന്ന സംസ്കൃതപദത്തിന്റെ വാച്യാർത്ഥം ക്ഷയിക്കാത്തത് എന്നാണ്. ആത്യന്തികമായി, ക്ഷയിക്കാത്തവൻ ദൈവമാണല്ലോ. അതിനാൽ അക്ഷരോപാസന ഒരു ദൈവിക പ്രവൃത്തിയാണ്.

ബഹു. തോമസ് കുഴിനാപ്പുറത്തച്ചൻ രചനാജീവിതം ആരംഭിച്ചിട്ട് 25 വർഷം പൂർത്തിയാകുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. സെമിനാരി പരിശീലനകാലം മുതൽ അച്ചൻ അക്ഷരലോകത്ത് ഗൗരവമായ ഇടപെടലുകൾ നടത്തുന്നത് ഞാൻ സശ്രദ്ധം വീക്ഷിച്ചിരുന്നു. കേവലം ഒരു 20 വയസ്സുകാരന്റെ രചനകൾക്കപ്പുറത്ത് ഗൗരവമായ ചില ചിന്താധാരകൾ അന്നേ അച്ചന്റെ രചനകളിൽ കാണാമായിരുന്നു. സഭാപിതാക്കന്മാരുടെയും ആധുനിക ദൈവശാസ്ത്രജ്ഞരുടെയും രചനകളിലൂടെ നടത്തിയ അന്വേഷണം സർഗ്ഗസൃഷ്ടികളായി നിരവധി പ്രസിദ്ധീകരണങ്ങളിൽ വെളിച്ചം കണ്ടു. വൈദികനായി ഒരു വർഷം കഴിഞ്ഞപ്പോൾ ബഹു. കുഴിനാപ്പുറത്തച്ചൻ തന്റെ പ്രസിദ്ധീകൃത ലേഖനങ്ങളെല്ലാം സമാഹരിച്ച് 'ദൈവജനനം' എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിച്ചു. അന്ന് റോമിൽ ഉപരിപഠനം നടത്തിയിരുന്ന എന്നോട് അഭിപ്രായം ആരാഞ്ഞു. അതിന്റെ പ്രസിദ്ധീകരണത്തിനു വേണ്ട പ്രോത്സാഹനം നൽകുന്നതിന് എനിക്ക് സന്തോഷമേ ഉണ്ടായിരുന്നുള്ളൂ.

പിന്നീട് 2008 ൽ ബഹു. അച്ചന്റെ ഡോക്ടറൽ തീസിസായ 'സാൽവിഫിക് ലോ' എന്ന പുസ്തകത്തിന്റെ പ്രസാധനത്തിനും വേണ്ട ഉപദേശങ്ങൾ അച്ചൻ ആരാഞ്ഞിരുന്നു. ദൈവാനുഗ്രഹത്താൽ ആ പുസ്തകം അന്തർദേശീയമായി വിലയിരുത്തപ്പെടുകയും അതിലെ ചിന്താധാരകൾ

www.malankaralibrary.com

സഭാനിയമഭാഷ്യ രംഗത്ത് ചില നൂതന വാതായനങ്ങൾ തുറന്നിടുകയും ചെയ്തു എന്നത് സന്തോഷകരമായ കാര്യമാണ്.

അക്ഷരങ്ങളുടെയും ചിന്തകളുടെയും ലോകത്ത് വ്യാപരിക്കുമ്പോൾ സഭയോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും സ്നേഹവും നിലനിർത്തുവാൻ കുഴിനാപ്പുറത്തച്ചന് സാധിക്കുന്നു. അച്ചന്റെ രചനാ ജീവിതം ഇന്നും തുടരുകയാണ്. മേജർ അതിരൂപതയുടെ ഗൗരവമേറിയ ഉത്തരവാദിത്വവും ഇടവകകളുടെ അജപാലനവും ഒക്കെ നിർവ്വഹിക്കുന്നതിനിടയിലും തന്റെ രചനാ ജീവിതം ബഹു. അച്ചൻ അഭംഗുരം തുടരുന്നു എന്നത് അഭിനന്ദനാർഹമായ കാര്യമാണ്.

ബഹു. തോമസ് കുഴിനാപ്പുറത്തച്ചന്റെ രചനകളെക്കുറിച്ച് ഇനിയും പഠനങ്ങളും വിലയിരുത്തലുകളും നടത്തപ്പെടേണ്ടതുണ്ട്. അതിന് സഹായകമായിട്ടുവേണം ഈ രചനാ സൂചികയെ നോക്കി കാണുവാൻ. ഇപ്രകാരമൊരു രചനാ സൂചിക പ്രസിദ്ധീകരിക്കുവാൻ മുന്നിട്ടിറങ്ങിയ ബഹു. ജൂബി കുഴിനാപ്പുറത്തച്ചനെയും ഇതിന്റെ പ്രസാധനം ഏറ്റെടുത്ത മലങ്കര സെമിനാരി പബ്ലിക്കേഷൻസിനെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ബഹു. തോമസ് കുഴിനാപ്പുറത്തച്ചനിൽ നിന്നും അക്ഷരലോകത്ത് ഇനിയും നല്ല സൃഷ്ടികൾ പിറക്കട്ടെ എന്ന് ആശംസിക്കുന്നു.


എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

*മേജർ ആർച്ച്ബിഷപ്സ് ഹൗസ്*
പട്ടം, തിരുവനന്തപുരം
07.02.2015

✝ *ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്*
മേജർ ആർച്ചുബിഷപ്പ് കതോലിക്കോസ്

www.malankaralibrary.com

**പൗരസ്ത്യ സഭകളുടെ കാനോന സംഹിത**
**(CCEO) യുടെ ബുദ്ധികേന്ദ്രവും ഗുരുഭൂതനുമായ**
**പ്രൊഫ. ഐവാൻ സൂസക് എസ്.ജെ**
**നൽകിയ അഭിനന്ദനാശംസ**



Caro Fr. Thomas


Con vivissime grazie
per il suo libro Daivajanam.
Collection of Essays in
lingua malayalam e per
la cortese dedica che
appare nella pagina
introduttiva Le invio
i più fervidi auguri per
la luminosa festa del Santo
Natale con la preghiera al
Signore che La ricolmi
nel Nuovo Anno con le
Sue celesti benedizioni.

Ivan Žužek S.J.

Natale 2000

www.malankaralibrary.com

## ഡോക്ടറൽ തീസിസിന്റെ ഡയറക്ടറായിരുന്ന ബിഷപ്പ് ഡിമിട്രിയോസ് സലാക്കാസിന്റെ സന്ദേശം



Message

From : DIMITRI SALACHAS<salachas@pcn.net>
To : Thomas Kuzhinapurath
Date : Saturday, December 16, 2000 1:56 PM
Subject : R:Risposta

---

Thomas,

Grazie degli auguri natalizi che ricambio di tutto cuore.

La tua tesi di licenza potrebbe essere oggetto di dottoratto.

Buon Natale
DS

www.malankaralibrary.com



ഫാ. ജൂബി
കുഴിനാപ്പുറത്ത്

# സോദരപ്രണാമം

**ബ**ഹു. തോമസ് കുഴിനാപ്പുറത്തച്ചനെ ചെറുപ്പകാലം മുതൽ അടുത്തറിയാൻ സാധിച്ചത് എന്റെ വൈദിക പരിശീലന കാലത്തും പിന്നീട് വൈദിക ജീവിതത്തിലും ഏറെ പ്രചോദനവും ആത്മബലവും നൽകിയിരുന്നു. അച്ചൻ സെമിനാരി അവധിക്കാലത്ത് സ്വന്തം ഇടവകയായ ചീക്കനാൽ പള്ളിയിൽ ദിവസവും വി. കുർബ്ബാന ഇല്ലാത്തതിനാൽ അവിടെ നിന്നും 3 കി.മി നടന്ന് പുത്തൻ പീടിക പള്ളിയിലെത്തും വി. കുർബ്ബാന കാണുവാൻ. അക്കൂട്ടത്തിൽ പുത്തൻ പീടികയിലുള്ള ഞങ്ങളുടെ ഭവനത്തിലും അച്ചൻ സന്ദർശനം നടത്തുമായിരുന്നു. അന്ന് ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന എന്റെ ചിത്രരചനാ വാസനയെയും മറ്റും ബ്രദർ തോമസ് നിരന്തരം പ്രോത്സാഹിപ്പിച്ചിരുന്നു. സെമിനാരി പരിശീലനകാലത്ത് തന്നെ ഒരു എഴുത്തുകാരനെന്ന നിലയിൽ പേരെടുത്ത അദ്ദേഹം തന്റെ പ്രസിദ്ധീകൃത രചനകളുടെ പകർപ്പുകൾ ഞങ്ങളുടെ ഭവനത്തിലെത്തിക്കുമായിരുന്നു.

അച്ചൻ മലങ്കര സെമിനാരിയിൽ പഠിക്കുന്ന കാലത്ത് "വൈദിക പരിശീലന ഘട്ടങ്ങൾ" എന്ന ഗൗരവസ്വഭാവമുള്ള പ്രഥമ ലേഖനം1990 ൽ "ക്രൈസ്തവ കാഹളം" ദൈവവിളിപ്പതിപ്പിൽ ആണ് പ്രസിദ്ധീകരിക്കുന്നത്. പിന്നീട് അച്ചന്റെ തൂലികയിൽ നിന്നും അനർഗള പ്രവാഹമായിരുന്നു. പ്രശസ്ത ദൈവശാസ്ത്രജ്ഞരായ തെയ്യാർദ് ദെ ഷർദ്ദാൻ, കാൾ റാനർ, യൂർഗൻ മോൾട്ട്മാൻ, ലാഡിസ്ലാസ് ഓയർസി തുടങ്ങിവരുടെയൊക്കെ കൃതികളിലൂടെയുള്ള അന്വേഷണം അച്ചന്റെ ദൈവശാസ്ത്ര പഠനകാലത്ത് തുടങ്ങിയതാണ്. ഇക്കാലയളവിൽ എടുത്തുപറയേണ്ടതായ ഒരു രചനയാണ് 'പാളം തെറ്റുന്ന കൗമാരം' എന്ന പ്രബന്ധം. 'മതവും ചിന്തയും' ദൈവശാസ്ത്ര ദാർശനിക ദ്വൈമാസികയ്ക്കുവേണ്ടി ഈ പ്രബന്ധം 1991 ൽ തയ്യാറാക്കുമ്പോൾ അച്ചന് വയസ്സ് 22. അന്ന് ആലുവാ സെമിനാരിയിൽ ലഭ്യമായിരുന്ന എല്ലാ ഉറവിടങ്ങളെയും ശാസ്ത്രീയമായി ഉപയോഗിച്ചുകൊണ്ട് തയ്യാറാക്കിയ ഈ പ്രബന്ധത്തിൽ കൗമാരത്തിലെ കുറ്റവാസനയെ കൂലംകക്ഷമായി വിശകലനം ചെയ്യുന്നു. 1996 ൽ ഈ പ്രബന്ധം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജിഹ്വയായ 'വിജ്ഞാന കൈരളി'യിൽ പുന:പ്രസിദ്ധീകരിക്കുകയുണ്ടായി. അക്കാലത്ത് കേരളാ സർവ്വകലാശാലയുടെ പ്രീഡിഗ്രി പാഠ്യപദ്ധതി പരിഷ്കരിക്കുന്ന സമയമായിരുന്നു. സർവ്വകലാശാലയുടെ പ്രസാധക വിഭാഗത്തിന്റെ ശ്രദ്ധയിൽ പെട്ട ഈ പ്രബന്ധം 1998-ലെ പ്രീഡിഗ്രി മലയാള പാഠപുസ്തകത്തിലുൾപ്പെടുത്തുകയുണ്ടായി. പത്താം ക്ലാസ്സിൽ വച്ച് ഔപചാരിക മലയാള ഭാഷാ പഠനം അവസാനിപ്പിച്ച അച്ചന്റെ പ്രബന്ധം പ്രീഡിഗ്രി മലയാള പാഠപുസ്തകത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു എന്ന അസാധാരണ സംഭവത്തിനും ചരിത്രം സാക്ഷിയായി.

www.malankaralibrary.com

ദൈവത്തിന്റെ കയ്യൊപ്പോടുകൂടിയ അനുഗ്രഹീത ഭാഷാശൈലി ഇന്നും അനർഗളമായി ആ തൂലികയിൽ നിന്നും പ്രവഹിച്ചു കൊണ്ടേയിരിക്കുന്നു. ഈ രചനാ ജീവിതത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഭാഗ്യ സ്മരണാർഹനായ ബനഡിക് മാർ ഗ്രിഗോറിയോസ് പിതാവും സിറിൽ ബസ്സേലിയോസ് കാതോലിക്കാ ബാവായും നിർണ്ണായക പങ്ക് വഹിച്ചിരുന്നു. വിവിധ കാലങ്ങളിൽ രചിക്കപ്പെട്ട ലേഖനങ്ങൾ സമാഹരിച്ച് 1998 ൽ 'ദൈവജനം' എന്ന പേരിൽ ഒറ്റ വാല്യ ഗ്രന്ഥമായി പ്രസിദ്ധീകരിക്കുന്നതിനു വേണ്ട പ്രോത്സാഹനം നൽകിയത് സിറിൽ മാർ ബസ്സേലിയോസ് പിതാവും അന്ന് റോമിൽ ഉപരിപഠനം നടത്തിയിരുന്ന ബഹു.ഐസക് തോട്ടുങ്കൽ അച്ചനും (ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി) ആയിരുന്നു. അന്ന് അവതാരികയിൽ സിറിൽ പിതാവ് ഇപ്രകാരം കുറിച്ചിട്ടു. "ദൈവശാസ്ത്രം ജീവിത സ്പർശിയാകുമ്പോഴാണ് അതിന് പ്രായോഗിക ഫലങ്ങൾ ഉളവാക്കുവാൻ കഴിയുക. ആനുകാലിക പ്രാധാന്യമുള്ള വിവിധ ലേഖനങ്ങളിലൂടെ ബഹു. തോമസ് കുഴിനാപ്പുറത്തച്ചൻ അത് കൈവരിച്ചിരിക്കുന്നു." ഈ ഗ്രന്ഥത്തിന് ഒരു പഠനം തയ്യാറാക്കുന്നതിന് അന്ന് അഡീ. ചീഫ് സെക്രട്ടറിയും സാംസ്കാരിക വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുമായിരുന്ന ഡോ. ഡി. ബാബു പോളിനെ സമീപിച്ചത് ബഹു. സാമുവേൽ കാട്ടുകല്ലിൽ (സാമുവേൽ മാർ ഏറേനിയോസ് പിതാവ് ) അച്ചനോടൊപ്പമായിരുന്നു. കൃതിയുടെ ടൈപ്പ് ചെയ്ത കോപ്പി ആദ്യവസാനം വായിച്ചു നോക്കിയശേഷം സുദീർഘമായ ഒരു പഠനം ബാബുപോൾ സാർ തയ്യാറാക്കി രണ്ടാഴ്ചയ്ക്കകം പട്ടം അരമനയിലുള്ള തോമസച്ചന്റെ ഓഫീസിൽ ആൾ വശം കൊടുത്തുവിട്ടു. ഈ ഉപോദ്ഘാതത്തിൽ അന്ന് ബാബുപോൾ സാർ ഇപ്രകാരം രേഖപ്പെടുത്തി. "ഈ കൃതി വായിച്ചപ്പോൾ സെഫാനിയയുടെ പ്രവചനങ്ങളാണ് ഓർമ്മവരിക. വേദനയുടെ ഹിരണ്യ ഗർഭത്തിൽ നിന്നും മഹത്വത്തിന്റെ രാജത്വത്തിലേക്കുള്ള പ്രവേശനം യുവത്വത്തിന്റെ ആവേശത്തോടെ പ്രവാചകൻ ഉദ്ഘോഷിക്കുന്നു." പിന്നീട് ഈ കൃതി റവ. ഡോ. ഗീവർഗ്ഗീസ് പണിക്കർ, ഡോ. എം.വി തോമസ് തുടങ്ങിയ പ്രതിഭാശാലികളായ എഴുത്തുകാർ കേരളത്തിലെ അഗ്രഗണ്യ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ അവലോകനം ചെയ്യുകയുണ്ടായി. ഈ കൃതിയുടെ പ്രസിദ്ധികരണത്തിന്റെ അഞ്ചാം വാർഷിക (2002) ത്തിൽ ബഹു. ഡാനിയേൽ പൂവണ്ണത്തിലച്ചൻ ഈ പുസ്തകത്തെക്കുറിച്ച് അഞ്ച് വ്യത്യസ്ത പഠനങ്ങൾ 'ദൈവജനപഠനങ്ങൾ' എന്ന പേരിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2004 ൽ ആണ് 'രക്ഷാനിയമം' (Salvific Law) എന്ന പ്രഖ്യാതകൃതി ആംഗലേയ ഭാഷയിൽ ആദ്യമായി തോമസച്ചൻ പ്രസിദ്ധീകരിക്കുന്നത്. 2008 ലും 2014 ലും ഈ കൃതിയുടെ വിപുലീകൃത പതിപ്പുകൾ പ്രസിദ്ധീകൃതമായി. നിയമത്തെ വെറുമൊരു നിബന്ധനയായി മാത്രം കാണാതെ സഭാ നിയമത്തിന് വിമോചനത്തിന്റെ ഒരു വിശാല വീക്ഷണം കൂടിയുണ്ടെന്ന് സ്ഥാപിക്കുകയായിരുന്നു ഈ ഡോക്ടറൽ ഗവേഷണ പ്രബന്ധത്തിൽ. ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിന് എല്ലാ പിന്തുണയും പ്രോത്സാഹനവും നൽകി അനുഗ്രഹിച്ചത് മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ആയിരുന്നു. തോമസച്ചന്റെ ബൗദ്ധിക ജീവിതത്തിൽ നിർണ്ണായക വഴിത്തിരിവായത് പലപ്പോഴും ബാവാ

www.malankaralibrary.com

തിരുമേനിയുടെ പിതൃതുല്യമായ വാത്സല്യവും സ്വാധീനവും ആണെന്ന് അച്ചൻ പങ്കുവയ്ക്കാറുള്ളത് ഇത്തരുണത്തിൽ സ്മർത്തവ്യമാണ്. റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസർമാരായ ഡോ. ഡിമിട്രിയോസ് സലാക്കാസ് (ഗ്രീസിലെ മെത്രാൻ) ഡോ.ഐവാൻ സൂസെക്ക്, ഡോ. ജോർജ് നെടുങ്ങാട്ട്, ഡോ. സിറിൽ വസീൽ (ഇപ്പോൾ സ്ളോവാക്ക് കാതലിക്ക് ആർച്ച്ബിഷപ്പ്) തുടങ്ങിയവരുടെ മുക്തകണ്ഠമായ പ്രശംസയ്ക്ക് ഈ ഗ്രന്ഥം പാത്രീഭൂതമായി. മാസ്റ്റർ ബിരുദത്തിന് തയ്യാറാക്കിയ പ്രബന്ധത്തിന് തന്നെ ഡോക്ടറൽ ബിരുദത്തിന് അർഹതയുണ്ട് എന്നായിരുന്നു ഈ കൃതിയെക്കുറിച്ച് ഡോ. ഡിമിട്രിയോസ് സലാക്കാസ് വിശേഷിപ്പിച്ചത്. നിമയത്തെക്കുറിച്ചുള്ള തോമസ് അക്വിനാസിന്റെയും മറ്റും നിർവചനങ്ങൾ വിമർശനാത്മകമായി വിലയിരുത്തിക്കൊണ്ട് നിയമവ്യാഖ്യാനത്തിന് പുതിയ ഭാഷ്യം എഴുതിച്ചേർത്ത ഈ കൃതി നിരവധി അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങളിൽ വിലയിരുത്തപ്പെടുകയുണ്ടായി. വിലയിരുത്തിയ പ്രമുഖരിൽ കോർബിഷപ്പ് ഡോ. ജോൺ ഡി. ഫാരീസ്, ഡോ. എസ്.കൊക്കരവാലേൽ, ഡോ. ഡാനിയേൽ ജി. ഫുൾട്ടൺ തുടങ്ങിയവർ ഉൾപ്പെടുന്നു. നിയമ നിർമ്മാണത്തിനും നിയമവ്യാഖ്യാനത്തിനും ഒരു പുതിയ ഭാഷ്യം എഴുതി ചേർത്ത ഈ കൃതിയുടെ മൂന്നാം പതിപ്പ് തിരുവനന്തപുരത്തുള്ള കാർമ്മൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

2012ൽ തോമസച്ചന്റെ കാനോനിക പ്രബന്ധങ്ങൾ ഒരുമിച്ച് 'കാനോനിക പഠനങ്ങൾ' എന്ന പേരിൽ ഫാ.കോശി പുന്നമൂട്ടിൽ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുകയുണ്ടായി. കാനോനിക നിയമങ്ങൾ സാധാരണ വിശ്വാസികളിലേക്കെത്തിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ട് പ്രസിദ്ധികരിച്ച ഈ കൃതിക്ക് സാമാന്യ വായനക്കാരിൽ നിന്നും നല്ല പ്രതികരണമാണ് ലഭിച്ചത്.

ബഹു. തോമസ് കുഴിനാപ്പുറത്തച്ചന്റെ കൃതികളിലേക്ക് ഒരു വാതായനം തുറന്നിടുവാൻ ഈ കൃതിക്ക് സാധിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായി. ഈ സംരംഭത്തിന് സന്ദേശം നൽകി അനുഗ്രഹിച്ച മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമനസ്സിന് ഹൃദയം നിറഞ്ഞ നന്ദി അർപ്പിച്ചു കൊള്ളുന്നു. ബഹു. അച്ചന്റെ ജീവിതത്തിലൂടെ ഒരു രചനാ സഞ്ചാരം നടത്തിയ ശ്രീ. ജോയി വളവിലിനും യാത്രാവിവരങ്ങൾ തയ്യാറാക്കിയ ശ്രീമതി. ഗീത വിൻസെന്റിനും പ്രത്യേകം നന്ദി അർപ്പിക്കുന്നു. തോമസച്ചന്റെ രചനകളെകുറിച്ചുള്ള പഠനം നടത്തി ഈ കൃതിയെ സമ്പുഷ്ടമാക്കിയ ഡോ. ഡി. ബാബു പോൾ, ഡോ. ഗീവർഗ്ഗീസ് പണിക്കർ, ഡോ. എം.വി. തോമസ്, ഷെവ. പ്രൊഫ.പാപ്പി തോമസ്, ഡോ. മാത്യു ചാർത്താംകുഴി, ഫാ. ഡാനിയേൽ പൂവണ്ണത്തിൽ, കുമാരി സുകന്യ പാമാംകോട് എന്നിവരെയും ഏറെ നന്ദിയോടെ അനുസ്മരിക്കട്ടെ. മിഴിവാർന്ന മുഖചിത്രം തയ്യാറാക്കിയ ശ്രീമതി നിമ്മി ആൻ ജോർജ്ജ് പാറയ്ക്കലിനോടും അച്ചടി ഏറ്റവും ഭംഗിയായി നിർവ്വഹിച്ച തിരുവനന്തപുരം അക്ഷര ഓഫ്സെറ്റിലെ പ്രവർത്തകരോടും പ്രത്യേകം നന്ദി പറയുന്നു. കൂടുതൽ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കുമുള്ള ഒരു വാതിലായി ഈ കൃതി മാറുമെന്ന പ്രതീക്ഷയോടെ 'അനുഗ്രഹത്തിന്റെ അക്ഷരവർഷങ്ങൾ' സവിനയം സമർപ്പിക്കുന്നു.

www.malankaralibrary.com

# ഉള്ളടക്കം

**അപ്പസ്തോലിക ആശീർവാദം**
വി. ജോൺ പോൾ II മാർപാപ്പ 4
**അനുഗ്രഹാശംസ**
ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്
കാതോലിക്കാ ബാവ 5
**സന്ദേശം**
ഡോ. ഐവാൻ സൂസെക്ക് 7
**സന്ദേശം**
ഡോ. ഡിമിട്രിയോസ് സലാക്കാസ് 8
**സോദരപ്രണാമം**
ഫാ. ജൂബി കുഴിനാപ്പുറത്ത് 9

ഭാഗം -1

## ആത്മസ്പന്ദനങ്ങൾ

ജോയി വളവിൽ 16
അദ്ധ്യായം1
**ഓമല്ലൂരും ചീക്കനാലും** 17
അദ്ധ്യായം - 2
**കുഴിനാപ്പുറത്ത് കുടുംബം** 24
അദ്ധ്യായം 3
**പ്രാഥമിക വിദ്യാഭ്യാസം** 29
അദ്ധ്യായം 4
**ആര്യഭാരതി ഹൈസ്ക്കൂളിലേക്ക്** 35
അദ്ധ്യായം 5
**ടീച്ചറമ്മയും രണ്ടുമക്കളും** 40
അദ്ധ്യായം 6
**സെമിനാരിയിലേക്ക്** 45
അദ്ധ്യായം 7
**പ്രാഥമിക പരിശീലനം** 48

www.malankaralibrary.com

അദ്ധ്യായം 8
**ദാർശനിക വഴികളിലേക്ക്** 54

അദ്ധ്യായം 9
**അജപാലന പരിശീലനം** 63

അദ്ധ്യായം 10
**ദൈവശാസ്ത്രപഠനത്തിന്റെ ആഴങ്ങളിലേക്ക്** 69

അദ്ധ്യായം 11
**അജപാലന രംഗത്തേക്ക്** 90

അദ്ധ്യായം 12
**സഭാനിയമത്തിന്റെ വഴിത്താരയിലേക്ക്** 101

അദ്ധ്യായം 13
**അറിവിന്റെ ആഴങ്ങളിലേക്ക് നയിച്ച റോമാജീവിതം** 114

അദ്ധ്യായം 14
**കടമ്പകളേറെക്കടന്ന ഗവേഷണം** 131

അദ്ധ്യായം 15
**പത്രപ്രവർത്തന പന്ഥാവിലേക്ക്** 157

അദ്ധ്യായം 16
**രജതജൂബിലി ആഘോഷം** 172

**ഭാഗം -2**

## യാത്രകൾ അറിവിന്റെ പുതിയ വെളിച്ചങ്ങൾ

ഗീത വിൻസെന്റ് 177

അദ്ധ്യായം 1
**ഫ്രാൻസിലേക്കുള്ള തീർത്ഥാടനം** 179

അദ്ധ്യായം 2
**അമേരിക്കൻ യാത്രകൾ** 182

അദ്ധ്യായം 3
**വിശുദ്ധനാട് സന്ദർശനം** 192

അദ്ധ്യായം 4
**വിശുദ്ധനാമകരണ ചടങ്ങിനായി** 205

അദ്ധ്യായം 5
**ഒരു സൗത്ത് ആഫ്രിക്കൻ യാത്ര** 216

www.malankaralibrary.com

ഭാഗം -3

## ഓർമ്മകളുടെ ചിത്രശാല


I. കുടുംബം നന്മയുടെ ഉറവിടം 229

II. പ്രേഷിതഭൂമിയിൽ 234

III. സാംസ്കാരികരംഗത്ത് 240

IV. ജീവകാരുണ്യ പാതയിൽ 246

V. ബാല്യകാല സൗഹൃദങ്ങൾ 248

VI. രജതജൂബിലി ആഘോഷങ്ങളിൽ നിന്നും 249

VII. യാത്രകൾ വിശേഷങ്ങൾ 253

VIII. ഫാ. തോമസ് പകർത്തിയ ചില ദൃശ്യങ്ങൾ 255


ഭാഗം -4

## സാഹിത്യസപര്യ


**ക്രിസ്ത്വാനുഭവത്തിലേക്ക് തുറക്കുന്ന വാതിൽ** 260

സുകന്യ പാമാംകോട്

**സർവാശ്ലേഷിയായ ഐക്യത്തിലേക്ക് നയിക്കുന്ന രചനകൾ** 266

റവ. ഡോ. മാത്യു ചാർത്താംകുഴി

**സാൽവിഫിക് ലോ: ഒരു പഠനം** 276

ഡോ. ഡി. ബാബു പോൾ

**ജീവിത സ്പർശിയായ ദൈവശാസ്ത്രം** 281

റവ. ഡോ. ഗീവർഗ്ഗീസ് പണിക്കർ

**തോമസ് കുഴിനാപ്പുറത്തച്ചന്റെ ദൈവശാസ്ത്രദർശനം ഒരു അല്മായ വീക്ഷണം** 283

ഷെവ. പ്രൊഫ. പാപ്പിതോമസ് വിളവിനാൽ

**അജപാലന ദർശനവും അതിന്റെ സാക്ഷാത്ക്കാരവും** 294

ഡോ. എം.വി. തോമസ്

**ഉത്തമമായ വായനാനുഭവം** 300

റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ

**രചനാ സൂചിക** 303

**Wikipedia Article** 307


www.malankaralibrary.com

ഭാഗം - 1



# ആത്മസ്പന്ദനങ്ങൾ

ഫാ. തോമസ് കുഴിനാപ്പുറത്തിന്റെ
ജീവിതത്തിലൂടെ

www.malankaralibrary.com



# ആത്മ സ്പന്ദനങ്ങൾ

**ശ്രീ. ജോയി വളവിൽ**

"എന്റെ ജീവിതം ബലഹീനതകളുടെ ഒരു കൂടാരമാണ്. പക്ഷേ, പരമകാരുണികനായ ദൈവം അവയെയൊക്കെ ഉപരി നന്മയ്ക്കായി ഉപയോഗിച്ചുകൊണ്ട് എങ്ങനെയൊക്കെയോ കൈപിടിച്ചു നടത്തുന്നു. അവിടുത്തെ പരിപാലനയ്ക്ക് മുമ്പിൽ നമ്രശിരസ്കനാകാൻ മാത്രമേ എനിക്കാവുകയുള്ളൂ" ബാല്യം മുതൽ ഞാൻ അടുത്തറിയുന്ന, എന്റെ സൺഡേസ്കൂൾ വിദ്യാർത്ഥിയായിരുന്ന ബഹു. തോമസ് കുഴിനാപ്പുറത്തച്ചന്റെ ജീവിതരേഖ ചമയ്ക്കണം എന്ന് അദ്ദേഹത്തിന്റെ പിതൃസഹോദര പുത്രനായ ബഹു. ജൂബി കുഴിനാപ്പുറത്തച്ചൻ ആവശ്യപ്പെട്ടപ്പോൾ എനിക്ക് ഏറെ സന്തോഷം തോന്നി. അതിനു വേണ്ടി തോമസച്ചനുമായി നടത്തിയ കൂടിക്കാഴ്ചയിൽ അദ്ദേഹം തന്റെ ജീവിതത്തെ ചുരുക്കി പറഞ്ഞതാണ് ഈ ലേഖനത്തിന്റെ ആമുഖ വാക്യം.

'അനുഗ്രഹത്തിന്റെ അക്ഷരവർഷങ്ങൾ' എന്ന കൃതിയുടെ ഒന്നാം ഭാഗമായി ബഹു. തോമസ് കുഴിനാപ്പുറത്തച്ചന്റെ ജീവിതത്തിലൂടെയുള്ള ഈ രചനാ സഞ്ചാരത്തിന് എന്നെ തെരഞ്ഞെടുത്തതിൽ ഞാൻ ദൈവത്തിനും ഈ പുസ്തകത്തിന്റെ അണിയറ പ്രവർത്തകനായ ഫാ. ജൂബി കുഴിനാപ്പുറത്തിനും ആദ്യമേ തന്നെ നന്ദി അറിയിക്കട്ടെ. തോമസ് കുഴിനാപ്പുറത്തച്ചന്റെ ജീവിതത്തിലൂടെ ഒന്ന് കണ്ണോടിക്കുമ്പോൾ ആർജ്ജവത്വത്തോടെ ജീവിതത്തെ സമീപിക്കാനാഗ്രഹിക്കുന്ന ഒരാളെയാണ് കണ്ടെത്താൻ കഴിയുക. പരിമിതികളും വിഭാഗീയതകളും ഇല്ലാത്ത മനുഷ്യ സ്നേഹവും പാവങ്ങളോടുള്ള പക്ഷം ചേരലും ഈ ജീവിതത്തിന്റെ അടിസ്ഥാന സവിശേഷതകളാണ്. ബൗദ്ധികമായി ഔന്നത്യത്തിൽ വ്യാപരിക്കുമ്പോഴും എളിമയോടെ എല്ലാവർക്കുമൊപ്പം നിൽക്കാനാഗ്രഹിക്കുന്ന ജീവിതം. അതാണ് ബഹു. തോമസ് കുഴിനാപ്പുറത്തച്ചന്റെ ജീവിതത്തെ അടയാളപ്പെടുത്തുന്ന ഈ സഞ്ചാരത്തിന് ആമുഖമായി കുറിക്കാൻ തോന്നുന്നത്.

www.malankaralibrary.com

## അദ്ധ്യായം -1

# ഓമല്ലൂരും ചീക്കനാലും

നടവരമ്പിൽ കാത്തുനിന്ന
നാട്ടുനന്മകൾ
നടന്നകന്നുപോയതിനി
നടകയറി വരുമോ?
പനയോലക്കുട ചൂടിയ
പൗർണമി നിലാവ്
പറനിറയെ പതമളക്കാൻ
പടിപ്പുരയിൽ വരുമോ?
(ഡോ. മധു ഓമല്ലൂർ, *ഓമല്ലൂർ കവിതകൾ*)


**പ**ത്തനംതിട്ട ജില്ലാ തലസ്ഥാനത്തു നിന്നും അടൂർ ഭാഗത്തേക്കുള്ള വഴിയിൽ ഏതാണ്ട് മൂന്ന് കിലോമീറ്റർ പടിഞ്ഞാറുമാറി സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമ പ്രദേശമാണ് ഓമല്ലൂർ. മതപരമായും സാംസ്കാരികമായും ഏറെ പ്രാധാന്യമുള്ള ഓമല്ലൂർ ഗ്രാമത്തിന്റെ നിത്യഹരിതാഭ നിറഞ്ഞ സാമൂഹിക അന്തരീക്ഷം ഇവിടെ പിറന്നു വീഴുന്ന ഓരോ ജന്മത്തെയും അനുഗ്രഹീതമാക്കാൻ പോരുന്നതായിരുന്നു. സാഹിത്യത്തിലും, സിനിമ, നാടകം തുടങ്ങിയ കലാരൂപങ്ങളിലും മികവ് തെളിയിച്ച നിരവധി പ്രതിഭകളെ സംഭാവന ചെയ്യുവാൻ ഈ നാടിന് കഴിഞ്ഞിട്ടുണ്ട്.

നൂറ്റാണ്ടുകളുടെ ചരിത്രമുറങ്ങുന്ന മണ്ണാണ് ഓമല്ലൂരിന്റേത്. കേരളത്തിന്റെയും തിരുവിതാംകൂറിന്റേയും ചരിത്രത്തിൽ നിർണായകസ്ഥാനം ഈ ഗ്രാമത്തിന് അവകാശപ്പെടാനാകും. ഒരു സഹസ്രാബ്ദത്തിനുമുമ്പു തന്നെ ഇവിടെ സാമൂഹികജീവിതമാരംഭിച്ചിരുന്നു. സ്ഥല നാമോല്പത്തിയെക്കുറിച്ച് രണ്ട് പക്ഷമാണുള്ളത്. ഇവിടെയുള്ള വിശാലമായ നെൽപ്പാടങ്ങൾ കണ്ട്, “ഓമന നെല്ലൂര്” എന്നും മനോഹരമായ ഭൂപ്രദേശം എന്ന അർത്ഥത്തിൽ “ഓമൽ ഊര്” എന്നും ഈ സ്ഥലത്തെ പ്രദേശവാസികൾ വിശേഷിപ്പിച്ചിരുന്നതിൽ നിന്നുമാണ് “ഓമല്ലൂര്” എന്ന സ്ഥലനാമത്തിന്റെ ഉദ്ഭവം എന്ന് പറയപ്പെടുന്നു. ചില പ്രധാന സഞ്ചാരപാതകൾ ഈ ഗ്രാമത്തിലൂടെ കടന്നുപോയിരുന്നു. അച്ചൻകോവിൽ-ആറൻമുള പാത; പന്തളം-ശബരിമല പാത തുടങ്ങിയവയായിരുന്നു പ്രധാന സഞ്ചാരപാതകൾ. ഈ പാതയിലൂടെ കടന്നുപോയിരുന്ന വ്യാപാരികളും സഞ്ചാരികളുമായുള്ള സമ്പർക്കം ഈ നാടിന്റെ സാമൂഹിക വളർച്ചയിൽ നിർണ്ണായകസ്വാധീനം ചെലുത്തിയിരുന്നു. “കോന്നി അച്ചൻകോവിൽ വനമേഖലയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളും തമിഴ്നാട്ടിൽ നിന്നുള്ള മറ്റ്




www.malankaralibrary.com

ഉല്പന്നങ്ങളും 'കേരളത്തിലെ വെനീസ്' എന്ന് വിശേഷിപ്പിച്ചിരുന്ന ആല പ്പുഴ തുറമുഖത്ത് വിദേശികൾക്ക് എത്തിച്ചു കൊടുക്കുവാൻ ഇത്തരം സഞ്ചാരപാതകൾ ആവശ്യമായിരുന്നു." തമിഴ്നാട്ടുകാരായ വ്യാപാരികൾ അച്ചൻകോവിൽ-ആറൻമുള പാതയിൽ സഞ്ചരിച്ചിരുന്ന കാലത്ത് ഓമ ല്ലൂർ ഗ്രാമം അവരുടെ പ്രധാന ഇടത്താവളമായിരുന്നു. തമിഴ്നാട്ടിൽ നിന്നു മുള്ള കല്പണിക്കാർ ഇവിടെ താവളമുറപ്പിച്ചതിന്റെ തെളിവാണ് ഓമ ല്ലൂർ ശ്രീ രക്തകണ്ഠസ്വാമി ക്ഷേത്രത്തിലെ പുരാതനമായ തമിഴ് ശിലാ ലിഖിതങ്ങൾ (വട്ടെഴുത്ത്). ഇവിടെ സൂക്ഷിച്ചിരിക്കുന്ന "കല്ല് നാദസ്വരം", 'കൽച്ചങ്ങല' എന്നിവ ഈ ശില്പികളുടെ കലാവൈദഗ്ദ്ധ്യത്തിന്റെ അവ ശേഷിപ്പുകളായി നിലനിൽക്കുന്നു.



**കൽനാദസ്വരം**



**കൽച്ചങ്ങല**

ചാതുർവർണ്യത്തിന്റെ സ്വാധീനം ഓമല്ലൂരിനെയും ബാധിച്ചിരുന്നു. സവർണ്ണജന്മികളുടെ മാത്രം സ്വന്തമായിരുന്നു ഈ പ്രദേശത്തെ ഭൂമി മുഴുവൻ. ചില ശക്തരായ ജന്മികൾ മറ്റുള്ളവരുടെ മേൽ ആധിപത്യം സ്ഥാപിക്കുകയും നാട്ടുരാജ്യങ്ങൾ രൂപീകരിച്ച് നാടുവാഴികളായി ഭരണം നടത്തിവന്നു. ഏ.ഡി. 7,8 നൂറ്റാണ്ടുകളിൽ ഓമല്ലൂർ ഗ്രാമം ഉൾപ്പെടുന്ന 'ചെന്നീർക്കര സ്വരൂപം' എന്ന നാട്ടുരാജ്യം നിലനിന്നിരുന്നതായി ചരിത്ര സൂചനകളുണ്ട്. ഓമല്ലൂർ, ചെന്നീർക്കര, വള്ളിക്കോട്, അങ്ങാടിക്കൽ, കൊടുമൺ എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ടതായിരുന്നു ഈ നാട്ടുരാജ്യം. ഇതിന്റെ ആസ്ഥാനം കൊടുമണ്ണായിരുന്നു. പിന്നീട് ചെന്നീർക്കര സ്വരൂപം പന്തളം രാജ്യത്തിന്റെ ഭാഗമായിമാറി. മാർത്താണ്ഡവർമ്മ തിരുവനന്ത പുരം മുതൽ ആലുവാ വരെയുള്ള ചെറുരാജ്യങ്ങൾ കീഴടക്കി തിരുവി താംകൂറിന്റെ അതിർത്തികൾ വിപുലപ്പെടുത്തിയപ്പോൾ പന്തളം രാജ്യവും തിരുവിതാംകൂറിന്റെ ഭാഗമായി. ഏ.ഡി. 1740-50 കാലയളവിലാണ് ഇത് സംഭവിച്ചത്. പന്തളം മുതൽ ഓമല്ലൂർ ഉൾപ്പെടെ ശബരിമല വരെയുള്ള പ്രദേശങ്ങൾ ഉൾപ്പെട്ട പന്തളം പ്രവിശ്യ മദ്ധ്യതിരുവിതാംകൂറിൽ ഏറെ നിർണ്ണായക ഘടകമായി. തിരുവിതാംകൂർ രാജ്യത്തെ അസംബ്ലി (ശ്രീ മൂലം-പ്രജാസഭ)യിൽ ഓമല്ലൂർ നിവാസികളായ വടക്കേടത്ത് ഗീവർഗ്ഗീസ് കത്തനാർ, കുരിക്കിളഴികത്ത് ഗോവിന്ദപ്പിള്ള ആശാൻ, ഇടയിൽ ചെറി



www.malankaralibrary.com

യാൻ എന്നിവർ അംഗങ്ങളായിരുന്നു. തിരു-കൊച്ചി സംസ്ഥാനം രൂപീകൃതമായപ്പോൾ ഓമല്ലൂർ കേന്ദ്രമാക്കി ഒരു അസംബ്ലി മണ്ഡലം തന്നെ നിലവിൽ വന്നു. ഓമല്ലൂർ, പത്തനംതിട്ട, ചെന്നീർക്കര, ഇലന്തൂർ, നാരങ്ങാനം എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ടതായിരുന്നു ഈ അസംബ്ലി മണ്ഡലം. പ്രായപൂർത്തി വോട്ടവകാശം നിലവിൽ വന്നതിനുശേഷം 1956 (കേരള പിറവി) വരെ ഈ അസംബ്ലി മണ്ഡലം നിലനിന്നിരുന്നു. 1952-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ നാരങ്ങാനം സ്വദേശിയായ പരീത് റാവുത്തറാണ് വിജയിച്ചത്. 1954-ലെ തെരെഞ്ഞെടുപ്പിൽ വിജയിച്ചത് എൻ. ജി. ചാക്കോ ആയിരുന്നു. 1956-ൽ കേരളപ്പിറവിക്കുശേഷമാണ് ഓമല്ലൂർ ഉൾപ്പെടുന്ന പത്തനംതിട്ട നിലയോജകമണ്ഡലം രൂപം കൊള്ളുന്നത്. 1957-ൽ ഈ മണ്ഡലത്തിൽ നടന്ന ആദ്യ തെരെഞ്ഞെടുപ്പിൽ വിജയിച്ചത് പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാവും നാടകാചാര്യനുമായിരുന്ന തോപ്പിൽ ഭാസിയായിരുന്നു. 1963-ൽ നടന്ന ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഓമല്ലൂരിൽ 7 അംഗങ്ങളുള്ള ഒരു പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. ഈ ഭരണസമിതി 1978 (പതിനഞ്ച് വർഷം) വരെ അധികാരത്തിലിരുന്നു. ഈ ഭരണസമിതിയുടെ പ്രസിഡന്റ് തൈക്കൂട്ടത്തിൽ റ്റി. എൻ. പാപ്പിയും വൈസ്പ്രസിഡന്റ് മാടമ്പിൽ എം.ജെ. വർഗ്ഗീസുമായിരുന്നു. ശാസ്ത്രി ദാമോദരൻ, തടിയിൽ രാഘവൻ പിള്ള, ഗോപി കോട്ടൂരേത്ത്, ഇടനാട്ട് രാഘവൻ നായർ, എ.കെ. അയ്യപ്പൻ, അമ്മുക്കുട്ടിയമ്മ എന്നിവരായിരുന്നു സമിതിയിലെ മറ്റംഗങ്ങൾ. 1979-ൽ നടന്ന രണ്ടാമത്തെ പഞ്ചായത്ത് തെരെഞ്ഞെടുപ്പിൽ ഡോ.സി.പി. രാമചന്ദ്രൻനായരുടെ നേതൃത്വത്തിൽ ഒൻപതംഗ ഭരണസമിതി പഞ്ചായത്തിനെ നയിച്ചു. 1988-ൽ നടന്ന തെരഞ്ഞെടുപ്പിൽ അഡ്വ. ഓമല്ലൂർ ശങ്കരന്റെ നേതൃത്വത്തിൽ പുതിയ ഭരണസമിതിയിൽ നിലവിൽ വന്നു. 1996-ൽ ഓമല്ലൂർ ശങ്കരൻ വീണ്ടും പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. 2000-ൽ എം. കെ. വാസുവും 2005-ൽ കെ.ജി. അനിതയും 2010-ൽ പി.ആർ. കുട്ടപ്പൻ നായരും 2015-ൽ മുതൽ ഗീതാവിജയനും പ്രസിഡന്റുമാരായി ഓമല്ലൂർ പഞ്ചായത്തിന് നേതൃത്വം നൽകി.

ഓമല്ലൂരിൽ സമൃദ്ധമായ ഒരു കാർഷിക സംസ്കാരം നിലനിന്നിരുന്നു എന്നതിന്റെ തെളിവാണ് അഞ്ചുനൂറ്റാണ്ടുകൾ നീളുന്ന ചരിത്രമുള്ള കാർഷികമേളയായ ഓമല്ലൂർ വയൽവാണിഭം. ഈ മേളയുടെ ഉദ്ഭവവുമായി ബന്ധപ്പെട്ട് ഒരു ഐതിഹ്യം പ്രചാരത്തിലുണ്ട്. കൊട്ടാരക്കര തെക്ക് വെളിനല്ലൂർ എന്ന സ്ഥലത്തെ ഒരു വാണിഭമേളയിൽ നിന്നും "ഒരു കാളക്കൂറ്റൻ ഹാലിളകി വടക്കോട്ടോടി വറ്റി വരണ്ട കല്ലടയാറും അച്ചൻകോവിലാറും താണ്ടി ഓമല്ലൂരിലെത്തിയെന്നും ഇവിടെയുണ്ടായിരുന്ന കരുത്തനായ ഒരു കർഷകൻ അതിനെ പിടികൂടി ഓമല്ലൂർ വയലിന്റെ മദ്ധ്യത്തിൽ ഒരു പാലക്കുറ്റിയിൽ ബന്ധിച്ചെന്നുമാണ് കഥ." ഈ പാലക്കുറ്റി കിളിർത്ത് വളർന്ന് ഒരു പാലമരമായി ഓമല്ലൂർ വയൽ വാണിഭത്തിന്റെ ഗതകാലസ്മരണകളുണർത്തി ഒരു സ്മാരകമായി ഇന്നും നിലനില്ക്കു



www.malankaralibrary.com

ന്നു. ഈ സംഭവത്തെ ആസ്പദമാക്കി എല്ലാവർഷവും മീനമാസം ഒന്നാം തീയതി മുതൽ വയൽ വാണിഭം കൊണ്ടാടി വരുന്നു. "തിരുവിതാംകൂർ രാജഭരണകാലത്ത് ഓമല്ലൂർ വയൽ വാണിഭത്തിന് ഓദ്യോഗികമായ അംഗീകാരം നൽകിയിരുന്നു. ഏ.ഡി. 1910-20 കാലയളവിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കോടതിയുടെ താല്കാലിക സിറ്റിംഗ് വയൽവാണിഭ സ്ഥലത്ത് വെച്ച് നടത്തിയിരുന്നു. ആദ്യം ചെങ്ങന്നൂരിൽ നിന്നും പിന്നീട് പത്തനംതിട്ടയിൽ നിന്നും തഹസീൽ മജിസ്ട്രേറ്റ് ഓമല്ലൂരിലെത്തി ക്യാമ്പ് ചെയ്ത് രണ്ടോ മൂന്നോ ദിവസം പ്രാദേശികമായ കേസുകൾ കേട്ട് തീർപ്പാക്കുന്ന നടപടിക്രമമാണ് അന്ന് നടന്നുവന്നിരുന്നത്."

ഇന്നത്തെ കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിന്നും കന്നുകാലികളുമായും കാർഷികവിഭവങ്ങളുമായും കർഷകർ വ്യാപാരത്തിനെത്തിയിരുന്നു. അൻപത് വർഷം മുമ്പുവരെ അയ്യായിരത്തിലധികം കാളകളും പോത്തുകളും ആയിരത്തിലധികം കാള വണ്ടികളും നിരവധി വില്ലുവണ്ടികളും ഓമല്ലൂർ വയൽ വാണിഭത്തിന് എത്തിയിരുന്നു. വിദൂരദേശങ്ങളിൽ നിന്നും കാൽനടയായും കാളവണ്ടിയിലും കടന്നുവന്നിരുന്ന കർഷകർക്കും വ്യാപാരികൾക്കും പുരാതനമായ



**വയൽവാണിഭ ദൃശ്യം**

കടുവിനാൽ കുടുംബം വക പറയനാലി വഴിയമ്പലത്തിൽ ചെറിയ തോണിയിൽ പുളിവെള്ളവും സംഭാരവും നൽകിയിരുന്നു. ഈ കാരുണ്യ പ്രവൃത്തിക്ക് നേതൃത്വം നൽകിയിരുന്നത് മേപ്രത്ത് മാധവൻപിള്ള സ്വാമിയായിരുന്നു. കുരിക്കളഴികത്ത് പടിപ്പുരയിലെ കല്ത്തൊട്ടിയിലും ഈ സഞ്ചാരികൾക്കും ഉരുക്കൾക്കുമായി സദാ ദാഹജലം ലഭ്യമാക്കിയിരുന്നു. "കാളകൾക്കും കാളക്കാർക്കും വിശ്രമിക്കാൻ വഴിയമ്പലവും ആൽത്തണലും കുളവും കിണറും ചുമടുതാങ്ങിയും കൽതൊട്ടിയും ഒരുക്കിയ" ഗ്രാമനന്മയുടെ നാളുകളായിരുന്നു വയൽവാണിഭക്കാലം. ഈ



www.malankaralibrary.com

വഴിയമ്പലവും ചുമടുതാങ്ങിയുമൊക്കെ ഗ്രാമനന്മയുടെ അടയാളങ്ങളായി ഇന്നും നിലകൊള്ളുന്നു. മുണ്ടകം ഏലാ എന്നറിയപ്പെട്ടിരുന്ന ഓമല്ലൂർ വയലിലും ഇരുകരകളിലും തമ്പടിച്ച് ഒരാഴ്ചക്കാലം നീണ്ടുനില്ക്കുന്ന കന്നുകാലി വ്യാപാരമാണ് നടന്നുവന്നിരുന്നത്. കാർഷികവിഭവങ്ങൾ, വീട്ടുപകരണങ്ങൾ തുടങ്ങിയവയുടെ കച്ചവടവും ഇതോടനുബന്ധിച്ചുണ്ടായിരുന്നു. 1985 മുതൽ വയൽവാണിഭത്തെ ഒരു ഗ്രാമോത്സവമായി കണ്ടുകൊണ്ട് ഓമല്ലൂർ ഗ്രാമപഞ്ചായത്ത് ഈ കാർഷികോത്സവത്തിന് നേതൃത്വം നൽകി വരുന്നു. പഞ്ചായത്ത് പ്രസിഡന്റായിരുന്ന അഡ്വ. ഓമല്ലൂർ ശങ്കരന്റെ നിസ്തന്ദ്രമായ പ്രവർത്തനങ്ങളും നേതൃത്വവും ഇതിനു പിന്നിലുണ്ടായിരുന്നു. 2015 ൽ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ.പി.ആർ. കുട്ടപ്പൻ നായരുടെ നേതൃത്വത്തിൽ വയൽ വാണിഭത്തിന്റെ പഞ്ചശതാബ്ദി അത്യാഘോഷപൂർവ്വം കൊണ്ടാടുകയും ചെയ്തു. ഓമല്ലൂരിന്റെ ചരിത്രരചയിതാക്കളായ അഡ്വ. ഓമല്ലൂർ ശങ്കരൻ, പ്രൊഫ. പി. തോമസ് വിളവിനാൽ, ഡോ. മധു ഓമല്ലൂർ തുടങ്ങിയവർ നൽകിയിട്ടുള്ള സംഭാവനകൾ ഏറെ വിലമതിക്കപ്പെടേണ്ടവയാണ്.

മധ്യതിരുവിതാംകൂറിലെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ പ.ഏലിയാസ് ത്രീതീയൻ ബാവായുടെ കബറിടം സ്ഥിതിചെയ്യുന്ന മഞ്ഞനിക്കര ദയറാ ഓമല്ലൂരിന്റെ ആദ്ധ്യാത്മികതയുടെ ഒരു പ്രഭവ സ്ഥാനമായി നിലകൊള്ളുന്നു. കേരളത്തിന്റെ വടക്കൻ ജില്ലകളിൽ നിന്നും പദയാത്രികരായി കടന്നു വരുന്ന പതിനായിരക്കണക്കിന് തീർത്ഥാടകരുടെ അധരങ്ങളിൽ നിന്നുമുതിരുന്ന പ്രാർത്ഥനാ മഞ്ജരികളാൽ ഇവിടുത്തെ അന്തരീക്ഷം മുഖരിതമാവാറുണ്ട്, എല്ലാ ഫെബ്രുവരി മാസങ്ങളിലും. ഓമല്ലൂരിന്റെ മറ്റൊരു ആത്മീയ ഉറവിടമാണ് പ്രശസ്ത്മായ ശ്രീ രക്തകണ്ഠസ്വാമിക്ഷേത്രം. ശബരിമല മണ്ഡലകാലത്ത് അവിടേക്ക് സംവഹിക്കപ്പെടുന്ന "തങ്ക അങ്കിയും തിരുവാഭരണവും" കടന്നു പോകുന്നതും ഈ ഗ്രാമഹൃദയത്തിലൂടെയാണ്.


**മഞ്ഞനിക്കര ദയറ**


**ശ്രീ രക്തകണ്ഠസ്വാമി ക്ഷേത്രം**



www.malankaralibrary.com

ഓമല്ലൂരിലെ മറ്റൊരു പ്രധാന ആഘോഷമാണ് സംയുക്ത ക്രിസ്മസ് ആഘോഷം. ഓമല്ലൂരിലും പരിസരങ്ങളിലുമുള്ള വിവിധ ക്രൈസ്തവ സഭാവിഭാഗങ്ങൾ ഒരുമിച്ച് ചേർന്ന് സംഘടിപ്പിക്കുന്ന ഈ ആഘോഷത്തിൽ ജാതിമതഭേദമെന്യെ ആയിരങ്ങൾ പങ്കെടുക്കാറുണ്ട്.



ഓമല്ലൂരിലെ സംയുക്ത
ക്രിസ്മസ് ആഘോഷങ്ങളിൽ നിന്ന്

ഓമല്ലൂർ ശ്രീരക്തകണ്ഠ സ്വാമി ക്ഷേത്രത്തിന് അഭിമുഖമായി ഇലന്തൂർ ക്കുള്ള വഴിയിൽ 2 കി.മീ. മാറി സ്ഥിതി ചെയ്യുന്ന ചെറു ഗ്രാമ പ്രദേശമാണ് ചീക്കനാൽ. സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ ദേവാലയവും സെന്റ് തോമസ് മാർതോമാ ദേവാലയവും ഈ ചെറുഗ്രാമത്തിലെ മുഖ്യ ആത്മീയ കേന്ദ്രങ്ങളാണ്. ഇവിടുത്തെ കുഞ്ഞുങ്ങൾക്ക് അക്ഷര വെളിച്ചം പകർന്നു കൊടുക്കുന്ന ഗവ.എൽ.പി. സ്കൂളിന് ഒരു നൂറ്റാണ്ടിലേറെയുള്ള ചരിത്രം പങ്കു വയ്ക്കുവാനുണ്ട്. 'ചീക്കനാൽ ഇൻഡസ്ട്രീസ്' എന്ന



ചീക്കനാൽ സെന്റ് പീറ്റേഴ്സ്
മലങ്കര കത്തോലിക്കാ പള്ളി



ചീക്കനാൽ സെന്റ് തോമസ്
മാർത്തോമാ പള്ളി



www.malankaralibrary.com

പേരിൽ പ്രവർത്തിക്കുന്ന വെളിച്ചെണ്ണ ഉത്പാദന കേന്ദ്രം ഈ ചെറുഗ്രാമത്തെ അടയാളപ്പെടുത്തുന്ന ഒരു വ്യാവസായിക സംരംഭമാണ്.

ഇന്നത്തെപ്പോലെ സാമൂഹിക മാധ്യമങ്ങൾ ഏറെ പ്രചാരത്തിലില്ലായിരുന്ന കാലത്ത് ഓമല്ലൂരിലും പരിസരപ്രദേശങ്ങളിലും യുവാക്കൾക്ക് ഒരുമിച്ചു ചേരുന്നതിനും വിവിധ കലാകായിക വിനോദങ്ങളിലേർപ്പെടുന്നതിനുമായി ഏതാനും സാംസ്ക്കാരിക സംഘടനകൾ പ്രവർത്തന നിരതമായിരുന്നു. ഇവയിൽ ഏറെ ശ്രദ്ധേയമായത് പറയനാലി കേന്ദ്രമായി പ്രവർത്തിച്ചിരുന്ന 'അനുപമ സാംസ്ക്കാരിക വേദി'യായിരുന്നു. ഒരു പ്രദേശത്തിന്റെ സ്ഥല നാമം പോലും അനുപമ ജംഗ്ഷൻ എന്ന പരിവർത്തന വിധേയമാകത്തക്കവിധം ജനജീവിതവുമായി ഇഴുകി ചേർന്ന് പ്രവർത്തിച്ച ഒരു സാംസ്ക്കാരിക സംഘടനയായിരുന്നു ഇത്.




**അനുപമ സാംസ്കാരിക വേദിയുടെ ആദ്യകാല പ്രവർത്തകർ**

ആര്യഭാരതി ഹൈസ്ക്കൂൾ, ഗവ.ഹയർ സെക്കന്ററി സ്കൂൾ എന്നീ സരസ്വതീക്ഷേത്രങ്ങളാണ് ഈ പ്രദേശത്തെ വിദ്യാർത്ഥികളുടെ ഭാഗധേയം നിർണ്ണയിക്കുന്ന മുഖ്യവിദ്യാലയങ്ങൾ. അതോടൊപ്പം നിരവധി പ്രൈമറി സ്കൂളുകളും ഓമല്ലൂരിന്റെ വിവിധ പ്രദേശങ്ങളിലായി പ്രവർത്തിച്ചു വരുന്നു.

ചീക്കനാലെന്ന ഗ്രാമശരീരത്തിലെ അരഞ്ഞാണം പോലെ കളകളാരവങ്ങളോടെ ഒഴുകുന്ന 'വലിയ തോടും' അതിന്റെ ഇരുവശങ്ങളിലും പച്ച പുതച്ചു കിടക്കുന്ന പാടശേഖരങ്ങളും കണ്ണു കുളിർപ്പിക്കുന്ന കാഴ്ചകൾ തന്നെയാണ്.




www.malankaralibrary.com

അദ്ധ്യായം -2

# കുഴിനാപ്പുറത്ത് കുടുംബം

**ഓ**മല്ലൂർ ഓർത്തൊഡോക്സ് പള്ളിക്ക് സമീപം താമസമാക്കിയ പ്രമുഖ ക്രൈസ്തവ തറവാടുകളിലൊന്നായിരുന്നു കുഴിനാപ്പുറത്ത്. മാർ തോമാശ്ലീഹായിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ചു എന്ന് വിശ്വസിക്കപ്പെടുന്ന പുരാതന ക്രൈസ്തവ കുടുംബങ്ങളിലൊന്നായ പകലോമറ്റം മഹാ കുടുംബത്തിന്റെ 129-ാമത് ശാഖയാണ് ഓമല്ലൂർ കുഴിനാപ്പുറത്ത് കുടുംബമെന്ന് പകലോമറ്റം മഹാകുടുംബ ചരിത്രഗ്രന്ഥം സാക്ഷിക്കുന്നു. ഈ തറവാട്ടിലെ പിതാമഹനായ കുഴിനാപ്പുറത്ത് ഈപ്പച്ചനും സഹധർമ്മിണി കൊച്ചീത്താമ്മയ്ക്കും ഏഴ് ആൺമക്കളായിരുന്നു. ഈപ്പച്ചന്റെ മക്കളിൽ രണ്ടാമത്തെ ആളായ തോമാച്ചന്റെ സന്താനങ്ങളിൽ മൂന്നാമനായിരുന്നു ബഹു. തോമസ് കുഴിനാപ്പുറത്തച്ചന്റെ പിതാവ്, ജോണിച്ചായൻ എന്ന ജോൺ തോമസ്. തോമാച്ചായന്റെ ഏറ്റവും ഇളയ സഹോദരനായ ഭാഗ്യ സ്മരണാർഹനായ ഫാ. ജോൺ കുഴിനാപ്പുറത്ത് OIC മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ചിരപ്രതിഷ്ഠിതനായ വൈദികനായിരുന്നു. 1930 സെപ്റ്റംബർ 20-ന് കൊല്ലത്തു വച്ച് നടന്ന ചരിത്ര പ്രസിദ്ധമായ പുനരൈക്യ സംഭവത്തിൽ മാർ ഈവാനിയോസ് തിരുമേനിയോടും മാർ തെയോഫിലോസ് തിരുമേനിയോടുമൊപ്പം പങ്കുചേർന്ന ഏകവൈദികനായിരുന്നു ബഹു. ജോൺ കുഴിനാപ്പുറത്തച്ചൻ. അങ്ങനെ മലങ്കര സുറിയാനി കത്തോലിക്കാ സഭ




**പകലോമറ്റം മഹാകുടുംബയോഗ ചരിത്രപുസ്തകം**



www.malankaralibrary.com




**മലങ്കര പുനരൈക്യസംഭവം രേഖപ്പെടുത്തിയ ശിലാഫലകത്തിനുസമീപം കൊല്ലം അരമന ചാപ്പലിൽ ബിഷപ്പ് ഡോ. പോൾ ആന്റണി മുല്ലശ്ശേരിയോടും ദീപികയിലെ സഹപ്രവർത്തകരോടുമൊപ്പം**

യുടെ അടിസ്ഥാനശില പാകിയ പുനരൈക്യ പഞ്ചരത്നങ്ങളിൽ ഒരാളെ സംഭാവന ചെയ്യുവാൻ ഓമല്ലൂരിനും കുഴിനാപ്പുറത്ത് കുടുംബത്തിനും സാധിച്ചു എന്നത് ഈ ഗ്രാമത്തോടൊപ്പം മാതൃ ഇടവകയും അഭിമാന ത്തോടെ ഓർക്കുന്നു.

കുടുംബകാരണവരായ ഈപ്പച്ചന്റെ മരണത്തെ തുടർന്ന് മൂത്ത മക നായ കോശി ഒഴികെ ബാക്കി എല്ലാവരും ഓമല്ലൂരിന്റെ ഹൃദയഭാഗത്തു നിന്നും അൽപ്പം മാറി വിവിധ സ്ഥലങ്ങളിൽ താമസമാക്കി. അപ്രകാരം തോമാച്ചായൻ ചീക്കനാൽ വിളക്കുവേലിൽ പ്രദേശത്ത് രണ്ടേക്കറോളം സ്ഥലം വാങ്ങി അവിടെ താമസമുറപ്പിച്ചു. കൃഷിയായിരുന്നു മുഖ്യ ആദായ മാർഗ്ഗം. കൃഷിയിൽ തന്നെ സഹായിക്കുന്നതിന് ആൾ ആവശ്യമായതി നാൽ തന്റെ ആൺമക്കളെ 4-ാം തരം വരെ പഠിപ്പിക്കുന്നതിനു മാത്രമേ സാധിച്ചിരുന്നുള്ളൂ. അപ്രകാരം ആൺമക്കളിൽ രണ്ടാമനായ ജോൺ തോ മസിന് തന്റെ വിദ്യാഭ്യാസം 4-ാം ക്ലാസ്സു കൊണ്ട് മാത്രം തൃപ്തിപ്പെ ണ്ടേി വന്നു. എങ്കിലും കണക്കിലും ഇതര സാമൂഹിക വിഷയങ്ങളിലും അതിസമർത്ഥനായിരുന്നു ജോൺ തോമസ് എന്ന് പിൽക്കാല ജീവിതം തെളിയിച്ചിട്ടുണ്ട്. കാർഷികവൃത്തിയിൽ പിതാവിനെ സഹായിച്ചിരുന്ന ജോണിക്ക് യൗവനാരംഭത്തിൽ തന്നെ പിതാവ് അനുയോജ്യയായ ഒരു



www.malankaralibrary.com

ജീവിത പങ്കാളിയെ കണ്ടെത്തി. അടൂർ ആനന്ദപള്ളിക്കടുത്തുള്ള ഐക്കാടു നിന്നുമുള്ള ഏലിയാമ്മയായിരുന്നു വധു. അധികം വൈകാതെ ഈ ദമ്പതികൾക്ക് രണ്ടു വർഷത്തെ ഇടവേളയിൽ 2 പെൺകുഞ്ഞുങ്ങൾ പിറന്നു. മൂത്തവൾ മേരിയും ഇളയവൾ തങ്കമ്മയും. പൊന്നിൻ നിറമുള്ള രണ്ട് കൺമണികൾ. പക്ഷെ ആ സന്തോഷ ദാമ്പത്യം അധികനാൾ നീണ്ടു പോകാൻ ദൈവം അനുവദിച്ചില്ല. കാലവർഷം ശക്തമായിരുന്ന ഒരു ഇടവമാസത്തിൽ കലശലായ പനിയും ഛർദ്ദിയും ബാധിച്ച് ഏലിയാമ്മ ശയ്യാവലംബയായി. കോരിച്ചൊരിയുന്ന മഴയെ അവഗണിച്ചു പോലും ജോണിച്ചായൻ പല നാട്ടുവൈദ്യന്മാരെയും സമീപിച്ച് മരുന്നുകൾ വാങ്ങിക്കൊണ്ടു വന്നു കൊടുത്തു. നാലര വയസ്സും രണ്ടര വയസ്സുമുള്ള രണ്ട് പെൺകുഞ്ഞുങ്ങളെയും നെഞ്ചോട് ചേർത്തു പിടിച്ചുകൊണ്ട് തന്റെ ഓലപ്പുരയുടെ ഭിത്തിയിൽ പ്രതിഷ്ഠിച്ചിരുന്ന തിരുഹൃദയ ചിത്രത്തിനു മുമ്പിൽ തിരികത്തിച്ച് ജോണിച്ചായൻ കണ്ണുനീരോടെ പ്രാർത്ഥിച്ചു. “ഈശോയെ ഞങ്ങളെ കാത്തു കൊള്ളേണമേ.” പക്ഷേ ദൈവഹിതം മറ്റൊന്നായിരുന്നു. രണ്ടു ദിവസങ്ങൾക്കു ശേഷം ഏലിയാമ്മ ഈ ലോകത്തോട് വിടപറഞ്ഞു. പിതൃസഹോദരനായ ആശ്രമത്തിലെ വലിയ ജോണച്ചനെ ആൾ വിട്ടറിയിച്ചതിൻപ്രകാരം അദ്ദേഹമെത്തി ശവസംസ്കാര കർമ്മങ്ങൾക്ക് നേതൃത്വം നൽകി.


രണ്ടു പിഞ്ചു കുഞ്ഞുങ്ങളെയും കൊണ്ടുള്ള ജീവിതം ഏറെ ദുരിതപൂർണ്ണമായിരുന്നു. ജോണിച്ചായന്റെ ജ്യേഷ്ഠൻ ജോർജ്ജച്ചായന്റെ ഭാര്യ സാറാമ്മ ചേടത്തി കുഞ്ഞുങ്ങളുടെ സംരക്ഷണം താല്ക്കാലികമായി ഏറ്റെടുത്തു.

തോമാച്ചായൻ, തന്റെ മകൻ അനുഭവിക്കുന്ന അരിഷ്ടതകളിൽ ഏറെ നൊമ്പരപ്പെട്ടു. മൂത്തമകൻ ജോജ്ജിനോടാലോചിച്ച് ജോണിക്ക് രണ്ടാമതൊരു വിവാഹത്തെക്കുറിച്ച് ചിന്തിച്ചു. അക്കാലത്ത് പത്തനംതിട്ട പുത്തൻപീടികയിലുണ്ടായിരുന്ന പ്രബലമായ ഒരു കുടുംബമായിരുന്നു വലിയവീട്ടിൽ കുടുംബം. ഈ കുടുംബത്തിലെ രണ്ട് സഹോദരന്മാർ കുട്ടിയും ജോണും തങ്ങളുടെ മാതാവിനോടും സഹോദരിമാരോടുമൊപ്പം കോന്നിക്കടുത്തുള്ള അട്ടചാക്കൽ വന്നു താമസമാക്കിയിരുന്നു. ഇവരുടെ ഒരു സഹോദരി അന്നമ്മയെ കുഴിനാപ്പുറത്ത് ജോണിയുമായി വിവാഹം നടത്തിയാലെന്തെന്ന് കാരണവന്മാർ പരസ്പരം ആലോചിച്ച് തീരുമാനിച്ചു. വധൂവരന്മാർ പരസ്പരം കണ്ടിഷ്ടപ്പെട്ടു. അന്നമ്മയോട് ഏറ്റെടുക്കാൻ പോകുന്ന ഉത്തരവാദിത്വം എത്ര വലുതാണെന്ന് സഹോദരന്മാരായ കുട്ടിയും ജോണും വ്യക്തമായി പറഞ്ഞുകൊടുത്തു. പറക്കമുറ്റാത്ത രണ്ട് പെൺകുഞ്ഞുങ്ങളുടെ ചുമതലകൂടി ഭർതൃഗൃഹത്തിൽ ഏറ്റെടുക്കേണ്ടതുണ്ട് എന്ന കാര്യം വ്യക്തമാക്കി. എല്ലാ ഞായറാഴ്ച്ചയുംപള്ളിയിൽ മുടങ്ങാതെ പോവുകയും വേദപുസ്തകം വായിക്കുന്നതിലും കുടുംബപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുന്നതിലും സജീവമായിരുന്ന അന്ന



www.malankaralibrary.com

മ്മയ്ക്ക് ഈ ഉത്തരവാദിത്വത്തിന്റെ അകപ്പൊരുൾ ദൈവം വെളിപ്പെടുത്തി കൊടുത്തതുപോലെയാണ് പിന്നീട് കാര്യങ്ങൾ നീങ്ങിയത്. ചീക്കനാൽ സെന്റ് പീറ്റേഴ്സ് മലങ്കര സുറിയാനി കത്തോലിക്ക ദേവാലയത്തിൽ വെച്ച് ആശ്രമത്തിലെ വലിയ ജോണച്ചൻ (ഫാ. ജോൺ കുഴിനാപ്പുറത്ത് OIC) അവരുടെ വിവാഹം ആശീർവദിച്ചു. ആ ദാമ്പത്യ വല്ലരിയിൽ പിന്നീട് അഞ്ചു സൂനങ്ങൾ പിറന്നു. മൂത്തവൾ പൊടിമോൾ എന്ന് വിളിക്കപ്പെടുന്ന കുഞ്ഞമ്മ, ജോസ്മോൻ എന്ന് വിളിക്കപ്പെടുന്ന ജോസഫ്, അനിയൻ കുഞ്ഞ് എന്ന് വിളിക്കപ്പെടുന്ന ബേബി ജോൺ, കുഞ്ഞു മോൻ എന്ന് വിളിക്കപ്പെടുന്ന സാബു, പിന്നീട് ആ കുടുംബത്തിലെ ഏഴാമനായാണ് നമ്മുടെ കഥാനായകൻ പിറക്കുന്നത്: രാജുമോൻ.



**ഫാ. തോമസിന്റെ മാതാപിതാക്കളായ
ജോൺ തോമസും അന്നമ്മ ജോണും**

1969 ലെ വലിയ നോമ്പ് കാലം അവസാനിക്കാറായി. ദു:ഖവെള്ളി കഴിഞ്ഞ് ഉയിർപ്പിന്റെ രാത്രിയിലേക്ക് എല്ലാവരും കാത്തിരിക്കുകയാണ്. ഈസ്റ്റർ ശുശ്രൂഷയ്ക്കായുള്ള മണിനാദം ചീക്കനാൽ മലങ്കര കത്തോലിക്കാ പള്ളിയിൽ നിന്നും മുഴങ്ങി കേട്ടു. പ്രസവ ശുശ്രൂഷൾക്ക് സഹായിച്ചിരുന്ന മറിയാമ്മചേടത്തി കുഴിനാപ്പുറത്ത് ജോണിച്ചായന്റെ ഭവനത്തിലെത്തിയിട്ടുണ്ട്. സമയം രാത്രി ഏതാണ്ട് പന്ത്രണ്ടു മണി അടുക്കാറായി. അടച്ചിട്ട മുറിയിൽ നിന്നും പിള്ളക്കരച്ചിൽ വരാന്തയിൽ കാത്തിരുന്ന ജോണിച്ചായനും ജ്യേഷ്ഠൻ ജോർജ്ജച്ചായനും കേട്ടു. അൽപ്പം കഴിഞ്ഞ് വാതിൽ പാളി പകുതി തുറന്ന് ജോർജ്ജച്ചായന്റെ ഭാര്യ സാറാമ്മ ചേടത്തി സന്തോഷത്തോടെ അറിയിച്ചു. “ആൺകുഞ്ഞാണ്. ജോണിയുടെ അതേ നിറം.” അന്ന് ഏപ്രിൽ 5 ആയിരുന്നു. 1969 ലെ ഈസ്റ്റർ പെരുന്നാളിന്റെ തലേദിവസം.



www.malankaralibrary.com


റവ. ഫാ. ജോർജ്ജ് പുറത്തൂട്ട്

ചീക്കനാൽ സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്ക ഇടവകയുടെ പഴയ പള്ളികെട്ടിടം ഒരു വശത്ത് നിലനിർത്തികൊണ്ട് തന്നെ മനോഹരമായ പുതിയ പള്ളി തിരുവനന്തപുരം അതിരൂപതയുടെ ആർച്ച് ബിഷപ്പായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി കൂദാശ ചെയ്ത വർഷമായിരുന്നു അത്. ബഹു. ജോർജ് പുറത്തൂട്ടച്ചൻ അന്ന് പുത്തൻപീടിക സെന്റ് തോമസ് പള്ളിയിൽ താമസിച്ചുകൊണ്ട് ചീക്കനാൽ പള്ളിയുടെയും ശുശ്രൂഷ നടത്തി വരികയായിരുന്നു. 1969 മെയ് 11-ന് 'തോമസ്' എന്ന ജ്ഞാനസ്നാന പേരോടുകൂടി ഫാ. ജോർജ്ജ് പുറഞ്ഞൂട്ട് രാജുമോനെ മാമോദീസാ മുക്കി. പിതൃജേഷ്ഠൻ ജോർജ് തോമസായിരുന്നു തലതൊട്ടപ്പൻ.



www.malankaralibrary.com

അദ്ധ്യായം -3

# പ്രാഥമിക വിദ്യാഭ്യാസം

**രാ**ജുമോന് 4 വയസ്സായപ്പോൾ വീടിന് സമീപമുള്ള ആശാട്ടി പള്ളിക്കൂടത്തിൽ ചേർത്തു. കുട്ടിയമ്മആശാട്ടി മടിയിലിരുത്തി ആദ്യക്ഷരങ്ങൾ താലത്തിലെ അരിമണികൾക്കുമേൽ കുറിപ്പിച്ചു. "ഹരി ശ്രീ. ഗണപതയേ നമ:" ആഴ്ചയിലെ മിക്ക ദിവസങ്ങളിലും പുതിയ പാഠങ്ങൾ നിറഞ്ഞ പനയോലകളുമായാണ് രാജുമോൻ വീട്ടിൽ എത്തിയിരുന്നത്. അഞ്ച് വയസ്സായപ്പോൾ ചീക്കനാൽ ഗവ.എൽ.പി.സ്കൂളിൽ ചേർത്തു. അന്ന് സ്കൂളിന്റെ ഹെഡ്മിസ്ട്രസ് സാറാമ്മ ടീച്ചറായിരുന്നു. പത്മാകരൻ സാർ, ദിവാകരൻ സാർ, വാസുക്കുട്ടി സാർ, ദാനിയേൽ സാർ, മേരിക്കുട്ടി ടീച്ചർ എന്നിവർ അന്നത്തെ മറ്റ് അദ്ധ്യാപകരായിരുന്നു. സ്കൂളിൽ ചേർത്ത ഔദ്യോഗിക നാമം രാജു ജോൺ എന്നായിരുന്നു. പൊതുവെ അല്പം അന്തർമുഖനായിരുന്നു രാജു ജോൺ എന്ന ബാലൻ. മറ്റു കുട്ടികൾ സ്കൂൾ ഗ്രൗണ്ടിൽ ഓടിച്ചാടിക്കളിക്കുമ്പോഴും സ്കൂൾ വരാന്തയുടെ ഏതെങ്കിലുമൊരു കോണിൽ തൂണിൽ ചാരിയിരുന്ന് പക്ഷികളെയും ശല



**ചീക്കനാൽ ഗവ. എൽ. പി. സ്കൂൾ**

ഭങ്ങളെയും ചെടികളെയും ഒക്കെ നോക്കി കാണാനായിരുന്നു ഈ കുട്ടിക്കിഷ്ടം. പ്രൈമറി പഠന കാലത്ത് രാജു ജോണിന് ഏറെ ഇഷ്ടമുള്ള ഒരാഴ്ചയായിരുന്നു ഒക്ടോബർ മാസത്തിലെ ആദ്യവാരം. ഗാന്ധിജിയുടെ ജന്മദിനത്തോടനുബന്ധിച്ച് നടത്തപ്പെട്ടിരുന്ന 'സേവനവാരം'. സ്കൂളും പരിസരവും വൃത്തിയാക്കുക, വെള്ളപൂശുക തുടങ്ങിയ പ്രവൃത്തികളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരു പോലെ പങ്കു ചേർന്നിരുന്നു. ആ



www.malankaralibrary.com

ആഴ്ച കുട്ടികൾക്കെല്ലാവർക്കും ഉച്ചഭക്ഷണം സ്കൂളിൽ തന്നെ തയ്യാറാക്കി നൽകിയിരുന്നു. അങ്ങനെയൊരു ദിവസം മേരിക്കുട്ടി ടീച്ചർ രാജു ജോണിന്റെ നേതൃത്വത്തിൽ ഏതാനും കുട്ടികളെ സ്കൂളിന് സമീപത്തുള്ള തന്റെ വീട്ടിലേക്ക് പറഞ്ഞയച്ചു. എന്തിനെന്നോ? പറമ്പിൽ നിന്നും ഓമക്കായ (പപ്പായ) ശേഖരിച്ചു കൊണ്ടു വരുവാൻ. ഏതാണ്ട് അരകിലോമീറ്റർ ദൂരെയുള്ള ടീച്ചറിന്റെ വീട്ടിലേക്ക് ശരവേഗത്തിൽ പാഞ്ഞ മിടുക്കന്മാർ അരമണിക്കൂറിനകം ഓമക്കായ്കളുമായി എത്തി. പക്ഷേ ഒന്നു മാത്രം. എല്ലാവരുടെയും നിക്കറിലും ഉടുപ്പിലും ശരീരത്തിലും ഓമക്കായുടെ കറ കൊണ്ട് അഭിഷേകമായിരുന്നു. മേരിക്കുട്ടി ടീച്ചർ എല്ലാവരെയും സ്കൂളിലെ കിണറിനടുത്തേക്ക് കൊണ്ടു പോയി കൈകാലുകളും ശരീരവും മുഴുവൻ വൃത്തിയാക്കിയതിനുശേഷമാണ് ഭക്ഷണത്തിനയച്ചത്. ഇക്കാലത്തുള്ള പ്രധാന സഹപാഠികളായിരുന്നു പ്രശാന്തകുമാർ, ഷിബു ജോർജ്, അനിൽ ബേബി, ബെൻസൺ മത്തായി, അജികുമാർ, ഉല്ലാസ്, സുമ ജോർജ്ജ്, സന്തോഷ്, ജോയി, രാജീവ്, ഉണ്ണികൃഷ്ണൻ, സൂനു, ഇന്ദിര തുടങ്ങിയവർ.



**മേരിക്കുട്ടി ടീച്ചർ**

ഇന്നും ഫാ. തോമസ് ഈ 'ആത്മ മാത്തറു' മായുള്ള ബന്ധം ഹൃദയത്തോട് ചേർത്ത് സൂക്ഷിക്കുന്നുണ്ട്. ഈ സ്കൂളിലെ തങ്ങളുടെ ഒരു




**1978 ബാച്ചിലെ പൂർവ്വവിദ്യാർത്ഥികൾ അദ്ധ്യാപകരോടൊപ്പം ചീക്കനാൽ ഗവ. എൽ.പി. സ്കൂളിൽ 2013 ൽ ഒരുമിച്ച് ചേർന്നപ്പോൾ**



www.malankaralibrary.com

സഹപാഠിക്ക് വാഹനാപകടത്തിൽ ശാരീരികബുദ്ധിമുട്ടുകൾ ഉണ്ടായപ്പോൾ ശ്രീ. പ്രശാന്തകുമാർ പി.കെ. യുടെ നേതൃത്വത്തിൽ 1978 ബാച്ചിലെ പൂർവ്വ വിദ്യാർത്ഥികൾ ഒരുമിച്ച് ചേർന്ന് അംഗപരിമിതർക്ക് ഉപയോഗിക്കാവുന്ന ഒരു സ്കൂട്ടർ വാങ്ങി നൽകുകയുണ്ടായി. തങ്ങളുടെ പ്രിയ അധ്യാപകനായ ബഹു. പത്മാകരൻ സാർ ആണ് ഈ വാഹനത്തിന്റെ താക്കോൽദാനം നിർവ്വഹിച്ചത്. പഴയ സഹപാഠികൾക്ക് പരസ്പരം കാണുന്നതിനും വിശേഷങ്ങൾ പങ്കുവയ്ക്കുന്നതിനുമുള്ള ഒരു അസുലഭ സന്ദർഭമായി അത് മാറി.



**രാജു ജോൺ 10–ാം വയസ്സിൽ**

ഇടവകയിലെ സൺഡേ സ്കൂളിലും സമർത്ഥനായിരുന്നു രാജു. അന്നത്തെ സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.കെ.കെ. ഈപ്പൻ (കുഴിനാപ്പുറത്ത് ബേബിച്ചായൻ) ആയിരുന്നു. കാർക്കശ്യമേറെയുള്ള ഹെഡ്മാസ്റ്ററുടെ പൊതുക്ലാസിൽ സൺഡേ സ്കൂൾ കുട്ടികൾ അല്പം ഭയത്തോടെയാണ് ഇരുന്നത്. രാജുമോന്റെ ആ ഭയവും ആശങ്കകളും എല്ലാം നീങ്ങിയിരുന്നത് ഒന്നാം ക്ലാസ്സിലെ തന്റെ ടീച്ചറിന്റെ അടുത്തെത്തുമ്പോഴായിരുന്നു. പിതൃസഹോദരപുത്രി കൂടിയായ കുഴിനാപ്പുറത്ത് കുസുമം ജോൺ ആയിരുന്നു ആ ക്ലാസ് ടീച്ചർ. അങ്ങനെ ആത്മീയതയുടെ ആദ്യ പടവുകൾ ചവിട്ടിക്കയറാൻ സഹായിച്ചത് സ്വന്തം സഹോദരി തന്നെയായിരുന്നു. ഉയർന്ന ക്ലാസ്സുകളിൽ പഠിപ്പിച്ച മറ്റ് വിശ്വാസപരിശീലകർ സി.ശൈനോ, മേലേതിൽ ഫിലിപ്പ്, കെ.ജെ.കോശി, വളവിൽ ജോയി തുടങ്ങിയവരായിരുന്നു.

രാജുവിന്റെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം 10–ാം വയസ്സിലായിരുന്നു. ബഹു. ജോൺ കോന്നിയൂരയച്ചനായിരുന്നു അക്കാലത്ത് ചീക്കനാൽ പള്ളിയുടെ വികാരി. അന്ന് നല്ലൊരു സംഖ്യ കുട്ടികളുണ്ടായിരുന്നു ചീക്കനാൽ ഇടവകയിൽ പ്രഥമദിവ്യകാരുണ്യ സ്വീകരണത്തിന്. അവരിൽ ഏറ്റവും മുതിർന്ന കുട്ടിയായിരുന്നു രാജു ജോൺ. ബാക്കിയുള്ളവർ, റോബി എന്നു വിളിക്കുന്ന വർഗ്ഗീസ് ഡാനിയേൽ, ബിജോയി, പ്രകാശ്, അനുലേഖ, ബെറ്റി, ജോസഫ്, സൂനു തുടങ്ങിയവരായിരുന്നു. ആദ്യകുർബാന സ്വീകരണത്തിന് കുഞ്ഞുങ്ങളെ ഒരുക്കിയത് ഊന്നുകൽ ഇടവകയിൽ നിന്നുമുള്ള ബഹു. ജോൺസൺ ചരിവുകാലയിൽ ശെമ്മാശനായിരുന്നു. ഊന്നുകല്ലിലെ വീട്ടിൽ അവധിക്കാലം ചെലവഴിക്കാനെത്തിയ ജോൺസൺ ശെമ്മാശൻ സൈക്കിളിൽ വിളക്കുവേലിൽ ജംഗ്ഷനിൽ എത്തുന്നത് കാത്തിരിക്കും കുട്ടികളായ റോബിയും രാജുവും. അവിടെ



www.malankaralibrary.com



റവ.ഫാ. ജോൺസൺ
ചരിവുകാലായിൽ

നിന്നങ്ങോട്ട് പള്ളിയിലേക്കുള്ള ഒന്നരകിലോമീറ്റർ യാത്ര പിന്നെ ശെമ്മാശനോടൊപ്പം അദ്ദേഹത്തിന്റെ സൈക്കിളിലായിരിക്കും. ദിവ്യകാരുണ്യമെന്ന കൂദാശയെന്തെന്നും, കുമ്പസാരമെന്തെന്നും ഉള്ള ആത്മീയ ജ്ഞാനം ആ ബാലമനസ്സുകളിലേക്ക് ശെമ്മാശൻ പകർന്നു കൊടുത്തു. പ്രഥമ ദിവ്യകാരുണ്യ സ്വീകരണ ദിനമായി. തലേദിവസം ബഹു. ജോസ് കടകംമ്പള്ളിൽ അച്ചന്റെ അടുത്താണ് രാജു കുമ്പസാരിച്ചത്. പാപങ്ങളെല്ലാം ഏറ്റുപറഞ്ഞ് ഊശോയെ സ്വീകരിക്കുന്നതിനുള്ള ഒരുക്കത്തിൽ ആ ബാലന്റെ മുഖം പ്രകാശിതമായിരുന്നു. പിറ്റേ ദിവസത്തെ പെരുന്നാൾ കുർബാനയ്ക്ക് അൾത്താര ഒരുക്കുവാൻ ഇലകളും പൂക്കളും ഒക്കെ ശേഖരിക്കുന്നതിനുള്ള ചുമതല മുതിർന്ന കുട്ടിയായ രാജുവിനെയാണ് ശെമ്മാശൻ ഏൽപ്പിച്ചത്. വീട്ടിലും പരിസരങ്ങളിലും ഓടി നടന്ന് പൂക്കളും ഇലകളും ശേഖരിച്ച് തലേദിവസം സന്ധ്യക്ക് തന്നെ പള്ളിയിലെത്തിച്ചു. ശെമ്മാശൻ അവ കൊണ്ട് അൾത്താര അലങ്കരിക്കുന്നത് സാകൂതം നോക്കി നിന്നു.

അങ്ങനെ ആ മനോഹര ദിവസമായി. പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിനുള്ള ദിവസം. ഉച്ച കഴിഞ്ഞ് 3 മണിക്കാണ് വി.സമൂഹബലി. വെള്ള നിക്കറും ഫുൾസ്ലീവ് ഷർട്ടും ധരിച്ച് വീട്ടിൽ നിന്നുമെത്തിയ രാജുവിന്റെ ശിരസ്സിൽ ഒരു കിരീടം ജോൺസൺ ശെമ്മാശൻ അണിയിച്ചു. മനോഹരമായി അലങ്കരിച്ച ഒരു മെഴുകുതിരിയും കൈകളിൽ നൽകി. വി. കുർബാന ആരംഭിച്ചു. കാഴ്ചയർപ്പണത്തിനായി കുട്ടികൾ കൊണ്ടുവന്നിരുന്ന പഴവർഗ്ഗങ്ങളും അൾത്താരയിലേക്കുള്ള വിശുദ്ധ വസ്തുക്കളും അവർ നിരനിരയായി വന്ന് അൾത്താരയിൽ സമർപ്പിക്കുന്നതിന് വൈദികനെ ഏൽപ്പിച്ചു. പ്രത്യേകിച്ച് ഗായക സംഘമോ സംഗീത ഉപകരണങ്ങളോ കുർബ്ബാനയ്ക്ക് ഉണ്ടായിരുന്നില്ല. പാശ്ചാത്യ സുറിയാനി ആരാധനാ ക്രമത്തിലെ ഗാനങ്ങളുടെ മലയാള പരിഭാഷ കുട്ടികളെല്ലാവരും ചേർന്ന് ഉച്ചത്തിൽ ഇമ്പകരമായി പാടി. കുർബ്ബാന സ്വീകരണത്തിന്റെ സമയമായി. സിസ്റ്റർ വന്ന് കുട്ടികളുടെയെല്ലാം കൈകളിലിരുന്ന അലങ്കരിച്ച മെഴുകുതിരികൾ തെളിയിച്ചു. കാസയും പീലാസയും വഹിച്ചുകൊണ്ട് വൈദികൻ പടിഞ്ഞാറേക്ക് തിരിഞ്ഞപ്പോൾ കത്തുന്ന മെഴുകുതിരി വെളിച്ചത്തിൽ കുട്ടികളുടെയെല്ലാം മുഖങ്ങൾ പ്രകാശിതമായിരുന്നു. അവർ കണ്ണുകളടച്ച് ഭക്തിയോടെ പ്രാർത്ഥിച്ചു കൊണ്ടിരുന്നു. "നമ്മുടെ കർത്താവായ യേശുമിശിഹായുടെ തിരുശരീര രക്തങ്ങളാകുന്ന



www.malankaralibrary.com

തീക്കട്ട കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായി സത്യ വിശ്വാസികൾക്ക് നൽകപ്പെടുന്നു" എന്ന് ഉരുവിട്ടുകൊണ്ട് പുരോഹിതൻ രാജുവിന്റെ നാവിലേക്ക് ദിവ്യകാരുണ്യം നൽകി. അവാച്യമായ ഒരു ദൈവാനുഭവത്തിലേക്ക് നയിക്കപ്പെട്ടതുപോലെ കുട്ടികളെല്ലാവരും നിശബ്ദരായി മുട്ടുകുത്തി നിന്ന് പ്രാർത്ഥനയിൽ മുഴുകി. വിശുദ്ധ കുർബ്ബാന കഴിഞ്ഞ് പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ച കുട്ടികളെയെല്ലാം നിരയായി നിർത്തി ഫോട്ടോയെടുത്തു. ഏതാണ്ട് വൈകിട്ട് ഏഴുമണിയോടെ വീട്ടിൽ തിരിച്ചെത്തിയ രാജുമോന് അന്ന് സ്വപ്നങ്ങൾ കണ്ടുറങ്ങാൻ ഏറെ കാര്യങ്ങളുണ്ടായിരുന്നു. ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ ജോണിച്ചായൻ പ്രഥമ ദിവ്യ കാരുണ്യ സ്വീകരണത്തിന്റെ ബ്ലാക്ക് ആൻഡ് വൈറ്റ് ഗ്രൂപ്പ് ഫോട്ടോ നീലനിറത്തിലുള്ള ഫ്രെയിമോടു കൂടി ചില്ലിട്ടുകൊണ്ടു വന്നു. രാജുമോൻ അതിന്റെ ചില്ലുപ്രതലം തുണികൊണ്ട് ഒന്നു കൂടി തുടച്ച് അച്ചായനെ ഏൽപ്പിച്ചു, ഭിത്തിയിൽ സ്ഥാപിക്കാൻ.

അച്ചനപ്പച്ചൻ എന്ന് സ്നേഹപൂർവ്വം വിളിക്കുന്ന ഫാ. ജോൺ കുഴിനാപ്പുറത്ത് OIC യുടെ വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലുമുള്ള സന്ദർശനം കുട്ടികൾക്ക് എന്നും മനസ്സിൽ തങ്ങിനിൽക്കുന്ന ഓർമ്മയായിരുന്നു. മുടിയും താടിയുമെല്ലാം നരച്ച് കഷണ്ടി കയറിയ തലയും ഒക്കെയായി സദാ സുസ്മേരവദനനായി കടന്നു വരുന്ന അച്ചനപ്പച്ചന്റെ സാന്നിദ്ധ്യം മാത്രമല്ല കുട്ടികളെ സന്തോഷിപ്പിച്ചിരുന്നത്. കുപ്പായത്തിന്റെ കീശയിൽ അവർക്കായി കരുതിയിരുന്ന മിഠായി പൊതിയും കാശുരൂപങ്ങളും കർത്താവിന്റെയും പ.ദൈവമാതാവിന്റെയും വിശുദ്ധരുടെയും ചിത്രങ്ങളും ഒക്കെ കുട്ടികളെ ഏറെ സന്തോഷിപ്പിക്കുവാൻ പോരുന്നവയായിരുന്നു. അങ്ങനെയിരിക്കെ ഒരാൾ ഒരു കറുത്ത സ്യൂട്ട്കെയ്സുമായി ജോണിച്ചായന്റെ വീട്ടിലെത്തി. ആശ്രമത്തിലെ വലിയ ജോണച്ചൻ അയച്ചതായിരുന്നു അയാളെ. സ്യൂട്ട്കെയ്സ് നിറയെ ബഹു. ജോണച്ചൻ അടുത്ത കാലത്ത്



**ഭാഗ്യസ്മരണാർഹനായ
ഫാ. ജോൺ കുഴിനാപ്പുറത്ത് OIC**



www.malankaralibrary.com

രചിച്ച ' സഹനയജ്ഞം' എന്ന ചെറു പുസ്തകത്തിന്റെ കോപ്പികളായിരുന്നു. ചീക്കനാൽ ഇടവകയിലെ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനു വേണ്ടി ബഹു. ജോണച്ചൻ കൊടുത്തു വിട്ടതായിരുന്നു അവ. അപ്പർ പ്രൈമറി ക്ലാസ്സുകളിലേക്ക് കയറിയ രാജുമോന് അപ്പോഴേക്കും വായനാ ശീലം ഒരു ദിനചര്യയായി മാറിയിരുന്നു. കറുത്ത പശ്ചാത്തലത്തിൽ മഞ്ഞനിറത്തിൽ ഒരു കുരിശും റോസാപ്പൂവും ചേർന്നതായിരുന്നു, 'സഹനയജ്ഞം' എന്ന ആ പുസ്തകത്തിന്റെ കവർ പേജ്. ബഹു. ജോണച്ചൻ തന്റെ മെഡിക്കൽ കോളേജ് സന്ദർശനത്തിനിടയിൽ കണ്ടെത്തിയ, ക്യാൻസറിനോട് മല്ലിട്ട് കഴിഞ്ഞിരുന്ന ആനിയമ്മ എന്ന പെൺകുട്ടിയുടെ ജീവിതത്തെ ആസ്പദമാക്കി സഹനത്തിന് ഒരു ക്രിസ്തീയ ഭാഷ്യം ചമയ്ക്കുകയായിരുന്നു ഈ ചെറു പുസ്തകത്തിലൂടെ. നല്ല ഒഴുക്കുള്ള ഭാഷ, ലളിതമായ പ്രതിപാദന ശൈലി. ഒറ്റയിരുപ്പിന് വായിച്ച് തീർത്ത് പുസ്തകം മടക്കി, വീടിന്റെ തിണ്ണയിൽ ചിന്താമഗ്നനായി ഇരുന്ന ആ ബാലനെ മുതിർന്ന പെങ്ങൾ പൊടിമോൾ വന്ന് വിളിച്ചിട്ടും അവൻ അറിഞ്ഞില്ല.



**കുഴിനാപ്പുറത്ത് കുടുംബാംഗങ്ങൾ 1979 ൽ**

1979 ൽ ചീക്കനാൽ പള്ളിയിൽ വലിയ ജോണച്ചന്റെ പൗരോഹിത്യ കനകജൂബിലി ആഘോഷിച്ചത് ഒരു തെളിമയാർന്ന ഓർമ്മയാണ് രാജുമോന്റെ മനസ്സിൽ. ദേവാലയത്തിന്റെ ഗേറ്റിനടുത്ത് കൈകളിൽ മെഴുകുതിരിയേന്തി നിരനിരയായി നിന്ന് അഭിവന്ദ്യ പൗലോസ് മാർ ഫീലെക്സിനോസ് തിരുമേനിയേയും ജോണച്ചനെയുമൊക്കെ സ്വീകരിച്ചത് മനസ്സിലിന്നും തങ്ങി നിൽക്കുന്നു. അന്ന് കുടുംബത്തിലെ എല്ലാ വൈദികരും സിസ്റ്റേഴ്സും എത്തിയിരുന്നു. ബഹു. ജസ്റ്റിൻ തുണ്ടുമണ്ണിലച്ചൻ, സി. നീഹാ, സി. എസ്തേർ, സി. ഫ്ളോറ എന്നിവരുടെയൊക്കെ അടുത്തു നിൽക്കുന്നതിനും കൈളിൽ പിടിച്ച് എന്തൊക്കെയോ പറയുന്നതിനും സാധിച്ചു. അവർ സ്കൂളുകളിലെയും സണ്ഡേ സ്കൂൾ ക്ലാസ്സിലെയും പഠനത്തെക്കുറിച്ച് അന്വേഷിച്ചു. വി. കുർബ്ബാന കഴിഞ്ഞ് അഭിവന്ദ്യ തിരുമേനിയോടൊപ്പം ജോണച്ചനും ഇടവക ജനം മുഴുവനും ചേർന്ന് ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. അന്ന് രാജുമോനും കുടുംബത്തിലെ മറ്റു കുട്ടികളും ചരൽ പാകിയ പള്ളിമുറ്റത്ത് ചമ്രം പടിഞ്ഞിരുന്നാണ് ആ ഫോട്ടോയിൽ പങ്കു ചേർന്നത്.



www.malankaralibrary.com

### അദ്ധ്യായം -4

# ആര്യഭാരതി ഹൈസ്കൂളിലേക്ക്

**ഒ**ൻപത് വയസ്സ് പൂർത്തിയാക്കിയ രാജു ജോൺ അഞ്ചാം ക്ലാസ്സിൽ പ്രവേശനം നേടിയത് മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ഉടമ സ്ഥതയിലുള്ള ഓമല്ലൂർ ആര്യഭാരതി ഹൈസ്ക്കൂളിലാണ്.

ആര്യ ഭാരതി വിദ്യാലയത്തെക്കുറിച്ച് പ്രശസ്ത കാർട്ടൂണിസ്റ്റ് ഡോ. മധു ഓമല്ലൂർ ഓർത്തെടുക്കുന്നതിങ്ങനെ, "പത്തനംതിട്ട ജില്ലയിൽ ഓമ ല്ലൂർ വില്ലേജിലെ വിദ്യാഭ്യാസമേഖലയിൽ സ്തുത്യർഹമായ സേവനം നൽകുന്ന വിദ്യാലയമാണ് ആര്യഭാരതി ഹൈസ്കൂൾ..... ഓമല്ലൂരിലെ പുരാതന നായർ കുടുംബമായ കടുവിനാൽ കുടുംബത്തിലെ സംസ്കൃത പണ്ഡിതനായിരുന്ന കൊച്ചുകോയിക്കൽ പാച്ചു നായർ സ്ഥാപിച്ച വിദ്യാ ലയമാണ് ഇന്നു കാണുന്ന ആര്യ ഭാരതി ഹൈസ്കൂൾ. ഓമല്ലൂരും പരി സരത്തുമുള്ള സാധാരണക്കാരായ കുട്ടികൾക്ക് പൊതുവിദ്യാഭ്യാസത്തി നുള്ള അവസരം തുറന്നുകൊടുത്തത് ഒരുപരിധിവരെ ഈ വിദ്യാലയമാ ണ്. വിദ്യാർത്ഥികൾക്ക് മാത്രമല്ല അദ്ധ്യാപകരായി പരിചയസമ്പത്തുനേടി നാടിന്റെ നാനാഭാഗത്തേക്കും അദ്ധ്യാപനം തൊഴിലാക്കി പോകാൻ ചെറു പ്പക്കാർക്ക് ധാരാളം അവസരമുണ്ടാക്കാനും ഈ വിദ്യാലയത്തിന് കഴിഞ്ഞു."




**ആര്യഭാരതി ഹൈസ്കൂൾ**

പ്രൊഫ. പി. തോമസ് വിളവിനാലിന്റെ വാക്കുകൾ, "ഓമല്ലൂരിലെ ആദ്യത്തെ സ്വഭാഷാ വിദ്യാഭ്യാസകേന്ദ്രം, ആര്യഭാരതി ഹൈസ്കൂളിന്റെ മുൻതലമുറയിലെ 'വിജ്ഞാനസംദായിനി' എന്ന സംസ്കൃത വിദ്യാപീഠ



www.malankaralibrary.com

മായിരുന്നു. 1925-ൽ കടുവിനാൽ സി.ആർ. പാച്ചുനായർ സ്വന്തം ഭവനത്തിലാണ് വിജ്ഞാനസംദായിനി തുടങ്ങിയത്. 1948-ൽ ആര്യഭാരതി വിദ്യാപീഠമായി പേരുമാറ്റി സ്കൂൾ പുതിയ കെട്ടിടത്തിൽ ആരംഭിച്ചു. സംസ്കൃതഭാഷാ പഠനം ജീവിതമാർഗ്ഗത്തിന് ഉതകുകയില്ലായെന്ന് കണ്ട് പിന്നീട് 1952-ൽ ആര്യഭാരതി ഹൈസ്കൂൾ എന്ന പേരിൽ ഒരു എയ്ഡഡ് സ്കൂളാക്കി.''


റവ.ഫാ. തോമസ് ആമ്പശ്ശേരിൽ


1964-ൽ മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ തിരുവനന്തപുരം അതിരൂപത ഈ സ്കൂൾ അന്നത്തെ നടത്തിപ്പുകാരിൽ നിന്നും വിലയ്ക്ക് വാങ്ങി. ഡോ. മധു ഓമല്ലൂർ അനുസ്മരിക്കുന്നു, ''പാച്ചുനായർ സാറിന്റെ കാലശേഷം സ്കൂൾ നടത്തിപ്പ് വീട്ടുകാർക്ക് മുമ്പോട്ട് കൊണ്ടുപോകാൻ കഴിയാതെ വന്നപ്പോൾ ഇന്നത്തെ മാനേജ്മെന്റിന് കൈമാറ്റം ചെയ്യുകയായിരുന്നു.'' മലങ്കര സുറിയാനി കത്തോലിക്കാസഭ ഈ സ്കൂൾ വാങ്ങുന്നതിന് നിർണ്ണായക പങ്ക് വഹിച്ച ഒരു വ്യക്തിയായിരുന്നു റവ. ഫാ. തോമസ് ആമ്പശ്ശേരി. ബഹു. ആമ്പശ്ശേരിലച്ചന് കടുവിനാൽ കുടുംബവുമായി ഉണ്ടായിരുന്ന വ്യക്തിബന്ധമാണ് ആര്യഭാരതി സ്കൂളിന്റെ കൈമാറ്റത്തിന് കാരണമായത്.

വീട്ടിൽ നിന്നും ആര്യ ഭാരതി ഹൈസ്ക്കൂളിലേക്കെത്താൻ പല വഴികളുണ്ടായിരുന്നു. മെയിൻ റോഡു വഴിയാണെങ്കിൽ മൂന്നര കി.മീ. എങ്കിലും നടക്കണം. വെട്ടത്തേത്ത് പാലംവഴി വലിയ തോടിന്റെ വരമ്പിലൂടെ മഞ്ഞനിക്കരയെത്തി രണ്ട് കി.മീ. നടന്നാൽ സ്കൂളിലെത്താം. പറയനാലി ചാലിനരികിലെ റോഡിലൂടെ ആണെങ്കിൽ രണ്ടര കി.മീ. എങ്കിലും നടക്കണം. രാജു ജോൺ തെരഞ്ഞെടുത്തത് രണ്ടാമത്തെ വഴിയായിരുന്നു. എളുപ്പം സ്കൂളിലെത്താം. കാരണം ഏറ്റം രുചികരമായി പാകം ചെയ്യുമെങ്കിലും അന്നമ്മ ചേടത്തി, ഭക്ഷണം പാകം ചെയ്യുന്നതിൽ അൽപ്പം പുറകിലായിരുന്നു. ഉച്ചയ്ക്കുള്ള പൊതിച്ചോറ് ഇലവാട്ടി പൊതിഞ്ഞ് കൊണ്ടു പോകണം. അത് തയ്യാറാകുമ്പോഴേക്കും ഏകദേശം രാവിലെ 9.15 ആകും. പിന്നീട് ഒരോട്ടമാണ് തോട്ടുവരമ്പിലൂടെ. രാവിലെ 9.45 ന് മുമ്പ് സ്കൂളിലെത്തണം. അല്ലെങ്കിൽ ഹെഡ്മാസ്റ്റർ എം. എബ്രഹാം (മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനായി



www.malankaralibrary.com

രുന്ന സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയുടെ ജ്യേഷ്ഠ സഹോദരൻ) സാറിന്റെ വക ചുട്ട ചൂരൽ പ്രയോഗം തുടയിൽ കിട്ടും. വയലിലെ കൊറ്റികളെയോ വലിയ തോട്ടിലെ പരൽ മീനുകളെയോ വരാൽ മത്സ്യങ്ങളെയോ ഒന്നും കാണാൻ ആ ബാല മനസ്സിന് അപ്പോൾ സമയമുണ്ടായിരുന്നില്ല. എല്ലാം തിരികെ വീട്ടിലേക്കുള്ള യാത്രയിലേക്ക് മാറ്റിവച്ചു. ഒറ്റമുണ്ടും ഷർട്ടും ധരിച്ച് പുസ്തകക്കെട്ട് റബ്ബർ ബാന്റിട്ട് മുറുക്കി അതിനു മുകളിൽ പൊതിച്ചോറും വച്ചുള്ള ഈ ധിറുതി യാത്രയിൽ അഭിമുഖീകരിച്ചിരുന്ന ഒരു പ്രധാന പ്രശ്നം മറ്റൊന്നായിരുന്നു. ആ നടപ്പിനിടയിൽ മഞ്ഞനിക്കര മുതൽ സ്കൂൾ വരെ റോഡു മാർഗ്ഗമുള്ള യാത്രയിൽ ആയിരിക്കും ഹെഡ്മാസ്റ്റർ എബ്രഹാം സാർ ചേതക് സ്കൂട്ടറിൽ കടന്നുവരിക. അപ്പോൾ മുണ്ടിന്റെ മടക്കികുത്ത് അഴിച്ചിട്ട് ആദരവ് പ്രകടിപ്പിക്കണം. പിന്നീട് പുസ്തകക്കെട്ടും പൊതിച്ചോറുമൊക്കെ താഴെവച്ച് വീണ്ടും മുണ്ട് മടക്കിക്കുത്തണം. ഇത് ആരും നിർബന്ധിച്ച് ചെയ്യുന്ന കാര്യമല്ല. എബ്രഹാം സാറിനോടുള്ള സ്വയംപ്രേരിത ആദരവ് കൊണ്ട് കുട്ടികൾ സ്വയമേ ചെയ്യുന്നതാണ്. അദ്ദേഹം ആദരവിന് അർഹനായിരുന്നു. മിക്കപ്പോഴും അംഗപരിമിത വിദ്യാർത്ഥിയായ നാരായണനെയും പിന്നിലിരുത്തിയായിരുന്നു എബ്രഹാം സാറിന്റെ യാത്ര.



എം. എബ്രഹാം സാർ

രാജു ജോണിന്റെ സഹപാഠിയായ അജിത്കുമാർ ശർമ്മ തന്റെ കുടുംബത്തിന്റെ നേർക്ക് എബ്രഹാം സാറിന്റെ കാരുണ്യ ഹസ്തം എത്തിയത് ഏറെ നന്ദിയോടെയാണ് ഓർക്കുന്നത്. അജിത്തിന്റെ ജ്യേഷ്ഠൻ ജയകുമാർ ആര്യഭാരതി ഹൈസ്കൂളിൽ രാജുവിന്റെയും അജിത്തിന്റെയും സീനിയറായി പഠിച്ചിരുന്നു. എട്ടാം ക്ലാസ്സിൽ അവർക്ക് ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചിരുന്നത് എബ്രഹാം സാർ ആയിരുന്നു. ഒരു ദിവസം ക്ലാസ്സ് കോമ്പോസിഷനായി ഒരു ഉപന്യാസം ഇംഗ്ലീഷിൽ തയ്യാറാക്കാൻ ക്ലാസ്സിലെ എല്ലാ കുട്ടികളോടുമായി ആവശ്യപ്പെട്ടു. രണ്ട് ദിവസങ്ങൾക്കു ശേഷം കുട്ടികളുടെ ഉപന്യാസം പരിശോധിച്ച എബ്രഹാം സാർ അതിശയകരമാം വിധം വേറിട്ടു നിന്ന ഒരു ഉപന്യാസം കണ്ട് ആശ്ചര്യഭരിതനായി. ജയകുമാറിന്റേതായിരുന്നു ആ ഉപന്യാസം. അദ്ദേഹം കുട്ടിയെ



www.malankaralibrary.com

തന്റെ ഓഫീസ് മുറിയിലേക്ക് വിളിപ്പിച്ചു. ശ്രീത്വം തുളുമ്പുന്ന മുഖം. എങ്കിലും വേഷത്തിലും ഭാവങ്ങളിലും ആർക്കും ദൈന്യത തോന്നുന്ന രൂപം. സാർ ചോദിച്ചു. "കുട്ടീ ആരാണ് ഈ ഉപന്യാസം തയ്യാറാക്കിയത്?" "എന്റെ അച്ഛൻ" കുട്ടി മടിക്കാതെ പറഞ്ഞു. "അച്ഛനെന്താ ജോലി" സാറിന്റെ ചോദ്യത്തിനു മുമ്പിൽ കുട്ടി അല്പമൊന്നു പതറി. "ഇപ്പോൾ ജോലിയൊന്നുമില്ല സാർ." കുട്ടിയുടെ മറുപടികേട്ട സാർ അവന്റെ മുഖത്ത് അനുകമ്പാപൂർവ്വം നോക്കി. "കുട്ടിയുടെ അച്ഛനോട് നാളെ സ്കൂളിലേക്കൊന്ന് വരാൻ പറ" ഇതു കേട്ട് തലയാട്ടി ജയകുമാർ ശർമ്മ തന്റെ ക്ലാസ്സിലെത്തി. ഇരിപ്പിടത്തിലിരുന്നുകൊണ്ട് ആലോചിക്കാൻ തുടങ്ങി. "ഹോം വർക്ക് കുട്ടികളെ കൊണ്ട് ചെയ്യിപ്പിക്കാത്തതിൽ വഴക്കു പറയാനാവുമോ? എന്തെങ്കിലുമാകട്ടെ" പിറ്റേദിവസം അച്ഛനും അനുജനുമൊപ്പമാണ് ജയകുമാർ ശർമ്മ സ്കൂളിൽ എത്തിയത്. എബ്രഹാം സാറിന്റെ മുറിയിൽ അച്ഛനും മൂത്ത മകനും കയറി. ഇളയമകൻ തന്റെ ക്ലാസ്സിലേക്കും പോയി. എബ്രഹാം സാർ തന്റെ മുമ്പിൽ നിൽക്കുന്ന രക്ഷിതാവിനെ ഒന്ന് പ്രത്യേകം ശ്രദ്ധിച്ചു. കുലീനത സ്ഫുരിക്കുന്ന മുഖം. എങ്കിലും ഭവ്യത കൈവിടാതെ ഇരുകൈകളും കൂപ്പിയാണ് അദ്ദേഹം നിന്നിരുന്നത്. 'എന്താണ് പേര്?' സാർ ചോദിച്ചു.

"കൃഷ്ണൻ പോറ്റി"

"ബ്രാഹ്മണ സമുദായാംഗമാണല്ലേ?"

"അതെ സർ"

"എവിടെവരെ പഠിച്ചു"

"ഹൈസ്ക്കൂൾ വിദ്യാഭ്യാസം മാത്രമേ ഉള്ളൂ"

"പിന്നെ ഇത്ര മെച്ചപ്പെട്ട ഇംഗ്ലീഷ് ഭാഷ എവിടെനിന്ന് കിട്ടി?"

തിരുമേനി അൽപ്പം സങ്കോചത്തോടെ പറഞ്ഞു. "അത് ഞാൻ ഒരു സിവിൽ സർവ്വീസ് ട്രെയിനിംഗ് സെന്ററിൽ ചില പുറം ജോലികൾ ചെയ്തുവന്നിരുന്നു. അക്കാലത്ത് അവിടെയെടുക്കുന്ന ക്ലാസ്സുകളെല്ലാം ശ്രദ്ധയോടെ ക്ലാസ്സ് മുറിക്ക് വെളിയിൽ നിന്ന് കേൾക്കുമായിരുന്നു. പിന്നെ അവിടെ വരുത്തുന്ന ഇംഗ്ലീഷ് പത്രങ്ങളെല്ലാം ഒരു വരിയും വിടാതെ വായിക്കുമായിരുന്നു."

"പിന്നെ ജോലി നഷ്ടപ്പെട്ടതെങ്ങനെ?"

"ആ സെന്റർ അധികം വൈകാതെ അടച്ചു പൂട്ടി സാർ"

"അപ്പോ കാര്യങ്ങളോടുന്നതെങ്ങനെ?"

"ഇച്ചിരി ബുദ്ധിമുട്ടിലാണ് സാർ"

"തിരുമേനിക്ക് എന്തു ചെയ്യാനറിയാം"

"കണക്കൊക്കെ നന്നായിട്ട് ചെയ്യാനറിയാം"

"എന്നാൽ ഇവിടെ ഓഫീസിലെ അക്കൗണ്ട്സ് അൽപ്പം ശരിയാക്കാ



www.malankaralibrary.com

നുണ്ട്. നാളെത്തൊട്ടു വന്നോളൂ. മൂന്നുമാസത്തെ ജോലി കാണും"

തിരുമേനി സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി. മക്കൾക്കും ഏറെ സന്തോഷമായി. തങ്ങളുടെ അച്ഛൻ തങ്ങൾ പഠിക്കുന്ന സ്കൂളിന്റെ ഓഫീസിൽ ജോലി ചെയ്യുന്നത് ഏതു കുട്ടികൾക്കും അഭിമാനമല്ലേ!

പക്ഷെ അവരുടെ സന്തോഷത്തിനു വിരാമമിട്ടു കൊണ്ട് തിരുമേനി മൂന്നുമാസത്തെ ജോലി ഒരു മാസം കൊണ്ട് കൃത്യമായി ചെയ്തു തീർത്തു. ഏബ്രഹാം സാർ നല്ലൊരു തുക പ്രതിഫലമായി നൽകിയെങ്കിലും തനിക്കർഹതപ്പെട്ടതൊഴികെ ബാക്കി തുകയെല്ലാം തിരുമേനി സന്തോഷത്തോടെ നിരസിച്ചു. എബ്രഹാം സാറിന് ആ കുട്ടികളുടെ വിദ്യാഭ്യാസത്തെ ഓർത്തായിരുന്നു ആവലാതി. തിരുമേനിക്കൊരു ജോലിയില്ലാതെ സമർത്ഥരായ ആ വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസവും മറ്റും എങ്ങനെ നടക്കും.

അന്ന് വീട്ടിൽ ചെന്നപ്പോഴും അദ്ദേഹം അതേ കുറിച്ച് ചിന്തിച്ചു കൊണ്ടിരുന്നു. പെട്ടെന്ന് അദ്ദേഹത്തിന്റെ മനസ്സിലുരുത്തിരിഞ്ഞ ഉത്തരം തന്റെ ഇളയ സഹോദരനും ബത്തേരി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായുമായ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയുമായി ഇക്കാരം ചർച്ച ചെയ്യുക എന്നായിരുന്നു. അപ്പോൾ തന്നെ അദ്ദേഹം ഫോൺ ചെയ്ത് സിറിൽ പിതാവുമായി കാര്യങ്ങൾ സംസാരിച്ചു. സന്തോഷകരമായ മറുപടിയാണ് പിതാവിൽ നിന്നും ലഭിച്ചത്. അങ്ങനെ ആ ബ്രാഹ്മണൻ ബത്തേരി ഭദ്രാസനത്തിന്റെ മാത്രമല്ല മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മുഴുവൻ അക്കൗണ്ടന്റ് സ്വാമിയായി, മുപ്പതു വർഷത്തോളം സേവനമനുഷ്ഠിച്ചു.



**കൃഷ്ണൻ പോറ്റി**

കൃഷ്ണൻ പോറ്റിയുടെ മക്കളിൽ മൂത്തയാൾ ജയകുമാർ ഇന്ന് ഐ.എഫ്.എസ് നേടി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ ഉന്നത ഉദ്യോഗസ്ഥനാണ്. രാജു ജോണിന്റെ സഹപാഠിയായിരുന്ന അജിത് കുമാർ 'ഡി- ലിങ്ക്' എന്ന ബഹുരാഷ്ട്രവ്യവസായ സ്ഥാപനത്തിൽ ഉന്നത ഉദ്യോഗം വഹിക്കുന്നു.

അടുത്തകാലത്ത് കൃഷ്ണൻ പോറ്റിയുടെ നിര്യാണത്തെ തുടർന്ന് ഭവനം സന്ദർശിച്ച വൈദികരോട് അദ്ദേഹത്തിന്റെ ഭാര്യ, പത്മാവതി അന്തർജനം പറഞ്ഞതിപ്രകാരമായിരുന്നു., "ഭഗവാന്മാരുടെ ചിത്രങ്ങളോടൊപ്പം ഞങ്ങളുടെ ഭവനത്തിൽ പ്രതിഷ്ഠിക്കേണ്ട ചിത്രങ്ങളാണ് എബ്രഹാം സാറിന്റേതും സിറിൽ തിരുമേനിയുടേതും."



www.malankaralibrary.com

അദ്ധ്യായം 5

# ടീച്ചറമ്മയും രണ്ടു മക്കളും

**രാ**ജു ജോൺ ആറാം ക്ലാസ്സിലായപ്പോഴേക്കും അയൽവക്കത്തു നിന്നുമുള്ള ബാല്യകാല സുഹൃത്ത് റോബി (വർഗ്ഗീസ് ഡാനിയേൽ)യും ആര്യഭാരതിയിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയായെത്തി. റോബി അദ്ധ്യാപകരായ വട്ടക്കൂട്ടത്തിൽ ഡാനിയേൽ-റേയ്ച്ചൽ ദമ്പതികളുടെ മൂത്തമകനായിരുന്നു. സ്കൂളിലേക്കുള്ള വഴിയിൽ അൽപ്പം മുമ്പിലായിരുന്നു റോബിയുടെ വീട്. എങ്കിലും പുറകിലേക്ക് നടന്ന് രാജുവിന്റെ വീട്ടിലെത്തി ഇരുവരും ഒരുമിച്ചാവും പോവുക. കാരണം അന്നമ്മ ചേടത്തി പൊതിച്ചോറ് കെട്ടി തയ്യാറാക്കുമ്പോഴേക്കും അൽപ്പം താമസിക്കും. പക്ഷേ അവിടെ ഒരു പ്രശ്നമുണ്ടായിരുന്നു. ഡാനിയേൽ സാറും ടീച്ചറും ഇതിനോടകം വീട്ടിൽ നിന്നും സ്കൂളിലേക്കിറങ്ങിയിട്ടുണ്ടാകും. ഇരുവരും ഒരേ വഴിയിലൂടെയാണ് സാധാരണ പോവുക. തങ്ങൾക്കു മുൻപേ വീട്ടിൽ നിന്നും സ്കൂളിലേക്ക് ഇറങ്ങിയ മകനും കൂട്ടുകാരനും എങ്ങനെ പിന്നിലാവും. കുട്ടികളുടെ മനസ്സിൽ അതൊരു ചോദ്യചിഹ്നമായി. എങ്കിലും അവർ ചുറ്റുചുറുക്കോടെ വേറെ വഴി ഓടി രണ്ടര കിലോ മീറ്റർ താണ്ടി അദ്ധ്യാപക ദമ്പതികൾക്കു മുമ്പേ സ്കൂളിലെത്തുകയാണ് പതിവ്.


റെയ്ച്ചൽ ഡാനിയേൽ ടീച്ചർ

സ്കൂൾ ലബോറട്ടറിയുടെ ചുമതലയുള്ള ഡാനിയേൽ സാർ വൈകുന്നേരം സ്കൂളിൽ നിന്നും ഇറങ്ങാൻ വൈകും. റേയ്ച്ചൽ ടീച്ചറും രണ്ടു കുട്ടികളും ഒപ്പമാകും മടക്കയാത്ര. ആ കാഴ്ച കാണുന്നവരെല്ലാം ധരിക്കുക രണ്ടു പേരും ടീച്ചറിന്റെ മക്കളാണെന്നാണ്. ഇവരുടെ വഴി മധ്യേയുള്ള ഒരു ചെറിയ നാല്ക്കവലയാണ് തൈക്കുറ്റിമുക്ക്. ഈ കവലയ്ക്ക് സമീപം ഒരു നായർ തറവാടുണ്ടായിരുന്നു. ധാരാളം വൃക്ഷങ്ങളുള്ള പറമ്പോട് കൂടിയ ഒരു തറവാട്. ആ പറമ്പിൽ റോഡിനോട് ചേർന്ന് ഒരു നെല്ലി മരമുണ്ടായിരുന്നു. സ്കൂൾ വിദ്യാർത്ഥികളുടെ ഒരു വലിയ ആകർഷണമായിരുന്നു ആ നെല്ലിമരവും അതിലെ നെല്ലിക്കകളും. ഒരു ദിവസം ആ തറവാട്ടിലെ വീട്ടമ്മ ടീച്ചറിന്റെ പക്കൽ ഒരു കടലാസു പൊതി ഏൽപ്പിച്ചിട്ടു പറഞ്ഞു. " എല്ലാ കുട്ടികളും ഈ



www.malankaralibrary.com

നെല്ലി മരത്തിൽ കല്ലെറിഞ്ഞ് നെല്ലിക്കകൾ പെറുക്കിക്കൊണ്ട് പോകുന്നത് കാണാം. അങ്ങനെ വീടിന്റെ ഓടുകൾ ധാരാളം പൊട്ടി പോകാറുണ്ട്. എന്നാൽ  ഇന്നുവരെ ടീച്ചറിന്റെ ഈ മക്കൾ കല്ലെറിയുന്നതോ നെല്ലിക്കാ പെറുക്കുന്നതോ കണ്ടിട്ടില്ല. ഇത് അവർക്കിരിക്കട്ടെ."

യഥാർത്ഥത്തിൽ രാജുവിന്റെ ബൗദ്ധിക ജീവിതത്തിൽ ഒരു വലിയ വെളിച്ചമായിരുന്നു റേയ്ച്ചൽ ടീച്ചറോടൊത്തുള്ള ആ നടത്തം. ഹൈസ്ക്കൂൾ പഠനം ആരംഭിച്ചപ്പോൾ ജീവശാസ്ത്രത്തിൽ ഡാനിയേൽ സാറും ഭൗതിക ശാസ്ത്രത്തിൽ റേയ്ച്ചൽ ടീച്ചറും അദ്ധ്യാപകരായെത്തി. സ്കൂളിൽ നിന്നുമുള്ള മടക്കയാത്രയിൽ പലപ്പോഴും പാഠഭാഗങ്ങളിലെ സംശയങ്ങൾ ദൂരീകരിക്കപ്പെട്ടു. ഓരോ പരീക്ഷ അടുക്കുമ്പോഴും മുൻ വർഷങ്ങളിലെ പരീക്ഷകളുടെ പഴയ ചോദ്യ പേപ്പറുകൾ ടീച്ചർ ശേഖരിച്ച് രാജുവിന് നൽകുമായിരുന്നു. അവയുപയോഗിച്ച് പഠിക്കുമ്പോൾ പരീക്ഷ ഒരു ബാലികേറാമലയായിരുന്നില്ല രാജുവിന്. സയൻസ് വിഷയങ്ങൾക്കും കണക്കിനുമായിരുന്നു ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുക.

ഗണിത ശാസ്ത്ര അദ്ധ്യാപികയും ആര്യഭാരതി സ്കൂളിന്റെ മുൻ മാനേജർ പാച്ചുനായർ സാറിന്റെ മകളുമായ ഗീതാഭായി ടീച്ചറായിരുന്നു രാജുവിന് ബുദ്ധിയുടെ ലോകത്ത് വെളിച്ചം പകർന്ന മറ്റൊരു ഗുരു. ഗീതാഭായി ടിച്ചർ ഗണിത ശാസ്ത്രത്തിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് സ്കൂളിനോട് ചേർന്നുള്ള തന്റെ വീട്ടിൽ പ്രത്യേകം ക്ലാസ്സുകൾ നൽകിയിരുന്നു. രാവിലെ എത്തുന്ന വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണവും ആ വീട്ടിൽ നിന്നുമായിരുന്നു.

പത്താം ക്ലാസ് ഫൈനൽ എക്സാം കഴിഞ്ഞു. കുഴിനാപ്പുറത്ത് ജോണിച്ചായന്റെ വീട്ടിൽ രാജു മാത്രമേ ഉള്ളൂ. മൂത്ത സഹോദരിമാർ മൂന്നുപേരെയും വിവാഹം ചെയ്തയച്ചു. ജ്യേഷ്ഠന്മാർ മൂന്നു പേരും ജോലി ലഭിച്ച് കോയമ്പത്തൂരിലും തൃശിനാപ്പള്ളിയിലുമായി കഴിയുന്നു. മാതാപിതാക്കളും ഏറ്റവും മൂത്ത ജ്യേഷ്ഠന്റെ ഭാര്യ അമ്മിണി (റേയ്ച്ചൽ) യും രാജുവുമാണ് ഇപ്പോൾ വീട്ടിലുള്ളത്. വീട്ടിലെ ജോലികളിൽ പിതാവിനെ സഹായിക്കുക എന്ന ഉത്തരവാദിത്വം രാജുവിന്റെ മാത്രം ചുമലിലായി. കൊയ്ത്തു കഴിഞ്ഞ പാടശേഖരങ്ങളിൽ കന്നുകാലികളെ മേയ്ക്കുക, അവയെ കുളിപ്പിക്കുക, അവയ്ക്ക് തീറ്റ ശേഖരിക്കുക എന്നിവയൊക്കെ അതിൽ പെടുമായിരുന്നു. എല്ലാം കഴിഞ്ഞ് വീടിന്റെ മുകളിലത്തെ പുരയിടത്തിലുള്ള  കിണറ്റിൽ നിന്നും വെള്ളം കോരി വിശാലമായ ഒരു കുളി. അതിനു ശേഷം വീട്ടിലെത്തി ടേപ്പ് റിക്കോർഡറിൽ ക്രിസ്തീയ ഭക്തിഗാനമിട്ട് തിരി കത്തിച്ച് തിരുഹൃദയ ചിത്രത്തിനു മുന്നിൽ ഏതാനും നിമിഷത്തേക്ക് പ്രാർത്ഥനാപൂർവ്വം നിൽക്കുക അതായിരുന്നു രാജുവിന്റെ സന്ധ്യാ നേരത്തെ പതിവ്. അപ്പോഴേക്കും ജോണിച്ചായനും പണികഴിഞ്ഞെത്തും. അന്നമ്മ ചേടത്തി വെള്ളം ചൂടാക്കി വച്ചിട്ടുണ്ടാവും ജോണിച്ചായന് കുളിക്കാൻ. രാജുവും അമ്മിണിയും സന്ധ്യാ പ്രാർത്ഥ



www.malankaralibrary.com

നയ്ക്ക് പ്രാരംഭമായി ഗാനങ്ങളാരംഭിച്ചിരിക്കും. വേദ പുസ്തക വായന രാജുവിന്റെ ചുമതലയാണ്. സുവിശേഷങ്ങളിൽ നിന്ന് ഒരദ്ധ്യായവും സങ്കീർത്തനങ്ങളിൽ നിന്ന് ഒരദ്ധ്യായവുമാണ് പതിവ്. തുടർന്ന് മലങ്കര ആരാധന ക്രമമനുസരിച്ചുള്ള ചെറിയ സന്ധ്യാ പ്രാർത്ഥനയ്ക്ക് ജോണി ച്ചായൻ നേതൃത്വം നൽകും. ഈ പ്രാർത്ഥന മുഴുവൻ എല്ലാവർക്കും കാണാപാഠമായിരുന്നു. 'എത്രയും ദയയുള്ള മാതാവേ' എന്ന ജപ ത്തോടെ സന്ധ്യാ പ്രാർത്ഥന അവസാനിപ്പിച്ച് സ്തുതി ചൊല്ലി അത്താ ഴത്തിനിരിക്കുക. അതായിരുന്നു ആ വീട്ടിലെ സന്ധ്യാനേരത്തെ പതിവ്.



റവ. ഫാ. ജോസഫ് താഴത്തുവീട്ടിൽ

അടുത്ത ദിവസം പത്താം ക്ലാസ്സ് ഫൈനൽ പരീക്ഷയുടെ ഫലം വരും. ഇനിയെന്ത് എന്ന ചോദ്യ ത്തോടെയാണ് രാജു അന്ന് ഉറ ങ്ങാൻ കിടന്നത്. അച്ചനപ്പച്ചന്റെയും കുടുംബത്തിലെ മറ്റ് വൈദി കരുടെയും സന്യാസിനികളുടെയും ഒക്കെ ജീവിതങ്ങൾ മുന്നിലുണ്ട്. ഒപ്പം ഒരു വർഷത്തെ വൈദീക പരി ശിലനത്തിനു ശേഷം വീട്ടിൽ മടങ്ങി യെത്തി ഇപ്പോൾ തൃശിനാപ്പള്ളി യിൽ ജോലി ചെയ്യുന്ന ജ്യേഷ്ഠൻ അനിയൻകുഞ്ഞി (ബേബി ജോൺ) ന്റെ ജീവിതവും. ഇടവകയിൽ കഠി നാദ്ധ്വാനം ചെയ്ത് ദൈവജന ശുശ്രൂഷയ്ക്കായി സ്വയം വ്യയം ചെയ്ത വികാരിയച്ചൻമാരായ ജോസഫ് താഴത്തുവീട്ടിലച്ചന്റെയും ഡേവിഡ് ഇല്ലിരിക്കലച്ചന്റെയുമൊക്കെ മുഖങ്ങൾ മനസ്സിൽ തെളിഞ്ഞു വന്നു. ബാല്യത്തിലെന്നോ ഒരു ദിവസം ജോസഫ് താഴത്തു വീട്ടിലച്ചൻ തന്റെ സൈക്കിളിൽ ചീക്കനാൽ പള്ളിയിൽ എത്തിയ ഒരു അപരാഹ്നം രാജുവിന്റെ മനസ്സിൽ തെളിമയാർന്ന ഒരു ചിത്രമാണ്. അച്ചൻ സൈക്കി ളിൽ പള്ളിയിലെത്തിയപ്പോൾ പള്ളിപ്പരിസരത്ത് ബാലനായ രാജു മാത്രം. പള്ളി തുറന്നിട്ടില്ല. പള്ളിയുടെ മുറ്റത്തുള്ള ചെറുമതിലിൽ അച്ചനിരുന്നു. രാജുവിനോടും അടുത്തിരിക്കാനാവശ്യപ്പെട്ടു. പ്രത്യേക താളലയത്തോ ടെയുള്ള അച്ചന്റെ സംസാരം ആ ബാലൻ സശ്രദ്ധം കേട്ടിരുന്നു. വി. കൊച്ചു ത്രേസ്യയും വി. ഡൊമിനിക്ക് സാവിയോയുമൊക്കെ ആ സംസാ രത്തിൽ കടന്നു വന്നു. പിന്നീട് ആളുകളെത്തി വി. കുർബ്ബാനയായി. ആ അപരാഹ്നം ബാലമനസ്സിൽ പെയ്യിച്ച വിശുദ്ധിയുടെ പനിനീർ തുള്ളി കൾ ഇന്നും ആ വൈദിക മനസ്സിനെ നനയിക്കുന്നുണ്ട്.



www.malankaralibrary.com

ആലോചിച്ചു കിടന്ന് എപ്പോഴോ ഉറങ്ങിപ്പോയി. അടുത്ത ദിവസം രാവിലെ തന്നെ ആര്യഭാരതി സ്കൂളിലെത്തി. സഹപാഠികളായ അജിത്കുമാർ ശർമ്മ, ബെൻസൺ മത്തായി, പ്രശാന്തകുമാർ, അജി കുമാർ പി., റെജി കെ. ജോർജ്ജ്, മീനു വർഗ്ഗീസ്, രാജേഷ് ബി., ഉദയ വർമ്മ, അരവിന്ദാക്ഷൻ, ഹരികുമാർ ടി.കെ. തുടങ്ങിയവരൊക്കെ എത്തിയിട്ടുണ്ട്. പ്യൂൺ വന്ന് ഫലമെഴുതിയ പേപ്പറുകൾ ബോർഡിലൊട്ടിച്ചു. ആ കൂട്ടുകാരെല്ലാവരും പാസ്സായി. അജിത്കുമാർ ശർമ്മയ്ക്ക് ഫസ്റ്റ് ക്ലാസ്സുണ്ട്. രാജുവിന് ഫസ്റ്റ് ക്ലാസ്സിന് 20 മാർക്കിന്റെ കുറവ്. കണക്കിനാണ് ഏറ്റവും കൂടുതൽ മാർക്ക്. ഏറെ സന്തോഷത്തോടെയാണ് അവൻ വീട്ടിലേക്ക് നടന്നത്.

**ഫാ. തോമസിന്റെ ഹൈസ്കൂൾ അദ്ധ്യാപകർ**



***നിൽക്കുന്നവർ :*** **ശ്രീമതി ലില്ലിക്കുട്ടി, ശ്രീമതി സുകുമാരിയമ്മ, ശ്രീമതി പങ്കജാക്ഷിയമ്മ, ശ്രീമതി റെയ്ച്ചൽ ഡാനിയേൽ, ശ്രീമതി ഏലിയാമ്മ**
***ഇരിക്കുന്നവർ :*** **ശ്രീ. മത്തായി, ശ്രീ. ജോസഫ് ജോൺ, ശ്രീ.ടി.കെ.ചെറിയാൻ, ശ്രീ. എം.ഏബ്രഹാം, ശ്രീ. എൻ.എസ്.ജോൺ, ശ്രീ. വി.വി.ഡാനിയേൽ, ശ്രീ. സി.വി.ചെറിയാൻ**

വീടടുക്കാറായപ്പോൾ മോളുമുറിയിലെ ജോണിച്ചായൻ തന്റെ പറമ്പിൽ നിന്ന് കൃഷിപ്പണിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു.

“മോനെവിടെ പോയിട്ട് വരുന്നു” ജോണിച്ചായൻ തിരക്കി.

“പത്താം ക്ലാസ്സ് ജയമറിയാൻ പോയിട്ട് വരികയാ”

“എന്നിട്ട് ജയിച്ചോ”

“ജയിച്ചു.”



www.malankaralibrary.com

"മാർക്കറിഞ്ഞോ"

"ഉവ്വ് ഫസ്റ്റ് ക്ലാസ്സിന് 20 മാർക്കിന്റെ കുറവ്"

"ആഹാ അതു നല്ല മാർക്കാണല്ലോ. മോൻ കേറിവാ. നടന്നു ക്ഷീണിച്ചു വരികയാണല്ലോ. ഇച്ചിരി വെള്ളം കുടിച്ചിട്ട് പോകാം "

രാജുവിന്റെ കൈ പിടിച്ച് ജോണിച്ചായൻ വീട്ടിലേക്ക് കൊണ്ടു വന്നു. ജോണിച്ചായന്റെ മക്കളായ സാബുവും ജോൺസിയുമൊക്കെ ഏറെ സന്തോഷത്തോടെയാണ് ആ വാർത്ത സ്വീകരിച്ചത്. അവരുടെ കണ്ണുകളിൽ അത്ഭുതത്തിന്റെ നേരിയ ലാഞ്ചനയുമുണ്ടായിരുന്നു. സഹോദരതുല്യം കരുതുന്ന ഈ കുട്ടി കൈവരിച്ച നേട്ടം ആ ഗ്രാമത്തിൽ തന്നെ വളരെ വലിയ ഒന്നായിരുന്നു. വയലിൽ കന്നുകാലികളെ മേയിച്ചും അവയ്ക്കു തീറ്റ ശേഖരിച്ചുമൊക്കെ നടന്ന കുട്ടിക്ക് ട്യൂഷൻ പോലുമില്ലാതെ ഇത്രയും നല്ല മാർക്ക് വാങ്ങാനാകുമെന്ന് ആരും പ്രതീക്ഷിച്ചില്ല. മോളുമുറിയിലെ ജോണിച്ചായന്റെ ഭാര്യ അമ്മിണിച്ചേടത്തി മോരും വെള്ളവുമായി എത്തി. എല്ലാവരും സന്തോഷത്തിൽ പങ്കു ചേർന്നു.

"നന്നായിട്ട് വരട്ടെ" മോളുമുറിയിലെ വീടിന്റെ പടിയിറങ്ങുമ്പോൾ ജോണിച്ചായൻ പുറത്ത് തട്ടി പ്രോത്സാഹിപ്പിക്കാൻ മറന്നില്ല. ഏതാനും വീടുകൾ കഴിഞ്ഞാൽ ഡാനിയേൽ സാറിന്റെയും റേയ്ച്ചൽ ടീച്ചറിന്റെയും വീടാണ്. വീട്ടിലെത്തി അദ്ധ്യാപകരിരുവരേയും വിവരം അറിയിച്ചു. ഏറെ സന്തോഷത്തോടെ ആ അദ്ധ്യാപക ദമ്പതികൾ അനുഗ്രഹാശിസ്സുകൾ ചൊരിഞ്ഞു. അവരുടെ മക്കളായ റോബിയും റോയിയുമൊക്കെ ആ സന്തോഷത്തിൽ പങ്കു ചേർന്നു.




www.malankaralibrary.com

## അദ്ധ്യായം -6

# സെമിനാരിയിലേക്ക്

**കു**ടുംബാംഗമായ ഫാ. ജോഷ്വാ ചുട്ടിപ്പാറയുടെ കത്ത് കുഴിനാപ്പുറത്ത് ജോണിച്ചായന്റെ വീട്ടിലെത്തി. പത്താം ക്ലാസ്സ് പാസ്സായ രാജുമോനെ സെമിനാരിയിൽ ചേർക്കുന്നെങ്കിൽ അതിനുള്ള ഇന്റർവ്യൂവിന്റെ തീയതി അറിയിച്ചു കൊണ്ടുള്ളതായിരുന്നു ആ കത്ത്. ജോണിച്ചായനും അന്നമ്മ ചേടത്തിയും പരസ്പരം ആലോചിച്ചു. രാജുമോനോട് വിവരം പറഞ്ഞു. അവന് മറ്റൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. ഇന്റർവ്യൂ ദിവസം അതിരാവിലെ ചീക്കനാൽ ജംഗ്ഷൻ വഴി തിരുവനന്തപുരത്തിനുള്ള ഫാസ്റ്റ് പാസഞ്ചർ ബസ്സിൽ കയറി. സമീപ പ്രദേശമായ പ്രക്കാനത്തു നിന്നും ബന്ധുവായ ജോജി റ്റി. മാത്യുവും അതേ ബസ്സിൽ വരുന്നുണ്ടായിരുന്നു ഈ ഇന്റർവ്യൂവിന്. അങ്ങനെ രണ്ടുപേരും ചേർന്ന് തിരുവനന്തപുരത്ത് പട്ടത്തുള്ള സെന്റ് അലോഷ്യസ് സെമിനാരി (ഇന്ന് കാതോലിക്കേറ്റ് സെന്റർ സ്ഥിതിചെയ്യുന്ന സ്ഥലം)യിലെത്തി. ഉച്ച തിരിഞ്ഞ് ഒരു എഴുത്തു പരീക്ഷയായിരുന്നു. എന്തുകൊണ്ട് സെമിനാരിയിൽ ചേരുന്നു എന്നതായിരുന്നു വിഷയം. അറിയാവുന്ന കാര്യങ്ങൾ വിവിധ ഖണ്ഡികകളായി തിരിച്ച് ഒരു ഉപന്യാസം തയ്യാറാക്കി അവിടെ ഉണ്ടായിരുന്ന ശെമ്മാശനെ ഏൽപ്പിച്ചു. അന്ന് വൈകിട്ട് സന്ധ്യാ പ്രാർത്ഥനയിലും പിറ്റേന്ന് പ്രഭാതത്തിലെ വി. കുർബ്ബാനയിലും പങ്കുചേർന്നു.

രാവിലെ ഏതാണ്ട് 9 മണിയോട് കൂടി അഭി. ആർച്ചു ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി സെമിനാരിയിലെത്തി. സമൃദ്ധമായ തൂവെള്ള താടിയും സദാ പുഞ്ചിരിക്കുന്ന മുഖവുമുള്ള തിരുമേനിയെ കുട്ടികൾ സാകൂതം വീക്ഷിച്ചു. സെമിനാരി കെട്ടിടത്തിന്റെ വടക്കേ അറ്റത്തുള്ള മുറിയിലാണ് ഇന്റർവ്യൂ. (ഇന്ന് ഈ മുറി മാർ ഈവാനിയോസ് തിരുമേനിയുടെ ചരിത്ര സ്മാരകമായാണ് കാതോലിക്കേറ്റ് സെന്ററിൽ സംരക്ഷിച്ചു പോരുന്നത്). കുട്ടികളെ



**ഭാഗ്യസ്മരണാർഹനായ**
**ആർച്ച്ബിഷപ്പ്**
**മാർ ഗ്രിഗോറിയോസ് തിരുമേനി**



www.malankaralibrary.com

ഓരോരുത്തരെയായി മുറിയിലേക്ക് വിളിപ്പിച്ചു. അങ്ങനെ രാജുവിന്റെ ഊഴമായി. മാർ ഗ്രിഗോറിയോസ് തിരുമേനിയും സെമിനാരി റെക്ടറായ ബഹു. ഗീവർഗ്ഗീസ് മണ്ണിക്കരോട്ടച്ചനുമായിരുന്നു ആ മുറിയിലുണ്ടായിരുന്നത്. കയറിച്ചെന്നപ്പോൾ മണ്ണിക്കരോട്ടച്ചൻ പിതാവിനോട് പറഞ്ഞു, "ആശ്രമത്തിലെ വലിയ ജോണച്ചന്റെ ജ്യേഷ്ഠന്റെ കൊച്ചുമകനാണ്"

"കുഞ്ഞിന്റെ പേരെന്താ?" തിരുമേനി ചോദിച്ചു.

"രാജു ജോൺ"

"കുഞ്ഞ് പള്ളിയിൽ കുർബ്ബാനയ്ക്ക് കൂടാറുണ്ടോ?"

"ഉണ്ട്"

"വെളിവു നിറഞ്ഞോരീശോ എന്ന ഗാനം പുതിയ ഈണത്തിലൊന്നു പാടാമോ?"

രാജു ആ ഗാനം ഒരുവിധം പാടി കേൾപ്പിച്ചു.

പിന്നീട് വീടിനെക്കുറിച്ചും മാതാപിതാക്കളക്കുറിച്ചും സഹോദരങ്ങളെക്കുറിച്ചുമൊക്കെ തിരുമേനി ചോദിച്ചു.

വീടും പരിസരവും കൃഷിയിടങ്ങളുമൊക്കെ ചോദ്യങ്ങളിലുണ്ടായിരുന്നു. വീട്ടിലെ ഓരോ പുരയിടത്തിലും എന്തൊക്കെ വിഭവങ്ങളാണ് കൃഷി ചെയ്യുന്നതെന്ന് വ്യക്തമായി ചോദിച്ചറിഞ്ഞു. അങ്ങനെ ആ അഭിമുഖം രാജുവിന് അവിസ്മരണീയവും ശുഭപര്യവസായിയുമായി അനുഭവപ്പെട്ടു.

വീട്ടിലെത്തി ഒരാഴ്ച കഴിഞ്ഞപ്പോൾ സെമിനാരിയിൽ ചേരുന്നതിനുള്ള ക്ഷണക്കത്ത് റെക്ടറച്ചനിൽ നിന്നും ലഭിച്ചു. ഒപ്പം അവശ്യം കരുതേണ്ട വസ്ത്രങ്ങളുടെയും മറ്റു സാധനങ്ങളുടെയും ഒരു പട്ടികയുമുണ്ടായിരുന്നു. വികാരിയച്ചന്റെ ശുപാർശക്കത്ത് വാങ്ങാനായി പുത്തൻപീടികപള്ളിയിൽ ചെന്നപ്പോഴാണ് അറിയുന്നത് അച്ചൻ താമസിക്കുന്ന പുത്തൻപീടിക ഇടവകയിൽ നിന്ന് രണ്ടു കുട്ടികൾ കൂടി ആ വർഷം സെമിനാരിയിൽ ചേരാനുണ്ടെന്ന്: ബിജുവും ബിജിയും. അങ്ങനെ വികാരിയായ ബഹു. അഗസ്റ്റിൻ മംഗലത്തച്ചന്റെ മൂന്ന് ഇടവകകളിൽ നിന്നായി 4 കുട്ടികൾ ഒരേ വർഷം സെമിനാരിയിൽ ചേരുന്നു: ജോജി (പ്രക്കാനം) രാജു (ചീക്കനാൽ) ബിജിയും ബിജുവും (പുത്തൻ പീടിക) എന്നിവരായിരുന്നു അവർ. യുവവൈദികനായ അഗസ്റ്റിനച്ചൻ ഏറെ സന്തോഷത്തോടെയാണ് നാലുപേർക്കും കത്തുകൾ നൽകിയത്.

ശുപാർശക്കത്തുമായി വീട്ടിലെത്തിയ രാജുവിനെ കാത്ത് മറ്റൊരു അറിയിപ്പ് കൂടി അവിടെയുണ്ടായിരുന്നു. പത്തനംതിട്ട കതോലിക്കേറ്റ് കോളേജിൽ നൽകിയ അപേക്ഷയ്ക്ക് ലഭിച്ച മറുപടിയായിരുന്നു അത്. കോളേജിൽ ഫോർത്ത് ഗ്രൂപ്പിന് (കൊമേഴ്സിന്) പ്രവേശനം ലഭിച്ചു എന്നറിയി



www.malankaralibrary.com

ച്ചുകൊണ്ടുള്ള കുറിപ്പായിരുന്നു. പക്ഷെ അതിനൊന്നും രാജുവിനെയോ മാതാപിതാക്കളെയോ അവരെടുത്ത തീരുമാനത്തിൽ നിന്നും വ്യതിചലിപ്പിക്കാനായില്ല.

1984 ജൂൺ മാസത്തിൽ സെമിനാരിയിൽ ചേരുന്നതിനായി രാജു, ജോണിച്ചായനോടൊപ്പം തിരുവനന്തപുരത്ത് പട്ടത്തുള്ള അരമനയിലെത്തി. ആദ്യ വർഷം അഭിവന്ദ്യ ബനഡിക്ട് മാർഗ്രിഗോറിയോസ്, ലോറൻസ് മാർ അപ്രേം എന്നീ പിതാക്കന്മാരോടും റെക്ടർ, ഗീവർഗ്ഗീസ് മണ്ണിക്കരോട്ടച്ചനോടും മറ്റ് വൈദികരോടുമൊപ്പം അരമനയിലാണ് ചെലവഴിക്കേണ്ടത്. കാരണം തിരുവനന്തപുരം അതിരൂപതയുടെ മൈനർ സെമിനാരിയിലാണ് അപ്പോൾ മലങ്കര കത്തോലിക്ക സഭയുടെ മേജർ സെമിനാരി താല്കാലികമായി പ്രവർത്തിക്കുന്നത്. തന്മൂലം മൈനർ സെമിനാരി ഒന്നാം വർഷം അരമനയിൽ ബഹു. മണ്ണിക്കരോട്ടച്ചന്റെ നേതൃത്വത്തിലും രണ്ടും മൂന്നും വർഷങ്ങൾ കുറവൻകോണത്ത് പാസ്റ്ററൽ സെന്ററിൽ ബഹു. സാമുവേൽ കാട്ടുകല്ലിലച്ച (സാമുവൽ മാർ ഐറേനിയോസ് തിരുമേനി) ന്റെ നേതൃത്വത്തിലും വൈദികവിദ്യാർത്ഥികളെ പരിശിലിപ്പിക്കുന്നതിനുമുള്ള സംവിധാനമാണ് താല്ക്കാലികമായി ചെയ്തിരിക്കുന്നത്. അങ്ങനെ രാജു ജോൺ തന്റെ മാമോദീസാ പേരോടു കൂടി ബ്രദർ തോമസ് ജോൺ ആയി മാറി. ജോജി, ജോഷ്വാ ആയും ബിജി, സ്കറിയായും ബിജു, സഖറിയായും മാറിയപ്പോൾ ആ നാൽവർ കൂട്ടത്തിന്റെ സെമിനാരിക്കാരെന്ന നിലയിലുള്ള പരിണാമം ഏതാണ്ട് പൂർത്തിയായി.




www.malankaralibrary.com

## അദ്ധ്യായം 7

# പ്രാഥമിക പരിശീലനം

**സെ**മിനാരിയിലെ ആദ്യ വർഷം പട്ടത്ത് ഇന്നുള്ള അരമനയിലായിരുന്നുവെന്ന് പറഞ്ഞുവല്ലോ. റെക്ടർ ബഹു. മണ്ണിക്കരോട്ടച്ചൻ, ബഹു. സാമുവേൽ കാട്ടുകല്ലിലച്ചൻ, ബഹു. ജോസഫ് ഞായല്ലൂരച്ചൻ ബഹു. സി. എ. ഏബ്രഹാം അച്ചൻ തുടങ്ങിയവരായിരുന്നു അധ്യാപകരിൽ പ്രധാനികൾ. എല്ലാ ദിവസവും വിശുദ്ധ കുർബ്ബാനയിലും മറ്റ് ഭക്തകൃത്യങ്ങളിലും സെമിനാരിക്കാർ സജീവമായി പങ്കു ചേർന്നു. മോൺ. സി. റ്റി. കുരുവിള അച്ചനായിരുന്നു ആദ്യവർഷ സെമിനാരിക്കാരുടെ ആദ്ധ്യാത്മിക പിതാവ്. അദ്ദേഹം എല്ലാ ശനിയാഴ്ചയും വി.കുമ്പസാരം കേൾക്കുകയും സെമിനാരിക്കാരെ വ്യക്തിപരമായി മാസത്തിലൊരിക്കൽ കണ്ട് വേണ്ട ആത്മീയ ഉപദേശങ്ങൾ നൽകുകയും ചെയ്തു വന്നിരുന്നു. ഇക്കാലത്ത് പഠിക്കാനുണ്ടായിരുന്ന പ്രധാന വിഷയങ്ങൾ, ആദ്ധ്യാത്മിക ജീവിതം, ബൈബിൾ, രണ്ടാംവത്തിക്കാൻ കൗൺസിൽ, സഭാ ചരിത്രം, ഇംഗ്ലീഷ്, മലയാളം, സുറിയാനി തുടങ്ങിയവയായിരുന്നു. ദിവസവും ജ്ഞാന വായന (ആദ്ധ്യാത്മിക ഗ്രന്ഥങ്ങളുടെ പാരായണം) ആത്മശോധന തുടങ്ങിയ ഭക്തകൃത്യങ്ങളിൽ വിദ്യാർത്ഥികൾ ഏർപ്പെട്ടിരുന്നു.



**വന്ദ്യ ഗീവർഗ്ഗീസ് മണ്ണിക്കരോട്ട് കോർഎപ്പിസ്ക്കോപ്പ**

ഇരുപത്തിയൊന്നു പേരടങ്ങുന്ന ആ ഒന്നാം വർഷക്കാർക്ക് വിവിധ ജോലികളും ഉത്തരവാദിത്വങ്ങളും പഠനത്തിനു പുറമെ ഏൽപ്പിച്ചിരുന്നു. ബ്രദർ തോമസ് ജോണിന് ലഭിച്ച ഉത്തരവാദിത്വം സാക്രിസ്റ്റ്യന്റേതായിരുന്നു (ചാപ്പലും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും അടങ്ങുന്ന ഉത്തരവാദിത്വം). മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ തിരുകർമ്മങ്ങളിൽ അടുത്ത് നിന്ന് ശുശ്രൂഷിക്കുന്നതിനുള്ള ഭാഗ്യം അങ്ങനെ ബ്ര.തോമസിന് കൈവന്നു. ഒപ്പം സെമിനാരിയിൽ ആറുവർഷം പൂർത്തിയാക്കിയ മൈലപ്രയിൽ നിന്നുള്ള ബ്ര. രാജൻ ഫിലിപ്പും ഉണ്ടായിരുന്നു.



www.malankaralibrary.com

ഒരു ദിവസം മാർ ഗ്രിഗോറിയോസ് പിതാവിനോടൊപ്പം അടൂർ തിരുഹൃദയ ദേവാലയത്തിൽ ഒരു വി.കുർബാനയ്ക്കായി ബ്ര. തോമസ് യാത്രയായി. ദേവാലയത്തിൽ ആഘോഷമായി വി. ബലിയർപ്പിച്ചു. അതിനുശേഷം ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് അറിഞ്ഞത് സി.എസ്.ഐ. മദ്ധ്യകേരള ഇടവകയുടെ ബിഷപ്പായിരുന്ന ജോസഫ് തിരുമേനി അന്തരിച്ചു എന്ന വാർത്ത. അന്ത്യോപചാരമർപ്പിക്കാനായി മാർ ഗ്രിഗോറിയോസ് തിരുമേനി ഉടൻ കോട്ടയത്തിനു പോകാൻ തീരുമാനിച്ചു. ഡ്രൈവർ കുര്യച്ചായനും ബ്ര.തോമസും മുൻ സീറ്റുകളിലും അഭിവന്ദ്യ പിതാവ് പിൻ സീറ്റിലുമായാണ് യാത്ര. സ്ഥലമെത്താറാകുമ്പോൾ അഭി.പിതാവിന്റ പുറങ്കുപ്പായവും സ്ലീബായുമൊക്കെ യഥാസമയം എടുത്ത് നൽകാനായി അവ വെച്ചിരുന്ന സ്ലീബാപ്പെട്ടി കൈയ്യിൽ സൂക്ഷിച്ചുകൊണ്ടായിരുന്നു ബ്ര.തോമസിന്റെ യാത്ര. ഭക്ഷണം കഴിഞ്ഞുള്ള ഉറക്കശീലം പതിവായി മാറിയിരുന്നു സെമിനാരിക്കാർക്ക്. പെട്ടിയുടെ മേൽ കൈവച്ച് ബ്ര.തോമസ് സുഖമായി ഉറങ്ങി. സ്ഥലമെത്താറായി. കുര്യച്ചായന് ബ്ര.തോമസ്സിനെ ഉണർത്താൻ ഒരു മാർഗ്ഗവും മുന്നിലുണ്ടായിരുന്നില്ല. അഭിവന്ദ്യ പിതാവ് മുന്നോട്ട് അൽപ്പം നീങ്ങി ബ്രദറിന്റെ കൈ സാവധാനം പെട്ടിയിൽ നിന്നും എടുത്തു മാറ്റി. പെട്ടിയെടുത്ത് തുറന്ന് തിരുവസ്ത്രവും ശിരോമുടിയും സ്ലീബായുമൊക്കെ സ്വയം ധരിച്ചതിനു ശേഷം ബ്രദറിന്റെ ചുമലിൽ മെല്ലെ തട്ടി പറഞ്ഞു "ബ്രദറെ സ്ഥലമെത്തി നമുക്കിറങ്ങാം"

സെമിനാരിയിൽ ചേർന്ന് ഒരു മാസം തികയുന്നതിനു മുമ്പ് ഒരു പ്രധാന തിരുനാൾ വന്നെത്തി. മാർ തോമശ്ലീഹായുടെ ദുഖ്റാനപ്പെരുനാൾ. രാവിലെ ആഘോഷമായി വി. കുർബ്ബാന. മാർ ഗ്രിഗോറിയോസ് തിരുമേനി സ്ഥലത്തുണ്ടായിരുന്നില്ല. ലോറൻസ് മാർ അപ്രേം തിരുമേനിയായിരുന്നു പ്രധാന കാർമ്മികൻ. പ്രഭാത ഭക്ഷണം കഴിഞ്ഞ് പ്രത്യേക ആഘോഷപരിപാടികളൊക്കെ ഉണ്ടായിരുന്നു. ഉച്ചയ്ക്ക് എല്ലാവർക്കും ഭക്ഷണം മുഖ്യ ഭക്ഷണമുറിയിൽ അഭിവന്ദ്യപിതാവിനോടൊപ്പം. ഭക്ഷണ മുറിയൊക്കെ കമനീയമായി അലങ്കരിച്ചിട്ടുണ്ട്. അഭിവന്ദ്യ അപ്രേം പിതാവ് എല്ലാവരോടുമായി മാർ തോമ്മാശ്ലീഹയുടെ രക്തസാക്ഷിത്വത്തെക്കുറിച്ചും മറ്റും സംസാരിച്ചു. തുടർന്ന് തോമസ് നാമധാരികളെ പിതാവ്



**ഭാഗ്യസ്മരണാർഹനായ**
**ലോറൻസ് മാർ അപ്രേം തിരുമേനി**



www.malankaralibrary.com

പ്രത്യേകം അന്വേഷിച്ചു. കൂട്ടത്തിൽ രണ്ടു പേരുണ്ടായിരുന്നു. കലയപുരംകാരനായ 6–ാം വർഷ വിദ്യാർത്ഥി ബ്ര. തോമസും പിന്നെ നമ്മുടെ കഥാനായകനും. രണ്ടുപേരും എന്തെങ്കിലും പരിപാടി അവതരിപ്പിക്കണമെന്ന് പിതാവിന് നിർബന്ധം. പ്രസംഗകലയിൽ അതിവിദഗ്ദ്ധനായ കലയപുരംകാരൻ ബ്രദർ മനോഹരമായി പ്രസംഗിച്ചു. അഞ്ച് മിനിറ്റു നേരം. നമ്മുടെ കഥാനായകൻ സെമിനാരിയിൽ ചേർന്നിട്ട് ഒരു മാസമാകുന്നതേ ഉള്ളൂ. പ്രസംഗമോ പാട്ടോ ഒന്നും വശമില്ല. ആകെ കുഴങ്ങി. അപ്പോൾ പെട്ടെന്ന് ഓർമ്മ വന്നു. ഇന്റർവ്യൂവിന് ഗ്രിഗോറിയോസ് പിതാവിന്റെ മുന്നിൽ പാടിയ പാട്ടുണ്ടല്ലോ. അത് പാടിക്കളയാം. ഇടം വലം നോക്കാതെ കണ്ണടച്ച് നിന്ന് അങ്ങ് പാടിക്കൊടുത്തു. “വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു...”

സെമിനാരിയിലെ ആദ്യവർഷം പൂർത്തിയാക്കി കുറവൻകോണത്തേക്ക് ബാച്ച് മുഴുവൻ മാറി. കുറവൻകോണത്ത് അപ്പോഴേക്കും റെക്ടറച്ചൻ മാറിയിരുന്നു. ബഹു. കാട്ടുകല്ലിലച്ചനു പകരം വന്നത് ബഹു. ജോസഫ് കോന്നാത്തച്ചൻ (ജോസഫ് മാർ തോമസ് തിരുമേനി) ആയിരുന്നു. എല്ലാവർക്കും ക്ലാസ്സ് മുറിയിലും ചാപ്പലിലുമൊക്കെ നിർദ്ദിഷ്ട സ്ഥാനങ്ങൾ ലഭിച്ചു. സെമിനാരിയിലെ പരിശീലനത്തോടൊപ്പം കേരള സർവ്വകലാശാലയിൽ പ്രീഡിഗ്രിക്ക് പ്രൈവറ്റായി പഠിക്കുകയും വേണം. മാർ ഈവാനിയോസ് കോളേജിലെയും മറ്റ് കലാലയങ്ങളിലെയും അദ്ധ്യാപകർ പാസ്റ്ററൽ സെന്ററിൽ വന്നു വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ കൈകാര്യം ചെയ്തിരുന്നു.


**ജോസഫ് മാർ തോമസ് തിരുമേനി**

എല്ലാവരും തേർഡ് ഗ്രൂപ്പാണ് എടുത്തു പഠിച്ചിരുന്നത്. ഇംഗ്ലീഷ്, ഉപഭാഷയായ സുറിയാനി എന്നിവയും പഠിച്ചിരുന്നു. സുറിയാനി പഠിപ്പിച്ചിരുന്നത് ബഹു. തോമസ് മൂലേവീട്ടിലച്ചനായിരുന്നു. ഇതര വിഷയങ്ങൾ പഠിപ്പിച്ചിരുന്ന അദ്ധ്യാപകർ ഡോ. പി.ജി.തോമസ്കുട്ടി സാർ, സജി സാർ, ജോർജ്ജ്കുട്ടി സാർ, ഗ്രിഗറി സാർ തുടങ്ങിയവരായിരുന്നു. ഇക്കാലയളവിലെ ആദ്ധ്യാത്മിക പിതാവ് ബഹു. മത്തായി മലഞ്ചരുവിലച്ചനായിരുന്നു.

ഇക്കാലത്തെ ഒരു അവിസ്മരണീയ സംഭവമായിരുന്നു. പ.ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ കേരള സന്ദർശനം. കേരളമൊന്നാകെ



www.malankaralibrary.com




**പ. ജോൺ പോൾ II മാർപാപ്പ ഇന്ത്യ സന്ദർശിച്ചപ്പോൾ**

ആ മഹനീയ സന്ദർശനത്തിനുവേണ്ടി ഒരുങ്ങുകയായിരുന്നു. മാധ്യമങ്ങളെല്ലാം തന്നെ മാർപ്പാപ്പയെയും അദ്ദേഹത്തിന്റെ സന്ദർശനത്തെയും കുറിച്ച് വാർത്തകളും ചിത്രങ്ങളും ആവോളം നൽകി. പ. പിതാവിന്റെ സന്ദർശനത്തോടനുബന്ധിച്ച് കുറവൻകോണം സെമിനാരിയിൽ നടന്ന പ്രസംഗ മത്സരത്തിൽ ബ്രദർ തോമസ് ജോണിനായിരുന്നു ഒന്നാം സ്ഥാനം. അങ്ങനെ കാത്തിരുന്ന ആ ദിവസം വന്നെത്തി. 1986 ഫെബ്രുവരി 8ന് പ. പിതാവ് പട്ടം സെന്റ് മേരീസ് കത്തീഡ്രലിലേക്ക് വരുന്നു. സെമിനാരിക്കാരെല്ലാവർക്കും കത്തീഡ്രലിനുള്ളിൽ പ്രവേശിക്കുന്നതിനുള്ള പാസ്സ് ലഭിച്ചു. സുരക്ഷാ പരിശോധനയ്ക്കു ശേഷം ഉച്ചതിരിഞ്ഞ് 2.30 ഓടെ എല്ലാവരും അകത്ത് പ്രവേശിച്ചു. കത്തീഡ്രൽ തിങ്ങി നിറഞ്ഞ് ആളുകളുണ്ടായിരുന്നു. സെമിനാരിക്കാർക്കെല്ലാവർക്കും പള്ളിയുടെ ഹൈക്കലായുടെ മുൻഭാഗത്ത് തന്നെ ഇരിപ്പിടം ലഭിച്ചു. മൊസൈക്ക് തറയിൽ ചമ്രം



www.malankaralibrary.com

പടിഞ്ഞിരിക്കുകയായിരുന്നു ഏതാണ്ട് ഒന്നരമണിക്കൂർ നേരം. കൃത്യം നാലുമണിക്ക് പോപ്പ് മൊബൈലിൽ പ.പിതാവെത്തി. ഒപ്പം കർദ്ദിനാൾമാർ, മെത്രാൻമാർ, രാഷ്ട്രീയ സാമൂഹിക നേതാക്കൾ. ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ നേതൃത്വത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ പിതാക്കന്മാരെല്ലാവരും ചേർന്ന് പ. പിതാവിനെ ഹാരമണിയിച്ച് ദേവാലയത്തിനുള്ളിലേക്ക് സ്വീകരിച്ചു. പ.പിതാവും മറ്റ് വിശിഷ്ടാതിഥികളും ദേവാലയ മധ്യത്തിലൂടെ മദ്ബഹായിലേക്ക് വന്നുകൊണ്ടിരുന്നു. ഇരുവശങ്ങളിലേക്കും കരങ്ങൾ നീട്ടി ഹസ്തദാനം നൽകിക്കൊണ്ടാണ് വരുന്നത്. പള്ളിക്കു നടുവിൽ വേർതിരിച്ചിരുന്ന വഴിക്കു തൊട്ടടുത്തു നിന്നിരുന്ന ബ്രദർ തോമസിനും കിട്ടി പരിശുദ്ധപിതാവിന്റെ ഒരു വിരൽസ്പർശം. പ. പിതാവും കർദ്ദിനാൾമാരും മെത്രാൻമാരും പ. മദ്ബഹായിൽ പ്രവേശിച്ചു. പ്രാർത്ഥനകൾക്ക് പ. പിതാവ് നേതൃത്വം നൽകി. മാർ ഈവാനിയോസ് പിതാവിനെ അനുസ്മരിച്ചുകൊണ്ടുള്ള ധൂപ പ്രാർത്ഥനയർപ്പിക്കപ്പെട്ടു. തുടർന്ന് മദ്ബഹായിൽ ഇടതുവശത്തുണ്ടായിരുന്ന പുൾപിറ്റി (ഇന്ന് പ.കാതോലിക്കബാവയുടെ സിംഹാസനം സ്ഥാപിച്ചിരിക്കുന്നിടം) ൽ കയറി നിന്ന് ശുദ്ധ മലയാളത്തിൽ വാക്കുകൾ ഉച്ചരിച്ചു. “ദൈവത്തിനു സ്തുതി”. തുടർന്നുള്ള പ്രസംഗം ഇംഗ്ലീഷ് ഭാഷയിലായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയേയും മാർ ഈവാനിയോസ് പിതാവിനെയും പ്രകീർത്തിച്ചുകൊണ്ടാണ് പ്രസംഗം അവസാനിപ്പിച്ചത്. സെന്റ് മേരീസ് കത്തീഡ്രലിൽ നിന്നും പോപ്പ് മൊബൈൽ നീങ്ങിയത് ശംഖുമുഖം കടൽ തീരത്തേക്കായിരുന്നു. അവിടുത്തെ പ്രസംഗത്തിലും പ. പിതാവിന്റെ വാക്കുകളിൽ മാർ ഈവാനിയോസ് പിതാവും മലങ്കര കത്തോലിക്കാ സഭയും നിറഞ്ഞു നിന്നിരുന്നു. അവിടെ തടിച്ചു കൂടിയ പതിനായിരക്കണക്കിന്



**ആർച്ച്ബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനി പ. ജോൺ പോൾ II മാർപ്പാപ്പയെ പട്ടം സെന്റ് മേരീസ് കത്തീഡ്രലിലേക്ക് സ്വീകരിക്കുന്നു**



www.malankaralibrary.com

ആളുകൾ വലിയ ഹർഷാരവത്തോടെയാണ് ഈ വാക്കുകൾ ഏറ്റുവാങ്ങിയത്. അന്ന് ഉറങ്ങാൻ കിടന്നപ്പോഴും ബ്രദർ തോമസിന്റെ മനസ്സിൽ സെന്റ് മേരീസ് കത്തീഡ്രലിലെ ഭക്തിസാന്ദ്രമായ നിമിഷങ്ങളായിരുന്നു.

കുറവൻകോണം സെമിനാരി ജീവിതത്തിലെ മറ്റൊരു പ്രധാന സംഭവം വി. പൗലോസിന്റെ ജീവിതത്തെ ആധാരമാക്കി ബഹു. മത്തായി മലഞ്ചരുവിൽ അച്ചൻ സംവിധാനം ചെയ്ത നാടകമായിരുന്നു. ആൺ വേഷവും പെൺവേഷവും എല്ലാം കെട്ടിയാടിയിരുന്നത് സെമിനാരിക്കാർ തന്നെയായിരുന്നു. കൂട്ടത്തിൽ പെൺ വേഷങ്ങളിലൊന്ന് അവതരിപ്പിക്കുന്ന ബ്രദർ സ്കറിയയ്ക്ക് ഒരു ചെറിയ സംശയം. താൻ ചെയ്യേണ്ട വീടു വൃത്തിയാക്കി കൊണ്ട് നിൽക്കുന്ന രംഗത്തിനു പകരം വീട്ടിൽ പ്രാർത്ഥിച്ചു കൊണ്ട് നിന്നാൽ പോരെ? ഈ സംശയം ബ്രദർ ബഹു. മത്തായി അച്ചനോട് ആരാഞ്ഞു. അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു. "ബ്രദർ വീട് വൃത്തിയാക്കിയാൽ മതി." പട്ടം സെന്റ് മേരീസ് സ്കൂളിന്റെ ഓഡിറ്റോറിയത്തിലായിരുന്നു ആ നാടകം അരങ്ങേറിയത്. സെമിനാരിയുമായി ബന്ധപ്പെട്ട ധാരാളം പേരെത്തിയിരുന്നു നാടകം കാണാൻ. വി. പൗലോസിന്റെ മാനസാന്തരത്തിന് മുൻപുള്ള വേഷം ബ്രദർ ജോൺ വിളയിലും മാനസ്സാന്തര ശേഷമുള്ള ഭാഗം നമ്മുടെ കഥാനായകനുമാണ് അവതരിപ്പിച്ചത്. ഇരുവരും വേദിയിൽ തിളങ്ങിയതായിട്ടായിരുന്നു സെമിനാരിയിലെ സംസാരം.

പ്രീഡിഗ്രി പരീക്ഷ കഴിഞ്ഞു. രണ്ട് മാസത്തെ അവധിക്ക് നാട്ടിലെത്തി. അന്ന് ചീക്കനാൽ പള്ളിയിൽ വികാരിയച്ചന്മാർ താമസമില്ല. പുത്തൻപീടിക പള്ളിയിലെ വികാരിയച്ചനാണ് ചീക്കനാൽ പള്ളിയുടെ ചുമതലയും. സെമിനാരിക്കാർ അവധി ദിവസങ്ങളിൽ പ്രതിദിനം വി. കുർബ്ബാന മുടക്കാറില്ല. അതിരാവിലെ എഴുന്നേറ്റ് തയ്യാറായി ഏതാണ്ട് 3 കി.മി. നടന്ന് പുത്തൻപീടികയിലെത്തണം, വി.കുർബ്ബാന കാണാൻ. പക്ഷെ ഒരു സന്തോഷം കൂടിയുണ്ടായിരുന്നു ആ യാത്രയിൽ. സഹപാഠികളായ മൂന്ന് ബ്രദേഴ്സ് കൂടി അവിടെ കാണുമല്ലോ. അവരോടൊപ്പം സമയം ചെലവഴിക്കുന്നത് സന്തോഷദായകമാണ്. എല്ലാ അവധിക്കും അവരുടെ മൂന്നു പേരുടെയും വീടുകളിൽ പോകാറുമുണ്ട്.

പുത്തൻപീടിക യാത്രയിൽ മറ്റൊരു സന്ദർശനം കൂടി പതിവായിരുന്നു ബ്രദർ തോമസിന്. തന്റെ പിതൃ സഹോദരങ്ങളായ ജോഷ്വാ, സാമുവേൽ, പീറ്റർ എന്നിവരുടെ വീടുകളും സന്ദർശിക്കാം. ഇവരിൽ ഏറ്റവും ഇളയ ആളായ പീറ്ററിന്റെ മക്കളായ ജൂബിയും ജൂലിയും അന്ന് ചെറിയ കുട്ടികളായിരുന്നു. അവരോടൊപ്പം സമയം ചെവഴിക്കുന്നത് ഏറെ സന്തോഷം പകർന്നിരുന്നു. അവധിക്കാലം കഴിയാറായി. പ്രീഡിഗ്രി രണ്ടാം വർഷത്തിന്റെ റിസൽട്ട് വന്നു. ഒരു പതിവെന്നപ്പോലെ ഇത്തവണയും ഏതാനും മാർക്കുകളുടെ വ്യത്യാസത്തിൽ ഫസ്റ്റ് ക്ലാസ്സ് നഷ്ടമായി. കേവലം നാലു മാർക്കിന്റെ വ്യത്യാസമേയുള്ളൂ എന്നത് ഒരു പുരോഗമനമായി കരുതാം.




www.malankaralibrary.com

അദ്ധ്യായം 8

# ദാർശനിക വഴികളിലേക്ക്

**മൂ**ന്നു വർഷത്തെ മൈനർ സെമിനാരി ജീവിതത്തിനു ശേഷം നാലു ബ്രദേഴ്സും ഒരുപോലെ മേജർ സെമിനാരിയിലേക്ക് പ്രവേശിപ്പിക്കപ്പെട്ടു. 1987 ൽ മലങ്കര മേജർ സെമിനാരിയിലേക്കാണ് നാലുപേരും അയയ്ക്കപ്പെട്ടത്. മലങ്കര മേജർ സെമിനാരി തത്വശാസ്ത്ര പഠനം മാത്രമായി തുടങ്ങിയിട്ട് ഏതാനും വർഷങ്ങളേ ആയിട്ടുള്ളൂ. മേജർ സെമിനാരിയിലെ വിദ്യാർത്ഥികളുടെ വേഷത്തിനു വ്യത്യാസമുണ്ട് പാന്റ്സും വെള്ള ഷർട്ടുമാണ് വേഷം. പത്തനംതിട്ട തുണിക്കടയിൽ ബ്രദർ തോമസും ജോണിച്ചായനും ചേർന്ന് പോയി അഞ്ച് പാന്റ്സിനുള്ള കറുത്ത തുണികളെടുത്തു. ജീവിതത്തിലാദ്യമായാണ് പാന്റ്സ് ഇടാൻ പോകുന്നത്. അതിന്റെ ഒരു ത്രില്ലൊക്കെയുണ്ടായിരുന്നു ആ കൗമാര മനസ്സിൽ.


മാർ യൂലിയോസ് തിരുമേനി

മലങ്കര മേജർ സെമിനാരി താല്കാലികമായി തിരുവനന്തപുരം അതിരൂപതയുടെ മൈനർ സെമിനാരിയിലായിരുന്നു പ്രവർത്തിച്ചു വരുന്നത്. അന്ന് മേജർ സെമിനാരിയുടെ റെക്ടർ ബഹു. എബ്രഹാം കാക്കനാട്ടച്ചൻ (എബ്രഹാം മാർ യൂലിയോസ് തിരുമേനി) ആയിരുന്നു. സെമിനാരിയിലെ മറ്റ് അദ്ധ്യാപകർ. ബഹു. തോമസ് കുളങ്ങര അച്ചൻ, ബഹു. സാമുവേൽ തൈക്കൂട്ടത്തിലച്ചൻ, ബഹു. ഫിലിപ്പ് ചെമ്പകശ്ശേരിലച്ചൻ തുടങ്ങിയവരായിരുന്നു ആദ്ധ്യാത്മിക പിതാവായി ഉണ്ടായിരുന്നത്. ബഹു. ജേക്കബ് പെരുമ്പ്രാൽ ഒ.ഐ.സി. അച്ചൻ ആയിരുന്നു. മാർ ഈവാനിയോസ് തിരുമേനി താമസിച്ചിരുന്ന മുറിയോട് ചേർന്നുള്ള കെട്ടിടത്തിൽ താമസിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ഉള്ള വലിയ ഭാഗ്യമാണ് ആ വൈദിക വിദ്യാർത്ഥികൾക്ക് ലഭിച്ചത്.

ഭാരതീയ തത്വശാസ്ത്രത്തിന്റെയും പാശ്ചാത്യ തത്വ ശാസ്ത്രിന്റെയും വാതിലുകൾ വൈദിക വിദ്യാർത്ഥികൾക്കു മുന്നിൽ മലർക്കെ തുറക്കപ്പെട്ടു. പ്ലേറ്റോ മുതൽ മാർട്ടിൻ ഹൈഡഗർ മുതലായവരുടെ വരെ



www.malankaralibrary.com

ദാർശനിക ചിന്തകളിലൂടെ കടന്നു പോകുന്നതിന് അവസരമൊരുങ്ങി. ഭാരതീയ തത്വശാസ്ത്ര ദർശനങ്ങളിൽ വേദങ്ങൾ, ഉപനിഷത്തുകൾ, ഭഗവദ്ഗീത തുടങ്ങിയ ആദി ദർശനങ്ങളും, മാധവൻ, ശങ്കരാചാര്യർ മുതൽ ശ്രീ ഔരബിന്ദോ, വിവേകാനന്ദൻ തുടങ്ങിയവരുടെ ചിന്താസരണികൾ വരെയും വൈദിക വിദ്യാർത്ഥികൾക്ക് പാഠഭാഗങ്ങളായെത്തി ഈ തത്വശാസ്ത്ര പഠനകാലത്ത്. ഒപ്പം ജീവിതത്തെ കുറിച്ചുള്ള സ്വകീയമായ കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും വൈദിക വിദ്യാർത്ഥികൾക്ക് സാധിച്ചു.

തത്വശാസ്ത്ര പഠനം ബ്രദർ തോമസിനെ പുതിയ ഒരു ലോകത്തേക്കാണ് നയിച്ചത്. വായനയുടെ ലോകമായിരുന്നു അത്. മലയാള സാഹിത്യമായിരുന്നു ഏറെ ഇഷ്ടം. ആനന്ദും മുകുന്ദനും ഒ.വി.വിജയനുമൊക്കെ ആ വായനാലോകത്തേക്ക് കടന്നു വന്നു. ഒപ്പം അല്പം എഴുത്തിന്റെ അസ്കൃതയും ബ്രദർ തോമസിനെ പിടികൂടി. അക്കാലത്ത് ഒരു ധ്യാനത്തിനിടയിൽ കേട്ട സംഭവം: വൈദികനായശേഷം ഏതാനും വർഷങ്ങൾക്കുള്ളിൽ തന്നെ ശയ്യാവലംബിയായി മാറിയ ഒരു പുരോഹിതന്റെ ജീവിതമായിരുന്നു അത്. ആ ദിവസങ്ങളിലൊന്നിൽ അത് ഒരു ചെറുകഥയായി ബ്രദർ തോമസിന്റെ തൂലികയിൽ നിന്നും കടലാസ് താളുകളിലേക്ക് പകർന്നൊഴുകി. പിന്നീട് അത് 'ക്രൈസ്തവ കാഹളം' മാസികയിൽ പ്രസിദ്ധീകൃതമായി. അതായിരുന്നു ആദ്യത്തെ രചന. വായിച്ചവരിൽ ചിലരൊക്കെ ബ്രദറിനെ അഭിനന്ദനമറിയിച്ചു. ഈ കഥ മലങ്കര മേജർ സെമിനാരിയുടെ വാർഷിക പ്രസിദ്ധീകരണമായ 'ഉപാസന' യിൽ പുന:പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതോടൊപ്പം ഉപാസനയിൽ 'The Relevance of Philosophy in Priestly Formation'എന്ന ഇംഗ്ലീഷ് ലേഖനവും ബ്രദർ തോമസിന്റേതായി പുറത്തു വന്നു. ബ്രദർ തോമസ് കുഴിനാപ്പുറത്ത് എന്ന ഔദ്യോഗിക നാമം കുറെപ്പേർ അറിയാൻ തുടങ്ങി. ബ്രദർ സ്റ്റീഫൻ കുളത്തുംകരോട്ടമായിരുന്നു ഉപാസനയുടെ സ്റ്റുഡന്റ് എഡിറ്റർ.

റോമിലെ പൗരസ്ത്യ സഭകൾക്കായുള്ള കോൺഗ്രിഗേഷന്റെ അധ്യക്ഷനും ഭാരതീയനുമായ അത്യുന്നത കർദ്ദിനാൾ സൈമൺ ലൂർദ്ദ്സാമിയുടെ മലങ്കര സെമിനാരി സന്ദർശനമായിരുന്നു ഇക്കാലയളവിലെ മറ്റൊരു പ്രധാന സംഭവം. സ്വീകരണത്തിനുള്ള ക്രമീകരണങ്ങൾ ദിവസങ്ങൾക്കു മുമ്പ് തന്നെ ആരംഭിച്ചു. സ്വീകരണം, ചാപ്പലിൽ പ്രാർത്ഥന, ചെറിയ സമ്മേളനം ഇവയായിരുന്നു പരിപാടികൾ. സമ്മേളനം നടക്കുന്ന ചെറു വേദിയുടെ അലങ്കാര ചുമതല ബ്രദർ തോമസിനായിരുന്നു. അങ്ങനെ ആ ദിവസമെത്തി. വൈദിക വിദ്യാർത്ഥികളെല്ലാവരും നിരനിരയായി നിന്ന് കർദ്ദിനാളിനെയും ആർച്ചു ബിഷപ്പ് ബെനടിക്ട് മാർ ഗ്രിഗേറിയസ് പിതാവിനെയും മറ്റ് പിതാക്കന്മാരെയും സെമിനാരിയിലേക്ക് സ്വീകരിച്ചു.

തുടർന്ന് ചാപ്പലിൽ കയറി എല്ലാവരും ചേർന്ന് പ്രാർത്ഥിച്ചു. ചാപ്പലിന് താഴെയായുള്ള ഒരു ചെറിയ ഹാളിൽ സമ്മേളനം ആരംഭിച്ചു. റെക്ട



www.malankaralibrary.com



**കർദ്ദിനാൾ ലൂർദ്ദ്സാമിക്ക് മലങ്കര മേജർ സെമിനാരിയിൽ സ്വീകരണം നൽകിയപ്പോൾ**

റച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. ബൈബിളും മറ്റ് നല്ല പുസ്തകങ്ങളും ഏറെ വായിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യണമെന്ന് കർദ്ദിനാൾ തന്റെ പ്രസംഗത്തിൽ ആഹ്വാനം ചെയ്തു. അദ്ദേഹം എല്ലാ വൈദിക വിദ്യാർത്ഥികൾക്കും 'ജെറോം ബിബ്ലിക്കൽ കമന്ററി" എന്ന പുസ്തകം സമ്മാനമായി നൽകി. പരിപാടികളുടെ അവസാനം ബ്രദർ ജോസ് കല്ലുമാലിക്കലിന്റെ നേതൃത്വത്തിൽ ബ്രദേഴ്സ് അവതരിപ്പിച്ച കോൽകളി കർദ്ദിനാളും മറ്റ് വിശിഷ്ട അതിഥികളും ഏറെ ആസ്വാദ്യതയോടെ കണ്ടിരുന്നു.

ജീവിതത്തിൽ ചില കാഴ്ചപ്പാടുകൾ സ്വായത്തമാക്കുന്നതിനും അവ ആവും വിധം പ്രാവർത്തികമാക്കുന്നതിനും ബ്രദർ തോമസിന് സാധിച്ച അവസരമായിരുന്നു ഫിലോസഫി പഠനകാലം. ബഹു. തോമസ് കുളങ്ങരയച്ചന്റെ വീക്ഷണങ്ങളും ജീവിത ദർശനങ്ങളും പ്രേഷിത തീക്ഷ്ണതയും ബ്രദർ തോമസിനെ ഏറെ സ്വാധീനിച്ചിരുന്നു. ബ്രദേഴ്സിന് തങ്ങളുടെ ജീവിതത്തെ പരസ്പരം മനസ്സിലാക്കുവാനുള്ള അവസരങ്ങൾ വേണ്ടുവോളം ഒരുക്കുന്നതിനും ബഹു. കുളങ്ങരയച്ചൻ ഏറെ വിജയിച്ചിരുന്നു. അപ്രകാരം നടത്തിയ ഒരു മന:ശാസ്ത്രപരമായ നീക്കം തികച്ചും രസകരവും പ്രയോജനപ്രദവുമായിരുന്നു. അതനുസരിച്ച് ബ്രദേഴ്സ് എല്ലാവരും (ഏതാണ്ട് ഇരുപതോളം പേർ) വൃത്താകൃതിയിൽ നിൽക്കണം. ഓരോരുത്തരുടെയും ഷർട്ടിന്റെ പുറകിൽ ഒരു വലിയ വെള്ള പേപ്പർ ഷീറ്റ് പിൻ ചെയ്തിട്ടുണ്ടാകും. ഓരോരുത്തരുടെയും ഗുണങ്ങളും ദോഷങ്ങളും സഹപാഠികൾ ഒന്നൊന്നായി കടലാസിൽ രേഖപ്പെടുത്തണം. ആര് എന്ത് എഴുതി എന്ന് എഴുതപ്പെടുന്ന വ്യക്തിക്ക് അറിയാൻ സാധിക്കുകയില്ല എന്നതാണ് ഈ പ്രക്രിയയുടെ പ്രത്യേകത. എല്ലാവരും കുളങ്ങരയച്ചനുൾപ്പെടെ ഇതിൽ പങ്കുചേർന്നു. ഏറെ ഗുണകരമായി വില



www.malankaralibrary.com


യിരുത്തപ്പെട്ട ഒരു പരിശീലനമായിരുന്നു ഇത്. വിഴിഞ്ഞം ലത്തീൻ കത്തോലിക്ക ഇടവകയുടെ പാരിഷ് ഹാളായിരുന്നു ഈ രസകരവും പ്രയോജനപ്രദവുമായ പരിശിലനപരിപാടിക്ക് വേദിയായത്. അതു കുള ങ്ങരയച്ചൻ റോമിലേക്ക് ഉപരിപഠനത്തിനായി പോകുന്നതിനു മുമ്പുള്ള കാലമായിരുന്നു!!

സെമിനാരിക്കാർക്ക് ആവശ്യത്തിന് ഉല്ലാസത്തിനുള്ള അവസരങ്ങളും റെക്ടർ ബഹു. എബ്രഹാം കാക്കനാട്ടച്ചൻ ഒരുക്കുമായിരുന്നു. അച്ചൻ തന്റെ ടിവിയും, വീ സി ആറും അദ്ദേഹത്തിന്റെ മുറിയുടെ മുമ്പിലെ വരാ ന്തയിൽ എടുത്തു വയ്ക്കും. അടുത്തുള്ള കാസറ്റ് കടയിൽ നിന്നും വാടക യ്ക്കെടുത്ത സിനിമാ കാസറ്റുകൾ മാസത്തിൽ ഒന്ന് എന്ന ക്രമത്തിൽ അങ്ങനെ പ്രദർശിപ്പിക്കും. ഈ കാസറ്റുകൾ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല സാഹിത്യ കലാ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം വഹിച്ചി രുന്ന ബ്രദർ തോമസിനായിരുന്നു. 'മാതൃഭൂമി വാരിക'യിൽ വരുന്ന കോഴി ക്കോടന്റെ 'സിനിമാ നിരൂപണം' വായിച്ചായിരുന്നു പ്രധാനമായും ഈ തെരഞ്ഞെടുപ്പ് നടത്തിയിരുന്നത്. സിനിമാ പ്രദർശനം കഴിഞ്ഞാൽ അടുത്ത ദിവസം മറ്റൊരു സെഷൻ കൂടിയുണ്ട്. സിനിമയെ ക്രിയാത്മക മായി വിലയിരുത്തുകയാണ് ഈ സെഷന്റെ ഉദ്ദ്യേശം. റെക്ടറച്ചനും സന്നിഹിതനായിരിക്കും. ഒരുദിവസം വിലയിരുത്തപ്പെട്ട സിനിമയുടെ പേര് 'പൂമുഖപ്പടിയിൽ നിന്നെയും കാത്ത്' എന്നതായിരുന്നു. ബ്രദർ സഖറിയ തന്റെ വിലയിരുത്തലിൽ സിനിമയുടെ പേര് ഉച്ചരിച്ചത് ഇങ്ങനെയായിരു ന്നു. " 'പൂമ്പൊടിയിൽ നിന്നെയും കാത്ത്' എന്ന സിനിമ ഏറെ ആസ്വാ ദ്യകരമായിരുന്നു."

ഫിലോസഫി രണ്ടാം വർഷം നിരണത്തുവച്ച് നടന്ന മലങ്കര സുറി യാനി കത്തോലിക്കാ സഭയുടെ പുനരൈക്യ വാർഷിക ആഘോഷ സമ്മേ ളനത്തിൽ പങ്കെടുക്കാൻ ബ്രദേഴ്സിനെ എല്ലാവരെയും ഒരു ടൂറിസ്റ്റ് ബസ്സിൽ വൈസ് റെക്ടർ ബഹു.ജോർജ്ജ് മൂത്തേരിലച്ചന്റെ നേതൃത്വ ത്തിൽ കൊണ്ടുപോയി. പുനരൈക്യറാലിയിൽ മലങ്കര മേജർ സെമിനാ രിയുടേതായി ഒരു ഫ്ളോട്ട് അവതരിപ്പിക്കുന്നുണ്ട്. അത് അണിയിച്ചൊ രുക്കിയത് ബ്രദർ ജോസഫ് സുന്ദരത്തിന്റെ നേതൃത്വത്തിലുള്ള സംഘ മായിരുന്നു. ഫ്ളോട്ട് തയ്യാറാക്കിയവരും അതുമായി ബന്ധപ്പെട്ടവരും റെക്ടറച്ചനോടൊപ്പം മുൻകൂട്ടി സെമിനാരിയുടെ 'മറ്റഡോർ' വാനിൽ പോയിരുന്നു. ബസിലുണ്ടായിരുന്നവർ നിരണത്തെത്തിയപ്പോൾ ഏതാണ്ട് രാവിലെ പതിനൊന്നുമണിയായി. വി.കുർബ്ബാനയിൽ പങ്കെടുത്ത് മലങ്കര കത്തോലിക്കാ സഭയ്ക്ക് നൽകിക്കൊണ്ടിരിക്കുന്ന എല്ലാ ദാനങ്ങൾക്കും നന്ദി പറഞ്ഞു. ആയിരക്കണക്കിന് ആളുകൾ പങ്കെടുത്ത ഒരു മഹാ സംഗമമായിതുന്നു അത്. വി.കുർബ്ബാനയ്ക്കു ശേഷം എല്ലാവർക്കും ഉച്ച ഭക്ഷണം ക്രമീകരിച്ചിരുന്നു. ആ വൻ ജനസമൂഹമൊന്നാകെ അച്ചടക്ക ത്തോടെ ഭക്ഷണം കഴിച്ചു. അതിനുശേഷം റാലിയുടെ ഒരുക്കമായി.



www.malankaralibrary.com



റവ. ഫാ. ജോർജ്ജ് മൂത്തേരിൽ

ഏറ്റവും മുൻപിൽ ബാനർ പിടിച്ച യുവതികളും അവർക്ക് പിന്നിലായി വെള്ളയും മഞ്ഞയും നിറങ്ങളോടു കൂടിയ പേപ്പൽ പതാകകളേന്തിയ നൂറുകണക്കിന് യുവതികൾ, വിവിധ വാദ്യമേളങ്ങൾ അഭിവന്ദ്യപിതാക്കന്മാരെ വഹിക്കുന്ന അലങ്കരിച്ച രഥങ്ങൾ. അവയിലൊന്നിൽ പുനരൈക്യപഞ്ചരത്നങ്ങളിലൊരാളായ തന്റെ പിതാമഹ സഹോദരനായ ബഹു. ജോൺ കുഴിനാപ്പുറത്തച്ചനെ കണ്ടപ്പോൾ ബ്രദർ തോമസ്സിന് എന്തെന്നില്ലാത്ത അഭിമാനവും സന്തോഷവും തോന്നി. പൊതു സമ്മേളന സ്ഥലത്ത് റാലി അവസാനിച്ചു. റാലിയിലെ ഫ്ളോട്ടിൽ ഉണ്ടായിരുന്ന ബ്രദർ ജോർജ്ജ് വെട്ടിക്കാട്ടിൽ ബ്രദർ തോമസിന്റെ അടുത്തെത്തി പറഞ്ഞു. “ബ്രദറേ ഞാൻ പരുമല പള്ളി കണ്ടില്ല. ഫ്ളോട്ടിലായിരുന്നതു കൊണ്ട് അതിനു സാധിച്ചില്ല.” ബ്രദർ തോമസും ബാക്കിയുള്ളവരെല്ലാം തന്നെ ഇതിനോടകം സമയം കണ്ടെത്തി പരുമല പള്ളിയിൽ പോയി പ്രാർത്ഥിച്ചിരുന്നു. ബ്രദർ തോമസ് വാച്ചിലേക്ക് നോക്കി. രണ്ടു മണിക്കൂർ ഉണ്ട്. തിരികെ ആറുമണിക്ക് എല്ലാവരും ബസ്സിൽ കയറണമെന്നാണ് ബഹു. മൂത്തേരിലച്ചൻ അറിയിച്ചിരിക്കുന്നത്. ഒരു ഓട്ടോറിക്ഷയിൽ അരമണിക്കൂർ കൊണ്ടെത്താവുന്ന ദൂരമേയുള്ളൂ പരുമലയിലേക്ക്. ഒരു ജൂനിയർ ബ്രദറിന്റെ ആഗ്രഹമല്ലേ പോയിക്കളയാം. പള്ളിയിൽ പോയി തിരുമേനിയുടെ കബറിങ്കൽ പ്രാർത്ഥിച്ചിട്ട് ഇരുവരും തിരികെയെത്തി. സമയം 5.55 ആകുന്നതേയുള്ളൂ. ബസിനടുത്ത് എത്തിയപ്പോൾ കണ്ടത് അൽപ്പം ഭയജനകമായ കാഴ്ചയായിരുന്നു. ബസ്സിന്റെ വാതിൽപ്പടിയിൽ വിറച്ചുതുള്ളി നിൽക്കുകയാണ് മുത്തേരിലച്ചൻ. കാരണം മറ്റൊന്നുമായിരുന്നില്ല. സമ്മേളന സ്ഥലത്ത് അനൗൺസ് ചെയ്തിരുന്നു. മലങ്കര മേജർ സെമിനാരിയിൽ നിന്നും വന്നിട്ടുള്ള ബ്രദേഴ്സ് എല്ലാവരും 5.30 ന് ബസ്സിൽ കയറണമെന്ന്. രണ്ടുപേരെ കാണാനില്ലാതെ കാത്തിരിക്കുകയാണ് ബാക്കിയെല്ലാവരും. കമ്പിയിൽ പിടിച്ച് വാതിൽപ്പടിയിൽ നിന്നിരുന്ന മൂത്തേരിലച്ചന്റെ കൈയ്ക്ക് കീഴെക്കുടി ബ്രദേഴ്സ് ഇരുവരും ഒരു വിധത്തിൽ അകത്ത് പ്രവേശിച്ചു. പുറകിൽ നിന്നും രണ്ട് നിരമാറി ഒരു ഒഴിഞ്ഞ സീറ്റിൽ ബ്രദർ തോമസ് ഇരുന്നു. ബ്രദർ ജോർജ്ജ് മുന്നോട്ടു പോയി ഏറ്റവും മുന്നിൽ ഒരു സീറ്റ് കണ്ടു പിടിച്ച് അവിടെയിരുന്നു. സമയക്ലിപ്തതയിൽ കർക്കശനായ മൂത്തേരിലച്ചൻ ഉറഞ്ഞ് തുള്ളിയെത്തിയപ്പോൾ കണ്ടത് ബ്രദർ തോമ



www.malankaralibrary.com

സിനെയാണ്. മുമ്പിലും പിമ്പിലും ഉള്ള സീറ്റിന്റെ കമ്പികളിൽ പിടിച്ചു കൊണ്ട് കുനിഞ്ഞ് നിന്ന് അച്ചന്റെ സ്വതസിദ്ധമായ ഉച്ചാരണ ശൈലി യിൽ ഒറ്റ ചോദ്യം "ഇത്രേം പേരുടെ അരമണിക്കൂർ കൂട്ടി നോക്ക് എത്ര മണിക്കൂറായെന്ന്?" അച്ചന്റെ ഭാവങ്ങളും വാക്കുകളും ബ്രദർ തോമ സിൽ ഒരു ചിരിയാണ് ഉണർത്തിയത്. ഇത് കണ്ട് പൊട്ടിത്തെറിച്ച മൂത്തേ രിലച്ചൻ ഉച്ചത്തിൽ അടുത്ത ചോദ്യമെറിഞ്ഞു. "നീ ചിരിക്കുന്നോ? നാളെ സെമിനാരിയിൽ എന്നെ വന്നു കണ്ടിട്ട് ക്ലാസ്സിൽ കയറിയാൽ മതി." പിറ്റേ ദിവസം മൂത്തേരിലച്ചനെ കാണാൻ പോയത് അൽപ്പം ഭയാശങ്കകളോടെ ആയിരുന്നു. എങ്കിലും അദ്ദേഹം സൗമ്യമായി ആശ്വസിപ്പിക്കുകയാണ് ചെയ്തത്. ഈ സംഭവത്തിന് ഒരു ബാക്കി പത്രം കൂടിയുണ്ട്. ഏതാനും ദിവസങ്ങൾ കഴിഞ്ഞ് മൂത്തേരിലച്ചന്റെ ഷഷ്ഠിപൂർത്തി സെമിനാരിയി ലാഘോഷിക്കുകയാണ്. സന്ധ്യാപ്രാർത്ഥന കഴിഞ്ഞ് സെമിനാരി മുറ്റത്ത് മേശകൾ ക്രമീകരിച്ച് അവിടെയാണ് അത്താഴം. അതോടൊപ്പം ബ്രദേ ഴ്സിന്റെ വിവിധകലാപരിപാടികളും അവതരിപ്പിക്കണം. ഇതായിരുന്നു നിർദ്ദേശം. ഓരോ മേശയ്ക്കു ചുറ്റും ഇരിക്കുന്നവരിൽ നിന്നും ഒരാൾ വീതമാണ് പരിപാടികൾ അവതരിപ്പിക്കേണ്ടത്. ഏറ്റവും മികച്ച പരിപാടി അവതരിപ്പിക്കുന്ന ആൾക്ക് റെക്ടറച്ചന്റെ വക പ്രത്യേക സമ്മാനവുമു ണ്ട്. മത്സര വിജയിയെ നിശ്ചയിക്കുന്നത് മൂത്തേരിലച്ചനാണ് താനും. ഓരോ മേശയിൽ നിന്നും ഓരോരുത്തരായി വന്ന് പരിപാടികൾ അവത രിപ്പിച്ച് തുടങ്ങി. ലളിതഗാനം, മിമിക്രി, മോണോ ആക്ട് തുടങ്ങിയ കലാ രൂപങ്ങളൊക്കെ അരങ്ങേറി. ബ്രദർ തോമസിരിക്കുന്ന ടേബിളിന്റെ ഊഴ വുമായി. എല്ലാവരും പരിപാടി അവതരിപ്പിക്കാനുള്ള ചുമതല ഏൽപ്പി ച്ചത് ബ്രദർ തോമസിനെയായിരുന്നു. എന്തു ചെയ്യണമെന്ന് വലിയ പദ്ധ തിയൊന്നും മനസ്സിലില്ലായിരുന്നു. എന്തുംവരട്ടെ എന്ന് കരുതി വേദിയി ലെത്തി. മൈക്ക് കൈയ്യിലെടുത്ത് പറഞ്ഞു. "ഞാൻ ഇവിടെ അവതരി പ്പിക്കുവാൻ പോകുന്നത് അടുത്തിടെ നടന്ന ഒരു സംഭവത്തിന്റെ പുന രാവിഷ്ക്കരണമാണ് ഇതിലെ കഥാപാത്രങ്ങളെ നിങ്ങൾക്കു തന്നെ കണ്ടു പിടിക്കാം." ഇത് പറഞ്ഞിട്ട് സെപ്റ്റംബർ 20 ന് നിരണത്തു വെച്ച് ബസ്സിൽ നടന്ന സംഭവം മുത്തേരിലച്ചന്റെ ഭാവശബ്ദങ്ങളോടെയും ഉച്ചാ രണ പ്രത്യേകതകളോടെയും പുനരവതരിപ്പിച്ചു. വലിയ കയ്യടിയും ഹർഷാരവവുമായിരുന്നു ആസ്വാദകരുടെ പ്രതികരണം. സമ്മാന പ്രഖ്യാ പനത്തിന്റെ സമയമായി. മുത്തേരിലച്ചൻ അദ്ദേഹത്തിന്റെ മുഖത്ത് അപൂർവ്വമായി കാണുന്ന ചെറുപുഞ്ചിരിയോടെ വേദിയിലെത്തി. "ഫസ്റ്റ് കുഴിനാപ്പുറത്തിനു തന്നെ" അദ്ദേഹം അത് പ്രഖ്യാപിക്കുമ്പോൾ സദ സ്സിൽ നിന്നുമുയർന്ന കയ്യടി ഏറെ സമയം നീണ്ടു നിന്നു.

എല്ലാ ശനിയാഴ്ചയും ഉച്ചതിരിഞ്ഞ് പിറ്റേദിവസത്തെ കുർബ്ബാനയിൽ വായിക്കേണ്ട സുവിശേഷഭാഗത്തെക്കുറിച്ച് ബൈബിൾ പണ്ഡിതനായ റെക്ടറച്ചന്റെ നേതൃത്വത്തിൽ വിചിന്തനവും ചർച്ചയും ഉണ്ട്. ബൈബിൾ



www.malankaralibrary.com

ഭാഗം റെക്ടറച്ചൻ വായിച്ച് കൃത്യതയോടെ വ്യാഖ്യാനിക്കുകയും വൈദിക വിദ്യാർത്ഥികളുടെ ചർച്ചയ്ക്ക് അവസരമൊരുക്കുകയും ചെയ്യും. ഒരു ദിവസത്തെ വിഷയം വി. ലൂക്കായുടെ സുവിശേഷം പതിനഞ്ചാം അദ്ധ്യായത്തിലുള്ള ധൂർത്തപുത്രന്റെ ഉപമയായിരുന്നു. വേദഭാഗം വായിച്ചിട്ട് റെക്ടറച്ചൻ വിദ്യാർത്ഥികളോടായി ചോദിച്ചു."ഈ വേദഭാഗത്തിന് വേറൊരു തലക്കെട്ട് പറയാമോ" ചോദ്യം അവസാനിക്കുന്നതിന് മുമ്പ് മറുപടി വന്നു. 'ആ തലക്കെട്ട് തന്നെയാണ് നല്ലത്.' കൂട്ടത്തിലേറ്റവും സരസനെങ്കിലും മിതഭാഷിയായിരുന്ന ബ്രദർ ജോൺ വൈപ്പിൽ ആയിരുന്നു ആ ഉത്തരകർത്താവ്.

ഇക്കാലയളവിൽ ബഹു. തോമസ് കുളങ്ങരയച്ചൻ പരിഭാഷപ്പെടുത്തി സംവിധാനം ചെയ്ത നാടകമായിരുന്നു 'ജെറമിയ'. പ്രവാചകന്റെ ജീവിതത്തെ ഹൃദയസ്പർശിയായ വിധത്തിൽ അവതരിപ്പിച്ച ഒരു കലാരൂപമായിരുന്നു ഇത്. ബ്രദർ റെജി മുതുകുളം, ജേക്കബ് ഞാറയ്ക്കാട്ട്, ഈപ്പൻ കോഴിയടിയിൽ, ഡാനിയേൽ കുളങ്ങര, റോയി വയലിറക്കത്ത്, ബിജു മലഞ്ചെരുവിൽ, കോശി പാലമൺകോണത്ത്, ജോൺ വിളയിൽ, തോമസ് കുഴിനാപ്പുറത്ത് എന്നിവർ വിവിധ വേഷങ്ങളിലെത്തിയ ഈ നാടകം ഏവരുടെയും പ്രശംസ പിടിച്ചു പറ്റി. മലങ്കര സെമിനാരിയെ കൂടാതെ ആലുവാ സെമിനാരി തുടങ്ങി കേരളത്തിലെ പല സെമിനാരികളിലും ഈ സ്ക്രിപ്റ്റ് പുനരവതരിപ്പിക്കപ്പെട്ടു.



**ബ്ര. തോമസും സംഘവും 'പ്രൊഫസർ ജെറമിയ' എന്ന ഇംഗ്ലീഷ് നാടകം അവതരിപ്പിച്ചപ്പോൾ**

മലങ്കര മേജർ സെമിനാരിക്ക് സ്വന്തമായി കെട്ടിട സമുച്ചയം പണിയുന്നതിന് സ്ഥലം അനുവദിച്ചു കിട്ടിയിരിക്കുന്നു. തിരുവനന്തപുരം അതിരൂപതയുടെ ഉടമസ്ഥതയിലുള്ള നാലാഞ്ചിറ ബഥനി കുന്നിന്റെ നെറുക



www.malankaralibrary.com

യിലാണ് സ്ഥലം. മാർ ഈവാനിയോസ് കോളേജിനോടും ഹോസ്റ്റലുക ളോടും ചേർന്നു കിടക്കുന്ന സ്ഥലം. ഇനിയും എത്രയും വേഗം പണിയാ രംഭിക്കണം. കെട്ടിടം പണിക്കുള്ള പണം കണ്ടെത്തുന്നതിനായി നിര വധി ആളുകളുടെ സഹായം ബഹു റെക്ടറച്ചന്റെ നേതൃത്വത്തിലുള്ള സംഘം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പോയി അഭ്യർത്ഥിച്ചു. മല ങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുള്ളിൽ നിന്നും ഇതര സമൂഹ ങ്ങളിൽ നിന്നും ഏറെ പ്രോത്സാഹനജനകമായ പ്രതികരണമാണുണ്ടാ യത്. അതോടൊപ്പം റെക്ടറച്ചന്റെയും മറ്റ് വൈദികരുടെയും നേതൃത്വ ത്തിൽ വൈദിക വിദ്യാർത്ഥികളെല്ലാവരും രാത്രികാലങ്ങളിൽ സെമിനാ രിക്കു വേണ്ടി നിർദ്ദേശിക്കപ്പെട്ട സ്ഥലത്തെത്തി കായികാദ്ധ്വാനത്തിൽ ഏർപ്പെടുമായിരുന്നു. വൈദ്യുതി എത്തിയിട്ടില്ലാത്ത ആ കുന്നിന്റെ നെറു കയിൽ വെളിച്ചത്തിന്റെ അഭാവം ഒരു പ്രശ്നമായിരുന്നു. അതിന് റെക്ട റച്ചൻ ഒരു പരിഹാരമാർഗ്ഗം കണ്ടെത്തി. അദ്ദേഹം സ്വയം ഓടിച്ചു വന്നി രുന്ന 'മറ്റഡോർ' വാൻ കുന്നിന്റെ നെറുകയിൽ സ്റ്റാർട്ട് ചെയ്ത് ഹെഡ് ലൈറ്റ് ഓണാക്കി നിർത്തും. അതിന്റെ വെളിച്ചത്തിൽ ആയിരിക്കും



**മലങ്കര മേജർ സെമിനാരി**

അദ്ധ്വാനം. ഇക്കാലയളവിൽ സെമിനാരി നിർമ്മാണവുമായി ബന്ധപ്പെട്ട് രാപകലെന്യേ പ്രവർത്തനനിരതനായ ഒരാളായിരുന്നു ബഹു. റെക്ടറ ച്ചൻ. സെമിനാരിയുടെ നിർമ്മാണ സാമഗ്രികൾ ഒക്കെ വാങ്ങുന്നതിന് കോയമ്പത്തൂർ വരെ വാൻ സ്വയം ഡ്രൈവ് ചെയ്ത് പോയി, രാത്രിയുടെ അന്ത്യയാമങ്ങളിൽ തിരികെയെത്തിയിട്ട് വേഗം കുളിച്ച് അതിരാവിലെ കൃത്യസമയത്ത് ചാപ്പലിൽ പ്രാർത്ഥനയ്ക്കും വി.കുർബ്ബാനയ്ക്കും എത്തുന്ന റെക്ടറർ ബഹു. എബ്രഹാം കാക്കനാട്ടച്ചൻ സെമിനാരിക്കാ രുടെ മനസ്സിൽ ഒരു അത്ഭുതമായിരുന്നു.



www.malankaralibrary.com

1989-ൽ നാലാഞ്ചിറ കുന്നിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിലേക്ക് സെമിനാരി മാറ്റപ്പെട്ടു. പുതിയ സെമിനാരിയിലെ ഏറ്റവും മുതിർന്ന വിദ്യാർത്ഥികളായിരുന്നു ബ്രദർ തോമസിന്റെ ബാച്ചുകാർ. ഇക്കാലയളവിൽ സെമിനാരിയിൽ ഒരു പുതിയ പ്രൊഫസറെത്തി. പൂനെ പേപ്പൽ സെമിനാരിയിൽ നിന്നും തത്വശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം ഉന്നതമായ നിലയിൽ പൂർത്തിയാക്കിയ ബഹു. തോമസ് നായിക്കം പറമ്പിലച്ച (തോമസ് മാർ എവുസേബിയോസ് തിരുമേനി) നായിരുന്നു അത്. ആദർശ നിഷ്ഠമായ അദ്ദേഹത്തിന്റെ ജീവിതം ബ്രദർ തോമസിനെ ഏറെ ആകർഷിച്ചു. ആത്മീയ പിതാവി (Spiritual Father) നെ തെരഞ്ഞെടുക്കുന്ന സമയമായപ്പോൾ ബ്രദർ തോമസ് തെരഞ്ഞെടുത്തത് അദ്ദേഹത്തെ തന്നെയായിരുന്നു. ആധുനിക പാശ്ചാത്യ തത്വശാസ്ത്രം, സമകാലിക ഭാരതീയ തത്വശാസ്ത്രം, വൈജ്ഞാനിക ദർശനം തുടങ്ങിയ വിഷയങ്ങൾ അദ്ദേഹത്തിന്റെ കൈകളിൽ തികച്ചും ഭദ്രമായിരുന്നു. തത്വശാസ്ത്രം മൂന്നാം വർഷത്തെ പരിശീലനത്തിൽ വിദ്യാർത്ഥികളെല്ലാവരും ഒരു പ്രഫസറുടെ മേൽനോട്ടത്തിൽ ഒരു പ്രബന്ധം തയ്യാറാക്കേണ്ടതുണ്ട്. ബ്രദർ തോമസ് ജസ്യൂട്ട് ദാർശനികനായ തെയ്യാർദ് ദെ ഷർദ്ദാൻ, ആധുനിക ഭാരതീയ തത്വചിന്തകനായ ശ്രീ ഔരബിന്ദോ എന്നിവരുടെ പരിണാമ ദർശനങ്ങളെ താരതമ്യം ചെയ്തുകൊണ്ടുള്ള ഒരു പഠനത്തിനാണ് ശ്രമിച്ചത്. മണ്ണിലും മരത്തിലും മൃഗത്തിലും മനുഷ്യനിലും എല്ലാം ഒരു ദൈവികത മറഞ്ഞു കിടപ്പുണ്ട് എന്ന കണ്ടെത്തലോടെ അവസാനിച്ച ആ പ്രബന്ധത്തെ മോഡറേറ്ററായ ബഹു.നായിക്കംപറമ്പിലച്ചൻ വിശേഷിപ്പിച്ചത് താഴെ പറയുന്ന പ്രകാരമായിരുന്നു. 'It is a painstaking Endeavour'



**തോമസ് മാർ യൗസേബിയോസ് തിരുമേനി**



www.malankaralibrary.com

### അദ്ധ്യായം -9

# അജപാലന പരിശീലനം

**ബ്ര**ദർ തോമസിന്റെ ബാച്ചിന് തത്വശാസ്ത്രം മൂന്നാം വർഷത്തിൽ തന്നെ ഞായറാഴ്ചകളിൽ ഇടവകകളിൽ പോയി ബഹു. അച്ചൻമാരെ സഹായിക്കാൻ അവസരം ലഭിച്ചിരുന്നു. അതനുസരിച്ച് ബ്രദർ തോമസ് നിയുക്തനായത് ബഹു. ദാനിയേൽ കുഴിത്തടത്തിലച്ചനോടൊപ്പം പോത്തൻകോടിന് സമീപമുള്ള ഒരു ചെറിയ ഇടവകയായ അരശുമ്മൂട് പള്ളിയിൽ പ്രവർത്തിക്കുന്നതിനായാണ്. സി.അക്വിനാസ് ഈ ഇടവകയിൽ സണ്ടേ സ്കൂളിനും മറ്റും നേതൃത്വം നൽകിയിരുന്നു. 'മേരിമക്കൾ' (DM) സന്ന്യാസസമൂഹത്തിലെ പോത്തൻകോട് മഠത്തിൽ നിന്നുമാണ് സിസ്റ്റർ വരിക. അതിരാവിലെ പള്ളിയിലെത്തുന്ന ബ്രദറിനുള്ള പ്രഭാത ഭക്ഷണവും സി. അക്വിനാസ് കരുതി കൊണ്ടുവരുമായിരുന്നു. മാതൃതുല്യമായ ഒരു കരുതലായിരുന്നു അത്.

മൂന്നു വർഷത്തെ തത്വശാസ്ത്ര പരിശിലന കാലത്തിനുശേഷം അടുത്തതായി ഒരു വർഷം നീണ്ടു നിൽക്കുന്ന അജപാലന പരിശീലനം (Regency) ആയിരുന്നു. റീജൻസി കാലത്തിന്റെ ആദ്യപകുതി പട്ടം ആർച്ച് ബിഷപ്പ്സ് ഹൗസിലായിരുന്നു. അരമനയിലെ ഗസ്റ്റ് മാസ്റ്റർ, സാക്രിസ്റ്റ്യൻ തുടങ്ങിയ ചുമതലകളായിരുന്നു നിർവഹിക്കേണ്ടിയിരുന്നത്. അതിരൂപതാ പ്രസിദ്ധീകരണമായ 'ക്രൈസ്തവ കാഹള' ത്തിന്റെ ഉത്തരവാ



**ആർച്ച്ബിഷപ്പ്സ് ഹൗസ്, പട്ടം-തിരുവനന്തപുരം**



www.malankaralibrary.com

ദിത്വത്തിൽ ബഹു. ഫിലിപ്പ് ചെമ്പകശ്ശേരിയച്ചനെ സഹായിക്കുകയായിരുന്നു മറ്റൊരു മുഖ്യ ദൗത്യം. പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ കണ്ടെത്തുക, പ്രൂഫ് റീഡിംഗ് നടത്തുക, കൃത്യസമയത്ത് മാസിക പോസ്റ്റു ചെയ്യുക തുടങ്ങിയ ഉത്തരവാദിത്വങ്ങളുടെ നിർവ്വഹണം അത്ര എളുപ്പമായിരുന്നില്ല. എങ്കിലും കഴിയും വിധം കാര്യക്ഷമമായി എല്ലാം നിർവ്വഹിച്ചു. എഡിറ്റോറിയൽ രംഗത്ത് ചില പരിഷ്ക്കരണങ്ങൾ വരുത്തുവാൻ പരിശ്രമിച്ചു. അവയിലൊന്നായിരുന്നു 'പൗരസ്ത്യ ദീപം' എന്ന പേരിൽ പൗരസ്ത്യ വിശുദ്ധരെ കുറിച്ചുള്ള പംക്തി. ഇത്തരത്തിലുള്ള പരിഷ്ക്കാരങ്ങൾക്ക് വായനക്കാരിൽ നിന്നും നല്ല പ്രതികരണമാണ് ലഭിച്ചത്.

അരമനയിലെ റീജൻസിയുടെ ഏറ്റവും വലിയ അനുഗ്രഹം അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജീവിതത്തെ അടുത്തു നിന്ന് മനസ്സിലാക്കാൻ ബ്ര. തോമസ് കുഴിനാപ്പുറത്തിന് സാധിച്ചു എന്നതാണ്. മാഞ്ചിയവും മികച്ച ഇനത്തിൽപ്പെട്ട പശുക്കളും, ആടുകളും, കാട പക്ഷികളും ഒക്കെ നിറഞ്ഞ അരമനപ്പരിസരം നഗരത്തിനു നടുവിൽ ഒരു ഗ്രാമീണ ഭംഗിയുണർത്തി. അവയ്ക്കു നടുവിൽ ഒരു പരിവ്രാജകനെപ്പോലെ സദാ നിഷ്കളങ്കമായ പുഞ്ചിരിയോടെ നിഷ്പാദുകനായി നടക്കുന്ന ഗ്രിഗോറിയോസ് തിരുമേനിയുടെ ചിത്രം മായ്ക്കാനാവാത്ത വിധം ആ യുവ സെമിനാരിക്കാരന്റെ മനസ്സിൽ പതിഞ്ഞു. പലപ്പോഴും കണ്ടിട്ടുണ്ട് പിതാവ് തന്നെ ആടുകൾക്കുള്ള തീറ്റ ശേഖരിച്ച് തോളിൽ ചുമന്ന് കൊണ്ട് പോയി കൊടുത്ത് അവയെ അടുത്ത് നിന്ന് പരിപാലിക്കുന്നത്.

രാത്രിയുടെ വൈകിയ യാമങ്ങളിലും ഏകനായി ചാപ്പലിൽ ഇരുന്ന് പ്രാർത്ഥിക്കുന്ന ഗ്രിഗോറിയോസ് പിതാവ് ആ സെമിനാരിക്കാരനിലേക്ക് പകർന്ന ആത്മീയ ഊർജ്ജം വളരെ വലുതായിരുന്നു. എത്ര വൈകിയെത്തിയാലും ആ ദിവസം വി.കുർബ്ബാന അർപ്പിച്ചില്ലെങ്കിൽ അത് അർപ്പിച്ചതിനുശേഷം മാത്രമേ ഉറങ്ങാൻ പോവുകയുണ്ടായിരുന്നുള്ളൂ. ചെറിയ തെറ്റുകൾക്ക് പിതൃതുല്യമായ തിരുത്തലുകളും പിതാവിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഫിലോസഫി മൂന്നാം വർഷം ക്രൈസ്തവകാഹളത്തിൽ പ്രസിദ്ധീകരിച്ച 'വൈദിക പരിശീലന ഘട്ടങ്ങൾ' എന്ന ബ്രദർ തോമസിന്റെ ലേഖനത്തെക്കുറിച്ച് നല്ല അഭിപ്രായം പറയുകയും ഇനിയും എഴുതണം എന്ന് പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

അരമനയിലെ റീജൻസി കാലത്ത് സണ്ടേ സ്കൂൾ പഠിപ്പിക്കാനായി ഞായറാഴ്ച ഉച്ച കഴിഞ്ഞ് പോയിരുന്ന ഒരു ഇടവകയുണ്ട് തിരുവനന്തപുരത്ത്. തിരുവല്ലത്തിനടുത്ത് നെല്ലിയോടായിരുന്നു അത്. ഇരുപതിൽ താഴെമാത്രം കുടുംബങ്ങളുള്ള ഒരു ചെറിയ ഇടവക. ഒരു കുന്നിൻ പുറത്ത് ചെറുതെങ്കിലും മനോഹരമായ ഒരു ദേവാലയം. ദിവസക്കൂലിക്ക് ജോലി ചെയ്ത് കുടുംബം പോറ്റുന്നവരായിരുന്നു കുടുംബനാഥന്മാരെല്ലാവരും തന്നെ. എങ്കിലും അവർ സ്നേഹത്തിൽ സമ്പന്നരായിരുന്നു. വിശ്വാസം പരിശീലിക്കുന്ന കാര്യത്തിൽ ഏറെ ഉത്സുകരായിരുന്നു അവിടുത്തെ കുട്ടികൾ.



www.malankaralibrary.com



**റീജൻസിക്കാലത്ത് വന്ദ്യ ദാനിയേൽ കടകംപള്ളിലച്ചനോടൊപ്പം**

റീജൻസിയുടെ രണ്ടാം പകുതി അടൂരിനടുത്ത് തുവയൂർ എന്ന സ്ഥലത്തുള്ള ഇടവകയിലായിരുന്നു. വി. ജോൺ മരിയ വിയാനിയുടെ ജീവിതത്തെ അനുസ്മരിപ്പിക്കുന്ന, ഏവർക്കും ആദരണീയനും ഒരു 'ജീവിക്കുന്ന വിശുദ്ധൻ' എന്ന വിശേഷണത്തിന് തികച്ചും യോഗ്യനുമായ ബഹു. ഡാനിയേൽ കടകംപള്ളിലച്ചനോടൊപ്പമായിരുന്നു ജീവിതം. പള്ളിയുടെ വടക്കു പടിഞ്ഞാറായി സ്ഥിതിചെയ്തിരുന്ന ഒരു ചെറിയ കെട്ടിടത്തിലായിരുന്നു അച്ചന്റെയും ബ്രദറിന്റെയും താമസം. അച്ചന്റെ മുറി പത്തടി സമചതുരാകൃതിയിലുള്ളതായിരുന്നു. അച്ചന്റെ ഓഫീസും കിടക്കമുറിയും ലൈബ്രറിയും എല്ലാം അതിനുള്ളിൽ തന്നെ. ആ മുറിയോട് ചേർന്ന് ഒരു ചെറിയ ടോയ്ലെറ്റ് ഉണ്ടായിരുന്നു എന്നത് മാത്രമായിരുന്നു, അതിന്റെ ഏക ആഡംബരം. അച്ചന്റെ മുറിയോട് ചേർന്നുള്ള ഹാളിന്റെ വടക്ക് പടിഞ്ഞാറെ മൂലയ്ക്ക് രണ്ട് സ്ക്രീനുകൾ മറച്ചുണ്ടാക്കിയതായിരുന്നു ബ്രദറിന്റെ താമസ സൗകര്യം. തനിക്ക് മുമ്പ് ബഹു. ദാനിയേലച്ചനോടൊപ്പം ആദ്യ റീജൻസിക്കാരനായെത്തിയ ബ്രദർ സ്കറിയ കൊച്ചുമുരുപ്പേൽ തുടങ്ങി വച്ച ജീവിത ലാളിത്യവും പ്രേഷിത തീക്ഷ്ണതയും ബ്രദർ തോമസിന് ഒരു മുതൽകൂട്ടായിരുന്നു. ബഹു. അച്ചന് മൂന്ന് പള്ളികളുടെ ചുമതലയുണ്ടായിരുന്നു അറുപതാം വയസ്സിലും. ഇടദിവസങ്ങളിൽ തൊട്ടടുത്തുള്ള വിൻസെൻഷ്യൻ കോൺവെന്റിലാണ് ബഹു. അച്ചൻ കുർബ്ബാന അർപ്പിക്കുക. ശനിയാഴ്ച രാവിലെ തുവയൂർ പടിഞ്ഞാറ് ഇടവക ദേവാലയത്തിലായിരിക്കും വി. കുർബ്ബാന. ഞായറാഴ്ച രാവിലെ 6.30 ന് തുവയൂർ കിഴക്ക്, 8.30 ന് തുവയൂർ പടിഞ്ഞാറ്, 10.00 ന് അന്തിച്ചിറ എന്നീ ക്രമത്തിൽ മൂന്ന് ഇടവകകളിലും അച്ചൻ വി.കുർബ്ബാന അർപ്പിക്കും. മൂന്നിടവകകളിലും വി. കുർബ്ബാന മധ്യേ പ്രസംഗം നടത്തേണ്ടത് റീജൻസി ശെമ്മാശന്റെ ചുമതലയാണ്. ഇടവകകളിലേക്കുള്ള ഞായറാഴ്ചത്തെ ബഹു. അച്ചന്റെ യാത്ര വിൻസെൻഷ്യൻ ഹോസ്പിറ്റലിലെ ആംബുലൻസിലായിരുന്നു. ബാക്കി



www.malankaralibrary.com



തുവയൂർ മലങ്കര കത്തോലിക്കാ ദേവാലയം

യുള്ള എല്ലാ പരിസര യാത്രകളിലും ബഹു. അച്ചൻ സൈക്കിൾ മാത്രമായിരുന്നു ആശ്രയിച്ചിരുന്നത്. ആ വിശുദ്ധനായ വൈദികനോടൊത്ത് ചിലവഴിച്ച സമയം ബ്രദർ തോമസിന്റെ മനസ്സിൽ ഒരു ഒളിമങ്ങാത്ത പ്രകാശനാളമായിരുന്നു. മൂന്ന് കുർബ്ബാനകളും കഴിഞ്ഞ് ഉച്ചയുറക്കത്തിനു ശേഷം പള്ളിയുടെ പടിഞ്ഞാറു വശത്തെ കശുമാവിൻ തണലിൽ ഒരു കസേരയിൽ അല്പനേരം ചിന്താമഗ്നനായി ഇരിക്കുന്ന തോമസ് ബ്രദറിനെ പലപ്പോഴും ദാനിയേലച്ചൻ ശ്രദ്ധിച്ചിരുന്നു. ബ്രദറിന്റെ ദൃഷ്ടികൾ പള്ളിയുടെ പടിഞ്ഞാറു വശത്ത് ഉയർന്നു നിൽക്കുന്ന കുരിശിലും ഭിത്തിയിൽ രൂപകല്പന ചെയ്തിരുന്ന കാസായിലും മുന്തിരക്കുലയിലും ഒക്കെ പതിയുന്നത് ബഹു. അച്ചൻ പല പ്രാവശ്യം കണ്ടിട്ടുണ്ട്. ഇതിനാലാവണം നിഷ്കളങ്കനായ ആ വൈദികൻ, തോമസ് ബ്രദറിനു ശേഷം റീജൻസിക്കാരനായെത്തിയ ബ്രദർ വിൽസൺ തട്ടാരുത്തുണ്ടിലിനോട് ഇപ്രകാരം പറഞ്ഞത് " ആ തോമസ് ബ്രദർ എന്തുമാത്രം പ്രാർത്ഥിക്കുന്ന ആളാണെന്നറിയാമോ? ഞായറാഴ്ച ഉച്ചകഴിഞ്ഞ് പള്ളിയുടെ പടിഞ്ഞാറു വശത്ത് മരത്തണലിൽ ഒരു കസേരയിട്ടിരുന്നു ആ മുന്തിരിക്കു



www.malankaralibrary.com

ലയെ നോക്കി എത്രനേരമാ ധ്യാനിക്കുന്നതെന്നറിയാമോ?" വിശുദ്ധനായ ആ വൈദികന്റെ മനസ്സിൽ ഇപ്രകാരമൊരു ഭക്തചിത്രം രൂപപ്പെട്ടതിനുള്ള ഏക കാരണം അദ്ദേഹത്തിന്റെ നിഷ്കളങ്കത മാത്രമായിരുന്നു എന്നായിരുന്നു ബ്രദർ തോമസിന്റെ പക്ഷം!

ദൈവകൃപയാൽ ഉറച്ച ആത്മീയ ബോധ്യങ്ങളൊടെ റീജൻസി കാലം പൂർത്തിയാക്കിയ ബ്രദർ തോമസും മറ്റുള്ളവരും വൈദിക വസ്ത്രം സ്വീകരിക്കുന്നതിനുള്ള ഒരുക്കത്തിലാണ്. അപ്പോൾ ബാച്ചിൽ അവശേഷിച്ചിരുന്നത് 13 പേർ മാത്രമായിരുന്നു. മുതിർന്ന ബാച്ചിൽ നിന്നും 2 പേർ കൂടി കടന്നുവന്നതോടെ സംഖ്യ 15 ആയി. എല്ലാവരും കുപ്പായത്തിനുള്ള വെള്ള തുണി വാങ്ങി. കുപ്പായം തയ്ക്കുന്നതിൽ വിദഗ്ദ്ധർ കോട്ടയം വടവാതൂരുള്ള 'കാസ്സക്ക് ടെയിലേഴ്സ്' ആയതിനാൽ എല്ലാവരും അവിടെ തന്നെയാണ് തയ്ക്കാൻ ഏൽപ്പിച്ചത്. കടയുടമയായ ജസ്റ്റിനും സഹോദരനും ഇതു കാരണം ചെയ്തു തീർക്കാനാവാത്ത വിധം ജോലിയാണുണ്ടായിരുന്നത്.

ഇതിനിടയിലുള്ള മേജർ സെമിനാരിക്കാരുടെ അവധിക്കാല ക്യാമ്പ് പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട്ടിൽ വെച്ചായിരുന്നു. ഈ ക്യാമ്പിൽ വെച്ചാണ് സീനിയർ ശെമ്മാശനായ ബ്രദർ ജോൺ വൈപ്പിൽ ബ്രദർ തോമസിനോട് പറഞ്ഞത് ബ്രദറിന്റെ ഇനിയുള്ള ദൈവശാസ്ത്രപഠനം ആലുവ സെമിനാരിയിലായിരിക്കുമെന്ന്. പിന്നീട് റെക്ടറച്ചനിൽ നിന്നും ഇത് ഔദ്യോഗികമായി അറിയുവാനും സാധിച്ചു. അത് ഏറെ സന്തോഷം പകരുന്ന ഒരു വാർത്തയായിരുന്നു. കാരണം തങ്ങളുടെ മുതിർന്ന ശെമ്മാശന്മാരായ ഗീവർഗ്ഗീസ് മുക്കൂട്ടുമണ്ണിൽ, ജോൺ വൈപ്പിൽ, ജോൺസൺ പുതുവലിൽ, ജോസഫ് സുന്ദരം എന്നിവരോടൊക്കെ ഒപ്പമുള്ള ജീവിതം ഏറെ പ്രത്യാശാ നിർഭരമായിരുന്നു. ഒപ്പം തന്റെ ബാച്ചിൽ നിന്നും 8 പേർ കൂടി ആലുവാ സെമിനാരിയിലെ ദൈവശാസ്ത്രപഠനത്തിനായാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. സാം പാരുവേലിൽ, വർഗ്ഗീസ് നടുതല, സ്റ്റീഫൻ കുളത്തുംകരോട്ട്, ജോബ് കല്ലുവിളയിൽ, ജോൺസൺ പാറയ്ക്കൽ, സഖറിയ പുഷ്പവിലാസം, ജോസഫ് കളവിള, ജോഷ്വാ തുണ്ടിയത്ത് എന്നിവരായിരുന്നു ആ എട്ടുപേർ. ശേഷിക്കുന്നവരിൽ അഞ്ചുപേർ: ജോൺ വിളയിൽ, എബ്രഹാം മണ്ണിൽ, എബ്രഹാം വാവോലിമേപ്പുറത്ത്, ഗീവർഗ്ഗീസ് കല്ലിട്ടയിൽ, മാത്യു പുതുപ്പറമ്പിൽ എന്നിവർ കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലേക്കും, പതിനഞ്ചാമനായ ബ്രദർ സ്കറിയാ കൊച്ചുമുരപ്പേലിനെ കർണ്ണാടകയിൽ മംഗലാപുരത്തുള്ള പ്രശസ്തമായ സെന്റ്. ജോസഫ്സ് മേജർ സെമിനാരിയിലേക്കുമാണ് അയയ്ക്കാൻ നിശ്ചയിച്ചിരിക്കുന്നത്. എല്ലാവരും പുതിയ സെമിനാരികളിലേക്ക് പോകുന്നതിന്റെ ഉത്സാഹത്തോടെയാണ് മേജർ സെമിനാരി ക്യാമ്പ് കഴിഞ്ഞ വീട്ടിലേക്ക് മടങ്ങിയത്. ക്യാമ്പ് അവസാനിക്കുന്നതിനു മുമ്പ് ബ്രദർ ജോൺ വൈപ്പിൽ ആലുവാ സെമിനാരി



www.malankaralibrary.com

യിലേക്ക് പുതുതായി വരുന്ന ബ്രദേഴ്സിനെ എല്ലാവരെയും ഒരുമിച്ച് കൂട്ടി, സെമിനാരിയെക്കുറിച്ചും അവിടുത്തെ ജീവിത ശൈലിയെക്കുറിച്ചും വിശദീകരിച്ചു തന്നു.

വൈദികവസ്ത്രം സ്വീകരിക്കുന്ന ദിവസമായി. വീട്ടിൽ നിന്നും ജോണിച്ചായനും മറ്റും എത്തിച്ചേർന്നിട്ടുണ്ട്. പട്ടം സെന്റ് കത്തീഡ്രലിൽ വൈദികവസ്ത്ര സ്വീകരണത്തിനുള്ള ബ്രദേഴ്സ് 15 പേരും കത്തീഡ്രലിന്റെ ആനവാതിലിനിരുവശത്തായി അഭി. പിതാവിനെ സ്വീകരിക്കാൻ നിൽക്കുകയാണ്. അപ്പോൾ മദ്ബഹായിലെ അൾത്താരയ്ക്ക് മുകളിൽ ഒരു പ്രാവ് വട്ടമിട്ട് പറക്കുന്നത് അവരിലൊരാളുടെ ദൃഷ്ടിയിൽ പെട്ടു. ഒരു ചെറു ചിരിയോടെ അടുത്തു നിന്ന ആളിന്റെ ചെവിയിൽ മന്ത്രിച്ചു.

“പരിശുദ്ധാത്മാവിന് അൽപ്പം സമയം മാറിയെന്ന് തോന്നുന്നു”

ഏതാനും നിമിഷങ്ങൾക്കുള്ളിൽ അഭി. പിതാവെത്തി. ഭക്തി നിർഭരമായിരുന്നു വി. കുർബ്ബാന. ശാന്ത സുന്ദരമായ ശബ്ദത്തിൽ ഉദ്ബോധനം നൽകി സുവിശേഷ വായനയ്ക്ക് ശേഷം. കുക്കിലിയോൻ പ്രാർത്ഥനയുടെ മധ്യേയാണ് ആശീർവദിച്ച വെള്ള കുപ്പായങ്ങൾ അർത്ഥികൾക്ക് നൽകിയത്. മദ്ബഹയ്ക്ക് പിന്നിലെ ഒരുക്ക മുറിയിൽ വന്ന് അതു ധരിച്ചു. സിനിയർ ബ്രദേഴ്സ് സഹായിക്കാനെത്തി. ഏതാനും മിനിട്ടുകൾക്ക് ശേഷം പതിനഞ്ച് പേരും ളോഹധാരികളായി മദ്ബഹായിൽലേക്ക് വന്നു. ഈ വേഷത്തിൽ ആദ്യമായി തന്റെ മകനെ കണ്ടപ്പോൾ ജോണിച്ചായന്റെ കണ്ണുകൾ സജലങ്ങളായി. വി.കുർബ്ബാനക്കു ശേഷം അഭി.പിതാവിനോടൊപ്പം ഫോട്ടോ എടുക്കാനായി നിന്നപ്പോൾ മദ്ധ്യവയസ്സ് പിന്നിട്ട ആ കർഷകന്റെ മനസ്സിൽ അഭിമാനവും സംതൃപ്തിയും മാത്രമായിരുന്നു.



www.malankaralibrary.com

അദ്ധ്യായം -10

# ദൈവശാസ്ത്ര പഠനത്തിന്റെ ആഴങ്ങളിലേക്ക്

**ആ**ലുവായിൽ മംഗലപ്പുഴ സ്ഥിതിചെയ്യുന്ന സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിക്ക് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. വൈദിക പരിശീലനത്തിൽ ത്യാഗ നിർഭരമായ ശുശ്രൂഷ നിർവഹിച്ച പാശ്ചാത്യമിഷനറിമാരുടെ ജീവിതത്തിന്റെയും ചരിത്രം കൂടിയാണ് സെമിനാരിയുടേത്. മംഗലപ്പുഴ സെമിനാരിയോട് ചേർന്നുള്ള ചാപ്പലിൽ കബറടക്കിയിരിക്കുന്ന വിശുദ്ധാത്മാക്കളായ വാഴ്ത്തപ്പെട്ട ഫാ. ഔറേലിയൻ, ഫാ. സഖറിയാസ് എന്നീ വിദേശ മിഷണറിമാരുടെ സജീവമായ ആത്മീയ ചൈതന്യത്താൽ ഏറെ ധന്യമായിരുന്നു ആ വിശാലമായ ക്യാമ്പസ്.




**ആലുവാ മംഗലപ്പുഴ സെമിനാരി**



www.malankaralibrary.com

കേരള കത്തോലിക സഭയിലെ ലത്തീൻ, സിറോമലബാർ, സിറോ മലങ്കര റീത്തുകളിൽ നിന്നായി എഴുന്നൂറോളം സെമിനാരിക്കാർ പഠിച്ചിരുന്ന ആത്മീയതയുടെ ഒരു വലിയ പ്രഭവ കേന്ദ്രമായിരുന്നു ആലുവാ സെമിനാരി.



**വാഴ്ത്തപ്പെട്ടവരായ ഫാ. സഖറിയാസും ഫാ. ഔറേലിയനും**

1990 ജൂൺ മാസത്തിലാണ് ബ്രദർ തോമസും തിരുവനന്തപുരം മലങ്കര അതിരൂപതാംഗങ്ങളായ മറ്റ് 8 ശെമ്മാശന്മാരും ദൈവശാസ്ത്ര പഠനാർത്ഥം ഈ സെമിനാരിയിലെത്തുന്നത്. വിശാലമായ ആ ക്യാമ്പസിൽ ഗേറ്റു മുതൽ ടാറിട്ട റോഡിന്റെ ഇരുവശവും തണൽ മരങ്ങളാൽ നിബിഡമായിരുന്നു. ഏതാണ്ട് മുന്നൂറു മീറ്ററോളം നടന്നെത്തിയാൽ ഒരുവളവ് തിരയുമ്പോൾ ഏവരെയും സ്വാഗതം ചെയ്തുകൊണ്ട് തല ഉയർത്തി നിൽക്കുന്ന സെമിനാരിപ്പള്ളി ഗോഥിക് വാസ്തുശില്പ ചാതുരിയുടെ ഒരു ഉദാത്ത മാതൃകതന്നെയാണ്. സെമിനാരി കെട്ടിടങ്ങളും പരിസരങ്ങളും ഏറെ ഹൃദയാവർജ്ജകമായിരുന്നു. ബ്രദർ തോമസ് സെമിനാരി പള്ളിയിൽ കയറി മുട്ടു കുത്തി പ്രാർത്ഥിച്ചു. പിന്നീട് തനിക്കായി നിശ്ചയിട്ടുള്ള മുറിയിൽ പോയി പെട്ടിയും മറ്റും എടുത്ത് വെച്ചു. സെമിനാരി പള്ളിയുടെ ഇടതു വശത്തായിട്ടുള്ള കെട്ടിടത്തിന്റെ രണ്ടാം നിലയിലായിരുന്നു താമസം. ആദ്യ വർഷക്കാരുടെ ചുമതല ഫാ. ഹേർബർട്ട് ഒ.സി.ഡിക്കായിരുന്നു. ബഹു. അച്ചന്റെ മുറിയിൽ ചെന്ന് സ്വയം പരിചയപ്പെടുത്തി. സെമിനാരി പരിശിലനത്തിലെ ഏറ്റവും സുന്ദരമായ ഒരു കാലയളവിന് അവിടെ തുടക്കം കുറിക്കുകയായിരുന്നു. തൊട്ടടുത്ത മുറികളിൽ താമസിച്ചിരുന്നവർ ബ്രദർ ഇഗ്നേഷ്യസ് വലിയപറമ്പിൽ, ബ്രദർ ജോൺപോൾ ഇയ്യനം, ബ്രദർ തോമസ് മേത്താനത്ത് തുടങ്ങിയവരായിരുന്നു.



www.malankaralibrary.com

ക്ലാസ്സുകളാരംഭിച്ചു. ഡോ. ബോസ്ക്കോ പുത്തൂർ (ഇപ്പോൾ ഓസ്ട്രേലിയയിലെ മെൽബൺ സീറോ മലബാർ രൂപതയുടെ മെത്രാൻ) ഡോ. അഗസ്റ്റിൻ മുള്ളൂർ തുടങ്ങിയവരുടെയൊക്കെ ക്ലാസ്സുകൾ ബൗദ്ധിക ആഴങ്ങൾ തേടുന്നതിന് വിദ്യാർത്ഥികൾക്ക് പ്രചോദനമേകി. വരാപ്പുഴ അതിരൂപതാംഗമായ റവ. ഡോ. ജോസഫ് എട്ടുരുത്തിൽ ആയിരുന്നു സെമിനാരിയുടെ റെക്ടർ. സെമിനാരിയിൽ എത്തി ദിവസങ്ങൾക്കുള്ളിൽ തന്നെ ബ്രദർ തോമസ് കുഴിനാപ്പുറത്ത് സെമിനാരിയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'മതവും ചിന്തയും' എന്ന പേരിലുള്ള ദൈവശാസ്ത്ര ദാർശനിക ദ്വൈമാസികയുടെ സ്റ്റുഡന്റ് എഡിറ്റർമാരിൽ ഒരാളായി നിയമിക്കപ്പെട്ടു. തിരുവനന്തപുരം അതിരൂപതയിൽ നിന്നുള്ള സീനിയർ ശെമ്മാശനായ ബ്രദർ ജോൺ വൈപ്പിലിന്റെ നിർദ്ദേശമനുസരിച്ചായിരുന്നു ഈ നിയമനം. അത് ഏറെ വളരുന്നതിനുള്ള അവസരമൊരുക്കി ബ്രദർ തോമസിന്.



**മാർ ബോസ്കോ പുത്തൂർ**



**റവ. ഡോ. ജോസഫ് എട്ടുരുത്തിൽ**

ആലുവ സെമിനാരിയിൽ തന്റെ അദ്ധ്യാത്മിക പിതാവായി ബ്രദർ തോമസ് തെരഞ്ഞെടുത്തത് ചെറുപുഷ്പ മിഷൻ ലീഗിന്റെയും, എം.എസ്.ടി സഭയുടെയും ഒക്കെ സ്ഥാപകരിൽ ഒരാളായ ബഹു.ജോസഫ് മാലിപ്പറമ്പിലച്ചനെയായിരുന്നു. സെമിനാരി പരിശീലനകാലത്ത് ഓരോ വൈദികവിദ്യാർത്ഥിക്കും ഒരു ആദ്ധ്യാത്മിക പിതാവുണ്ടാകണം. അദ്ദേഹത്തോട് തന്റെ ആത്മീയ ജീവിതത്തിന്റെ വളർച്ചയും വരൾച്ചയും ഒക്കെ പങ്കുവെച്ച് ഉപദേശങ്ങൾ സ്വീകരിച്ച് വളരുക എന്നതാണ് ഈ തെരഞ്ഞെടുപ്പിന്റെ ഉദ്ദേശ്യം. അതോടൊപ്പം വൈദിക വിദ്യാർത്ഥിയുടെ കുമ്പസാര പിതാവുമായിരിക്കും അദ്ദേഹം. മാലിപ്പറമ്പിലച്ചന്റെ ആത്മീയ ഉപദേശങ്ങൾ ബ്രദർ തോമസിന്റെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനം ചെറുതായിരുന്നില്ല. എല്ലാ ആഴ്ചയും ആദ്ധ്യാത്മിക പിതാവിന്റെ അടു



www.malankaralibrary.com

ത്തുപോയി കുമ്പസാരിച്ച് ദൈവിക കൃപാവരത്തിൽ വളരുന്നതിൽ ഏറെ ഉത്സുകനായിരുന്ന ബ്രദർ തോമസ്. ചൊവ്വാഴ്ചകളിൽ ബഹു. മാലിപ്പറമ്പിലച്ചൻ തന്റെ ആത്മീയ മാക്കളെ ഒരുമിച്ച് ചേർത്ത് അവർക്കായി വി.കുർബ്ബാന അർപ്പിക്കുകയും കുർബ്ബാനയ്ക്കു ശേഷം അവരോടൊപ്പം ഒരുമിച്ചിരുന്ന് ആത്മീയ വിഷയങ്ങൾ പങ്കുവയ്ക്കുകയും ചില തമാശകൾ പറയുകയും ഒക്കെ പതിവായിരുന്നു. അങ്ങനെ ഒരു ചൊവ്വാഴ്ചയിൽ രസകരമായ ഒരു സംഭവമുണ്ടായി. അന്ന് വി.കുർബ്ബാന പകുതിയായപ്പോൾ മുതൽ മാലിപ്പറമ്പിലച്ചന്റെ ഒരു കൈ പ്രവർത്തനനിരതമായിരുന്നില്ല. അത് തന്റെ ശരീരത്തോട് ചേർത്ത് മുറുക്കിപിടിച്ചായിരുന്നു നിന്നിരുന്നത്.



റവ. ഫാ. ജോസഫ്
മാലിപ്പറമ്പിൽ

വി.കുർബ്ബാന സ്വീകരണത്തിന്റെ സമയമായപ്പോൾ അച്ചൻ വിദ്യാർത്ഥികളോട് പറഞ്ഞു 'നിങ്ങൾ തനിയെ വന്നു വി.കുർബ്ബാന സ്വീകരിച്ചുകൊള്ളുക' സാധാരണ പൂർണ്ണ ശെമ്മാശപ്പട്ടം സ്വീകരിച്ചവരും വൈദികരും മാത്രമാണ് തനിയെ വി.കുർബ്ബാന സ്വീകരിക്കുക. തങ്ങളെല്ലാവരും ദൈവശാസ്ത്രം ഒന്നാം വർഷമായിട്ടേയുള്ളൂ. വൈദിക വിദ്യാർത്ഥികൾ പരസ്പരം നോക്കി. എങ്കിലും അച്ചൻ പറഞ്ഞതനുസരിച്ച് പോയി അൾത്താരയിൽ നിന്നും സ്വയം വി. കുർബ്ബാന സ്വീകരിച്ചു. അതിനു ശേഷം ബഹു.അച്ചൻ ഇത്തിരി അസ്വസ്ഥതയോടെ വി.കുർബ്ബാനയുടെ ബാക്കി പ്രാർത്ഥന പൂർത്തിയാക്കി പതിവുള്ള പങ്കുവെയ്ക്കൽ നിമിഷങ്ങളിലേക്ക് കടന്നുവന്നു. അപ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് ഒരു ചെറിയ കുസൃതി ചിരിയായിരുന്നു ഉണ്ടായിരുന്നത്. അദ്ദേഹം പറഞ്ഞു. "അതേയ് കുർബാന മധ്യേ എന്റെ പാന്റ്സിന്റെ ബട്ടൺ പൊട്ടിപ്പോയി. പിന്നീട് പാന്റ്സും മുറുകെ പിടിച്ചു നിന്നു കൊണ്ടാണ് വി.കുർബ്ബാന പൂർത്തിയാക്കിയത്". ചാപ്പലിലായിരുന്നിട്ടു പോലും ആ വൈദിക വിദ്യാർഥികൾക്ക് ചിരി അടക്കാൻ സാധിച്ചില്ല.

ദൈവശാസ്ത്ര പഠനത്തിന്റെ ആദ്യ വർഷമായ 1991 ആയിരുന്നു ലിയോ XIII മാർപാപ്പ പുറത്തിറക്കിയ 'റേരും നൊവാരും' എന്ന ചാക്രിക ലേഖനത്തിന്റെ ശതാബ്ദി വർഷം. 1891 മെയ് 15-ാം തീയതിയായിരുന്നു



www.malankaralibrary.com

സമൂഹത്തിൽ ഏറെ ചലനം സൃഷ്ടിച്ച ഈ വത്തിക്കാൻ പ്രമാണ രേഖ പ്രസിദ്ധീകൃതമായത്. ഇതിന്റെ ശതാബ്ദിയോടനുബന്ധിച്ച് തിരുവനന്ത പുരത്തു നിന്നും 'ക്രൈസ്തവ കാഹള' ത്തിന്റെ ഒരു പ്രത്യേക പതിപ്പ് പുറത്തിറക്കുന്നു. അന്ന് ക്രൈസ്തവ കാഹളത്തിന്റെ ചുമതലയുള്ള റീജൻസിക്കാരൻ ബ്രദർ ജോസ് ചരുവിൽ ആലുവായിലേക്ക് ഫോൺ വിളിച്ച് ബ്രദർ തോമസിനോട് ഇതുമായി ബന്ധപ്പെട്ട് സഭയുടെ സാമൂഹിക പ്രബോധനങ്ങളെയും അവയുടെ ഉള്ളടക്കത്തെയും കുറിച്ച് ഒരു ലേഖനം തയ്യാറാക്കി അയയ്ക്കാൻ ആവശ്യപ്പെട്ടു. ഈടുറ്റ ഒരു ലേഖനം തന്നെ ബ്രദർ തോമസ് തയ്യാറാക്കി അയച്ചു. അതു ക്രൈസ്തവ കാഹളത്തിന്റെ മുഖ്യ ലേഖനമായി തന്നെ പ്രസിദ്ധികൃതമായി. ഈ ലേഖനത്തിനു വേണ്ടി നടത്തിയ തയ്യാറെടുപ്പുകൾ കൊണ്ട് മറ്റൊരു പ്രയോജനം കൂടി ഉണ്ടായി. ആ വർഷത്തെ സെമിനാരി ഡേയോടനുബന്ധിച്ച് ആലുവാ സെമിനാരിയിൽ നടന്ന സാഹിത്യ മത്സരങ്ങളിൽ ഉപന്യാസത്തിന് വിഷയമായി വന്നത് 'സഭയുടെ സാമൂഹിക പ്രബോധനങ്ങളാ' യിരുന്നു. 'ക്രൈസ്തവ കാഹള'ത്തിനു വേണ്ടി തയ്യാറാക്കിയ ലേഖനത്തിന്റെ പിൻബലമുണ്ടായിരുന്നതു കൊണ്ട് ബ്രദർ തോമസിന് ആ ഉപന്യാസ രചന ഏറെ എളുപ്പമായിരുന്നു. ഫലം പ്രഖ്യാപിച്ചപ്പോൾ ഒന്നാം സ്ഥാനം കരസ്ഥമാക്കിയതും മറ്റാരുമായിരുന്നില്ല.

ആലുവാ സെമിനാരിയോട് ചേർന്നൊഴുകുന്ന പെരിയാറ് സെമിനാരിക്കാർക്ക് അവർ വൈദികരായതിനു ശേഷവും ഒരു ഗൃഹാതുരത്വമായിരുന്നു. ആലുവാ സെമിനാരിയുടെ പര്യായം തന്നെയായിരുന്നു പെരിയാറ്. അന്നൊക്കെ സെമിനാരിക്കാർക്ക് വൈകിട്ടത്തെ കളി കഴിഞ്ഞാൽ പെരിയാറ്റിൽ ഇറങ്ങി കുളിക്കാനും നീന്താൻ പഠിക്കാനും ഒക്കെ അനുവാദമുണ്ടായിരുന്നു. എന്തുകൊണ്ടോ ബ്രദർ തോമസിന് പെരിയാറിലെ കുളി അത്ര വലിയ ആകർഷണമായിരുന്നില്ല. അതുകൊണ്ട് നീന്തൽ പഠിക്കാൻ മെനക്കെട്ടുമില്ല.

ബ്രദർ തോമസ് ദൈവശാസ്ത്രം രണ്ടാം വർഷം പഠിക്കുന്ന കാലം. 'മതവും ചിന്തയും' മായി ബന്ധപ്പെട്ട് എന്തോ ചില തിരക്കുപിടിച്ച പണിയിൽ മുഴുകി മുറിയിലിരിക്കുകയാണ്. പെട്ടെന്ന് ആരൊക്കെയോ താഴെ ഓടുന്ന ശബ്ദം കേൾക്കാം. കളി കഴിഞ്ഞ് കുളിക്കാനായി പോകുന്ന സാധാരണ ശബ്ദമായിരുന്നില്ല അത്. എന്തോ അപാകത തോന്നിയിട്ട് ബ്രദർ എഴുന്നേറ്റ് കതക് തുറന്ന് വരാന്തയിലേക്ക് വന്നു. ബ്രദേഴ്സ് എല്ലാവരും പുഴയെ ലക്ഷ്യം വച്ച് ഓടുകയാണ്. ആരൊക്കയോ വിളിച്ചു പറയുന്നുണ്ട് 'നമ്മുടെ ലൂക്ക് പോയെടാ'. ബ്രദർ തോമസും വേഗം പുഴയരികിലേക്ക് പോയി. കടവിൽ ബ്രദേഴ്സിന്റെ വലിയൊരു കൂട്ടം. കുറെ പേർ മുങ്ങാം കുഴിയിട്ട് പുഴയിൽ എന്തോ തിരയുന്നുണ്ട്. നല്ല ആഴമുള്ളതിനാൽ പുഴയുടെ അടിത്തട്ടിലേക്ക് എത്താൻ വൈദഗ്ദ്ധ്യം ആവശ്യമാണ്. കുറെ കഴിഞ്ഞ് തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ നിന്നുള്ള



www.malankaralibrary.com


ബ്രദർ സ്റ്റെയിൻസ്ലാവൂസ് (ബ്രദർ തോമസിന്റെ ബാച്ചുകാരൻ) ഒരു മനുഷ്യശരീരവും ചുമലിലേന്തി പുഴയുടെ അഗാധങ്ങളിൽ നിന്നും ഉയർന്നു വന്നു. ചങ്ങനാശ്ശേരി അതിരൂപതാംഗമായ ബ്രദർ ലൂക്ക് മാതിരമ്പുഴയുടേതായിരുന്നു ആ ശരീരം. പെട്ടെന്ന് എല്ലാവരും ചേർന്ന് ആ ശരീരം സന്ദർശക മുറിയിൽ കൊണ്ടു കിടത്തി. പ്രഥമശുശ്രൂഷകൾ നൽകാൻ ശ്രമിച്ചു. സെമിനാരിയിലെ അമ്പാസിഡർ കാർ ഇതിനകം പോർച്ചിലെത്തി. ഏതാനും വൈദികരും ശെമ്മാശന്മാരും ചേർന്ന് ബ്രദർ ലൂക്കിനെ കാറിൽ കിടത്തി. ആ കാർ ശരവേഗത്തിൽ ആശുപത്രിയിലേക്കു പാഞ്ഞു. പക്ഷേ നൂറുകണക്കിനു സെമിനാരിക്കാരുടെ പ്രതീക്ഷകൾക്ക് അരമണിക്കൂറിന്റെ ആയുസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനുള്ളിൽ ആ വാർത്ത സെമിനാരിയിലെത്തി "എല്ലാവരെയും വിട്ട് ലൂക്ക് യാത്രയായിരിക്കുന്നു."

ആശുപത്രിയിലെ ഔദ്യോഗിക നടപടികൾക്ക് ശേഷം മൃതദേഹം സെമിനാരി ചാപ്പലിൽ കൊണ്ടുവന്നു. വെള്ളകുപ്പായവും ഷൂസും കിരീടവും ഒക്കെ ധരിച്ച് ബ്രദർ ലൂക്ക് മാതിരമ്പുഴ ആ പെട്ടിയിൽ ചേതനയറ്റ് കിടന്നു. സെമിനാരിയിലെ വൈദികരെല്ലാം ചേർന്ന് വി.സമൂഹബലി അർപ്പിച്ചു. അതിനു ശേഷം സെമിനാരിക്കാർ ഓരോരുത്തരായി വന്ന് മൃതശരീരത്തിൽ പൂക്കൾ സമർപ്പിച്ചു. അന്നു രാത്രി തന്നെ ചങ്ങനാശ്ശേരിക്കടുത്ത് ബ്രദറിന്റെ വീട്ടിലേക്ക് മൃതശരീരം സംവഹിക്കപ്പെട്ടു. അടുത്ത ദിവസമാണ് മൃതസംസ്ക്കാരം. പ്രസിദ്ധമായ അതിരമ്പുഴ ഫൊറോന ദേവാലയത്തിലാണത്. ഈ കർമ്മങ്ങളിൽ സംബന്ധിക്കുന്നതിനായി എല്ലാ ബ്രദേഴ്സും പോകുന്നതിനു വേണ്ട ഒരുക്കങ്ങൾ അന്നുരാത്രി തന്നെ സെമിനാരിയിൽ ചെയ്തു. അടുത്ത ദിവസം രാവിലെ ഏതാണ്ട് നാനൂറോളം വരുന്ന സെമിനാരിക്കാർ ഒൻപത് ടൂറിസ്റ്റ് ബസുകളിലായി അതിരമ്പുഴയ്ക്ക് പുറപ്പെട്ടു. ഏതാണ്ട് 2 മണിക്കൂറിലേറെ വരുന്ന നിശബ്ദത ഘനീഭവിച്ച ഒരു യാത്രയായിരുന്നു അത്. അതിരമ്പുഴ പള്ളിക്കു സമീപം ബസ്സുകളെല്ലാം പാർക്ക് ചെയ്തു. അതിരമ്പുഴ പള്ളിയുടെ ചരിത്രത്തിലാദ്യമായി നാനൂറിലേറെ ളോഹ ധാരികൾ ഒരുമിച്ച് പങ്കെടുക്കുന്ന ഒരു മൃതസംസ്ക്കാരമായിരുന്നു അത്.

പെരിയാറുമായി ബന്ധപ്പെട്ട രസകരമായ ഒരു ഓർമ്മയും ബ്രദർ തോമസിനുണ്ടായിരുന്നു. സെമിനാരിയിൽ ബൈബിൾ പ്രൊഫസറായിരുന്നു റവ. ഡോ. ജോസഫ് തുരുത്തുമാലിൽ, ആജാനബാഹുവായ ഒരു വൈദികൻ. ഒത്ത നീളവും അതിനു ചേർന്ന വണ്ണവുമുള്ള ഒരു അരോഗദൃഢഗാത്രൻ. ക്ലാസ്സുകളിൽ കൃത്യമായ ഇടവേളകളിൽ നോട്ടിൽ കുറിച്ചു വച്ചിട്ടുള്ള ഫലിതങ്ങൾ പൊട്ടിക്കുന്ന രസികൻ. ഒരു നീന്തൽ വിദഗ്ധൻ കൂടിയായിരുന്നു തുരുത്തുമാലിലച്ചൻ. സാധാരണ നീന്തൽ മാത്രമല്ല, പുഴയിൽ നിരവധി അഭ്യാസങ്ങളും അദ്ദേഹം കാട്ടുമായിരുന്നു. അതെല്ലാം ബ്രദേഴ്സ് കുളികഴിഞ്ഞ് പോയതിന് ശേഷം മാത്രം. അവയിലൊന്നായി



www.malankaralibrary.com



**പെരിയാർ മംഗലപ്പുഴ കടവിൽ നിന്നുള്ള ദൃശ്യം**

രുന്നു ഏതാണ്ട് പതിനഞ്ച് മിനിറ്റോളം പുഴയുടെ മുകൾതട്ടിൽ ചലനമില്ലാതെ മലർന്നു കിടക്കുക എന്നത്. ആ ദിവസങ്ങളിൽ സെമിനാരിയിലെ പറമ്പു നോക്കുന്നതിനും കൃഷികൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പുതിയ ജോലിക്കാരനെത്തിയിരുന്നു. വൈദികരെയും ബ്രദേഴ്സിനെയുമൊക്കെ പരിചയപ്പെട്ടു വരുന്നതേ ഉണ്ടായിരുന്നുള്ളൂ. ഒരു ദിവസം ബ്രദേഴ്സ് കുളക്കടവിൽ നിന്നു പോയതിനു ശേഷം കടവിൽ എത്തിയ ആ ജോലിക്കാരൻ അവിടെ നിന്നും തിരികെ റെക്ടറച്ചന്റെ മുറിയിലേക്ക് ഓടിയെത്തി. കിതച്ചുകൊണ്ട് അയാൾ പറഞ്ഞു. "അച്ചോ നമ്മുടെ കടവിൽ ഒരു മൃതശരീരം വന്നടിഞ്ഞിട്ടുണ്ട് എന്താ ചെയ്യുക?" അമ്പരപ്പോടെ അച്ചനും അയാളും ഓടി കടവിൽ എത്തി. ആ കാഴ്ച കണ്ട് റെക്ടറച്ചന്റെ മുഖത്ത് ഒരു ചെറു പുഞ്ചിരിയാണ് ഉണ്ടായത്. തന്റെ പതിവ് അഭ്യാസങ്ങളിൽ മുഴുകി ജലോപരിതലത്തിൽ നിശ്ചലം കിടക്കുന്ന ബഹു. തുരുത്തുമാലിലച്ചനായിരുന്നു അത്.

ആലുവ സെമിനാരിയുടെ ബൗദ്ധിക മണ്ഡലം ഏറെ വിശാലമായിരുന്നു. റാനറും ഷർദ്ദാനും മോൾട്ട്മാനുമൊക്കെ ബ്രദർ തോമസിന്റെ ചിന്തകൾക്ക് തിരികൊളുത്തിയ ദൈവശാസ്ത്രജ്ഞരായിരുന്നു. ഇവരുടെയൊക്കെ ദൈവശാസ്ത്ര ചിന്തകളെ ആധാരമാക്കി ലേഖനങ്ങൾ രചിച്ച് 'മതവും ചിന്തയും' തുടങ്ങിയ വിവിധ ആനുകാലികങ്ങളിൽ ബ്രദർ തോമസ് പ്രസിദ്ധീകരിക്കുകയുണ്ടായി. ഇക്കാലയളവിൽ പ്രസിദ്ധീകരിച്ച ഏറെ ശ്രദ്ധേയമായ ഒരു ലേഖനമായിരുന്നു "പാളം തെറ്റുന്ന കൗമാരം." മതവും ചിന്തയ്ക്കും വേണ്ടി ഈ ലേഖനം തയ്യാറാക്കാൻ ആവശ്യപ്പെട്ടത് ബ്രദർ ജോൺ വൈപ്പിൽ ആയിരുന്നു. പിന്നീട് വായനയുടെയും എഴുത്തിന്റെയും ഒരു സപര്യ തന്നെയായിരുന്നു. "ജുവനൈൽ ഡെലിംക്വൻസി" യെകുറിച്ച് സുദീർഘമായ ഒരു പഠനം വായനാകുറിപ്പുകൾ സഹിതം പ്രസിദ്ധീകരിച്ചുവന്നു. അന്ന് കേവലം 22 വയസ്സ് മാത്രമുണ്ടാ



www.malankaralibrary.com

യിരുന്ന ഒരു യുവ സെമിനാരിക്കാരന്റെ ചിന്തകൾക്കും പഠനങ്ങൾക്കും അപ്പുറം നിൽക്കുന്നതായിരുന്നു ആ രചന.

ദൈവശാസ്ത്ര പഠനം മൂന്നാം വർഷമെത്തിയപ്പോൾ "മതവും ചിന്തയും"ദ്വൈമാസികയുടെ പത്രാധിപരായിരുന്ന റവ.ഡോ. തോമസ് ചക്യത്ത് (ഇപ്പോൾ എറണാകുളം അങ്കമാലി അതിരൂപതയുടെ വിരമിച്ച സഹായമെത്രാൻ) ബ്രദർ തോമസ് കുഴിനാപ്പുറത്തിനെ "മതവും ചിന്തയും"ദ്വൈമാസികയുടെ വിദ്യാർത്ഥി പത്രാധിപരായി നിയമിച്ചു. ആലുവാ സെമിനാരിയുടെ ചരിത്രത്തിൽ മലങ്കരക്കാരായ സെമിനാരിക്കാരിൽ നിന്നും ഈ ഉത്തരവാദിത്വം നിർവഹിക്കുന്ന ആദ്യത്തെ ആളായിരുന്നു ബ്രദർ തോമസ് കുഴിനാപ്പുറത്ത്.



**മാർ തോമസ് ചക്യത്ത്**

മൂന്നാം വർഷ ദൈവശാസ്ത്ര പഠനകാലത്ത് പഠനം ഏറെ ഗൗരവമായി കാണേണ്ട ഒരു കാലയളവാണ്. പഠനത്തിന്റെ ഭാഗമായി ഒരു ചെറിയ പ്രബന്ധം ഗവേഷണം നടത്തി തയ്യാറാക്കി നൽകണം. ഈ ഗവേഷണം നടത്താൻ സഹായിക്കാനും പ്രബന്ധം പരിശോധിക്കാനുമായി ഓരോ സെമിനാരിക്കാരനും ഒരു തീസിസ് ഗൈഡിനെ തെരഞ്ഞെടുക്കണം. ഒപ്പം ഗവേഷണത്തിനുള്ള വിഷയവും. ബ്രദർ തോമസ് ജർമ്മനിയിൽ നിന്നുള്ള അതിപ്രശസ്ത ദൈവശാസ്ത്രജ്ഞനും, രണ്ടാം വത്തിക്കാൻ സുന്നഹദോസ് പ്രമാണരേഖകളുടെ ബുദ്ധി കേന്ദ്രവുമായിരുന്ന കാൾ റാനറുടെ "അസ്തിത്വ ദൈവശാസ്ത്രത്തെ" ആധാരമാക്കിയാണ് തന്റെ പ്രബന്ധം തയ്യാറാക്കാൻ ആലോചിച്ചത്. തീസിസിന്റെ ഗൈഡായി തെരഞ്ഞെടുത്തത് കേരളത്തിലെ അറിയപ്പെടുന്ന ദൈവശാസ്ത്രജ്ഞനായ റവ.ഡോ. ജോർജ്ജ് കാരക്കുന്നേലിനെയായിരുന്നു. കോതമംഗലം രൂപതാംഗമായ ബഹു. കാരക്കുന്നേലച്ചൻ വത്തിക്കാനിലെയും മറ്റു പല വേദികളിലെയും അന്താരാഷ്ട്ര ദൈവശാസ്ത്ര കമ്മീഷനുകളിൽ അംഗമായിരുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളും പിന്തുണയും ആ പ്രബന്ധത്തെ മികവുറ്റതാക്കുന്നതിന് ബ്രദർ തോമസിനെ ഏറെ സഹായിച്ചു.

നാലാം വർഷമായപ്പോഴേക്കും പഠനത്തിന്റെയും പരീക്ഷകളുടെയും ഭാരമേറെ ഉണ്ടായിരുന്നെങ്കിലും വൈദിക വിദ്യാർത്ഥികൾ തങ്ങളുടെ സർഗ്ഗ വാസനകൾ ഏറെ തന്മയത്വത്തോടെ വേദികളിലും ഗ്രന്ഥങ്ങളിലുമായി അവതരിപ്പിച്ചു. മികച്ച പല നാടകങ്ങൾക്കും ആലുവാ സെമിനാരിയുടെ ഓഡിറ്റോറിയം വേദിയായി. ഈ നാടകങ്ങൾക്കെല്ലാം രംഗപ



www.malankaralibrary.com

ടങ്ങൾ ഒരുക്കിയത് മികച്ച കലാകാരനായ കാഞ്ഞിരപ്പള്ളി രൂപതാംഗമായ ബ്രദർ സെബാസ്റ്റ്യൻ ഇടക്കരോട്ട് ആയിരുന്നു. അക്കാലത്ത് മികച്ച നടൻമാരും കൊമേഡിയൻമാരുമൊക്കെയായി തിളങ്ങിയിരുന്നത് ബ്രദർ സെബാസ്റ്റ്യൻ എമ്പ്രയിൽ, ബ്രദർ ക്ലീറ്റസ് കതിരപ്പറമ്പിൽ, ബ്രദർ ജോജി കല്ലിങ്കൽ തുടങ്ങിയവരായിരുന്നു. ഇവരുടെ കലാവൈഭവങ്ങളും പ്രകടനങ്ങളും ഏത് പ്രൊഫഷണൽ നാടകവേദിയിലെ കലാകാരന്മാരോടും കിടപിടിക്കത്തക്കതായിരുന്നു. ബ്രദർ ജോഷി മയ്യാറ്റിലിന്റെ നേതൃത്വത്തിൽ സംഘഗാന മത്സരത്തിൽ ബ്രദർ തോമസിന്റെ ബാച്ച് ഒന്നാം സ്ഥാനം നേടിയത് ഒരു വലിയ നേട്ടമായിരുന്നു. രാഗലയങ്ങൾ നിറഞ്ഞ ഈണവും സപ്തസ്വരങ്ങളുടെ വിന്യാസവും ഒക്കെയായി ബ്രദർ ജോഷി മയ്യാറ്റിൽ തന്നെ ചിട്ടപ്പെടുത്തിയ ആ ഗാനം സെമിനാരിക്കാരുടെ നാവിൻ തുമ്പിൽ ഏറെ നാൾ തത്തികളിച്ചു.




**റവ. ഡോ. അഗസ്റ്റിൻ മുള്ളൂർ ഒ.സി.ഡി.**

നൂറുപേരടങ്ങുന്ന ആ ബാച്ചിന്റെ പൗരോഹിത്യ സ്വീകരണം അവിസ്മരണീയമാക്കണം എന്ന് എല്ലാവർക്കുമുണ്ടായിരുന്നു. അതിനായി ഒരു പുസ്തകരചനയെകുറിച്ച് എല്ലാവരും ചിന്തിച്ചു. നാല് പേരെ എഡിറ്റർമാരായി തെരഞ്ഞെടുത്തു. ബ്രദർ ഡേവിസ് തെക്കേകര, ബ്രദർ തോമസ് കുഴിനാപ്പുറത്ത്, ബ്രദർ സ്റ്റീഫൻ ആലത്തറ, ബ്രദർ ജോർജ് മുള്ളൻകുഴി എന്നിവരായിരുന്നു അവർ. റവ. ഡോ. ജോർജ്ജ് ഓളാട്ടുപുറം ഒ.സി.ഡി എന്ന പ്രൊഫസറുടെ ക്ലാസ്സുകളിൽ നിന്നും പ്രചോദനമുൾക്കൊണ്ട് യേശുവിന്റെ ഉപമകളെകുറിച്ചൊരു പുസ്തകം തയ്യാറാക്കാനായിരുന്നു തീരുമാനം. പുസ്തകത്തിന്റെ ജനറൽ എഡിറ്ററായി റവ. ഡോ. അഗസ്റ്റിൻ മുല്ലൂർ സഹായിക്കാമെന്നേറ്റു. ബ്രദർ ഡേവിസ് തെക്കേക്കരയുടെ നേതൃത്വത്തിൽ എല്ലാവർക്കും ഉപമകൾ വിഭജിച്ചു നൽകി. ഏതാനും ആഴ്ചകൾക്കുള്ളിൽ ബ്രദേഴ്സ് എല്ലാപേരും തങ്ങളുടെ ലേഖനങ്ങൾ തയ്യാറാക്കി നൽകി. ലേഖനങ്ങളുടെ പ്രാഥമിക സംശോധനയും എഡിറ്റിംഗും പ്രൂഫ് റീഡിംഗും ഒക്കെ പ്രധാനമായും ബ്രദർ തോമസിന്റെ ചുമതലയായിരുന്നു. അടുത്ത പടിയായാണ് ബഹു. അഗസ്റ്റിൻ മുല്ലൂരച്ചന്റെ പക്കൽ ലേഖനങ്ങളെത്തിയത്. പ്രിന്റിംഗിന്റെയും പ്രസാധനത്തിന്റെയും മേൽനോട്ടം വഹിച്ചത് ബ്രദർ ഡേവിസ് തെക്കേക്കര ആയിരുന്നു. പതിവുപോലെ മികച്ച കലാകാരനായ ബ്രദർ സെബാസ്റ്റ്യൻ ഇടക്കരോട്ട് നയന മനോഹരമായ മുഖചിത്രം തയ്യാറാക്കി. 'വിരിയുന്ന നവലോകം' എന്ന പേരും നൽകി. സെമിനാരിയിലെ പ്രസാധക സ്ഥാപന



www.malankaralibrary.com

മായ എസ്.എച്ച് ലീഗായിരുന്നു പുസ്തകം പുറത്തിറക്കിയത്. 100 വൈദിക വിദ്യാർത്ഥികളുടെ പൗരോഹിത്യ സ്വീകരണസ്മാരകമായി പ്രസിദ്ധീകരിച്ച ഈ പുസ്തകം പിന്നീട് എസ്.എച്ച് ലീഗ് വഴി പല പതിപ്പുകൾ പിന്നിട്ടു.



**മോൺ. ജോർജ്ജ് ഓലിയപ്പുറം**

1994 ജൂൺ മാസം ആർച്ചുബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് ആലുവാ സെമിനാരിയിലെത്തി. സെമിനാരി കമ്മീഷന്റെ ചെയർമാനായ അദ്ദേഹം സെമിനാരിയുടെ റെക്ടർ ബഹു. ജോസഫ് എട്ടുരുത്തിലച്ചനു പകരം കോതമംഗലം രൂപതാംഗമായ ബഹു. ജോർജ്ജ് ഓലിയപ്പുറം അച്ചന്റെ നിയമനം പ്രഖ്യാപിക്കുന്നതിനു വേണ്ടിയാണ് എത്തിയത്. സെമിനാരിയിലെ വൈദികരും ബ്രദേഴ്സും ഒരുമിച്ച് ചേർന്ന സമ്മേളനത്തിൽ അഭിവന്ദ്യ പിതാവ് പുതിയ റെക്ടറച്ചനെ പരിചയപ്പെടുത്തി. സുസ്മേരവദനനായി ലാളിത്യം നിറഞ്ഞ മുഖഭാവങ്ങളോടെ ആരെയും ആകർഷിക്കത്തക്ക ഒരു വ്യക്തിത്വം ആയിരുന്നു ബഹു. ഓലിയപ്പുറം അച്ചന്റേത്. സെമിനാരിയിലേക്ക് വരുന്നതിന് മുമ്പ് തന്നെ ധ്യാനപ്രസംഗകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ സെമിനാരിക്കാർക്കിടയിൽ ഏറെ പ്രശസ്തനായിരുന്നു ബഹു. അച്ചൻ

ആ സമ്മേളനത്തിനു ശേഷം മുറിയിലെത്തിയ അഭിവന്ദ്യ പിതാവ് മലങ്കരക്കാരായ ശെമ്മാശന്മാരെയെല്ലാം പൊതുവെയും തിരുവനന്തപുരം അതിരൂപതാംഗങ്ങളായവരെ പ്രത്യേകമായും കണ്ട് വിവരങ്ങൾ ആരാഞ്ഞു. അതിനു ശേഷം അഭിവന്ദ്യ പിതാവ് ബ്രദർ തോമസിനെ വിളിപ്പിച്ച് ബന്ധുവായ ഫാ. ജോഷ്വാ ചുട്ടിപ്പാറ ഒരു വിദേശ യാത്രയ്ക്കിടയിൽ ഹൃദയസംബന്ധമായ അസുഖം കാരണം തിരികെയെത്തി, തിരുവനന്തപുരം കോസ്മോപോളിറ്റൻ ഹോസ്പിറ്റലിൽ അടുത്ത ദിവസം ഗൗരവമായ ഒരു ശസ്ത്രക്രിയക്ക് വിധേയനാവുന്നു എന്നു പറഞ്ഞു. സെമിനാരി പരിശീലനത്തിലുടനീളം ചെറിയ സാമ്പത്തിക സഹായങ്ങൾ ബ്രദർ തോമസിന് നൽകിയിരുന്നത് മാർ ഈവാനിയോസ് കോളേജിലെ ഫ്രഞ്ച് പ്രൊഫസറായ ഈ വൈദികനായിരുന്നു. കാണാൻ വരുന്നെങ്കിൽ തന്നോടൊപ്പം പോരാം എന്ന് ആ അഭിവന്ദ്യ പിതാവ് അറിയിച്ചു. ബ്രദർ തോമസ് പെട്ടെന്ന് റെക്ടറച്ചന്റെ അനുവാദം വാങ്ങി മുറിയിൽ പോയി യാത്രയ്ക്കു വേണ്ട തയ്യാറെടുപ്പുകളോടെ തിരികെയെത്തി. പിതാവിനോടൊപ്പം ആലുവായിൽ നിന്നും തിരുവനന്തപുരം വരെയുള്ള ആ യാത്ര ബ്രദർ തോമസിന്റെ ജീവിതത്തിൽ അവിസ്മരണീയമായിരുന്നു.



www.malankaralibrary.com

സദാ പ്രസന്നവദനനായിരുന്ന അഭിവന്ദ്യ പിതാവ് അന്ന് അൽപ്പം ക്ഷീണിതനായാണ് കാണപ്പെട്ടത്. സെമിനാരിയിലെടുത്തതു മുതൽ 1991 -ൽ വൈദിക വസ്ത്ര സ്വീകരണം, 1992 മെയ് 21-ാം തീയതി മ്സമറോനോ കോറൂയോ പട്ടം, 1993 മെയ് 25-ാം തീയതി ഹെവുപ്പ്ദിയാക്കോനോ പട്ടം 1993 ഡിസംബർ 23-ാം തീയതി പൂർണ്ണ ശെമ്മാശ പട്ടം എന്നിവ അഭിവന്ദ്യപിതാവിന്റെ നിർമ്മലകരങ്ങളാൽ സ്വീകരിച്ചതിന്റെ ധന്യമായ ഓർമ്മകൾ ബ്രദർ തോമസിന്റെ മനസ്സിലൂടെ കടന്നുപോയി. അടുത്ത ഡിസംബർ മാസം ഈശോയുടെ ശുശ്രൂഷാ പൗരോഹിത്യത്തിൽ പങ്കാളിയാകാൻ പോകുന്ന ശെമ്മാശനെ ആത്മീയമായി പ്രചോദിപ്പിക്കുവാൻ പോരുന്ന സംഭാഷണമായിരുന്നു ആ യാത്രയിലുടനീളം അഭിവന്ദ്യ പിതാവ് നടത്തിയത്. അൽഫോൺസാമ്മയുടെയും മാർ ഇവാനിയോസ് പിതാവിന്റെയുമൊക്കെ ജീവിതങ്ങൾ ഉദാഹരിച്ചുകൊണ്ടുള്ള ആ സംഭാഷണത്തിന് ഏതാണ്ട് അഞ്ചു മണിക്കൂർ ദൈർഘ്യമുണ്ടായിരുന്നു. ഇടയ്ക്ക് തോട്ടപ്പള്ളി പള്ളിയിലിറങ്ങി ചായയും ലഘുഭക്ഷണവും കഴിച്ച് അൽപ്പം വിശ്രമിച്ചു. മുൻകൂട്ടി ഡ്രൈവർ അറിയിച്ചതനുസരിച്ച് ബഹു. വർക്കി ആറ്റുപുറത്തച്ചൻ അതിനു വേണ്ട ഒരുക്കങ്ങൾ ചെയ്തിരുന്നു. അപ്പോഴേക്കും വൈകുന്നേരമായിരുന്നു. തുടർന്നുള്ള യാത്രയ്ക്കിടയിൽ ജപമാല പ്രാർത്ഥനയും നടത്തി. പട്ടം അരമനയിലെത്തിയപ്പോൾ രാത്രി ഏതാണ്ട് എട്ടു മണിയായി. പിതാവിനോടൊപ്പം അരമന ചാപ്പലിൽ പോയി പ്രാർത്ഥിച്ചിട്ട് ബ്രദർ തോമസ് അരമനയുടെ രണ്ടാം നിലയിലുള്ള ഗസ്റ്റ്റൂമിൽ കയറി കുളിച്ചതിനുശേഷം ഭക്ഷണ മുറിയിൽ പോയി അത്താഴം കഴിച്ചു. തുടർന്ന് രാത്രി വിശ്രമിച്ചു. രാവിലെ 6.30 നുള്ള വി. കുർബ്ബാനയിൽ സംബന്ധിച്ചു. പ്രഭാത ഭക്ഷണത്തിനു ശേഷം ഫാ. ജോഷാ ചുട്ടിപ്പാറയെ കാണുവാൻ കോസ്മോപോളിറ്റൻ ഹോസ്പിറ്റലിൽ പോയെങ്കിലും അദ്ദേഹം ഐ.സി.യുവിൽ ആയിരുന്നത് കൊണ്ട് കാണുവാൻ സാധിച്ചില്ല. കൂടെയുണ്ടായിരുന്ന അദ്ദേഹത്തിന്റെ സഹോദരങ്ങളോട് വിവരങ്ങളന്വേഷിച്ചിട്ട് അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിച്ചു. അന്നുരാത്രി ആലുവാ സെമിനാരിയിൽ തിരികെയെത്തേണ്ടതുകൊണ്ട് ഉച്ചയോടു കൂടി ബസ്സിൽ ആലുവായ്ക്ക് യാത്ര തിരിച്ചു. സെമിനാരിയിൽ ചെന്നതിനുശേഷം അടുത്ത ദിവസം തന്നെ, ഒരുമിച്ചുള്ള യാത്രയ്ക്കും ഉപദേശങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ട് അഭിവന്ദ്യ പിതാവിന് കത്തെഴുതി. ഒരാഴ്ച കഴിഞ്ഞപ്പോൾ അഭിവന്ദ്യപിതാവിന്റെ വിശ്വസ്തനായ സെക്രട്ടറി ശ്രീ.എം.ജെ.തോമസിന്റെ കൈപ്പടയിൽ തയ്യാറാക്കി അഭിവന്ദ്യപിതാവ് ഒപ്പു വച്ച മറുപടികത്ത് ഒരു ഇൻലാന്റ് ലെറ്ററിൽ ബ്രദർ തോമസിനു ലഭിച്ചു. അത് ഒരു നിധിപോലെ ബ്രദർ തോമസ് സൂക്ഷിച്ചുവയ്ക്കുകയും ചെയ്തു.

ആലുവാ സെമിനാരിയെന്ന് പറയുമ്പോൾ മലങ്കരക്കാരുടെ അഭിമാനത്തിന് കാരണഭൂതനായ ഒരു വ്യക്തിയായിരുന്നു, റവ. ഡോ.ഗീവർഗ്ഗീസ് പണിക്കർ. മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പലായി ദീർഘ



www.malankaralibrary.com

കാലം സേവനം ചെയ്ത് ആ കലാലയത്തെ അതിന്റെ സുവർണ്ണകാലത്തിലേക്ക് നയിച്ച അതികായനായ അദ്ധ്യാപകനായിരുന്നു അദ്ദേഹം. ഏതാണ്ട് ആറു വർഷം ആലുവാ സെമിനാരിയിലെ റെക്ടർ എന്ന നിലയിൽ അദ്ദേഹം നേതൃത്വം നൽകി നയിച്ചു. അദ്ധ്യാത്മിക വളർച്ചയുടെയും തികഞ്ഞ അച്ചടക്കത്തിന്റെയും ആ കാലയളവിനെ കേരളത്തിലങ്ങോളമിങ്ങോളമുള്ള മൂന്ന് റീത്തുകളിലെയും സെമിനാരിക്കാർ വാഴ്ത്തിയത്. 'മഹത്തായ പണിക്കർ യുഗം' എന്നായിരുന്നു. ആ മഹാനുഭാവന്റെ ചിത്രം തൂങ്ങുന്ന വരാന്തയിൽ കൂടി നടക്കുന്ന ഓരോ മലങ്കരക്കാരന്റെയും മനസ്സും ഹൃദയവും അഭിമാനപൂരിതമാകുമായിരുന്നു.



**റവ. ഡോ. ഗീവർഗ്ഗീസ് പണിക്കർ**

ആലുവാ സെമിനാരിയിൽ പൗരസ്ത്യ സഭാനിയമം (CCEO) പഠിപ്പിച്ചിരുന്ന റവ.ഡോ. ജോസ് ഇരിമ്പനച്ചന്റെ ക്ലാസ്സുകൾ ബ്രദർ തോമസിന് ഏറെ ഇഷ്ടമായിരുന്നു. അദ്ദേഹം കത്തോലിക്കാ കൂട്ടായ്മയിലെ ഓരോ സഭാ സമൂഹത്തിന്റെയും വ്യക്തിത്വത്തെക്കുറിച്ച് പഠിപ്പിച്ചപ്പോൾ, തന്റെ മാതൃസഭയായ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കാനോനിക വ്യക്തിത്വത്തെക്കുറിച്ച് ഗൗരവമായ ഒരു പഠനം ആവശ്യമാണെന്ന് ബ്രദർ തോമസിന് തോന്നി. ഇതിന് ഉപദേശമാരായേണ്ടത് ആരോടാണെന്ന് വ്യക്തമായ ബോധ്യമുണ്ടായിരുന്നു ബ്രദർ തോമസിന്. ഇന്ത്യയിലെ തന്നെ അറിയപ്പെടുന്ന കാനൻ നിയമ വിദഗ്ധനും ബത്തേരി രൂപതയുടെ അധ്യക്ഷനുമായ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയോട് ആരായുക തന്നെ. ഈ ആവശ്യമുന്നയിച്ചുകൊണ്ട് ബ്രദർ തോമസ് അഭിവന്ദ്യ സിറിൽ തിരുമേനിക്ക് ഒരു കത്തെഴുതി. ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ പ്രോത്സാഹനജനമായ മറുപടിയും വന്നു. ഒപ്പം അഭിവന്ദ്യ പിതാവ് രചിച്ച് പ്രസിദ്ധപ്പെടുത്തിയ ഏതാനും ഇംഗ്ലീഷ് ലഘുലേഖകളും. അവയെല്ലാം ഉപയോഗപ്പെടുത്തി പൗരസ്ത്യ കാനോന സംഹിതയുടെ പശ്ചാത്തലത്തിൽ 'മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കാനോനിക വ്യക്തിത്വം' എന്ന ഇടുറ്റ ഒരു ലേഖനം ബ്രദർ തോമസ് തയ്യാറാക്കി, അഭിവന്ദ്യ സിറിൽ തിരുമേനിക്ക് ബത്തേരിയിലെ അരമനയിലേക്ക് അയച്ചു കൊടുത്തു. അതിന് യാതൊരു വിധ മറുപടിയും ലഭിച്ചില്ല. എന്തായാലും ബ്രദർ തോമസ് ഈ ലേഖനം പ്രസിദ്ധീകരിക്കുവാൻ തന്നെ തീരുമാനിച്ചു. തിരുവല്ലാ രൂപതയുടെ മുഖപ്പത്രമായ 'ഐക്യദീപ' ത്തിന്റെ ചീഫ് എഡിറ്ററായിരുന്ന ബഹു. ജോൺ വർഗ്ഗീസ്



www.malankaralibrary.com

ഈശ്വരൻകൂടിയിലച്ചന്റെ പേർക്ക് ഈ ലേഖനം രജിസ്റ്റേർഡ് പോസ്റ്റില യച്ചു കൊടുത്തു. ബ്രദർ തോമസിനെ അതിശയിപ്പിച്ചുകൊണ്ട് 1991 സെപ്തംബർ ലക്കം 'ഐക്യദീപത്തിന്റെ' കവർ സ്റ്റോറിയായി ഈ ലേഖനം പ്രസിദ്ധീകൃതമായി. അന്ന് വിരചതിമായ ബ്രദർതോമസിന്റെ വരികളാണ് താഴെ ചേർത്തിരിക്കുന്നത്. "തന്മൂലം മലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം കാതോലിക്കാ സ്ഥാനം നേടിയെടു ക്കേണ്ട ഒരു സാധ്യതയാണെന്ന് മേൽ പ്രസ്താവിച്ച ചരിത്ര സത്യം വിളി ച്ചോതുന്നു." പിന്നീട് 2005 ൽ ഈ പ്രവചനം സാക്ഷാത്കൃതമാകുന്ന ചരി ത്രത്തിനാണ് കേരളത്തിലെ ക്രൈസ്തവ സമൂഹം സാക്ഷ്യം വഹിച്ചത്.


**റവ. ഡോ. തോമസ് പത്തിപ്പറമ്പിൽ കോർഎപ്പിസ്കോപ്പ**

ആലുവ സെമിനാരിയിലെ മറ്റൊരു അറിയപ്പെടുന്ന ബൈബിൾ പണ്ഡിതനായിരുന്നു ബഹു.ഡോ. തോമസ് പത്തിപ്പറമ്പിലച്ചൻ. പഠ നവും പഠിപ്പിക്കലും മാത്രമായിരുന്നു അദ്ദേഹത്തിന്റെ ജീവിത സപര്യ. ബൈബിളിലെ വി. പൗലോസിന്റെ ലേഖനങ്ങളായിരുന്നു അദ്ദേഹം കൈകാര്യം ചെയ്തിരുന്ന പ്രധാന വിഷയം. ഓരോ വർഷത്തേക്കുമുള്ള ക്ലാസ്സ്നോട്ടുകൾ പ്രത്യേകം തയ്യാറാ ക്കുകയായിരുന്നു അദ്ദേഹത്തിന്റെ രീതി. ഒരു വർഷം പഠിപ്പിച്ചവ പിന്നീട് ഉപയോഗിക്കുന്ന പതിവില്ല. ബൗദ്ധി കമായ ആഴങ്ങളിൽ എപ്പോഴും വ്യാ പരിച്ചിരിക്കുന്നതുകൊണ്ട് ഓർമ്മക്കു റവിനാൽ അദ്ദേഹം ഏറെ ക്ലേശങ്ങൾ അനുഭവിച്ചിരുന്നു. അത്തരം രസകരമായ ഒരു അനുഭവം ബ്രദർ തോമസ് പങ്കുവച്ചു. ബഹു.പത്തിപ്പറമ്പിലച്ചൻ ആലുവാ സെമിനാരിയിൽ പഠിപ്പി ക്കുന്ന കാലത്ത് തൃശ്ശൂരിനടുത്തുള്ള ഒരു മലങ്കര കത്തോലിക്കാ ഇടവ കയുടെ വികാരിയായും സേവനമനുഷ്ഠിച്ചിരുന്നു. സാധാരണ രണ്ടു മണി ക്കൂറോളം ബസ് യാത്ര ചെയ്താണ് ബഹു. അച്ചൻ ഈ ദേവാലയത്തിൽ എത്തുക. തന്മൂലം അദ്ദേഹം ശനിയാഴ്ച വൈകുന്നേരം തന്നെ ഇടവക പള്ളിയോടു ചേർന്നുള്ള കെട്ടിടത്തിലെത്തി പള്ളിയിൽ സന്ധ്യാപ്രാർത്ഥ നയും മറ്റും നടത്തി അവിടെ താമസിച്ചതിനു ശേഷമാണ് ഞായറാഴ്ച കുർബ്ബാന അർപ്പിക്കുക. അപ്രകാരം ഒരു ശനിയാഴ്ച വൈകുന്നേരം അദ്ദേഹം ആലുവായിൽ നിന്നും തൃശ്ശൂരിലേക്ക് മൂന്ന് മണിയോടെ യാത്ര നിരിച്ചു. ഏതാണ്ട് 4.30 ഓടു കൂടി തൃശ്ശൂരിലെത്തി. കെട്ടിടത്തിൽ കയറി മുറി തുറക്കുന്നതിന് താക്കോലിനു വേണ്ടി ബാഗിലും കുപ്പായത്തിന്റെ കീശയിലുമൊക്കെ പരതിയെങ്കിലും അനുകൂല ഫലമല്ല ലഭിച്ചത്. തിരികെ



www.malankaralibrary.com

ആലുവായിൽ വന്ന് താക്കോൽ എടുത്ത് മടങ്ങുകയേ മാർഗ്ഗമുണ്ടായിരുന്നുള്ളൂ. ബഹു. അച്ചൻ വാച്ചിൽ നോക്കി ആലുവാ വരെ പോയിട്ട് തിരികെയെത്താൻ സമയമുണ്ട്. തിരികെയുള്ള യാത്രയിൽ അല്പം ഭാരം കുറച്ചേക്കാം എന്നു കരുതി അദ്ദേഹം ബാഗും കുടയും പള്ളിയോടു ചേർന്നുള്ള ഭവനത്തിലേൽപ്പിച്ചിട്ടായിരുന്നു മടക്കയാത്ര. ഏതാണ്ട് രണ്ട് മണിക്കൂറോളം യാത്ര ചെയ്ത് ആലുവാ സെമിനാരിയിൽ തന്റെ മുറിക്കു മുന്നിലെത്തി കതക് തുറക്കുന്നതിന് താക്കോലിനായി കീശയിൽ തപ്പി നോക്കിയ അദ്ദേഹത്തിന് മനസ്സിലേക്ക് അമ്പരപ്പിക്കുന്ന ആ സത്യം പതിയെ പതിയെ കടന്നുവന്നു. സെമിനാരിയിലെ തന്റെ മുറിയുടെ താക്കോൽ അടങ്ങിയ ബാഗാണ് തൃശ്ശൂരിലെ ഇടവകക്കാരന്റെ ഭവനത്തിൽ ഏൽപ്പിച്ചിട്ട് പോന്നിരിക്കുന്നത്!!

ആലുവാ സെമിനാരിയിൽ പഠിച്ചു കൊണ്ടിരുന്ന കാലത്ത് രണ്ടിടവകകളിൽ ബ്രദർ തോമസ് അജപാലന ശുശ്രൂഷകളിൽ സഹായിക്കാനായി പോയിരുന്നു. ഇന്നത്തെ എറണാകുളം അങ്കമാലി രൂപതയിലെ അത്താണി ഇടവകയിലും ഇന്നത്തെ മൂവാറ്റുപുഴ അതിരൂപതയിൽ പെട്ട ആലുവാ ഇടവകയിലും. അത്താണി ഇടവകയുടെ വികാരി ആലുവാ സെമിനാരിയിലെ റെസിഡന്റ് പ്രൊഫസർ കൂടിയായ റവ.ഡോ. ജോർജ്ജ് വിതയത്തിൽ അച്ചനായിരുന്നു. കൂടെ പാലാ രൂപതാംഗമായ ബ്രദർ പോൾ കൊല്ലിത്താനത്ത്മലയിലും ഉണ്ടായിരുന്നു ആ ഇടവകയിലെ അജപാലന ശുശ്രുഷയ്ക്ക്. വിശ്വാസ പരിശീലനമായിരുന്നു മുഖ്യമായും നിർവ്വഹിക്കാനുണ്ടായിരുന്നത്. ഇടവകയിൽ പ്രവർത്തിച്ചിരുന്ന നസ്രത്ത് കോൺവെന്റിലെ സിസ്റ്റേഴ്സിന്റെ സേവനം സ്തുത്യർഹമായിരുന്നു.വിതയത്തിലച്ചന്റെ നേതൃത്വത്തിൽ ആ ഇടവകയിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തിച്ചു വന്നു.

ആലുവ മലങ്കര കത്തോലിക്ക ഇടവകയുടെ വികാരി ബഹു. വർഗ്ഗീസ് കിളിച്ചിമല അച്ചനായിരുന്നു. അദ്ദേഹവും ആലുവാ സെമിനാരിയിലെ മലയാളം പ്രൊഫസറായിരുന്നു. ബഹു. കിളിച്ചിമല അച്ചന്റെ നേതൃത്വത്തിൽ ആ ഇടവക ഏറ്റം സജീവമായിരുന്നു. ബ്രദർ തോമസിന്റെ മാതൃ ഇടവകയായ ചീക്കനാലിൽ നിന്നുള്ള ഒരു കുടുംബം ഈ ഇടവകാംഗങ്ങളായിട്ടുണ്ടായിരുന്നു. പനമൂട്ടിൽ കുഞ്ഞൂഞ്ഞമ്മ ടീച്ചറും കുടുംബവുമായിരുന്നു അത്. ടീച്ചറിന്റെ ഭർത്താവ് പ്രൊഫ. പി.സി.കോശി ആലുവാ യു.സി.കോളേജിലെ ഹിന്ദി പ്രൊഫസറായിരുന്നു. കുട്ടികളായ മനോജ്, മഞ്ജു, സ്മിത എന്നിവർ സണ്ടേ സ്കൂൾ വിദ്യാർത്ഥികളായിരുന്നു. മൈലപ്രയിൽ നിന്നും ആലുവായിൽ വന്നു താമസിക്കുന്ന കൊച്ചു വിളയിൽ ബാബുച്ചായനും കുടുംബവും ഈ ഇടവകയുടെ സജീവ അംഗങ്ങളായിരുന്നു. ബ്രദർ തോമസിനോടൊപ്പം തൊട്ട് താഴെയുള്ള ബാച്ചിൽ പെട്ട ബ്രദർ ജോർജ് തേക്കടയിലും അജപാലന ശുശ്രൂഷയിൽ സഹായിക്കാനുണ്ടായിരുന്നു.



www.malankaralibrary.com



**മാർ ഗ്രിഗോറിയോസ് തിരുമേനി ചികിത്സാർത്ഥം അമേരിക്കയിലെത്തിയപ്പോൾ**

എല്ലാ വർഷവും ജൂലൈ 15 ന് തിരുവനന്തപുരം അതിരൂപതാംഗങ്ങളായ ശെമ്മാശന്മാരെ മാർ ഈവാനിയോസ് ദിനത്തിൽ പങ്കു കൊള്ളുന്നതിനായി തിരുവനന്തപുരത്തേക്ക് അയയ്ക്കുന്ന പതിവുണ്ട്. 1994 ലും ശെമ്മാശൻമാർ തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടക്കുന്ന ഓർമ്മ കുർബ്ബാനയിലും അനുസ്മരണാ ശുശ്രൂഷകളിലും പങ്കു കൊണ്ടു. ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് ഏറെ ക്ഷീണിതനായി കാണപ്പെട്ടു. അവിടെ കൂടിയ ചില വൈദികരിൽ നിന്നും ഞെട്ടിക്കുന്ന ആ വാർത്ത ബ്രദർ തോമസ് അറിഞ്ഞു. "അഭിവന്ദ്യ പിതാവിന് ബോൺ ക്യാൻസറാണ് , ഏതാനും ദിവസങ്ങൾക്കുള്ളിൽ അമേരിക്കയിൽ വിദഗ്ദ്ധ ചികിത്സക്കായി കൊണ്ടു പോവുകയാണ്." നിറഞ്ഞ കണ്ണുകളോടെയാണ് പിതാവിന്റെ കരം മുത്തി അനുഗ്രഹം വാങ്ങിയത്. തുടർന്നുള്ള മാസങ്ങളിൽ അഭിവന്ദ്യ പിതാവ് ചികിത്സകളുടെ വേദനാ പൂർണ്ണമായ ഒരു ഘട്ടത്തിലൂടെയാണ് കടന്നു പോയത്. അമേരിക്കയിൽ നിന്നും തിരിച്ചെത്തിയിട്ടും ആരോഗ്യാവസ്ഥയിൽ വലിയ പുരോഗതിയൊന്നും കാണപ്പെട്ടില്ല. ആരോഗ്യം അനുദിനം ക്ഷയിച്ചുകൊണ്ടിരുന്നു. ആലുവാ സെമിനാരിയിൽ നിന്നും വീണ്ടും ബ്രദേഴ്സ് എത്തി അഭിവന്ദ്യപിതാവിനെ കണ്ട് അനുഗ്രഹങ്ങൾ വാങ്ങി. തികച്ചും ശയ്യാവലംബിയായിരുന്ന പിതാവ് വിറയാർന്ന ശബ്ദത്തിൽ 'കുഞ്ഞുങ്ങളേ' എന്ന് വിളിച്ച് ശിരസ്സിൽ കൈവച്ച് അനുഗ്രഹിച്ചു. പിറ്റേദിവസം ആലുവാ സെമിനാരിയിലേക്ക് മടങ്ങി പോന്നപ്പോഴും എല്ലാവരുടെയും മനസ്സിൽ ദു:ഖം ഘനീഭവിച്ചിരുന്നു. ഓരോ ദിവസത്തെയും പിതാവിന്റെ വിവരങ്ങൾ അറിയുന്നതിന് ശെമ്മാശന്മാരിൽ ആരെങ്കിലുമൊക്കെ ആലുവായിൽ നിന്നും



www.malankaralibrary.com

തിരുവനന്തപുരം അരമനയിലേക്ക് വിളിക്കുമായിരുന്നു. ഒക്ടോബർ 10 ന് ഏവരെ യും ദു:ഖത്തിലാഴ്ത്തിക്കൊണ്ട് അഭിവന്ദ്യ പിതാവ് തന്റെ നിത്യ സമ്മാനത്തിനായി സ്വർഗ്ഗത്തിലേക്ക് പോയി. വിവരം അറിഞ്ഞ ഉടൻ തന്നെ മലങ്കരക്കാരായ ശെമ്മാശന്മാരിൽ ഏറെപേരും റെക്ടറച്ചനോട് അനുവാദം വാങ്ങി തിരുവനനതപുരത്തേക്ക് തിരിച്ചു. പുലർച്ചെ അവർ തിരുവനന്തപുരത്തെത്തി. പട്ടം സെന്റ്മേരീസ് കത്തീഡ്രലിലാണ് വന്ദ്യ പിതാവിന്റെ പുണ്യശരീരം സൂക്ഷിച്ചിരുന്നത്. കത്തീഡ്രലിലെ ഹൈക്ക ലായിൽ എയർ കണ്ടീഷൻ ചെയ്ത ചില്ലു പേടകത്തിനുള്ളിൽ അംശവ സ്ത്രങ്ങൾ ധരിപ്പിച്ച് സിംഹാസനത്തിൽ ഇരിക്കുന്ന വിധത്തിലാണ് മൃത ശരീരം വച്ചിരിക്കുന്നത്. രണ്ടു മാസം കൂടി കഴിഞ്ഞാൽ തങ്ങൾക്ക് കൈവയ്പ്പ് നൽകി വൈദിക ശുശ്രൂഷയിലേക്ക് പ്രവേശിപ്പിക്കേണ്ടിയി രുന്ന അഭിവന്ദ്യ പിതാവിന്റെ ചേതനയറ്റതെങ്കിലും തേജസ്സുറ്റ മുഖത്തേക്ക് നോക്കി ശെമ്മാശന്മാരിൽ പലരും വിങ്ങിപ്പൊട്ടുന്നുണ്ടായിരുന്നു. കത്തീ ഡ്രലിനോട് ചേർന്ന് ഇപ്പോൾ കാതോലിക്കേറ്റ് സെന്റർ പ്രവർത്തിക്കു ന്നിടത്തുള്ള മൈനർ സെമിനാരിയുടെ പാർലറിൽ പോയി പത്രങ്ങളി ലൂടെ കണ്ണോടിച്ചു ബ്രദർ തോമസ്. അഭിവന്ദ്യ പിതാവ് കാലം ചെയ്ത തിന്റെ വാർത്തകളും ചിത്രങ്ങളുമായിരുന്നു പത്രങ്ങളിൽ നിറയെ. അടുത്ത ദിവസമാണ് കബറടക്കം. കേരളത്തിലെ മുഴുവൻ രാഷ്ട്രീയ-സാമൂഹിക-മത നേതാക്കന്മാരും പട്ടം സെന്റ് മേരീസ് കത്തീഡ്രലിലെത്തി അഭിവന്ദ്യ പിതാവിന് അന്തിമോപചാരം അർപ്പിച്ചു. സെമിനാരിയിൽ അന്നു രാത്രി വിശ്രമിച്ച ബ്രദർ തോമസിന് ഉറങ്ങാനായത് ഏറെ വൈകിയായി രുന്നു.

പിറ്റേന്ന് രാവിലെതന്നെ എഴുന്നേറ്റ് കത്തീഡ്രലിൽ പോയി വി.കുർബ്ബാ നയിൽ പങ്കെടുത്തു. അതിനുശേഷം 'നഗരികാണിക്ക'ലിനായി പാളയം സെന്റ് മേരീസ് പള്ളിയിലേക്ക് സംവഹിക്കപ്പെട്ട അഭിവന്ദ്യ പിതാവിന്റെ മൃതശരീരത്തെ അനുഗമിച്ചു. പാളയം പള്ളിയുടെ മുന്നിൽ പ്രത്യേകം അലങ്കരിച്ച് തയ്യാറാക്കി നിർത്തിയിരുന്ന കേരള സർക്കാർ വാഹനത്തി ലേക്ക് മൃതദേഹം മാറ്റി. പള്ളി നടയിൽ നിന്നുകൊണ്ട് തിരുവനന്തപുരം ലത്തീൻ രൂപതാ മെത്രാൻ അഭിവന്ദ്യ സൂസപാക്യം തിരുമേനി ഹൃദയ സ്പർശിയായ അനുശോചന പ്രസംഗം നടത്തി. തുടർന്ന് പതിനായിര ങ്ങൾ പങ്കെടുത്ത 'നഗരി കാണിക്കൽ' ചടങ്ങിന് വേണ്ട ക്രമീകരണ ങ്ങൾ ചെയ്തത് ബഹു. ജോർജ് ജോൺ (ജോസി) കിഴക്കേതിൽ അച്ചന്റെ നേതൃത്വത്തിലായിരുന്നു. കത്തീഡ്രലിൽ തിരിച്ചെത്തിച്ച മൃതശരീരം കബ റടക്കത്തിന്റെ ശേഷിച്ച ശുശ്രൂഷകൾക്ക് ശേഷം കേരള സർക്കാരിന്റെ പൂർണ ഔദ്യോഗിക ബഹുമതികളോടെ പട്ടം സെന്റ് മേരീസ് കത്തീ ഡ്രലിന്റെ മദ്ബഹായുടെ താഴെ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിനോട് ചേർന്ന് പ്രത്യേകം സജ്ജമാക്കിയിടത്ത് അടക്കം ചെയ്തു. മൃതശരീരം വച്ച അറമുഴുവൻ കുന്തിരുക്കം കൊണ്ട് നിറച്ചായിരുന്നു ആ



www.malankaralibrary.com

കർമ്മം നിർവ്വഹിച്ചത്. ഉച്ചയോടുകൂടി ആലുവായ്ക്ക് തിരിച്ച ബ്രദർ തോമസ്സിന്റെ മനസ്സിൽ എന്തെന്നില്ലാത്ത ഒരു ശൂന്യത തളം കെട്ടിനിന്നിരുന്നു.

ഇനി രണ്ടുമാസം കൂടി മാത്രമേ ഉള്ളൂ വൈദിക പട്ടം സ്വീകരിക്കുന്നതിന്. വാർഷിക ധ്യാനം ഗൗരവമായി എടുത്ത് പ്രാർത്ഥനയ്ക്കു മാത്രമായി ഒരാഴ്ച ചെലവഴിച്ചു. ആലുവയ്ക്കടുത്ത് ഇല്ലിത്തോട് എന്ന പ്രകൃതി രമണീയമായ സ്ഥലത്തുള്ള എം.സി.ബി.എസ്. ആശ്രമത്തിലാണ് ആ ഒരാഴ്ച ചെലവഴിച്ചത്. പ്രാർത്ഥിക്കുന്നതിനു ചേർന്ന അന്തരീക്ഷമായിരുന്നു അവിടെ. വൃക്ഷനിബിഡമായ കാനന പ്രദേശത്തോട് തൊട്ടുകിടക്കുന്ന സ്ഥലം. ശാന്തസുന്ദരമായ ആ അന്തരീക്ഷം ഏത് മനസ്സിനെയും തരളിതമാക്കാൻ പോരുന്നതായിരുന്നു. ബൈബിൾ വായിക്കുന്നതിനും ഏറെ സമയം കുർബ്ബാനയ്ക്കു മുമ്പിലായിരിക്കുന്നതിനുമാണ് ബ്രദർ തോമസ് സമയം ചെലവഴിച്ചത്. ധ്യാനത്തിന്റെ അവസാനം നല്ല കുമ്പസാരം നടത്തി പുതിയ ആത്മീയ ഊർജ്ജത്തോടെയാണ് സെമിനാരിയിൽ തിരികെയെത്തിയത്. ഇനിയും ഒരു വലിയ കടമ്പ കടക്കാനുണ്ട്. കോംപ്രിഹെൻസീവ് എക്സാമിനേഷനായിരുന്നു അത്. മൂന്നുപേർ വീതമുള്ള പ്രൊഫസ്സർമാരുടെ മൂന്നു പാനലുകൾക്ക് മുമ്പിൽ 20 മിനിറ്റ് വീതം നാല് വർഷം പഠിച്ച ഏത് ഭാഗങ്ങളിൽ നിന്നുമുള്ള ചോദ്യത്തിനും ഉത്തരം പറയുവാനായി ഇരുന്നു കൊടുക്കണം. പലർക്കും ഒരു ബാലികേറാമലയായിരുന്നു ഈ പരീക്ഷാകടമ്പ. പക്ഷേ ബ്രദർ തോമസ്സിനെ സംബന്ധിച്ചിടത്തോളം 'മലങ്കര സ്കൂൾ ഓഫ് തിയോളജിക്കൽ സ്റ്റഡീസ്' എന്ന വിളിപ്പേരിലറിയപ്പെട്ടിരുന്ന 'പാഠശാല'യിലെ പരിശീലകനായതുകൊണ്ട്, ഈ പരീക്ഷയെ അഭിമുഖീകരിക്കുന്നതിനു വേണ്ട ആത്മവിശ്വാസം ആവശ്യത്തിനുണ്ടായിരുന്നു. ബ്രദർ സാം പാരുവേലിൽ, ജോസഫ് കളവിള, സഖറിയാ പുഷ്പവിലാസം എന്നിവരായിരുന്നു 'മലങ്കര സ്കൂൾ ഓഫ് തിയളോജിക്കൽ സ്റ്റഡീസി'ലെ മറ്റംഗങ്ങൾ. ആ പരീക്ഷകൾക്കും, കാൾറാനറെ കുറിച്ച് തയ്യാറാക്കിയ പ്രബന്ധത്തിനും ബ്രദർ തോമസിന് മികച്ച ഫലമാണ് ലഭിച്ചത്.



**ആലുവാ സെമിനാരിയിൽ നിന്നും 1994 ഡിസംബറിൽ അജപാലന രംഗത്തേക്ക് ചുവടുവെച്ച നൂറു ശെമ്മാശന്മാർ**



www.malankaralibrary.com

ഇനിയും പൗരോഹിത്യ സ്വീകരണത്തിനുള്ള ബാഹ്യമായ ഒരുക്കങ്ങൾ നടത്തണം. പതിമൂന്നുപേർ മാത്രമേ പൗരോഹിത്യ സ്വീകരണത്തിനുള്ളൂ, തിരുവനന്തപുരം അതിരൂപതയിൽ നിന്നും. കാരണം ഒരാൾ അവസാന നിമിഷത്തിൽ പൗരോഹിത്യ ജീവിതം തെരഞ്ഞെടുക്കുന്നതിൽ നിന്നും പിൻമാറി. മംഗലാപുരത്ത് പഠിക്കുന്ന സ്കറിയ ശെമ്മാശന് പട്ടം മാർച്ചിലെ ഉണ്ടാവുകയുള്ളു. പതിമൂന്നു പേരും ഒരുമിച്ച് ക്ഷണക്കത്തുകൾ തയ്യാറാക്കി. ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി കാലം ചെയ്തതിനുശേഷം അതിരൂപതയുടെ താല്കാലിക ഭരണചുമതല അഡ്മിനിസ്ട്രേറ്ററായ ലോറൻസ് മാർ അപ്രേം തിരുമേനിക്കായിരുന്നു. അദ്ദേഹമായിരിക്കും മാർച്ചിലേതുൾപ്പെടെയുള്ള 14 'പട്ടംകൊട' ശുശ്രൂഷകൾക്കും കാർമികത്വം വഹിക്കുക. രണ്ടും മൂന്നും പേരുടെ വീതം 'പട്ടംകൊട' ശുശ്രൂഷ ഓരോ സ്ഥലങ്ങളിലായി ക്രമീകരിക്കപ്പെട്ടു. അതനുസരിച്ച് ഡീക്കൻ സഖറിയാ പുഷ്പവിലാസം, മാത്യു പുതുപ്പറമ്പിൽ, തോമസ് കുഴിനാപ്പുറത്ത് എന്നിവരുടേത് 1994 ഡിസംബർ 26-ാം തീയതി പത്തനംതിട്ട പുത്തൻപീടിക ഇടവകയിൽ വച്ച് നടത്തുവാൻ നിശ്ചയിച്ചു. ഒരുക്കങ്ങൾക്കെല്ലാം പുത്തൻപീടിക-ചീക്കനാൽ ഇടവകകളുടെ വികാരി ഫാ. മാത്യു കാലായിൽ നേതൃത്വം നൽകി. പുത്തൻപീടിക പള്ളിയുടെ പടിഞ്ഞാറുവശത്തായി സജ്ജീകരിച്ച വലിയ പന്തലിലായിരുന്നു 'പട്ടംകൊട' ശുശ്രൂഷ ക്രമീകരിച്ചിരിക്കുന്നത്. ഉച്ച കഴിഞ്ഞ് 2.30 ന് ശുശ്രൂഷകൾ ആരംഭിക്കുന്നതിനാണ് ക്രമീകരണം ചെയ്തിരിക്കുന്നത്. കമനീയമായി അലങ്കരിച്ച പന്തലിൽ ഏതാണ്ട് ആയിരത്തോളം പേർ എത്തിയിട്ടുണ്ട്. കൃത്യസമയത്ത് തന്നെ അഭിവന്ദ്യ അപ്രേം പിതാവും മൂന്നു ശെമ്മാശന്മാരും ഒരേ കാറിൽ വന്നു പുത്തൻ പീടിക പള്ളിയുടെ ഗേറ്റിനു മുന്നിലിറങ്ങി. വാദ്യമേളങ്ങളോടെയും സ്വീകരണ സന്നാഹങ്ങളോടെയും അവരെ പന്തലിന്റെ കിഴക്ക് ഭാഗത്തായി ക്രമീകരിച്ചിരുന്ന താല്ക്കാലിക 'മദ്ബഹാ'യിലേക്ക് ആനയിച്ചു. അഭിവന്ദ്യ പിതാവിന്റെ കാർമികത്വത്തിൽ അർപ്പിക്കപ്പെട്ട ആഘോഷമായ വി. കുർബാന മദ്ധ്യേ "വിശുദ്ധ സഭ



**പൗരോഹിത്യ സ്വീകരണ സുവനീർ**



www.malankaralibrary.com


യിൽ കശ്ശീശാ (വൈദികൻ) ആകുവാൻ പരിശുദ്ധ റൂഹാ നിന്നെ ക്ഷണിക്കുന്നു" എന്ന കാർമികന്റെ ആഹ്വാനത്തോടെയാണ് പട്ടം കൊടശുശ്രൂഷയ്ക്ക് തുടക്കം കുറിക്കുക. വി. കുർബ്ബാനയും പട്ടം കൊടശുശ്രൂഷയുമായി ഏതാണ്ട് മൂന്നര മണിക്കൂർ നീണ്ടുനിന്ന തിരുക്കർമ്മങ്ങളായിരുന്നു. ആ ശുശ്രൂഷകളുടെ അവസാനമായി നവാഭിഷിക്തരുടെ പ്രതിനിധിയായി ബഹു. തോമസ് കുഴിനാപ്പുറത്തച്ചനായിരുന്നു എല്ലാവർക്കും കൃതജ്ഞത അർപ്പിച്ചത്. ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ പുണ്യസ്മരണകൾക്കു മുന്നിൽ നമ്രശിരസ്കനാകുന്നു എന്നു പറഞ്ഞപ്പോൾ ആ കണ്ണുകൾ സജലങ്ങളായിരുന്നു. അതിനു ശേഷം അവിടെ കൂടിയിരുന്നവർ എല്ലാവരും നവാഭിഷിക്തരുടെ കരങ്ങൾ ചുംബിച്ച് സ്നേഹവിരുന്നിൽ പങ്കുചേർന്നു പിരിഞ്ഞു പോയി.

അന്നു രാത്രി ഏറെ നിർണ്ണായകമായിരുന്നു ഫാ. തോമസ് കുഴിനാപ്പുറത്തിന്. ജീവിതത്തിലെ ഏറ്റവും വലിയ ഒരു സ്വപ്നം നിറവേറിയ രാത്രി. പട്ടംകൊട ശുശ്രൂഷ കഴിഞ്ഞ് പള്ളിമേടയിലെത്തിയ നവാഭിഷിക്തനായ ഫാ. തോമസ് കുഴിനാപ്പുറത്തിന് ഒരു ചെറിയ കടലാസ്സിൽ ആദ്യ നിയമന ഉത്തരവ് അഭിനന്ദ്യ പിതാവ് എഴുതി നൽകി. 'Go and start a mission at Attingal.' പിരപ്പൻകോട് കുഷ്ഠരോഗാശുപത്രിയിൽ ബഹു. ജോസഫ് തടത്തിലച്ചനോടൊപ്പം താമസിച്ചുകൊണ്ട് വേണം മിഷൻ പ്രവർത്തനം നടത്തുവാൻ. ഒരു നവവൈദികനെ സംബന്ധിച്ചിടത്തോളം ഒരു മിഷൻ കേന്ദ്രം സ്ഥാപിക്കുന്നതിനെ കുറിച്ച് ഒന്നും തന്നെ വശമില്ലായിരുന്നു. എങ്കിലും ദൈവം നടത്തും എന്ന പ്രത്യാശയിൽ ശരണപ്പെട്ടുകൊണ്ടാണ് അന്നുറങ്ങിയത്.

അടുത്ത ദിവസം, ഡിസംബർ 27-ന് രാവിലെ 7.30 നാണ് ചീക്കനാൽ പള്ളിയിൽ പ്രഥമ ദിവ്യബലിയർപ്പണം. ഓമല്ലൂർ പള്ളിയിൽ ബഹു. കത്ബർട്ട് ഒ.എഫ്.എം. അച്ചനോടൊപ്പമാണ് രാത്രി കഴിഞ്ഞത്. രാവിലെ തന്നെ കുടുംബാംഗമായ ചാർലി തോമസ് ഒരു കറുത്ത അംബാസിഡർ കാറുമായിയെത്തി നവവൈദികനെ ചീക്കനാൽ പള്ളിയിലേക്ക് കൊണ്ടുപോകാൻ. ളോഹയ്ക്കു മീതെ കറുത്ത പുറങ്കുപ്പായവും ധരിച്ച് ഫാ. തോമസ് കുഴിനാപ്പുറത്ത് ആ കാറിൽ കയറി ചീക്കനാൽ പള്ളിയിലെത്തി. വിശ്വാസികൾ അപ്പോഴേക്കും പള്ളിയിലേക്കുള്ള വഴിയുടെ ഇരുവശങ്ങളിലുമായി അണിനിരന്നിരുന്നു. ഇടവക ട്രസ്റ്റി കിടാരത്തിൽ ബേബിച്ചായൻ നവവൈദികനെ ഷാളണിയിച്ച് ദേവാലയത്തിലേക്കാനയിച്ചു. പ്രഭാത പ്രാർത്ഥനയ്ക്കു ശേഷം വിശുദ്ധ കുർബാനയ്ക്കായി തിരുവസ്ത്രങ്ങളണിയുന്നതിന് ബ്രദർ മാത്യു ചാർത്താൻകുഴി സഹായിച്ചു. എല്ലാ പ്രാർത്ഥനകളും മനഃപാഠമാക്കിയിരുന്നെങ്കിലും ആശീർവാദ സമയത്തെ പ്രാർത്ഥനകൾ ചിലപ്പോൾ മറന്നു പോകാൻ സാധ്യത ഉള്ളതുകൊണ്ട് ഫാ. ജോഷ്വാ ചുട്ടിപ്പാറ തക്സാ (കുർബ്ബാന പുസ്തകം) പിടിച്ചു



www.malankaralibrary.com



**പ്രഥമ വിശുദ്ധ കുർബ്ബാന അർപ്പണത്തിന് അൾത്താരയിൽ പ്രവേശിക്കുന്നതിന് മുമ്പ് ഫാ. തോമസ് കുളങ്ങര അംശവസ്ത്രങ്ങൾ അണിയിക്കുന്നു**

കൊടുത്ത് സഹായിച്ചു. വി. കുർബാന മധ്യേയുള്ള പ്രസംഗം നിർവഹിച്ചത് റവ. ഡോ. തോമസ് കുളങ്ങര അച്ചനായിരുന്നു. ജോണിച്ചായന്റെയും അന്നമ്മ ചേടത്തിയുടെയും നാവിൻ തുമ്പിലേക്ക് വി. കുർബാന വച്ചപ്പോൾ അവരുടെ കണ്ണുകൾ ഈറനണിഞ്ഞിരുന്നത് ഫാ. തോമസ് കുഴിനാപ്പുറത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം ഒരു ചെറിയ പൊതുസമ്മേളനം. മറുപടി പ്രസംഗത്തിൽ എല്ലാവരുടെയും മുന്നിൽ നമ്രശിരസ്കനാകുന്ന നവവൈദികനെയാണ് കണ്ടത്. സ്നേഹവിരുന്നോടുകൂടി ആ ചടങ്ങുകൾ അവസാനിച്ചു.

പിന്നീടുള്ള ഒരു മാസക്കാലം സ്വീകരണങ്ങളുടെ മാസമായിരുന്നു. പതിമൂന്ന് നവവൈദികരും ദേവാലയങ്ങളിലും മഠങ്ങളിലും വി. കുർബാന അർപ്പിക്കുന്നതിനായി ക്ഷണിക്കപ്പെട്ടു. എല്ലാവർഷങ്ങളിലും നവവൈദികരുടെ സംഖ്യ അഞ്ചിനു മുകളിൽ എത്താറില്ല. പതിറ്റാണ്ടുകൾക്കിപ്പുറമാണ് ഈ വർഷം സംഖ്യ പത്ത് കവിഞ്ഞത്. ഈ സ്വീകരണത്തിനിടയിൽ വിലകൂടിയ സമ്മാനങ്ങളാവും നവവൈദികർക്ക് എല്ലായിടത്തുനിന്നും ലഭിക്കുക. പക്ഷേ ഇക്കുറി ആതിഥേയർ ഒരു വിഷമസന്ധിയിലായിരുന്നു. പതിമൂന്ന് പേർക്ക് എങ്ങനെ മികച്ച സമ്മാനങ്ങൾ നൽകും.



www.malankaralibrary.com



**അവിഭക്ത തിരുവനന്തപുരം അതിരൂപതയ്ക്കുവേണ്ടി 1994 ഡിസംബറിൽ അഭിഷിക്തരായ നവവൈദികർ**

ആയതിനാൽ നവവൈദികർക്കിടയിൽ ഒരു ആശങ്ക രൂപപ്പെട്ടു. "ഇക്കുറി ബെഡ്ഷീറ്റിനു പകരം കർച്ചീഫായിരിക്കും സമ്മാനങ്ങൾ." പക്ഷേ, അവരുടെ ആശങ്കകളെയെല്ലാം അസ്ഥാനത്താക്കിക്കൊണ്ട് മികച്ച പാരിതോഷികങ്ങൾ തന്നെയാണ് ആതിഥേയർ ഓരോ നവവൈദികനുവേണ്ടിയും കരുതിയിരുന്നത്.



www.malankaralibrary.com

അദ്ധ്യായം -11


# അജപാലനരംഗത്തേക്ക്


നവവൈദികനായ ഫാ. തോമസ്

**തി**രുവനന്തപുരം ജില്ലയിൽ വടക്ക് ഭാഗത്ത് വെഞ്ഞാറമൂടിനോട് ചേർന്ന് കിടക്കുന്ന ഒരു ഗ്രാമമായിരുന്നു പിരപ്പൻകോട്. എം.സി. റോഡിന്റെ അരികിലായി ഒരു വലിയ ഭൂപ്രദേശം മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ ഏറ്റവും വലിയ മിഷണറിമാരിലൊരാളായ ഫാ. ലോറൻസ് ജെ. തോട്ടം (ലോറൻസ് മാർ അപ്രേം തിരുമേനി) പലരിൽ നിന്നായി ചെറിയ തുണ്ടുകൾ തിരുവനന്തപുരം അതിരൂപതയ്ക്കു വേണ്ടി വാങ്ങി കൂട്ടിചേർത്തതായിരുന്നു. അവിടെയായിരുന്നു സെന്റ് ജോൺസ് ലെപ്രസി ഹോസ്പിറ്റൽ പ്രവർത്തിച്ചിരുന്നത്. ഡാമിയൻ ഫൗണ്ടേഷന്റെ സഹായത്തോടെ നൂറോളം കുഷ്ഠ രോഗികൾക്ക് അഭയം നൽകിയിരുന്ന ഇടമായിരുന്നു ഈ ആശുപത്രി. ആശുപത്രിയുടെ ഡയറക്ടർ ബഹു. ജോസഫ് തടത്തിലച്ചനായിരുന്നു. ആശുപത്രിയുടെ ഉത്തരവാദിത്വത്തോടൊപ്പം ആ പരിസരങ്ങളിലുള്ള പത്തോളം മിഷൻ കേന്ദ്രങ്ങളിലെ ശുശ്രൂഷ കാര്യക്ഷമമായി ബഹു. തടത്തിലച്ചൻ നിർവ്വഹിച്ചിരുന്നു. ഈ പ്രവർത്തനങ്ങളിൽ ബഹു. തടത്തിലച്ചനെ സഹായിക്കുന്നതിനുവേണ്ടിയായിരുന്നു ഫാ. തോമസ് കുഴിനാപ്പുറത്ത് നിമയമിതനായത്. ഒപ്പം ആറ്റിങ്ങൽ കേന്ദ്രമാക്കി ഒരു പുതിയ മിഷൻ കേന്ദ്രം ആരംഭിക്കുകയും വേണം. വൈദികനായിട്ട് ഏതാണ്ട് ഒരു മാസമായപ്പോഴേക്കും ഫാ. തോമസ് കുഴിനാപ്പുറത്ത് പിരപ്പൻകോടെത്തി. ആ വലിയ കോമ്പൗണ്ടിൽ വടക്ക് കിഴക്കുമാറിയുണ്ടായിരുന്ന ഓടുമേഞ്ഞ ഒരു കെട്ടിടത്തിലായിരുന്നു ഇരു വൈദികരും താമസിക്കേണ്ടത്. വീട്ടിൽ നിന്നും കൊണ്ടുവന്ന വസ്ത്രങ്ങളും മറ്റ് സാധന സാമിഗ്രികളും മുറിയിൽ ഒതുക്കിവച്ചു. പത്തടിയിൽ താഴെ മാത്രം നീളവും വീതിയുമുള്ള ഒരു സമചതുര മുറിയായിരുന്നു അത്. മുറിയോട് ചേർന്ന് തന്നെ പുറത്തായിരുന്നു ടോയ്ലെറ്റ്. ഉച്ചഭക്ഷണം ആശുപത്രിയിലെ ഒരു ജോലിക്കാരൻ അച്ചൻമാരുടെ താമസസ്ഥലത്തെത്തിച്ചു. രുചികരമായ ഭക്ഷണമായിരുന്നു അത്. അതിഥി സൽക്കാര



www.malankaralibrary.com



റവ. ഫാ. ജോസഫ് തടത്തിൽ

ത്തിലും മറ്റുള്ളവരെ പരിഗണിക്കുന്നതിലും മുൻ നിരയിലായിരുന്നു ബഹു. ജോസഫ് തടത്തിലച്ചൻ. പാവങ്ങളോടുള്ള പരിഗണനയിലും അപ്രകാരം തന്നെയായിരുന്നു. ഉച്ച ഭക്ഷണം കഴിച്ച് അല്പമൊന്ന് മയങ്ങിയതിനു ശേഷം ഫാ.തോമസ് ആശുപത്രിയിൽ പോയി ചുറ്റിനടന്ന് എല്ലാം കണ്ട് മനസ്സിലാക്കാൻ ശ്രമിച്ചു. കുഷ്ഠരോഗത്തിന്റെ വിവിധ ഘട്ടങ്ങളിൽ വേദനയനുഭവിക്കുന്നവരുടെ മുഖം ഇന്നും തോമസച്ചന്റെ മനസ്സിലുണ്ട്. കാലിന്റെയും കയ്യുടെയും വിരലുകൾ നഷ്ടമായവർ, മുഖവും ചുണ്ടുകളും കോടിപ്പോയവർ. ആരുടെയും ഹൃദയങ്ങളെ ആർദ്രമാക്കാൻ പാകത്തിനുള്ള ദൃശ്യങ്ങളായിരുന്നു അവിടെ നിറയെ. ദീർഘകാലമായി ആശുപത്രിയിൽ സേവനം ചെയ്യുന്ന സി. ജൂഡിത്ത് എസ്.ഐ.സി., ഫ്രാൻസിൽ നിന്നും വന്നിട്ടുള്ള സി. മരിയാർമ്മൽ (ചാൾസ് ഡി ഫുക്കോയുടെ സന്ന്യാസ സമൂഹാംഗം) തുടങ്ങിയവർ ഈ ആശുപത്രിയിൽ നടത്തിവന്നിരുന്ന ശുശ്രൂഷകൾ ആരെയും അതിശയിപ്പിക്കത്തക്കതായിരുന്നു. രോഗികളുടെ മുറിവുകൾ കഴുകി വൃത്തിയാക്കാനും അവ വച്ചുകെട്ടാനുമൊക്കെ ഇവർക്കു ഒരു മടിയുമില്ലായിരുന്നു. ഇരുപത്തഞ്ച് വർഷങ്ങൾക്കിപ്പുറം ഇന്നും ഇവർ ഈ ശുശ്രൂഷകളിൽ മുഴുകി ആശുപത്രിയിൽ തന്നെയുണ്ട്. രാവിലെ വിശുദ്ധ കുർബ്ബാന അർപ്പിച്ചിട്ടില്ലാത്തതിനാൽ ആശുപത്രിയുടെ പ്രൈവറ്റ് ചാപ്പ



സെന്റ്. ജോൺസ് ഹോസ്പിറ്റൽ, പിരപ്പൻകോട്



www.malankaralibrary.com





ലിൽ ഫാ. തോമസ് കുഴിനാപ്പുറത്ത് തന്റെ പ്രേഷിത ഭൂമിയിലെ ആദ്യത്തെ വി. കുർബ്ബാന അർപ്പിച്ചു.

ആറ്റിങ്ങൽ പ്രദേശത്തുള്ള സന്ദർശനം ഫാ. തോമസ് ഒരു പതിവാക്കി. ഈ പ്രദേശത്ത് ബഹു. മത്തായി മലഞ്ചരുവിലച്ചന്റെ പ്രയത്നത്താൽ നാഷണൽ ഹൈവേയോട് ചേർന്ന് തന്നെ 1966 മെയ് 7 ന് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെ തിരുവനന്തപുരം അതിരൂപതയ്ക്കു വേണ്ടി 34 സെന്റ് സ്ഥലം വാങ്ങിയിരുന്നു. 1970 – 80 കാലയളവിൽ ബഹു. മാത്യു കടകംപള്ളിൽ ബഹു. ജോസഫ് തടത്തിൽ എന്നീ വൈദികർ സാമൂഹിക സേവനങ്ങൾ വഴി മിഷനറി പ്രവർത്തനങ്ങൾക്ക് പരിശ്രമം നടത്തിയിരുന്നു. എങ്കിലും ഈ സ്ഥലത്ത് ഒരു മലങ്കര കത്തോലിക്ക ദൈവജനസമൂഹം രൂപപ്പെട്ടിരുന്നില്ല. അതിരൂപതയുടെ സ്വന്തമായ സ്ഥലം ഏതാണ്ട് അനാഥമെന്ന നിലയിലായിരുന്നു. വസ്തുവിന്റെ നടവിലൂടെ ഒരു നടപ്പാത രൂപപ്പെട്ടിരുന്നു. ഫാ. തോമസ് ഈ പ്രദേശത്തെ കത്തോലിക്കാ-അകത്തോലിക്കാഭവനങ്ങളിൽ സന്ദർശനം നടത്തി. ഒരു ദൈവജനകൂട്ടായ്മയ്ക്കുള്ള സാധ്യത തിരിച്ചറിഞ്ഞു. വസ്തുവിന് ചുറ്റും വേലിയിട്ട് ബന്ധവസ്സാക്കി. ഇക്കാലയളവിൽ ആറ്റിങ്ങൽ ഗുഡ്ഷെപ്പേഡ് ഇടവകാംഗങ്ങളായ ശ്രീ. മൈക്കിൾ അംബ്രോസ്, ശ്രീ. ബെനഡിക്ട് പെരിസ് തുടങ്ങിയവരും കുടുംബാംഗങ്ങളും നൽകിയ പിന്തുണ വളരെ വലുതായിരുന്നു. ഒരു താല്കാലിക ഓലക്കുടിൽ കെട്ടുന്നതിനായി സ്ഥലം ഒരുക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. 1995 ജൂലൈ 30–ന് താല്ക്കാലികമായി കെട്ടിയുണ്ടാക്കിയ ഓല കുടിലിൽ ആറ്റിങ്ങൽ മിഷൻ കേന്ദ്രം സമാരംഭിച്ചു. ഏതാനും വൈദികരുടെയും ശെമ്മാശന്മാരുടെയും സിസ്റ്റേഴ്സിന്റെയും അല്മായരുടെയും സാന്നിദ്ധ്യത്തിൽ കഴക്കൂട്ടം വൈദിക ജില്ലാ വികാരി ബഹു. മാത്യു കടകംപള്ളിൽ അച്ചൻ താല്കാലിക പ്രാർത്ഥനാലയം ആശീർവദിച്ചു. ഈ ലളിതമായ തുടക്കമായിരുന്നു ആറ്റിങ്ങൽ ഇടവകയ്ക്ക് ഉണ്ടായിരുന്നത്. തുടർന്ന് ഈ പ്രദേശത്ത് നിസ്തന്ദ്രമായ മിഷൻ പ്രവർത്തനങ്ങൾക്ക് ഫാ. തോമസ് കുഴിനാപ്പുറത്ത് നേതൃത്വം നൽകി. പത്തോളം കുടുംബങ്ങളെ ഇടവകാഗംങ്ങളായി കണ്ടെത്താൻ സാധിച്ചു. സാമൂഹികവും സാമ്പത്തികവുമായി അധ:സ്ഥിതിയിൽ കഴിഞ്ഞിരുന്ന അവർക്ക് ഈ അജപാലന ശുശ്രൂഷ ആശ്വാസവും പ്രതീക്ഷയും നൽകി. 1995 ആഗസ്റ്റ് 5–ന് അഭിവന്ദ്യ ലോറൻസ് മാർ അപ്രേം പിതാവ് ആറ്റിങ്ങൽ മിഷൻ കേന്ദ്രം സന്ദർശിക്കുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തു. പ്രാരംഭ പ്രാർത്ഥനകൾക്ക് ശേഷം അഭിവന്ദ്യ പിതാവും ഫാ. തോമസ് കുഴിനാപ്പുറത്തും ചേർന്ന് താല്കാലിക പ്രാർത്ഥനാലയത്തിൽ വി. കുർബ്ബാന അർപ്പിച്ചു. അങ്ങനെ ആറ്റിങ്ങൽ പ്രദേശത്തെ മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയ്ക്കുവേണ്ടിയുള്ള പ്രഥമ ദിവ്യ ബലിയർപ്പണം അന്ന് ആ ഓലക്കുടിലിൽ നടന്നു.



www.malankaralibrary.com

എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 5.30 ന് സന്ധ്യാ പ്രാർത്ഥനയും തുടർന്ന് വി. കുർബ്ബാനയുമായിരുന്നു ആറ്റിങ്ങൽ മിഷൻ കേന്ദ്രത്തിലെ ആരാധന സമയക്രമം. ഫാ. തോമസ് ഞായറാഴ്ചകളിൽ പിരപ്പൻകോടും സമീപ പ്രദേശങ്ങളിലുമുള്ള വിവിധ മിഷൻ കേന്ദ്രങ്ങളിൽ മൂന്ന് കുർബാനകൾ അർപ്പിച്ച് ബഹു. ജോസഫ് തടത്തിലച്ചനെ സഹായിച്ചു. ഇതിനോടകം ഫാ. തോമസ് നായിക്കംപറമ്പിൽ, ഫാ. ജോസഫ് തടത്തിൽ എന്നിവരുടെ സാമ്പത്തിക സഹായത്തോടെ കവാസാക്കി 4 എസ് ചാമ്പ്യൻ മോഡലിൽ ഒരു മോട്ടോർ സൈക്കിൾ വാങ്ങുന്നതിന് കഴിഞ്ഞു. ഞായാഴ്ചകളിലെ മിഷൻ പ്രവർത്തനങ്ങൾക്ക് ഇത് ഏറെ സഹായകമായി. ഒപ്പം ആറ്റിങ്ങലിലെ ഉൾപ്രദേശങ്ങളിലുള്ള വീടുകൾ സന്ദർശിക്കുവാനും അജപാലന ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനും ഈ ഇരുചക്രവാഹനം ഏറെ ഉപകരിച്ചു.



**ചീക്കനാലിലെ മാതൃ ഇടവകാ ദേവാലയത്തിൽ ഫാ. തോമസ്**

ഒരു ഞായറാഴ്ച മൂന്നാമത്തെ കുർബ്ബാനയും കഴിഞ്ഞ് മടങ്ങിവരുന്ന വഴി പിരപ്പൻകോടിന് സമീപം നഗരൂർ എന്ന സ്ഥലത്ത് വച്ച് ഫാ. തോമസ് ഒരു മോട്ടോർ സൈക്കിൾ അപകടത്തിൽ പെട്ടു. ഒരു ഇറക്കം ഇറങ്ങി വരുന്ന സമയത്തായിരുന്നു അത്. നൂറു മീറ്റർ അകലെ സമാന്തര സർവീസ് നടത്തുന്ന ഒരു വാനിൽ നിന്നും ഏതാണ്ട് അമ്പതിനടുത്ത് പ്രായം വരുന്ന ഒരു സ്ത്രീ ഇറങ്ങി റോഡു ക്രോസ് ചെയ്തുവരുന്നുണ്ടായിരുന്നു. ഫാ. തോമസ് തന്റെ മോട്ടോർ സൈക്കിൾ ഇടതുവശം ചേർത്ത് ഓടിച്ചു വരികയായിരന്നു. ആ സ്ത്രീ എത്തുന്നതിന് മുമ്പ്




www.malankaralibrary.com

അവിടം കടക്കാം എന്നായിരുന്നു കണക്കു കൂട്ടൽ. പക്ഷെ കണക്കു കൂട്ട ലുകളെല്ലാം തെറ്റിച്ചുകൊണ്ട് മോട്ടോർ സൈക്കിൾ അവരെ ഇടിച്ചതിനു ശേഷം മുന്നിൽ ചെന്നു മറിഞ്ഞു. മോട്ടോർ സൈക്കിളിനോടൊപ്പം മറി ഞ്ഞുവീണ ഫാ. തോമസ് തിരികെ നോക്കിയപ്പോൾ റോഡിൽ വീണു കിടക്കുന്ന ആ സ്ത്രീയെ ആണ് കണ്ടത്. ഓടി വന്ന് അവരെ താങ്ങിയെ ഴുന്നേൽപ്പിക്കാൻ ശ്രമിച്ചു. ഫാ. തോമസിന് നിസ്സാര പരിക്കുകൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. പക്ഷേ ആ സ്ത്രീ വേദനയിൽ വല്ലാതെ കഷ്ടപ്പെടു ന്നുണ്ടായിരുന്നു. വാനിൽ ഉണ്ടായിരുന്നവരെല്ലാവരും ഇറങ്ങി രണ്ടുപേ രെയും അവിടെയെത്തിയ ഒരു ടെമ്പോ ട്രാക്സ് ജീപ്പിൽ കയറ്റി പിര പ്പൻകോട് ആശുപത്രിയിലെത്തിച്ചു. നിസ്സാരമായ പരിക്കുകൾ മാത്രമേ ഉള്ളായിരുന്നതുകൊണ്ട് ഫാ. തോമസിന് അവിടെത്തന്നെ ചികിത്സ നൽകി. ആ സ്ത്രീയെ മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി. രണ്ടു ദിവസങ്ങൾക്കു ശേഷം ഫാ. തോമസ് അവരെ മെഡിക്കൽ കോളേ ജിൽ പോയി കണ്ടു. സാവിത്രി അമ്മ എന്നായിരുന്നു അവരുടെ പേര്. അവരുടെ കാലിലെ അസ്ഥികൾ ഒടിഞ്ഞു കമ്പിയിടേണ്ടിവന്നു. പിന്നീട് മിക്ക ദിവസങ്ങളിലും ഫാ. തോമസ് അവരെ സന്ദർശിച്ചു. അവരും കുടും ബാംഗങ്ങളും ആ സന്ദർശനങ്ങളെ ഏറെ അനുഭാവപൂർവ്വമാണ് പരിഗ ണിച്ചത്. എങ്കിലും ഈ അപകടത്തിന്റെ നിയമനടപടികളുമായി അവർക്ക് കോടതിയെ സമീപിക്കേണ്ടിവന്നു. ആറ്റിങ്ങൽ കോടതിയിലെത്തിയ ആ കേസ്സിൽ ഫാ. തോമസിനു വേണ്ടി ശ്രീ. മൈക്കിൾ അംബ്രോസിന്റെ ശുപാർശയിൽ അഡ്വ. എത്സമ്മ പ്രായിക്കുളം ഹാജരായി. കോടതി വിസ്താരത്തിനിടയിൽ സാവിത്രിയമ്മ നൽകിയ മൊഴി ഏറെ നിർണ്ണാ യകമായിരുന്നു. അവർ പറഞ്ഞതിപ്രകാരമായിരുന്നു "കേസിൽ പറയുന്ന മോട്ടോർ സൈക്കിളാണ് എന്നെ ഇടിച്ചത്. പക്ഷെ ഈ ഫാദർ ആണോ ആ വാഹനമോടിച്ചിരുന്നത് എന്ന് എനിക്കറിയില്ല." ഈ നിർണ്ണായക മൊഴിയുടെ അടിസ്ഥാനത്തിൽ ഫാ. തോമസ് ആ കേസിൽ നിന്നും ഒഴി വായി. പിന്നീട് സാവിത്രിയമ്മയെ സന്ദർശിക്കുവാനായി വന്ദ്യ തോമസ് കുമ്പുക്കാട്ടച്ചനോടൊപ്പം അവരുടെ വീട്ടിൽ പോയി. പുരാതനമായ ഒരു നായർ തറവാടായിരുന്നു അത്. ഭൂതകാല ഐശ്വര്യത്തിന്റെ ബാക്കി പത്ര ങ്ങൾ മാത്രമേ അപ്പോൾ ആ തറവാട്ടിൽ അവശേഷിച്ചിരുന്നുള്ളൂ. ഇരു വൈദികരെയും സന്തോഷത്തോടെ കുടുംബാംഗങ്ങൾ സ്വീകരിച്ചിരുത്തി. ചായ നൽകി സൽക്കരിച്ചു. ആമുഖ സംഭാഷണങ്ങൾക്കു ശേഷം ഫാ. തോമസ് 5000 രൂപ അടങ്ങുന്ന ഒരു കവർ സാവിത്രിയമ്മയ്ക്ക് നൽകി. അത് സന്തോഷത്തോടെ നിരസ്സിച്ചുകൊണ്ട് അവർ ഇങ്ങനെ മറുപടി പറഞ്ഞു. "ഞങ്ങൾക്ക് കിട്ടാനുള്ളത് ഇൻഷ്വറൻസ് പദ്ധതിയിൽ നിന്നും ലഭിച്ചു. ഇനി ഞങ്ങൾക്ക് ഫാദറിന്റെ സ്നേഹവും കരുതലും മാത്രം മതി". പിന്നീട് എല്ലാ ഓണത്തിനും ഒരു സെറ്റ് മുണ്ടുമായി ആ ഭവനം സന്ദർശിക്കുന്നത് ഫാ. തോമസിന്റെ ഒരു പതിവായി.



www.malankaralibrary.com


**ഓലക്കുടിലിൽ ആരംഭിച്ച ആറ്റിങ്ങൽ മിഷൻ കേന്ദ്രം**

ആറ്റിങ്ങലിൽ വി. കുർബ്ബാന വൈകുന്നേരങ്ങളിൽ ആയതിനാൽ വെളിച്ചം ഒരു പ്രശ്നം തന്നെയായിരുന്നു. ഓലക്കുടിലിൽ വൈദ്യുതി ലഭിക്കുന്നതിന് യാതൊരു സാധ്യതയുമില്ലായിരുന്നു. ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയത് ഒരു സാങ്കേതിക വിദഗ്ദ്ധൻ കൂടിയായ ശ്രീ. മൈക്കിൾ അംബ്രോസും അദ്ദേഹത്തിന്റെ മകനായ ബോബനും ചേർന്നായിരുന്നു. അവർ തങ്ങളുടെ അംബാസിഡർ കാർ കൊണ്ടുവന്ന് റോഡിൽ സ്റ്റാർട്ട് ചെയ്തിട്ടു. പിന്നീട് അതിന്റെ ബാറ്ററിയിൽ നിന്നും കേബിൾ വഴി രണ്ടു ട്യൂബ് ലൈറ്റുകൾ ഓലക്കുടിലിലെ പള്ളിക്കുള്ളിൽ പ്രകാശിപ്പിക്കും. അങ്ങനെ ആ 'അല്മായ പ്രേഷിത തീക്ഷ്ണത' ആ ദേവാലയത്തിനുള്ളിൽ ഒളിമങ്ങാതെ പ്രകാശിച്ചു. ഇപ്പോൾ ദൈവസന്നിധിയിൽ ആയിരിക്കുന്ന ശ്രീ. മൈക്കിൾ അംബ്രോസിന്റെ പാവനസ്മരണ ഫാ. തോമസിന്റെ മനസ്സിൽ ഇന്നും ഏറെ പ്രകാശം പരത്തുന്നുണ്ട്.

ഇതിനിടയിൽ ഫാ. തോമസിന് പിരപ്പൻകോട് നിന്നും സമീപ ഇടവകയായ കാരേറ്റേക്ക് താമസമാറ്റം ലഭിച്ചു. അപ്പോഴും ആറ്റിങ്ങൽ മിഷൻ കേന്ദ്രത്തിന്റെ ചുമതല ഫാ തോമസിന് തന്നെയായിരുന്നു. ശനിയാഴ്ച വൈകിട്ട് ആറ്റിങ്ങലിലെ കുർബ്ബാനയ്ക്കു ശേഷം ഞായറാഴ്ച അരമനയിൽ നിന്നും നിർദ്ദേശിക്കുന്ന ഇടവകകളിൽ പോയി വി. കുർബാന അർപ്പിക്കുക അതായിരുന്നു ഈ താമസമാറ്റത്തിന്റെ ഉദ്ദേശ്യം. അപ്രകാരം ശനിയാഴ്ചകളിൽ ആറ്റിങ്ങലിലെ വി. കുർബാനയ്ക്ക് ശേഷം രാത്രികളിൽ നൂറിൽപരം കിലോമീറ്ററുകൾ മോട്ടോർ സൈക്കിളിൽ സഞ്ചരിച്ചാണ് ഈ ഇടവകകളിൽ എത്തിയിരുന്നത്. പുനലൂർ തെന്മലയടുത്തുള്ള ഉറുകുന്ന്, തമിഴ്നാട് കളിക്കാവിള അടുത്തുള്ള മരിയാഗിരി, കുളത്തുപ്പുഴ അടുത്തുള്ള ചോഴിയക്കോട് തുടങ്ങിയ ഇടവകകളിലൊക്കെ ശനിയാഴ്ച രാത്രിയിലെത്തി പിറ്റേ ദിവസം മൂന്നു വി. കുർബ്ബാനകൾ അർപ്പിച്ചിരുന്നു. അങ്ങനെ ഒരു ഞായറാഴ്ച ചോഴിയക്കോടും സമീപ ഇടവകകളായ മടത്തറ, ജവഹർ കോളനി എന്നിവിടങ്ങളിലും വി. കുർബ്ബാനയ്ക്കായി ഫാ. തോമസ് എത്തി. ഏറെ സജീവമായ ഇടവകസമൂഹങ്ങളായിരുന്നു മൂന്നും. ഇവിടെ വികാരിയായിരുന്ന ഫാ. ജോസ് കിഴക്കേടത്ത് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സ് പഠിക്കുവാനായി ബാംഗ്ലൂരിലേക്ക് പോയ ഒഴിവിലാണ് ഫാ. തോമസ് ഇവിടെയെത്തിയത്. വി. കുർബ്ബാന കഴിഞ്ഞപ്പോൾ ഇടവകാംഗങ്ങളെല്ലാവരും കുര്യാക്കോ



www.malankaralibrary.com



**ചോഴിയക്കോട് സെന്റ് സെബാസ്റ്റ്യൻസ് ദേവാലയം**

സച്ചായന്റെ നേതൃത്വത്തിൽ ഒരുമിച്ചു കൂടി തങ്ങളുടെ ആവശ്യമുന്നയിച്ചു. "ഞങ്ങൾക്കിവിടെ സ്ഥിരമായി അച്ചൻ വേണം." തിരികെ കാരേറ്റ് എത്തിയ ഫാ. തോമസിന്റെ മനസ്സിലൂടെ ഒരു ചിന്ത കടന്നുപോയി. "ഒരിടത്ത് മൂന്ന് ഇടവകകൾ വികാരിയച്ചനില്ലാതെ കിടക്കുന്നു. ഇവിടെ ഒരു വൈദികൻ ഇടവകകളില്ലാതെ എല്ലാ ഞായറാഴ്ചകളിലും കിലോമീറ്ററുകൾ അലയുന്നു." ഈ വിവരം അഭിവന്ദ്യ അപ്രേം പിതാവിനെ അറിയിച്ചിട്ട് ഫാ. ജോസഫ് തടത്തിലച്ചനോടൊപ്പം പിരപ്പൻകോട് ആശുപത്രിയുടെ ജീപ്പിൽ ചോഴിയക്കോട്ടെത്തി ഒഴിഞ്ഞു കിടന്ന മേടയിൽ താമസ്സമാക്കി. അടുത്ത ദിവസം തന്നെ അഭിവന്ദ്യ അപ്രേം പിതാവിന് പട്ടം അരമനയിലേയ്ക്ക് കത്തെഴുതി. "അഭിവന്ദ്യ പിതാവ് വാക്കാൽ പറഞ്ഞതനുസരിച്ച് ഞാൻ ചോഴിയക്കോട്ട് വന്ന് താമസമാക്കിയിട്ടുണ്ട്. കല്പന അയച്ചുതന്ന് അനുഗ്രഹിക്കണമേ." രണ്ടു ദിവസങ്ങൾക്കുള്ളിൽ തന്നെ അരമനയിലെ പിതാവിന്റെ ഓഫീസിലെ ക്ലാർക്ക് ചന്ദനപ്പള്ളി ദാനിയേൽ സാറിന്റെ കൈപ്പടയിലെഴുതപ്പെട്ട് അഭിവന്ദ്യ പിതാവ് ഒപ്പ് വെച്ച കല്പന തപാൽ മാർഗ്ഗം എത്തി ചേർന്നു. ഇടവക വികാരിയെന്ന നിലയിൽ ഏറ്റവും സുന്ദരമായ ആ അജപാലന ജീവിതത്തിന് അങ്ങനെ തുടക്കമായി. അപ്പോഴും ആറ്റിങ്ങൽ മിഷൻ കേന്ദ്രത്തിന്റെ ചുമതല തുടർന്നു പോന്നു. ഒരു വഴി 35 കിലോമീറ്ററുകൾ പിന്നിട്ട് വേണം ശനിയാഴ്ച വൈകിട്ട് ആറ്റിങ്ങൽ കുർബ്ബാനയ്ക്കെത്തുവാൻ. തിരികെ ചോഴിയക്കോട്ടെത്തി പിറ്റേ ദിവസം മൂന്നു കുർബ്ബാന അർപ്പിക്കണം. ഏറെ ക്ലേശകരമായിരുന്നു യാത്രയെങ്കിലും ദൈവജനം നൽകുന്ന പിന്തുണ ഏറെ പ്രചോദനാത്മകമായിരുന്നു.



www.malankaralibrary.com

ചോഴിയക്കോട് പള്ളിയിലെ വി. സെബാസ്ത്യാനോസിന്റെ പെരുന്നാള് ആഘോഷപൂർവ്വം കൊണ്ടാടിയത് ഫാ. തോമസിന്റെ മനസ്സിലെ ഒളിമങ്ങാത്ത ഒരു ഓർമ്മയാണ്. ചന്ദനപ്പള്ളി സ്വദേശിയായ കുട്ടപ്പൻ സാറിന്റെ നേതൃത്വത്തിൽ അണിയിച്ചൊരുക്കിയ ഫ്ളോട്ടും, അത്യുജ്ജ്വല പ്രകടനം നടത്തിയ ബാന്റ് മേളവും ഒക്കെ പെരുനാൾ റാസയ്ക്ക് കൂടുതൽ മിഴിവേകി. സിസ്റ്റർ മഞ്ജുഷയെഴുതി ഇടവകയിലെ കുട്ടികൾ ആലപിച്ച് റെക്കോർഡ് ചെയ്ത വി. സെബസ്ത്യാനോസിന്റെ ഗാനം റാസയെ ഏറെ ഭക്തിനിർഭരമാക്കിയിരുന്നു. ആദ്യമായി നടത്തിയ പെരുനാൾ റാസയായതിനാൽ സുഹൃത്തുക്കളായ വൈദികരുടെ സാന്നിധ്യം ഏറെയുണ്ടായിരുന്നു ആ പെരുനാൾ റാസയിൽ.

ചോഴിയക്കോട്, മടത്തറ, ജവഹർ കോളനി എന്നിവിടങ്ങളിലെ ഇടവകാംഗങ്ങൾ ഏറെ സ്നേഹനിർഭരമായ ഓർമയാണ് ഫാ. തോമസിന് പകർന്നു നൽകിയിട്ടുള്ളത്. പള്ളി മേടയിൽ വികാരിയച്ചൻ തനിച്ചാണ് എന്ന ഓർമ്മയിൽ പലപ്പോഴും കടന്നുവന്ന് വിശേഷങ്ങൾ തിരക്കുകയും തന്റെ കുടിയേറ്റ സ്മരണകൾ പങ്കുവയ്ക്കുകയും ഒക്കെ ചെയ്തിരുന്ന കളപ്പുരയ്ക്കൽ മത്തനപ്പച്ചൻ ഫാ. തോമസിനെ സംബന്ധിച്ചിടത്തോളം ഒരു പിതൃസ്ഥാനീയനായിരുന്നു. കുര്യാക്കോസച്ചായൻ, ചാമക്കാലയിൽ തങ്കച്ചായൻ തുടങ്ങിയവരുടെ പേരുകളും ഹൃദയത്തോട് ചേർത്ത് വച്ച് ഓർമ്മിക്കത്തക്കതായിരുന്നു. മടത്തറ ഇടവകയിൽ ചരുവിളയിൽ ബേബിച്ചായന്റെ ശബ്ദം വി. കുർബാനയ്ക്കിടയിൽ ആരെയും അശ്രദ്ധമായി നിൽക്കുവാൻ അനുവദിച്ചിരുന്നില്ല. വീടുകളിൽ തയ്യാറാക്കുന്ന രുചികരമായ വിഭവങ്ങളുടെ വിഹിതം വികാരിയച്ചന് കൊടുത്തുവിട്ടിരുന്ന കള



**മടത്തറ ഇടവകയിലെ ബേബി ചരുവിളയും കുടുംബവും 2017 ൽ പട്ടം അരമനയിൽ സന്ദർശിച്ചപ്പോൾ**



www.malankaralibrary.com

മ്പനായിലെ അമ്മച്ചിയും കളപുരയ്ക്കലെ ഏലിക്കുട്ടി അമ്മാമ്മയും ഒക്കെ മാതൃസ്നേഹത്തിന്റെ മറക്കാത്ത ഓർമ്മകൾ പകർന്നു നൽകി. തൊട്ട ടുത്ത ഡോട്ടേഴ്സ് ഓഫ് മേരി കോൺവെന്റിൽ നിന്നും ഭക്ഷണം എടു ത്തുകൊണ്ടുതരികയും ഒക്കെ ചെയ്തിരുന്ന മാത്തുകുട്ടിച്ചായൻ നൽകിയ കരുതലും പരിഗണനയും ഒരിക്കലും മറക്കാനാവാത്തതായിരുന്നു.

ഒരു ഞായറാഴ്ച രാവിലെ ജഹർ കോളനി പള്ളിയിലേയ്ക്ക് പോകാൻ തയ്യാറായി ഇറങ്ങിയപ്പോൾ മോട്ടോർ സൈക്കിളിന്റെ താക്കോൽ കാണാനില്ല. കുർബ്ബാനയ്ക്കു പോകാനുള്ള സമയവും വൈകുന്നു. പള്ളിയുടെ നേരെ എതിർവശത്ത് താമസിക്കുന്ന ഈട്ടിവിള അലക്സിന് ഒരു സുസുകി മോട്ടോർ സൈക്കിളുണ്ട്. ആ മോട്ടോർ സൈക്കിളും വാങ്ങി യാത്ര പുറപ്പെട്ടു. ജവഹർ കോളനിയിലെ വിശുദ്ധ കുർബ്ബാന കഴിഞ്ഞ് മടത്തറയിലെത്തി. അവിടുത്തെയും വി. കുർബ്ബാ നയ്ക്ക് ശേഷം തിരികെ പോകുവാനായി മോട്ടോർ സൈക്കിൾ സ്റ്റാർട്ടാ ക്കി. പള്ളിയിൽ നിന്നുമുള്ള വഴി തിരുവന്തപുരം ചെങ്കോട്ട മെയിൻ റോഡി ലേക്കുള്ള ഒരു കുത്തിറക്കമാണ്. മോട്ടോർ സൈക്കിളിന് ബ്രേക്ക് അല്പം കുറവാണെന്ന് ഫാ. തോമസ്സിന് തോന്നി. നേരെചെന്ന് മെയിൻ റോഡിലേക്ക് ചാടിയാലുള്ള അപകടത്തെ കുറിച്ച് ഒരു നിമിഷം ചിന്തി ച്ചു. പിന്നെ അധികമൊന്നുമാലോചിച്ചില്ല വണ്ടി നേരെ ഇടത്തേക്ക് വെട്ടി ച്ചിറക്കി. ഒരു റബ്ബർ മരത്തിന്റെ ചുവട്ടിൽ ചെന്ന് ഹാൻഡിൽ ബാർ തട്ടി മറിഞ്ഞുവീണു. ശബ്ദം കേട്ട് പള്ളിയിലും പരിസരത്തും ഉണ്ടായിരുന്ന വരെല്ലാം ഓടിയെത്തി മോട്ടോർ സൈക്കിൾ നിവർത്തി വികാരിയച്ചനെ എഴുന്നേൽപ്പിച്ചു. പെട്ടെന്ന് ഒരു ജീപ്പ് വിളിച്ച് ചോഴിയക്കോട് ഡി.എം. സിസ്റ്റേഴസ് നടത്തിയിരുന്ന ഹോസ്പിറ്റലിലെത്തിച്ചു. പുറമെ പരിക്കു കൾ ഒന്നും ഉണ്ടായിരുന്നില്ല. പക്ഷേ ഇടത് കയ്യുടെ സന്ധിബന്ധങ്ങളിൽ അല്പം വേദന അത്രമാത്രം. ആശുപത്രിയിലന്നുണ്ടായിരുന്ന ഏക ഡോക്ടർ ഇതിനോടകം ചോഴിയക്കോട് പള്ളിയിൽ വി. കുർബ്ബാന യ്ക്കായി പോയിരുന്നു. ഹോസ്പിറ്റലിൽ നിന്നും 200 മീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഇടവക ദേവാലയത്തിലേക്ക് ആരോ ഓടിച്ചെന്ന് ഡോക്ടറെ വിളിച്ചുകൊണ്ടുവന്നു. ഒപ്പം ഇടവകപ്പള്ളിയിൽ പ്രഭാത പ്രാർത്ഥനയിൽ സംബന്ധിച്ചിരുന്ന വിശ്വാസികൾക്കിടയിൽ ആ വാർത്ത പരന്നു. “വികാരിയച്ചന് മോട്ടോർ സൈക്കിൾഅപകടം പറ്റി. ഹോസ്പി റ്റലിൽ കൊണ്ടു വന്നിരിക്കുന്നു.” അവരെല്ലാവരും പ്രഭാത പ്രാർത്ഥന അവിടെ അവസാനിപ്പിച്ചിട്ട് ഹോസ്പിറ്റലിലേക്കോടിയെത്തി. ഡോക്ടർ വന്നു പരിശോധിച്ചപ്പോൾ കാര്യമായ പ്രശ്നങ്ങളൊന്നുമില്ല. അങ്ങനെ ആ യുവ വികാരി തന്റെ ദൈവജനത്തെയും കൂട്ടി ആശുപത്രിയിൽ നിന്നും പള്ളിയിലെത്തി മൂന്നാമത്തെ കുർബ്ബാനയും അർപ്പിച്ചു.

ചോഴിയക്കോട് പള്ളിമേടയുടെ പുറകിൽ അല്പം മാറിയായിരുന്നു സെമിത്തേരി. ഇടവകയിലെ ഒരു യുവതി ക്യാൻസർ ബാധിച്ച് മരിച്ചു.



www.malankaralibrary.com

ഭർത്താവും ഒരു പിഞ്ചു കുഞ്ഞുമുള്ള കുടുംബമായിരുന്നു അത്. സംസ്കാരം അന്നുതന്നെ നടത്തപ്പെട്ടു. മൊബൈൽ മോർച്ചറികളൊന്നും അന്ന് അത്ര സാധാരണമായിരുന്നില്ല. തന്മൂലം മുംബൈയിലായിരുന്ന ഭർത്താവ് വരുവോളം മൃതശരീരം വീട്ടിൽ സൂക്ഷിക്കുവാൻ സാധിക്കുകയില്ലായിരുന്നു. ഉച്ചയോട് കൂടി മൃതസംസ്കാരം സെമിത്തേരിയിൽ നടന്നു. അന്ന് രാത്രി ഏതാണ്ട് പതിനൊന്നുമണി കഴിഞ്ഞപ്പോൾ വികാരിയച്ചൻ താമസിക്കുന്ന മേടയുടെ കതകിൽ ആരോ മുട്ടുന്ന ശബ്ദം. ഫാ. തോമസ് എഴുന്നേറ്റ് ജനൽ തുറന്ന് നോക്കി. ഉച്ചയ്ക്ക് മൃതസംസ്കാരം നടത്തിയ യുവതിയുടെ ഭർത്താവാണ്. അച്ചൻ വാതിൽ തുറന്നു. സംസാരിച്ചപ്പോൾ അയാൾക്ക് അപ്പോൾ തന്നെ സെമിത്തേരിയിൽ പോകണം. തന്റെ ഭാര്യയെ അടക്കിയിരിക്കുന്ന സ്ഥലം അച്ചൻ കാണിച്ചു കൊടുക്കണം. വൈദികനായിട്ട് കഷ്ടിച്ച് ഒരു വർഷം മാത്രം പൂർത്തിയാക്കിയ വികാരിയച്ചന് ആ സമയത്ത് അയാളോടൊപ്പം സെമിത്തേരിയിൽ പോകുന്നതിന് അല്പം ഭയാശങ്കകൾ തോന്നി. ആയതിനാൽ പള്ളിയോട് ചേർന്ന് താമസിക്കുന്ന പൂവണ്ണുനിൽക്കുന്നതിൽ വീട്ടിലെ സാറിനെ രാത്രിയിൽ വിളിച്ചുണർത്തി, കൂടെ വരാൻ എബ്രഹാം അഭ്യർത്ഥിച്ചു. സാർ ഉറക്കച്ചുവടോടെ അകത്ത് ചെന്ന് ഒരു വലിയ ടോർച്ച് എടുത്തുകൊണ്ടു തന്നിട്ടുപറഞ്ഞു. "അച്ചൻ ഒന്നു കൊണ്ടും പേടിക്കേണ്ട. ഇതും തെളിച്ചുകൊണ്ട് അങ്ങ് പോയാൽ മതി." അല്പം ഭയം തോന്നിയെങ്കിലും ഫാ. തോമസിന്റെ ഉള്ളിലെ അജപാലകന്, ഭാര്യ നഷ്ടപ്പെട്ട ആ മനുഷ്യന്റെ അപ്പോഴത്തെ അവസ്ഥയ്ക്ക് മുന്നിൽ കണ്ണടയ്ക്കാൻ തോന്നിയില്ല. ആ ടോർച്ചും വാങ്ങി അയാളെയും കൂട്ടി കുന്നിന് മുകളിലെ സെമിത്തേരിയിലേക്ക് നടന്നു. തന്റെ ഭാര്യയെ സംസ്കരിച്ചിരുന്ന സ്ഥലം അയാൾക്ക് കാട്ടി കൊടുത്തു. കൈകളിൽ കരുതിയിരുന്ന മെഴുകുതിരികൾ ആ കുഴിമാടത്തിൽ കത്തിച്ചു വച്ചിട്ട് അയാൾ ഏങ്ങലടിച്ച് കരഞ്ഞു. ഒരുവിധം സമാശ്വസിപ്പിച്ച് അയാളെ വീട്ടിലേക്ക് പറഞ്ഞയച്ചു. ഫാ. തോമസ് തിരികെ തന്റെ മുറിയിലെത്തി വീണ്ടും ഉറങ്ങാൻ കിടന്നപ്പോൾ രാത്രി ഏതാണ്ട് പന്ത്രണ്ട് മണി കഴിഞ്ഞിരുന്നു.

ഇതിനോടകം മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അദ്ധ്യക്ഷനും തിരുവനന്തപുരം അതിരൂപതയുടെ തൃതീയ ആർച്ചുബിഷപ്പുമായി അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനി ചുമതലയേറ്റിരുന്നു. ചോഴിയക്കോടിനു സമീപമുള്ള കുളത്തുപ്പുഴ പള്ളിയിൽ പെരുനാളിനെത്തിയ അഭിവന്ദ്യ പിതാവിനെ ഒരു അനൗദ്യോഗിക സന്ദർശനത്തിനായി ഫാ. തോമസ് ചോഴിയക്കോട് ഇടവകയിലേക്ക് ക്ഷണിച്ചു. ആ ക്ഷണം സസന്തോഷം ഏറ്റെടുത്ത അഭിവന്ദ്യ പിതാവ് ഉച്ചതിരിഞ്ഞ് ഇടവക ദേവാലയത്തിലെത്തി. പെട്ടെന്നുള്ള സന്ദർശനമായിരുന്നതുകൊണ്ട് വിരലിലെണ്ണാവുന്ന വിശ്വാസികൾ മാത്രമേ ദേവാലയത്തിലുണ്ടായിരുന്നുള്ളൂ. എല്ലാവരും കൈകളിൽ കത്തുന്ന തിരികളുമായി പ്രധാന വാതിൽക്കൽ നിന്നും പള്ളിയുടെ ഉള്ളിലേക്ക് അഭിവന്ദ്യ പിതാ



www.malankaralibrary.com





വിനെ സ്വീകരിച്ചു. പള്ളിയിലെത്തി 9-ാം മണിയുടെ നമസ്കാരത്തിനു ശേഷം അഭിവന്ദ്യ പിതാവ് എല്ലാവരോടും ഇടവകയുടെ വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. "അച്ചനിവിടെ എത്തിയിട്ട് എത്രകാലമായി?" ഫാ. തോമസിനോടായി അഭിവന്ദ്യ പിതാവ് ആരാഞ്ഞു. "ഒമ്പതു മാസം" ഫാ. തോമസ് മറുപടി പറഞ്ഞു. പള്ളിമേടയിൽ തയ്യാറാക്കിയ ലളിതമായ ചായ സല്ക്കാരത്തിനു ശേഷം അഭിവന്ദ്യ പിതാവ് തിരുവനന്തപുര ത്തേക്ക് യാത്രയായി.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ തിരുവനന്തപുരം അതിരൂപതയിലെ മുഴു വൻ വൈദികരുടെയും ഒരു സമ്മേളനം അഭിവന്ദ്യ പിതാവ് മലങ്കര മേജർ സെമിനാരിയിൽ വിളിച്ചു കൂട്ടി. ഈ സമ്മേളനത്തിടയിൽ ഉച്ചഭക്ഷണം കഴിഞ്ഞ് സമ്മേളന ഹാളിലേക്ക് നടന്നു കൊണ്ടിരുന്ന ഫാ. തോമസിന്റെ അരികിലെത്തി അഭിവന്ദ്യ പിതാവ് തോളിൽ തട്ടികൊണ്ടു പറഞ്ഞു. "അച്ചനെ ഞാൻ ചോഴിയക്കോടു നിന്നും അരമനയിലേക്ക് വിളിക്കുക യാണ്. അതിരൂപതാ ചാൻസിലറായിട്ടായിരിക്കും നിയമനം." കേവലം 27 വയസ്സ് മാത്രം പൂർത്തിയാക്കിയ ഫാ. തോമസിനെ സംബന്ധിച്ചിട ത്തോളം തികച്ചും അവിശ്വസനീയമായിരുന്നു ഈ അറിയിപ്പ്. ആ സ മ്മേളനം കഴിഞ്ഞ് തിരികെയെത്തിയ ഫാ. തോമസിന്റെ മനസ്സിലൂടെ നിരവധി ചിന്തകൾ കടന്നുപോയി. കാനൻ നിയമത്തിൽ റോമിൽ നിന്നും ഡോക്ട്രേറ്റ് നേടിയ ബഹു. ജോസഫ് ഞായല്ലൂരച്ചൻ ഏതാണ്ട് 30 വർഷ ങ്ങളോളമായി അലങ്കരിച്ചിരുന്ന 'അതിരൂപതാ ചാൻസിലർ' സ്ഥാനം പട്ടം കിട്ടിയിട്ട് കേവലം ഒരു വർഷം മാത്രം പൂർത്തിയാക്കിയ തന്നെ ഭാര മേൽപിക്കുന്നതിന്റെ ഉദ്ദേശ്യമെന്തായിരിക്കും? ദൈവശാസ്ത്ര പഠനകാ ലത്ത് താൻ തയ്യാറാക്കി അയച്ചുകൊടുത്ത ആ ലേഖനം അഭിവന്ദ്യ പിതാവ് വായിച്ചിട്ടാണോ ഈ നിയമനം. ബലഹീനനായ തന്നെ വഴി നടത്തണേ എന്ന പ്രാർത്ഥനയോടെയാണ് അന്ന് ഉറങ്ങാൻ കിടന്നത്.



www.malankaralibrary.com

## അദ്ധ്യായം -12

# സഭാനിയമത്തിന്റെ വഴിത്താരയിലേക്ക്

**കേ**വലം ഒമ്പത് മാസമേ ചോഴിയക്കോട് വികാരിയായി കഴിഞ്ഞുള്ളൂ എങ്കിലും അവിടെ നിന്നുമുള്ള കടന്നു പോകൽ ഏറെ വിഷമകരമായിരുന്നു. പുത്രതുല്യമോ സഹോദര തുല്യമോ ഒക്കെയായി സ്നേഹവും കരുതലും നൽകിയ ഇടവകകളിലെ വിശ്വാസി സമൂഹം, സി. ഫ്ളോറൻസിന്റെ നേതൃത്വത്തിൽ അജപാലന ശുശ്രൂഷയിൽ സഹായിക്കുകയും അന്നദാതാക്കളായി വർത്തിക്കുകയും ചെയ്ത ഡോട്ടേഴ്സ് ഓഫ് മേരി സന്ന്യാസിനീ സമൂഹത്തിലെ സിസ്റ്റേഴ്സ്. ഇവരെല്ലാം ഒരു വൈദികന്റെ ആദ്യകാല പ്രേഷിത ജീവിതത്തിൽ ചെലുത്തിയ സ്വാധീനം വളരെ വലുതായിരുന്നു. പ്രത്യേകിച്ച് യാത്രയയപ്പ് സമ്മേളനങ്ങളോ സമ്മാന നല്കലോ ഒന്നും ഉണ്ടായില്ല. എങ്കിലും പോകുന്ന ദിവസം –1996 ഏപ്രിൽ 20 –അവരെല്ലാം ജീപ്പുകളിൽ ഫാ. തോമസിനെ അനുഗമിച്ചു അരമന വരെ. എല്ലാവർക്കും അരമനയിൽ ചായ സല്ക്കാരം ക്രമീകരിച്ചിരുന്നു. പിരിഞ്ഞു പോകുന്നതിനുമുമ്പ് ഹസ്തദാനം നൽകുന്നതിന് ഫാ. തോമസിന്റെ അടുത്തെത്തിയ പലരുടെയും കണ്ണുകൾ സജലങ്ങളായിരുന്നു.

അരമനയിൽ മൂന്നാമത്തെ നിലയിലായിരുന്നു താമസിക്കുവാനുള്ള മുറി ലഭിച്ചത്. തൊട്ടടുത്ത മുറിയിൽ താമസിക്കുന്നത് അതിരൂപതയുടെ സാമ്പത്തിക വിഭാഗം കൈകാര്യം ചെയ്തിരുന്ന ബഹു. തോമസ് പ്ലാവിള അച്ചൻ. പുറമെ അല്പം പരുക്കനെന്ന് തോന്നുമെങ്കിലും ഉള്ളിൽ ഏറെ ഹൃദയാർദ്രത ഉള്ള ഒരു വ്യക്തിയായിരുന്നു ബഹു. പ്ലാവിളയച്ചൻ. മുറിയിൽ കയറി സാധാനങ്ങളൊക്കെ അടുക്കിവെച്ച് കുളികഴിഞ്ഞപ്പോഴേക്കും സന്ധ്യാപ്രാർത്ഥനയ്ക്കു സമയമായി. പുതിയ ഔദ്യോഗിക ജീവിതത്തിനു വേണ്ട കൃപകളും അനുഗ്രഹങ്ങളും നൽകണമേ എന്ന് ഫാ. തോമസ് ദിവ്യകാരുണ്യ നാഥന്റെ മുമ്പിൽ മുട്ടുകുത്തി ആത്മാർത്ഥമായി പ്രാർത്ഥിച്ചു. അത്താഴത്തിനുശേഷം അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് പിതാവിന്റെ മുറിയിലെത്തിയ ഫാ. തോമസിനോട് പുതിയ ഔദ്യോഗിക ജീവിതത്തിന്റെ വിശദാംശങ്ങൾ പിതാവ് വ്യക്തമാക്കി. അതിരൂപതയുടെ പ്രത്യേക നിയമങ്ങൾ പരിഷ്കരിക്കുക, അജപാലന സമിതി, വൈദിക സമിതി തുടങ്ങിയവയുടെ നിയമാവലികൾ നിർമ്മിക്കുക തുടങ്ങിയ ജോലികളെക്കുറിച്ചുള്ള വിശദീകരണങ്ങൾ നൽകി. ഭാരതത്തിലെ സഭാനിയമ വിദഗ്ദ്ധരിൽ അഗ്രഗണ്യനായ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് പിതാവിന്റെ വൈജ്ഞാനിക പിന്തുണ ഫാ. തോമസിന് ഒരു വലിയ തോതിൽ അനുഭവപ്പെട്ടു. കഴക്കൂട്ടം ചന്തവിള,



www.malankaralibrary.com

ചാന്നാൻകര തുടങ്ങിയ ഇടവകകളുടെ ചുമതലകൾ പുതുതായി ലഭിക്കുകയും ആറ്റിങ്ങൽ ഇടവകയുടെ ചുമതലയിൽ തുടരുകയും ചെയ്തു.

ചോഴിയക്കോട് നിന്നും പോരുമ്പോൾ കവാസാക്കി മോട്ടോർ സൈക്കിൾ ഇടവകാംഗമായ സെബാസ്റ്റ്യന് വിലയ്ക്ക് നൽകിയിട്ടാണ് പോന്നത്. അരമനയിൽ നിന്നും മിഷനുകളിലേയ്ക്ക് യാത്ര ചെയ്യുന്നതിന് ഒരു വാഹനം വീണ്ടും ആവശ്യമായി വന്നു. അപ്പോഴാണറിഞ്ഞത് കേശവദാസപുരത്തെ ക്ലേർജി ഹൗസിൽ പ്രായമായ വൈദികരുടെ ചുമതല നോക്കിനടത്തുന്ന ഫാ. ചെറിയാൻ മായിക്കലിന്റെ വശം ഒരു റോയൽ എൻഫീൽഡ് മോട്ടോർ സൈക്കിൾ വിൽക്കാനുണ്ടെന്ന്. ബഹു. മായിക്കലച്ചോനോട് സംസാരിച്ച് വില പറഞ്ഞുറപ്പിച്ച് മോട്ടോർ സൈക്കിൾവാങ്ങി. ഞായറാഴ്ച രാവിലെ 6.30 ന് ചന്തവിള, 9.00 ന് ചാന്നാങ്കര, 11.00 ന് ആറ്റിങ്ങൽ എന്നിങ്ങനെയുള്ള സമയക്രമത്തിൽ മൂന്ന് ഇടവകളിലും വി. കുർബ്ബാന അർപ്പിച്ചു. ചന്തവിള ഇടവകയിലെ വി. കുർബ്ബാനയ്ക്ക് കഴക്കൂട്ടം സൈനിക സ്കൂളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും എത്തുമായിരുന്നു. സൈനിക സ്കൂളിലെ അദ്ധ്യാപകനായ ബഹു. സൈമൺ പീറ്റർ സാറായിരുന്നു ചന്തവിള ഇടവകയിലെ സണ്ടേസ്കൂൾ പ്രഥമാദ്ധ്യാപകൻ. കുട്ടികളുടെ സർവതോമുഖമായ പുരോഗതിയിൽ ഈ അദ്ധ്യാപകൻ സദാ ശ്രദ്ധാലുവായിരുന്നു. അദ്ദേഹത്തിന്റെ മൂന്നു പെൺകുട്ടികളും ഇടവകയുടെ പ്രവർത്തനങ്ങളിലും സണ്ടേ സ്കൂളിലും ഏറെ സജീവമായിരുന്നു. പീറ്റർ സാറിന്റെ ഇളയ മകൾ ബിബിത സ്റ്റേറ്റ് പത്താംക്ലാസ് പരീക്ഷയിലെ റാങ്ക് ഹോൾഡറായി വിജയിച്ചു. മാർ ഈവാനിയോസ് പിതാവിന്റെ അനുസ്മരണയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ അവാർഡിന് ഫാ. തോമസ് ഈ വിദ്യാർത്ഥിനിയെ ശുപാർശ ചെയ്യുകയും, 1997ലെ മാർ ഈവാനിയോസ് ദിനത്തിൽ ഈ അവാർഡ് ആർച്ചുബിഷപ്പ് തിരുമേനിയുടെ കയ്യിൽ നിന്നും ഏറ്റു വാങ്ങുന്നതിന് അവസരമൊരുക്കുകയും ചെയ്തു.

1996 സെപ്റ്റംബർ 7-ന് ആർച്ചുബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ് തിരുമേനി ആറ്റിങ്ങൽ മിഷൻ കേന്ദ്രത്തിലേക്ക് കടന്നുവന്നു. ഓലക്കുടിലിൽ പ്രവർത്തിക്കുന്ന മിഷൻ കേന്ദ്രത്തിന്റെ ശോച്യാവസ്ഥ മനസ്സിലാക്കുകയും അടിയന്തിരമായി ഒരു ചെറിയ ദേവാലയ നിർമ്മാണത്തിനുള്ള സഹായം വാഗ്ദാനം ചെയ്യുകയും ചെയ്തു.

അരമനയിൽ താഴത്തെ നിലയിൽ ചാൻസിലറുടെ ഓഫീസ് സജ്ജമായി. ഒരു എസ്.റ്റി.ഡി. ഫോൺ അനുവദിച്ചു കിട്ടി. നിയമ നിർമ്മാണം, വിശ്വാസികളുടെ വിവാഹസംബന്ധമായ നിയമനടപടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ തന്നെ മുന്നോട്ട് പോയി. അങ്ങനെയിരിക്കെ അരമനയിൽ ഓഫീസ് നമ്പരിലേക്ക് ഫാ. തോമസിന് ഒരു ഫോൺ കോൾ വന്നു.



www.malankaralibrary.com

"ഇത് ഫാ. തോമസ് കുഴിനാപ്പുറത്താണോ?"

"അതേ."

"താങ്കളാണോ. 'പാളം തെറ്റുന്ന കൗമാരം' എന്ന ലേഖനം അടുത്തിടെ 'വിജ്ഞാന കൈരളി'യിൽ പ്രസിദ്ധീകരിച്ചത്?"


"അതെ"

"എന്നാൽ ഞങ്ങൾക്ക് ഫാദറിനെ ഒന്ന് കാണണം. എപ്പോഴാണ് സൗകര്യപ്പെടുക?"

"എനിക്ക് പ്രത്യേകിച്ച് അസൗകര്യങ്ങളൊന്നുമില്ല; നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും വരാം."

ഫാ. തോമസ് എഴുതിയ "പാളം തെറ്റുന്ന കൗമാരം" എന്ന ലേഖനം ആയിടെ കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖപ്പത്രമായ 'വിജ്ഞാനകൈരളി' യിൽ പുനഃപ്രസിദ്ധീകരിച്ചു വന്നിരുന്നു.

ആ ഫോൺ വിളിയുടെ കർത്താക്കളെ കാത്തിരിക്കുമ്പോൾ ഫാ. തോമസിന്റെ മനസ്സിലൂടെ പല ചിന്തകളും കടന്നുപോയി. കേരളത്തിലെ കൗമാര പ്രായക്കാർക്കിടയിൽ കണ്ടുവരുന്ന കുറ്റവാസന സംബന്ധിച്ച ഏറെ കണക്കുകൾ ഉദ്ധരിക്കുന്ന ഒരു ലേഖനമായിരുന്നു 'പാളം തെറ്റുന്ന കൗമാരം'. അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പോലീസ് അന്വേഷണവുമാണോ. എന്തായാലും മനഃസാന്നിധ്യത്തോടെ കാത്തിരിക്കാം. ഉച്ച തിരിഞ്ഞ് ഏതാണ്ട് മൂന്നു മണി സമയമായപ്പോൾ മധ്യവയസ്സ് കഴിഞ്ഞ ഒരാളും ഒരു ചെറുപ്പക്കാരനും ഫാ. തോമസിനെ തേടി അരമനയിലെ ചാൻസിലറുടെ ഓഫീസിലെത്തി. മദ്ധ്യവയസ്കൻ മുണ്ടും ഷർട്ടുമായിരുന്നു ധരിച്ചിരുന്നത്. മുഖത്ത് കറുത്ത ഫ്രെയിമോടുകൂടിയ ഒരു കണ്ണട ധരിച്ചിരുന്നു. ഫാ. തോമസ് എഴുന്നേറ്റ് നിന്ന് ഇരുവരോടും ഇരിക്കാൻ അഭ്യർത്ഥിച്ചു. മദ്ധ്യവയസ്കൻ സ്വയം പരിചയപ്പെടുത്തി. "ഞാൻ ഹുസൈൻ, കേരളാ സർവ്വകലാശാല പ്രസിദ്ധീകരണ വിഭാഗത്തിൽ ജോലിചെയ്യുന്നു. ഇത് എന്നോടൊപ്പം ജോലി ചെയ്യുന്നയാളാണ്." "വളരെ സന്തോഷം സാർ. വന്നതിന്റെ ഉദ്ദേശ്യം" "ഫാദറെഴുതി 'വിജ്ഞാന കൈരളി'യിൽ പ്രസിദ്ധീകരിച്ച ലേഖനം, പ്രീഡിഗ്രി മലയാള പാഠപുസ്തക സമിതി അംഗമായ ഡോ. സാമുവേൽ കാട്ടുകല്ലിൽ (സാമുവേൽ മാർ ഐറേനിയോസ് തിരുമേനി) സമിതിയിലെ മറ്റംഗങ്ങൾക്ക് പരിചയപ്പെടുത്തി. എല്ലാവരും ആ ലേഖനം പഠിച്ചു.



**സാമുവേൽ മാർ ഐറേനിയോസ് തിരുമേനി**



www.malankaralibrary.com

ഭാഷാ സവിശേഷത കൊണ്ടും വിഷയത്തിന്റെ പ്രാധാന്യം കൊണ്ടും ആ ലേഖനം 1998-ലെ പ്രീഡിഗ്രി മലയാള സാഹിത്യ പാഠപുസ്തകത്തിലുൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്."

ഫാ. തോമസിനെ സംബന്ധിച്ചിടത്തോളം അത് തികച്ചും അവിശ്വസനീയമായ ഒരു അറിയിപ്പായിരുന്നു. താൻ 22-ാം വയസ്സിൽ രചിച്ച്, കാര്യമായ വ്യത്യസങ്ങളൊന്നും കൂടാതെ പുന:പ്രസിദ്ധീകരിച്ച ലേഖനം പ്രീഡിഗ്രിയുടെ പാഠ്യവിഷയമാകുന്നു. ഒരു നിമിഷം സ്തബ്ധനായി ഇരുന്നു പോയി.

"ആയതിലേക്ക് ഫാദറിന്റെ സമ്മതപത്രം ഒപ്പിട്ടുവാങ്ങുന്നതിനു വേണ്ടിയാണ് ഞങ്ങൾ വന്നത്. പ്രസിദ്ധീകരണം കഴിയുമ്പോൾ തക്കതായ പ്രതിഫലവും സർവ്വകലാശാല നൽകുന്നതായിരിക്കും."

അവർ യാത്ര പറഞ്ഞിറങ്ങുമ്പോൾ എന്തെന്നില്ലാത്ത സന്തോഷവും സംതൃപ്തിയും തോന്നി. മാർ ഈവാനിയോസ് കോളേജിൽ ബർസാറായിരിക്കുന്ന ഫാ. സാമുവേൽ കാട്ടുകല്ലിലിനെ ഫോൺ വിളിച്ച് ഉടൻ തന്നെ കൃതജ്ഞത അർപ്പിച്ചു.

1998-ൽ പ്രസിദ്ധീകൃതമായ "ഭാഷാതിലകം-ഒന്നാം ഭാഗം" എന്ന കേരള സർവ്വകലാശാലയുടെ പ്രീഡിഗ്രി മലയാള സാഹിത്യ പാഠപുസ്തകത്തിന്റെ ഗദ്യവിഭാഗത്തിൽ "പാളം തെറ്റുന്ന കൗമാരം" വെളിച്ചം കണ്ടു.

അങ്ങനെയിരിക്കെ ഒരു ദിവസം റോമിൽ നിന്നും ഒരു ഫോൺകോൾ ഫാ. തോമസിന് ലഭിച്ചു.

"ഇത് റോമിൽ നിന്നും, ഫാ. ഐസക്ക് തോട്ടുങ്കലാണ് (പ.ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ)."

"ഗുഡ് മോണിംഗ് അച്ചോ".

"ഗുഡ് മോണിംഗ്. അച്ചനു സുഖാണോ?, പിതാവ് റോമിലെത്തുമ്പോൾ വിവരങ്ങളെല്ലാം പറയാറുണ്ട്."

"സുഖമാണച്ചോ. അച്ചനും സുഖമായിരിക്കുന്നല്ലോ, അല്ലേ."

"അതെ, ഞാനിപ്പോൾ വിളിച്ചത്, ആർച്ചുബിഷപ്പ് തിരുമേനിയെ കുറിച്ച് ഞാനൊരു പുസ്തകം പ്രസിദ്ധീകരിക്കുവാൻ തയ്യാറാക്കി വരികയാണ്. അച്ചന്റെ 'മലങ്കര കത്തോലിക്കാ സഭയുടെ വ്യക്തിത്വം' എന്ന ലേഖനവും അതിലുൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. അതോടൊപ്പം അതിന്റെ പ്രിന്റിംഗും മറ്റും അച്ചന്റെ ഉത്തരവാദിത്വത്തിൽ നിർവ്വഹിച്ചു തരണം."

"സന്തോഷമേ ഉള്ളച്ചോ. എല്ലാം ഭംഗിയായി ചെയ്യാം." പിന്നീട് കാര്യങ്ങൾ വേഗത്തിലായിരുന്നു മുന്നോട്ട് പോയത്. ആയിടെ റോമിൽ പോയിട്ട്



www.malankaralibrary.com

തിരികെ എത്തിയ ഒരാൾ വശം പുസ്തകത്തിന്റെ 'മാറ്റർ' കൊടുത്തുവിട്ടു. നെടുമങ്ങാട്ട് ബഥനി പ്രസ്സിന്റെ മാനേജർ ഫാ. വർഗ്ഗീസ് തൈക്കൂട്ടത്തിലിനെ വിളിച്ച് പുസ്തകത്തിന്റെ പ്രിന്റിംഗ് ചുമതല ഏല്പിച്ചു. അദ്ദേഹം കൃത്യസമയത്ത് 'പ്രൂഫ്' അരമനയിലെത്തിച്ചു. അതെല്ലാം പരിശോധിച്ച്, അത്യാവശ്യം വേണ്ട ഭാഷാ പരിഷ്കരണങ്ങളൊക്കെ നടത്തി. കവർ ഡിസൈൻ ചെയ്യുന്നതിനായി ഫാ. തോമസിന്റെ സുഹൃത്തായ സി.സി. തോമസിനെ ഏല്പിച്ചു. അപ്രകാരം അണിയിച്ചൊരുക്കിയ പുസ്തകമായിരുന്നു, "സഭയ്ക്കും സമൂഹത്തിനുമായി."

ഇതോടൊപ്പം ഫാ. തോമസിന്റെ മനസ്സിലും ഒരു ആഗ്രഹം അങ്കുരിച്ചു. തന്റെ ഇതുവരെ പ്രസിദ്ധീകൃതമായ ലേഖനങ്ങളുടെ ഒരു സമാഹാരം പ്രസിദ്ധീകരിച്ചാലോ. ഇക്കാര്യം റോമിലുള്ള ഫാ. ഐസക് തോട്ടുങ്കലുമായി ഫോണിലൂടെ ചർച്ച ചെയ്തു. അദ്ദേഹം അതിന് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു. പിന്നീട് കാര്യങ്ങൾ വളരെ വേഗം മുന്നോട്ട് നീങ്ങി. മൂത്ത സഹോദരി മേരിയുടെ മകൾ സോളി മുഴുവൻ ലേഖനങ്ങളും പകർത്തിയെഴുതി. കോട്ടയത്ത് വി.ജി. പ്രിന്റേഴ്സിലാണ് പുസ്തകം അച്ചടിക്കാൻ ഏല്പിച്ചത്. കൊറിയറിൽ പ്രൂഫ് അയച്ചുതരും. അത് പരിശോധിച്ച് തിരുത്തിയതിനു ശേഷം വേഗം തിരിച്ചയച്ചു. കവർ പേജ് സുഹൃത്തായ ഉദയൻ റസ്സൽപുരം ഡിസൈൻ ചെയ്തു നൽകി. പുസ്തകത്തിന് "ദൈവജനം" എന്ന് പേരുനൽകാൻ നിശ്ചയിച്ചു. അന്വേഷണം, ആസ്വാദനം, സമീപനം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി പുസ്തകത്തിലെ ലേഖനങ്ങൾ ക്രമപ്പെടുത്തി. അവതാരിക ആർച്ചുബിഷപ്പ് തിരുമേനി തന്നെ നൽകാമെന്ന് സമ്മതിച്ചു. ഇനി ഒരു ആമുഖപഠനം ആവശ്യമാണ്. ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതിനായി മാർ ഈവാനിയോസ് കോളേജിൽ പോയി ഫാ. സാമുവേൽ കാട്ടുകല്ലി



**ഫാ. തോമസ് ഡോ. ഡി. ബാബു പോളുമൊത്ത്**



www.malankaralibrary.com

ലുമായി സംസാരിച്ചു. ഇതിന് ഏറ്റവും അനുയോജ്യൻ കേരളസംസ്ഥാന സാംസ്കാരിക വകുപ്പ് സെക്രട്ടറിയും അഡീഷണൽ ചീഫ് സെക്രട്ടറിയുമായ ഡോ. ഡി.ബാബുപോൾ ആണെന്ന് തീരുമാനിച്ചു. ഫാ. കാട്ടുകല്ലിൽ തന്റെ ഓഫീസിൽ നിന്നും അപ്പോൾ തന്നെ ഫോൺ ചെയ്ത് ബാബുപോൾ സാറുമായുള്ള കൂടിക്കാഴ്ചയ്ക്ക് അപ്പോയിന്റ്മെന്റ് എടുത്തു. അടുത്ത ദിവസം തന്നെ ഫാ. സാമുവേൽ കാട്ടുകല്ലിലും ഫാ. തോമസും ചേർന്ന് ബാബുപോൾ സാറിനെ കാണുവാനായി തിരുവനന്തപുരം കുറവാൻകോണത്ത് 'മമ്മീസ് കോളനി' യിലുള്ള അദ്ദേഹത്തിന്റെ വസതിയിലെത്തി. അതൊരു ദീർഘകാല പരിചയത്തിന്റെ തുടക്കമായിരുന്നു. പുസ്തകത്തിന്റെ പ്രൂഫ് സാറിനെ ഏല്പിച്ചു. അത് ഒന്ന് ഓടിച്ച് നോക്കിയശേഷം അടുത്ത ആഴ്ച പഠനം തയ്യാറാക്കി തരാമെന്ന് സമ്മതിച്ചു. ചായ സല്ക്കാരത്തിനുശേഷം യാത്ര പറഞ്ഞിറങ്ങി. അഞ്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഫാ. തോമസിനെ അതിശയിപ്പിച്ചു കൊണ്ട് പത്തു പേജു വരുന്ന 'ഉപോദ്ഘാതം' എന്ന പേരോടുകൂടിയ ആമുഖ പഠനം ഡോ. ബാബു പോൾ ടൈപ്പ് ചെയ്തു തയ്യാറാക്കി ആൾ വശം കൊടുത്തുവിട്ടു.

പുസ്തകത്തിന്റെ പ്രിന്റിംഗ് ഏതാണ്ട് പൂർത്തിയായി. 'പ്രകാശനം കർമ്മം' ഒരു ചെറിയ ചടങ്ങായി നടത്തണമെന്നുണ്ടായിരുന്നു ഫാ. തോമസിന്. അതിനെക്കുറിച്ച് ആർച്ചുബിഷപ്പ് തിരുമേനിയുമായി ആലോചിച്ചപ്പോൾ പണി പൂർത്തിയായി കൊണ്ടിരിക്കുന്ന പുതിയ അരമന കെട്ടിടത്തിന്റെ കൂദാശയോടനുബന്ധിച്ച് നടത്താമെന്ന് മറുപടി നൽകി. അതനുസരിച്ച് 1998 മാർച്ച് 12 ന് അഭിവന്ദ്യ ആർച്ചുബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ് തിരുമേനി അഭിവന്ദ്യ പൗലോസ് മാർ ഫീലെക്സീനോസ് തിരുമേനിക്ക് ആദ്യ പ്രതി നൽകി കൊണ്ട് 'ദൈവജനം' പ്രകാശനം ചെയ്തു. ഫാ. തോമസിന്റെ രചനാജീവിതത്തിലെ പ്രഥമ ഗ്രന്ഥം അവിടെ പ്രകാശിതമാവുകയായിരുന്നു.

അപ്പോഴും ഫാ. തോമസിനെ ഒരു ചിന്ത അലട്ടിയിരുന്നു. വീട്ടിൽ അച്ചായനും അമ്മയും തനിച്ചേയുള്ളൂ. ഫോൺ വിളിക്കാൻപോലും സൗകര്യമില്ല. വീട്ടിലേക്ക് ഒരു ഫോൺ കണക്ഷൻ എടുക്കുവാൻ അനന്തിരവനായ സാമോനോട് ആവശ്യപ്പെട്ടിട്ട് ഇതുവരെയും നടന്നിട്ടില്ല. അമ്മയാണെങ്കിൽ നിരവധി രോഗപീഢകളാൽ വലഞ്ഞിരുന്ന ആളായിരുന്നു. വീട്ടിലേക്ക് വെള്ളംകൊണ്ടുവരുന്നത് രണ്ടു പുരയിടത്തിന് മുകളിലുള്ള കിണറ്റിൽ നിന്നുമായിരുന്നു. വെള്ളം നിറച്ച ബക്കറ്റുകളുമായി ഏതാണ്ട് 15–ഓളം ചവിട്ടുപടികൾ ഇറങ്ങി വേണമായിരുന്നു ഈ അറുപത്തഞ്ചുകാരിക്ക് വീട്ടിലേക്ക് വെള്ളം കൊണ്ടുവരേണ്ടത്. ഈ ചിന്ത ഫാ. തോമസിനെ ഏറെ അലട്ടിയിരുന്നു. അച്ചൻ ഇക്കാര്യം ജ്യേഷ്ഠൻമാരായ ജോസുമോനോടും അനിയൻ കുഞ്ഞിനോടും പങ്കുവച്ചു. ജോസുമോൻ ഇപ്പോൾ കോയമ്പത്തൂരിൽ എസ്.ജെ. ഇൻഡസ്ട്രീസ് എന്ന പേരിൽ ഒരു ചെറുകിട വ്യവസായ സ്ഥാപനം നടത്തുകയും അനിയൻ കുഞ്ഞ് കുവൈറ്റിൽ ഒരു കമ്പനിയിൽ സൂപ്പർവൈസറായി ജോലി നോക്കുകയു



www.malankaralibrary.com

മാണ്. ഇരുവരുടെയും സാമ്പത്തിക സ്ഥിതി ഒരുവിധം ഭദ്രമാണ്. വീട്ടിലേക്ക് വെള്ളം പമ്പ് ചെയ്യുന്ന ഒരു മോട്ടോർ വാങ്ങുന്നതിനു അവരിരുവരും ചേർന്ന് അച്ചന്റെ പേർക്ക് 5000 രൂപ അയച്ചു കൊടുത്തു. ചോഴിയക്കോട് വച്ച് പരിചയപ്പെട്ട ഒരു മോട്ടോർ കടയിലേക്ക് ഫോൺ വിളിച്ചു പറഞ്ഞതനുസരിച്ച് അരമനയിലെ ജോലിക്കാരനായ റോബർട്ടിനെയും കൂട്ടി 1996 സെപ്റ്റംബർ 10ന് റോയൽ എൻഫീൽഡ് ബുള്ളറ്റിൽ അരമനയിൽ നിന്നും പുറപ്പെട്ടു. ആ ഇരുചക്രവാഹനം കുറവൻകോണത്ത് എത്തിയപ്പൾ ഒരു അപകടത്തിൽപെട്ടു. ഒരു വളവിൽ വച്ച് എതിരെ വന്ന ഒരു ഫിയറ്റ് കാർ ശക്തമായി മോട്ടോർ സൈക്കിളിൽ ഇടിച്ചത് മാത്രമേ ഫാ. തോമസിന് ഓർമയുള്ളൂ. പിന്നീട് കണ്ണു തുറക്കുമ്പോൾ മെഡിക്കൽകോളേജിൽ ഐ.സി.യുവിലായിരുന്നു. റോബർട്ടിനെയും കാര്യമായ പരിക്കുകളോടെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.



**അപകടത്തെക്കുറിച്ച് മലയാള മനോരമ ഒന്നാം പേജിൽ പ്രസിദ്ധീകരിച്ച സചിത്ര റിപ്പോർട്ട്**

ഈ അപകടത്തെക്കുറിച്ച് പിന്നീട് അറിഞ്ഞ വിവരങ്ങൾ ഏറെ വിചിത്രമായിരുന്നു. അതിരൂപതയുടെ മുൻ ചാൻസിലർ ഫാ. ജോസഫ് ഞായല്ലൂരിന്റെ ഫിയറ്റ് കാറായിരുന്നു മോട്ടോർ സൈക്കിളിൽ വന്നിടിച്ചത്. ആ കാർ വർക്ക്ഷോപ്പിൽ പണിക്കായി കൊടുത്തതായിരുന്നു. അവിടെ നിന്നും ഒരു മെക്കാനിക്ക് ടെസ്റ്റ്ഡ്രൈവിനു വേണ്ടി കാർ ഓടിച്ചു വരികയായിരുന്നു. കുറവൻകോണത്തെ വളവിൽ വലതുവശം ചേർന്നാണ് കാർ അതിവേഗത്തിൽ എത്തിയത്. ഇടിച്ച ശേഷം ഇടതുവശത്തേക്ക് വേഗത്തിൽ വെട്ടിച്ച കാർ റോഡിന് താഴെ സ്ഥിതിചെയ്തിരുന്ന ഒരു വീടിന്റെ ഓടിട്ട മേൽകൂരയിൽ കയറിയാണ് നിന്നത്. 1996 സെപ്റ്റംബർ 11 ലെ മലയാള മനോരമദിനപ്പത്രം ഒരു ക്വാർട്ടർ പേജ് വലുപ്പമുള്ള ചിത്രം സഹിതം ഈ വാർത്ത വൻ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു.

മലങ്കര മേജർ സെമിനാരിയിലും നിരവധി സന്ന്യാസമഠങ്ങളിലും ആർച്ചുബിഷപ്പ് അറിയിച്ചതനുസരിച്ച് ഫാ. തോമസിനു വേണ്ടി പ്രത്യേക പ്രാർത്ഥനകൾ ആരംഭിച്ചു. മെഡിക്കൽ കോളേജിലേക്ക് വൈദികരും സിസ്റ്റേഴ്സും ഇടമുറിയാതെ എത്തിതുടങ്ങി. അഭിവന്ദ്യ പിതാവ് അപക



www.malankaralibrary.com

ടത്തിന്റെ ഗൗരവം മനസ്സിലാക്കി ആശുപത്രിയിലെത്തി രോഗീലേപന ശുശ്രൂഷയും നടത്തി. നാലാഞ്ചിറ ബഥനി മഠത്തിൽ നിന്നും ബന്ധുവായ സിസ്റ്റർ ആർദ്ര പരിചരണത്തിനായെത്തി. നെറ്റിയിലെയും കാലിലെയും മുറിവുകളിൽ പഞ്ഞികൊണ്ട് അമർത്തിതുടച്ചു. പലപ്പോഴും ഇത് വേദന കൂടുതലായി അനുഭവപ്പെടുന്നതിനിടയാക്കി.

അദ്ഭുതമെന്ന് പറയട്ടെ ഫാ. തോമസിന്റെ ആരോഗ്യസ്ഥിതി വേഗം മെച്ചപ്പെട്ടു. നിരവധി പേരുടെ മനമുരുകിയുള്ള പ്രാർത്ഥനയുടെ ഫലമെന്നേ പറയാനുള്ളൂ. രണ്ടാഴ്ചകൾക്കുള്ളിൽ അരമനയിൽ തിരികെയെത്തി. പക്ഷേ ഫാ. തോമസിന് വീണ്ടും ചില ശാരീരിക അസ്വസ്ഥതകൾ അനുഭവപ്പെട്ടതിനെ തുടർന്ന് തിരുവനന്തപുരത്ത് മുറിഞ്ഞപാലത്ത് പ്രവർത്തിക്കുന്ന ജീ.ജീ. ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. അവിടെ ഈ.എൻ.റ്റി. വിഭാഗത്തിലെ വിദഗ്ദ്ധനായ ഡോ. ജോൺ പണിക്കരുടെ നേതൃത്വത്തിൽ ഇടതുകണ്ണിനു മുകളിൽ വീണ്ടും ശസ്ത്രക്രിയയ്ക്ക് ഫാ. തോമസ് വിധേയനായി. ഇടത് കണങ്കാലിലും ചില ലഘു ശസ്ത്രക്രിയകൾ നടത്തി. ഇടതു വശത്തെ തലമുടി മുഴുവൻ ക്ഷൗരം ചെയ്ത് നീക്കി. അങ്ങനെ ഏതാനും ദിവസങ്ങൾ വീണ്ടും ആശുപത്രിവാസം. അതു കഴിഞ്ഞ് തിരികെയെത്തിയ ഫാ. തോമസിന്റെ രൂപഭാവങ്ങൾ ഏറെ പ്രത്യേകത നിറഞ്ഞതായിരുന്നു. ഒരു വശം മുഴുവൻ വടിച്ച തലയുമായെത്തിയ ഫാ. തോമസിനെ, അതിരൂപതാ വികാരി ജനറൽ മോൺ. കോശി വർഗ്ഗീസ് കിഴക്കേവീട്ടിലച്ചൻ (ജോഷ്വാ മാർ ഇഗ്നാത്യോസ് തിരുമേനി) ഫലിതരൂപേണ ഉപമിച്ചത് അക്കാലത്ത് ഏറ്റവും ശ്രദ്ധേയമായ ടി.വി. പരസ്യമായ പോപ്പിക്കുടയുടെ ആൺകുട്ടിയോടായിരുന്നു.



**ഫാ. തോമസിന്റെ കുടുംബവീട്**



www.malankaralibrary.com

അങ്ങനെ വിശ്രമത്തിന്റെ ഒരു മാസം കടന്നുപോയി. രോഗക്കിടക്കയിൽ അച്ചായനും അമ്മയും സഹോദരങ്ങളും ഒക്കെ വന്ന് കണ്ടിരുന്നുവെങ്കിലും വീണ്ടും അവരെ ഒക്കെ ഒന്ന് കാണണമെന്ന് തോന്നി. അരമനയിലെ കാറിൽ വീട്ടിലെത്തിയ ഫാ. തോമസിനെ കാണാൻ അയൽക്കാരെല്ലാം എത്തി. എല്ലാവരുടെയും മുഖത്ത് ആശ്വാസവും സന്തോഷവും നിറഞ്ഞു നിന്നിരുന്നു.

1996 നവംബർ 24-ന് ഫാ. തോമസ് വീണ്ടും തന്റെ ഔദ്യോഗിക ജീവിതവും പ്രേഷിത ജീവിതവും ആരംഭിച്ചു. ആറ്റിങ്ങൽ ഇടവകയിൽ ദേവാലയ നിർമ്മാണത്തിനുള്ള മൂലക്കല്ല് വന്ദ്യ മോൺ. കോശി വർഗ്ഗീസ് കിഴക്കേവീട്ടിലച്ചൻ ആശീർവദിച്ച് സ്ഥാപിച്ചു. ദേവാലയ നിർമ്മിതി ആരംഭിച്ചു. നിർമ്മാണം കോൺട്രാക്ട് അനുസരിച്ച് ഏതാണ്ട് 5 ലക്ഷം രൂപയ്ക്ക് പൂർത്തിയായി. ഇക്കാലയളവിൽ ശ്രീ. തോമസ് കൊട്ടാരംകുന്നിൽ, ശ്രീ. ജോർജ് റേഭവൻ, ശ്രീ. ജോസഫ് സേവ്യർ കളപ്പുരയ്ക്കൽ തുടങ്ങിയവരും കുടുംബാഗങ്ങളും ഇടവകാംഗങ്ങളായി ചേർന്നു. ഇടവകയിൽ പ്രേഷിതവൃത്തിക്കായി എത്തിയ സി. മരിയറോസ് ഡി.എം. ത്യാഗനിർഭരമായ മിഷൻ പ്രവർത്തനമാണ് ഇവിടെ നിർവഹിച്ചത്. ഭവന സന്ദർശനം രോഗീസന്ദർശനം തുടങ്ങിയ പ്രവർത്തനങ്ങളും സണ്ടേ സ്കൂളിന്റെ ഏകോപനവും സിസ്റ്ററിന്റെ ശ്രദ്ധ പതിഞ്ഞ മേഖലകളായിരുന്നു. ഇക്കാലയളവിൽ ആറ്റിങ്ങൽ ഇടവകയിലേക്ക് കടന്നുവന്ന സി. സ്റ്റെഫിനി, സി. ലിസ്സി മരിയ, സി. ജെരാർദ്, സി. സ്റ്റെല്ലാ ജോസ്, സി. ആനീസ്, സി. മേരി ജേക്കബ്, സി. ക്രിസ്പിൻ, സി. ഗ്രേസ് മാത്യു, സി. അൻസീന, സി ജെർമിയൻ, സി ആനിജോസഫ് തുടങ്ങിയവരുടെ സേവനങ്ങൾ ഫാ. തോമസ് പ്രത്യേകം ഓർക്കുന്നു.

1997 ആഗസ്റ്റ് 21-ന് ആറ്റിങ്ങലിലെ പുതിയ ദേവാലയത്തിന്റെ കൂദാശാകർമ്മം നിശ്ചയിച്ചു. അഭിവന്ദ്യ പിതാവാണ് ഈ ദിവസം നിശ്ചയിച്ചത്. തിരുവനന്തപുരം അതിരൂപതാംഗമായ ഫാ. ബോബൻ മാത്യു കൊച്ചുവിളയിലിന്റെ നേതൃത്വത്തിൽ പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള ജീവകാരുണ്യ സംഘടനയായ കാതലിക് നിയർ ഈസ്റ്റ് വെൽഫെയർ അസോസിയേഷ (CNEWA)ന്റെ പ്രതിനിധി സംഘവും കൂദാശാകർമ്മങ്ങളിൽ പങ്കെടുക്കുന്നു എന്ന അറിവ് ഫാ. തോമസിന്റെ കൂദാശാസംബന്ധമായ സംഘാടനത്തിന്റെ ഉത്തരവാദിത്വങ്ങൾ കൂട്ടി. അക്കാലത്ത് മേജർ സെമിനാരിയിൽ നിന്നും പ്രേഷിത സഹായത്തിനായി എത്തിയ ബ്രദർ ജോസ് തൈപ്പറമ്പിലിന്റെ സേവനം ഇക്കാര്യങ്ങളിൽ ഫാ. തോമസിന് ഏറെ ഉപകാരപ്പെട്ടു. കൂദാശയുടെ ദിനമായി. കഴക്കൂട്ടം ജില്ലാ വികാരി ബഹു. മാത്യു കടകംപള്ളിലച്ചന്റെ നേതൃത്വത്തിൽ ജില്ലയിലെയും സമീപ പ്രദേശങ്ങളിലെയും വൈദികരെല്ലാവരും എത്തിചേർന്നിട്ടുണ്ട്. അഭിവന്ദ്യ പിതാവിനും വിശിഷ്ടാതിഥികൾക്കും ആറ്റിങ്ങൽ മൂന്നുമുക്ക് ജംഗഷനിൽ പൗരസ്വീകരണം ക്രമീകരിച്ചിരിക്കുന്നു. അവിടെ



www.malankaralibrary.com



**ആറ്റിങ്ങൽ സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദേവാലയം**

നിർമ്മിച്ച താല്കാലിക വേദിയിൽ വെച്ച് ആറ്റിങ്ങലിലെ പൗരസമൂഹം മുഴുവൻ ജാതിമത ഭേദമെന്യേ അഭിവന്ദ്യ പിതാവിനെ ഹാരാർപ്പണം ചെയ്ത് സ്വീകരിച്ചു. തുടർന്ന് ദേവാലയത്തിലേക്കുള്ള നൂറു മീറ്റർ ദൂരം വിശ്വാസികൾ റോഡിന്റെ ഇരുവശവുമായി നിന്ന് അഭിവന്ദ്യ പിതാവിനെയും വിശിഷ്ടാതിഥികളെയും ദേവാലയത്തിലേക്കാനയിച്ചു. ദേവാലയമുറ്റത്ത് ഉയർത്തിയ കമാനത്തിൽ രേഖപ്പെടുത്തിയിരുന്ന വാക്യം "Welcome, Big Welcome" എന്നതായിരുന്നു. മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടപ്പോൾ മാർപ്പാപ്പ ഉച്ചരിച്ച വാക്കുകളായിരുന്നു ഇവ. ആ സ്വീകരണത്തിന് നാലാഞ്ചിറ സെന്റ് ഗൊരോത്തീസ് സ്കൂളിന്റെ ബാന്റ് സംഘം ഏറെ മിഴിവേകി. ബഹു. ജോൺ പുത്തൻ വിളയിലച്ചന്റെ നേതൃത്വത്തിൽ ശെമ്മാശന്മാരുടെയും സിസ്റ്റേഴ്സിന്റെയും ഗായകസംഘം ഗാനങ്ങൾ ഏറെ ഇമ്പകരമായി ആലപിച്ചു. ദേവാലയത്തിന്റെ മുഖ്യകവാടത്തിങ്കൽ അഭിവന്ദ്യ പിതാവിനെ ആരാധനാക്രമപരമായി സ്വീകരിച്ചു. തുടർന്ന് വി.കൂദാശാ കർമ്മവും വി. കുർബ്ബാനയും നടത്തപ്പെട്ടു. അഭിവന്ദ്യപിതാവും വിശിഷ്ടാതിഥികളും അതിനു ശേഷം യാത്രയായി. പള്ളിമുറ്റത്ത് സജ്ജമാക്കിയിരുന്ന വേദിയിൽ നടന്ന പൊതുസമ്മേളനം ശ്രീ. ആനത്തലവട്ടം ആനന്ദൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. മോൺ. കോശി വർഗ്ഗീസച്ചൻ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ഫാ. തോമസിന്റെ പ്രേഷിത പ്രവർത്തനങ്ങളെ പുകഴ്ത്തുകയും പ്രത്യേക പാരിതോഷികം നൽകി ആദരിക്കുകയും ചെയ്തു.



www.malankaralibrary.com

1998 ജൂൺ 29ന് യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെയും ജോഷ്വാ മാർ ഇഗ്നാത്യോസ് തിരുമേനിയുടെയും മെത്രാഭിഷേകം മാർ ഈവാനിയോസ് കോളേജ് സ്റ്റേഡിയത്തിൽ തയ്യാറാക്കിയ പന്തലിൽവെച്ച് നടന്നു. അതിരൂപതാ ചാൻസിലർ എന്ന നിലയിൽ ഇവരുടെ നിയമന പ്രഖ്യാപനം (ബൂള) വായിച്ചത് ഫാ. തോമസായിരുന്നു.

ഇതിനോടകം ആർച്ച് ബിഷപ്പ്, ഫാ. തോമസിനെ കാനൻ നിയമ ഉപരിപഠനത്തിനായി റോമിലേക്കയയ്ക്കാൻ നിശ്ചയിച്ചിരുന്നു. പാസ്പോർട്ടും വിസയും എല്ലാം തയ്യാറായി. 1998 ആഗസ്റ്റ് 31 നാണ് യാത്ര. റോമിലെ ഓറിയന്റൽ കോൺഗ്രിഗേഷന്റെ സ്കോളർഷിപ്പ് നാലുവർഷത്തെ ഉപരിപഠനത്തിനായാണ് ലഭിച്ചിരിക്കുന്നത്. ബൈബിളിൽ ഉപരിപഠനം നടത്തുന്നതിനായി നാലു വർഷത്തേക്കുള്ള സ്കോളർ ഷിപ്പ് ലഭിച്ച ഫാ.ജോൺ വൈപ്പിലും, ദൈവശാസ്ത്ര പഠനത്തിനായി ബത്തേരി രൂപതയിൽ നിന്നും ഫാ ജേക്കബ് ഓലിക്കലും, തിരുവല്ലാരൂപതയിൽ നിന്നും ഫാ. തോമസ് കുട്ടി പതിനെട്ടിലും ഒപ്പം ഉണ്ടായിരുന്നു. നാലു പേരെയും യാത്രയാക്കുവാനായി അഭി. ജോഷ്വാ മാർ ഇഗ്നാത്യോസ് തിരുമേനി എയർപോർട്ടിൽ എത്തിയിരുന്നു. കുവൈറ്റ് എയർവേയ്സിന്റെ വിമാനത്തിൽ കുവൈറ്റ് വഴിയാണ് യാത്ര. ഇടയ്ക്ക് കുവൈറ്റ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഫ്ളൈറ്റ് മാറിക്കയറണം. അവിടെ രണ്ടു മണിക്കൂറോളം കാത്തിരിപ്പുണ്ട്. വിമാനത്താവളത്തിൽ തന്നെ സമയം ചെലവഴിച്ച് അവിടുത്തെ കാഴ്ചകൾ കണ്ടു. വീണ്ടും അടുത്ത ഫ്ളൈറ്റിൽ റോമിലേക്ക്. ഇത്തവണ ഫാ. തോമസിന് ജനാലയ്ക്കടുത്തുള്ള സീറ്റാണ് ലഭിച്ചത്. വിമാനം പറന്നുയർന്നപ്പോൾ കണ്ട കുവൈറ്റ് സിറ്റിയുടെ ആകാശക്കാഴ്ച അതിമനോഹരമായിരുന്നു. റോമിലെ സമയം ഉച്ച കഴിഞ്ഞ് ഏതാണ്ട് 2.30 ഓടുകൂടി ലിയണാർദോ ദാവിഞ്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഫാ. തോമസ് തന്റെ ആദ്യ വിമാനയാത്ര അവസാനിപ്പിച്ചു. എയർ പോർട്ടിൽ സ്വീകരിക്കുവാനായി തങ്ങൾ താമസിക്കുവാൻ പോകുന്ന കൊളേജിയോ ഡമഷീനോയുടെ റെക്ടറും മലയാളിയുമായ ബഹു. പാട്രിക് മൂത്തേരിലച്ചനും പുത്തൻപീടിക സ്വദേശിനിയും സഹപാഠിയായിരുന്ന ഫാ. സഖറിയാ പുഷ്പവിലാസം അച്ചന്റെ സഹോദരിയുമായ സി. പുഷ്പയും എത്തി



**ഗവേഷണ വിദ്യാർത്ഥിയായി
റോമിൽ എത്തിയപ്പോൾ**



www.malankaralibrary.com

യിരുന്നു. എയർപോർട്ടിൽ നിന്നും ഏതാണ്ട് മുക്കാൽ മണിക്കൂറോളം കാറിൽ യാത്ര ചെയ്ത് റോമിലെ മൺസോണി എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന കൊളേജിയോ ഡമഷീനോയിലെത്തി. കയറിച്ചെല്ലു മ്പോൾ വലത്തേക്കുള്ള ഇടനാഴിയിൽ മൂന്നാമത്തെ മുറിയായിരുന്നു ഫാ. തോമസിനു വേണ്ടി സജ്ജീകരിച്ചിരുന്നത്. കിടക്കയും വസ്ത്രങ്ങൾ സൂക്ഷിക്കുവാനുള്ള വലിയ കബോർഡും പഠന മേശയും കസേരയും അടങ്ങുന്ന സാമാന്യം വലുപ്പമുള്ള ഒരു മുറിയായിരുന്നു അത്. ടോയ്ലെറ്റ് മുറിക്ക് വെളിയിലായിരുന്നു. റോമിലും അപ്പോൾ സമ്മർ ആയതു കാരണം കാലാവസ്ഥാ വ്യതിയാനം തെല്ലും അനുഭവപ്പെട്ടില്ല. കുളി കഴിഞ്ഞ് മല ങ്കരക്കാരായ നാലു വൈദികരും ചേർന്ന് ലിഫ്റ്റ് വഴി കോളേജിന്റെ ടെറ സ്സിലെത്തി. അപ്പോൾ സമയം രാത്രി ഏതാണ്ട് ഏഴു മണി കഴിഞ്ഞിരി ക്കണം. പക്ഷേ അപ്പോഴും ഭാരതത്തിലെ ഉച്ച കഴിഞ്ഞ് നാലുമണിയെ ന്നവണ്ണം സൂര്യപ്രകാശത്തിന്റെ വെളിച്ചം എങ്ങുമുണ്ടായിരുന്നു.

അടുത്ത ദിവസം തന്നെ ഡമഷീൻ കോളേജിൽ എത്തിയ ഒന്നാം വർഷക്കാർക്കായി ഇറ്റാലിയൻ ഭാഷാപഠനം ആരംഭിച്ചു. ക്ലാസുകൾ നയി ച്ചിരുന്നത് മിസ് റീത്ത എന്ന ഒരു ഇറ്റാലിയൻ വനിതയായിരുന്നു. അക്ഷ രമാല ഇംഗ്ലീഷ് ഭാഷയുടേത് തന്നെയായിരുന്നു. ഉച്ചാരണം ഏറെ പ്രത്യേ കതയുള്ളതായിരുന്നു. ഭാഷാപഠനത്തിന് ഏറെ താല്പര്യമുണ്ടായിരുന്ന ഫാ. തോമസിനെ സംബന്ധിച്ചിടത്തോളം രസകരമായ ദിനങ്ങളായിരുന്നു അവ.

സെപ്റ്റംബർ അവസാനമായപ്പോഴേക്കും ജർമ്മനിയിൽ അവധിക്കുപോ യിരുന്ന മലങ്കരക്കാരായ മുതിർന്ന വൈദികരെല്ലാം തിരികെ റോമിലെത്തി. റോമിലെ പുതിയ വൈദികരെ സ്വീകരിക്കുന്നതിനായി ഒരു മലങ്കര സമ്മേ ളനം ലീഡറായ ബഹു. കുര്യാക്കോസ് തടത്തിലച്ചന്റെ നേതൃത്വത്തിൽ കൂടി. തിരുവനന്തപുരം അതിരൂപതയിൽ നിന്നും റോമിൽ പഠിക്കുന്നവ രുടെ ലീഡർ ബഹു. ഷാജി മാണികുളം അച്ചനായിരുന്നു. തുടക്കത്തിലെ റോമാ ജീവിതത്തിനു വേണ്ട, എല്ലാ പിന്തുണയും നൽകിയത് അദ്ദേഹമാ യിരുന്നു. ഒരു ജ്യേഷ്ഠ സഹോദരന്റെ സ്ഥാനത്തുനിന്ന് അതെല്ലാം ഉത്ത രവാദിത്വത്തോടെ അദ്ദേഹം നിർവഹിച്ചത് ഇന്നും ഏറെ ചാരിതാർത്ഥ്യ ത്തോടെയാണ് ഫാ. തോമസ് ഓർമിക്കുന്നത്. അദ്ദേഹം അമേരിക്കയിൽ നിന്നും വന്നപ്പോൾ വാങ്ങികൊണ്ടുവന്ന ലാപ്ടോപ്പ് കമ്പ്യൂട്ടറിന്റെ വില ഫാ. തോമസ് കൊടുത്തു വീട്ടിയത് ഏതാണ്ട് ഒരു വർഷത്തോളം കഴി ഞ്ഞതിനുശേഷമായിരുന്നു.

ഒഴിവ് സമയങ്ങളിൽ റോം ചുറ്റിനടന്ന് കാണുന്നതിന് പുതിയ വൈദി കർക്ക് ആവശ്യത്തിന് സമയം ലഭിച്ചിരുന്നു. സെന്റ് പീറ്റേഴ്സ് ബസിലിക്ക, വത്തിക്കാൻ മ്യൂസിയം, സെന്റ് പോൾസ് ബസിലിക്ക തുടങ്ങിയവയൊക്കെ ശില്പചാതുരികൊണ്ടും ചിത്രഭംഗികൾകൊണ്ടും അവരെ അതിശയിപ്പി ച്ചു. സെന്റ് പീറ്റേഴ്സ് ബസ്സിലിക്കയിൽ മൈക്കിൾ ആഞ്ചലോ രൂപ കല്പന



www.malankaralibrary.com

ചെയ്ത പിയത്താ, സിസ്റ്റൈൻ ചാപ്പലിൽ ലിയണാർദോ ദാവിഞ്ചി കോറിയിട്ട 'അന്ത്യത്താഴം' തുടങ്ങിയ വിശ്വപ്രശസ്ത കലാ രൂപങ്ങളും ചിത്രങ്ങളും നേരിട്ട് കാണുവാൻ ലഭിച്ച അവസരങ്ങൾ ഒരു അസുലഭ ഭാഗ്യമായിട്ടാണ് ഈ വൈദികർക്ക് അനുഭവപ്പെട്ടത്.

ഫാ. തോമസിന് പഠിക്കാനുണ്ടായിരുന്നത് പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലായിരുന്നു. പിയാസ്സാ സാന്താ മറിയ മജ്ജോറെയിലാരുന്നു ഈ സർവ്വകലാശാല സ്ഥിതിചെയ്തിരുന്നത്. സെന്റ് മേരീ മേജർ ബസിലിക്കായുടെ നേരെ എതിർവശത്തായിരുന്നു ഇത്. താമസിച്ചിരുന്ന കൊളേജിയോ ഡമഷീനോയിൽ നിന്നും കാൽനടയായി എത്തുവാനുള്ള ദൂരം മാത്രമേ ഉണ്ടായിരുന്നുള്ളു. എങ്കിലും 3,60,000 ലീര മുടക്കി മുതിർന്നവൈദികർ തുടക്കക്കാർക്കായി ആനുവൽ തേസര (Annual Ticket) എടുത്തു നൽകിയിരുന്നു. ഇതുപയോഗിച്ച് മെട്രോ ട്രെയിനുകളിലും ബസ്സുകളിലും റോമിലെവിടെ വേണമെങ്കിലും ഒരു വർഷത്തേക്ക് സഞ്ചരിക്കാമായിരുന്നു. 3,60,000 ലീര എന്നാൽ ഏതാണ്ട് 14,000/- രൂപയ്ക്കു തുല്യമായിരുന്നു




www.malankaralibrary.com

### അദ്ധ്യായം -13

# അറിവിന്റെ ആഴങ്ങളിലേക്ക് നയിച്ച റോമാജീവിതം

**പൊ**ന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിനോടൊപ്പം റോമിലെ പ്രശസ്തമായ പൊന്തിഫിക്കൽ ഗ്രിഗോറിയൻ സർവകലാശാലയുടെ ഗ്രന്ഥശാലയും ഉപയോഗിക്കുന്നതിനുള്ള പ്രവേശന ടിക്കറ്റും ഫാ. തോമസ് നേടിയെടുത്തു. പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിററ്യൂട്ടിൽ പൗരസ്ത്യകാനോന സംഹിതയെക്കുറിച്ച് ഉപരിപഠനം നടത്തുന്നതിന് അക്കാലത്ത് അവസരം ലഭിക്കുന്നത് ഒരു അസുലഭ ഭാഗ്യമായിരുന്നു. 1990-ൽ പൗരസ്ത്യ സഭകളുടെ കാനോന സംഹിത പ്രസിദ്ധപ്പെടുത്തുന്നതുവരെ ഈ സംഹിതയുടെ ക്രോഡീകരണ കമ്മീഷന്റെ സെക്രട്ടറിയും ഈ സംഹിതയുടെ ബുദ്ധികേന്ദ്രവുമായിരുന്ന ഡോ. ഐവാൻ സൂസെക്കിന്റെ സാന്നിദ്ധ്യമായിരുന്നു അതിനു കാരണം. എൺപത് കഴിഞ്ഞ ആ വന്ദ്യ വയോധികനായ ജെസ്യൂട്ട് പാതിരി അപ്പോഴും ആ ക്യാമ്പസിലെ ഏറ്റവും ഊർജ്ജസ്വലമായ സാന്നിദ്ധ്യമായിരുന്നു. ഒപ്പം മലയാളിയായ ഡോ. ജോർജ് നെടുങ്ങാട്, ഡോ. ഡിമിട്രിയോസ് സലാക്കാസ് (ഇപ്പോൾ ഗ്രീസിലെ മെത്രാൻ), ഡോ. സിറിൽ വസീൽ (ഇപ്പോൾ സ്ലോവാക്യൻ ആർച്ച് ബിഷപ്പ്), ഡോ. ജോബ് അബാസ് തുടങ്ങിയ വൈജ്ഞാനിക ശ്രേഷ്ഠരുടെ സാന്നിധ്യത്താൽ ഏറെ ധന്യമായിരുന്നു ഈ സർവകലാശാലയിലെ കാനൻ നിയമ വിഭാഗം. ഡോ. സൂസെക്കിന്റെ ക്ലാസ്സുകൾ പുതിയ വൈജ്ഞാനിക ലോകത്തേക്ക് ഫാ. തോമസനെ നയിച്ചു. ക്ലാസ്സിലെ സമയ ക്രമത്തിന്റെ കാര്യത്തിൽ അണുവിട വ്യതിചലിക്കാതെ കാർക്കശ്യം പുലർത്തിയ ഡോ. സലാക്കാസ് പൗരസ്ത്യ കാനൻ നിയമപഠന രംഗത്തെ ഒരു കുലപതി തന്നെയായിരുന്നു. ഈ രംഗത്ത് ഏതാണ്ട് ഇരുപതിൽപരം ബൃഹദ് ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായി ഇറ്റാലിയൻ ഭാഷയിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. ഇറ്റാലിയൻ ഭാഷയിലായിരുന്നു എല്ലാ ക്ലാസ്സുകളും തന്നെ. ഏറെ ആസ്വാദ്യകരമായി അനുഭവപ്പെട്ടത് ഡോ. സൂസെക്കിന്റേത്



റവ.ഡോ. ഐവാൻ സൂസെക് എസ്.ജെ.




www.malankaralibrary.com

തന്നെയായിരുന്നു. സെമസ്റ്റർ പരീക്ഷകളിൽ അദ്ദേഹത്തിന്റെ വിഷയങ്ങൾക്ക് ഫാ. തോമസിന് എല്ലായ്പ്പോഴും ഫുൾ മാർക്കായിരുന്നു ലഭിച്ചിരുന്നത്.



**റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട്**

അപ്പോഴേക്കും കേരളത്തിൽ കേരളസർവ്വകലാശാല 'ഭാഷാതിലകം' എന്ന പാഠപുസ്തകം പ്രസിദ്ധീകരിച്ചിരുന്നു. തിരുവനന്തപുരം അരമനയിൽ ഫാ. തോമസിനെ സഹായിച്ചിരുന്ന രാജൻ ബാലരാമപുരം 'ഭാഷാതിലകം' എന്ന പുസ്തകം വാങ്ങി തപാൽ വഴി റോമിലേക്കയച്ചു. ഏതാനും ആഴ്ചകൾക്കു ശേഷം ഈ പുസ്തകം റോമിലെത്തി. പുസ്തകത്തിന് 'പദ്യം', 'ഗദ്യം' എന്നിങ്ങനെ രണ്ടു ഭാഗങ്ങളുണ്ട്. മലയാളത്തിൽ മുൻപന്തിയിൽ നിൽക്കുന്നവരുടേതായിരുന്നു പദ്യഭാഗത്തിലെ കൃതികൾ: കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ, ജി. ശങ്കരകുറുപ്പ്, ഇടശ്ശേരി, വൈലോപ്പിള്ളി, ചങ്ങമ്പുഴ, വയലാർ, ഒ.എൻ.വി., സുഗതകുമാരി എന്നിവരായിരുന്നു അവർ. ഗദ്യഭാഗത്തെ ലേഖനകർത്താക്കൾ താഴെപ്പറയുന്നവരായിരുന്നു: ഉള്ളാട്ടിൽ ഗോവി




**കേരള സർവ്വകലാശാല പ്രീഡിഗ്രി പാഠപുസ്തകമായ ഭാഷാതിലകം ഒന്നാംഭാഗം**



www.malankaralibrary.com

ന്ദൻ നായർ, എൻ.വി. കൃഷ്ണവാര്യർ, എം.കെ. സാനു, ഡോ. ഡി. ബെഞ്ചമിൻ, ഡോ. ജോർജ് ഓണക്കൂർ, കെ.എസ്. രവികുമാർ, സീരി, അച്ച്യുത് ശങ്കർ എസ്. നായർ, കോഴിക്കോടൻ, ഫാ. തോമസ് കുഴിനാപ്പുറത്ത്, നിത്യചൈതന്യ യതി, എസ്. ചന്ദ്രശേഖരൻ നായർ. ഈ സാഹിത്യനായകന്മാർക്കൊപ്പം തന്റെ പേരിലും അച്ചടി മഷി പുരളുവാൻ തനിക്കെന്ത് യോഗ്യതയാണുള്ളതെന്ന് ഫാ.തോമസ് ഒരു നിമിഷം ചിന്തിച്ചു. എല്ലാം ദൈവത്തിന്റെ അനന്തമായ പരിപാലന എന്ന് മനസ്സിലാക്കാൻ മനസ്സിനെ പഠിപ്പിച്ചു.

റോമാജീവിതത്തിലെ ആദ്യ മൂന്നു മാസങ്ങൾ പെട്ടെന്ന് കടന്നുപോയി. ഡിസംബർ മാസം വന്നെത്തി. തണുത്തുവിറയ്ക്കുന്ന കാലാവസ്ഥ. പുറത്ത് മഞ്ഞുപെയ്യുന്ന കാഴ്ച റോമാനഗരത്തെ കൂടുതൽ മനോഹാരിതയാക്കി. ക്രിസ്തുമസ് അവധിക്ക് റോമിൽ പഠിക്കുന്ന വൈദികർ ഇറ്റലിയിലെ വിവിധ ഇടവകകളിൽ ക്രിസ്തുമസ് ശുശ്രൂഷകൾക്ക് സഹായിക്കുവാൻ പോകുന്ന പതിവുണ്ട്. ഇതനുസരിച്ച് ഫാ. തോമസിന് ലഭിച്ചത് വടക്കെ ഇറ്റലിയിലെ റേജിയോ എമിലിയാ രൂപതയിൽ മൊന്തേക്കിയോ എമിലിയ എന്ന ഇടവകയായിരുന്നു. അദ്ദേഹം ഡിസംബർ 22 -ന് റോമാ ടെർമിനി റെയിൽവേ സ്റ്റേഷനിൽ നിന്നും റേജിയോ എമിലിയയിലേക്ക് ട്രെയിനിൽ യാത്രതിരിച്ചു. ശരവേഗത്തിൽ പായുന്ന മുഖം കൂർത്ത ബുള്ളറ്റ് ട്രെയിനായിരുന്നു അത്. വലിയ ചില്ല് ജനാലകളോടുകൂടിയ ട്രെയിനായിരുന്നതിനാൽ ഹരിതാഭ നിറഞ്ഞ ഭൂപ്രദേശങ്ങളിലൂടെയുള്ള ആ യാത്ര ഫാ. തോമസിന് ഏറെ ആനന്ദദായകമായിരുന്നു.



**മൊന്തേക്ക്യോ ഇടവകപള്ളിയുടെ മദ്ബഹ**



www.malankaralibrary.com

ഏതാണ്ട് 430 കിലോമീറ്റർ താണ്ടാൻ വെറും മൂന്നര മണിക്കൂർ മാത്രമേ എടുത്തുള്ളൂ. റേജിയോ എമിലിയ റെയിൽവേസ്റ്റഷനിൽ ഇറങ്ങിയ ഫാ. തോമസിനെ കാത്ത് സിഞ്ഞോർ ഫിലിപ്പോ കൊക്കോണി നിൽപുണ്ടായിരുന്നു. ഇംഗ്ലീഷിൽ 'മിസ്റ്റർ' എന്നതിനു തുല്യമായ ഇറ്റാലിയൻ പദമായിരുന്നു 'സിഞ്ഞോർ'. അദ്ദേഹം ഫാ. തോമസിനെ 'ഡോൺ തോമസ്' എന്നുവിളിച്ചുകൊണ്ട് വന്ന് ആശ്ലേഷിച്ചു. ഇറ്റാലിയനിൽ വികാരിയച്ചന്മാരെ വിളിക്കുന്ന പദമായിരുന്നു 'ഡോൺ'. ബാഗ് കൈയിൽ നിന്ന് വാങ്ങി കാറിലേക്ക് നയിച്ചു. ചുറ്റും മഞ്ഞ് വീണു കിടക്കുന്നുണ്ടായിരുന്നു. ഫാ. തോമസിന് വശമായിരുന്ന മുറിഇറ്റാലിയനിൽ എന്തൊക്കെയോ അദ്ദേഹത്തോട് സംസാരിച്ചു. ഫാ. തോമസിന്റെ ഇറ്റാലിയൻ ഭാഷയിലെ 'വൈദഗ്ദ്ധ്യം' തിരിച്ചറിഞ്ഞുകൊണ്ട് അദ്ദേഹം ഇടക്കിടെ പുഞ്ചിരിക്കുന്നുണ്ടായിരുന്നു. അരോഗദൃഢഗാത്രനായ അറുപത് കഴിഞ്ഞ ഒരാളായിരുന്നു സിഞ്ഞോർ കൊക്കോണി. അദ്ദേഹത്തിന്റെ മുഖത്ത് സദാ ഒരു പുഞ്ചിരി തത്തികളിച്ചിരുന്നു. ഏതാണ്ട് 15 കിലോമീറ്ററുകൾ പിന്നിട്ട് അവർ മൊന്തേക്കിയോ എമിലിയ നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന സാൻ ദൊണ്ണീനോ ഇടവക പള്ളിയിലെത്തി. ആ ഇടവകയിൽ പ്രവർത്തിക്കാനെത്തുന്ന ആദ്യ ഇന്ത്യക്കാരനായ വൈദികനായിരുന്നു ഫാ. തോമസ്. ഇടവക പള്ളിയോട് ചേർന്നുതന്നെയാണ് വൈദികർക്ക് താമസിക്കാനുള്ള മേടയും. മണിയടിച്ചപ്പോൾ വന്ന് വാതിൽ തുറന്നത് സിഞ്ഞോറ ഇത്തലീന എന്ന വനിതയായിരുന്നു. അവർ ആ ഇടവകയുടെ സെക്രട്ടറിയായിരുന്നു. അവർ ഫാ. തോമസിനെ ആ ഇടവകയുടെ അസിസ്റ്റന്റ് വികാരി ഡോൺ കാർലോ സക്കേത്തിയുടെ മുറിയിലേക്ക് നയിച്ചു. ആറടിയിലധികം ഉയരമുള്ള കൃശഗാത്രനായ ഒരു യുവ വൈദികനായിരുന്നു അദ്ദേഹം. ആ ഇടവകയുടെ വികാരിയായിരുന്ന ഡോൺ ജ്യാക്കൊമോ ഏതാനും മാസങ്ങൾക്കു മുമ്പ് മരണപ്പെട്ടതിനു ശേഷം 2000–ഓളം കുടുംബങ്ങളുള്ള ആ ഇടവകയുടെ മുഴുവൻ ചുമതലയും താല്ക്കാലികമായി ഡോൺ കാർലോയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഡോൺ കാർലോ ഫാ. തോമസിന് ഹസ്തദാനം നൽകി സ്വീകരിച്ചു. മൂന്നാമത്തെ നിലയിൽ ഒരുക്കിയിരുന്ന മുറിയിലേക്ക് കൊണ്ടുപോയി. ബാഗും മറ്റും മുറിയിൽ വച്ചിട്ട് വിശ്രമിക്കുവാൻ ആവശ്യപ്പെട്ടു.

ക്രിസ്തുമസിനും ഈസ്റ്ററിനും എല്ലാവരും കുമ്പസാരിക്കാനെത്തും. 2000 വീടുകളുള്ള ആ ഇടവകയിൽ ആ കൂദാശാപരികർമ്മം ദിവസങ്ങൾ നീണ്ടു നിൽക്കുമായിരുന്നു. ഇതിനു സഹായിക്കാനായിരുന്നു പ്രധാനമായും ഫാ. തോമസിനെ ആ ഇടവകയിലേക്ക് വിളിച്ചിരിക്കുന്നത്. ദിവസവും, ഇടവകയ്ക്ക് കീഴിലുള്ള വിവിധ കുരിശുപള്ളികളിലും മഠങ്ങളിലുമായി 4 വി. കുർബ്ബാനകൾ ഉണ്ടാകും. അവയിൽ രണ്ടെണ്ണം ഫാ. തോമസ് ആണ് അർപ്പിക്കേണ്ടത്. വി. കുർബ്ബാനയ്ക്കിടെ ഇറ്റാലിയൻ ഭാഷയിൽ ചെറിയ പ്രസംഗവും പറയണം. ഫാ. തോമസാണെങ്കിൽ ഒരുങ്ങി വന്നിരിക്കുന്നത് ക്രിസ്തുമസിനു വേണ്ടി ഒരു പ്രസംഗവും. എങ്കിലും ധൈര്യം ചോർന്നു



www.malankaralibrary.com

പോകാതെ അറിയാവുന്ന മുറി ഇറ്റാലിയനിൽ 5 മിനിറ്റു വീതം എല്ലാ കുർബ്ബാനകളിലും പ്രസംഗം നടത്തി. അപ്പോഴാണ് ഫാ. തോമസിന് മനസ്സിലായത് മൊന്തേക്കിയോ ജനതയുടെ സഹിഷ്ണുത എത്ര വലുതാണെന്ന്! ഇറ്റലിയിലെത്തിയിട്ട് കേവലം മൂന്ന് മാസം മാത്രമായിട്ടുള്ള ഒരു മലയാളി വൈദികന്റെ ഇറ്റാലിയൻ ഭാഷയെ ഇരുകൈകളും നീട്ടി സ്വീകരിച്ച അവരുടെ ക്ഷമയെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല!



**റോമിൽ ഫാ. തോമസ് 3 വർഷം താമസിച്ച**
**റോമിലെ കൊളേജിയോ ഡമഷീനോ**

ക്രിസ്മസ് അവധി കഴിഞ്ഞ് വിണ്ടും കോളേജിയോ ഡമഷീനോയിൽ എത്തി ഫാ. തോമസ് പഠന ജീവിതം പുനരാരംഭിച്ചു. കൊളേജിയോ ഡമഷീനോയെ കുറിച്ച് ഒരു വാക്ക്. പൗരസ്ത്യ കത്തോലിക്കാ സഭാംഗങ്ങളായി റോമിൽ പഠിക്കാനെത്തുന്ന വൈദികർക്ക് താമസിച്ച് വിവിധ സർവ്വകലാശാലകളിൽ പോയി പഠിക്കുന്നതിനുവേണ്ടി 1940 ഡിസംബർ 4-ന് പൗരസ്ത്യ സഭകൾക്കായുള്ള കോൺഗ്രിഗേഷന്റെ അധീനതയിൽ സ്ഥാപിതമായതാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട്. അന്നു മുതൽ ഈ കോൺഗ്രിഗഷന്റെ സ്കോളർഷിപ്പിൽ പഠിക്കാനെത്തുന്ന സിറോ-മലബാർ, സിറോ-മലങ്കര വൈദികർക്ക് താമസ സൗകര്യവും ഭക്ഷണവും ഒരുക്കിയിരുന്നത് ഇവിടെയായിരുന്നു. ഏതാണ്ട് അമ്പതോളം വൈദികർക്ക് ഒരുമിച്ച് താമസിക്കുന്നതിനുള്ള സൗകര്യമാണ് ഇവിടെ ക്രമപ്പെടുത്തിയിരുന്നത്. ഒ.സി.ഡി. സഭാംഗങ്ങളായ വൈദികരെയായിരുന്നു ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടത്തിപ്പ് ചുമതല ഏല്പിച്ചിരുന്നത്. മലയാളികളായ വൈദികർ മാത്രം താമസിച്ചിരുന്നതുകൊണ്ട് ഇറ്റലിയിലെ ഒരു കേരളം തന്നെയായിരുന്നു ഡമഷീനോ.



www.malankaralibrary.com

പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനം കൂടുതൽ ഗൗരവം നിറഞ്ഞതായി രണ്ടാം സെമസ്റ്ററിൽ. മലയാളി വൈദികരിലെ ഏറ്റവും സമർത്ഥനായ വിദ്യാർത്ഥി എന്ന നിലയിലാണ് ഫാ. തോമസിനെ സർവ്വകലാശാല പരിഗണിച്ചത്. അദ്ദേഹം രചിച്ച 'ദൈവജനം' എന്ന പുസ്തകം ഇതിനോടകം തന്നെ സർവ്വകലാശാലയുടെ ഗ്രന്ഥശേഖരത്തിൽ ചേർക്കപ്പെട്ടിട്ടുണ്ടായിരുന്നു. കേരളാ സർവ്വകലാശാലയുടെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയ ഒരു ലേഖനത്തിന്റെ കർത്താവാണ് കൂടെയുള്ളത് എന്നത് ആ ബാച്ചിൽ ഒരു 'ബുദ്ധിജീവി' ഭാവം ഫാ. തോമസിന് പകർന്നു നൽകി. എങ്കിലും 'ബുദ്ധിജീവി' എന്ന നിലയിൽ പുസ്തകങ്ങൾക്ക് മീതെ തപസ്സിരിക്കുന്ന ഒരു പ്രകൃതമായിരുന്നില്ല ഫാ. തോമസിന്റേത്. മലയാളികൾ സംഘടിപ്പിക്കുന്ന വിനോദയാത്രകളിലും മറ്റു ഒത്തുചേരലുകളിലും അച്ചൻ സജീവമായിരുന്നു. ഫാ. സണ്ണി കൊക്കരവാലേൽ, ഫാ. ആന്റണി പെരുമാനൂർ, സി. ഷെറിൻ മേരി തുടങ്ങിയവരായിരുന്നു ക്ലാസ്സിൽ സഹപാഠികളായുണ്ടായിരുന്ന മലയാളികൾ. ഈ സൗഹൃദങ്ങൾ പഠനത്തെ ഗൗരവമായി എടുക്കാനും പരസ്പരം സഹായിക്കാനും ഏറെ ഉപകരിച്ചു.

രണ്ടാം സെമസ്റ്ററിന്റെ അവസാനം ഇറ്റലിയിലെ ആദ്യത്തെ വലിയ അവധിയെത്തി. ഈ അവധിക്കാലങ്ങളിൽ ജർമ്മനിയിലെ പള്ളികളിൽ പോയി സേവനം ചെയ്യുകയാണ് റോമിൽ പഠിക്കുന്ന വൈദികർ ചെയ്യാറുള്ളത്. ഫാ. തോമസിന് ലഭിച്ചത് ജർമ്മനിയിലെ റേഗൻസ്ബുർഗ് രൂപതയിൽ ഹൈബ്യൂൾ എന്ന ഇടവകയാണ്. റോമിൽ നിന്നും ജർമ്മനിലേക്കുള്ള ട്രെയിൻ യാത്ര വിവരിക്കാനാകാത്ത വിധം മനോഹരമാണ്. 1999 ജൂൺ മാസം അവസാനമായിരുന്നു ഫാ. തോമസിന്റെ ജർമ്മനിയിലേക്കുള്ള ആദ്യ യാത്ര. രാത്രിയിൽ റോമാ ടെർമിനി റെയിൽവേസ്റ്റേഷനിൽ നിന്നും കയറിയാൽ നേരം വെളുക്കുമ്പോഴേക്കും ജർമ്മനിയിലെ ഫ്രാങ്ക്ഫൂർട്ട് റെയിൽവേ സ്റ്റേഷനിലെത്തും. അവിടെ നിന്നും അടുത്ത ട്രെയിൻ പിടിച്ചാണ് ഹൈബ്യൂളിലെത്തേണ്ടത്. ഫ്രാങ്ക്ഫൂർട്ടിൽ നിന്നും ഹൈബ്യൂളിലേക്കുള്ള യാത്രയായിരുന്നു ഏറ്റവും മനോഹരം. നിറയെ പച്ച വിരിച്ച കുന്നുകൾ മാത്രമുള്ള ഭൂപ്രദേശങ്ങളിലൂടെ പ്രഭാതത്തിലുള്ള ട്രെയിൻ യാത്ര. അതിന്നും ഫാ. തോമസിന്റെ മനസ്സിൽ ഹരിതാഭയാർന്ന ഒരു ഓർമ്മ തന്നെയാണ്. ജർമ്മനിയിൽ പശുക്കൾക്ക് തീറ്റ നൽകുന്നതിനാണ് ഈ കുന്നിൻ പ്രദേശങ്ങളിൽ ഇപ്രകാരം പുല്ലുകൾ വളർത്തുന്നത്. പുൽമേടുകൾ എന്ന് പറഞ്ഞാൽ തറയിൽ നിന്നും ഏതാണ്ട് മൂന്നോ നാലോ സെന്റീമിറ്റർ മാത്രം വളരുന്ന സസ്യങ്ങൾ നിറഞ്ഞ സ്ഥലം എന്നാണ് മനസ്സിലാക്കേണ്ടത്. ഇവ പാകമാകുമ്പോൾ ട്രാക്ടറുകൾ ഉപയോഗിച്ച് മുറിച്ച് നിരയായി കൂട്ടിവയ്ക്കും. അടുത്തൊരു യന്ത്രമുപയോഗിച്ച് ഇവ ശേഖരിച്ച് ഒരാൾ പൊക്കത്തിലുള്ള ചുരുളുകളാക്കി, പോളിത്തീൻ ഷീറ്റുകൾ കൊണ്ട് പൊതിഞ്ഞ് കന്നുകാലികൾക്കുള്ള ശൈത്യകാല ഭക്ഷണമായി സൂക്ഷിച്ച് വയ്ക്കും.



www.malankaralibrary.com

ഏതാണ്ട് ഉച്ചയോട്കൂടി ഹൈബ്യൂളിനടുത്ത് ആറാഹ് എന്ന സ്ഥലത്ത് ഫാ. തോമസ് ട്രെയിനിറങ്ങി. ഫ്രൗ ക്ലാരാ വിറ്റ്മാൻ എന്ന വനിത അവിടെ ഫാ. തോമസിനെ കാത്തുനില്പുണ്ടായിരുന്നു. ഇടവകയുടെ ഓഫീസ് സെക്രട്ടറിയും പാചകക്കാരിയുമായിരുന്നു അവർ. ചുവന്ന നിറത്തിലുള്ള അവരുടെ ഫോക്സ് വാഗൺ പോളോ കാർ കുന്നിൻ ചരിവുകളിലൂടെ മുന്നോട്ട് നീങ്ങി. ഏതാണ്ട് ഒന്നര കിലോമീറ്ററോളം സഞ്ചരിച്ചപ്പോൾ പള്ളിയിലെത്തി. ഒരു കുന്നിൻ മുകളിൽ നില്ക്കുന്ന അതിമനോഹരമായ ദേവാലയം. പള്ളിയോട് ചേർന്ന് റോഡിന്റെ ഇടതു വശത്തായാണ് വൈദികർക്ക് താമസിക്കാനുള്ള പള്ളിമേട. ഓട് മേഞ്ഞ ഈ കെട്ടിടത്തിന് മൂന്നു നിലകളുണ്ടായിരുന്നു. ഓരോ നിലയുടെയും തറകൾ തടിപ്പലകകൾ പാകി മനോഹരമാക്കിയിരുന്നു. ഓരോ നിലയുടെയും മട്ടുപ്പാവുകൾ പുഷ്പിത സസ്യങ്ങളാൽ അലംകൃതമായിരുന്നു.




**ജർമ്മനിയിലെ ഹൈബ്യൂൾ സെന്റ് വോൾഫ്ഗാംഗ് ദേവാലയം**

എല്ലാ ദിവസവും പള്ളിയിൽ ജർമ്മൻ ഭാഷയിൽ വി. കുർബാന അർപ്പിക്കണം. പള്ളിയിലെ വികാരിയച്ചൻ ഇതിനോടകം തന്നെ അവധിക്കായി പോയിരുന്നു. രണ്ടുമാസത്തേക്ക് പള്ളിയുടെ മുഴുവൻ ചുമതലയും ഫാ. തോമസിനായിരുന്നു. ഞായറാഴ്ചകളിൽ മാത്രമേ പ്രസംഗമുണ്ടായിരുന്നുള്ളൂ. അത് എഴുതി തയ്യാറാക്കി കൊണ്ടുവരുന്നത് വായിച്ചാൽ മതിയാകും. എല്ലാദിവസവും വൈകുന്നേരങ്ങളിൽ ഒരു മണിക്കൂർ നടക്കാൻ പോകും. പുൽമേടുകൾക്കിടയിലൂടെയുള്ള നടത്തം ഏറെ ആനന്ദകരമായിരുന്നു. പള്ളിയുടെ കിഴക്കു വശത്ത് കൂടെയുള്ള റോഡ് അവസാനിക്കുന്നത് ഒരു തടാകത്തിന്റെ കരയിലായിരന്നു. അവിടെ ചെറുബോട്ടുകളുണ്ടായിരുന്നു. സന്ദർശകർക്ക് അവയിൽ കയറി സ്വയം തുഴഞ്ഞ് തടാകത്തിലൂടെ ആവോളം സഞ്ചരിക്കാമായിരുന്നു. ഞായറാഴ്ചകളിൽ ഉച്ചതിരിഞ്ഞ് ഫ്രൗ ക്ലാരാ സമീപത്തുള്ള ഏതെങ്കിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് കൊണ്ടുപോകുമായിരുന്നു. ചെക്ക് റിപ്പബ്ലിക്കിന് അടുത്തുള്ള പർവ്വതശിഖിരങ്ങളിലേക്കായിരുന്നു ഒരു ദിവസത്തെ യാത്ര. ആ



www.malankaralibrary.com



**ഫാ. തോമസ് ജർമനിയിലെ ചെക്ക് അതിർത്തിയിലുള്ള പർവ്വത ശിഖരങ്ങളിൽ**


പർവതത്തിന്റെ ഉത്തുംഗ ശൃംഗങ്ങളിലിരുന്നുകൊണ്ട് താഴെ ചെക്ക് റിപ്പബ്ലിക്കിന്റെയും ജർമ്മനിയുടെയും ഭൂപ്രദേശങ്ങൾ ഒരുപോലെ കാണാൻ സാധിച്ചിരുന്നു.

മൂന്നു മാസത്തെ അവധിക്കാലത്തിനുശേഷം ഫാ. തോമസ് വീണ്ടും തിരിച്ച് റോമിലെത്തി. ഇനിയും ഏറെ ഗൗരവമേറിയ പഠനകാലമാണ്. പൗരസ്ത്യ കാനോന സംഹിതയിൽ മാസ്റ്റർ ബിരുദത്തി (Licentiate) നു വേണ്ടിയുള്ള പഠനത്തിന്റെ അവസാന വർഷമായിരുന്നു അത്. ഈ വർഷാവസാനം ഒരു മണിക്കൂർ നീണ്ടു നിൽക്കുന്ന വാചിക പരീക്ഷയിൽ ഇറ്റാലിയൻ ഭാഷയിൽ ഉത്തരം നൽകണം. ഒപ്പം ഒരു പ്രൊഫസറുടെ ശിക്ഷണത്തിൽ നൂറു പേജോളം വരുന്ന ഒരു പ്രബന്ധം തയ്യാറാക്കണം. ഫാ. തോമസിനെ സംബന്ധിച്ചിടത്തോളം ഏറെ സംഭവ ബഹുലമായിരുന്നു ആ വർഷം. 2000-ാമാണ്ട് മഹാജുബിലി അത്യാഘോഷപൂർവ്വം കൊണ്ടാടുവാനുള്ള ഒരുക്കങ്ങൾ വത്തിക്കാനിൽ ആരംഭിച്ചു. ഇതിനോടകം തിരുവനന്തപുരം അതിരൂപതയിൽ നിന്നും റോമിൽ പഠിക്കുന്നവരുടെ നേതൃസ്ഥാനത്തേക്ക് ഫാ. തോമസ് തെരഞ്ഞെടുക്കപ്പെട്ടു. അതോടൊപ്പം മറ്റൊരു ഭാരിച്ച ചുമതലയും ആർച്ചുബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ് തിരുമേനി ഫാ. തോമസിനെ ഏല്പിച്ചു. റോമിൽ നടക്കുന്ന മഹാ ജൂബിലി ആഘോഷങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രതിനിധിയായി നേതൃത്വം നൽകണം. ഈ നിയമനത്തിന്റെ ഉത്തരവ് ഫാക്സ് സന്ദേശമായി റോമിലെത്തി. 2000 നവംബറിലായിരിക്കും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടേതായ മഹാജൂബിലി ആഘോഷം റോമിൽ നടക്കുക. കോംപ്രിഹെൻസീവ് എക്സാമിനേഷൻ, തീസിസ്, മഹാജൂബിലി ആഘോഷം ഈ മൂന്ന് ധ്രുവങ്ങളിൽ കേന്ദ്രീകരിച്ചായിരുന്നു ഫാ. തോമസിന്റെ മനസ്സിന്റെ സഞ്ചാരം.



www.malankaralibrary.com

തീസിസ് തയ്യാറാക്കുന്നതിനുള്ള ജോലികൾ ആദ്യം തന്നെ പ്രാധാന്യം നൽകി ആരംഭിച്ചു. പുസ്തകങ്ങൾ രചിച്ചുള്ള പരിചയം ഇവിടെ ഏറെ പ്രയോജനപ്പെട്ടു. വിഷയം തെരഞ്ഞെടുക്കുന്നതിനും ഏറെ ബുദ്ധിമുട്ടേണ്ടിവന്നില്ല. മനുഷ്യ സമൂഹത്തിന്റെ മുഴുവൻ രക്ഷയ്ക്കു വേണ്ടി രക്ഷകനായ യേശുക്രിസ്തുവിനാൽ സ്ഥാപിതമായ സാമൂഹിക യാഥാർത്ഥ്യമാണ് വിശുദ്ധ സഭ എന്ന കാഴ്പ്പാടായിരുന്നു ഫാ. തോമസിനുണ്ടായിരുന്നത്. തന്മൂലം സഭയുടെ നിയമങ്ങളുടെ ആത്യന്തിക ലക്ഷ്യം മനുഷ്യനെ വിമോചിപ്പിക്കുകയെന്നതായിരുന്നു. ഈ വിഷയത്തെക്കുറിച്ച് ഗവേഷണം നടത്തി പഠിക്കുക, ഇതായിരുന്നു ഫാ. തോമസിന്റെ ഗവേഷണ പ്രബന്ധത്തിന്റെ അടിസ്ഥാന ലക്ഷ്യം. തീസിസിന്റെ ഡയറക്ടറായി തെരഞ്ഞെടുത്തത് പൗരസ്ത്യ സഭാനിയമവിജ്ഞാനീയരംഗത്തെ കുലപതിയായ ഡോ. ഡിമിട്രിയോസ് സലാക്കാസിനെയായിരുന്നു. തീസിസിന്റെ ഉള്ളടക്കത്തിലും രചനാരീതികളിലും ഏറെ കാർക്കശ്യം പുലർത്തിയിരുന്ന അദ്ദേഹത്തോടോപ്പം ഗവേഷണ പ്രബന്ധം തയ്യാറാക്കാൻ സാധിക്കുന്നത് ഒരു വലിയ പരിശീലനമായിട്ടായിരുന്നു ഫാ. തോമസ് കരുതിയിരുന്നത്. തീസിസിന്റെ ഒരോ അധ്യായവും പരിശോധനയ്ക്ക് സമർപ്പിച്ചപ്പോൾ ഇത് കൂടുതൽ ബോധ്യപ്പെട്ടു. മുഴുവൻ അദ്ധ്യായങ്ങളും സമർപ്പിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം ഫാ. തോമസിന് അയച്ച ഈമെയിൽ ഏറെ പ്രസക്തമാണ്. “La tua tesi di licenza potrebbe essere oggetto di dottoratto.” (മാസ്റ്റർ ബിരുദത്തിന്റെ പൂർത്തീകരണത്തിനായി താങ്കൾ സമർപ്പിച്ച പ്രബന്ധം ഡോക്ട്രേറ്റിനു വേണ്ടിയുള്ളതാകേണ്ടിയിരുന്നു.)


റവ.ഡോ. ഡിമിട്രിയോസ് സലാക്കാസ്

മാസ്റ്റർ ബിരുദപഠനത്തിന്റെ അവസാന വർഷതിരക്കിലായതു കാരണം മലങ്കരസുറിയാനി കാതോലിക്കാസഭയുടെ ആഭിമുഖ്യത്തിലുള്ള മഹാജൂബിലി ആഘോഷത്തിന്റെ ചുമതലകൾ ഫാ. എബ്രഹാം തലോത്തിലിനെ ഏല്പിച്ചു. എങ്കിലും ആഘോഷങ്ങളുടെ ആസൂത്രണം നടത്തിയതും ബൗദ്ധികമായ പിന്തുണ നൽകിയതും ഫാ. തോമസ് തന്നെയായിരുന്നു. ഇതര പൗരസ്ത്യ സഭാസമൂഹങ്ങൾ ഒരു വി. കുർബാനയിൽ മാത്രം തങ്ങളുടെ റോമിലെ മഹാജൂബിലി ആഘോഷം ഒതുക്കി നിർത്തിയപ്പോൾ മലങ്കര സുറിയാനി കത്തോലിക്കാ സഭ അത് മൂന്നു ദിവസത്തെ ആഘോഷമാക്കി മാറ്റി. അമേരിക്കൻ ഐക്യനാടുകളിലും യൂറോപ്പിലെ ഇതര രാജ്യങ്ങളിലുമുള്ള മലങ്കര കത്തോലിക്കാ സഭാംഗ




www.malankaralibrary.com

ങ്ങളെ മുൻകൂട്ടിയറിയിച്ചതനുസരിച്ച് ഏതാണ്ട് ഇരുനൂറിനടുത്ത് സംഖ്യ വരുന്ന വിശ്വാസി സമൂഹം റോമിൽ ഒരുമിച്ചു ചേർന്നു. 2000 നവംബർ 19 ന് വൈകുന്നേരം പ. പിതാവ് ജോൺ പോൾ II മാർപ്പാപ്പാ നേതൃത്വം നൽകിയ സന്ധ്യാ പ്രാർത്ഥനയിൽ പങ്കുകൊള്ളുന്നതിനും മാർപ്പാപ്പയുടെ ജൂബിലി സന്ദേശം ശ്രവിക്കുവാനുമായി എല്ലാവരും സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ഒരുമിച്ച് ചേർന്നു. ത്രികാല ജപത്തിനും മാർപ്പാപ്പയുടെ സന്ദേശത്തിനും ശേഷം വിശ്രമത്തിനായി എല്ലാവരും തങ്ങളുടെ വാസസ്ഥലങ്ങളിലേക്ക് പോയി. അമേരിക്കയിൽ നിന്നും ഇതര യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുമെത്തിയ സഭാംഗങ്ങൾക്ക് വിവിധ ഹോട്ടലുകളിലാണ് താമസമൊരുക്കിയിരുന്നത്. യാത്രാക്ഷീണമുണ്ടായിരുന്നതുകൊണ്ട് എല്ലാവരും വേഗം തങ്ങളുടെ വാസസ്ഥലങ്ങളിലേക്ക് പിൻവാങ്ങി. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ പിതാക്കന്മാരും ഈ ആഘോഷങ്ങളിൽ പങ്കുചേരുന്നുണ്ടായിരുന്നു. അവർക്കുള്ള താമസസൗകര്യം ക്രമീകരിച്ചിരുന്നത് വത്തിക്കാനടുത്തുള്ള 'കാസാ ദെൽ ക്ലേരോ' യിലായിരുന്നു.

2000 നവംബർ 20ന് മലങ്കര സുറിയാനി കത്തോലിക്കാ സഭാംഗങ്ങൾക്കു വേണ്ടി അനുവദിച്ച, മാർപ്പാപ്പയുടെ പ്രത്യേക ഓഡിയൻസ്. രാവിലെ പത്തോടുകൂടി തന്നെ എല്ലാവർക്കും ദേഹപരിശോധനയ്ക്ക് ശേഷം വത്തിക്കാൻ കൊട്ടാരത്തിലെ ഹാളിലേക്ക് പ്രവേശനം ലഭിച്ചു. മഹാജൂബിലി ആഘോഷത്തിനു വേണ്ടിയുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഔദ്യോഗിക പ്രതിനിധി എന്ന നിലയിൽ ഫാ. തോമസിന് അഭിവന്ദ്യപിതാക്കന്മാരോടൊപ്പം മുൻ നിരയിലായിരുന്നു ഇരിപ്പിടം ക്രമീകരിച്ചിരുന്നത്. ഏതാനും മിനിറ്റുകൾക്ക് ശേഷം പ. പിതാവ് കടന്നുവന്നു. വാർദ്ധക്യ ക്ഷീണത ഏറെയുണ്ടായിരുന്നു ആ മുഖത്ത്. മുൻനിരയിലായിരുന്നതിനാൽ കൈമുത്തുന്നതിനും ഹസ്തദാനംസ്വീകരിക്കുന്നതിനും അവസരം ലഭിച്ചു. ഹാളിൽ മുൻഭാഗത്ത് ക്രമീകരിച്ചിരുന്ന ഇരിപ്പിടത്തിൽ പ. പിതാവ് ഇരുന്നു. തുടർന്ന് ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസ് തന്റെ ആമുഖ പ്രസംഗത്തിനായി എഴുന്നേറ്റു. ഫാ. തോമസ് തന്റെ ഫയലിൽ സൂക്ഷിച്ചിരുന്ന അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ലിഖിതരൂപം എടുത്തു നൽകി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വളർച്ചയിൽ ദൈവത്തിന്റെ അനന്തമായ പരിപാലനയ്ക്കും റോമിലെ അപ്പസ്തോലിക സിംഹാസനത്തിൽ നിന്നും ലഭിക്കുന്ന പിന്തുണയ്ക്കും അദ്ദേഹം കൃതജ്ഞത രേഖപ്പെടുത്തി. തുടർന്നായിരുന്നു മാർപ്പാപ്പയുടെ സന്ദേശം. മലങ്കര സുറിയാനി കത്തോലിക്കാ സഭ ചുരുങ്ങിയ ചരിത്രകാലയളവിനുള്ളിൽ കൈവരിച്ച നേട്ടങ്ങളെ പുകഴ്ത്തുകയും അതിനു നേതൃത്വം നൽകിയ മാർ ഈവാനിയോസ് തിരുമേനിയുടെ ധീരോദാത്തമായ പ്രേഷിത ചൈതന്യത്തെ പ്രകീർത്തിക്കുകയും ചെയ്തു. തുടർന്ന് എല്ലാവരും ചേർന്നുള്ള ഗ്രൂപ്പ് ഫോട്ടോ സെഷനിരുന്നതിനുശേഷമായിരുന്നു മാർപ്പാപ്പ മടങ്ങിയത്.



www.malankaralibrary.com



**റോമിൽ നടന്ന മലങ്കര മഹാജൂബിലി 2000 ആഘോഷവേളയിൽ
പ. ജോൺ പോൾII മാർപാപ്പയോടൊപ്പം ഫാ. തോമസ്**

നവംബർ 20 ഉച്ചതിരിഞ്ഞ് റോമിലെ പൊന്തിഫിക്കൽ ഉർബാനിയൻ സർവകലാശാലയുടെ പോപ്പ് ജോൺ പോൾ ഓഡിറ്റോറിയം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മഹാജൂബിലി സമ്മേളനത്തിനു വേദിയായി. പൗരസ്ത്യ സഭകൾക്കായുള്ള കോൺഗ്രിഗേഷന്റെ പ്രീഫെക്ടായിരുന്ന കർദ്ദിനാൾ അക്കില്ലെ സിൽവെസ്ത്രീനിയുടെ അദ്ധ്യക്ഷതയിലായിരുന്നു സമ്മേളനം. മഹാജൂബിലിക്കുവേണ്ടിയുള്ള കേന്ദ്ര കമ്മിറ്റിയുടെ അദ്ധ്യക്ഷൻ കർദ്ദിനാൾ റോജർ എച്ച്ഗ്റേ, സുവിശേഷവത്കരണ കോൺഗ്രിഗേഷന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ ക്രെഷേൻസിയോ സെപ്പെ, ഇന്ത്യയിൽ നിന്നുള്ള വിരമിച്ച കർദ്ദിനാൾ ലൂർദ്ദ് സാമി തുടങ്ങിയവർ ഈ സമ്മേളനത്തിൽ സംസാരിച്ചു. ആർച്ചു ബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ് തിരുമേനി ഏവർക്കും കൃതജ്ഞത അർപ്പിച്ചു. ആഗോളതലത്തിൽ തന്നെ ഏറ്റവും ശ്രദ്ധേയമായ ഒരു ആഘോഷമായി ഇത് വിലയിരുത്തപ്പെട്ടു. പല ഇറ്റാലിയൻ പൊതുമാധ്യമങ്ങളും ഈ വാർത്ത റിപ്പോർട്ട് ചെയ്യുകയുണ്ടായി. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ചരിത്രം, വർത്തമാനകാല ചിത്രം എന്നിവ ഉൾക്കൊള്ളുന്ന മനോഹരമായ സചിത്രലഘുലേഖകൾ ഇംഗ്ലീഷിലും ഇറ്റാലിയനിലും തയ്യാറാക്കി വന്നു ചേർന്ന എല്ലാവർക്കുമായി വിതരണം ചെയ്തു. ആഗോള കത്തോലിക്കാസഭയുടെ ആസ്ഥാനത്ത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആഭിമുഖ്യത്തിൽ നടന്ന ഈ മഹാജൂബിലി ആഘോഷം ഈ സ്വയാധികാര സഭയുടെ ചരിത്രത്തിൽ തന്നെ നിർണ്ണായക സ്വാധീനം ചെലുത്തി എന്ന് പറയാം.



www.malankaralibrary.com



LA CHIESA SIRO ANTIOCHENA

LA CHIESA SIRO MALANKARESE

*Celebrano il Grande Giubileo con una Liturgia della Santa Messa presieduta da*

**Sua Beatitudine Mor Ignazio Moussa I Daoud**
*Patriarca di Antiochia dei Siri*

**Sua Eccellenza Cyril Mar Baselios**
*Metropolita dei Siri Malankaresi*

*nella Basilica di Santa Maria in Trastevere il 21 Novembre 2000 alle ore 16.00*

*Siete cordialmente invitati a partecipare a questa celebrazione Giubilare*

Mons. Mikhael Al JAMIL
Tel. 06-6794973

Don Thomas KUZHINAPURATH
Tel. 06-77267125

**റോമിലെ മഹാജൂബിലി ക്ഷണക്കത്ത്**

നവംബർ 21 ന് വൈകുന്നേരം 3 മണിക്ക് റോമിലെ ത്രസ്തേവരയിലുള്ള സെന്റ് മേരീസ് ബസ്ലീക്കയിൽ അന്ത്യോക്യൻ റീത്തിൽ സിറിയൻ കത്തോലിക്കാ പാത്രിയർക്കീസ് ഇഗ്നേഷ്യസ് മൂസാ ദാവൂദ് തിരുമേനിയും മലങ്കര സുറിയാനി കത്തോലിക്കാ സഭാ ആർച്ചുബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയും ഒരുമിച്ച് നേതൃ ത്വം നൽകിയ സമൂഹ ബലിയിൽ സുറിയാനി, മലയാളം, തമിഴ്, അറബിക്, ഇറ്റാലിയൻ എന്നീ ഭാഷകളിൽ പ്രാർത്ഥനകൾ സമർ പ്പിച്ചു. ഈ അഞ്ചു ഭാഷകളിലെയും പ്രാർത്ഥനകൾ ഒരുമിച്ച് അച്ചടിച്ച കുർബാനക്രമം ഇന്നും ഒരു നിധിപോലെ ഫാ. തോമസ് സൂക്ഷിക്കുന്നു.

ഈ ആഘോഷങ്ങളുടെ ഒരുക്കങ്ങളൊക്കെ റോമിൽ നടക്കുമ്പോൾ ഇങ്ങ് കേരളത്തിൽ കുഴിനാപ്പുറത്ത് വീട്ടിൽ ഫാ. തോമസിന്റെ പിതാവ് ജോണിച്ചായൻ ചില ഗൗരവതരമായ രോഗങ്ങളാൽ പരീക്ഷീണിതനായി തിരുവല്ലാ പുഷ്പഗിരി ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടിരുന്നു. ഹോസ്പിറ്റലിന്റെ ഡയറക്ടർ ഫാ. എബ്രഹാം മുളമൂട്ടിലിന്റെ ഈ മെയിൽ സന്ദേശം രോഗവിവരത്തിന്റെ ഗൗരവത്തെക്കുറിച്ച് ഫാ. തോമസിനെ ശരിക്കും ബോധ്യപ്പെടുത്തി– ജോണിച്ചായന്റെ ആന്തരിക അവയവങ്ങളിലെല്ലാം ക്യാൻസർ ബാധിച്ചിരുന്നു. ഏതാനും നാളുകൾ യൂണിവേഴ്സിറ്റിയിൽ നിന്നും, താമസിക്കുന്ന ഡമഷീനോ കോളേജിൽ നിന്നും അവധി വാങ്ങി നാട്ടിലേക്ക് തിരിച്ചു. ഫാ. ഷാജി മാണികുളം, ഫാ. ജോസ് മരിയദാസ് തുടങ്ങിയവർ എയർപോർട്ടിൽ യാത്രയയയ്ക്കാനെത്തിയിരുന്നു. ആദ്യമായാണ് തനിയെ ഉള്ള വിമാനയാത്ര. ഒമാൻ വഴിയായിരുന്നു യാത്ര.

തിരുവനന്തപുരം എയർപോർട്ടിൽ സ്വീകരിക്കുന്നതിന് അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറി ഫാ. വിൻസൺ തട്ടാരുതുണ്ടിൽ വാഹനവുമായി എത്തിയിരുന്നു. അരമനയിൽ കയറി അല്പം വിശ്രമിച്ചതിനുശേഷം പുഷ്പഗിരി ആശുപത്രിയിലേക്ക് പുറപ്പെട്ടു. ജോണിച്ചായന്റെ രോഗശയ്യക്കരുകിലെത്തിയപ്പോൾ അവിടെ അന്നമ്മ ചേടത്തിയും ഫാ. തോമസ്സിന്റെ സഹോദരങ്ങളെല്ലാവരുമുണ്ട്. രണ്ട് വർഷം മുമ്പ് തന്നെ യാത്രയാക്കു



www.malankaralibrary.com

വാനായി പട്ടം അരമനയിൽ എത്തിയ ആളിൽ നിന്നും ഒത്തിരി മാറിയിരിക്കുന്നു ജോണിച്ചായൻ. ജോണിച്ചായൻ അച്ചൻമോനെ കണ്ട് എഴുനേൽക്കാനൊരു വിഫലശ്രമം നടത്തി. വീണ്ടും എല്ലാവരും ചേർന്ന് താങ്ങി കിടത്തി. ഏതാണ്ട് ഒരു മണിക്കൂർ അച്ചായനോടൊപ്പം ചെലവഴിച്ചിട്ട് വീട്ടിൽ വന്നുറങ്ങി. അടുത്ത ദിവസം ചീക്കനാൽ മഠത്തിൽ എത്തി വി. കുർബ്ബാന അർപ്പിച്ചു. പിന്നീട് പ്രക്കാനത്ത് മാതൃസഹോദരീപുത്രിയായ സൂസമ്മയുടെ വിട്ടിൽ പോയി അവരുടെ ഭർത്താവ് തുണ്ടിയത്ത് കൊച്ചുമ്മച്ചായന്റെ പഴയ ബജാജ് ചേതക്ക് സ്കൂട്ടർ വാങ്ങി അതിൽ തിരുവല്ലായിലേക്കും വൈകുന്നേരം ചീക്കനാലിലേക്കും യാത്ര ചെയ്ത് ഒരാഴ്ച ചെലവഴിച്ചു. ഇനി പ്രത്യേകിച്ചൊന്നും ചെയ്യാനില്ല. യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുവാൻ മനസ്സിനെ പാകപ്പെടുത്തുക. ഈ അറിയിപ്പ് ഹോസ്പിറ്റലിൽ നിന്നും ലഭിച്ചതോടെ ഡിസ്ചാർജ്ജ് ചെയ്ത് വീട്ടിലേക്ക് കൊണ്ടുവരുവാൻ വേണ്ടി ഏർപ്പാടുകൾ ചെയ്തു. താനൊരു വൈദികനായതിനാലും പുഷ്പഗിരി ഹോസ്പിറ്റൽ മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ പ്രശസ്തമായ ഒരു സ്ഥാപനമായതിനാലും നൽകാവുന്ന എല്ലാ ശുശ്രൂഷകളും പരിചരണങ്ങളും അച്ചായന് നൽകിയിരിക്കുമെന്ന് ഫാ. തോമസിന് ഉറപ്പുണ്ടായിരുന്നു.

തിരുവനന്തപുരത്ത് 'ദൈവജനം' എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പിന്റെ പ്രസാധനവുമായി ബന്ധപ്പെട്ട് ചില ജോലികൾ ഫാ. തോമസിന് പൂർത്തിയാക്കാനുണ്ടായിരുന്നു. തിരുവനന്തപുരത്തുള്ള കാർമ്മൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസ് ആണ് ഈ പതിപ്പിന്റെ പ്രസാധനമേറ്റെടുത്തിരിക്കുന്നത്. ഇന്റർ നാഷണൽ സ്റ്റാന്റേഡ് ബുക്ക് നമ്പരോടു (ISBN) കൂടിയായിരിക്കും അവർ പ്രസിദ്ധീകരിക്കുക. തിരുവനന്തപുരത്തെ ഫിൻഗ്രാഫ് എന്ന സ്ഥാപനം മനോഹരമായി പുസ്തകത്തിന്റെ കവറും ഉൾപേജുകളും ലേഔട്ട് ചെയ്തിരിക്കുന്നു. എല്ലാകാര്യങ്ങളും കണ്ട് ബോധ്യപ്പെട്ട് രണ്ടാപതിപ്പ് പ്രസിദ്ധീകരിക്കുന്നതിനു വേണ്ട അംഗീകാരം നൽകി.

അടുത്ത ദിവസമാണ് റോമിലേക്കുള്ള മടക്കയാത്ര. ഒരിക്കൽക്കൂടി വീട്ടിൽ പോയി അച്ചായനെ കണ്ട് ആശ്ലേഷിച്ച് അനുഗ്രഹം വാങ്ങി വൈകുന്നേരം തിരികെ അരമനയിലെത്തി. അടുത്ത ദിവസം വെളുപ്പിനാണ് ഒമാൻ വഴിയുള്ള വിമാനം. അതിരാവിലെ എഴുന്നേറ്റ് അരമയിലെ പ്രൈവറ്റ് ചാപ്പലിൽ വി. കുർബ്ബാന അർപ്പിച്ചു. അച്ചായനു വേണ്ടിയായിരുന്നു അത്. വേഗം മുറിയിലെത്തി യാത്രയ്ക്കുള്ള വേഷം ധരിച്ചു. അരമനയിൽ നിന്നും വിമാനത്താവളത്തിലേക്കുള്ള യാത്രാ സൗകര്യം ക്രമീകരിച്ചിരുന്നു. എയർപോർട്ടിലെ നടപടി ക്രമങ്ങളെല്ലാം പൂർത്തിയാക്കി വിമാനത്തിൽ കയറി. തനിയെയുള്ള ആ യാത്രയിൽ വീണ്ടും അച്ചായന്റെ ആ മെല്ലിച്ച മുഖം മനസ്സിൽ തെളിഞ്ഞു വന്നു. ചെറുതിലെ ഏറെ വാത്സല്യത്തോടെയാണ് തന്നെ വളർത്തിയത്. ഓമല്ലൂരിലെ 'വയൽവാണിഭ' ത്തിന് ഒരോ തവണയും തോളിലേറ്റിയാവും കൊണ്ടുപോവുക. നല്ല കളിപ്പാട്ടങ്ങൾ വാങ്ങിതരികയും ചെയ്യുമായിരുന്നു. ഒരു



www.malankaralibrary.com

പ്രാവശ്യം കളിമണ്ണ് കൊണ്ടുണ്ടാക്കിയ ഒരു മയിൽ രൂപമായിരുന്നു വാങ്ങി ത്തന്നത്. അതിന്റെ കഴുത്തിൽ ഒരു സ്പ്രിംഗ് ആണ് ഘടിപ്പിച്ചിരുന്നത്. അതിനാൽ ഒരു നേരിയ ചലനം മതി മയിൽ തലയാട്ടാൻ തുടങ്ങും. തെറ്റു കണ്ടാൽ ചുട്ട അടി മക്കൾക്ക് നൽകാൻ ഒട്ടും ലുബ്ധ് കാട്ടിയിട്ടില്ല അച്ചാ യൻ. തുടയിലെ തിണർത്ത പാടുകൾ തടവിയിരുന്ന് കണ്ണീർ പൊഴിച്ച നിമിഷങ്ങൾ ഫാ. തോമസിന്റെ മനസ്സിലൂടെ കടന്നു പോയി.

വിമാന യാത്രകഴിഞ്ഞ് കൊളേജിയോ ഡമഷീനോയിലെത്തിയപ്പോൾ നേരം ഏറെ വൈകിയിരുന്നു. കുളികഴിഞ്ഞ്, ഭക്ഷണവും കഴിച്ച് കിട ന്നപ്പോൾ തന്നെ ഉറങ്ങിപോയി. പിറ്റേന്ന് അതിരാവിലെ തന്നെ കോളേ ജിലെ മലങ്കര ചാപ്പലിൽ പോയി വി. കുർബ്ബാനയർപ്പിച്ചു. പ്രഭാതഭക്ഷ ണത്തിനുശേഷം നേരെ യൂണിവേഴ്സിറ്റിയിലേയ്ക്ക് നടന്നു. കയ്യിൽ ലാപ്ടോപ്പ് അടങ്ങിയ ബാഗും കരുതിയിട്ടുണ്ട്. യൂണിവേഴ്സിറ്റിയിൽ ക്ലാസ്സുകൾ കഴിഞ്ഞുള്ള ഇടവേളകളിൽ മലയാളി സുഹൃത്തുക്കൾ ഒരു മിച്ചിരുന്ന് ഒരു മാസത്തിനുള്ളിൽ വരാൻ പോകുന്ന കോമ്പ്രിഹെൻസീവ് എക്സാമിനേഷനെകുറിച്ചും അതിനുവേണ്ടി തയ്യാറാക്കേണ്ട പാഠഭാഗ ങ്ങളെക്കുറിച്ചും വിശദമായ ചർച്ചകൾ നടത്തി. ഈ പരീക്ഷകൾക്ക് ഒരു പ്രത്യേകതയുണ്ട്. ആവശ്യമായ റഫറൻസ് ഗ്രന്ഥങ്ങൾ വിദ്യാർത്ഥി കൾക്കു ഉപയോഗിക്കാം. ആയതിനാൽ പൗരസ്ത്യ സഭകളുടെ കാനോന സംഹിത (CCEO), രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ തുടങ്ങിയവയുടെ അദ്ധ്യായങ്ങൾ അടയാളപ്പെടുത്തി സ്റ്റിക്കറുകൾ ഒട്ടിച്ചു. പരീക്ഷകരിൽ നിന്നും വരുന്ന ഏത് ചോദ്യത്തിനും കൃത്യമായി ഉത്തരം പെട്ടെന്ന് പറയുന്നതിനു വേണ്ടിയായിരുന്നു ഇത്.

ശരിയായ തയ്യാറെടുപ്പുകളോടെ പരീക്ഷയ്ക്കൊരുങ്ങുകയായിരുന്നു ഫാ. തോമസ്, ഡമഷീനോ കോളേജിലെ തന്റെ മുറിയിൽ. അന്ന് 2000 ജൂൺ 13 ആയിരുന്നു. കതകിൽ മുട്ടുന്നത് കേട്ട് മുറി തുറന്നു. ഫാ. ഷാജി മാണികുളമായിരുന്നു അത്. അദ്ദേഹത്തിന്റെ മുഖത്ത് സാധാരണ കാണുന്ന പ്രസന്നത തെല്ലുമില്ലായിരുന്നു. "ഗൗരവമായി എന്തോ സംസാ രിക്കാനുണ്ട്. ആർച്ചുബിഷപ്പിനെ അടിയന്തിരമായി അരമനയിലേക്ക് വിളി ക്കണം" അന്ന് മൊമൈൽ ഫോൺ സാധാരണമായിട്ടില്ല. എന്നാൽ കൊളേജിയോ ഡമഷീനോയിലെ എല്ലാ മുറികളിൽ നിന്നും വിദേശങ്ങ ളിലേക്കുൾപ്പടെ എവിടേയ്ക്ക് വിളിക്കുന്നതിനും ലാൻഡ് ഫോൺ സൗക ര്യമുണ്ട്. പെട്ടെന്ന് ആർച്ച് ബിഷപ്പിന്റെ പേഴ്സണൽ നമ്പർ ഡയൽ ചെയ്തു. രണ്ടു മൂന്നു പ്രാവശ്യം റിംഗ് ചെയ്തപ്പോഴേക്കും അദ്ദേഹം ഫോണെടുത്തു.

"പിതാവെ ഗുഡ് ഈവ്നിംഗ്. ഇത് റോമിൽ നിന്നും കുഴിനാപ്പുറത്ത ച്ചനാണ്."

"അച്ചന് സുഖമാണോ. എന്തൊക്കെയുണ്ട് വിശേഷങ്ങൾ?"

'സുഖമായിരിക്കുന്നു പിതാവേ. നാളെ ലൈസെൻഷ്യേറ്റിന്റെ ഫൈനൽ കോമ്പ്രിഹെൻസീവ് എക്സാമിനേഷനാണ്."



www.malankaralibrary.com





"അച്ചനെല്ലാം നന്നായി ഒരുങ്ങിയോ?"

"ഉവ്വ്. പിതാവേ."

"അച്ചൻ വിഷമിക്കരുത്. ഒരു സങ്കടവാർത്തയുണ്ട്. അച്ചന്റെ അപ്പച്ചൻ അല്പം മുമ്പ് മരിച്ചുപോയി."

ഫാ. തോമസിന്റെ ഉള്ളിൽ നിന്നും അറിയാതെ ഒരു തേങ്ങൽ പുറത്തുവന്നു. ഫാ. ഷാജി മാണികുളം കൈകളിൽ മുറുകെ പിടിച്ച് തോളിൽ തട്ടി ആശ്വസിപ്പിക്കുന്നുണ്ടായിരുന്നു. വിവരമറിഞ്ഞ് റെക്ടർ ഫാ. പാട്രിക്ക് മൂത്തേരിലും മുറിയിലേക്ക് വന്നു. ഫാ. തോമസിനെ അദ്ദേഹം തന്റെ മുറിയിലേക്ക് കൂട്ടികൊണ്ടുപോയി. ഏറെ ആശ്വാസവചനങ്ങൾ പകർന്നുകൊടുത്തു.

ഫാ. പാട്രിക് ചോദിച്ചു. "എന്താ അച്ചന്റെ തീരുമാനം. ഇനിയും നാട്ടിൽ പോകുന്നുണ്ടോ?"

മറുപടി പറയാനാകാതെ ഫാ. തോമസ് വിമ്മിഷ്ടപ്പെടുകയായിരുന്നു. അല്പസമയം കഴിഞ്ഞ് തീരുമാനം റെക്ടറച്ചനെ അറിയിച്ചു. "ഇല്ലച്ചോ. അച്ചായനു വേണ്ടി ഞാനിവിടെ കുർബ്ബാന അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളാം."

അന്ന് അത്താഴം കഴിക്കുവാൻ ഭക്ഷണമുറിയിലേക്ക് പോയില്ല. സുഹൃത്തുക്കളായ വൈദികർ ഭക്ഷണം മുറിയിലേക്ക് കൊണ്ടുവന്നു. ഒന്നും കഴിക്കാൻ തോന്നിയില്ല. രാത്രിയുടെ വൈകിയ യാമത്തിൽ എല്ലാവരും ഉറക്കമായി കഴിഞ്ഞപ്പോൾ ഫാ. തോമസ് എഴുന്നേറ്റ് കോളേജിലെ മെയിൻ ചാപ്പലിലേക്ക് നടന്നു. അവിടെ സക്രാരിക്കു ചുറ്റും പ്രകാശിക്കുന്ന ആ വെള്ളി വെളിച്ചത്തെ നോക്കി കുറെ മണിക്കൂറുകൾ ഇരുന്നു. ദിവ്യകാരുണ്യനാഥന്റെ മുന്നിൽ തന്റെ മാനസ്സികാവസ്ഥ പൂർണ്ണമായും സമർപ്പിച്ചു. കിടക്കണമെന്ന് തോന്നിയപ്പോൾ മുകളിൽ തന്റെ മുറിയിലേക്ക് വന്ന് കിടന്നു. നേരം പുലർന്നപ്പോൾ തന്നെ എഴുന്നേറ്റ് കുളിച്ചു. തുടർന്ന് മുറിയിലെത്തി വീട്ടിലേക്ക് ഫോൺ വിളിച്ചു. മൂത്ത ജ്യേഷ്ഠൻ ജോസുമോനായിരുന്നു ഫോൺ എടുത്തത്. വിവരങ്ങൾ എല്ലാം ചോദിച്ചറിഞ്ഞു. അമ്മ കിടക്കുകയാണെന്ന് പറഞ്ഞു. സഹോദരങ്ങളോടെല്ലാവരോടും സംസാരിച്ചു. മൃതദേഹം വച്ചിരിക്കുന്നിടത്തുനിന്നും ഉയരുന്ന പ്രാർത്ഥനാഗീതികൾ ഫോണിലൂടെ ശ്രവിക്കാമായിരുന്നു.

രാവിലെ 8 മണിയോടു കൂടി യൂണിവേഴ്സിറ്റിയിലേക്ക് നടന്നു. ഡോ. ജോർജ്ജ് നെടുങ്ങാട്ട് അദ്ധ്യക്ഷനായ പാനലിന്റെ മുമ്പാകെയാണ് ഇറ്റാലിയൻ ഭാഷയിൽ പരീക്ഷ നൽകേണ്ടത്. ഡോ. ജോബ് അബ്ബാസ്, ഡോ. സിറിൽ വസീൽ എന്നിവരാണ് പാനലിലെ മറ്റംഗങ്ങൾ. മനഃസാന്നിധ്യം കൈവിട്ടു പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. ചോദിച്ച ചോദ്യങ്ങൾക്കെല്ലാം കൃത്യമായ ഉത്തരം ഇറ്റാലിയൻ ഭാഷയിൽ തന്നെ നൽകി. ആ ഒരു മണിക്കൂറിനുശേഷം പരീക്ഷാമുറിയിൽ നിന്നും പുറത്തിറങ്ങുമ്പോൾ ഫാ. തോമസ്സിന്റെ മനസ്സ് ശാന്തമായിരുന്നു.



www.malankaralibrary.com

റോമിലെ മലയാളി വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ഇടയിൽ ഫാ. തോമസ്സിന്റെ പിതാവിന്റെ നിര്യാണവാർത്ത ഇതിനോടകം തന്നെ അറിഞ്ഞിരുന്നു. ഫാ. ജോൺ വൈപ്പിൽ, ഫാ. ജേക്കബ് ഓലിക്കൽ എന്നിവരുടെ നേതൃത്വത്തിൽ നാട്ടിലെ മൃതസംസ്കാര സമയത്തു തന്നെ കോളേജിയോ ഡമഷീനോയിൽ വി. സമൂഹബലി അർപ്പിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്തു. ഇറ്റാലിയൻ സമയം ഉച്ചയ്ക്ക് 12 മണിയോടുകൂടി ഏതാണ്ട് അമ്പതോളം മലയാളി വൈദികർ പങ്കെടുത്ത വി. സമൂഹബലി മലങ്കര റീത്തിൽ ഡമീഷിനോ കോളേജിൽ ഫാ. തോമസിന്റെ പിതാവിനു വേണ്ടി അർപ്പിക്കപ്പെട്ടു. വി. കുർബ്ബാനയ്ക്കു ശേഷം എല്ലാവരും വ്യക്തിപരമായി കണ്ട് ആശ്വാസവചനങ്ങൾ പങ്കുവച്ച് മടങ്ങിപോയി.

അന്നു വൈകുന്നേരം ഫാ. തോമസ് വീട്ടിലേക്ക് വിളിച്ച് ജ്യേഷ്ഠൻ ജോസുമോനോട് വിവരങ്ങളെല്ലാം വിശദമായി ചോദിച്ചറിഞ്ഞു. ആ ദിവസങ്ങളിൽ ജോണിച്ചായൻ ഏറെ ക്ഷീണിതനായിരുന്നു. സന്ദർശകർ എപ്പോഴും ഉണ്ടാവും. ബന്ധുമിത്രാദികളും വൈദികരും സിസ്റ്റേഴ്സുമൊക്കെയെത്തി പ്രാർത്ഥിച്ചിരുന്നു. പലരും വെള്ളം പകർന്നു വായിലേക്ക് കൊടുക്കുന്നുണ്ടായിരുന്നു. തുണ്ടിയത്തെ മോളിമ്മാമ്മയുടെ മകൻ ജോജി വെള്ളം പകർന്നു കൊടുത്തപ്പോൾ അയാളുടെ കരങ്ങളിലേക്ക് ജോണിച്ചായൻ തലചായ്ക്കുകയായിരുന്നു. അത് ആ ജീവിതത്തിന്റെ ഇഹലോകത്തിലെ പൂർത്തീകരണമായിരുന്നു.

മൃതസംസ്കാരത്തിനു വേണ്ട ക്രമീകരണങ്ങളെല്ലാം വികാരിയച്ചന്റെ നേതൃത്വത്തിൽ ചെയ്തു. അഭിവന്ദ്യ ആർച്ച് ബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ് തിരുമേനി തന്നെയായിരുന്നു മൃതസംസ്കാരത്തിന് മുഖ്യ കാർമ്മികത്വം വഹിച്ചത്. ഒരു വലിയ സംഖ്യ വൈദികരും സിസ്റ്റേഴ്സും വീട്ടിലും ദേവാലയത്തിലുമായെത്തി മൃതദേഹത്തിന് അന്തിമോപചാരമർപ്പിച്ചു. അന്നു രാത്രി ഫാ. തോമസ് ആർച്ചു ബിഷപ്പ് തിരുമേനിയെ ഫോണിൽ വിളിച്ച് തനിക്കും കുടുംബത്തിനും നൽകിയ പിതൃതുല്യമായ കരുതലിനും സാന്ത്വനത്തിനും നന്ദി പറഞ്ഞു.

ഇറ്റലിയിലെ മലങ്കര സുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം മറ്റൊരു പ്രധാന സംഭവത്തിനും 2000-മാണ്ട് സാക്ഷ്യം വഹിച്ചു. ഇറ്റലിയിലെ ആദ്യത്തെ മലങ്കര സന്ന്യാസഭവനത്തിന്റെ സ്ഥാപനമായിരുന്നു അത്. ഫാ. തോമസ് അജപാലനശുശ്രൂഷയ്ക്ക് സഹായിക്കാൻ പൊയ്ക്കൊണ്ടിരുന്ന മൊന്തേക്കിയോ എമിലിയ ഇടവകയിൽ പുതിയ വികാരിയച്ചനെത്തി : ഡോൺ വാസ്കോ റൊസ്സേല്ലി. ഇടവകയോട് ചേർന്നുള്ള വൃദ്ധമന്ദിര (കാസാ ദെല്ലാ കരീത്താ)ത്തിൽ സിസ്റ്റേഴ്സിന്റെ സേവനം ആവശ്യമാണെന്ന് അദ്ദേഹത്തിനു തോന്നി. അദ്ദേഹം അത് ഫാ. തോമസുമായി പങ്കുവച്ചു. ഫാ. തോമസ് ഉടൻതന്നെ ബന്ധുവായ സിസ്റ്റർ ആർദ്രയെ വിളിച്ച് ഈ ആവശ്യം പറഞ്ഞു. ഏറെ ബുദ്ധിമുട്ടിയാണെങ്കിലും ഫാ. തോമസ് ബഥനി മഠത്തിന്റെ തിരുവനന്തപുരം പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റഹമാസിനെ കാര്യങ്ങൾ പറഞ്ഞു



www.malankaralibrary.com



**ഫാ. തോമസ് ആരംഭംകുറിച്ച ഇറ്റലിയിലെ മൊന്തേക്യോ മലയാളി സമൂഹത്തോടൊപ്പം**

ബോധ്യപ്പെടുത്തി. അങ്ങനെ രണ്ട് സിസ്റ്റേഴ്സിനെ ഇറ്റലിയിലേക്ക് അയയ്ക്കാമെന്ന് സമ്മതിച്ചു. അതനുസരിച്ച് സി. ഉഷസ്സ്, സി. ഉദയ എന്നിവർ ഇറ്റലിയിലേക്കെത്തുവാൻ തയ്യാറായി. ഏതാനും ദിവസങ്ങൾക്കു ശേഷം റോം എയർ പോർട്ടിലെത്തിയ അവരെ ഫാ. തോമസ് പോയി സ്വീകരിച്ചു. അന്നു തന്നെ റേജിയോ എമിലിയായിലേക്കുള്ള യാത്ര ബുദ്ധിമുട്ടായിരുന്നതുകൊണ്ട് റോമിൽ പോർത്ത്വെൻസെയിലുള്ള ഒരു മിണ്ടാമഠത്തിൽ അവരെ താമസിപ്പിച്ചു. പിറ്റെ ദിവസം എല്ലാവർക്കുമുള്ള ട്രെയിൻ ടിക്കറ്റെടുത്ത് റോമാടെർമിനിയിൽനിന്നും റേജിയോ എമിലിയായിലേക്ക് യാത്രയായി. റേജിയോ എമിലിയാ റെയിൻവേസ്റ്റേഷനിൽ കാസ്സാ ദെല്ലാ കരിത്തായുടെ പ്രതിനിധികൾ വാഹനവുമായി കാത്തു നില്പുണ്ടായിരുന്നു. മൊന്തേക്യോ എമിലിയയിലെത്തിയപ്പോൾ സമയം സന്ധ്യയാകാറായിരുന്നു. സിസ്റ്റേഴ്സിനെയും കൊണ്ട് ഫാ. തോമസ് 'കാസാ ദെല്ലാ കരിത്താ'യുടെ ചാപ്പലിൽ കയറി പ. ദൈവമാതാവിനോടുള്ള കുക്കിലിയോൻ പ്രാർത്ഥന ചൊല്ലി. ഇതായിരുന്നു ഇറ്റലിയിലെ ആദ്യ മലങ്കര സന്ന്യാസഭവനത്തിന്റെ ആരംഭം. പിന്നീട് ഇറ്റലിയിൽ തന്നെ ബിബിയാനോ എന്ന സ്ഥലത്തെ വൃദ്ധമന്ദിരത്തിലും റേജിയോ എമിലിയിലെ ബിഷപ്പ്സ് ഹൗസിലും സിസ്റ്റേഴ്സിന്റെ സേവനം ലഭ്യമാക്കികൊടുക്കുന്നതിന് ഫാ. തോമസ് നേതൃത്വം കൊടുത്തു.



www.malankaralibrary.com

അദ്ധ്യായം -14

# കടമ്പകളേറെക്കടന്ന ഗവേഷണം

**2000** ഒക്ടോബർ മാസത്തിൽ അവധി കഴിഞ്ഞ് റോമിൽ തിരിച്ചെത്തിയ ഫാ. തോമസ് യൂണിവേഴ്സിറ്റിയിൽ ഡോക്ട്രേറ്റിന് രജിസ്റ്റർ ചെയ്തു. ഡയറക്ടറായി ഡോ. ഡിമിട്രിയോസ് സലാക്കാസിനെ തന്നെ തെരഞ്ഞെടുത്തു. തീസിസിന്റെ സിനോപ്സിസ് തയ്യാറാക്കി നൽകുന്നതിന് ഫാ. തോമസിനെ ഏറെ ബുദ്ധിമുട്ടേണ്ടിവന്നില്ല. മാസ്റ്റർ ബിരുദത്തിനു വേണ്ടി തയ്യാറാക്കിയ 'തെസീനാ' അല്പം കൂടി വികസിപ്പിച്ചാൽ അത് ഒരു ഡോക്ടറൽ തീസിസ്സാകും എന്ന് ഉത്തമ ബോധ്യമുണ്ടായിരുന്നു അദ്ദേഹത്തിന്. പിന്നീട് പുസ്തകങ്ങൾ പലതും തയ്യാറാക്കിയുള്ള പരിചയവും മുതൽകൂട്ടായുണ്ടല്ലോ. എങ്കിലും പഠനത്തെ ഏറെ ഗൗരവത്തോടെ കണ്ടു. എല്ലാ ദിവസവും രാവിലെ ഏതാണ്ട് 9 മണിയോടെ ലാപ്ടോപ്പുമായി യൂണിവേഴ്സിറ്റിയിലെത്തും ഗൗരവത്തോടെയുള്ള വായനയും പഠനവുമാണ് പിന്നീട് ഉച്ചയ്ക്ക് 12 മണിവരെ. പുറത്തുനടക്കുന്നതൊന്നും പിന്നീടറിയുകയില്ല. വായനയിലും അവ കമ്പ്യൂട്ടറിൽ എന്റർ ചെയ്യുന്നതിലും മാത്രമാണ് ശ്രദ്ധ. ഇടയ്ക്ക് ലൈബ്രറിയുടെ ഈ-കാറ്റലോഗ് പരിശോധിക്കും. പുസ്തകങ്ങൾക്കായുള്ള ഓർഡർ എഴുതിയിടും. അവ എത്തിയാൽ ഉടൻ പോയി എടുത്ത് വീണ്ടും കമ്പ്യൂട്ടറിനരികിലേക്ക്. പ്രധാനമായും ഉപയോഗിച്ചത് രണ്ട് ലൈബ്രറികളായിരുന്നു. ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയുടേതും, ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിന്റേതും. ഡമഷീനോ കേളേജിന്റെ ലൈബ്രറിയും കുറെയൊക്കെ പ്രയോജനപ്പെടുത്തി.


ഡോ. സിഡ്നി എച്ച്. ഗ്രിഫിത്ത്

അമേരിക്കൻ ഐക്യനാടുകളിലെ വാഷിംഗ്ടൺ ഡി.സി.യിലുള്ള കാതലിക് യൂണിവേഴ്സിറ്റി ഓഫ് അമേരിക്കയിൽ ഒരു മാസത്തെ ഗവേഷണം നടത്തുന്നതിന് ഫാ. തോമസിന് അവസരം ലഭിച്ചു. 1989 ൽ പട്ടം അരമനയിൽ റീജൻസിക്കാലം ചെലവഴിക്കുമ്പോൾ പരിചയപ്പെട്ടതായിരുന്നു, അമേരിക്കയിൽ നിന്നുമുള്ള ഡോ.സിഡ്നി എച്ച്. ഗ്രിഫിത്തിനെ. അദ്ദേഹം കോട്ടയത്ത് സീരി (St. Ephraem Ecumemical Research Institute) യിൽ നടക്കുന്ന അഖില ലോക സുറിയാനി സമ്മേളനത്തിൽ പ്രബന്ധമവതരിപ്പിക്കാൻ എത്തിയ



www.malankaralibrary.com

തായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഈ സ്ഥാപനത്തിൽ ഏറ്റവും ആദരണീയനായ റവ. ഡോ. ജേക്കബ് തെക്കേപ്പറമ്പിലച്ചന്റെ നേതൃത്വത്തിൽ ഈ സമ്മേളനം ഏറെ കാര്യക്ഷമമായി എല്ലാ വർഷവും നടത്തിവരാറുണ്ട്. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും പ്രമുഖരായ സുറിയാനി പണ്ഡിതരെത്തി പ്രബന്ധങ്ങളെവതരിപ്പിക്കുക പതിവാണ്. അങ്ങനെയാണ് ഡോ. സിഡ്നി എച്ച് ഗ്രിഫിത്തും 1989–ൽ കേരളത്തിലെത്തുന്നത്. അദ്ദേഹത്തിന് രണ്ട് ദിവസം പട്ടം അരമന ആതിഥ്യമരുളി. അന്നദ്ദേഹത്തിനു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുത്തത് അരമനയിൽ റീജൻസി ചെയ്തിരുന്ന ബ്രദർ തോമസായിരുന്നു. ഈ ബന്ധം തുടരുകയും പിന്നീട് അദ്ദേഹം പ്രൊഫസ്സറായിരുന്ന കാതലിക് യൂണിവേഴ്സിറ്റി ഓഫ് അമേരിക്കയിൽ ഒരുമാസം ഗവേഷണം നടത്തുന്നതിനുള്ള അവസരം ഫാ. തോമസിന് നേടിക്കൊടുക്കുകയും ചെയ്തു. താമസത്തിനും ഭക്ഷണത്തിനുമൊക്കെ വേണ്ട ക്രമീകരണങ്ങൾ ഫാ. ഗ്രിഫിത് പ്രത്യേകം കരുതലോടെ ചെയ്തിരുന്നു. ലൈബ്രറിയിലെ കാനൻ നിയമ വിഭാഗത്തിൽ പ്രവേശിക്കുന്നതിനു പ്രത്യേക കോഡോടു കൂടിയ ഒരു ലോക്കുണ്ട്. ആ കോഡും ലൈബ്രറി അധികൃതർ നൽകി. അവിടെ നിന്നും തന്റെ വിഷയവുമായി ബന്ധപ്പെട്ട പല നിർണ്ണായക അറിവുകളും നേടുന്നതിന് ഫാ. തോമസിന് സാധിച്ചു. ഒരു പരിധിവരെ അദ്ദേഹത്തിന്റെ ഡോക്ടറൽ ഗവേഷണത്തെ വേറിട്ടതാകുന്നതിന് സഹായിച്ച ഒരു ഗ്രന്ഥശാലയായിരുന്നു കാതലിക് യൂണിവേഴ്സിറ്റി ഓഫ് അമേരിക്കയിലേത്.

2001 ൽ ഫാ. തോമസ് ജർമ്മനിയിൽ അവധിക്കാല ശുശ്രൂഷയ്ക്കായി പോയി. ഇപ്രകാരം ഒരു പ്രാവശ്യം കൊളോണിലും ഹൈബ്യൂളിലുമായിരുന്നു അവധിക്കാല സേവനം. കൊളോൺ കത്തീഡ്രലും മറ്റും കാണുന്നതിനുള്ള ഭാഗ്യം അതുവഴി സിദ്ധിച്ചു. ഗോതിക് വാസ്തുശില്പകലയുടെ ഒരു അതുല്യ കലാരൂപമാണത്. കൊളോണിനടുത്ത് ബോണിൽ താമസിക്കുന്ന ഫാ. തോമസിന്റെ മാതൃസഹോദര പുത്രി. ശ്രീമതി റോസമ്മാ ഫിലിപ്പ് കുടുംബസമേതം ഫാ. തോമസിനെ സന്ദർശിച്ചിരുന്നു. അവരോടൊപ്പം സമയംചെലവഴിക്കുവാനും അവരുടെ ഭവനം സന്ദർശിക്കുവാനും സാധിച്ചു.


**കൊളോൺ കത്തീഡ്രൽ**



www.malankaralibrary.com

കൊളോണിലെ താമസക്കാലത്ത് ഏതു തൊഴിലിനും അതിന്റെ മാഹാത്മ്യം ഉണ്ടെന്ന് വിളിച്ചറിയിക്കുന്ന ഒരു അനുഭവം ഉണ്ടായി ഫാ. തോമസിന്. പള്ളിമേടയിൽ കെട്ടിടം വൃത്തിയാക്കുന്നതിനും ഭക്ഷണം പാകം ചെയ്യുന്നതിനുമൊക്കെ വന്നിരുന്ന ഒരു സ്ത്രീ ഉണ്ടായിരുന്നു. ഫ്രൗ സാറാ. ഒരു ദിവസം അവർ ഫാ. തോമസിനെ തന്റെ വീട്ടിലേക്ക് കൊണ്ടുപോയി. അവർ സ്വയം ഡ്രൈവ് ചെയ്യുന്ന കാർ കണ്ട് ഫാ. തോമസ് ഒരു നിമിഷം സ്തംബ്ധനായി പോയി. മേഴ്സിഡസ് ബെൻസിന്റെ ഒരു സി ക്ലാസ് കാർ ആയിരുന്നു അവർ ഉപയോഗിച്ചിരുന്നത്. നമ്മുടെ നാട്ടിൽ ധനാഢ്യർ മാത്രം ഉപയോഗിക്കുന്ന ആ കാറിൽ യാത്ര ചെയ്തു വന്ന് ജോലി ചെയ്യുന്ന അവർ പറയാതെ പറഞ്ഞ ഒരു സന്ദേശമുണ്ട്: "ഓരോ ജോലിക്കും അതിന്റേതായ മഹത്വമുണ്ട്."

എല്ലാ അവധിക്കാലവും സ്വിറ്റ്സർലാൻഡിലെ ഫ്ളുവേലി റാൻഫ്റ്റിലെ കൊൺവെൻചൽ ആശ്രമത്തിൽ പ്രാർത്ഥനയ്ക്കായി രണ്ടാഴ്ച ചിലവഴിക്കുന്ന പതിവുണ്ടായിരുന്നു ഫാ. തോമസിന്. ഫ്ളുവേലിയിലെ നിക്കൊളാവൂസ് എന്ന വിശുദ്ധ ബ്രൂഡർ ക്ലൗസിന്റെ കബറിടം സ്ഥിതി ചെയ്യുന്ന പുണ്യഭൂമിയായിരുന്നു അത്. വർഷങ്ങളോളം ഭക്ഷണമില്ലാതെ ബ്രൂഡർ ക്ലൗസ് കഴിച്ചു കൂട്ടിയ ധ്യാനമുറി സന്ദർശിക്കുന്നതിനും അതിനോടു ചേർന്നുള്ള ചാപ്പലിൽ വി. കുർബ്ബാന അർപ്പിക്കുന്നതിനും ഫാ. തോമസിനു സാധിച്ചു.



**ഫ്ളുവേലിയിലെ
വി. ബ്രൂഡർ ക്ലൗസ്**

ഡോക്ടറൽ ഗവേഷണം ഒരു വർഷം കഴിഞ്ഞപ്പോഴേക്കും ആരോഗ്യപരമായ കാരണങ്ങളാൽ ഫാ. തോമസിന് ഗവേഷണം അവസാനിപ്പിക്കേണ്ടിവന്നു. ബന്ധുവായ സിസ്റ്റർ ആർദ്രയെ കാണുവാൻ ജർമ്മനിയിൽ മാൻഹൈമിലെ ബഥനി കോൺവെന്റിൽ പോയി. വിഭവസമൃദ്ധമായ ഭക്ഷണം സി. ആർദ്ര ഏറെ നിർബന്ധപൂർവ്വം കഴിപ്പിക്കുകയുണ്ടായി. എന്തെന്നറിയില്ല തിരികെയെത്തിയ ഫാ. തോമസിന് പിന്നീട് ഉറക്കമില്ലാത്ത രാത്രികളായിരുന്നു. റേഗൻസ്ബുർഗിലെ ഒരു ഹോസ്പിറ്റലിൽ ഏതാണ്ട് 2 മാസത്തോളം ചികിത്സയിൽ കഴിഞ്ഞു. കഠിനമായ വേദനയുടെയും ഘോരമായ ഏകാന്തതയുടെയും ദിനങ്ങളായിരുന്നു അവ. നട്ടെല്ലിന്റെ ഭാഗത്ത് അനുഭവപ്പെട്ട അതികഠിനമായ വേദനമൂലം ഉറങ്ങാൻ കഴിയാത്ത രാത്രികളേറെയായിരുന്നു. അക്കാലത്ത് ജർമ്മിനി



www.malankaralibrary.com

യിലുണ്ടായിരുന്ന ബന്ധുവായ ഫാ. ജോഷ്വാ ചുട്ടിപ്പാറ ഒരുദിവസം വന്നു കണ്ടു. അദ്ദേഹത്തിന്റെ മനസ്സിൽ തന്റെ നാട്ടിൽ നിർമ്മിക്കാൻ പോകുന്ന ഒരു സാമൂഹിക സേവന സ്ഥാപനത്തെക്കുറിച്ചുള്ള ചിന്തയാണുണ്ടായിരുന്നത്. അതുമായി ബന്ധപ്പെട്ട പദ്ധതികളുമായാണ് അദ്ദേഹം വന്നിരിക്കുന്നതെന്ന് സംസാരത്തിൽ നിന്നും ഫാ. തോമസിന് മനസ്സിലായി. അദ്ദേഹം ഏതാനും മണിക്കൂറുകൾക്കു ശേഷം പിൻവാങ്ങി. വീണ്ടും ഏകാന്തതയുടെ ക്രൂരമായ താണ്ഡവമാടലിന് സ്വയംവിട്ടു കൊടുക്കുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. ഏതാനും ദിവസങ്ങൾക്കുശേഷം ഫാ. എബ്രഹാം തലോത്തിലെത്തി. സുഖവിവരങ്ങളന്വേഷിച്ചു. അദ്ദേഹത്തിന്റെയും മനസ്സിൽ സമീപഭാവിയിൽ ശാസ്താംകോട്ട ആരംഭിക്കുവാൻ പോകുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളിനെ കുറിച്ചുള്ള ചിന്തകളായിരുന്നു. ആ ഘോര വേദനകൾക്കിടയിലാണ് ലോകത്തെ നടുക്കികൊണ്ട് വേൾഡ് ട്രേഡ് സെന്റർ അപകടം അമേരിക്കയിലെ ന്യൂയോർക്കിലുണ്ടാവുന്നത്. 2001 സെപ്റ്റംബർ 11-നായിരുന്നു ആ സംഭവം അരങ്ങേറിയത്. മനുഷ്യന്റെ നിസ്സാരത ആ ആശുപത്രികിടക്കയിൽ കിടന്നുകൊണ്ട് മനസ്സിലാക്കുന്നതിന് ഈ സംഭവം ഫാ. തോമസിനെ സഹായിച്ചു. ഈ സംഭവവുമായി ബന്ധപ്പെട്ട് ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കാൻ സമയം കണ്ടെത്തി.

ഒരാഴ്ച കഴിഞ്ഞപ്പോൾ ആശുപത്രിക്കിടക്കയിൽ ഫാ. തോമസിന് ഒരു സന്ദർശകനെത്തി. അന്ന് 2001 ഒക്ടോബർ 13 ആയിരുന്നു. ബന്ധുവായ ഫാ.ജോഷ്വാ ചുട്ടിപ്പാറയുടെ സ്വിറ്റ്സർലാൻഡിലുള്ള സഹോദരനായിരുന്നു അത്. അയാൾ മറ്റൊരു വേദനാപൂർണ്ണമായ വാർത്തയും കൊണ്ടാണെത്തിയത്. ഫാ. തോമസിന്റെ മാതാവ് നിര്യാതയായി എന്നതായിരുന്നു അത്. അമ്മ ഏതാനും നാളുകളായി പുഷ്ഗിരി ആശുപത്രിയിലായിരുന്നു എന്ന് അപ്പോഴാണ് ഫാ.തോമസ് അറിഞ്ഞത്. ആ വാർത്ത അറിയിച്ചതിനുശേഷം അയാൾ സ്വിറ്റ്സർലാൻഡിലെ തന്റെ വീട്ടിലേക്ക് മടങ്ങിപ്പോയി. വീണ്ടും ഏകാന്തതയുടെ തടവറയിലേക്ക്. രണ്ടുദിവസങ്ങൾ കഴിഞ്ഞ് ഫാ. ഷാജി മാണികുളവും ഫാ. ജോൺ വൈപ്പിലും കൂടി വന്ന് ഫാ. തോമസിനെ ജർമ്മിനിയിലെ ആശുപത്രിയിൽ നിന്നും റോമിലേക്ക് കൂട്ടി കൊണ്ടുവന്നു. റോമാ ടെർമിനി റെയിൽ വേസ്റ്റേഷനിൽ നിന്നും നേരെ പോയത് ലിയണാർദോ ദാവിഞ്ചി എയർപോർട്ടിലേക്കായിരുന്നു. അപ്പോഴേക്കും ആർച്ചുബിഷപ്പ് സിറിൽ മാർ ബസ്സേലിയോസിന്റെ നിർദ്ദേശപ്രകാരം ഫാ. തോമസിന്റെ മുഴുവൻ സാധനങ്ങളും പുസ്തകങ്ങളും വസ്ത്രങ്ങളും പായ്ക്കു ചെയ്ത് കാർഗോ വഴി ഇന്ത്യയിലേക്കയച്ചിരുന്നു. അങ്ങനെ ഗവേഷണം പൂർത്തിയാക്കാതെ റോമിൽ നിന്നും തന്റെ അമ്മയുടെ ചേതനയറ്റ ശരീരം സൂക്ഷിച്ചിരുന്ന വീട്ടിലേക്ക് ഫാ. തോമസ് പറന്നു.

ഏറെ പരിക്ഷീണിതനായിരുന്നു ഫാ. തോമസ്. എങ്കിലും സമചിത്തതയോടെ അമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. വന്നു



www.malankaralibrary.com

ചേർന്ന ഏവർക്കും കൃതജ്ഞത അർപ്പിച്ചു. അന്നു രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ അമ്മയുടെ ആത്മീയ സാന്നിദ്ധ്യം കുറച്ചുകൂടി അടുത്തനുഭവപ്പെട്ടു. തന്നെ താരാട്ടു പാടിയുറക്കിയ, പ്രാർത്ഥിക്കാൻ പഠിപ്പിച്ച, അടുക്കള ജോലികളവസാനിപ്പിച്ചിട്ട് രാത്രിയുടെ അന്ത്യയാമങ്ങളിൽ തനിയെ ഇരുന്ന് വേദപുസ്തകം വായിച്ച് പാട്ടുപാടി പ്രാർത്ഥിക്കുന്ന ആ അമ്മയുടെ സാന്നിദ്ധ്യം ജീവിച്ചിരിക്കുമ്പോൾ എന്നതിനെക്കാളുപരി ദൈവപിതാവിന്റെ സന്നിധിയിൽ മാദ്ധ്യസ്ഥത്തിന്റെ കോട്ട കൊണ്ട് തന്നെ സംരക്ഷിക്കുന്നതായി ഫാ. തോമസിന് തോന്നി. നിഷ്കളങ്ക മാതൃത്വത്തിന്റെ പ്രതിരൂപമായിരുന്നു ആ അമ്മ. താൻ പ്രസവിച്ചതല്ലെങ്കിലും രണ്ട് പെൺകുട്ടികളെ സ്വന്തം മക്കളെപ്പോലെ ആ അമ്മ പോറ്റി വളർത്തി. അവരുടെ വിവാഹത്തിനും അവർക്കു ജനിച്ച കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിനും ആ അമ്മ മുന്നിൽ തന്നെയായിരുന്നു. ആ ചെറുമക്കൾ ആ അമ്മയുടെ സംരക്ഷണത്തിലാണ് ബാല്യം പിന്നിട്ടത്. വിശുദ്ധമായ ആ ജീവിതം ഇന്നും ഫാ. തോമസിനുചുറ്റും സംരക്ഷണത്തിന്റെ കോട്ടയായി നിലകൊള്ളുന്നുണ്ട്.



**കാരക്കാട് സെന്റ് ജോസഫ്സ് ദേവാലയം**


ഏതാനും ദിവസത്തെ വിശ്രമത്തിനുശേഷം ഫാ. തോമസിനെ ആർച്ചുബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ് തനിക്ക് നിർണ്ണായക സ്വാധീനമുള്ള പന്തളത്തിനടുത്ത് കാരയ്ക്കാട് ഇടവകയിലേക്കാണ് നിയോഗിച്ചത്. ഫാ. തോമസിന്റെ ഭക്ഷണാവശ്യങ്ങൾക്ക് സഹായിക്കാൻ തന്റെ ബന്ധുക്കളായ ഇടവകക്കാരുണ്ടല്ലോ എന്ന ചിന്തയാണ് ആർച്ചുബിഷപ്പിനെ ഇപ്രകാരം ഒരു നിയമനം അദ്ദേഹത്തിനു നൽകുവാൻ പ്രേരിപ്പിച്ചത്. എന്നാൽ ഫാ. തോമസ് തന്റെ ഭക്ഷണം പന്തളത്തിനടുത്ത് പൂഴിക്കാട്ടുള്ള തന്റെ സഹോദരി പൊടിമോളുടെ വീട്ടിൽ പോയി കഴിക്കാൻ തുടങ്ങി. അടുത്ത പടിയായി ആർച്ചുബിഷപ്പ് കാരയ്ക്കാട്ട് ഒരു ഡി.എം.



www.malankaralibrary.com

കോൺവെന്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് ഫാ. തോമസുമായി ചർച്ച ചെയ്തു. ഫാ. തോമസ് സന്തോഷത്തോടെ അതിനെ സ്വാഗതം ചെയ്തു. താല്ക്കാലികമായി മഠത്തിനു വേണ്ടി ഒരു ഭവനം വാടകയ്ക്ക് വേണം. ഇടവകയിൽ അതിനെക്കുറിച്ച് അന്വേഷിച്ചു. ഇടവകാംഗവും കുളനട പഞ്ചായത്ത് മെമ്പറുമായ ശ്രീമതി എൽസി ജോസിന്റെ സഹോദരന്റെ ഭവനം ലഭ്യമാണെന്നറിഞ്ഞു. ആ വീട് അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ നടത്തി സിസ്റ്റേഴ്സിന് താമസത്തിനായി ലഭ്യമാക്കി. സിസ്റ്റേഴ്സ് അവിടെ താമസമാക്കി. അപ്പോഴും ഫാ. തോമസ് ഭക്ഷണത്തിനാശ്രയിച്ചിരുന്നത് സഹോദരിയുടെ ഭവനത്തെയായിരുന്നു. പിന്നീട് അദ്ദേഹത്തിന് ഒരു അസിസ്റ്റന്റ് വികാരിയെക്കൂടി ലഭിച്ചു. ഫാ. ജോർജ് കോട്ടപ്പുറം. തുടർന്ന് ഭക്ഷണത്തിന് കോൺവെന്റിനെ ആശ്രയിക്കാതെ തരമില്ലാതായി. അങ്ങനെ രണ്ടച്ചന്മാർക്കും ഭക്ഷണം കോൺവെന്റിൽ നിന്നുമായി.

ഫാ. തോമസിന്റെ തീസിസ് മോഡറേറ്ററായ ഡോ. ഡിമിട്രിയോസ് സലാക്കാസിന്റെ സന്ദർശനം ഇക്കാലത്തെ ഒരു പ്രധാന സംഭവമായിരുന്നു. അദ്ദേഹം കാരയ്ക്കാട് ഇടവകയിലും ചീക്കനാലുള്ള ഫാ. തോമസിന്റെ വീട്ടിലും സന്ദർശനം നടത്തി. അടുത്തകാലത്ത് പ്രസിദ്ധീകരിച്ചതും ഡോ. സലാക്കാസ് മുഖ്യരചയിതാവുമായ 'പൗരസ്ത്യ സഭകളുടെ കാനോന സംഹിത' യുടെ ഇറ്റാലിയൻ ഭാഷയിലുള്ള ബൃഹത്തായ കമന്ററിയിൽ അദ്ദേഹം ഓട്ടോഗ്രാഫ് ഒപ്പിട്ടു നൽകി. ഫാ. തോമസ് അദ്ദേഹത്തെ കുരിശുമല ആശ്രമത്തിലേക്ക് അനുഗമിച്ചു.


Ho visitato con immenso piacere questa sumptuosa canonica, dove ho trovato questo volume, a me ben noto, e firmo con l'augurio di ogni bene all'amico Fr Thomas
23/09/2002
Karackade. π. Δημήτριος Σαλάχας

**റവ.ഡോ. ഡിമിട്രിയോസ് സലാക്കാസ് കാരക്കാട് പള്ളിമേട സന്ദർശിച്ചപ്പോൾ പൗരസ്ത്യകാനോന വ്യാഖ്യാനഗ്രന്ഥ (*Commento al Codice dei Canoni delle Chiese Orientalai)* ത്തിൽ എഴുതി നൽകിയ ഓട്ടോഗ്രാഫ്**



www.malankaralibrary.com

ഏതാനും ദിവസങ്ങൾക്കുശേഷം ഫാ. തോമസിന്റെ ജീവിതത്തിൽ ഒരു രോഗകാണ്ഡം കൂടികടന്നു വരികയായിരന്നു. ചികിത്സാർത്ഥം ബാഗ്ലൂർ നിംഹാൻസ് ഹോസ്പിറ്റലിൽ അഭയം തേടി. അവിടേയ്ക്ക് ഫാ. തോമസിനെ കൊണ്ടുപോയത് ഫാ. തോമസ് കുളങ്ങര, ഫാ. തോമസ് നായിക്കംപറമ്പിൽ എന്നിവരായിരുന്നു. നിംഹാൻസിലെത്തിയപ്പോഴേക്കും ഫാ. തോമസിന്റെ കോയമ്പത്തൂരിലുള്ള ജ്യേഷ്ഠ സഹോദരൻ ജോസഫ് ജോണിനെ ആർച്ചുബിഷപ്പ് ആശുപത്രിയിലേക്ക് വിളിച്ചുവരുത്തിയിരുന്നു. ഫാ. തോമസിനെ ആശുപത്രിയിൽ ജ്യേഷ്ഠന്റെ സംരക്ഷണത്തിലാക്കിയിട്ട് മറ്റു വൈദികർ തിരികെ പോന്നിരുന്നു. പിന്നീട് രണ്ടാഴ്ചക്കാലം നിംഹാൻസിൽ. ഈ ദിവസങ്ങളിൽ ജ്യേഷ്ഠൻ ജോസഫ് ജോൺ വലിയ കരുതലും സ്നേഹവുമാണ് നൽകിയത്. ആശുപത്രിവാസത്തിനിടയിൽ വസ്ത്രങ്ങളെല്ലാം അലക്കി നൽകുക, ഭക്ഷണം വാങ്ങി നൽകുക തുടങ്ങിയ ശുശ്രൂഷകളിലൂടെ ഫാ. തോമസിനെ പൂർണ്ണ ആരോഗ്യാവസ്ഥയിലേക്ക് കൈപിടിച്ചുയർത്തുന്നതിന് ഈ ജ്യേഷ്ഠൻ വഹിച്ച പങ്ക് തീരെ ചെറുതല്ലായിരുന്നു. ആശുപത്രി വാസത്തിനുശേഷം ഫാ. തോമസിന് അല്പം വിശ്രമം ആവശ്യമാണെന്ന് തോന്നി. അദ്ദേഹം ജ്യേഷ്ഠനോടൊപ്പം കോയമ്പത്തൂരിലേക്ക് പോവുകയായിരുന്നു. രണ്ട്




**കൗണ്ടംപാളയം സെന്റ് ഡോൺ ബോസ്കോ ദേവാലയം**

വർഷത്തോളം കോയമ്പത്തൂരിൽ വിശ്രമജീവിതമായിരുന്നു പിന്നീട്. കോയമ്പത്തൂർ രൂപതയുടെ കവുണ്ടംപാളയം ഡോൺ ബോസ്കോ പള്ളിയിൽ പോയി എല്ലാദിവസവും വിശുദ്ധ കുർബാനയിൽ സംബന്ധിക്കും, ബാക്കിയുള്ള സമയം മുഴുവൻ വായനയ്ക്കും പഠനത്തിനുമായി ചെലവഴിക്കും. ഇതായിരുന്നു കോയമ്പത്തൂർ ജീവിതത്തിലെ പതിവ്. ദൈവത്തിന്റെ വലിയ സംരക്ഷണവലയം തനിക്ക്ചുറ്റും ഉണ്ടായിരുന്നു എന്നനുഭവപ്പെട്ട ദിനങ്ങളായിരുന്നു അവ.



www.malankaralibrary.com

ഏതാണ്ട് പൂർത്തിയായ ഡോക്ടറൽ തീസിസ് കോയമ്പത്തൂർ കാലത്ത് ഫാ. തോമസ് പുസ്തകരൂപത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചു. '*സാൽവിഫിക് ലോ*' (*Salvific Law*) എന്ന് നാമകരണം ചെയ്ത ആ ഗ്രന്ഥം കേരളത്തിലെ എല്ലാ കത്തോലിക്കാ മെത്രാന്മാർക്കും തപാൽ മുഖേന അയച്ചുകൊടുത്തു. ഇത് ഫാ. തോമസിനെ സംബന്ധിച്ചിടത്തോളം ഏറ്റം ആത്മസംതൃപ്തി നൽകിയ ഒരു അനുഭവമായിരുന്നു.

ആയിടെ ഒരുദിവസം ഫാ. തോമസിന് ഒരു കത്ത് ലഭിച്ചു. ഇറ്റലിയിലെ മെന്തേക്യോ എമിലിയയിൽ നിന്നും, തന്നെ പിതൃതുല്യമായി സ്നേഹിച്ചിരുന്ന ഡോൺ വാസ്കോ റൊസ്സേല്ലിയുടേതായിരുന്നു ആ കത്ത്. ആ കത്തിലദ്ദേഹം എഴുതിയ ഒരു വാചകം ഏതാണ്ടിപ്രകാരമായിരുന്നു. "Sacerdozio non e' soltando un ministero ma anche martirio (cioe' testimonianza)" – ഇതിന്റെ പരിഭാഷ ഇപ്രകാരമാണ്: "വൈദികജീവിതം ഒരു ശുശ്രൂഷമാത്രമല്ല ഒരു രക്തസാക്ഷിത്വം കൂടിയാണ്." ഈ വാചകം ഫാ. തോമസിനെ ആഴത്തിൽ സ്പർശിച്ചു. തന്റെ കഴിഞ്ഞ 2 വർഷക്കാലത്തെ വിലയിരുത്തുന്നതിനും പുതിയ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമുള്ള അവസരമായിരുന്നു അത്.


**ഡോൺ വാസ്കോ റൊസേല്ലി**

കോയമ്പത്തൂർ ജീവിതകാലത്ത് അഭയമായത് കരുതലോടെ ശുശ്രൂഷിച്ചിരുന്ന ജ്യേഷ്ഠൻ ജോസഫും ജ്യേഷ്ഠത്തി റേയ്ച്ചൽ ജോസഫും (അമ്മിണി) ആയിരുന്നു. കേവലം പത്താംക്ലാസ് മാത്രം വിദ്യാഭ്യാസ യോഗ്യതയുണ്ടായിരുന്ന ജോസഫ് തന്റെ കഠിനാദ്ധ്വാനത്തിലൂടെയാണ് ജീവിതം പടുത്തുയർത്തിയത്. ഇന്ന് ഏതാണ്ട് 20-ഓളം പേർക്ക് ജോലി നൽകുന്ന 'എസ്. ജെ. ഇൻഡസ്ട്രീസ്' എന്ന ഒരു ചെറുകിട വ്യവസായ സ്ഥാപനത്തിന്റെ ഉടമയാകുവാൻ അദ്ദേഹത്തെ സഹായിച്ചത് ദൈവാശ്രയബോധവും കഠിനാദ്ധ്വാനവും മാത്രമായിരുന്നു. ഈ കരുതലാണ് ഫാ. തോമസിനും ലഭിച്ചത്. ഫാ. തോമസിന്റെ ജ്യേഷ്ഠത്തി റേയ്ച്ചൽ ജോസഫ് സഹോദരഭാര്യ എന്നതിലുപരി മാതൃതുല്യമായ കരുതലായിരുന്നു നൽകിയിരുന്നത്. 2009 ൽ ഗർഭാശയസംബന്ധമായ രോഗത്താൽ ചികിത്സയിലായി രണ്ടാഴ്ചയോളം തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തു. അവിടെ നിന്നും തിരുവനന്തപുരം റീജിയണൽ ക്യാൻസർ



www.malankaralibrary.com

സെന്ററി (ആർ.സി.സി) ലേക്ക് മാറ്റിയ അതേദിവസം 2009 ജാനുവരി 28 ന് റേയ്ച്ചൽ ജോസഫ് 48-ാം വയസ്സിൽ ഈ ലോകത്തിൽ നിന്നും യാത്രയായി. ഇന്ന് മൂവാറ്റുപുഴ രൂപതയുടെ നേതൃത്വത്തിൽ കോയമ്പത്തൂരിൽ നടക്കുന്ന മിഷൻ പ്രവർത്തനങ്ങളിലെ സജീവ പങ്കാളിയാണ് ജോസഫ്.



റേയ്ച്ചൽ ജോസഫ്

2005 ഡിസംബറിൽ ക്രിസ്തുമസിന് ഓമല്ലൂരിലുള്ള ഭവനത്തിലെത്തിയ ഫാ. തോമസിനെ കാണുവാൻ ചീക്കനാൽ ഇടവക വികാരി ഫാ. മാത്യു ആലുമൂട്ടിലെത്തി. ഏതാണ്ട് ഒരു മണിക്കൂറോളം സംസാരിച്ചു. ഏറെ ഓർമിക്കത്തക്ക ഒരു അനുഭവമായിരുന്നു ആ കണ്ടുമുട്ടൽ.

തിരികെ കോയമ്പത്തൂരിലെത്തിയ ഫാ. തോമസിന്റെ മനസ്സിൽ തന്റെ ജീവിതത്തെക്കുറിച്ച് ഒരു വിലയിരുത്തലിനുള്ള ഇടം രൂപംകൊണ്ടിരുന്നു. ഡോൺ വാസ്കോ റെസ്സേല്ലി കുറിച്ചയച്ച വാചകം: 'പൗരോഹിത്യം ഒരു ശുശ്രൂഷ മാത്രമല്ല; ഒരു രക്തസാക്ഷിത്വം കൂടിയാണ്' ഒരിക്കൽ കൂടി മനസ്സിലേക്ക് വന്നു. ഇത് ഫാ. തോമസിനെ ഏറെ ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ചു. അടുത്ത ദിവസം തിരുവനന്തപുരം പട്ടം അരമനയിലേക്ക് ഫോൺ വിളിച്ച് മേജർ ആർച്ചുബിഷപ്പ് സിറിൽ മാർ ബസ്സേലിയോസുമായി സംസാരിച്ചു. അദ്ദേഹത്തെ കാണുവാൻ അപ്പോയിന്റ്മെന്റ് എടുത്തു. ഏതാനും ദിവസങ്ങൾക്കുള്ളിൽ കേരളത്തിലേക്ക് തിരിച്ചു. ആ യാത്രയിൽ ഫാ. തോമസ് തന്റെ ജീവിതത്തെ ഒരിക്കൽ കൂടി വിലയിരുത്തി. പൗരോഹിത്യ ജീവിതത്തിൽ ഏറെ സജീവമായിരുന്ന വർഷങ്ങളും വിശ്രമ ജീവിതത്തിലെ രണ്ടു വർഷങ്ങളും താരതമ്യം ചെയ്തു. തന്റെ ജീവിതം കൊണ്ട് മനുഷ്യസമൂഹത്തിന് ഏറെ നന്മ ചെയ്യുവാൻ സാധിച്ച വർഷങ്ങളായിരുന്നു പൗരോഹിത്യ ശുശ്രൂഷയിൽ സജീവമായവ. വിശ്രമ ജീവിതം നയിച്ച രണ്ടു വർഷങ്ങൾ ബൗദ്ധികമായി ഏറെ കരുത്താർജ്ജിക്കുവാൻ കഴിഞ്ഞിരുന്നെങ്കിലും പ്രേഷിത ശുശ്രൂഷാരംഗത്ത് നിർണ്ണായക സംഭാവനകൾ ഒന്നുതന്നെ നൽകാൻ കഴിഞ്ഞിരുന്നില്ല. ഈ വിലയിരുത്തലാണ് മടക്കയാത്രയ്ക്ക് ഫാ. തോമസിനെ പ്രേരിപ്പിച്ച പ്രധാന ഘടകം.

കേരളത്തിലെ വീട്ടിലെത്തിയ ഫാ. തോമസ് പട്ടത്ത് അരമനയിൽ വിളിച്ചപ്പോൾ മേജർ ആർച്ചുബിഷപ്പ് കോട്ടയത്ത് ഗിരിദീപം ആശ്രമത്തിലാണെന്നറിഞ്ഞു. ഉടൻ കോട്ടയത്തേക്ക് തിരിച്ചു. ആശ്രമത്തിലെത്തി



www.malankaralibrary.com

മേജർ ആർച്ചുബിഷപ്പിനോടും ആശ്രമസ്ഥരോടുമൊപ്പം ഉച്ചഭക്ഷണം കഴിച്ചു. രണ്ടുമണിക്കൂറോളമുള്ള സംഭാഷണത്തിനൊടുവിൽ ഫാ. തോമസ് തിരികെ സജീവ പ്രേഷിത ശുശ്രൂഷയിൽ പ്രവേശിക്കുന്ന വിവരം മേജർ ആർച്ചുബിഷപ്പിനെ അറിയിച്ചു. അദ്ദേഹം ഏറ്റവും സന്തോഷത്തോടെയാണ് ആ വിവരം ശ്രവിച്ചത്. ഫാ. തോമസ് മേജർ ആർച്ചു ബിഷപ്പിന്റെ കരങ്ങൾ ചുംബിച്ചു.

വീണ്ടും സജീവ പ്രേഷിത വൃത്തിയിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ഒരാഴ്ചക്കാലം പ്രാർത്ഥനയിൽ ചെലവഴിക്കുവാനുള്ള അവസരം മേജർ ആർച്ചുബിഷപ്പു ഫാ. തോമസിനു നൽകി. ചാലക്കുടിക്കടുത്ത് പരിയാരം എന്ന സ്ഥലത്ത് CMI ഫാദേഴ്സ് നടത്തുന്ന CSR എന്ന ഏകാന്ത ധ്യാന മന്ദിരമാണ് ഫാ. തോമസ് തെരഞ്ഞെടുത്തത്. ചാലക്കുടി പുഴയുടെ തീരത്ത് പ്രകൃതിരമണീയമായ സ്ഥലമായിരുന്നു അത്. പ്രാർത്ഥിക്കാനാഗ്രഹിക്കുന്നവർക്ക് കൂട്ടമായോ ഏകാന്തതയിലോ അത് നിർവ്വഹിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളുമുള്ള ഒരു കേന്ദ്രമായിരുന്നു അത്. നിറയെ ഹരിതാഭമായിരുന്നു ഏക്കറുകൾ വരുന്ന ആ ഭൂപ്രദേശം.



**സി.എസ്.ആർ. പരിയാരം**

പ്രാർത്ഥിക്കുന്നവർക്ക് താമസിക്കുവാനായി ചെറിയ ചെറിയ കോട്ടേജുകളായിരുന്നു ഉണ്ടായിരുന്നത്. ദിവസം മുഴുവൻ വി. കുർബ്ബാനയ്ക്ക് മുന്നിലിരുന്ന് പ്രാർത്ഥിക്കുവാൻ സൗകര്യമുള്ള നിത്യാരാധന ചാപ്പലുമുണ്ടായിരുന്നു. പ്രാർത്ഥനയുടെയും ശാന്തതയുടെയുമായ ആ ദിവസങ്ങൾ ഫാ. തോമസിന്റെ മനസ്സിൽ തളിരിട്ടു നിൽക്കുന്നു. പിന്നീടുള്ള എല്ലാ വർഷവും ഒരാഴ്ചക്കാലം പ്രാർത്ഥിക്കുവാൻ അവിടെ ചെലവഴിക്കുക ഫാ. തോമസിന്റെ ജീവിതത്തിലെ ഒരു പതിവായി.



www.malankaralibrary.com

തുടർന്ന് വീണ്ടും അജപാലനശുശ്രൂഷയിൽ പ്രവേശിച്ച ഫാ. തോമസിന് പാറശ്ശാലയ്ക്കടുത്ത് ചെറുവാരക്കോണം ഇടവകയിൽ താമസിച്ചുകൊണ്ട് അജപാലനശുശ്രൂഷകളിൽ സഹായിക്കുന്നതിനാണ് നിയോഗം ലഭിച്ചത്. ഫാ. ജോൺസൺ പുതുപ്പറമ്പിലിനോടൊപ്പമാണ് ഇത് നിർവഹിക്കേണ്ടിയിരുന്നത്. ചെറുവാരക്കോണം എന്ന സ്ഥലം കേരള-തമിഴ്നാട് അതിർത്തിയിൽ സ്ഥിതിചെയ്തിരുന്ന ഒരു പ്രദേശമായിരുന്നു. ചെറുവാരക്കോണം, വന്യക്കോട് എന്നീ ഇടവകകളുടെ ചുമതലകൾ ഇരു വൈദികർക്കുമായി ഉണ്ടായിരുന്നു. ഏതാനും മാസങ്ങൾക്കുള്ളിൽ ഫാ. ജോൺസൺ പുതുപ്പറമ്പിൽ സ്ഥലം മാറിപോവുകയും ഈ ഇടവകളുടെ പൂർണ്ണമായ ചുമതല ഫാ. തോമസിൽ നിക്ഷിപ്തമാവുകയും ചെയ്തു. ഏറെ പ്രത്യേകതകൾ ഉള്ള ഒരു പ്രദേശമായിരുന്നു ചെറുവാരക്കോണം. ഇടവക പള്ളി നിൽക്കുന്ന കോമ്പൗണ്ടിലൂടെ തന്നെയാണ് കേരളാ തമിഴ്നാട് അതിർത്തി കടന്നു പോകുന്നത്. പള്ളിയും വൈദികർക്ക് താമസിക്കുന്നതിനുള്ള മേടയും സ്ഥിതി ചെയ്യുന്നത് കേരളത്തിലും, ഇതേ കോമ്പൗണ്ടിൽ തന്നെയുള്ള സണ്ടേസ്കൂൾ കെട്ടിടം സ്ഥിതിചെയ്യുന്നത് തമിഴ് നാട്ടിലുമായിരുന്നു. എന്തിനേറെ, പള്ളിയിലേക്കുള്ള റോഡിൽ സ്ഥിതിചെയ്യുന്ന ആർച്ച് ഗേറ്റിന്റെ ഒരു തൂൺ കേരളത്തിലും മറു തൂൺ തമിഴ്നാട്ടിലുമായിരുന്നു!



**ചെറുവാരക്കോണം സെന്റ് പയസ് X ഇടവകയുടെ ആർച്ച്ഗേറ്റ്**



www.malankaralibrary.com

ഇവിടുത്തെ ദൈവജനം വൈദികരോട് ഏറെ സ്നേഹവും കരുതലും ഉള്ളവരായിരുന്നു. ഫാ. തോമസിനുള്ള ഭക്ഷണം മൂന്നു നേരവും എത്തിച്ചിരുന്നത് മൂന്ന് വീടുകളിൽ നിന്നായിരുന്നു. റിട്ടയേർഡ് അദ്ധ്യാപകനായ സത്യനേശൻ സാർ, പൊന്നയ്യൻ സാർ, ശ്രീ. അഗസ്റ്റിൻ എന്നിവരുടെ ഭവനങ്ങളിൽ നിന്നുമായിരുന്നു ഇത്. പ്രതിഫലേച്ഛ കൂടാതെ തങ്ങളുടെ പുരോഹിതനെ ഏറെ സ്നേഹത്തോടെ ശുശ്രൂഷിക്കുകയായിരുന്നു ഇവർ. ഇവരുടെ ആ നിസ്വാർത്ഥ ശുശ്രൂഷ എക്കാലവും ഫാ. തോമസിന്റെ മനസ്സിലുണ്ടായിരുന്നു. തന്നാൽ കഴിയും വിധം ആ സ്നേഹത്തിന് പ്രതിനന്ദി കാട്ടണമെന്ന് അദ്ദേഹത്തിന് തോന്നി. 2006-ലെ ക്രിസ്തുമസ് കാലത്ത് ഈ മൂന്നു കുടുംബങ്ങൾക്കും സ്വർണ്ണത്തിൽ തീർത്ത ജപമണി മോതിരം സമ്മാനമായി നൽകി.

ചെറുവാരക്കോണത്തെ അജപാലന ജീവിതം ശാന്തമായി മുന്നോട്ട് നീങ്ങി. ഇവിടെ ദുഃഖവെള്ളിയാഴ്ച ശുശ്രൂഷകൾ കഴിഞ്ഞു വൈകുന്നേരം അല്പനേരം അധികം ദൂരെയല്ലാത്ത ഒരു കടൽതീരത്ത് പോയി വിശ്രമിക്കുന്ന ഒരു പതിവുണ്ടായിരുന്നു ഫാ. തോമസിന്. അതിനായി അദ്ദേഹം തെരഞ്ഞെടുത്തിരുന്നത് പുല്ലുവിള എന്ന സ്ഥലമായിരുന്നു. അങ്ങനെ ഒരു ദുഃഖവെള്ളിയാഴ്ച കടൽതീരത്ത് വിശ്രമിക്കുമ്പോൾ അല്പം കഴിഞ്ഞ് അവിടെ കൂടിനിന്നവരെല്ലാം നിരയായി മുട്ടുകുത്തി നിൽക്കുന്നതാണ് കണ്ടത്. ഏതാനും നിമിഷങ്ങൾക്കുള്ളിൽ സമീപത്തുള്ള പുല്ലുവിള ലത്തീൻ ഫൊറോന പള്ളിയിൽ നിന്നും ഈശോയുടെ ക്രൂശിത ശരീരം കിടത്തിയിരിക്കുന്ന ഒരു മഞ്ചവും വഹിച്ചുകൊണ്ട് ഏതാനും ആളുകൾ കടന്നുവരുന്ന കാഴ്ചയാണ് കണ്ടത്. എങ്ങും മരമണി ഒച്ചകൾ മുഴങ്ങി. വൈദികരും അതിനെ അനുഗമിക്കുന്നുണ്ടായിരുന്നു. ഇതിനോടകം കടൽത്തീരത്ത് മുട്ടുകുത്തി നിൽക്കുന്നവരുടെ നിര ഒരു കിലോമീറ്ററിലധികം നീണ്ടിരുന്നു. ഇവരുടെ ശിരസ്സിനു മീതെ കൂടിയാണ് ക്രൂശിതനായ ഈശോയുടെ ശരീരം പേറുന്ന മഞ്ചം കൊണ്ടുപോകുന്നത്. മുട്ടുകുത്തി നിൽക്കുന്നവരുടെ ഇരുവശങ്ങളിലും നിന്ന് മഞ്ചം പിടിച്ചുകൊണ്ട് അത് പേറുന്നവർ മുന്നോട്ട് സഞ്ചരിച്ചു. മരമണികളുടെ ശബ്ദം ഉച്ചസ്ഥായിയിലെത്തിയിരുന്നു. ഏറ്റവും ഭക്തിനിർഭരമായ ഒരു കാഴ്ചയായിരുന്നു അത്.

ഇതിനോടകം ബന്ധുവായ സിസ്റ്റർ ആർദ്ര ബഥനി സന്ന്യാസിനി സമൂഹത്തിന്റെ തിരുവനന്തപുരം പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ഒരു ദിവസം ഫാ.തോമസ് സി. ആർദ്രയെ സന്ദർശിക്കുവാനായി നാലാഞ്ചിറ പ്രൊവിൻഷ്യൽ ഹൗസിലെത്തി. പുതിയ പ്രൊവിൻഷ്യൽ ഹൗസിന്റെ പണി പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. സി. ആർദ്ര ഫാ. തോമസിനെ സ്വീകരിച്ചിരുത്തി. ചായ സൽക്കാരത്തിനു ശേഷം നിർമ്മാണ പ്രവർത്തനങ്ങളെല്ലാം കാണിച്ചുകൊടുത്തു. സിസ്റ്റർ പറഞ്ഞു, “അച്ചന്റെ സഹോദര തുല്യമായ പിന്തുണ



www.malankaralibrary.com

എല്ലാ പ്രവർത്തനങ്ങളുടെ പിന്നിലും ഉണ്ടായിരുന്നു. ഇതോടൊപ്പം സമാന്തരമായി സിസ്റ്റേഴ്സിന് താമസിക്കുവാൻ ഒരു സഹോദരി ഭവനത്തിന്റെ നിർമ്മാണവും നടക്കുന്നുണ്ട്. എഞ്ചിനീയർ അനിൽ തന്നെയാണ് അതിന്റെയും ചുമതല നിർവ്വഹിക്കുന്നത്."

"എല്ലാം ദൈവം നടത്തട്ടെ." അതായിരുന്നു യാത്ര പറയുമ്പോൾ ഫാ. തോമസിന്റെ മറുപടി.

2007-ൽ ഫാ. തോമസിന് തിരുവനന്തപുരത്ത് മുറിഞ്ഞപാലത്തുള്ള 'ഗുഡ് സമരിറ്റൻ ഹോമി'ലേക്ക് സ്ഥലം മാറ്റമായി. മെഡിക്കൽ കോളേജിന് സമീപം സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം, റീജിയണൽ ക്യാൻസർ സെന്റർ, മെഡിക്കൽ കോളേജ് തുടങ്ങിയ ഇടങ്ങളിൽ ചികിത്സയ്ക്കായി വിദൂരങ്ങളിൽ നിന്നും കടന്നു വരുന്നവർക്ക് നാമമാത്രമായ വാടകയ്ക്ക് താമസിക്കുവാൻ സൗകര്യം നൽകിയിരുന്ന ഒന്നായിരുന്നു. ഇവിടെ എല്ലാ ദിവസവും രോഗികൾക്കു വേണ്ടി വി. കുർബ്ബന അർപ്പിക്കുകയായിരുന്നു പ്രധാന ഉത്തരവാദിത്വം. രോഗികൾക്കും അവരുടെ ബന്ധുക്കൾക്കും ആവശ്യപ്പെടുന്നപക്ഷം ആത്മീയ ഉപദേശങ്ങൾ നൽകി അവരെ സമാശ്വസിപ്പിക്കുന്നതിനും ഫാ. തോമസ് സമയം കണ്ടെത്തിയിരുന്നു. ഇതോടൊപ്പം ബാർട്ടൺഹിൽ, കാട്ടുവിള എന്നീ ഇടവകകളുടെ ചുമതലകൾ കൂടി നിർവഹിക്കുവാനുണ്ടായിരുന്നു അദ്ദേഹത്തിന്. തിരുവനന്തപുരം കുന്നുകുഴിക്കടുത്ത് മുളവന എന്ന സ്ഥലത്തായിരുന്നു ബാർട്ടൺ ഹിൽ സെന്റ് പീറ്റർ ആന്റ് പോൾസ് ഇടവകപ്പള്ളി, ഒരു കുന്നിൻ മുകളിൽ ഏതാണ്ട് മുപ്പതോളം ചവിട്ടുപടികൾ കയറിപ്പോകണമായിരുന്നു ഈ ഇടവക പള്ളിയിലേക്ക്. ഫാ. തോമസ് ചുമതലയേൽക്കുന്ന സമയത്ത്



**ബാർട്ടൺ ഹിൽ സെന്റ് പീറ്റർ ആന്റ് പോൾസ് ദേവാലയം**



www.malankaralibrary.com

ഈ പള്ളി ഏതാണ്ട് ജീർണ്ണാവസ്ഥയിലായിരുന്നു. പള്ളിയുടെ അപ്പോഴത്തെ സ്ഥിതി അദ്ദേഹത്തിന്റെ മനസ്സിനെ ഏറെ അലോസരപ്പെടുത്തിയിരുന്നു. ഏതാനും വർഷങ്ങൾക്കുള്ളിൽ തന്നെ ഈ ദേവാലയത്തിന്റെ പുനരുദ്ധാരണം നിർവഹിക്കുന്നതിന് ഫാ. തോമസിന് സാധിച്ചു. ഓട് മേഞ്ഞ മേൽകൂര മാറ്റി അലുമിനിയം ഷീറ്റുകൾ പാകുക, മദ്ബഹായുടെ ആർച്ച് നിർമ്മിക്കുക, മദ്ബഹയിൽ സെറാമിക് ടൈലുകൾ ഇടുക, പുതിയ കയറ്റുപായ വിരിക്കുക തുടങ്ങിയ ജോലികളാണ് പൂർത്തിയാക്കിയത്. ഇതോടൊപ്പം ബാർട്ടൺഹിൽ കോളനിയിൽ വേളാങ്കണ്ണി മാതാവിന്റെ ഒരു ചെറിയ കുരിശടിയും സ്ഥാപിച്ചു. ഇക്കാലത്ത് പത്തനംതിട്ട വടശ്ശേരിക്കര നിന്നും ടിജി കെ. തോമസ് എന്ന ചെറുപ്പക്കാരൻ ജോലിക്കായി ഈ പ്രദേശത്ത് എത്തി. അയാളുടെ ഭാര്യ വിജിത തിരുവനന്തപുരം കിംസ് ഹോസ്പിറ്റലിൽ നഴ്സായി ജോലി നോക്കിവരികയായിരുന്നു. മലങ്കര കത്തോലിക്കനായ ഇയാളെയും കുടുംബത്തെയും ഫാ. തോമസ് ഈ ഇടവകയിൽ ചേർത്തു. ഇത് ഇടവകയെ ഏറെ സജീവമാക്കി. ഇന്നും ടിജി. കെ. തോമസ് ഈ ഇടവകയുടെ ട്രസ്റ്റി എന്ന നിലയിൽ സ്തുത്യർഹമായ സേവനം നടത്തിവരുന്നു.

ബാർട്ടൺഹിൽ ഇടവകയെക്കുറിച്ച് ഓർക്കുമ്പോൾ ഫാ. തോമസിന് തമ്പി ഉപദേശിയെ മറക്കാനാകില്ലായിരുന്നു. നിസ്വാർത്ഥനായ ഒരു അല്മായ പ്രേഷിതനായിരുന്നു അദ്ദേഹം. പാറശ്ശാല നിന്നും വന്നാണ് ഈ ഇടവകയിൽ അദ്ദേഹം ശുശ്രൂഷ ചെയ്തിരുന്നത്. പ്രതിഫലേച്ഛ കൂടാതെ ഓരോ ആഴ്ചയിലും ഏതാണ്ട് 100-ഓളം രൂപ യാത്രാക്കൂലി സ്വന്തം പോക്കറ്റിൽ നിന്നും മുടക്കിയാണ് അദ്ദേഹം ദേവാലയ ശുശ്രൂഷയ്ക്കായെത്തിയിരുന്നത്. ശനിയാഴ്ച വൈകുന്നേരം വന്ന് പള്ളിയെല്ലാം വൃത്തിയാക്കി വി. കുർബ്ബാനയ്ക്ക് ഒരുക്കിയതിനുശേഷം പള്ളിയുടെ പിന്നിലെ മുറിയിൽ ഉറങ്ങുകയാണ് പതിവ്. ഈ അടുത്തകാലത്ത് നിത്യസമ്മാനത്തിനായി കടന്നു പോകുന്നതുവരെ അദ്ദേഹം ആ പതിവ് തുടർന്നു.

തിരുവനന്തപുരം ശ്രീകാര്യത്ത് കല്ലമ്പള്ളി ജംഗ്ഷനിൽ നിന്നും ഇടത്തേയ്ക്ക് തിരിഞ്ഞ് ഏതാണ്ട് ഒരു കിലോമീറ്റർ സഞ്ചരിച്ചാൽ കാട്ടുവിള മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിലെത്താം. വിശുദ്ധ യൗസേപ്പ് പിതാവിന്റെ നാമത്തിലുള്ള ഈ ദേവാലയവും പുതുക്കിപണിയേണ്ടത് അടിയന്തിരമായ ആവശ്യമായിരുന്നു. ദേവാലയത്തിനോടനുബന്ധിച്ചുള്ള ശുശ്രൂഷകൾക്ക് ഉപദേശി ബാബുവാണ് സഹായിച്ചിരുന്നത്. ഞായറാഴ്ചകളിലും വ്യാഴാഴ്ചകളിലുമാണ് ഈ ഇടവകയിൽ വി. കുർബ്ബാന അർപ്പിച്ചിരുന്നത്. ദൈവജനകൂട്ടായ്മ ഏറെ ശക്തമായി വളർത്തുന്നതിന് ഫാ. തോമസിന് ഇവിടെ സാധിച്ചു. ഇതോടൊപ്പം ദേവാലയ പുനർനിർമ്മിതിക്കായി പദ്ധതി രൂപവത്കരിക്കുന്നതിനും കഴിഞ്ഞു. ഇതിനായി തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ആവശ്യമായ



www.malankaralibrary.com

അനുമതി നേടുന്നതിന് ഇടവകാംഗമായ ശ്രീ. രാജപ്പന്റെ നിസ്തന്ദ്രമായ പ്രവർത്തനം എന്നും അനുസ്മരിക്കത്തതാണ്.



**കാട്ടുവിള സെന്റ് ജോസഫസ് ദേവാലയം**

ബാർട്ടൺഹിൽ ഇടവകയിൽ ബുധനാഴ്ച വി. കുർബ്ബാനയും കുരിശടിയിൽ പ. ദൈവ മാതാവിനോടുള്ള നൊവേനയും പുനരാംഭിച്ചു. വി. അൽഫോൺസാമ്മയുടെ തിരുശേഷിപ്പ് ദേവാലയത്തിൽ പ്രതിഷ്ഠിക്കുകയും ഞായറാഴ്ച അൽഫോൺസാമ്മയോടുള്ള നൊവേന ആരംഭിക്കുകയും ചെയ്തു. 2012 ൽ ഈ രണ്ടു ഇടവകകളിൽ നിന്നും സ്ഥലം മാറ്റം ലഭിച്ച് തിരുവനന്തപുരം ജില്ലയിൽ തന്നെ കാഞ്ഞിരംപാറ എന്ന സ്ഥലത്തേക്ക് പോകുമ്പോൾ തികഞ്ഞ ആത്മസംതൃപ്തിയോടെയാണ് ഫാ. തോമസ് യാത്രയായത്. ഒരു ചിത്രകാരൻ കൂടിയായ കാട്ടുവിള ഇടവകയിലെ ബാബു ഉപദേശി വരച്ചു നൽകിയ എണ്ണച്ഛായ ചിത്രം ഒരു വിലപ്പെട്ട ഉപഹാരമായി സൂക്ഷിച്ചിട്ടുണ്ട് ഫാ. തോമസ്.



**കാട്ടുവിള ഇടവകയിലെ ബാബു ഉപദേശി വരച്ചു നൽകിയ ഛായാചിത്രം**



www.malankaralibrary.com

ഇക്കാലത്ത് ഫാ. തോമസ് ഗുഡ്സമരിറ്റൻ ഹോമിന്റെയും പട്ടം സെന്റ് മേരീസ് പ്രസ്സിന്റെയും ഡയറക്ടർ എന്ന നിലയിലുള്ള സേവനവും അനുഷ്ഠിച്ചിരുന്നു. ഗുഡ്സമരിറ്റൻ ഹോമിന്റെ ഭാഗിക നവീകരണം നടത്തുകയും റോഡിനോട് ചേർന്ന് വേളാകണ്ണി മാതാവിന്റെ ചെറിയ കുരിശടി സ്ഥാപിച്ചതും ഇക്കാലത്താണ്. പരിസരനവീകരണത്തിന്റെ ഭാഗമായി പൂന്തോട്ടത്തിൽ ഈശോയുടെ രൂപം സ്ഥാപിക്കുന്നതിനും, രോഗികൾക്ക് ഇവിടെ വന്നിരുന്ന് പ്രാർത്ഥിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനുമായി. അനേകം രോഗികൾക്കും അവരുടെ കൂട്ടിരുപ്പുകാർക്കും സാന്ത്വനവാക്കുകളിലൂടെ സമാശ്വാസം പകരുന്നതിന് ഫാ. തോമസിനെ ദൈവം ഉപയോഗിച്ചു. അതോടൊപ്പം വേദനിക്കുന്ന മനുഷ്യരുടെ മുമ്പിൽ നിൽക്കുമ്പോൾ മനുഷ്യജീവിതത്തിന്റെ യഥാർത്ഥമായ അർത്ഥത്തെക്കുറിച്ച് ആഴമായി ചിന്തിക്കുന്നതിന് ഫാ. തോമസിന് വേണ്ടുവോളം അവസരം ലഭിച്ചു. ഈ ലോകത്തിൽ സ്വത്തും സമ്പാദ്യങ്ങളും നേടുന്നതിനു വേണ്ടിയുള്ള നെട്ടോട്ടം ഒരു രോഗക്കിടക്കയിൽ അവസാനിക്കാവുന്നതേയുള്ളൂ എന്ന ബോധ്യത്തിലേക്ക് സ്വയം വളരുന്നതിനും അത് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനുമുള്ള അവസരമായിരുന്നു ഫാ.തോമസിനെ സംബന്ധിച്ചിടത്തോളം ഗുഡ് സമരിറ്റൻ ഹോമിലെ അഞ്ചു വർഷത്തെ താമസം.

2008-2009 വർഷങ്ങൾ ഫാ. തോമസിന്റെ ജീവിതത്തിലെ നിർണ്ണായക കാലയളവായിരുന്നു. 2008 ജൂലൈ 5 ന് മാർ ഈവാനിയോസ് തിരുമേനിയുടെ കബർ സ്ഥിതിചെയ്യുന്ന ചാപ്പൽ (പട്ടം സെന്റ് മേരീസ് കത്തീഡ്രലിനോട് ചേർന്നുള്ളത്) കൂദാശ ചെയ്ത ദിവസം അതിൽ പങ്കെടുക്കുവാനായി ഫാ. തോമസ്, ഗുഡ്സമരിറ്റൻ ഹോമിൽ നിന്നുമെത്തി. ഉച്ച കഴിഞ്ഞായിരുന്നു കൂദാശാകർമ്മം. അതു കഴിഞ്ഞ് അരമനയിലേക്ക് പോകാനൊരുങ്ങുകയായിരുന്ന ബസ്സേലിയോസ് ക്ലീമീസ് കാത്തോലിക്കാ



**തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രൽ**



www.malankaralibrary.com



**അത്യഭിവന്ദ്യ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയോടും മാറോനീത്ത പാത്രിയർക്കീസ് ബുട്രോസ് അൽ റായി തിരുമേനിയോടുമൊപ്പം**

ബാവായുടെ അരികിലേക്ക് ചെന്ന് തിരുമേനിയുടെ കൈമുത്തി. അപ്പോഴാണറിഞ്ഞത് ബാവാതിരുമേനി അടുത്ത ദിവസം റോമിലേക്ക് പോവുകയാണെന്ന്. പെട്ടെന്ന് ഒരു ഉൾപ്രേരണയാൽ ഫാ. തോമസ്, തിരുമേനിയോട് പറഞ്ഞു, "പിതാവേ ഞാൻ എന്റെ ഡോക്ടറൽ തീസിസ് പൂർത്തിയാക്കിയിട്ട് വർഷങ്ങളായി. ഇതിനോടകം അത് രണ്ടുപതിപ്പുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇനി അത് റോമിലെ യൂണിവേഴ്സിറ്റിയിൽ ഡിഫെൻഡ് ചെയ്താൽ മാത്രം മതി. അതിനുള്ള ഒരു സൗകര്യം ഒരുക്കുവാൻ ശുപാർശ ചെയ്താൽ വളരെ ഉപകാരമായി."

പിതാവ് പെട്ടെന്നു മറുപടി പറഞ്ഞു. "അച്ചൻ ഒരു കാര്യം ചെയ്യൂ. ആ തീസിസിന്റെ സിനോപ്സിസും യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകളും വൈകുന്നേരം അരമനയിൽ കൊണ്ടുവരണം." ഇതനുസരിച്ച് ഫാ. തോമസ് വേഗം ഗുഡ് സമരിറ്റൻ ഹോമിലെത്തി ബന്ധപ്പെട്ട രേഖകളുടെയെല്ലാം പകർപ്പെടുത്ത് അരമനയിലെത്തിച്ചു. കാതോലിക്കാബാവാ തിരുമേനി അവയുമായാണ് അടുത്ത ദിവസം റോമിലേക്ക് പോയത്. ഇന്നും ഫാ. തോമസ് വിശ്വസിക്കുന്നു മാർ ഈവാനിയോസ് തിരുമേനിയുടെ കബർ ചാപ്പലിൽ



**ദൈവദാസൻ ആർച്ച്ബിഷപ്പ്
മാർ ഈവാനിയോസ് തിരുമേനി**



www.malankaralibrary.com

പ്രാർത്ഥിച്ചിറങ്ങിയപ്പോൾ ലഭിച്ച ഒരു അനുഗ്രഹമാണിതെന്ന്. ഒരു മുൻ ആലോചനയുമില്ലാതെ കാതോലിക്കാ ബാവാ തിരുമേനിയുടെ കൈമുത്താൻ ചെന്നപ്പോൾ യാദൃശ്ചികമായി അദ്ദേഹം റോമിൽ പോകുന്ന വിവരം അറിയുന്നതിനും അദ്ദേഹത്തോട് തീസിസിന്റെ കാര്യം സംസാരിക്കുന്നതിനും ഇടയായത് മാർ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ ലഭിച്ച ഒരു അനുഗ്രഹമല്ലാതെ മറ്റൊന്നുമല്ല.

ഒരാഴ്ച കഴിഞ്ഞപ്പോൾ കാതോലിക്കാ ബാവാ തിരുമേനി തിരികെയെത്തി. ഫാ. തോമസിനെ അരമനയിലേക്ക് വിളിപ്പിച്ചിട്ട് പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ റെക്ടർ ഡോ. സിറിൽ വസീലു (ഇപ്പോൾ ഉക്രേനിയൻ ആർച്ച് ബിഷപ്പ്) മായി അടിയന്തിരമായി ഫോണിൽ ബന്ധപ്പെടുവാൻ ആവശ്യപ്പെട്ടു. ഗുഡ്സമരിറ്റൻ ഹോമിൽ മടങ്ങിയെത്തിയ ഫാ. തോമസ് യൂണിവേഴ്സിറ്റിയുടെ ഫോൺ നമ്പർ തേടി കണ്ടുപിടിച്ച് ഡോ. വസീലുമായി ബന്ധപ്പെട്ടു. കാതോലിക്കാ ബാവാ തിരുമേനി ഇതിനായി യൂണിവേഴ്സിറ്റിയിൽ വന്നു തന്നെ കണ്ടിരുന്നുവെന്നും, തീസിസ് ഡിഫെൻഡ് ചെയ്യുന്നതിന് തടസ്സമില്ലെന്നും അദ്ദേഹം പറഞ്ഞു. പക്ഷെ ഇവിടെ മറ്റൊരു പ്രശ്നം തലപൊക്കി. തീസിസിന്റെ ഡയറക്ടറായ ഡോ. ഡിമിട്രിയോസ് സലാക്കാസ് ഇതിനോടകം ഗ്രീസിലെ മെത്രാനായി പോയി. പകരം മറ്റൊരാളെ കണ്ടെത്തണം. ഉടൻ തന്നെ ഫാ. തോമസ് ഡോ. വസീലിനോട് ഇറ്റാലിയൻ ഭാഷയിൽ ചോദിച്ചു.



**ആർച്ച് ബിഷപ്പ് സിറിൾ വസീൽ**

“Perche Lei non puó essere il mio Direttore?” (എന്തുകൊണ്ട് അങ്ങേക്ക് എന്റെ ഡയറക്ടറായിക്കൂടാ)

അദ്ദേഹത്തിന്റെ മറുപടി പെട്ടെന്നായിരുന്നു.

“Con piacere” (സന്തോഷത്തോടെ ഏറ്റെടുക്കുന്നു).

പിന്നീട് കാര്യങ്ങൾ വളരെ എളുപ്പമാണ് നീങ്ങിയത്. കമ്പ്യൂട്ടറിലുണ്ടായിരുന്ന തീസിസിന്റെ മൂന്നു പകർപ്പുകൾ തയ്യാറാക്കി ബയൻഡ് ചെയ്തു റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലേക്കയച്ചു. ഫസ്റ്റ് ഡയറക്ടറായ ഡോ. സിറിൽ വസീൽ, സെക്കൻഡ് ഡയറക്ടറായ ഡോ. എഡ്വേർഡ് ഫറൂജിയ എന്നിവർക്ക് ഓരോ കോപ്പിവീതവും യൂണിവേഴ്സിറ്റി ഓഫീസിലേക്ക് ഒരു കോപ്പിയും. ഡയറക്ടേഴ്സ് രണ്ടു



www.malankaralibrary.com

പേരും അവ പഠിച്ചിട്ട് 2009 ഏപ്രിലിൽ ഡിഫെൻസ് നടത്തുന്നതിനായി റോമിലെത്തുവാൻ ആവശ്യപ്പെട്ടു. അതനുസരിച്ച് അജപാലന ശുശ്രൂഷയ്ക്ക് സഹായിക്കുവാൻ പൊയ്ക്കൊണ്ടിരുന്ന മൊന്തേക്യോ എമിലിയ ഇടവകയിലെ ഡോൺ വാസ്കോ റൊസ്സേലിയെ ഫാ. തോമസ് ഫോൺ വിളിച്ചു. അദ്ദേഹം ഫാ. തോമസിനോട് 2009 മാർച്ച് - ഏപ്രിൽ മാസങ്ങളിൽ ഇടവകയിൽ താമസിക്കുവാൻ എത്താൻ പറഞ്ഞു. ഇറ്റലിയിലെത്തിയ ഫാ. തോമസ് മൊന്തേക്കിയോ എമിലിയ ഇടവകയിൽ താമസിച്ചുകൊണ്ട് തീസിസിന്റെ അവസാന മിനുക്കുപണികൾ ചെയ്തു. ഇതിനോടകം തീസിസിന്റെ ഡിഫെൻസിനുള്ള തീയതി നിശ്ചയിക്കപ്പെട്ടു. 2009 ഏപ്രിൽ 23! താൻ ജനിച്ച മാസം തന്നെ ഇപ്രകാരമൊരു തീയതി അനുവദിച്ചു കിട്ടിയതിൽ ഇരട്ടി സന്തോഷമുണ്ടായിരുന്നു ഫാ. തോമസിന്.

ഏപ്രിൽ 2-ാം ആഴ്ചയിൽ റോമിലെത്തി. താമസിക്കാൻ സൗകര്യമൊരുക്കിയത് 'സേർവേ ദി മരിയ' എന്ന മിണ്ടാമഠത്തിലെ സിസ്റ്റേഴ്സ് ആയിരുന്നു. ഫാ. തോമസിന് ഈ സന്യാസിനീ സമൂഹവുമായി 1998 മുതൽ പരിചയമുണ്ടായിരുന്നു. പ്രാർത്ഥനയിൽ മാത്രം സമയം ചെലവഴിക്കുന്ന ഒരു സന്ന്യാസിനീ സമൂഹമായിരുന്നു ഇത്. അവർ യാതൊരു ആവശ്യത്തിനും ആവൃതി വിട്ട് പുറത്ത് വരികയില്ലായിരുന്നു. പുറത്തുനിന്നും വരുന്ന അതിഥികളെ പാർലറിൽ സ്വീകരിച്ചിരുത്തിയിട്ട് ഒരു കിളിവാതിലിലൂടെ മാത്രം അവരുമായി സംസാരിക്കുന്ന രീതിയായിരുന്നു അവിടെയുണ്ടായിരുന്നത്. അതിഥികൾക്കുള്ള ഭക്ഷണം ഒരു ചക്രത്തിൽ വച്ചതിനുശേഷം അത് കറക്കിവിട്ട് അതിഥികൾക്ക് അതെടുത്ത് ഭക്ഷിക്കാനുള്ള ക്രമീകരണമായിരുന്നു ചെയ്തിരുന്നത്. ഈ സന്ന്യാസമഠത്തിൽ താമസിച്ച് തീസിസിന്റെ ഡിഫെൻസിനായി ഒരുങ്ങുന്നതിനു അവസരം ലഭിച്ചത് ഒരു ഭാഗ്യമായി ഫാ. തോമസ് കരുതി. തീസിസിന്റെ അഞ്ചു കോപ്പികൾ അതിമനോഹരമായി ബയൻഡ് ചെയ്തു യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ചു. പ്രബന്ധാവതരണത്തിനുള്ള പേപ്പർ ഇറ്റാലിയൻ ഭാഷയിൽ തയ്യാറാക്കി. ഇതിന്റെ പകർപ്പുകൾ എടുത്ത് നൽകിയത് സി. സാന്ദ്ര കണ്ണങ്കര ആയിരുന്നു. ഡിഫെൻസിന് യൂണിവേഴ്സിറ്റിയിൽ അടയ്ക്കുന്നതിനുള്ള തുക ഫാ. ജോൺസൺ കൈമലയിൽ വായ്പയായി നൽകി. ഡിഫെൻസിനു ശേഷമുള്ള ഡിന്നറിനു വേണ്ട ക്രമീകരണങ്ങൾ ഫാ. ജോൺ കുറ്റിയിൽ, ഫാ. മാത്യൂ തിരുവാലിൽ ഓ.ഐ.സി. തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്നു.

അങ്ങനെ ആ ദിവസമെത്തി. 2009 ഏപ്രിൽ 23. മേജർ ആർച്ചു ബിഷപ്പ് ബസ്സേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ തിരുമേനി ഈ ചടങ്ങിൽ സംബന്ധിക്കുവാൻ മാത്രം റോമിലെത്തി. ഡിഫെൻസിനായി യൂണിവേഴ്സിറ്റിയിലെത്തിയ ഫാ. തോമസിന്റെ മനസ്സിലൂടെ ഇതിനോടകം നിത്യസമ്മാനത്തിനായി സ്വർഗ്ഗത്തിലേക്ക് പോയ തന്റെ ഗുരുനാഥൻ ഡോ. ഐവാൻ സൂസെക്കിന്റെ ആഢ്യരൂപം ഒരു നിമിഷം കടന്നുപോയി. മലയാളികളായ ധാരാളം സുഹൃത്തുക്കളും സഹപാഠികളായിരുന്നവരും എത്തിചേർന്നിട്ടുണ്ട്. മലങ്കരക്കാരായ വൈദികരും



www.malankaralibrary.com





സിസ്റ്റേഴ്സും എല്ലാകാര്യങ്ങൾക്കും ചുക്കാൻ പിടിച്ചുകൊണ്ട് മുൻപന്തിയിൽ തന്നെയുണ്ടായിരുന്നു. പ. കാതോലിക്ക ബാവാ തിരുമേനിയുടെ സാന്നിധ്യമായിരുന്നു ഈ ചടങ്ങിനെ ഏറ്റവും ശോഭാമയമാക്കിയത്. ഫാ. തോമസ് തന്റെ ഇരിപ്പിടത്തിലെത്തി, സദസ്സിലേക്ക് ഒന്നു നോക്കി. എല്ലാ പ്രോത്സാഹനങ്ങളും നൽകി നിറഞ്ഞ മനസ്സുമായി പ. കാതോലിക്കാ ബാവാ മുൻനിരയിൽ തന്നെയുണ്ട്. പ്രൊഫസറായിരുന്ന ഡോ. ജോർജ് നെടുങ്ങാട്ട്, വത്തിക്കാൻ ഡിപ്ലോമാറ്റിക് സർവ്വീസിൽ പരിശീലനം തേടുന്ന മലങ്കര വൈദികനായ ഫാ. ജോസഫ് ആന്റണി, ഓറിയന്റൽ കോൺഗ്രിഗേഷനിൽ ഔദ്യോഗികസ്ഥാനം വഹിക്കുന്ന ഫാ. ജോൺസൺ കൈമലയിൽ, ഡമഷീനോ കോളേജിന്റെ റെക്ടർ ഡോ. വർഗ്ഗീസ് കുരിശുതറ തുടങ്ങിയവരുടെ സാന്നിദ്ധ്യം എടുത്തുപറയേണ്ടതായിരുന്നു. മൊന്തേക്യോ എമിലിയ ഇടവകയിൽ നിന്നും പ്രഭാതത്തിൽ 4 മണിക്ക് തന്നെ ഉണർന്ന് 450-ഓളം കിലോമീറ്ററുകൾ കാർ ഡ്രൈവ് ചെയ്തു സിഞ്ഞോർ എൻസോ ഫൊന്താന, സിഞ്ഞോർ ഇന്നൊചെൻസോ ഗൊളിനേല്ലി, സി. റോസ്‌ലെറ്റ്, സി. കരുണ തുടങ്ങിയവരും എത്തിയിട്ടുണ്ട്. റോമിൽ പഠിച്ചുകൊണ്ടിരുന്ന മലങ്കരക്കാരായ എല്ലാ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബ്രദേഴ്സിന്റെയും അല്മായ പ്രതിനിധിയായ ശ്രീ. കോശി പാറപ്പാട്ടിന്റെയും സാന്നിധ്യം പകർന്നുതന്നത് ഒരു വലിയ പിൻബലമായിരുന്നു. ഈ ചടങ്ങിന്റെ ഓരോ ദൃശ്യങ്ങളും ക്യാമറയിൽ ഒപ്പിയെടുക്കാൻ ഫാ. ജോസഫ് വള്ളിയാട് ഏറെ ശ്രദ്ധിച്ചിരുന്നു.

ഡിഫെൻസ് ശ്രദ്ധിക്കാനുള്ള പാനലിലെ മൂന്നംഗങ്ങളുമെത്തി: ഡോ. സിറിൽ വസീൽ, ഡോ. എഡ്വേർഡ് ഫറൂജിയ, ഡോ. സണ്ണി കൊക്കരവാലേൽ. പ്രാർത്ഥനയോടെയാണ് ചടങ്ങാരംഭിച്ചത്. അതിനുശേഷം ഫാ. തോമസ് തന്റെ പ്രബന്ധം ഇറ്റാലിയൻ ഭാഷയിലവതരിപ്പിച്ചു. തുടർന്ന് പാനൽ അംഗങ്ങൾ ഓരോരുത്തരായി തങ്ങളുടെ ചോദ്യങ്ങൾ ചോദിച്ചു. അവയ്ക്കെല്ലാം കൃത്യമായ മറുപടിയുണ്ടായിരുന്നു ഫാ. തോമസിന്. ചോദ്യവും ഉത്തരവും ഇറ്റാലിയനിൽ തന്നെയായിരുന്നു. പാനൽ അംഗങ്ങൾ മൂന്നുപേരും ചേർന്ന് ചർച്ച ചെയ്തതിനുശേഷം ഫലപ്രഖ്യാപനം നടത്തി: “ഫാ. തോമസ് കുഴിനാപ്പുറത്ത് പൗരസ്ത്യ കാനൻ നിയമത്തിൽ “Magna cum Laude” (മഹത്തരവും പ്രശംസനീയവുമായ രീതിയിൽ) ഗ്രേഡോടുകൂടി ഡോക്ട്രേറ്റ് നേടിയിരിക്കുന്നു.” ഫാ. തോമസിന്റെ നന്ദി പ്രകാശനമായിരുന്നു അടുത്തത്. കാതോലിക്കാ ബാവാ തിരുമേനിയുൾപ്പെടെ എല്ലാവർക്കും കൃതജ്ഞത അർപ്പിച്ചു. മൻസോണിയിൽ ഒരു റെസ്റ്റോറന്റിൽ ക്രമീകരിച്ചിരുന്ന ഡിന്നറിന് എല്ലാവരെയും ക്ഷണിച്ചു. കാതോലിക്കാ ബാവാ തിരുമേനിയും വൈദികരും സിസ്റ്റേഴ്സും ബ്രദേഴ്സും അല്മായരും അടങ്ങുന്ന ഒരു വലിയ സമൂഹം തന്നെയുണ്ടായിരുന്നു റെസ്റ്റൊറന്റിൽ. ഇങ്ങനെയുള്ള പരിപാടികളിലൊന്നും സംബന്ധിക്കുക പതിവില്ലാതിരുന്ന ഡോ. ജോർജ് നെടുങ്ങാട്ടിന്റെ സാന്നിധ്യം ഈ ആഘോഷവേളയിൽ ഒരു പ്രത്യേകത തന്നെയായിരുന്നു.



www.malankaralibrary.com



**ഡോക്ടറൽ ഡിഫെൻസിനു ശേഷം മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായോടും പ്രൊഫസേഴ്സിനോടുമൊപ്പം**

എല്ലാവരും സന്തോഷം പങ്കുവച്ചു. ഡോക്ട്രേറ്റിന് കേവലം ഒരു വർഷത്തെ ഗവേഷണം മാത്രം നടത്തി, ഓറിയന്റൽ കോൺഗ്രിഗേഷന്റെ സ്കോളർഷിപ്പ് ഒരു വർഷത്തേത് ബാക്കി നിർത്തി ഗവേഷണം പൂർത്തിയാക്കിയ വിദ്യാർത്ഥിയുടെ വിജയം എല്ലാവരും ചേർന്ന് അക്ഷരാർത്ഥത്തിൽ ആഘോഷിക്കുകയായിരുന്നു. ഈ വിജയത്തിനു എല്ലാ അർത്ഥത്തിലും താൻ ബാവാ തിരുമേനിയോട് ജീവിതാന്ത്യം വരെ കടപ്പെട്ടിരിക്കുന്നു എന്ന് ഫാ. തോമസ് തന്റെ മറുപടി പ്രസംഗത്തിൽ വ്യക്തമാക്കി.



TEOLOGO INDIANO TRE VOLTE DOTTORE "IN PRESTITO" ESTIVO A MONTECCHIO

**ഫാ. തോമസിന്റെ ഡോക്ടറൽ ഡിഫൻസിനുശേഷം 'അവനീരെ' (Avenire) എന്ന ഇറ്റാലിയൻ പത്രം പ്രസിദ്ധീകരിച്ച ലേഖനം**



www.malankaralibrary.com

തുടർന്ന് ഏതാനും ദിവസങ്ങൾ കൂടി റോമിൽ തങ്ങിയതിനുശേഷം തീസിസിന്റെ അബ്സ്ട്രാക്ട് നൂറു കോപ്പികൾ പ്രിന്റ് ചെയ്ത് യൂണിവേഴ്സിറ്റിയിൽ ഏല്പിച്ചു. ഇതിനു സഹായിച്ചത് സി. മേരി പ്രസാദായിരുന്നു. നവംബർ മാസം ആദ്യം കേരളത്തിൽ തിരികെ എത്തി.

ഇക്കാലത്ത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തിലെ മറ്റൊരു നിർണ്ണായക വഴിത്തിരിവിൽ ഫാ. തോമസ് സുപ്രധാന പങ്ക് വഹിക്കുന്നുണ്ടായിരുന്നു. ഈ സഭയുടെ പ്രത്യേക നിയമങ്ങളുടെ ക്രോഡീകരണമായിരുന്നു അത്. 2008 മാർച്ച് 7 ന് രൂപവത്കരിച്ച 'പ്രത്യേക നിയമ ക്രോഡീകരണ സമിതി'യിലെ അംഗമായി ഫാ. തോമസ് നിയമിക്കപ്പെട്ടു. അഭിവന്ദ്യ ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനിയായിരുന്നു ഈ സമിതിയുടെ അദ്ധ്യക്ഷൻ. ഡോ. ജോൺ കൊച്ചുതുണ്ടിൽ ഈ സമിതിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. ഡോ. ആന്റണി വലിയ വിളയിൽ, ഡോ. വർഗ്ഗീസ് താന്നിക്കാക്കുഴി, ഡോ. ഗീർവർഗ്ഗീസ് കുറ്റിയിൽ OIC എന്നിവരായിരുന്നു ഈ സമിതിയിലെ മറ്റംഗങ്ങൾ. അന്നുമുതൽ 2012 മാർച്ച് 10-ന് 'പ്രത്യേക നിയമസംഹിത' പ്രഖ്യാപനം ചെയ്യുന്നതുവരെ ഈ നിയമസംഹിതയുടെ ക്രോഡീകരണത്തിൽ നിസ്തന്ദ്രം അദ്ധ്വാനിച്ച രണ്ട് വ്യക്തികളായിരുന്നു ഡോ. ആന്റണി വലിയവിളയിലും ഡോ. തോമസ് കുഴിനാപ്പുറത്തും. ഈ പ്രത്യകനിയമങ്ങൾ ഒരു സംഹിതാരൂപത്തിലാക്കണമെന്നതും അതിന് "Code of Particular Canons of the Syro- Malankara Catholic Church (CPCSMCC)" എന്ന പേര് നൽകണമെന്നതും ഫാ. തോമസിന്റെ ചിന്തയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളായിരുന്നു.

സഭാപരമായ ഈ പ്രവർത്തനത്തോടൊപ്പം ഫാ. തോമസിന്റെ സംഘാടന പാടവം മറ്റൊരു ദിശയിലേക്കു കൂടി തിരിഞ്ഞു. തന്റെ പിതാമഹനായ ഫാ. ജോൺ കുഴിനാപ്പുറത്ത് OIC യുടെ പാവനസ്മരണ നിലനിർത്തുന്നതിനുള്ള പരിശ്രമമായിരുന്നു അത്. അതനുസരിച്ച് അദ്ദേഹത്തിന്റെ ജീവിതചരിത്രം ലിഖിതരൂപത്തിലാക്കുന്നതിന് സുഹൃത്തും ഗ്രന്ഥകാരനുമായ ശ്രീ. പീറ്റർ സി. എബ്രഹാമിനെ ബന്ധപ്പെട്ട രേഖ



**കുഴിനാപ്പുറത്ത് കുടുംബയോഗാംഗങ്ങളോടൊപ്പം**



www.malankaralibrary.com

കൾ നൽകി നിയോഗിച്ചു. അധികം താമസമില്ലാതെ അദ്ദേഹം അവയെല്ലാം ചേർത്ത് 20 അദ്ധ്യായങ്ങളുള്ള ഒരു പുസ്തകരൂപത്തിലാക്കി. ഫാ. തോമസ് അതിന് "പ്രേഷിത ദീപം" എന്ന പേരും നൽകി. ഈ പുസ്തകത്തിന്റെ പ്രകാശന കർമ്മത്തിനായി കുടുംബാംഗങ്ങളായ നൂറിൽപരം പേർ തിരുവനന്തപുരത്ത് പട്ടം സ്രോതസ് ഓഡിറ്റോറിയത്തിൽ ഒരുമിച്ച് ചേർന്നു. ഈ പുസ്തക പ്രസാധനത്തിനും ചടങ്ങിന്റെ സംഘാടനത്തിനും എല്ലാ പിന്തുണയും നൽകിയത് പിതൃസഹോദര പുത്രിയായ ശ്രീമതി കുസുമം ടൈറ്റസും കുടുംബവുമായിരുന്നു. 2009 ജനുവരി 30 നായിരുന്നു ഈ ചടങ്ങ്. മോറാൻ മോർ ബസ്സേലിയോസ് ക്ലീമീസ് കാതോലിക്കബാവാ, സാഹിത്യകാരൻ ശ്രീ. ജോർജ് ഓണക്കൂറിന് പ്രഥമ പ്രതി നൽകി പ്രകാശന കർമ്മം നിർവ്വഹിച്ചു. പത്തനംതിട്ട മെത്രാപ്പൊലീത്ത അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി, നിയുക്ത മെത്രാൻമാരായ ഡോ. സാമുവേൽ കാട്ടുകല്ലിൽ, ഡോ. ആന്റണി വലിയവിളയിൽ തുടങ്ങിയവരുടെ സാന്നിധ്യത്താൽ ഏറെ അനുഗ്രഹീതമായിരുന്നു ഈ ചടങ്ങ്. കേരളത്തിലെ എല്ലാ പ്രമുഖ പത്രമാധ്യമങ്ങളും ഈ ചടങ്ങിനെ കുറിച്ച് സചിത്ര റിപ്പോർട്ടുകൾ നൽകി. ഉച്ചഭക്ഷണത്തിനുശേഷം കുടുംബാംഗങ്ങൾ ഒരുമിച്ച് ചേർന്ന് കുടുംബയോഗമെന്ന ആശയം മുന്നോട്ട് വച്ചു. ആയതിലേക്ക് ഫാ. തോമസിനെ പ്രസിഡന്റായും ശ്രീ. കെ. ഈ. തോമസിനെ സെക്രട്ടറിയായും ശ്രീ. സി.എസ്. ജോർജിനെ ട്രഷററായും ഉൾക്കൊള്ളുന്ന 15 അംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തു. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ എല്ലാ വർഷവും കുഴിനാപ്പുറത്ത് കുടുംബസംഗമം ചീക്കനാലിൽ നടത്തിവരുന്നു. ഇപ്പോൾ ഫാ. തോമസ് കുഴിനാപ്പുറത്ത് (പ്രസിഡന്റ്) ശ്രീ.കെ.കെ. ജോൺ (പേട്രൺ), ശ്രീ കെ. എസ്. ഷിബു (സെക്രട്ടറി), ശ്രീ. വി.ജി. തോമസ് (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിലാണ് കുടുംബയോഗ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് നീങ്ങുന്നത്. ഇതോടൊപ്പം കുഴിനാപ്പുറത്ത് കുടുംബം ഉൾപ്പെട്ട 'പകലോമറ്റം മഹാകുടുംബയോഗ'ത്തിന്റെ അഫിലിയേഷൻ ലഭിക്കുന്നതിനും ഈ കുടുംബയോഗത്തിനു സാധിച്ചു.

പകലോമറ്റം മഹാകുടുംബയോഗം തിരുവനന്തപുരം ചാപ്റ്ററിന്റെ രക്ഷാധികാരികളിലൊരാളാണ് ഫാ. തോമസിപ്പോൾ. ഫാ. തോമസിന്റെ നേതൃത്വത്തിൽ പകലോമറ്റം മഹാകുടുംബയോഗത്തിന്റെ തിരുവനന്തപുരം ചാപ്റ്റർ വാർഷിക പൊതു സമ്മേളനം 2019 മെയ് 11-ാം തീയതി തിരുവനന്തപുരം അശ്വതി ഗാർഡൻസിൽ ശ്രീ. അലക്സാണ്ടർ വടക്കേടത്തിന്റെ ആതിഥേയത്വത്തിൽ നടന്നു. ചടങ്ങിൽ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ വിശിഷ്ടാതിഥിയായിരുന്നു. ക്രൈസ്തവ കൂട്ടായ്മയുടെയും ഒത്തുചേരലിന്റെയും ഒരു വലിയ സാക്ഷ്യമായി ഈ സമ്മേളനം വിലയിരുത്തപ്പെട്ടു. ദീപിക ദിനപ്പത്രം ഈ സമ്മേളനത്തോടനുബന്ധിച്ച് പ്രത്യേക പതിപ്പും പുറത്തിറക്കി.



www.malankaralibrary.com



**പകലോമറ്റം മഹാ കുടുംബയോഗത്തിന്റെ ചരിത്ര പുസ്തക പ്രകാശന വേളയിൽ മോറാൻ മോർ ബസേലിയോസ് പൗലോസ് കാതോലിക്കാ ബാവയിൽ നിന്നും പ്രഥമ പകർപ്പ് ഏറ്റു വാങ്ങുന്നു. ശ്രീ. തേക്കിൻകാട് ജോസഫ്, ശ്രീ. പി. സി. ചാക്കോ പനയമ്പാല, റവ. ഡോ. ജോസ് കോട്ടയിൽ, ശ്രീമതി വീണാ ജോർജ്ജ് എം.എൽ.എ തുടങ്ങിയവർ സമീപം**

2012-ൽ വട്ടിയൂർകാവിനടുത്ത് കാഞ്ഞിരംപാറ ഇടവകയിലേക്കായിരുന്നു ഫാ. തോമസിന്റെ സ്ഥലം മാറ്റം. ഏതാണ്ട് നൂറോളം കുടുംബങ്ങളുള്ള ഒരു ഇടവയായി കാഞ്ഞിരംപാറ. അതിനോട് ചേർന്നുള്ള അഞ്ചാമട ഇടവകയുടെ ചുമതലയും ഫാ. തോമസിനുണ്ടായിരുന്നു. അതോടൊപ്പം മേജർ ആർച്ച് ബിഷപ്പ്സ് ഹൗസിൽ ജുഡീഷ്യൽ വികാർ എന്ന ചുമതലകൂടി നൽകപ്പെട്ടു. രണ്ട് ഇടവകകളിലും അജപാലനശുശ്രൂഷ ഏറെ കാര്യക്ഷമമായി നിർവഹിക്കുന്നതിനദ്ദേഹത്തിനു സാധിച്ചു. ജുഡീഷ്യൽ വികാർ എന്ന നിലയിൽ മേജർ ആർച്ചുബിഷപ്പ് കാതോലിക്കാ ബാവയ്ക്കുവേണ്ടി നീതി നിർവ്വഹണം നടത്തുകയായിരുന്നു ഫാ. തോമസിന് ചെയ്യുവാനുണ്ടായിരുന്നത്. ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബബന്ധങ്ങളെ പരസ്പരം യോജിപ്പിക്കാനും, യോജിപ്പിക്കാനാകാത്തവിധം വേർപ്പെട്ടുപോയ ബന്ധങ്ങളെ അസാധുവായി പ്രഖ്യാപിച്ചുകൊണ്ട് അവരെ വീണ്ടും ക്രൈസ്തവ ജീവിതത്തിലേക്ക് തിരികെകൊണ്ടുവരുവാനുമുള്ള പരിശ്രമങ്ങളായിരുന്നു ഇവിടെ നടന്നിരുന്നത്. ഇവിടെനിന്നും ലഭിച്ച അനുഭവ പരിജ്ഞാനംകൈമുതലാക്കികൊണ്ട് ഫാ. തോമസ് എഡിറ്റ് ചെയ്ത് പ്രസിദ്ധപ്പെടുത്തിയ പുസ്തകമായിരുന്നു, “മാതാപിതാക്കളും മക്കളും അറിയാൻ”. ചുരുങ്ങിയ കാലയളവിനുള്ളിൽ ഈ



**കാഞ്ഞിരംപാറ സെന്റ് ആന്റണീസ് ദേവാലയം**



www.malankaralibrary.com

പുസ്തകത്തിന് 2 പതിപ്പുകൾ ആവശ്യമായി വന്നു. ഈ പുസ്തകത്തിന്റെ അവതാരികയിൽ ഹൈക്കോടതി മുൻ ചീഫ്ജസ്റ്റീസ്, ജസ്റ്റീസ് ജെ.ബി. കോശി കുറിച്ചത് ശ്രദ്ധേയമാണ്. "കുടുംബ കോടതിയുടെ വിധിയിന്മേലുള്ള അപ്പീലുകളിലും കുടുംബപ്രശ്നങ്ങളിലും കുട്ടികളുടെ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള പല കേസുകളിലും ഹൈക്കോടതി ജഡ്ജിയായിരുന്നപ്പോഴും മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ആയിരുന്നപ്പോഴും എനിക്ക് ഇടപെടേണ്ടിവന്നിട്ടുണ്ട്. കുട്ടികൾ മുഖേന നടത്തുന്ന കുറ്റങ്ങളും മയക്കുമരുന്നിന് അടിമകളായിട്ടുള്ള കാര്യങ്ങളും പരിഗണിക്കുമ്പോൾ ഇവരുടെ മാതാപിതാക്കൾ നല്ല കുടുംബജീവിതം നയിക്കാത്തവരാണ് എന്ന കാര്യം വ്യക്തമാണ്. ഭാര്യാഭർത്താക്കന്മാർ പിണങ്ങി കഴിയുന്നതിനാൽ കുടുംബസമാധാനമോ പ്രാർത്ഥനയുടെ അനുഭവമോ ഇല്ലാത്ത അന്തരീക്ഷത്തിൽ നിന്നും വരുന്നവരാണ് കുട്ടികുറ്റവാളികൾ. ഈ ലേഖന സമാഹാരത്തിന്റെ നക്കൽ വായിച്ചപ്പോൾ ഇതുപോലെയുള്ള ഒരു പുസ്തകം നേരത്തെ വായിക്കുവാൻ അവസരം കിട്ടിയിരുന്നെങ്കിൽ ഇങ്ങനെയുള്ള പ്രശ്നങ്ങൾ കൂടുതൽ ഫലപ്രദമായി പരിഹരിക്കാമായിരുന്നല്ലോ എന്ന് എനിക്ക് തോന്നി." കുടുംബങ്ങളുടെ യാഥാർത്ഥ്യങ്ങളും അവ അഭിമുഖീകരിക്കുന്ന വെല്ലുവിളികളും ഏതാണ്ട് സമഗ്രമായി ചർച്ച ചെയ്യുന്ന ഒരു പുസ്തകമായി ഇത് വിലയിരുത്തപ്പെട്ടു. സമൂഹത്തിന്റെ വിവിധ തുറകളിലുള്ള പ്രഗത്ഭരായ 13 എഴുത്തുകാരുടെ 17 ലേഖനങ്ങളുടെ സമാഹാരമായിരുന്നു ഈ പുസ്തകം.



**വത്തിക്കാനിൽ നടന്ന കർദ്ദിനാൾ കൺസിസ്റ്ററിയിൽ
പ. ബസ്സേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായോടൊപ്പം.
ശ്രീ. ജോസ് കെ. മാണി എം.പി., ശ്രീ. ജോൺ മത്തായി ഐ.എ.എസ്.
എന്നിവർ സമീപം**



www.malankaralibrary.com


2012, മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം ഒരു നിർണ്ണായക വർഷമായിരുന്നു. നവംബർ 24 ന് ഈ സഭയുടെ തലവനും പിതാവുമായ പ. ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിയെ പ. ബെനഡിക്ട് XVI മാർപാപ്പ അത്യുന്നത കർദ്ദിനാൾ പദവിയിലേക്കുയർത്തി. റോമിലെ സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ നടന്ന ഭക്തിനിർഭരമായ ഈ ചടങ്ങ് ഭാരതത്തിൽ നിന്നുള്ള വിവിധ മത-രാഷ്ട്രീയ-സാമൂഹിക നേതാക്കളുടെ പങ്കാളിത്തം കൊണ്ട് ഏറെ ശ്രദ്ധേയമായിരുന്നു. ഈ ചടങ്ങിൽ ആദ്യന്തം പങ്കെടുക്കുന്നതിനുള്ള ഭാഗ്യം ഫാ. തോമസിന് ലഭിച്ചു.

2013 ഒക്ടോബർ 10 ന് ഫാ. തോമസിന് ഏറെ വേദന ഉളവാക്കിയ ഒരു സംഭവമായിരുന്നു മാതൃതുല്യം സ്നേഹിച്ചിരുന്ന മൂത്തസഹോദരി കെ.ജെ. മേരിക്കുട്ടിയുടെ മരണം. ഫാ. തോമസിന്റെ ബാല്യകാലം മുതൽ കരുതലും സ്നേഹവും നൽകി പുത്രതുല്യം വളർത്തിയ സഹോദരിയായിരുന്നു പരേത. തൈറോയിഡിനുള്ള ചികിത്സയെത്തുടർന്ന് തിരുവനന്തപുരം ഗുഡ് സമരിറ്റൻ ഹോമിൽ താമസിച്ചുകൊണ്ട് ആർ.സി.സി.യിലെ ചികിത്സ തേടി വരികയായിരുന്നു. അവസാനനാളുകൾ തിരുവല്ല പുഷ്പഗിരി മെഡിക്കൽകോളേജിലെ പാലിയേറ്റീവ് കെയർ സെന്ററിലായിരുന്നു. ഇന്നും ഏറെ ദീപ്തമായ ഓർമ്മകളാണ് 'മേരിയമ്മാമ്മ' എന്ന് സ്നേഹപൂർവ്വം ഫാ. തോമസ് വിളിക്കുന്ന ഈ സഹോദരിയെക്കുറിച്ച് അദ്ദേഹത്തിനുള്ളത്.



**കെ.ജെ. മേരിക്കുട്ടി**

2014 ജൂൺ 23 ന് മാർ ഈവാനിയോസ് തിരുമേനിയുടെ വിശുദ്ധ നാമകരണനടപടികളുടെ ഭാഗമായി കബറിടം തുറന്നപ്പോൾ അത് അടുത്തുനിന്ന് സാക്ഷ്യം വഹിക്കുന്നതിന് പ്രത്യേകം ക്ഷണിക്കപ്പെട്ട ചില വ്യക്തികളിൽ ഒരാളാകുന്നതിനുള്ള ഭാഗ്യം ഫാ. തോമസിന് ലഭിച്ചു.




**മാർ ഈവാനിയോസ് തിരുമേനിയുടെ
എക്സ്ഹ്യുമേഷൻ ചടങ്ങിൽ
ഫാ. തോമസിന് ലഭിച്ച
തിരിച്ചറിയൽ കാർഡ്**



www.malankaralibrary.com

അദ്ധ്യായം -15

# പത്രപ്രവർത്തന പന്ഥാവിലേക്ക്

ഇതിനോടകം 2015 ജൂൺ മാസത്തിൽ ഫാ. തോമസിന് തിരുവനന്തപുരത്ത് പാപ്പനംകോട് അടുത്തുള്ള പാമാംകോട് ഇടവകയിലേക്ക് സ്ഥലം മാറ്റമായി. പൊറ്റയിൽ ഇടവകയുടെ അജപാലനദൗത്യവും ഇതോടൊപ്പം ഉണ്ടായിരുന്നു. പൊറ്റയിൽ സെന്റ് മേരീസ് സ്കൂളിന്റെ ചുമതലയും ഏറ്റെടുത്തു. 2017 വരെ മാത്രമേ പൊറ്റയിൽ ഇടവകയുടെയും സ്കൂളിന്റെയും ചുമതല നിർവ്വഹിച്ചുള്ളൂ. പാമാംകോട് ഇടവകയുടെ ചുമതല തുടരുകയും പൊറ്റയിൽ ഇടവകയ്ക്കു പകരം പൂഴിക്കുന്ന് ഇടവകയുടെ ചുമതലയേൽക്കുകയും ചെയ്തു.

2017 ആഗസ്റ്റ് 1 ന് ഫാ. തോമസിന്റെ ജീവിതത്തിൽ പുതിയൊരു വഴിത്താര കൂടി തുറക്കപ്പെടുകയായിരുന്നു. പത്രപ്രവർത്തനത്തിലേക്കുള്ള പാതയായിരുന്നു അത്. ദീപിക പത്രത്തിന്റെ തിരുവനന്തപുരം യൂണിറ്റിന്റെ റസിഡന്റ് മാനേജരായിട്ടായിരുന്നു നിയമനം. അഭിരുചിക്ക് ചേർന്ന പ്രവർത്തനമേഖലയായിരുന്നു അത്. ദീപിക കേരളകത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം ഒരു ജീവനാഡി തന്നെയായിരുന്നു. കേരളത്തിലെ കത്തോലിക്കരുടെ ശബ്ദമായി, ഒരു ഏകോപന കണ്ണിയായി നിലകൊള്ളാനുള്ള ഉത്തരവാദിത്വമാണ് ദീപികയ്ക്കുള്ളത് എന്ന ബോധ്യത്തോടെയാണ് അദ്ദേഹം തിരുവനന്തപുരം യൂണിറ്റിനെ നയിച്ചിരുന്നത്. ദീപിക



**2018–ലെ പ്രളയാനന്തരം മുഖ്യമന്ത്രി
ശ്രീ.പിണറായി വിജയനെ സന്ദർശിച്ചപ്പോൾ**



www.malankaralibrary.com

തിരുവനന്തപുരം യൂണിറ്റിൽ സാഹോദര്യവും സൗഹാർദ്ദപരമായ അന്തരീക്ഷവും നിലനിർത്തുന്നതിന് ഫാ. തോമസ് നേതൃത്വം നൽകി.

വേദനിക്കുന്നവരുടെയും ദുരിതമനുഭവിക്കുന്നവരുടെയും ഒപ്പം നിന്നുകൊണ്ട് അവരുടെ ശബ്ദമായി മാറുവാൻ ദീപികയ്ക്ക് ഇക്കാലയളവിൽ കഴിഞ്ഞിരുന്നു. 2018 ആരംഭത്തിൽ കേരളതീരങ്ങളിൽ ആഞ്ഞടിച്ച ഓഖി കൊടുങ്കാറ്റ് തീരപ്രദേശങ്ങളിൽ വിതച്ച നാശനഷ്ടം ചെറുതായിരുന്നില്ല. നിരവധി മത്സ്യബന്ധനത്തൊഴിലാളികൾക്ക് ജീവൻ നഷ്ടമായി. അതിലേറെപ്പേരെ കാണാതായി. 2018 ജനുവരി 18 ലെ ദീപിക പത്രം ഇറങ്ങിയത് ഒന്നാംപേജിൽ, കാണാതായവരുടെ മുഴുവൻ ചിത്രങ്ങളോടുകൂടിയായിരുന്നു. "തിരികെ തരുമോ ഇവരെ" എന്നായിരുന്നു ശീർഷകവാക്യം. ഇതു പിന്നീട് കേരള നിയമസഭയിൽ മുദ്രാവാക്യമായി മാറി. പത്തടിയോളം വരുന്ന വലിയ കറുത്ത ബാനറിൽ 'തിരികെ തരുമോ


ദീപിക

തിരികെത്തരുമോ ഇവരെ...

**ദീപികയുടെ 2018 ജാനുവരി 18 ലെ ഒന്നാം പേജ്**



www.malankaralibrary.com

ഇവരെ' എന്ന വാക്യം എഴുതിയതും പിടിച്ചുകൊണ്ടാണ് പ്രതിപക്ഷാം ഗങ്ങൾ നിയമസഭയിൽ എത്തിയത്.

2018– മെയ് 23–ന് ദീപിക അഖിലകേരള അടിസ്ഥാനത്തിൽ സംഘടിപ്പിച്ച 'കേരള കർഷക ജാഥ' ക്ക് ഉജ്ജ്വല സമാപനം തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് നടയിൽ കുറിച്ചപ്പോൾ അത് ഫാ. തോമസിന്റെ സംഘാടന മികവിന്റെ മറ്റൊരദ്ധ്യായം കൂടിയായി. ആയിരത്തോളം കർഷകരും കർഷക സ്നേഹികളും തേനീച്ച കർഷകരും കാളവണ്ടിയും ഒക്കെയായി അണിനിരന്നപ്പോൾ അത് തലസ്ഥാന നഗരിയെ അക്ഷരാർത്ഥത്തിൽ കാർഷിക സംസ്കൃതിയുടെ ഗൃഹാതുരത്വത്തിലേക്ക് നയിച്ചു. തടിച്ചു കൂടിയ വൻ ജനസമൂഹത്തെ ചങ്ങനാശ്ശേരി അതിരൂപതാ സഹായ




**ദീപിക സംഘടിപ്പിച്ച 'കേരള കർഷക ജാഥ'
തിരുവനന്തപുരം സെക്രട്ടറിയേറ്റ് നടയിൽ സമാപിച്ചപ്പോൾ**

മെത്രാൻ മാർ തോമസ് തറയിൽ, മോൺ. മാത്യു മനക്കരക്കാവിൽ, മോൺ. വർക്കി ആറ്റുപുറത്ത്, മോൺ. യൂജിൻ പെരേര, ഡോ. മാണി പുതിയിടം, ഫാ. റോയി കണ്ണഞ്ചിറ തുടങ്ങിയവർ അഭിസംബോധന ചെയ്തു. തികഞ്ഞ ചാരിതാർത്ഥ്യത്തോടെയാണ് അന്ന് ഫാ. തോമസ് ദീപിക ഓഫീസിൽ നിന്നും പാമാംകോട് പള്ളിമുറിയിലേക്ക് മടങ്ങിയത്.

ദീപികയിലെ പ്രവർത്തനകാലത്ത് സൗഹൃദങ്ങൾ പുതുക്കുന്നതിന് ഏറെ അവസരങ്ങൾ ഫാ. തോമസിന് ലഭിച്ചിരുന്നു. മലയാള സാഹിത്യ തറവാട്ടിലെ ഒരു കുലപതിയായ ശ്രീ. എം.ടി. വാസുദേവൻ നായരെ കാണുന്നതിനും പരിചയപ്പെടുന്നതിനും അവസരം ലഭിച്ചത് തിരുവനന്തപുരത്ത് കനകക്കുന്നിൽ നടന്ന വിശ്വ മലയാള സമ്മേളനത്തിൽ വച്ചായിരുന്നു. വളരെ മുൻപേ തുടങ്ങി, 'ദീപികക്കാലത്ത്' ശക്തിയാർജ്ജിച്ച മറ്റൊരു ബന്ധമായിരുന്നു ഡോ. ഡി. ബാബു പോളുമായുണ്ടായിരുന്നത്. കുറവൻകോണം മമ്മീസ് കോളനിയിലുള്ള അദ്ദേഹത്തിന്റെ 'ചീരോത്തോട്ടം' ഭവനത്തിലേക്ക് മുൻകൂട്ടി വിളിച്ചു പറഞ്ഞിട്ടാവും ചെല്ലുക. കൃത്യസമയത്ത് എത്തുമ്പോൾ സ്വാഗതം ചെയ്യാൻ അദ്ദേഹം ഓഫീസ് മുറിയിലുണ്ടാവും. പിന്നീട് വിവിധ വിഷയങ്ങളിലൂടെയുള്ള ഒരു സംഭാഷണ സഞ്ചാരമാവും ഉണ്ടാവുക. സാഹിത്യം, മതം, സംസ്കാരം, സഭ, സഭാതർക്കങ്ങൾ, കല തുടങ്ങിയ വിഷയങ്ങളെല്ലാം ഇതിൽപ്പെടുമായി



www.malankaralibrary.com



**വിശ്വമലയാള സാഹിത്യസമ്മേളന വേദിയിൽ**
**ശ്രീ. എം.ടി.വാസുദേവൻ നായർക്കൊപ്പം**

രുന്നു. ഇവയിലൊക്കെ വ്യക്തമായ കാഴ്ചപ്പാട് ഇരുവർക്കുമുണ്ടായിരുന്നു. ഇവ പങ്കുവച്ച ഏറെ ധന്യമായ സായന്തനങ്ങളായിരുന്നു അവ. ഡോ. ബാബുപോൾ ഒരിക്കൽ ഫാ. തോമസിനോട് പറയുകയുണ്ടായി, "അച്ചന് എന്റെ മൂത്തമകളുടെയത്ര പ്രായം ഉണ്ടാവില്ല അല്ലേ." പിതൃതുല്യമായ സ്നേഹത്തോടെയാണ് അദ്ദേഹം ഫാ. തോമസിനെ കരുതിയിരുന്നത്. 2019 ഏപ്രിൽ 13 ന് കഥാവശേഷനായ അദ്ദേഹത്തിന്റെ മൃതശരീരത്തിനരികെ ധൂപമർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ ഫാ. തോമസിന്റെ കണ്ഠമിടറിയിരുന്നു.

തലസ്ഥാനഗരിയിലെ മറ്റൊരു സാംസ്കാരിക ബന്ധമായിരുന്നു ഡോ. എം.വി. തോമസുമായി ഉണ്ടായിരുന്നത്. കേരള സംസ്ഥാനത്തിന്റെ പബ്ലിക് റിലേഷൻസ് വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറായി റിട്ടയർ ചെയ്തതിനുശേഷം എഴുപതാം വയസ്സിൽ ജേണലിസത്തിൽ ഡോക്ട്രേറ്റ് നേടിയ വ്യക്തിയായിരുന്നു അദ്ദേഹം. മലങ്കര സുറിയാനി കത്തോലിക്കാ സഭാംഗമായ അദ്ദേഹത്തിന്റെ ഇടവകയായ തിരുവനന്തപുരം അഞ്ചാമട പള്ളിയിൽ കുറെക്കാലം ഫാ. തോമസ് വികാരിയായിരുന്നു. ഇക്കാലത്ത് ഇരുവരുടെയും ചർച്ചകൾ സഭയുടെ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളെ ഉന്നത നിലയിലെത്തിക്കുന്നതിനെ കുറിച്ചായിരുന്നു. വിദ്യാർത്ഥികളിലെ കഴിവുകൾ കണ്ടെത്തുന്നതിനും അതിനുവേണ്ട പ്രോത്സാഹനങ്ങൾ നൽകുന്നതിനും സദാ ബദ്ധശ്രദ്ധരായിരുന്നു രണ്ടുപേരും. കുട്ടികളെയും യുവജനങ്ങളെയും അവരുടെ കഴിവുകൾ കണ്ടെത്തുന്നതിന് സഹായകരമാം വിധം ക്ലാസ്സുകൾ എടുക്കുന്നതിന് ഇടവകകളിലും സ്കൂളുകളിലും ഡോ.എം.വി. തോമസിന് വേണ്ട അവസരങ്ങൾ ധാരാളമുണ്ടായി. ഇത് യുവജനങ്ങൾക്ക് ജീവിതത്തിൽ ചില പുതിയ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന് സഹായകമായി.



www.malankaralibrary.com



**ദീപിക തിരുവനന്തപുരം യൂണിറ്റ് കർഷരെ ആദരിച്ചപ്പോൾ**

ഇടവകയിലെ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ എന്നും മുൻപന്തിയിൽ തന്നെയായിരുന്നു ഫാ. തോമസ്. അദ്ദേഹം പാമാംകോട് ഇടവകയിൽ ചുമതലയേൽക്കുമ്പോൾ ഡിഗ്രി ഒന്നാം വർഷം പഠിച്ചുകൊണ്ടിരുന്ന ഒരു വിദ്യാർത്ഥിനിയായിരുന്നു കുമാരി സുകന്യ. പഠനത്തിൽമാത്രമല്ല ഈ കുട്ടി ശ്രദ്ധ പുലർത്തിയിരുന്നത്. ചിട്ടയായ ജീവിതത്തിലും പ്രാർത്ഥനയിലും ഏറെ ശ്രദ്ധിച്ചിരുന്നു ഈ പെൺകുട്ടി. ആത്മീയ ഉപദേശങ്ങളാൽ ഫാ. തോമസ് ഈ പെൺകുട്ടിയെ ഏറെ ബലപ്പെടുത്തിയിരുന്നു. ഇന്നത്തെ സാധാരണ വിദ്യാർത്ഥികളിൽ നിന്നും വേറിട്ട ഒരു വ്യക്തിത്വമായിരുന്നു ഈ കുട്ടിയുടേത്. അവൾക്ക് സ്വന്തമായി മൊബൈൽ ഫോണോ കമ്പ്യൂട്ടറോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. മാതാപിതാക്കളുടെ മൊബൈൽ ഫോണിൽ കൂടെ മാത്രമായിരുന്നു അവൾ ആശയവിനിമയം നടത്തിയിരുന്നത്. ചിലപ്പോഴൊക്കെ സന്ധ്യാസമയങ്ങ



**കേരളസർവ്വകലാശാലയിൽ ബി.എ. മലയാളം പരിക്ഷയ്ക്ക് രണ്ടാം റാങ്ക് നേടിയ കുമാരി സുകന്യയെ കേരളത്തിന്റെ മുൻ ഡി.ജി.പി. ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ്. ആദരിച്ചപ്പോൾ. കാട്ടാക്കട എം.എൽ.എ. അഡ്വ. ഐ.ബി. സതീഷ് സമീപം**



www.malankaralibrary.com

ളിൽ വിളിച്ചാൽ ആ വീട്ടിൽ ആരും ഫോൺ എടുക്കുകയില്ല. കാരണം അതവരുടെ പ്രാർത്ഥനാസമയമായിരുന്നു. ചിട്ടയോടുകൂടിയ ഈ പഠനത്തിന് ദൈവം കരുതിവച്ചിരുന്ന സമ്മാനം വളരെ വലുതായിരുന്നു. ബി.എ. മലയാളം അവസാനവർഷം പരീക്ഷ കഴിഞ്ഞ് അവളെ തേടിയെത്തിയത് കേരളാ സർവകലാശാലയിലെ രണ്ടാം റാങ്കായിരുന്നു. ഫാ. തോമസ് ഈ വിജയത്തെ ഒരു ആഘോഷമാക്കി. ഇടവകയിൽ അടുത്ത ഞായറാഴ്ച ഒരു പൊതുസമ്മേളനം വിളിച്ചു ചേർത്തു. കാട്ടാക്കട എം.എൽ.എ. അഡ്വ. ഐ.ബി. സതീഷ് ആയിരുന്നു ഉദ്ഘാടനം. കേരളത്തിന്റെ മുൻ ഡി.ജി.പി. ശ്രീ. ജേക്കബ് പുന്നൂസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ നിരവധി പേർ പ്രസംഗിച്ചു. വളർന്നുവരുന്ന വിദ്യാർത്ഥികൾക്ക് ഇതൊരു മാതൃകയാകാൻ വേണ്ടിയായിരുന്നു ഇത്തരമൊരു സമ്മേളനം ക്രമീകരിച്ചത്. ഈ വിദ്യാർത്ഥിനി ഇന്നും തന്റെ പഠനസപര്യ സമർത്ഥമായി തന്നെ തുടരുന്നു. എം.എ. മലയാളം ഒന്നാം വർഷം കഴിഞ്ഞപ്പോൾ തന്നെ അവൾ യു.ജി.സി നെറ്റ് പരീക്ഷയിൽ നല്ല വിജയം നേടി തന്റെ പഠന പ്രയാണം തുർന്നുകൊണ്ടേയിരിക്കുന്നു.

പാമാംകോട് ഇടവകയെ സംബന്ധിച്ചിടത്തോളം സംഭവബഹുലമായിരുന്നു 2018. ആ വർഷം ഈ ഇടവകയിൽ നിന്നും ഒരു മകൻ വൈദികപട്ടം സ്വീകരിക്കുന്നു. കുന്നിൻപുറത്ത് അൽഫോൺസിന്റെയും ഷൈലജയുടെയും മകൻ ഡീക്കൻ ജെറോം അൾഫോൺസ് ആയിരുന്നു ആ വൈദികാർത്ഥി. വികാരിയെന്ന നിലയിൽ ഫാ. തോമസിനെ സംബന്ധിച്ചിടത്തോളം തിരക്കിട്ട ദിനങ്ങളായിരുന്നു പിന്നീടുള്ളത്. പാറശാല മെത്രാപ്പൊലീത്ത അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനി പട്ടംകൊടയ്ക്കും പുത്തൻ കുർബാനയ്ക്കുമുള്ള തീയതികൾ നിശ്ചയിച്ചു നൽകി. 2018 ഡിസംബർ 28-ാം തീയതി പട്ടം കൊടയും 29-ാം തീയതി പുത്തൻ കുർബാനയും നിശ്ചയിച്ചു. പിന്നീട് ഇടവകയിലുള്ള ഒരുക്കങ്ങൾ ധൃതിയിൽ നടന്നു. പള്ളിയിലേക്കുള്ള ആർച്ച് ഗേറ്റ് നിർമ്മിക്കുക, പള്ളിയിലേക്കുള്ള റോഡ് ടാറിടുക, റോഡിന്റെ ഇരുവശവും മതിൽ കെട്ടി വൈദ്യുതി ദീപങ്ങൾ സ്ഥാപിക്കുക തുടങ്ങിയ നിരവധി പ്രവൃത്തികൾ ഇക്കാലത്ത് ഫാ. തോമസിന്റെ നേതൃത്വത്തിൽ ഇടവകയിൽ നടന്നു. ഇതെല്ലാം പട്ടം കൊടയെ മുന്നിൽ കണ്ടുകൊണ്ടുള്ളതായിരുന്നു. പട്ടം കൊടയും പുത്തൻ കുർബ്ബാനയും ഏറ്റം ആഘോഷപൂർവ്വം നിശ്ചയിച്ച തീയതികളിൽ തന്നെ നടന്നു. ഇടവകയെ കുറിച്ചും നവവൈദികനെ കുറിച്ചും കുമാരി ബി. സുകന്യ തയ്യാറാക്കിയ ലേഖനമുൾപ്പെട്ട ഒരു പേജ് സപ്ലിമെന്റ് ദീപിക പത്രത്തിൽ പ്രസിദ്ധീകരിച്ചു. എല്ലാംകഴിഞ്ഞ് രാത്രിയിൽ നവവൈദികനെ പാറശാല ബിഷപ്പ്സ് ഹൗസിൽ കാറിൽ കൊണ്ടു ചെന്നാക്കുമ്പോൾ മനസ്സിൽ എന്തെന്നില്ലാത്ത ആത്മസംതൃപ്തി അനുഭവപ്പെട്ടിരുന്നു ഫാ. തോമസിന്. സഭാ മാതാവിന് ഉത്തമനായ ഒരു ശുശ്രൂഷകനെ നൽകുവാൻ സാധിച്ചതിലുള്ള സന്തോഷമായിരുന്നു അത്.



www.malankaralibrary.com



12 2018 ഡിസംബർ 28 വെള്ളി TVM RNI No. 66298/97 ദീപിക

സെന്റ് ആന്റണീസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയം, പാമാംകോട്
(പാറശാല ഭദ്രാസനം)

പൗരോഹിത്യ സ്വീകരണവും പ്രഥമ ദിവ്യബലിയർപ്പണവും

2018 ഡിസംബർ 28, 29

ദൈവിക വഴിത്താരയിലൂടെ...

**റവ. ഫാ. ജെറോം കുന്നിൻപുറത്തിന്റെ പൗരോഹിത്യ സ്വീകരണത്തോടനു ബന്ധിച്ച് ദീപിക പത്രം പ്രസിദ്ധീകരിച്ച പ്രത്യേക പതിപ്പ്**

പാമാംകോട്, പൊറ്റയിൽ, പൂഴിക്കുന്ന് എന്നീ മൂന്നിടവകകളിലെയും യുവ ജനങ്ങളും മാതാപിതാക്കളും ഒരുപോലെ കൈകോർത്തതിനാലാണ് ഈ ചടങ്ങ് ഏറ്റവും വിജയകരമായത് എന്ന് ഫാ. തോമസ് സന്തോഷത്തോടെ ഓർക്കുന്നു.

ബാല്യകാല സുഹൃത്തായ വിളക്കുവേലിൽ ബോബി എന്ന് വിളിക്കുന്ന ക്യാപ്റ്റൻ ജോർജ് തോമസിനെ കാണുവാൻ ഫാ. തോമസ് 2019 മാർച്ച് 18 ന് കൊൽക്കത്തയിൽ എത്തി. ഒരുമിച്ച് കളിച്ചു വളർന്ന ബാല്യമായിരുന്നു ഇരുവർക്കുമുണ്ടായിരുന്നത്. വോളിബോൾ, കുറ്റിയുംകോലും കളി, നാടകാഭിനയം, കാരംസ്, ചെസ്സ് തുടങ്ങിയ വിനോദങ്ങളായിരുന്നു ഈ ബാല്യകാല സുഹൃത്തുക്കൾക്കോർക്കാനുണ്ടായിരുന്നത്. സോജൻ വർഗ്ഗീസ് ആയിരുന്നു ഈ ബാലസംഘത്തിന്റെ നേതാവ്. വട്ടക്കൂട്ടത്തിൽ റോബി, ഇടയിൽ സജു തുടങ്ങിയവരൊക്കെ ആ ദിനങ്ങളിൽ ഈ ബാല്യകാല സുഹൃത്തുക്കളുടെ ഓർമ്മകളിലൂടെ കടന്നുപോയി. കൊൽക്കത്താ സന്ദർശനത്തിന്റെ പ്രധാന ഉദ്ദേശ്യം വി. മദർ തെരേസയുടെ കബറിടത്തിൽ വി.കുർബ്ബാന അർപ്പിക്കുക എന്നതായിരുന്നു. ഈ ആഗ്രഹം ഒന്നല്ല മൂന്നു വട്ടം സാധിക്കുന്നതിനുള്ള ഭാഗ്യം ഫാ. തോമസിന് ലഭിച്ചു. ഈ കൊൽക്കത്ത സന്ദർശന വേളയിൽ വിശുദ്ധകുർബാന അർപ്പിക്കുന്നതിനു മാത്രമല്ല. വി. കുമ്പസാരം കേൾക്കുന്നതിനും മദർ തെരേസ താമസിച്ചി



www.malankaralibrary.com




**ബാല്യകാല സുഹൃത്തായ ക്യാപ്റ്റൻ ജോർജ്ജ് തോമസിനോടൊപ്പം കൊൽക്കത്തയിലെ മദർ തെരേസയുടെ കബറിടത്തിൽ**

രുന്ന മുറിയിൽ കടന്നു ചെന്ന് പ്രാർത്ഥിക്കുന്നതിനും അവസരം ലഭിച്ചു. ഏറ്റം അനുഗ്രഹീതമായ മുഹൂർത്തങ്ങളിലൂടെയായിരുന്നു കടന്നു പോയത്. ആലുവാ സെമിനാരിയിൽ പഠിക്കുന്ന സമയത്ത് കൊച്ചിയിൽ വച്ച് മദർ തെരേസയുടെ ചുളിവാർന്ന വിരലുകൾ സ്പർശിക്കാനായതിന്റെ ഓർമ്മ ഫാ തോമസിന്റെ മനസ്സിലൂടെ കടന്നുപോയി. അതോടൊപ്പം മറ്റൊരു ഭാഗ്യവും ഫാ. തോമസിന് ലഭിച്ചു. മാർ ഈവാനിയോസ് തിരുമേനി പ്രൊഫസറായി സേവനം അനുഷ്ഠിച്ച സെറാമ്പൂർ യൂണിവേഴ്സിറ്റി സന്ദർശിക്കുന്നതിനുള്ള അവസരമായിരുന്നു അത്.



**ക്യാപ്റ്റൻ ജോർജ്ജ് തോമസിനോടും കുടുംബത്തോടുമൊപ്പം കൊൽക്കത്തായിലെ ഹോളി ആഘോഷവേളയിൽ**



www.malankaralibrary.com

ക്യാപ്റ്റൻ ജോർജ് തോമസിനോടൊപ്പം ഗംഗാ നദിക്കു കുറകെ ബോട്ടു യാത്ര നടത്തിയാണ് സെറാമ്പൂർ യൂണിവേഴ്സിറ്റിയിലെത്തിയത്. ഒരു പ്രൊട്ടസ്റ്റന്റ് സർവ്വകലാശാല എന്ന നിലയിൽ അതിന്നും ഏറെ പ്രശസ്തമാണ്. ഇവിടെ പഠിപ്പിക്കുകയും പഠിക്കുകയും ചെയ്യുന്ന നിരവധി മലയാളി വൈദികരെയും വൈദിക വിദ്യാർത്ഥികളെയും ഫാ.തോമസ് കണ്ടുമുട്ടി. നാലു ദിവസത്തെ താമസത്തിനുശേഷം തിരികെ പോരുന്നതിന്റെ തലേന്ന് ഏതാണ്ട് ഒരു കിലോമീറ്റർ വീതിയുള്ള ഗംഗാനദിക്കരെ ഒരു സായാഹ്നം ചെലവഴിക്കുന്നതിന് സാധിച്ചു. ശാന്ത സുന്ദരമായി ഒഴുകുന്ന നദിക്കരെ ക്യാപ്റ്റൻ ജോർജ്ജ് തോമസിനോടൊപ്പം ചെലവഴിച്ച ആ സായാഹ്നം ബാല്യത്തിലേക്കുള്ള ഒരു മടങ്ങിപ്പോകൽ കൂടിയായിരുന്നു. വളിക്കുവേലിൽ തറവാട്ടിലെ കൃഷിയിടങ്ങളിൽ കാണപ്പെടുന്ന പഞ്ചസാര മണലിൽ കളിച്ചു വളർന്ന ബാല്യത്തെക്കുറിച്ചുള്ള ഓർമ്മ ഇരുവരെയും ഗൃഹാതുരത്വത്തിലേക്ക് നയിച്ചു. അപ്പോഴും ഗംഗയിലൂടെ ചില ജലയാനങ്ങൾ പ്രകാശ ദീപങ്ങളുമേന്തി സഞ്ചരിക്കുന്നുണ്ടായിരുന്നു.


KLM 2017 നവംബർ 26 ഞായർ ദീപിക 03

**വിപ്ലവാത്മകമായ ചലനം സൃഷ്ടിക്കാൻ കവിതയ്ക്ക് കഴിയും: റവ.ഡോ.തോമസ് കുഴിനാപ്പുറത്ത്**



ഹെൻറി ജോൺ കല്ലടയുടെ കവിതാ സമാഹാരങ്ങളുടെ പ്രകാശനം നിർവഹിച്ചശേഷം ദീപിക തിരുവനന്തപുരം റസിഡന്റ് മാനേജർ ഫാ. ഡോ. തോമസ് കുഴിനാപ്പുറത്ത് പ്രസംഗിക്കുന്നു.

കൊല്ലം: സമൂഹത്തിൽ വിപ്ലവാത്മകമായ ചലനം സൃഷ്ടിക്കാൻ കവിതയ്ക്ക് കഴിയുമെന്ന് ദീപിക തിരുവനന്തപുരം റസിഡന്റ് മാനേജർ ഫാ.ഡോ.തോമസ് കുഴിനാപ്പുറത്ത് അഭിപ്രായപ്പെട്ടു. ഹെൻറി ജോൺ ജോൺ കല്ലട എഴുതി പ്രഭാത് ബുക്ക് ഹൗസ് പ്രസിദ്ധീകരിച്ച ആത്മബന്ധുക്കൾ, യാത്രികൻ എന്നീ കവിതാസമാഹാരങ്ങളുടെ പ്രകാശനചടങ്ങിൽ പങ്കെടുത്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സമൂഹത്തോടുള്ള പ്രതിബദ്ധത ഈ കവിതകളിൽ എടുത്തുകാട്ടുന്നു. തിന്മക്കെതിരേ ചില താക്കീതുകൾകൂടി കൃതിയിൽ വെളിപ്പെടുത്തുന്നുണ്ട്. പ്രായമായവരുടെ സ്നേഹം ഇന്നത്തെ കുഞ്ഞുങ്ങൾക്ക് നഷ്ടപ്പെടുന്നു. അവർ ഡിജിറ്റൽ യുഗത്തിൽ വിരൽത്തുമ്പുകളിൽ ലോകമറിഞ്ഞ് സംതൃപ്തിയടയേണ്ടി വരുന്നു. ഗൃഹാതുരുത്വം സൃഷ്ടിക്കുന്ന പഴയകാലത്തിലേക്ക് തിരിച്ചുപോകാൻ നമുക്ക് കഴിയണമെന്നും അദ്ദേഹം പറഞ്ഞു.

ഡോ.സി.ഉണ്ണികൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാസിസ്റ്റ് കാലത്തിൽ കവിതകളിലെ ആശയങ്ങൾ ഉയർന്നുനിൽക്കുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആരും അനുഭവിച്ചിട്ടില്ലാത്ത അനുഭവങ്ങളിലേക്ക് നല്ല കവിതകൾ കടന്നുവരുന്നു. അക്ഷരങ്ങളെ തേടിയെത്തുന്നവരെ ആട്ടിയോടിക്കുന്ന രീതി എഴുത്തച്ഛന്റെ കാലം മുതൽ ഇന്നുവരെയും തുടരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

സഹൃദയന്റെ ഹൃദയത്തിലേക്ക് കടന്നു ചെല്ലുന്നതാകണം നല്ല കവിതകളെന്ന് ചടങ്ങിൽ പങ്കെടുത്ത കവി ചവറ കെ.എസ് പിള്ള അഭിപ്രായപ്പെട്ടു. കൊല്ലം ചിന്നക്കട വൈഎംസിഎ ഹാളിൽ നടന്ന ചടങ്ങിൽ പ്രഭാത് ബുക്ക് ഹൗസ് ജനറൽ മാനേജർ എസ്.ഹനീഫാ റാവുത്തർ അധ്യക്ഷത വഹിച്ചു. ആത്മബന്ധുക്കൾ എന്ന പുസ്തകം ഫാ.ഡോ.തോമസ് കുഴിനാപ്പുറത്ത് വേറ്റിനാട് ശശിക്ക് നൽകിയും യാത്രികൻ എന്ന പുസ്തകം ചവറ കെ.എസ് പിള്ള ഡോ.വെള്ളിമൺ നെൽസണും നൽകി പ്രകാശനം ചെയ്തു.

ഡോ.വെള്ളിമൺ നെൽസൺ, വേറ്റിനാട് ശശി, കൊല്ലം പ്രസ് ക്ലബ് സെക്രട്ടറി ജി.ബിജു, ഹെൻറി ജോൺ കല്ലട, കാഥികൻ കല്ലട വി.വി ജോസ്, സതീഷ് വർഗീസ്, വെള്ളിമൺ രവി, കെ.ആർ ജയകുമാർ എന്നിവർ പ്രസംഗിച്ചു.

**ശ്രീ. ഹെൻറി ജോൺ കല്ലടയുടെ കവിതാസമാഹാരത്തിന്റെ പ്രകാശന സമ്മേളനവാർത്ത ദീപിക പത്രം പ്രസിദ്ധീകരിച്ചപ്പോൾ**

മഴയെ ചിലപ്പോൾ നാം അനുഗ്രഹമഴ എന്ന് വിശേഷിപ്പിക്കാറുണ്ട്. 2019 ൽ ഫാ. തോമസിന്റെ ജീവിതത്തിലും ഈ അനുഗ്രഹമഴ പെയ്തു. ഈ മഴ നനഞ്ഞ് തന്റെ ഇരുചക്ര വാഹനത്തിൽ അദ്ദേഹം പല തവണ പട്ടം അരമനയുടെ പടികൾ ചവിട്ടിക്കയറിയിട്ടുണ്ട്. ഈ കാഴ്ച യാത്ര



www.malankaralibrary.com

യ്ക്കൊരുങ്ങി നിൽക്കുന്ന പ. ബസ്സേലിയോസ് ക്ലീമിസ് ബാവയുടെ കണ്ണുകളിലും പല പ്രാവശ്യം പെട്ടിരുന്നു. അങ്ങനെയൊരു ദിവസം ബാവാ തിരുമേനി ഫാ. തോമസിനെ വിളിച്ചു പറഞ്ഞു. "നമ്മുടെ അരമനയിലുള്ള 'മഹീന്ദ്ര ക്സൈലോ' വാഹനം അച്ചനുപയോഗിക്കാനായെടുക്കാം. അച്ചനാലാവുന്ന പണം പ്രൊക്കുറേറ്ററച്ചനെ ഏൽപ്പിച്ചാൽ മതി." ഇത് മഴ കൊണ്ടുവന്ന ഒരു സൗഭാഗ്യമായും തന്റെ പൗരോഹിത്യ ജൂബിലിക്ക് ലഭിച്ച ഏറ്റവും വലിയ സമ്മാനമായും കരുതി ഫാ. തോമസ് ദൈവത്തിന് നന്ദി പറഞ്ഞു. ബാവാതിരുമേനി വൈദികരുടെ ജീവിതത്തെ അറിഞ്ഞ് അവരെ സ്നേഹിക്കുന്ന ഒരാളായിരുന്നു. ഫാ. തോമസിന്റെ ജീവിതത്തിൽ ഇത് പലയാവർത്തി സംഭവിച്ചിട്ടുണ്ട്. പ. ബാവാ തിരുമേനിയിലൂടെ വിശാല മനുഷ്യ സമൂഹത്തിന് ലഭിക്കുന്ന നന്മകൾക്ക് മുന്നിൽ ഫാ.തോമസ് കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ നമ്രശിരസ്കനാവുകയായിരുന്നു അപ്പോൾ. കാരണം കോരിച്ചൊരിയുന്ന മഴയിൽ യാത്ര ഏറെ ക്ലേശകരമായിരുന്നു. ദിവസവും ദീപികയുടെയും അരമന കോടതിയുടെയും ആവശ്യങ്ങൾക്കായി 50ൽ പരം കിലോമീറ്ററുകൾ അദ്ദേഹത്തിന് യാത്ര ചെയ്യുവാനുണ്ടായിരുന്നു. ദീപികയുടെ ഔദ്യോഗിക വാഹനവും ഡ്രൈവറും ലഭ്യമായിരുന്നെങ്കിലും അത് തന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഫാ.തോമസ് ഉപയോഗിക്കാറില്ലായിരുന്നു. തന്മൂലം പ്രതികൂല കാലാവസ്ഥകളിൽ പ. ബാവാ തിരുമേനി അനുവദിച്ച ഈ ആനുകൂല്യം ഒരു വലിയ അനുഗ്രഹമായി. എങ്കിലും അനുകൂലമായ കാലാവസ്ഥയുള്ള ദിവസങ്ങളിൽ ഇപ്പോഴും ഫാ. തോമസിന്റെ സഞ്ചാരം റോയൽ എൻഫീൽഡ് ബുള്ളറ്റിൽ തന്നെ.



**ഒ.സി.എൽ.എസ്.ഐ. യുടെ സിൽവർ ജൂബിലി ആഘോഷവേളയിൽ സൊസൈറ്റി അംഗങ്ങൾ**



www.malankaralibrary.com

ഓറിയന്റൽ കാനൻ ലോ സൊസൈറ്റി ഓഫ് ഇന്ത്യയുടെ (OCLSI) എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം എന്ന നിലയിൽ ഫാ. തോമസിന്റെ സംഘാടന പാടവം തെളിയിച്ച ഒരവസരമായിരുന്നു 2018 ജൂലൈ 16–18 തീയതികളിൽ തിരുവനന്തപുരം ശ്രീകാര്യം മരിയറാണി കൺവെൻഷൻ സെന്ററിൽ നടന്ന വാർഷിക സമ്മേളനം. മൂന്നു ദിവസം നീണ്ടു നിന്ന ഈ വാർഷിക സമ്മേളനം മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായാണ് ഉദ്ഘാടനം ചെയ്തത്. കൊല്ലം മെത്രാൻ റൈറ്റ് റവ. ഡോ. പോൾ ആന്റണി മുല്ലശ്ശേരി വിശിഷ്ടാതിഥി യായി പങ്കെടുത്ത കോൺഫറൻസിൽ ഭാരതത്തിലെ പൗരസ്ത്യ കാനൻ നിയമപണ്ഡിതന്മാരെല്ലാവരും പങ്കെടുത്തിരുന്നു. വാർഷിക കോൺഫെ റൻസിനോടനുബന്ധിച്ച് ദീപിക ദിനപത്രം പ്രത്യേക പതിപ്പ് പ്രസിദ്ധീ കരിക്കുകയും ചെയ്തു.

ഫാ. തോമസിന്റെ അജപാലന ജീവിതത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് അനിഷേധ്യമായ സ്ഥാനമാണുണ്ടായിരുന്നത്. നോമ്പും ഉപവാസവും അനുഷ്ഠാന പ്രധാനമായി നടത്തുന്നതിൽ വലിയ അർത്ഥമില്ല എന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. വലിയ നോമ്പിലും ഇരുപത്തഞ്ച് നോമ്പിലും വർജ്ജനയും ഉപവാസവും നിഷ്കർഷിക്കുക



**തോന്നയ്ക്കൽ ആശാൻ സ്മാരകത്തിൽ കുട്ടികൾക്ക്
വിദ്യാരംഭം കുറിച്ചപ്പോൾ**

മാത്രമല്ല അതിൽ നിന്നും നീക്കി വയ്ക്കുന്ന സമ്പാദ്യം മുഴുവനും ദൈവ ജനത്തെയും കൂട്ടിക്കൊണ്ടു വന്ന് പിരപ്പൻകോട് കുഷ്ഠരോഗാശുപത്രി യിലും അവിടെ ആശാഭവനിലെ കുഞ്ഞുങ്ങളുടെ പരിപോഷണത്തിനും നാലാഞ്ചിറ സ്നേഹ വീട്ടിലെ മാനസിക രോഗികളുടെ സംരക്ഷണത്തി



www.malankaralibrary.com

നുമായി നൽകുക എല്ലാ വർഷത്തെയും നോമ്പുകാല പതിവായിരുന്നു. ഇരിക്കുന്ന ഇടവകകളിലെല്ലാം ഇതിനായി ഒരു ചാരിറ്റി ഫണ്ട് രൂപീകരിച്ചിരുന്നു. അതുപോലെ തന്നെ വിദ്യാഭ്യാസ വർഷത്തിന്റെ ആരംഭത്തിൽ നാട്ടിലുള്ള വിദ്യാർത്ഥികൾക്കു മുഴുവൻ ജാതിമതഭേദമെന്യേ വിദ്യാഭ്യാസ കാണിക്കയും ഈ ജീവകാരുണ്യ നിധിയിൽ നിന്നും നൽകിയിരുന്നു. ഈ ചടങ്ങുകളിൽ തിരുവനന്തപുരം എം.പി. ശ്രീ.ശശി തരൂർ,



**കാഞ്ഞിരംപാറ സെന്റ് ആന്റണീസ് ഇടവകയിലെ കമ്മിറ്റി അംഗങ്ങളോടൊപ്പം പിരപ്പൻകോട് ആശാഭവനിലെ കുഞ്ഞുങ്ങളെ സന്ദർശിച്ചപ്പോൾ**

തിരുവനന്തപുരം കോർപ്പറേഷന്റെ ഡെപ്യൂട്ടി മേയർ ശ്രീ.ഹാപ്പികുമാർ തുടങ്ങിയവർ വിശിഷ്ടാതിഥികളായെത്തിയിരുന്നു.

അനന്തപുരിയിൽ ഫാ. തോമസിനുണ്ടായിരുന്ന മറ്റൊരു സൗഹൃദമായിരുന്നു പത്തനംതിട്ട മാക്കാംകുന്ന് സ്വദേശിയെങ്കിലും ഇപ്പോൾ തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ താമസമാക്കിയിട്ടുള്ള ശ്രീ. കോളോത്തുമണ്ണിൽ ചാക്കോച്ചനുമായിട്ടുണ്ടായിരുന്നത്. അമേരിക്കൻ പൗരത്വമുള്ള ശ്രീ.ചാക്കോച്ചനും സഹധർമ്മിണി ശ്രീമതി സാറാമ്മയും തികഞ്ഞ അല്മായ പ്രേഷിതരായി സഭയുടെ പ്രവർത്തനങ്ങളിൽ സദാ വ്യാപൃതരാണ്. ചില സായാന്തനങ്ങളിൽ ഇവരുടെ ഭവനം സന്ദർശിക്കുന്നതിനും



**കോളോത്തുമണ്ണിൽ ശ്രീ ചാക്കോയും പത്നി ശ്രീമതി. സാറാമ്മയും**



www.malankaralibrary.com

ഫാ. തോമസ് സമയം കണ്ടെത്തിയിരുന്നു. ഇടവകകളിലെ പല ജീവ കാരുണ്യ പദ്ധതികൾക്കും ഈ ദമ്പതികളുടെ ഭാഗത്തു നിന്നും ഫാ. തോമസിന് പിന്തുണ ലഭിച്ചിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസം, ഭവന നിർമ്മാണ പദ്ധതി തുടങ്ങിയവയിലൊക്കെ ഗുണഭോക്താക്കൾക്ക് ഇവ രിൽ നിന്നും നേരിട്ട് സഹായം ലഭ്യമാക്കുന്നതിന് അവസരമൊരുക്കിയി ട്ടുണ്ട്. സാധുക്കളായ മനുഷ്യരോട് തികഞ്ഞ അനുകമ്പയോടെ പെരു മാറുകയും അവരിലൊരാളായി ജീവിക്കുന്നതിന് അഭിലഷിക്കുകയും ചെയ്യുന്ന ഈ ദമ്പതികളുടെ ജീവിത ലാളിത്യവും പ്രേഷിത തീക്ഷ്ണ തയും ക്രൈസ്തവ കുടുംബങ്ങൾ മാതൃകയാക്കേണ്ടതു തന്നെ എന്ന താണ് ഫാ. തോമസിന്റെ പക്ഷം.



**ജീവിത നിപുണതാ വിദ്യാഭ്യാസത്തെക്കുറിച്ച് ദൂരദർശൻ സംപ്രേഷണം ചെയ്ത പാനൽ ഡിസ്കഷനിൽ ഫാ. തോമസ് പങ്കെടുത്തപ്പോൾ ഡോ. കൃഷ്ണൻ, ഡോ. അരുൺ ബി. നായർ എന്നിവർ സമീപം**

പത്ര പ്രവർത്തനത്തോടൊപ്പം ദൃശ്യ ശ്രവ്യമാധ്യമങ്ങളിലും ഫാ. തോമസ് തന്റെ സാന്നിധ്യമറിയിച്ചിരുന്നു. ദൂരദർശനിലെ 'ആരോഗ്യ കേരളം', കൈരളി പീപ്പിൾ ടീവിയിലെ 'വട്ടമേശ', ആകാശവാണി തിരു വനന്തപുരം നിലയം പ്രക്ഷേപണം ചെയ്യുന്ന 'വിദ്യാഭ്യാസപരിപാടി' എന്നിവയിൽ പ്രഭാഷണങ്ങളും ചർച്ചകളുമായി നിരവധി തവണ അദ്ദേഹം പങ്കെടുത്തിരുന്നു.

ഫാ. തോമസിന്റെ സർഗ്ഗാത്മക ജീവിതത്തിലെ മറ്റൊരു പ്രധാന ഏടാ യിരുന്നു 'മാതാപിതാക്കളും മക്കളും അറിയാൻ' എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം. 2019 ജൂലൈ 9 ന് തിരുവനന്തപുരം പ്രസ് ക്ലബിലെ എക്സിക്യൂട്ടീവ് ഹാളിലായിരുന്നു ഈ ചടങ്ങ്. മോറാൻ മോർ ബസ്സേ ലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ ആദ്യ പ്രതി ശ്രീ. വി.എം. സുധീരന് നൽകിക്കൊണ്ടാണ് പ്രകാശന കർമ്മം നിർവ്വഹിച്ച ത്. പുസ്തകം പരിചയപ്പെടുത്തിയത് പ്രശസ്ത ക്രിമിനോളജിസ്റ്റ് അഡ്വ. ജയിംസ് വടക്കുംചേരിയായിരുന്നു. ഡോ. എം.വി. തോമസ്, ഡോ. കെ.വൈ. ബെനഡിക്ട്, ഡോ. ആൻസി ജയരാജ് തുടങ്ങിയവർ പ്രസംഗം വഴി ഈ ചടങ്ങിനെ ധന്യമാക്കി. കേരളത്തിലെ പ്രമുഖ പത്ര ദൃശ്യ മാധ്യമങ്ങൾ ഈ പരിപാടി റിപ്പോർട്ട് ചെയ്യാനെത്തിയിരുന്നു.



www.malankaralibrary.com




**'മാതാപിതാക്കളും മക്കളും അറിയാൻ' എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പ് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ ശ്രീ.വി.എം. സുധീരന് നൽകി പ്രകാശനം ചെയ്തപ്പോൾ**

ഫാ. തോമസിന്റെ മറ്റൊരു പ്രേഷിത മേഖലയായിരുന്നു സഭാതലത്തിലുള്ള നീതിന്യായ നിർവ്വഹണം. തിരുവനന്തപുരം മേജർ അതിരൂപതയുടെ ജുഡീഷ്യൽ വികാർ എന്ന നിലയിൽ നൂറുകണക്കിന് കുടുംബങ്ങൾക്ക് പ്രേഷിതശുശ്രൂഷ നൽകുന്നതിന് ഇതിലൂടെ സാധിച്ചിട്ടുണ്ട്. വ്യക്തികളുടെ നന്മ തിരിച്ചറിയുന്നതിനും അവരെ ശരിയായ ദിശാബോധം നൽകി മുന്നോട്ടു നയിക്കുന്നതിനും കുടുംബബന്ധങ്ങളെ ഭദ്രമാക്കുന്നതിനും ഇതിലൂടെ സാധിച്ചു.



**സാൽവിഫിക് ലോ എന്ന ഗ്രന്ഥം പ. ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്.ന് നൽകി പ്രകാശനം ചെയ്യുന്നു.**



www.malankaralibrary.com

## അദ്ധ്യായം -16

# രജതജൂബിലി ആഘോഷം

**ഇ**പ്പോൾ പൗരോഹിത്യ രജതജൂബിലിയുടെ നിറവിലാണ് ഫാ. തോമസ് വിപുലമായ പരിപാടികളോടെയാണ് മാതൃഇടവകയായ പത്തനംതിട്ട, ചീക്കനാൽ സെന്റ് പിറ്റേഴ്സ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിന് രജതജൂബിലി ആഘോഷിച്ചത്. രജതജൂബിലി സ്മാരകമായി പണികഴിപ്പിച്ച 'ലൂർദ്ദ് മാതാ ഗ്രോട്ടോ' മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ 2020 ജനുവരി 29 ഉച്ചതിരിഞ്ഞ് 3 മണിക്ക് കൂദാശ ചെയ്തു. തുടർന്ന് പ. കാതോലിക്കാ ബാവയെയും, മെത്രാപോലീത്താമാരായ സാമുവേൽമാർ ഐറേനിയോസ്, തോമസ് മാർ യൗസേബിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നിവരെയും ജൂബിലേറിയനെയും ഇടവക ദേവാലയത്തിലേക്ക് സ്വീകരിച്ചാനയിച്ചു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് വി. കുർബ്ബാനയ്ക്ക് മുമ്പായി ആമുഖസന്ദേശം നൽകി. സമൂഹിക പ്രതിബദ്ധതയുള്ളതാവണം പൗരോഹിത്യമെന്നും, ബഹു. തോമസ് കുഴിനാപ്പുറത്തച്ചന്റെ പരോഹിത്യജീവിതത്തിൽ ഈ സാമൂഹികദർശനമാണ് നമുക്ക് കണ്ടെത്താൻ കഴിയുകയെന്ന് കാതോലിക്കാ ബാവാ ഊന്നിപ്പറഞ്ഞു. തുടർന്ന് ജൂബിലേറിയൻ ആഘോഷമായ വി. കുർബ്ബാന



**പൗരോഹിത്യ രജതജൂബിലി സ്മരാകമായി ചീക്കനാലിൽ പണികഴിപ്പിച്ച ലൂർദ്ദ്മാതാ ഗ്രോട്ടോയ്ക്ക് സമീപം**



www.malankaralibrary.com

അർപ്പിച്ചു. വി. കുർബ്ബാന മദ്ധ്യേ അഭിവന്ദ്യ യൂഹാനോൻ മാർക്രിസോസ്റ്റം മെത്രാപ്പൊലീത്ത വചനസന്ദേശം നൽകി. വി. കുർബ്ബാനയ്ക്ക് ശേഷം നടന്ന പൊതുസമ്മേളനം പത്തനംതിട്ട മെത്രാപൊലീത്ത അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപൊലീത്ത ഉദ്ഘാടനം ചെയ്തു. ആറൻമുള എം.എൽ.എ. ശ്രീമതി. വീണാ ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. ഔന്നത്യങ്ങളിൽ ആയിരിക്കുമ്പോഴും എളിയവരുടെ തലങ്ങളിലേക്ക് ഇറങ്ങി വന്ന് പ്രവർത്തിക്കുവാൻ ബഹു. തോമസച്ചന് സാധിക്കുന്നു എന്ന് അവർ പ്രസ്താവിച്ചു. രാഷ്ട്രദീപിക ലിമിറ്റഡ് കമ്പനിയുട മാനേജിംഗ് ഡയറക്ടർ വെരി റവ. ഫാ. മത്യു ചന്ദ്രൻകുന്നേൽ ഈ ഗ്രന്ഥമുൾപ്പെടെ രണ്ടു പുസ്തകങ്ങളുടെ പ്രകാശനകർമ്മം നിർവ്വഹിച്ചു സംസാരിച്ചു. ബഹു. ജസ്റ്റിൻ തുണ്ടുമണ്ണിൽ ഓ.ഐ.സി. അച്ചൻ ഫാ. ജോൺ കുഴിനാപ്പുറത്ത് ഓ.ഐ.സി.യുടെ ജീവചരിത്രഗ്രന്ഥം 'പ്രേഷിത ദീപം' ത്തിന്റെ ഇംഗ്ലീഷ് പരിഭാഷയായ 'The Mission Lamp' ന്റെ പ്രഥമ പ്രതി സ്വീകരിച്ചു. 'അനുഗ്രഹത്തിന്റെ അക്ഷരവർഷ'ങ്ങളുടെ ആദ്യ പ്രതി സ്വീകരിച്ച് ബഥനീമിശിഹാനുകരണ സന്യാസിനീ സമൂഹത്തിന്റെ പത്തനംതിട്ട പ്രവിശ്യയുടെ മദർ സുപ്പീരിയർ ബഹു.സി. ഹൃദ്യ എസ്.ഐ.സി. ആയിരുന്നു. തികച്ചും അപ്രതീക്ഷിതമായ ഒരു സമ്മാനവുമായിട്ടായിരുന്നു മദർ ഹൃദ്യ എത്തിയിരുന്നത്. ഇറ്റലിയിൽ ബഹു. തോമസ് കുഴിനാപ്പുറത്ത് അച്ചൻ ശുശ്രൂഷ ചെയ്തിരുന്ന മൊന്തേക്യോ എമിലിയ ഇടവകയുടെ വികാരിയായിരുന്ന ഡോൺ വാസ്കോ റൊസ്സേലിയുടേതായി



**രജതജൂബിലി ആഘോഷവേളയിൽ പ. കാതോലിക്കാബാവായോടും അഭിവന്ദ്യ പിതാക്കാന്മാരോടുമൊപ്പം**



www.malankaralibrary.com

രുന്നു ആ സമ്മാനം. അവിടെ ജോലി ചെയ്യുന്ന സിസ്റ്റേഴ്സിന്റെ വശം കൊടുത്തുവിട്ടതായിരുന്നു അത്. ഡോൺ വാസ്കോ അരനൂറ്റാണ്ട് മുമ്പ് വൈദികനായപ്പോൾ അദ്ദേഹത്തിന്റെ വത്സല മാതാവ് അദ്ദേഹത്തിന്റെ കഴുത്തിലണിയിച്ച സ്വർണ്ണമാലയായിരുന്നു അത്. അത് സ്വീകരിച്ചപ്പോൾ ഫാ. തോമസിന്റെ മനസ്സിലൂടെ താൻ പിതൃതുല്യനായി കരുതുന്ന ഡോൺ വാസ്കോ റൊസ്സേലിയുടെ ദീപ്തമായ അനേകം ചിത്രങ്ങൾ കടന്നുപോയി. ഇപ്പോൾ സ്വർഗ്ഗത്തിലായിരിക്കുന്ന അദ്ദേഹത്തിന്റെ വത്സലമാതാവിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുവാൻ മാത്രമേ ഫാ. തോമസിനു സാധിക്കുമായിരിക്കുന്നുള്ളൂ.




**ലൂർദ്ദ് മാതാ ഗ്രോട്ടോയുടെ ആശീർവാദകർമ്മം**

തുടർന്ന് പകലോമറ്റം മഹാകുടുംബയോഗത്തിന്റെ തിരുവനന്തപുരം ചാപ്റ്റർ ഖജാൻജി ശ്രീ. മോഹൻ വർഗ്ഗീസ് പ്രസംഗിക്കുകയും പ്രസിഡന്റ് ശ്രീ. റ്റി. ഓ. ജേക്കബ് ഐ.പി.എസ്. ഉപഹാരം സമർപ്പിക്കുകയും ചെയ്തു. കുഴിനാപ്പുറത്ത് കുടുംബയോഗത്തിനുവേണ്ടി, ഖജാൻജി ശ്രീ. വീ.ജി. തോമസ് ഉപഹാരം സമർപ്പിച്ച് സംസാരിച്ചു. ചീക്കനാൽ പ്രദേശത്തെ വിവിധ ക്രൈസ്തവ സമൂഹങ്ങളിലെ വൈദികരുടെ പ്രതിനിധിയായി ബഹു. എബി സ്റ്റീഫനച്ചൻ പ്രസംഗിച്ച് ഉപഹാരം സമർപ്പിച്ചു. ശ്രീ. സേവ്യർ കോശി കുഴിനാപ്പുറത്ത് മാതൃഇടവകയുടേതായ ആശംസകളറിയിക്കുകയും ഉപഹാരം സമർപ്പിക്കുകയും ചെയ്തു. ഫാ. തോമസിന്റെ പിതൃകുടുംബമായ കുഴിനാപ്പുറത്ത് കുടുംബാംഗങ്ങളും മാതൃകുടുംബമായ വലിയവീട്ടിൽ കുടുംബാംഗങ്ങളും ചേർന്ന് രൂപം നൽകിയ "റവ. ഡോ. തോമസ് കുഴിനാപ്പുറത്ത് പൗരോഹിത്യ രജതജൂ



www.malankaralibrary.com

ബിലി എഡ്യൂക്കേഷണൽ എൻഡോവ്മെന്റ്” ലേക്ക് ഒരുലക്ഷം രൂപയുടെ സ്ഥിരനിക്ഷേപ രസീത് കുഴിനാപ്പുറത്ത് കുടുംബയോഗത്തിന്റെ സെക്രട്ടറി ശ്രീ.കെ.എസ്. ഷിബു കുഴിനാപ്പുറത്ത് ഫാ. തോമസിന് കൈമാറി. ഈ ഫണ്ടിൽ നിന്നും ഓരോ വർഷവും പലിശയിനത്തിൽ ലഭിക്കുന്ന തുക ചീക്കനാൽ പ്രദേശത്തുനിന്നും പത്ത്, പ്ലസ് ടു ക്ലാസ്സുകളിൽ ഉന്നതവിജയം കൈവരിക്കുന്ന ആറ് വിദ്യാർത്ഥികൾക്കായിരിക്കും ലഭിക്കുക. 2020 ജൂൺ 28-ന് ഈ എൻഡോവ്മെന്റിൽ നിന്നും 22000/- രൂപ ചീക്കനാൽ വാർഡിലെ വിദ്യാർത്ഥികൾക്കായി വിതരണം ചെയ്തു.



**തിരുവനന്തപുരം ദീപികയിൽ ഫാ. തോമസിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷിച്ചപ്പോൾ**

ഏവരെയും നന്ദി നിറഞ്ഞ ഹൃദയത്തോട് ഓർത്തുകൊണ്ടാണ് ഫാ. തോമസ് തന്റെ മറുപടി പ്രസംഗം നിർവ്വഹിച്ചത്. സ്നേഹവിരുന്നോടുകൂടി ചടങ്ങുകൾ സമാപിച്ചു. ഈ ആഘോഷപരിപാടികൾക്കും ഗ്രോട്ടോ നിർമ്മാണത്തിനും ചുക്കാൻ പിടിച്ചത് ഇടവകവികാരി ബഹു. വർഗ്ഗീസ് തയ്യിൽ അച്ചനായിരുന്നു. അങ്ങനെ അനുഗ്രഹീതമായ ഒരു പ്രേഷിത ജീവിതത്തിന്റെ അർദ്ധപൂർണ്ണമായ ഒരു സാക്ഷ്യപ്പെടുത്തലായി രജത ജൂബിലി ആഘോഷം പരിണമിച്ചു.



www.malankaralibrary.com

# ഉപസംഹാരം

ഒരു പൗരോഹിത്യ ജീവിതത്തെ ദൈവം കൈ പിടിച്ചു നടത്തുന്ന പരിപാലനയുടെ നേർ കാഴ്ച ചിത്രീകരിക്കുന്നതിനുള്ള എളിയ പരിശ്രമമായിരുന്നു ഇവിടെ. ഈ ദൈവപരിപാലന ഫാ. തോമസിന്റെ ജീവിതത്തിൽ ദൃശ്യമാവുന്നത് വ്യത്യസ്തരായ വ്യക്തികളിലൂടെയും അനുഭവങ്ങളിലൂടെയുമാണ്. അവയിൽ നല്ലതും ക്ലേശകരമായതും ഉണ്ടായിരുന്നു. പക്ഷെ എല്ലാറ്റിനെയും ഭാവാത്മകമായി (പോസിറ്റീവ്) എടുക്കുവാനും അവയിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് മുന്നേറുന്നതിനുമുള്ള ഒരു വലിയ കൃപ ദൈവം അദ്ദേഹത്തിനു നൽകിയിട്ടുണ്ട്. ഈ കൃപയുടെ നിഴലിൽ സഞ്ചരിച്ചുകൊണ്ട് എല്ലാ വിഭാഗീയതകൾക്കുമതീതമായി മാനവകുലത്തെ മുഴുവൻ ആശ്ലേഷിക്കുവാൻ വെമ്പുന്ന ഒരു മനസ്സുമായി നിൽക്കുന്ന വലിയ പ്രേഷിതനെയാണിവിടെ കാണുക. സ്വന്തമായുള്ളതൊക്കെ അത് ജീവിതമോ, സമ്പത്തോ എന്തുമായിക്കൊള്ളട്ടെ. അവ മാനവകുലത്തിന്റെ നന്മയ്ക്കായി, ആത്മാക്കളുടെ രക്ഷയ്ക്കായി സമർപ്പിക്കുവാൻ അദ്ദേഹം സന്നദ്ധനാണ്. വെല്ലുവിളികളെ സുധീരം ഏറ്റെടുത്തുകൊണ്ട് പരിമിതികൾ അംഗീകരിച്ചുകൊണ്ട് മുന്നേറുന്നതിനുള്ള ചങ്കൂറ്റം ഉണ്ട്. അത് ജന്മസിദ്ധമാണ്. കൈ പിടിച്ചു നടത്തുന്ന ദൈവത്തിന്റെ കൈകളിൽ സ്വയം സമർപ്പിക്കുന്നതിനുള്ള ആർജ്ജവത്വം കൈമുതലായുണ്ടുതാനും. ഫാ. തോമസിന്റെ പള്ളി മുറിയുടെ വാതിൽ പടിയിൽ തൂക്കിയിട്ടിരിക്കുന്ന ഫലകത്തിൽ കുറിച്ചിട്ടുള്ള വാചകം ഈ ജീവിത സാഹിത്യ സഞ്ചാരത്തിന് കലാശവചനമായി കുറിക്കട്ടെ: “Be good and do good having trusted in His providence.”



www.malankaralibrary.com

ഭാഗം - 2



# യാത്രകൾ അറിവിന്റെ പുതിയ വെളിച്ചങ്ങൾ


www.malankaralibrary.com



ഗീത വിൻസെന്റ്

# യാത്രകൾ
# അറിവിന്റെ പുതിയ വെളിച്ചങ്ങൾ

**യാ**ത്രകളെ ഏറെ സ്നേഹിച്ചിരുന്ന ഒരു വ്യക്തിയാണ് ബഹു. തോമസ് കുഴിനാപ്പുറത്തച്ചൻ. അത് ഇന്ത്യയിലായാലും വിദേശങ്ങളിലായാലും അദ്ദേഹം ഏറെ ആസ്വദിച്ചിരുന്നു. ഈ യാത്രകളിൽ വാഹനങ്ങളുടെ അരികിൽ ചില്ലു ജനാലകളോട് ചേർന്നിരുന്ന് വഴിയോരക്കാഴ്ചകൾ കണ്ടിരിക്കാനാണിഷ്ടം. സുഹൃത്തുക്കളോടൊപ്പമുള്ള യാത്രകൾ പലപ്പോഴും ഫലിതങ്ങൾ പങ്കുവയ്ക്കാനുള്ള വേദികളാകാറുണ്ട്. ഇവയിൽ ഏറ്റവും രസകരമായ യാത്രകൾ പ.ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിയോടൊത്തുള്ളവയായിരുന്നു. 2019 ഒക്ടോബർ 7-ാം തീയതി തുമ്പമൺ ഓർത്തഡോക്സ് പള്ളിക്കു സമീപം ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. പുനരുദ്ധരിച്ച പകലോമറ്റം തുമ്പമൺ വടക്കേടത്ത് തറവാടിന്റെ കൂദാശയോടനുബന്ധിച്ചുള്ള യാത്രയായിരുന്നു അടുത്തകാലത്ത് നടത്തിയത്. രാവിലെ കൃത്യം 6.30 ന് പട്ടം അരമനയിൽ നിന്നും യാത്ര തിരിച്ചു. പോകുന്ന വഴി മുൻകൂട്ടി ക്രമീകരിച്ചതനുസരിച്ച് പിരപ്പൻകോട് സെന്റ് ജോൺസ്



പ. ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമിസ് കതോലിക്കാ ബാവ



www.malankaralibrary.com

ഹോസ്പിറ്റലിൽ കയറിയായിരുന്നു പ്രഭാത ഭക്ഷണം. അവിടെ ഡോക്ടറായി പ്രവർത്തിക്കുന്ന സി. ടെസ്ലിൻ എസ്.എച്ച്. തന്നെ വന്ന് പ്രഭാത ഭക്ഷണം വിളമ്പി നൽകി. വീണ്ടും യാത്ര തുടർന്നു. സഭാപരമായ വിഷയങ്ങളും പൊതു വിഷയങ്ങളും ചർച്ച ചെയ്തായിരുന്നു യാത്ര. തുമ്പമണ്ണിൽ എത്തിയപ്പോൾ തുമ്പമൺ ഓർത്തഡോക്സ് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനി, ബാവാ തിരുമേനിയെ സ്വീകരിച്ച് തുമ്പമൺ വലിയ പള്ളിയിലേക്ക് നയിച്ചു. രണ്ടു പേരും ചേർന്ന് മദ്ബഹയിൽ കടന്ന് കുക്കിലിയോൻ പ്രാർത്ഥന ചൊല്ലി ധൂപം അർപ്പിച്ചു. തുടർന്നായിരുന്നു തറവാട് വീടിന്റെ കൂദാശ. ഏതാണ്ട് നൂറിൽപരം വർഷങ്ങൾ പഴക്കമുള്ള തറവാട് അതിന്റെ എല്ലാ വാസ്തു ശില്പ ചാതുരിയോടും കൂടി പുനരുദ്ധരിച്ചിരിക്കുന്നു. വടക്കേടത്ത് കുടുംബയോഗ സമ്മേളനത്തിലും പ. കാതോലിക്കാ ബാവാ തിരുമേനി മുഖ്യ പ്രഭാഷണം നടത്തിയതിനുശേഷമാണ് തിരിച്ചെത്തിയത്.

തിരികെയുള്ള യാത്രയിൽ പ. ബസ്സേലിയോസ് ക്ലീമിസ് ബാവായുടെ പ്രസിദ്ധമായ നർമ്മബോധം ബഹു. തോമസ് കുഴിനാപ്പുറത്തച്ചന്റെ മനസ്സിലൂടെ കടന്നു പോയി. 2001 ആഗസ്റ്റ് 15ന് അദ്ദേഹം അമേരിക്കയുടെ അപ്പസ്തോലിക് വിസിറ്ററും തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാനുമായി നിയമിതനായി. മെത്രാഭിഷേകത്തിനു ശേഷം താൻ വികാരി ജനറലായിരുന്ന ബത്തേരി ഭദ്രാസനത്തിലേക്ക് അഭിവന്ദ്യ പിതാവ് ഒരു യാത്ര നടത്തി. ട്രെയിനിലായിരുന്നു കോഴിക്കോട് വരെയുള്ള യാത്ര. കോഴിക്കോട് ട്രെയിനിറങ്ങിയപ്പോൾ അദ്ദേഹത്തെ ബത്തേരി അരമനയിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നതിനായി ഒരു യുവ വൈദികൻ കാറ് സ്വയം ഡ്രൈവ് ചെയ്ത് എത്തിയിരുന്നു. വയനാട് ചുരം കയറിയുള്ള യാത്ര മണിക്കൂറുകളെടുത്തു. പോരെങ്കിൽ ആ യുവ വൈദികൻ ഡ്രൈവിംഗ് വശമാക്കി വരുന്നതേ ഉണ്ടായിരുന്നുള്ളൂ. തന്മൂലം റോഡിലുള്ള ഒട്ടുമിക്ക ഗട്ടറുകളിലും കുഴികളിലും കയറിയിറങ്ങിയായിരുന്നു ആ യാത്ര. പിതാവ് അച്ചനോടൊപ്പം മുൻ സീറ്റിലായിരുന്നു. കുറെ ദൂരം കുഴികളിലൂടെയുള്ള യാത്ര പിന്നിട്ടപ്പോൾ പിതാവ് അച്ചന്റെ തോളിൽ തട്ടി പറഞ്ഞു. “അച്ചാ വണ്ടിയൊന്നു നിർത്തണേ. അൽപ്പം പുറകോട്ട് എടുക്കണം. ദേ അവിടെ ഒരു കുഴി അച്ചൻ വിട്ടുപോയി.” അൽപ്പം വിഷണ്ണനായെങ്കിലും അച്ചനും ചിരിയടക്കാനായില്ല.




www.malankaralibrary.com

അദ്ധ്യായം -1

# ഫ്രാൻസിലേക്കുള്ള തീർത്ഥാടനം

ഡമഷീനോ കോളേജ് ജീവിതത്തിലെ (1998-2001) എന്നും ഓർമ്മിക്കത്തക്ക ഒരു അനുഭവമായിരുന്നു ഫ്രാൻസിലേക്ക് നടത്തിയ തീർത്ഥാടനയാത്ര. ഡമഷീനോ കോളേജിൽ അന്നു താമസിച്ചിരുന്ന 40ൽപരം വിദ്യാർത്ഥിവൈദികരും റെക്ടർ റവ. ഫാ. പാട്രിക് മൂത്തേരിൽ ഓ.സി.ഡി. യുമൊരുമിച്ചായിരുന്നു യാത്ര. ആധുനിക യാത്രാസൗകര്യങ്ങളോടുകൂടിയ ബസ്സിലാണ് സംഘം യാത്ര തിരിച്ചത്. റോമിൽ നിന്നും 16 മണിക്കൂർ യാത്രയായിരുന്നു ഒന്നാംഘട്ടം. അതവസാനിച്ചത് ലൂർദ്ദിലായിരുന്നു. 1858 ൽ പ. ദൈവമാതാവ് ബർണ്ണദീത്ത എന്ന കർഷക ബാലികയ്ക്ക് ഫെബ്രുവരി 11 നും ജൂലൈ 16-നുമിടയിൽ 7 പ്രാവശ്യം പ്രത്യ



ലൂർദ്ദിലെ റോസ്സറി ബസ്സലിക്ക


ക്ഷപ്പെട്ട സ്ഥലത്താണ് ഇന്ന് കാണുന്ന സുപ്രസിദ്ധ തീർത്ഥാടനകേന്ദ്രം സ്ഥിതി ചെയ്യുന്നത്. അഞ്ച് ദശലക്ഷത്തിലധികം തീർത്ഥാടകർ ഓരോ വർഷവും ഇവിടം സന്ദർശിക്കുന്നതായി കണക്കാക്കപ്പെടുന്നു. വൈദികരെല്ലാവരും ലഭിച്ച താമസസൗകര്യം ഉപയോഗിച്ച് വിശ്രമിച്ചതിനുശേഷം തീർത്ഥാടനദേവാലയത്തിൽ വിശുദ്ധകുർബ്ബാന അർപ്പിച്ചു. അന്നു വൈകുന്നേരം ഭക്തിനിർഭരമായ മെഴുകുതിരി പ്രദക്ഷിണത്തിൽ പങ്കുചേർന്നു.



www.malankaralibrary.com

ആയിരങ്ങൾ പങ്കെടുത്ത ഈ ഭക്താനുഷ്ഠാനം ഏറെ നയനമനോഹരമായ ഒരു കാഴ്ച കൂടിയായിരുന്നു.

വൈദികരുടെ തീർത്ഥാടകസംഘം അടുത്തതായി നീങ്ങിയത് ഫ്രാൻസിലെ ആർസിലേക്കായിരുന്നു. ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. മരിയ വിയാനിയുടെ കബറിടം സ്ഥിതി ചെയ്യുന്ന പുണ്യഭൂമിയായിരുന്നു ഇത്. 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു വിശുദ്ധവൈദികനായിരുന്നു മരിയ വിയാനി. നീണ്ട മണിക്കൂറുകൾ കുമ്പസാരം കേൾക്കാനിരുന്ന് ക്രൈസ്തവ അജപാലനജീവിതത്തിന് ഒരു പുതിയ



**വി. ജോൺ മരിയ വിയാനിയുടെ കബറിടം**

ചരിത്രം എഴുതി ചേർത്ത വ്യക്തിയായിരുന്നു ഈ വിശുദ്ധൻ. 1859 ആഗസ്റ്റ് 4-ാം തീയതി ദൈവസന്നിധിയിലേക്ക് കടന്നുപോയ ഈ വൈദികനെ 1925 ൽ പ. പയസ് II മാർപ്പാപ്പ വിശുദ്ധനായി പ്രഖ്യാപിച്ചു. വി. മരിയ വിയാനി അനേകരുടെ കുമ്പസാരം കേട്ട കുമ്പസാരക്കൂട് കാണുന്നതിനും അദ്ദേഹം ജീവിച്ച പള്ളിമുറിയിൽ കടന്നു പ്രാർത്ഥിക്കുന്നതിനും ഡമഷീനോയിലെ വൈദിക സംഘത്തിന് അവസരം ലഭിച്ചു.

സംഘത്തിന്റെ തുടർന്നുള്ള യാത്ര ലിസ്യൂവിലേക്കായിരുന്നു. വി. കൊച്ചു ത്രേസ്യ (Little Flower) ജീവിച്ചിരുന്ന പുണ്യഭൂമിയായിരുന്നു അത്. കേവലം 24 വർഷങ്ങൾ മാത്രം ഈ ലോകത്തിൽ ജീവിച്ച്, മിണ്ടാമഠത്തിന്റെ ആവൃതിവിട്ടി പുറത്തിറങ്ങാതെ, ലോകപ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥയായി തീർന്ന വിശുദ്ധയായിരുന്നു കൊച്ചുത്രേസ്യ. ബഹു. തോമസ് കുഴിനാപ്പുറത്തച്ചൻ ഏറെ ഭക്തിയോടെ വണങ്ങിയിരുന്ന വിശുദ്ധയായിരുന്നു കൊച്ചു ത്രേസ്യ. ഇത് ഡമഷീനോ കോളേജിന്റെ റെക്ടർ ബഹു. പാട്രിക് മൂത്തേരിലച്ചന് നന്നായി അറിയാമായിരുന്നു. അതിനാൽ ലിസ്യൂവിലെ ബസ്സിലിക്കയിൽ വൈദികസംഘം



www.malankaralibrary.com



**വി. കൊച്ചുത്രേസ്യായുടെ അവസാന ചിത്രം.
സഹോദരി സെലിൻ പകർത്തിയത്**

അർപ്പിച്ച വി. സമൂഹബലിയിൽ മുഖ്യകാർമ്മികനായി അദ്ദേഹം നിർദ്ദേശിച്ചത് ബഹു. കുഴിനാപ്പുറച്ചനെയായിരുന്നു. മലങ്കര സുറിയാനി ആരാധനാക്രമമനുസരിച്ചുള്ള വി. കുർബ്ബാനയാണ് അവിടെ അർപ്പിക്കപ്പെട്ടത്. ഏറ്റം ഭക്തിസാന്ദ്രമായ ഒരു ദിവ്യബലിയർപ്പണമായിരുന്നു അത്. ആഘോഷമായി ദിവ്യബലി അവിടെയെത്തിയ മറ്റ് തീർത്ഥാടകർക്ക് ഒരു പുതിയ അനുഭവമായിരുന്നു. വി. കുർബ്ബാന കഴിഞ്ഞ് ബസ്സിൽ കയറി റോമിക്ക് തിരിച്ചപ്പോൾ കുഴിനാപ്പുറത്തച്ചൻ ലിസ്സ്യൂവിൽ നിന്നും വാങ്ങിയ വി. ത്രേസ്യയുടെ സ്വയംകൃത ജീവിതചരിത്രഗ്രന്ഥത്തിൽ (ഇംഗ്ലീഷ് തർജ്ജമ) മുഴുവൻ വൈദികരുടെയും ഒപ്പിട്ട് വാങ്ങി. അങ്ങനെ ആ വിശുദ്ധതീർത്ഥാടനത്തിന്റെ ഓർമ്മയായി കൊച്ചുത്രേസ്യയുടെ ജീവിതചരിത്രഗ്രന്ഥം കുഴിനാപ്പുറത്തച്ചന്റെ ഗ്രന്ഥശേഖരത്തിൽ സൂക്ഷിക്കപ്പെടുന്നുണ്ട്.



www.malankaralibrary.com

### അദ്ധ്യായം -2

# അമേരിക്കൻ യാത്രകൾ

യൂറോപ്പിലെ യാത്രകളെ കൂടാതെ മൂന്ന് പ്രധാന വിദേശയാത്രകളാണ് ബഹു. തോമസ് കുഴിനാപ്പുറത്തച്ചൻ നടത്തിയിട്ടുള്ളത്. ഒന്നാമത്തേത് അമേരിക്കൻ ഐക്യനാടുകളിലേക്ക് നടത്തിയവയായിരുന്നു. 2000 ജൂൺ 30 ന് അമേരിക്കയിലെ ന്യൂയോർക്ക് ജോൺ എഫ്.കെന്നഡി വിമാനത്താവളത്തിലാണ് എത്തി ചേർന്നത്. സ്വീകരിക്കുവാനായി ബന്ധുവായ ഈട്ടിക്കാലായിൽ ജോണിക്കുട്ടി, ലത തുടങ്ങിയവരുണ്ടായിരുന്നു. ന്യൂയോർക്കിൽ എൽമോണ്ട് എന്ന സ്ഥലത്തുള്ള സെന്റ് വിൻസെന്റ് ഡി. പോൾ ഇടവകയിലായിരുന്നു ബഹു. അച്ചന് താമസിച്ച് ശുശ്രൂഷ ചെയ്യേണ്ടിയിരുന്നത്. അവിടെ റവ. ഫാ. സജി. എം. ജോർജിനോടൊപ്പമായിരുന്നു (ഫാ. ഗീവർഗ്ഗീസ് മൂക്കൂട്ടുമണ്ണിൽ) താമസം. ഭാഗ്യവശാൽ ഇന്ന് ഈ ഇടവകയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ ആസ്ഥാനമാണ്. സാമാന്യം വലുപ്പമുള്ള ഒരു പള്ളിയായിരുന്നു അത്. പള്ളിയോട് ചേർന്നു തന്നെയായിരുന്നു വൈദി




എൽമോണ്ടിലെ സിറോ മലങ്കര
കാതലിക് കത്തീഡ്രൽ

കർക്ക് താമസിക്കാനുള്ള റെക്ടറി. ദിവസവും എൽമോണ്ട് ദേവാലയത്തിൽ ഇംഗ്ലീഷിൽ വി. കുർബാന അർപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുക ഇതായിരുന്നു ബഹു. അച്ചന് പ്രധാനമായും നിർവ്വഹിക്കുവാനുണ്ടായിരുന്ന ചുമതല. ഈ ഇടവക പള്ളിയിൽ നിന്നും കഷ്ടിച്ച് ഒരു കി. മീ. ദൂരമേയുണ്ടായിരുന്നുള്ളൂ ഇട്ടിക്കലായിൽ ജോണിക്കുട്ടിയുടെയും ലതയുടെയും വീട്ടിലേക്ക്. അവർക്ക് രണ്ട് ആൺകുട്ടികളായിരുന്നു ഉണ്ടായിരുന്നത്. ഒഴിവു സമയങ്ങളിൽ ഇവരുടെ വീട് സന്ദർശിക്കുന്നതിനും



www.malankaralibrary.com

കുട്ടികളോടൊത്ത് സമയം ചെലവഴിക്കുന്നതിനും കുഴിനാപ്പുറത്തച്ചൻ സമയം കണ്ടെത്തിയിരുന്നു. ഇതോടൊപ്പം ലോംഗ് ഐലന്റ്, ക്യൂൻസ് തുടങ്ങിയ സ്ഥലങ്ങളിലെ മലങ്കര കത്തോലിക്കാ സമൂഹങ്ങളിൽ അജപാലന ശുശ്രൂഷകളിൽ സഹായിക്കുകയും ചെയ്തിരുന്നു.

അമേരിക്കയിൽ സിയാറ്റിലിലുള്ള പിതൃസഹോദരപുത്രി ശ്രീമതി കുസുമം ടൈറ്റസിന്റെ കുടുംബം സന്ദർശിക്കുവാനുള്ള അവസരം കുഴിനാപ്പുറത്തച്ചന് കൈവന്നു. ഒരേ രാജ്യത്ത് തന്നെയാണെങ്കിലും ന്യൂയോർക്കും സിയാറ്റിലും തമ്മിൽ മൂന്നു മണിക്കൂറിന്റെ സമയവ്യത്യാസമുണ്ടായിരുന്നു. ഇതറിയാതെ രാവിലെ 8 മണിക്ക് ന്യൂയോർക്കിൽ നിന്നും സിയാറ്റിലിലേക്ക് ബഹു. അച്ചൻ ഫോൺ ചെയ്തപ്പോൾ അവിടെയാരും ഉറക്കം എണീറ്റിട്ടുണ്ടായിരുന്നില്ല. കാരണം അവിടെയപ്പോൾ പുലർച്ചെ 5 മണിയാകുന്നതേ ഉണ്ടായിരുന്നുള്ളൂ. അമേരിക്കയിലെ താമസത്തിനിടയിൽ നാലുദിവസം തന്റെ സഹോദരീഭവനം സന്ദർശിക്കുവാനായി മാറ്റിവച്ചു. ന്യൂയോർക്കിൽ നിന്നും ആറുമണിക്കൂറായിരുന്നു സിയാറ്റിലിലേക്കുള്ള യാത്രാ സമയം. സിയാറ്റിൽ-റ്റക്കോമാ ഇന്റർനാഷണൽ എയർപ്പോർട്ടിലെത്തിയപ്പോൾ സ്വീകരിക്കുവാനായി ശ്രീമതി കുസുമത്തിന്റെ സഹോദരൻ പോൾ ജോൺ (റോഷൻ) കാത്തുനിൽപ്പുണ്ടായിരുന്നു. അപ്പോഴേക്കും സന്ധ്യയാകാറായിരുന്നു. പോൾ ജോണിന്റെ ഭവനത്തിലായിരുന്നു അന്നുറങ്ങിയത്. രാത്രിയിൽ വിഭവസമൃദ്ധമായ ഭക്ഷണമാണ് പോളും ഭാര്യ റോസിലിനും ചേർന്നൊരുക്കിയത്. അപ്പോഴേക്കും കുസുമവും ഭർത്താവ് ജോൺ ടൈറ്റസും അവിടേക്ക് എത്തുകയുണ്ടായി. എല്ലാവരോടുമൊപ്പം സന്ധ്യാ പ്രാർത്ഥന നടത്തിയിട്ട് ഭക്ഷണത്തിനിരുന്നു. ഇവരുടെ മാതാപിതാക്കളായ കെ.കെ.ജോണും (തങ്കച്ചായൻ) പൊന്നമ്മ ജോണും അപ്പോൾ മക്കളോടൊപ്പമുണ്ടായിരുന്നു. സുന്ദരമായ ഒരു കുടുംബ സംഗമത്തിനു വേദിയായി മാറി ആ സായംസന്ധ്യ.



**കെ.കെ. ജോൺ, പൊന്നമ്മ ജോൺ എന്നിവർ മക്കളായ കുസുമം ടൈറ്റസ്, ടോംസ് ജോൺ, പോൾ ജോൺ**



www.malankaralibrary.com



സിയാറ്റിലിലെ ഫിഷ് ലാഡറിൽ നിന്നും

അടുത്ത ദിവസം സിയാറ്റിലിലെ വിനോദ ദൃശ്യങ്ങൾ കാണുന്നതിനായി പപ്പയെന്നു വിളിക്കുന്ന കെ.കെ. ജോണും സുഹൃത്തുക്കളും ചേർന്ന് ഫാ. തോമസിനെ കൊണ്ടു പോയി. പ്രധാന ദൃശ്യങ്ങളിലൊന്ന് സാൽമൺ ബേയിൽ സ്ഥിതിചെയ്യുന്ന ബല്ലാർഡ് ലോക്സ് ആയിരുന്നു. ഉപ്പുജലവും ശുദ്ധജലവും തമ്മിൽ കലരാതിരിക്കുന്നതിനുവേണ്ടി നിർമ്മിച്ച ഒരു സംവിധാനമാണിത്. കൃത്രിമമായി നിർമ്മിച്ച ഗ്ലാസ് തുരങ്കങ്ങളിലൂടെ സന്ദർശകർക്ക് നടന്നു നീങ്ങാം. ഈ ഗ്ലാസ്സ് തുരങ്കത്തിനു ചുറ്റും ജലവും കൂറ്റൻ സാൽമൺ മത്സ്യങ്ങളും. 1976ൽ പുതുക്കിപ്പണിത ഈ തുരങ്ക സമുച്ചയത്തിനു വെളിയിൽ ജലം ഒഴുകുന്നത് 21 പടികളിലൂടെയാണ്. ഈ പടികളോരോന്നും ചാടിക്കടക്കുന്ന സാൽമൺ മത്സ്യങ്ങളെ ജലത്തിനുള്ളിൽ നിന്നുകൊണ്ട് കാണാൻ സാധിക്കുക എന്നത് ഒരു അപൂർവ്വ സുന്ദരമായ അനുഭവമാണ്. ബഹു. അച്ചനും സംഘവും ഈ കാഴ്ച ശരിക്കും ആസ്വദിച്ചു.

അന്നുതന്നെ സിയാറ്റിലിലുള്ള ലോക പ്രശസ്ത വിമാന നിർമ്മാണ കമ്പനിയായ ബോയിംഗിന്റെ എയർക്രാഫ്റ്റ് ഡിസൈനിംഗ് ആന്റ് മാനുഫാക്ചറിംഗ് യൂണിറ്റ് സന്ദർശിക്കുന്നതിനുള്ള അവസരം ബഹു. അച്ചന് കൈവന്നു. അദ്ദേഹത്തിന്റെ സഹോദരീ ഭർത്താവ് ശ്രീ. ജോൺ ടൈറ്റസ്, പ്രശസ്തമായ എയർക്രാഫ്റ്റ് മെയിന്റനൻസ് കമ്പനിയായ എയ്റോ കൺട്രോൾസിന്റെ സി. ഈ. ഓ. ആണ് എന്ന പരിഗണനയിലാണ് ഈ പ്രവേശനം സാധ്യമായത്. ഉള്ളിൽകടന്ന ബഹു. അച്ചന്റെ കണ്ണുകൾ അത്ഭുതം കൊണ്ടു തിളങ്ങി. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി



സിയാറ്റിലിലെ ബോയിംഗ് കമ്പനിയിൽ നിന്നുള്ള ദൃശ്യം



www.malankaralibrary.com

രുന്ന ആകാശയാനങ്ങൾ അവിടെ നിരന്നുകിടക്കുന്നുണ്ടായിരുന്നു. അവയുടെ വിവിധ നിർമ്മാണ ഘട്ടങ്ങളെക്കുറിച്ച് വിശദീകരിച്ചു തരുവാൻ കമ്പനി പ്രത്യേകം നിയോഗിച്ച ഉദ്യോഗസ്ഥരുണ്ടായിരുന്നു. 1916ൽ പസഫിക് എയ്റോ പ്രോഡക്റ്റ്സ് എന്ന പേരിൽ അമേരിക്കയിലെ സിയാറ്റിലിൽ ആരംഭിച്ച കമ്പനിയുടെ സ്ഥാപകൻ ശ്രീ.വില്യം ഈ. ബോയിംഗ് ആയിരുന്നു. ഇന്ന് ബോയിംഗ് കമ്പനി എന്ന പേരിലറിയപ്പെടുന്ന ഈ ലോക പ്രസിദ്ധ സ്ഥാപനത്തിന്റെ ഹെഡ്ക്വാർട്ടേഴ്സ് അമേരിക്കയിലെ ചിക്കാഗോയിലാണ്. യാത്രാവിമാനങ്ങൾ, സൈനിക വിമാനങ്ങൾ, സാറ്റലൈറ്റുകൾ, ബഹിരാകാശ വാഹനങ്ങൾ മുതലായവയുടെ നിർമ്മാണത്തിൽ ഈ കമ്പനി ലോകത്തിൽ തന്നെ ഒന്നാം സ്ഥാനത്താണ്. ബോയിംഗ് കമ്പനിയിൽ നിന്നും പുറത്തുകടക്കുമ്പോൾ ആകാശയാനങ്ങളെക്കുറിച്ചും യാത്രകളെ കുറിച്ചും ഏറെ പുത്തനറിവുകൾ കൊണ്ട് ബഹു. അച്ചന്റെ മനസ്സു നിറഞ്ഞിരുന്നു.

അന്നു വൈകുന്നേരം മലങ്കര സുറിയാനി കത്തോലിക്കാ ആരാധാന ക്രമനുസരിച്ചുള്ള വി. കുർബ്ബാനയ്ക്ക് സിയാറ്റിലിലെ മർത്തോമ്മാപ്പള്ളിയിൽ ബഹു. അച്ചൻ കാർമികത്വം വഹിച്ചു. സിയാറ്റിലിലെ മലയാളി ക്രൈസ്തവ കൂട്ടായ്മയുടെ ഒത്തു ചേരലിന് അവസരമായി ഈ വി. കുർബ്ബാന. വി.കുർബ്ബാന മധ്യേ നടത്തിയ വചന പ്രഘോഷണത്തിൽ ക്രൈസ്തവ ഐക്യത്തിന്റെയും അതിലൂടെ കൈവരിക്കാവുന്ന നന്മയുടെയും പ്രാധാന്യത്തെക്കുറിച്ച് ബഹു. അച്ചൻ ഉദ്ബോധിപ്പിച്ചു. വി. കുർബ്ബാനക്ക് ശേഷം എല്ലാവർക്കും വിഭവസമൃദ്ധമായ ഡിന്നറും ബഹു. അച്ചന്റെ സഹോദരിയുടെ കുടുംബം ക്രമീകരിച്ചിരുന്നു.

അടുത്ത ദിവസം തിരികെ ന്യൂയോർക്കിലേക്ക് പറക്കണം. അന്ന് അന്തിയുറങ്ങിയത് ശ്രീ. ജോൺ ടൈറ്റസിന്റെയും കുസുമം ടൈറ്റ




**ജോൺ ടൈറ്റസും കുസുമം ടൈറ്റസും
മക്കളോടും ചെറുമകനോടുമൊപ്പം**



www.malankaralibrary.com

സിന്റെയും കൊട്ടാര സദൃശ്യമായ ഭവനത്തിലായിരുന്നു. ഈ ദമ്പതികളും ഇവരുടെ മക്കളായ ജോബി, ജൂലി, ജീന എന്നിവരുമടങ്ങുന്നതായിരുന്നു ഈ കുടുംബം. അടുത്ത ദിവസം ശ്രീമതി. കുസുമം ടൈറ്റസിന്റെ മറ്റൊരു സഹോദരൻ ടോംസ് ജോണി (അപ്പു) ന്റെ ഭവനം സന്ദർശിച്ചു. ടോംസ് ജോണിന്റെ ഭാര്യ ശാന്തി, മക്കളായ തുഷാര, ഷാലിൻ എന്നിവരുടെ ഒരു സന്തുഷ്ട കുടുംബമായിരുന്നു ഇത്. ആത്മീയകാര്യങ്ങളിൽ ഏറെ തല്പരനായ ടോംസ് ജോൺ പല ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും കേരളത്തിൽ പിന്തുണ നൽകി വരുന്നു. തിരുവനന്തപുരത്ത് വേറ്റിനാട് സെന്റ് ജൂഡ് ഇടവകയിൽ വർഷംതോറും ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പുകൾ, മൂന്നാംമൂട് സെന്റ് ജോസഫ്സ് ഓർഫനേജിനുള്ള സാമ്പത്തിക സഹായം തുടങ്ങിയവയാണ് ഈ ജീവകാരുണ്യപ്രവർത്തനങ്ങളിൽ ചിലത്. ഈ ദമ്പതികളുടെ വിവാഹ രജതജൂബിലിയോടനുബന്ധിച്ച് സാധുപെൺകുട്ടികളുടെ വിവാഹത്തിന് സഹായിക്കുന്നതിനായി ഒരു ജീവകാരുണ്യനിധിക്കും രൂപം നൽകിയിട്ടുണ്ട്.



**ടോംസ് ജോണും ശാന്തി ജോണും**
**മക്കളായ തുഷാര, ഷാലിൻ എന്നിവർക്കൊപ്പം**

ടോംസ് ജോൺ ബഹു. അച്ചനെ ഇവരുടെ സ്വന്തം കമ്പനിയായ എയ്റോ കൺട്രോൾസിലേക്ക് കൂട്ടി കൊണ്ടുപോയി. 1984 ൽ ശ്രീ.ജോൺ ടൈറ്റസിനാൽ സ്ഥാപിതമായ ഒരു എയ്റോ സ്പേസ് എഞ്ചിനിയറിംഗ് കമ്പനിയാണ് എയറോ കൺട്രോൾസ് എന്ന ഐ.എസ്.ഒ. സർട്ടിഫിക്കറ്റോടു കൂടിയ ഈ സ്ഥാപനം. വിമാനങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതു കൂടാതെ വിമാനങ്ങളുടെ ഓവറോളിംഗ്, സ്പെയർ പാർട്സുകളുടെ വിതരണം, തുടങ്ങിയവും ഏറെ കൃത്യതയോടെ ഈ സ്ഥാപനം ഏറ്റെടുത്ത് നിർവ്വഹിച്ചു വരുന്നു. ഇന്ന് ഇരുനൂറ്റി അൻപതിലധികം പേർക്ക് തൊഴിൽ നൽകുന്ന ഒരു ബൃഹദ് വ്യവസായ സംരംഭമായി ഇത് വളർന്നിരിക്കുന്നു. ഈ സ്ഥാപനത്തിന്റെ



www.malankaralibrary.com




**എയ്റോ കൺട്രോൾസ് സി.ഇ.ഒ. ജോൺ ടൈറ്റസ് സഹപ്രവർത്തകർക്കൊപ്പം**

വാർഷിക വിറ്റുവരവ് ഏതാണ്ട് 35 ദശലക്ഷത്തിലധികം ഡോളറാണ്. ബ്രിട്ടീഷ് എയർവേയ്സ്, ലുഫ്താൻസാ, അമേരിക്കൻ എയർലൈൻസ് തുടങ്ങിയ ലോകത്തിലെ ഒട്ടുമിക്ക കമ്പനികളും എയ്റോ കൺട്രോൾസിന്റെ ഉപഭോക്താക്കളാണ്. ഇതോടൊപ്പം ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ഭവന നിർമ്മാണം, ഭക്ഷണ വിതരണം, രക്തദാനം തുടങ്ങിയ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏറെ സജീവമാണ് ഈ കമ്പനി. ശ്രീ. ജോൺ ടൈറ്റസ് തന്നെ വന്ന് കമ്പനിയുടെ വിവിധ ഭാഗങ്ങളും റിപ്പയറിംഗ് സാങ്കേതിക വിദ്യയും മറ്റും ബഹു. അച്ചനെ പരിചയപ്പെടുത്തി. വിമാനത്തിന്റെ 'ബ്ലാക്ക് ബോക്സും' മറ്റും ഏറെ കൗതുകത്തോടെയാണ് ബഹു. അച്ചൻ നോക്കിക്കണ്ടത്. ഏറെ സന്തോഷപ്രദമായ നാലുദിവസങ്ങൾക്കുശേഷം സിയാറ്റിലിനോട് വിട പറഞ്ഞ് കുഴിനാപ്പുറത്തച്ചൻ ന്യൂയോർക്കിലേക്ക് വീണ്ടും പറന്നു.

ഒന്നാം അമേരിക്കൻ സന്ദർശനത്തിൽ എടുത്തു പറയയത്തക്ക ഒന്നായിരുന്നു. നയാഗ്ര വെള്ളച്ചാട്ടം കാണുന്നതിനു വേണ്ടിയുള്ള യാത്ര. മൈലപ്ര സ്വദേശിയായ ബേബിച്ചായ (തോമസ് മാർ യൗസേബിയോസ് തിരുമേനിയുടെ പിതൃസഹോദരൻ)ന്റെ നേതൃത്വത്തിലായിരുന്നു എൽമോണ്ടിൽ നിന്നുള്ള യാത്ര. ഫാ. സജി. എം. ജോർജ്, സി. റഹ്മാസ്, സി. എസ്തേർ, സി. ജോസഫാ തുടങ്ങിയവരൊക്കെ യാത്രാ സംഘത്തിലുണ്ടായിരുന്നു. കരമാർഗ്ഗമുള്ള യാത്രയിൽ വാഹനത്തിന്റെ നിയന്ത്രണം നിർവ്വഹിച്ചത് ഫാ. സജി എം.ജോർജും സി. ജോസഫയുമായിരുന്നു. നയാഗ്ര വെള്ളച്ചാട്ടം ന്യൂയോർക്ക് സ്റ്റേറ്റിൽ ബഫല്ലോ നഗരത്തിൽ നിന്നും 27. കി. മീ. അകലെ കാനഡായിലെ ഒൺടാറിയോ നഗരാതിർത്തിയോട് ചേർന്നു കിടക്കുന്നു. മൂന്നു വെള്ളച്ചാട്ടങ്ങൾ ചേർന്ന മനോഹരമായ ദൃശ്യമാണ് നയാഗ്ര വെള്ളച്ചാട്ടം. ഇവയിൽ ഏറ്റവും വലുത് 'ഹോഴ്സ് ഷൂ ഫോൾസ്' അഥവാ 'കനേഡിയൻ ഫോൾസ്' ആണ്. ഇത് അമേരിക്കയുടെയും കാനഡയുടെയും അന്തർദേശീയ അതിർത്തിയിൽ തന്നെയാണ് സ്ഥിതി ചെയ്യുന്നത്. മറ്റ് രണ്ട് വെള്ളച്ചാട്ടങ്ങളായ 'അമേരിക്കൻ



www.malankaralibrary.com



**നയാഗ്രാ വെള്ളച്ചാട്ടം**

ഫോൾസും' 'ബ്രൈഡൽ വെയിൽ ഫോൾസും' മുഴുവനായും അമേരിക്കയിൽ തന്നെ സ്ഥിതി ചെയ്യുന്നു. പ്രധാന വെള്ളച്ചാട്ടമായ 'ഹോഴ്സ് ഷൂ ഫോൾസി'ൽ നിന്നും 'ഗോട്ട് ഐലന്റ്'' 'ബ്രൈഡൽ വെയിൽ ഫോൾസി'നെയും 'ലൂണാ ഐലന്റ്'' 'അമേരിക്കൻ ഫോൾസി'നെയും വേർതിരിക്കുന്നു. വെള്ളച്ചാട്ടങ്ങളുടെ മൊത്ത ഉയരം 167 അടി (51 മീ.) ആണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഈ വെള്ളച്ചാട്ടങ്ങൾ അവയുടെ ഉച്ച സ്ഥായിയിലെത്തുമ്പോൾ ഓരോ മിനിട്ടിലും 168000 ക്യുബിക്ക് മീറ്റർ (ആറ് ദശലക്ഷം ക്യുബിക് അടി) ജലം താഴേക്ക് നിപതിക്കുന്നുണ്ട്. പ്രകൃതിയുടെ ഈ അത്ഭുത പ്രതിഭാസം അതിന്റെ സൗന്ദര്യം കൊണ്ടും ജലോർജ്ജ നിർമ്മാണ സ്രോതസ്സ് എന്ന നിലയിലും ഇരു രാജ്യങ്ങൾക്കും ഒരു മുതൽ കൂട്ടായി നിലകൊള്ളുന്നു. 2009 ലെ കണക്കനുസരിച്ച് 28 ദശലക്ഷം സന്ദർശകർ ഓരോ വർഷവും ഇവിടെ എത്തുന്നുണ്ട്.

നയാഗ്ര വെള്ളച്ചാട്ട സന്ദർശനത്തിൽ ബഹു. അച്ചനും സംഘത്തിനും ഏറെ ആസ്വാദ്യകരമായത് 'മെയിഡ് ഓഫ് ദി മിസ്റ്റ്' എന്ന പേരിലറിയപ്പെടുന്ന ബോട്ട് യാത്രയായിരുന്നു. വെള്ളച്ചാട്ടങ്ങളുടെ ഉള്ളിലൂടെയുള്ള ആ ബോട്ട് യാത്ര ഏറെ അവിസ്മരണീയമായിരുന്നു. അമേരിക്കൻ തീരത്ത് തന്നെ അവസാനിച്ച ഈ യാത്ര അവിശ്വസനീയമായ ഒരു വിനോദ സഞ്ചാര അനുഭവമാണ് ബഹു. അച്ചനും സംഘത്തിനും പകർന്ന് കൊടുത്തത്. അന്നു രാത്രി ബഫല്ലോയിൽ ഒരു ഹോട്ടലിൽ തങ്ങിയ ശേഷം അടുത്ത ദിവസം അവർ ന്യൂയോർക്കിൽ തിരികെയെത്തി.

2000 ലെ അമേരിക്കൻ സന്ദർശനത്തിൽ കുഴിനാപ്പുറത്തച്ചന് മറ്റൊരു ഭാഗ്യം കൂടി സിദ്ധിച്ചു. ഫാലാഡെൽഫിയയിൽ വച്ച് നടന്ന അമേരിക്കൻ മലങ്കര കാതലിക്ക് കൺവെൻഷനിൽ പങ്കെടുക്കുവാൻ സാധിച്ചു എന്നതായിരുന്നു അത്. അമേരിക്കയിൽ നിന്നും കാനഡായിൽ നിന്നുമായി ഏതാണ്ട് 700 ഓളം വിശ്വാസികൾ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ഒരുമിച്ചു ചേർന്നു.



www.malankaralibrary.com

മൂന്നു ദിവസങ്ങളിലായി നടന്ന കൺവെൻഷനിൽ സമൂഹബലിക്ക് സഹകാർമികത്വം വഹിച്ചു. വിദൂരങ്ങളിൽ കഴിയുന്ന മലങ്കരമക്കൾക്ക് മാതൃസംസ്ക്കാരത്തോടും സഭയോടുമുള്ള തീക്ഷ്ണത നിറഞ്ഞ താല്പര്യം അടുത്തറിയാൻ കിട്ടിയ ഒരു അവസരമായിരുന്നു അത്. ഇന്ത്യയിൽ നിന്നു കൊണ്ടു പോയിട്ടുള്ള വാദ്യോപകരണങ്ങളായ ചെണ്ട, പഞ്ചവാദ്യം തുടങ്ങിയവ കൊണ്ടുള്ള പ്രകടനങ്ങൾ എടുത്തു പറയത്തക്കതായിരുന്നു. നമ്മുടെ നാട്ടിലെ പോലെ ദശക്കണക്കിന് മുത്തുക്കുടകളുമേന്തിയായിരുന്നു ദൈവജനം അഭിവന്ദ്യ പിതാക്കന്മാരെ വേദിയിലേക്കാനയിച്ചത്. വിവിധ സെഷനുകളിലായി നടന്ന പ്രഭാഷണങ്ങളും ചർച്ചകളും അമേരിക്കൻ ഐക്യനാടുകളിലെയും കാനഡായിലെയും സഭയുടെ വളർച്ചയേയും സ്വീകരിക്കേണ്ട പുതിയ ചുവടുവയ്പ്പുകളെയും കുറിച്ച് വിലയിരുത്തി. ഏറെ അർത്ഥപൂർണ്ണമായ ഒരു അനുഭവമായിരുന്നു ബഹു. അച്ചനെ സംബന്ധിച്ചിടത്തോളം ഈ കൺവെൻഷൻ.

തുടർന്ന് ന്യൂയോർക്കിലെത്തിയ കുഴിനാപ്പുറത്തച്ചന് മറ്റൊരു അസുലഭ അവസരം കൂടി കൈവന്നു. ഐക്യരാഷ്ട്ര സഭ (UNO)യുടെ ന്യൂയോർക്കിലേക്കുള്ള ആസ്ഥാനം സന്ദർശിക്കുവാനുള്ളതായിരുന്നു അത്. ബഹു. അച്ചന്റെ പിതൃസഹോദര പുത്രൻ ശ്രീ. സേവ്യർ കെ. ഈപ്പൻ യു.എന്നിൽ സാമ്പത്തിക വിഭാഗത്തിലെ ഒരു ഉയർന്ന ഉദ്യോഗം വഹിച്ചു വരികയായിരുന്നു. ചാർട്ടേർഡ് അക്കൗണ്ടന്റായ ശ്രീ. സേവ്യറിന് തന്റെ അതിഥികളായ സന്ദർശകരെ ഐക്യരാഷ്ട്ര സഭയുടെ കെട്ടിട സമുച്ചയത്തിൽ പ്രവേശിപ്പിക്കുവാൻ സാധിക്കുമായിരുന്നു. ഐക്യരാഷ്ട്ര സഭയുടെ സമ്മേളനം നടക്കുന്ന ഹാളും ഓരോ രാജ്യങ്ങളിലെ പ്രതിനിധികളുടെ പ്രത്യേക സ്ഥാനങ്ങളും ഒക്കെ ഏറെ കൗതുകത്തോടെയാണ് ബഹു. അച്ചൻ നോക്കിക്കണ്ടത്. അന്നു രാത്രി ശ്രീ. സേവ്യറിന്റെ ഭവനത്തിലാണ് കുഴിനാപ്പുറത്തച്ചൻ വിശ്രമിച്ചത്. സേവ്യറും ഭാര്യ സുജയും മക്കളായ മറിയവും ജോയും ഒക്കെ ചേർന്ന് ആ സന്ധ്യയെ പ്രാർത്ഥനാ നിർഭരവും ഏറെ സന്തോഷദായകവുമാക്കി. അടുത്ത ദിവസം രാവിലെ ന്യൂയോർക്കിലെത്തിയ ഫാ. തോമസ് ഉച്ചയോടുകൂടി തിരികെ റോമിലേക്ക് പോകുവാൻ തയ്യാറായി. ഈട്ടിക്കാലായിൽ ജോണികുട്ടിയും ലതയുമായിരുന്നു എയർപോർട്ടിലേക്ക് കൊണ്ടുപോകാനെത്തിയത്. ജോൺ.എഫ്.കെ



യു.എൻ. ജനറൽ അസംബ്ലി ഹാൾ



www.malankaralibrary.com


ന്നഡി എയർപോർട്ടിൽ നിന്നും പറന്നുയരുമ്പോൾ കീഴെ ന്യൂയോർക്കിന്റെ ദൃശ്യ വിസ്മയം ചെറുതായി ചെറുതായി കണ്ണുകളിൽ നിന്നും മറഞ്ഞു.

കുഴിനാപ്പുറത്തച്ചന്റെ രണ്ടാം അമേരിക്കൻ യാത്ര 2002 ജൂൺ 7-ാം തീയതിയായിരുന്നു. ഇത്തവണ ഇന്ത്യയിൽ നിന്നും റോമിലെത്തി അവിടെ നിന്നും ന്യൂയോർക്കിലേക്കുള്ള യാത്രയായിരുന്നു. ന്യൂയോർക്കിൽ വിമാനമിറങ്ങിയ ബഹു. അച്ചനെ ഇമിഗ്രേഷൻ അധികൃതർ ഒരു പ്രത്യേക സ്ഥലത്തേക്ക് മാറ്റി നിർത്തി. "താങ്കളെ അമേരിക്കയിലേക്ക് ക്ഷണിക്കുന്ന ആതിഥേയരുടെ കത്തെവിടെ?" ഇതായിരുന്നു അവരുടെ ചോദ്യം. ഇത്തവണ ഫാ. തോമസിന്റെ പക്കൽ അങ്ങനെ ഒരു കത്ത് ഉണ്ടായിരുന്നില്ല. കാരണം 2005 ജൂൺ വരെ "മൾട്ടിപ്പിൾ എൻട്രി" യോടു കൂടിയ ആർ വൺ യു.എസ് വിസാ തന്റെ കൈവശമുണ്ടല്ലോ എന്ന ആത്മവിശ്വാസമാണ് ഫാ. തോമസിനുണ്ടായിരുന്നത്. എതാണ്ട് പതിനഞ്ചു മിനിട്ടോളം അവിടെയിരുന്നപ്പോൾ ഫാ. തോമസിന്റെ ബുദ്ധിയിലേക്ക് പെട്ടെന്നൊരു കൊള്ളിമീൻ കടന്നുവന്നു. യാത്രാരേഖകൾ സൂക്ഷിച്ചിരുന്ന എക്സിക്യൂട്ടീവ് ഫയലിൽ പല അറകളിലും തപ്പി 2000-ൽ, തന്നെ അമേരിക്കയിലേക്ക് ക്ഷണിച്ചുകൊണ്ട് ന്യൂയോർക്ക് അതിരൂപതയിലെ ട്രിബ്യൂണൽ ജഡ്ജിയും മലയാളിയുമായ റവ. ഡോ. ജോർജ്ജ് ഉണ്ണൂണ്ണിയുടെ കത്ത് തേടിപിടിച്ച് കണ്ടെത്തി. ഇമിഗ്രേഷൻ അധികൃതരെ അതു കാണിച്ചു. അത് കണ്ട് തൃപ്തരായ അവർ വേഗം ഇമിഗ്രേഷൻ ക്ലിയറൻസ് നൽകി. പുറത്തുവന്നപ്പോൾ റവ.ഫാ. സജി. എം.ജോർജ് കാത്തു നിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തോടൊപ്പം എൽമോണ്ടിലെ റെക്ടറിയിലേക്ക് യാത്രയായി.

അടുത്ത ദിവസം ന്യൂയോർക്ക് ഒന്ന് ചുറ്റി സഞ്ചരിച്ച് കാണുവാനുള്ള അവസരം കൈവന്നു. 2001 സെപ്റ്റംബർ 11 ന് ഭീകരാക്രമണത്തിൽ തകർക്കപ്പെട്ട, വേൾഡ് ട്രേഡ് സെന്ററിന്റെ അവശിഷ്ട ഭൂമിയിലേക്കായിരുന്നു ആദ്യ യാത്ര. 1973 ഏപ്രിൽ 4 ന് ന്യൂയോർക്കിലെ ലോവർ മൻഹാറ്റനിൽ തുറക്കപ്പെട്ട ഈ ഇരട്ട ഗോപുരങ്ങൾ ഓരോ അമേരിക്കക്കാരന്റെയും ഒരു സ്വകാര്യ അഹങ്കാരമായിരുന്നു. ഒന്നാം ഗോപുരത്തിന് 1368 അടിയും രണ്ടാം ഗോപുരത്തിന് 1362 അടിയും ഉയരമുണ്ടായിരുന്നു. ഇതിന്റെ നിർമ്മാണച്ചെലവ് ഏകദേശം 400 ദശലക്ഷം അമേരിക്കൻ ഡോളറായിരുന്നു. 2001 സെപ്റ്റംബർ 11 ന് മിനിട്ടുകളുടെ വ്യത്യാസത്തിൽ അൽക്വായ്ദാ ഭീകരർ 2 ബോയിംഗ് ജെറ്റു വിമാനങ്ങൾ റാഞ്ചി ഈ ഗോപുരങ്ങളിലേക്ക് ഇടിച്ചിറക്കുകയായിരുന്നു. 2 മണിക്കൂറിനുള്ളിൽ 2606 ആളുകളുടെ മരണത്തിനു കാരണമായി അംബരചുംബികളായ ഈ ഇരട്ടഗോപുരങ്ങൾ നിലം പൊത്തി. 2002 ൽ ബഹു. അച്ചൻ ഈ സ്ഥലം സന്ദർശിക്കുമ്പോൾ അതറിയപ്പെട്ടിരുന്നത് ശൂന്യസ്ഥലം (Ground Zero) എന്നായിരുന്നു. അവിടെ അപ്പോഴും കരളലിയിപ്പിക്കുന്ന ഏറെ കാഴ്ചകൾ കാണാനുണ്ടായിരുന്നു. തങ്ങളുടെ ബന്ധുമിത്രാദികളുടെ വേർപാ



www.malankaralibrary.com



**വേൾഡ് ട്രേഡ് സെന്റർ ആക്രമണം**

ടിൽ പിടയുന്ന ഒരുപാടു മനുഷ്യരെ കണ്ടെത്താനായി. മരിച്ചവരുടെ വസ്ത്രങ്ങളും മറ്റ് വസ്തുക്കളും ചുറ്റുമുള്ള മുള്ളുവേലികൾ നിറയെ തൂക്കിയിരുന്നു. പൂക്കളും ബൊക്കകളും കൊണ്ട് വേലിക്കെട്ടുകൾ നിറഞ്ഞിരുന്നു. 2000 ലെ സന്ദർശന വേളയിൽ ഫാ. സജി.എം.ജോർജ്ജിനൊപ്പം വേൾഡ് ട്രേഡ് സെന്ററിന്റെ ഔന്നത്യങ്ങളിലേക്ക് ലിഫ്റ്റ് വഴി ഉയർന്ന് പൊങ്ങിയ ഓർമ്മകൾ ഒരു നിമിഷം ബഹു.അച്ചന്റെ മനസ്സിലേക്ക് കടന്നുവന്നു. 'ഗ്രൗണ്ട് സീറോ' യ്ക്ക് ചുറ്റുമുള്ള വേലിയുടെ ഒരു തൂണിൽ കൈമുട്ട് ഊന്നി കൈപ്പത്തി തലയിൽ വെച്ച് മ്ലാനവദനനായി നിൽക്കുന്ന ഒരു സന്ദർശകന്റെ ചിത്രം ഇന്നും കുഴിനാപ്പുറത്തച്ചന്റെ മനസ്സിൽ നിന്നും മായാതെ നിൽക്കുന്നു.



www.malankaralibrary.com

## അദ്ധ്യായം -3

# വിശുദ്ധനാട് സന്ദർശനം

**2009** ഒക്ടോബർ 6 മുതൽ 12 വരെയായിരുന്നു കുഴിനാപ്പുറത്തച്ചന്റെ വിശുദ്ധനാട് സന്ദർശനം. തിരുവനന്തപുരത്തുള്ള സ്കൈവേയ്സ് ടൂർ കമ്പനി സംഘടിപ്പിച്ച ആ യാത്രയിൽ ബഹു. അച്ചനെ കൂടാതെ ഫാ. ഗീവർഗ്ഗീസ് നെടിയത്ത്, ഫാ. ക്രിസ്പിൻ എന്നീ വൈദികരും ഉണ്ടായിരുന്നു. ഗ്രൂപ്പിലെ ബാക്കിയുള്ള എല്ലാവരും തന്നെ തിരുവനന്തപുരം സ്വദേശികളായിരുന്നു. കൂടുതൽ പേരും പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗങ്ങൾ. എത്തിഹാദ് എയർ വേയ്സിന്റെ വിമാനത്തിൽ തിരുവനന്തപുരത്തു നിന്നു കെയ്റോയിലേക്കായിരുന്നു യാത്ര. കെയ്റോ ഇന്റർ നാഷണൽ എയർപോർട്ടിലെത്തിയപ്പോൾ സ്വീകരിക്കുവാനായി ട്രാവൽ ഏജൻസിയുടെ ഉദ്യോഗസ്ഥരും ട്രാവൽ ഗൈഡുമുണ്ടായിരുന്നു. ഇമിഗ്രേഷൻ അധികൃതർ പാസ്സ്പോർട്ടിൽ ഓൺ അറൈവൽ വീസാ പതിപ്പിച്ചു നൽകി. അപ്പോൾ ഈജിപ്ഷ്യൻ സമയം ഉച്ചതിരിഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളൂ. കെയ്റോയിൽ മലങ്കര സുറിയാനി കത്തോലിക്ക സഭാംഗങ്ങളായ ഡീ.എം.സിസ്റ്റേഴ്സ് ശുശ്രൂഷ ചെയ്യുന്നുണ്ടായിരുന്നു. അവർ വന്ന് വൈദികരെ കൂട്ടിക്കൊണ്ട് പോയി, അത്താഴ വിരുന്നു നൽകി. തിരികെ പോരുമ്പോൾ കറുത്ത മാർബിളിൽ രൂപകൽപ്പന ചെയ്ത ഈജിപ്ഷ്യൻ ശിൽപ്പവും പാരിതോഷികമായി നൽകി. അന്നു രാത്രിയിൽ കെയ്റോയിലെ പഞ്ച നക്ഷത്ര ഹോട്ടലിൽ വിശ്രമിച്ചു.

അടുത്ത ദിവസം ഈജിപ്ഷ്യൻ പിരമിഡുകളിലേക്കുള്ള യാത്രയായിരുന്നു. ലോകത്തിലെ മഹാദ്ഭുതങ്ങളിലൊന്നാണല്ലോ പിരമിഡുകൾ. 146.5 മീറ്റർ (481 അടി) ഉയരമുള്ള ഏറ്റവും വലിയ പിരമിഡ് ഏകദേശം 2560 ബി.സി.യിൽ ഈജിപ്തിലെ നാലാം രാജവംശത്തിന്റെ കാലത്ത് പണികഴിച്ചതാണെന്ന് കരുതിപ്പോരുന്നു. എ.ഡി.1311-ൽ ഇംഗ്ലണ്ടിലെ ലിങ്കൺ കത്തീഡ്രൽ പണിക്കഴിപ്പിക്കുന്നതുവരെ (ഏതാണ്ട് 3800 വർഷങ്ങളിൽ കൂടുതൽ) ലോകത്തിൽ ഏറ്റവും ഉയരം കൂടിയ മനുഷ്യനിർമ്മിതി എന്ന സ്ഥാനം ഈജിപ്ഷ്യൻ പിരമിഡുകൾക്കായിരുന്നു. ത്രികോണാകൃതിയിൽ നിർമ്മിച്ചിട്ടുള്ള ഈ ശിലാരൂപത്തിന്റെ നിർമ്മാണം ഏതാണ്ട് 20 വർഷങ്ങൾ കൊണ്ട് പൂർത്തിയാക്കിയതാണ് എന്ന് കണക്കാക്കപ്പെടുന്നു. കുഴിനാപ്പുറത്തച്ചന്റെ സംഘത്തിലുണ്ടായിരുന്നവരെല്ലാവരും പിരമിഡുകളുടെ പശ്ചാത്തലത്തിൽ ഫോട്ടോ എടുക്കുന്ന തിരക്കിലായിരുന്നു. മാനവചരിത്രത്തിൽ ഇന്നുള്ള ഏറ്റവും പുരാതന നിർമ്മിതിക്കു മുന്നിൽ അത്ഭുതം കൂറാൻ മാത്രമേ ബഹു. അച്ചനും സംഘത്തിനുമായുള്ളൂ. ഇന്നത്തെ സാങ്കേതിക വിദ്യയും നിർമ്മാണ വൈദഗ്ദ്ധ്യവും




www.malankaralibrary.com

ഒന്നുമില്ലാതിരുന്ന സഹസ്രാബ്ദങ്ങൾക്കപ്പുറം രൂപപ്പെട്ട മനുഷ്യന്റെ കര വേലയെ അത്ഭുതമെന്നല്ലാതെ മറ്റെന്താണ് പറയുക.

'പേപ്പർ' എന്ന പദമുരുത്തിരിഞ്ഞ പപ്പീറസ് ചെടിയുടെ തണ്ടുകൾ ഉണക്കി നിർമ്മിച്ച കരകൗശല വസ്തുക്കൾ ഈജിപ്ഷ്യൻ വിനോദസ ഞ്ചാര മേഖലയിലെ മറ്റൊരു ആകർഷണമായിരുന്നു. ഇവ വിൽക്കുന്ന വ്യാപര കേന്ദ്രങ്ങളിലേക്കായിരുന്നു സംഘത്തിന്റെ അടുത്ത സന്ദർശ നം. പ. ദൈവ മാതാവിന്റെ ചിത്രവും ഇതര ബൈബിൾ ദൃശ്യങ്ങളും പപ്പീറസ് ഫലകങ്ങളിൽ ചിത്രീകരിച്ചിട്ടുള്ള ചില കരകൗശല വസ്തു ക്കൾ ബഹു. അച്ചൻ വാങ്ങി. യാത്ര കഴിഞ്ഞ് തിരികെയെത്തിയപ്പോൾ യാത്രയുടെ ഓർമ്മയ്ക്കായി ഇവ തന്റെ സഹോദരങ്ങളുടെയെല്ലാം ഭവ നങ്ങളിൽ സ്ഥാപിക്കാനായി ഏൽപ്പിച്ചു.


തുടർന്ന് സംഘം മഹത്തായ സ്ഫിങ്ക്സ് (The Great Sphinx of Giza) കാണുവാനായി പോയി. നൈൽ നദിയുടെ പടിഞ്ഞാറു ഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു പുരാതന ശിലാശിൽപ്പമാണിത്. ഇതിഹാസ സൃഷ്ടിയെ സൂചിപ്പിക്കുന്ന ഈ രൂപത്തിന് സിംഹത്തിന്റെ ശരീരവും മനുഷ്യന്റെ മുഖവുമാണുള്ളത്. ഈ രൂപത്തിന് 73 മീറ്റർ (240 അടി) നീളവും 20 മീറ്റർ (66 അടി) ഉയരവും 19 മീറ്റർ (62 അടി) വീതിയുമാണു ള്ളത്. ഈജിപ്റ്റിലെ ഏറ്റവും പുരാതനമായ (ബി.സി.2558-2532) ശിൽപ മായി കണക്കാക്കപ്പെടുന്നു. മനുഷ്യൻ എക്കാലവും കലാരൂപങ്ങളുടെ നിർമ്മിതിയിൽ നിപുണനായിരുന്നു. ആ നൈപുണിക്ക് സഹസ്രാബ്ദ ങ്ങളുടെ പാരമ്പര്യമുണ്ട്. ആ ശിൽപ്പം കണ്ടിറങ്ങുമ്പോൾ ഇങ്ങനെ പോയി കുഴിനാപ്പുറത്തച്ചന്റെ ചിന്തകൾ.



**ഈജിപ്തിലെ പിരമിഡും സ്ഫിംഗ്സ് ശില്പവും**



www.malankaralibrary.com



ഈജിപ്തിലെ ഹാംഗിംഗ് ചർച്ച്

ഈജിപ്തിലെ സന്ദർശന വേളയിൽ ഓർമ്മിക്കപ്പെടുന്ന മറ്റൊരിടമായിരുന്നു കെയ്റോയിലെ തൂങ്ങപ്പെട്ട പള്ളി (Hanging Church). ഈ പള്ളി ഇപ്രകാരം അറിയപ്പെടുന്നതിനു കാരണം ഇതിന്റെ പ്രവേശന കവാടത്തിലേക്കെത്തണമെങ്കിൽ 29 പടികൾ കയറണമായിരുന്നു. വിശുദ്ധ നാട് തീർത്ഥാടകർ ഇതിനെ പള്ളികളുടെ പള്ളി എന്നു വിളിച്ചു. 7-ാം നൂറ്റാണ്ടിൽ നിർമ്മിതമായ ഈ ദേവാലയം 10-ാം നൂറ്റാണ്ടിൽ പുനരുദ്ധരിക്കപ്പെട്ടു. പ.ദൈവമാതാവിനും വി.ഗീവർഗ്ഗീസ് സഹദായ്ക്കും, വി. യോഹന്നാൻ സ്നാപകനും സമർപ്പിതമായിരിക്കുന്ന മൂന്ന് ബലിപീഠങ്ങൾ ഈ ദേവാലയത്തിന്റെ കിഴക്കു ഭാഗത്തായി സ്ഥിതിചെയ്യുന്നു. ഇന്ന് കോപ്റ്റിക് ഓർത്തൊഡോക്സ് സഭയുടെ ആസ്ഥാനമാണിത്.

ഇതോടൊപ്പം ഈജിപ്തിലേക്ക് പലായനം ചെയ്ത തിരുക്കുടുംബം വിശ്രമിച്ചു എന്നു കരുതപ്പെടുന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ദേവാലയവും ഈജിപ്ഷ്യൻ സന്ദർനത്തിലെ ഒരു പ്രധാന ആകർഷണമായിരുന്നു. വി. സേർജിയസിന്റെയും ബാക്കൂസിന്റെയും നാമധേയത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഈ ദേവാലയം കെയ്റോയിലെ ഏറ്റവും പുരാതനമായ ക്രൈസ്തവ ദേവാലയമായി കരുതപ്പെടുന്നു.

പിന്നീട് ഇവരുടെ സംഘം പോയത് സീനായ് മലയിലേക്കായിരുന്നു. ഹോറേബ് മല എന്നു കൂടി അറിയപ്പെടുന്ന ഇവിടെ വെച്ചായിരുന്നു മോശ ഇസ്രായേൽ ജനത്തിനു വേണ്ടി പത്തുകൽപ്പനകൾ സ്വീകരിച്ചത് (പുറ. 32). എരിയാത്ത മുൾപ്പടർപ്പും ഈ പ്രദേശത്തിന്റെ മറ്റൊരു ആകർഷണമായിരുന്നു. ഇന്നിവിടെ നിരവധി ചെറുകപ്പേളകൾ സ്ഥിതിചെയ്യുന്നു



www.malankaralibrary.com




**സെന്റ് കാതറിൻ മോണസ്ട്രി**

ണ്ട്. സീനായ് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഏറ്റവും പുരാതനമായ സെന്റ് കാത്റീൻ ആശ്രമം സന്ദർശിക്കുവാനും സംഘത്തിനു സാധിച്ചു. ലോക പുരാവസ്തുക്കളിലൊന്നായി യുനെസ്ക്കോ (UNESCO)അംഗീകരിച്ചിട്ടുള്ള ഈ ആശ്രമം ഏ.ഡി. 548 നും 565 നും മദ്ധ്യേ നിർമ്മിക്കപ്പെട്ടതായി കരുതപ്പെടുന്നു. ക്രൈസ്തവ സന്യാസത്തിന്റെ പ്രൗഢഗംഭീരവും പ്രാർത്ഥനാ നിർഭരവുമായ ഒരു സാക്ഷ്യമായി ഈ ആശ്രമ സന്ദർശനം കുഴിനാപ്പുറത്തച്ചന് അനുഭവപ്പെട്ടു.

ഇതിനിടെ ജോർദ്ദാൻ ഇമിഗ്രേഷൻ കടന്നു. പാസ്പോർട്ടിൽ ഓൺ അറൈവൽ വിസാ പതിപ്പിച്ചു. പിന്നീട് സംഘം പുറപ്പെട്ടത് നെബോ



**നെബോ മലയിൽ നിന്നുള്ള ദൃശ്യവും പിത്തളസർപ്പ ശില്പവും**



www.malankaralibrary.com


മല (Mount Nebo) യിലേക്കായിരുന്നു. ഈ മലയിൽ വെച്ചായിരുന്നു ദൈവം മോശയ്ക്ക് അദ്ദേഹത്തിന്റെ മരണത്തിനു മുമ്പ് വാഗ്ദത്തദേശം (The Promised Land) കാട്ടിക്കൊടുത്തത് (ദിന.34). സമുദ്ര നിരപ്പിൽ നിന്നും ഏതാണ്ട് 3300 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ ഭൂപ്രദേശം ഇന്ന് ഫ്രാൻസിസ്കൻ സന്ന്യാസ സമൂഹത്തിന് സ്വന്തമാണ്. മോശയുടെ സ്മാരകമായി സ്ഥിതിചെയ്യുന്ന ഇവിടുത്തെ ദേവാലയത്തിൽ 2000 മാർച്ച് 19 ന് ജോൺ പോൾ II മാർപാപ്പ സന്ദർശിച്ചിരുന്നു. ഇവിടെ സ്ഥിതിചെയ്യുന്ന സമാധാന കപ്പേളയോട് ചേർന്ന് അദ്ദേഹം ഒരു ഒലീവു വൃക്ഷം നടുകയും ചെയ്തു. ബഹു. അച്ചൻ ഇവിടം സന്ദർശിച്ച വർഷം തന്നെ പ. ബെനഡിക്ട് XVI മാർപാപ്പ ഇവിടം സന്ദർശിക്കുകയും ഇവിടെ നിന്ന് ജെറുസലേം നോക്കി കാണുകയും ചെയ്തിരുന്നു. ഇറ്റാലിയൻ ശില്പി ജിയോവാന്നി ഫന്തോനി രൂപ കൽപ്പന ചെയ്ത പിത്തള സർപ്പ (സംഖ്യ. 21, 4-9) വും ഇവിടുത്തെ മറ്റൊരു ആകർഷണമാണ്.

തുടർന്ന് സംഘം ഇസ്രായേലിലേക്ക് കടന്നു. ഇസ്രായേൽ ഇമിഗ്രേഷൻ സമയത്ത് ഇസ്രായേൽ വീസാ പാസ്പോർട്ടിലല്ല സ്റ്റാമ്പ് ചെയ്തത് എന്ന ഒരു പ്രത്യേകതയുണ്ടായിരുന്നു. കാരണം ഇസ്രായേൽ വിസാ സ്റ്റാമ്പ് ചെയ്ത പാസ്പോർട്ട് ഉടമകൾക്ക് പല ഗൾഫ് രാജ്യങ്ങളിലേക്കും പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. ആയതിനാൽ വീസാ രേഖപ്പെടുത്തിയ ഒരു കാർഡ് നൽകുകയാണ് ചെയ്തത്. നസ്രത്ത് ആയിരുന്നു പ്രഥമ സന്ദർശന ലക്ഷ്യം. യേശു തന്റെ ബാല്യവും കൗമാരവും യൗവ്വനവും ഒക്കെ പിന്നിട്ട സ്ഥലമായിരുന്നു ഇത് (ലൂക്ക. 1, 26; 4, 16; 4, 29) ഇവിടെ ഇന്ന് സ്ഥിതിചെയ്യുന്ന മംഗളവാർത്താ ബസിലിക്കയാണ് മുഖ്യ സന്ദർശക ആകർഷണം. മനോഹരമായ ബസിലിക്ക 1969-ൽ പണി പൂർത്തിയാക്കിയതാണ്. ഇവിടെ സ്ഥിതി ചെയ്യുന്ന മംഗളവാർത്താ ഗുഹയുടെ സ്ഥാനത്ത് വെച്ചാണ് പ. ദൈവമാതാവിന് കർത്താവിന്റെ തിരുജനനത്തെ കുറിച്ചുള്ള അറിയിപ്പ് ലഭിച്ചത് എന്ന് വിശ്വസിക്കപ്പെടുന്നു. (ലൂക്കാ 1, 26-38). കത്തോലിക്കാ സഭാ ഈ ബൈബിൾ സംഭവത്തെ ഏറ്റവും പ്രധാനപ്പെട്ട തിരുനാളായും കടമുള്ള പെരുന്നാളായും കണക്കാക്കി മാർച്ച് 25-ാം തീയതി ആഘോഷിക്കുന്നു. “ഇതാ ഞാൻ കർത്താവിന്റെ ദാസി; അവിടുത്തെ തിരുഹിതം എന്നിൽ നിറവേറട്ടെ” എന്ന മറുപടിയലൂടെ പ.കന്യക മറിയം ‘സഹരക്ഷക’ എന്ന തലത്തിലേക്കുയർന്നു എന്ന ദൈവശാസ്ത്ര ചിന്ത അപ്പോൾ ബഹു. അച്ചന്റെ മനസ്സിലൂടെ കടന്നു പോയി.

തുടർന്ന് സംഘം പോയത് യേശു തന്റെ ആദ്യത്തെ അദ്ഭുതം (യോഹ.2, 1-11) പ്രവർത്തിച്ച ഗലീലിയിലെ കാനായിലേക്കായിരുന്നു. ഇന്ന് കത്തോലിക്കാ സഭയിലെ ഫ്രാൻസിസ്കൻ സന്ന്യാസ സമൂഹത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു ‘വിവാഹ ദേവാലയ’മാണ് (Wedding Church) ഇവിടെയുള്ളത്. ഈ ദേവാലയം 1881-ൽ പണികഴിപ്പിച്ചതാണെന്ന് കരു



www.malankaralibrary.com



കാനായിലെ വിവാഹ ദേവാലയം

തപ്പെടുന്നു. ഈ ദേവാലയത്തിന്റെ രണ്ടാമത്തെ പുനരുദ്ധാരണം പൂർത്തിയായത് 1999–ലായിരുന്നു. തീർത്ഥാടക സംഘം ഈ ദേവാലയത്തിൽ വി. കുർബ്ബാന അർപ്പിച്ചു. കുഴിനാപ്പുറത്തച്ചൻ തന്നെയായിരുന്നു മുഖ്യ കാർമികത്വം വഹിച്ചത്. ഏറ്റവും ഭക്തി നിർഭരമായ ഒരു അനുഭവമായിരുന്നു ഇത്. വി. കുർബ്ബാനയ്ക്കു ശേഷം സംഘാംഗങ്ങളെല്ലാവരും 'ഷോപ്പിംഗ്' തിരക്കിലേക്ക് നീങ്ങി. കാനായിൽ കർത്താവ് വെള്ളം വീഞ്ഞാക്കിയടത്തു നിന്നും വീഞ്ഞു വാങ്ങുന്നതിന് എല്ലാവരും ഉത്സാഹം പ്രകടിപ്പിച്ചു.

അടുത്ത സന്ദർശന സ്ഥലം മഗ്ദലന ആയിരുന്നു. യേശുവിന്റെ ഉത്ഥാന സംഭവത്തിന് സാക്ഷ്യം വഹിച്ച മഗ്ദലന മറിയത്തിന്റെ (മത്താ. 28; ലൂക്കാ. 24; യോഹ.20) സ്ഥലമായിരുന്നു ഇത്. ഗലീലിയ കടലിന്റെ പടിഞ്ഞാറു ഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു പട്ടണമായിരുന്നു ഇത്. തിബേരിയാസിനും കഫർണാഹുമിനും മദ്ധ്യേയായിരുന്നു ഇതിന്റെ സ്ഥാനം. ഈ പട്ടണം ദാൽമനൂത്ത എന്ന പേരിലും ബൈബിളിൽ അറിയപ്പെടുന്നുണ്ട്. ഒന്നാം നൂറ്റാണ്ടിലെ ഒരു പ്രമുഖ തുറമുഖ പട്ടണമായിരുന്നു ഇത്. യേശുവിന്റെ കാലം തൊട്ട് നിലനിൽക്കുന്ന ഒരു സിനഗോഗിന്റെ അവശിഷ്ടങ്ങളും ഇവിടെ കണ്ടെത്താനായി.

തുടർന്ന് യാത്രാ സംഘം നീങ്ങിയത് ഗലീലി കടൽക്കരയിലേക്കായിരുന്നു. സുവിശേഷങ്ങളിൽ ഏറെ പ്രദിപാദിപ്പിക്കപ്പെട്ട ഈ ജലാശയം (മത്താ. 13, 47; 15, 32–37) വിശുദ്ധനാട് സന്ദർശനത്തിലെ മറ്റൊരു ആകർഷണമായിരുന്നു. ഈ തടാകത്തിലൂടെ ബോട്ടിംഗിനുള്ള സൗകര്യമുണ്ടായിരുന്നു. യാത്രാ സംഘത്തിനായി ഒരു ബോട്ട് അവിടെ തയ്യാറായി കിടപ്പുണ്ടായിരുന്നു. യാത്രാ സംഘം ഇന്ത്യയിൽ നിന്നായതുകൊണ്ട് ബോട്ടിൽ ഭാരതത്തിന്റെ ദേശീയ പതാക ഉയർത്തിയിരുന്നു. യാത്ര തുട



www.malankaralibrary.com



**'പത്രോസിന്റെ മത്സ്യം'**

ങ്ങിയപ്പോഴേക്കും ഭാരതത്തിന്റെ ദേശീയ ഗാനം ബോട്ടിൽ മുഴങ്ങി. എല്ലാവരും ആദരപൂർവ്വം എഴുന്നേറ്റു നിന്നു. ബോട്ടിംഗിനു ശേഷം കരയിലെത്തിയ സംഘാംഗങ്ങൾക്കായി തൊട്ടടുത്ത റെസ്റ്റോറന്റിൽ 'പത്രോസിന്റെ മത്സ്യം' തയ്യാറാക്കപ്പെട്ടിരുന്നു. 'തിലോപ്പിയ' ഇനത്തിൽപ്പെട്ട ഒരു മത്സ്യമാണിത്. അതോടൊപ്പം പച്ചക്കറികളുടെ സാലഡും അൽപ്പം ചോറും വിളമ്പിയിരുന്നു.




**ജോൺ പോൾ II
മാർപ്പാപ്പയുടെ തിരുവസ്ത്രം**

യേശു തന്റെ മലയിലെ പ്രസംഗം നടത്തിയ (മത്താ. 5,6,7,8) അഷ്ട സൗഭാഗ്യ മല (Mount of Beatitudes) യായിരുന്നു അടുത്ത സന്ദർശന സ്ഥലം. ഇവിടുത്തെ പ്രധാന ആകർഷണം 'അഷ്ട സൗഭാഗ്യ' ദേവാലയം (Church of Beatitudes). വിശ്വപ്രസിദ്ധ വാസ്തു ശിൽപ്പിയായ അന്റോണിയോ ബാർലൂസ്സിയുടെ ശില്പ ചാതുരിയിൽ രൂപ കൽപ്പന ചെയ്യപ്പെട്ട ഈ ദേവാലയം 1936–1938 കാലയളവിലാണ് പണികഴിപ്പിച്ചത്. 2000 ൽ പ. ജോൺ പോൾ II മാർപാപ്പ ഈ ദേവാലയം സന്ദർ ശിച്ചപ്പോൾ ധരിച്ച തിരു വസ്ത്രങ്ങൾ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്.


ഗലീലി കടലിന്റെ വടക്കേ തീരത്ത് കർത്താവ് അപ്പം വർദ്ധിപ്പിച്ച സ്ഥല(മത്താ 14, 15–21; മാർക്കോ 6, 30–46; യോഹ6, 1–14)മായിരുന്നു അടുത്ത സന്ദർശന ലക്ഷ്യം. ഈ സ്ഥലം തബഗ്ഹാ (Tabgha) എന്നാണ് അറിയപ്പെടുന്നത്.ഇന്നിവിടെ വർദ്ധിപ്പിക്കലിന്റെ ദേവാലയം (Church of Multiplication) സ്ഥിതിചെയ്യുന്നു. ഈ പള്ളി, നാലാം നൂറ്റാണ്ടിലിവിടെ സ്ഥിതിചെയ്തിരുന്നു എന്ന് പറയപ്പെടുന്ന ബസ്ലിക്കായുടെ പുനരാവിഷ്ക്കരണമായിരുന്നു. ദേവാലയത്തിലെ മുഖ്യ ആകർഷണം തറയിൽ മാർബിൾ കഷ്ണങ്ങളാൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള അഞ്ചപ്പത്തിന്റെയും രണ്ട് മീനുകളുടെയും ചിത്രമാണ്.



www.malankaralibrary.com

കഫർണഹൂമിലേക്കായിരുന്നു യാത്രാ സംഘം അടുത്തതായി നീങ്ങിയത്. യേശുവിന്റെ സ്വന്തം പട്ടണമായി ഇത് കണക്കാപ്പെട്ടിരുന്നു (മത്താ 9, 1). ലൂക്കാ 7, 3-5 ൽ പ്രതിപാദിക്കുന്ന ശതാധിപൻപണി കഴിപ്പിച്ച സിനഗോഗിന്റെ അവശിഷ്ടങ്ങൾ ഇന്നും ഇവിടെ കണ്ടെത്താനാകും. ഇവിടുത്തെ മറ്റൊരു സവിശേഷത 'പത്രോസിന്റെ ഭവന'മാണ്. (മത്താ 8, 14 -15, മർക്കോ 1, 29-31) ഈ ഭവനത്തിന്റെ ഇന്നുള്ള അവശിഷ്ടങ്ങളിൽ 131 ശിലാലിഖിതങ്ങൾ കണ്ടെത്താനാകും.

അടുത്തത് 'ചാവുകടൽ' സന്ദർശനമായിരുന്നു. ലോകത്തിലെ ഏറ്റവും താണ ഭൂപ്രദേശമാണിത്. സമുദ്ര നിരപ്പിൽ നിന്നും 417 മീറ്റർ താഴെയാണ് ഇതിന്റെ സ്ഥാനം. ഇവിടുത്തെ ഒരു ലിറ്റർ ജലത്തിൽ നിന്നും ഏതാണ്ട് 250 ഗ്രാം ഉപ്പ് ലഭിക്കുമെന്ന് കരുതപ്പെടുന്നു. ചാവുകടലിലെ ജലത്തിന്റെ ഉപ്പിന്റെ അംശം 33.7% ആണെന്ന് കണക്കാക്കപ്പെടുന്നുണ്ട്. ഇപ്രകാരം ഉപ്പിന്റെ വർദ്ധിച്ച അളവു കാരണം ഒരു ജീവജാലങ്ങൾക്കും ഇതിൽ ജീവിക്കുവാൻ കഴിയുകയില്ല. ഇക്കാരണത്താൽ ഈ ജലാശയം 'ചാവുകടൽ' (Dead Sea)എന്ന് അറിയപ്പെടുന്നു. ഈ സവിശേഷതയ്ക്ക് മറ്റു ചില ഔഷധാത്മക വശങ്ങളുണ്ടെന്ന് വിശ്വസിക്കപ്പെട്ടു പോരുന്നു. ചാവുകടലിൽ പൊങ്ങിക്കിടക്കുന്നതിനും തീരത്തു കാണുന്ന കറുത്ത ചേറ് ശരീരത്തിൽ പൂശുന്നതിനും സഞ്ചാരികൾ മത്സരിക്കുന്നത് കാണാമായിരുന്നു. കുഴിനാപ്പുറത്തച്ചനും വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതിനുള്ള ശ്രമങ്ങളിൽ പങ്കുചേർന്നു.



**ചാവുകടലിൽ നിന്നുള്ള ദൃശ്യം**

തുടർന്നുള്ള യാത്ര ജറുസലേമിലേക്കായിരുന്നു. ഒലിവുമലയിലേക്കായിരുന്നു ആദ്യ സന്ദർശനം. യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുകയും ജറുസലേമിനെ ഓർത്ത് വിലപിക്കുകയും ചെയ്ത മലയായിരുന്നു ഇത് (മത്താ. 26, 36-39). ഈ മലയുടെ അടിവാരത്തിൽ ഗത്സമേൻ തോട്ടവും, വേദനയുടെ ബസ്സിലിക്ക (Basilica of the agony) യും കാണാനാവും. ഈ ദേവാലയത്തിനുള്ളിൽ യേശു പ്രാർത്ഥിച്ചു എന്നു കരുതപ്പെടുന്ന



www.malankaralibrary.com



**വേദനയുടെ ബസിലിക്ക**

ഒരു പാറ സ്ഥിതിചെയ്യുന്നു. 1922–1924 കാലയളവിൽ പണികഴിപ്പിച്ച ഈ ദേവാലയം ഇന്ന് എല്ലാ ക്രിസ്തീയ വിഭാഗങ്ങളും ഒരു പോലെ ഉപയോഗിച്ചു വരുന്നു. വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള സംഭാവനകൾ കൊണ്ട് പണികഴിപ്പിച്ചിരിക്കുന്നതിനാൽ ഈ ദേവാലയത്തിന്റെ ഭിത്തിയിൽ ഈ രാജ്യങ്ങളുടെ മുദ്രകൾ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം അടയാളപ്പെടുത്തപ്പെട്ടിരിക്കുന്ന 12 രാഷ്ട്രങ്ങൾ താഴെപ്പറയുന്നവയാണ്. അർജന്റീന, ബ്രസീൽ, ചിലി, മെക്സിക്കോ, ഇറ്റലി, ഫ്രാൻസ്, സ്പെയിൻ, ഇംഗ്ലണ്ട്, ബെൽജിയം, കാനഡ, ജർമനി, അമേരിക്ക.

ഒലിവുമലയ്ക്ക് സമീപം യേശു സ്വർഗ്ഗാരോഹണം ചെയ്ത സ്ഥലത്തെ സൂചിപ്പിക്കുന്ന 'സ്വർഗ്ഗാരോഹണ കപ്പേള' (Chapel of Aseension) സ്ഥിതിചെയ്യുന്നു. ഇവിടം ഇന്ന് ഒരു മുസ്ലീം ആരാധനാലയമാണ്. എന്നാൽ ചെറിയ തുക പ്രവേശന ഫീസ് നൽകി ആർക്കും ഇവിടെ പ്രവേശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. ഒലിവുമലയ്ക്കു സമീപം സ്ഥിതി ചെയ്യുന്ന മറ്റൊരു പ്രധാന തീർത്ഥാടന സ്ഥലമാണ് 'പത്തർ നോസ്തർ ദേവാലയം' (The Church of Pater Noster). ഇത് സമീപമുള്ള കർമ്മലീത്ത ആശ്രമത്തിന്റെ ഭാഗ




**'പാത്തെർ നോസ്തർ' ദേവാലയത്തിൽ മലയാളത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കർത്തൃപ്രാർത്ഥന** ➡



www.malankaralibrary.com

മാണ്. ഇവിടെ വച്ചാണ് യേശു 'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത് എന്ന് വിശ്വസിക്കപ്പെടുന്നു. ലോകത്തിലെ നൂറിലധികം ഭാഷകളിൽ 'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന രേഖപ്പെടുത്തി മാർബിൾ ഭിത്തികളിൽ പതിപ്പിച്ചിട്ടുണ്ട്. നമ്മുടെ മാതൃഭാഷയായ മലയാളത്തിലും ഈ പ്രാർത്ഥന ഇവിടെ ദർശിക്കാനായതിൽ സംഘാംഗങ്ങളെല്ലാവരും ഏറെ സന്തോഷം പ്രകടിപ്പിച്ചു.

ഒലിവുമലയുടെ തെക്കുകിഴക്കൻ ചരിവിൽ സ്ഥിതി ചെയ്യുന്ന ബഥനി ഗ്രാമവും സംഘാംഗങ്ങൾ സന്ദർശിച്ചു. ഇത് ജറുസലേമിൽ നിന്നും ഏതാണ്ട് രണ്ടര കിലോമീറ്റർ കിഴക്കുമാറി സ്ഥിതിചെയ്യുന്നു. ഇവിടെ വച്ചാണ് യേശു ലാസറിനെ ഉയിർപ്പിച്ചത് എന്ന് വിശ്വസിക്കപ്പെടുന്നു. 1952 നും 1955 നുമിടയിൽ ഫ്രാൻസിസ്കൻ സന്ന്യാസ സമൂഹം ഇവിടെ ഒരു ദേവാലയം പണിതു. ഇതോടൊപ്പം 1965 ൽ ലാസറന്റെ ശവകുടീരത്തിന് പടിഞ്ഞാറു മാറി ഗ്രീക്ക് ഓർത്തൊഡോക്സ് സഭയും ഒരു ദേവാലയവും പണികഴിപ്പിച്ചു. മലങ്കര സുറിയാനി കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഈ സഭയുടെ ആരംഭം തന്നെ 'ബഥനി' എന്ന ആശയത്തിൽ നിന്നാണല്ലോ. ബഥനി ആശ്രമവും ബഥനി മഠവുമൊക്കെ അപ്പോൾ ബഹു. അച്ചന്റെ മനസ്സിലൂടെയും ചിന്തകളിലൂടെയും കടന്നു പോയി.




**ബഥനിയിലെ ലാസറിന്റെ കബറിടം**

യേശു പലവട്ടം സന്ദർശിക്കുകയും പ്രാർത്ഥനയിൽ ചെലവഴിക്കുകയും (ലൂക്കാ 22, 43-44) ചെയ്തിട്ടുള്ള ഭൂമിയിലാണ് (ഗത്സമേൻ തോട്ടം) (മർക്കോ 14, 35-36; മത്താ 26, 48; മർക്കോ 14, 47) ആണ് താൻ നിൽക്കുന്നതെന്ന ഓർമ്മ ബഹു. അച്ചനെ എന്തെന്നില്ലാത്ത ഭക്തിയുടെ നിറവിലേക്ക് കൂട്ടിക്കൊണ്ടു പോയി. അവിടെയുണ്ടായിരുന്ന ഒലിവു തൈകളുടെ ഒരു ചെറു ശിഖരം തന്റെ ശേഖരത്തിലേക്ക് അദ്ദേഹം സൂക്ഷിച്ചു വയ്ക്കുകയും ചെയ്തു.



www.malankaralibrary.com

'വിലാപമതിൽ' (wailing wall) ലേക്കായിരുന്നു യാത്രാ സംഘം അടുത്തതായി നീങ്ങിയത്. ഇത് രണ്ടാം ജറുസലേം ദേവാലയത്തിന്റെ പടിഞ്ഞാറെ മതിലാണെന്ന് വിശ്വസിക്കപ്പെടുന്നു. ബാലനായ യേശുവിനെ കാണാതായതും (ലൂക്ക 2, 41–52) ദേവാലയ ശുദ്ധീകരണവും (മത്താ. 21,12–17) യേശു തന്റെ ശരീരത്തോടുപമിക്കുന്നതും (യോഹ 2, 19) ഒക്കെ സംഭവിക്കുന്നത് ഈ ദേവാലയവുമായി ബന്ധപ്പെട്ടാണ്. ഈ ദേവാലയം ബി.സി. 19 നോടടുപ്പിച്ച് മഹാനായ ഹെരോദ് രാജാവ് പണികഴിപ്പിച്ചു എന്ന് കരുതപ്പെടുന്നു. ഏ.ഡി. 70ൽ ജറുസലേമിലുണ്ടായിരുന്ന റോമൻ പട്ടാളം ഈ ദേവാലയം തീയിട്ട് നശിപ്പിച്ചു എന്ന് വിശ്വസിക്കപ്പെടുന്നു.


വിലാപമതിലിൽ തലമുട്ടിച്ചു പ്രാർത്ഥിക്കുന്ന യഹൂദർ

ഈ നശീകരണത്തോടൊപ്പം യഹൂദ ജനതയ്ക്കും കാര്യമായ ആൾ നാശം സംഭവിച്ചു. അങ്ങനെ യഹൂദജനതയൊന്നാകെ ലോകം മുഴുവൻ ചിതറിക്കപ്പെട്ടു. അവരുടെ മത ജീവിതത്തിന്റെ മാത്രമല്ല ജീവിതത്തിന്റെ മൊത്തം കേന്ദ്രബിന്ദുവായ ദേവാലയം തകർക്കപ്പെട്ടതിലുള്ള ദു:ഖമാണ് വീണ്ടും കൂട്ടിചേർക്കപ്പെട്ട ഇസ്രായേൽ ജനത ദേവാലയത്തിന്റെ അവശേഷിപ്പായ 'വിലാപമതിലിൽ' തലമുട്ടിച്ച് പ്രാർത്ഥിച്ച് തീർക്കുന്നത്. കുഴിനാപ്പുറത്തച്ചനും സംഘവും അവിടെയെത്തിയപ്പോൾ ഇപ്രകാരം വിലപിച്ച് പ്രാർത്ഥിക്കുന്ന ഒരു വലിയ കൂട്ടത്തെ തന്നെ അവിടെ കണ്ടെത്താനായി.

ദു:ഖവഴി (Via Dolorosa) ആയിരുന്നു അടുത്ത സന്ദർശന ഇടം. യേശു കുരിശു ചുമന്നു നീങ്ങിയ അതേ വഴി. താഴെപ്പറയുന്ന വേദഭാഗങ്ങൾ ഇവിടെ പ്രസക്തമാണ്: മർക്കോ 15, 21; 15, 15 യോഹ. 19, 13; മത്താ 27, 27–31 ലൂക്കാ 23, 27–30. ഇതേ തുടർന്ന് സംഘാംഗങ്ങൾ എത്തിച്ചേർന്നത് വി. കല്ലറയുടെ ദേവാലയത്തിലേക്കായിരുന്നു. നൂറ്റാണ്ടുകളായി തീർത്ഥാടകരാൽ അടയാളപ്പെടുത്തുന്ന നൂറുകണക്കിനു കുരിശടയാളങ്ങളുള്ള ഭിത്തികളോടു കൂടിയ ഏതാനുപടികളിറങ്ങി ചെല്ലുമ്പോൾ യേശുവിന്റെ



www.malankaralibrary.com



ദുഃഖവഴി

കല്ലറ സ്ഥിതിചെയ്യുന്ന സ്ഥലം കാണുവാൻ സാധിക്കും. ഇവിടെ മനമുരുകി പ്രാർത്ഥിക്കുന്ന നൂറുകണക്കിനു ഭക്തരെ കണ്ടെത്താനായി. യേശുവിന്റെ ശരീരം സംസ്കാരത്തിനായി ഒരുക്കിയ ഒരു ശിലാഫലകവും ഇവിടെ ഉണ്ടായിരുന്നു. വീണ്ടും താഴേക്ക് വരുമ്പോൾ യേശുവിനെ കുരിശിൽ തറച്ച കാൽവരി മലയെ പ്രതിബിംബിപ്പിക്കുന്നിടത്തെത്താനാകും. നിരവധി ഭക്തർ ഇവിടെ മുട്ടുകുത്തി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. സംഘാംഗങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും വികാരനിർഭര നിമിഷങ്ങളായിരുന്നു അവ.

സംഘാംഗങ്ങളുടെ അടുത്ത യാത്ര സിയോൺ മലയി (Mount Zion) ലേക്കായിരുന്നു. ഇവിടുത്തെ ഏറ്റവും പ്രധാന ആകർഷണം യേശു ശിഷ്യന്മാരോടൊപ്പം അന്ത്യത്താഴം കഴിച്ച സെഹിയോൻ മാളികയായിരുന്നു. ഇന്നു ഇവിടെ കാണപ്പെടുന്ന ഭക്ഷണമുറി യേശുവിന്റെ കാലത്തേതായിരുന്നില്ല. എങ്കിലും സീയോൻ ഊട്ടുശാലയുടെ സ്ഥലം ഇതു തന്നെയാണെന്ന് പുരാവസ്തു ഗവേഷകർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇന്നു ഇവിടെ കാണപ്പെടുന്ന ഊട്ടുശാല (Upper Room) 12–ാം നൂറ്റാണ്ടിൽ പണികഴിപ്പിച്ചതാണെന്ന് കരുതപ്പെടുന്നു. ഈ സ്ഥലത്ത് വെച്ച് തന്നെയാണ് പ്രാർത്ഥനയിൽ ചെലവഴിച്ച പ.ദൈവമാതാവിന്റെ മേലും അപ്പസ്തോലന്മാരുടെ മേലും പരിശുദ്ധാത്മാവ് ഇറങ്ങി ആവസിച്ചത് എന്ന് കണക്കാക്കപ്പെടുന്നു (അപ്പ 1,1; 2,1). ഇതോടൊപ്പം സമീപത്തായി ദാവീദ് രാജാവിന്റെ കബറിടവും സ്ഥിതിചെയ്യുന്നു.

തുടർന്ന് തീർത്ഥാടക സംഘം നീങ്ങിയത് 'ഐൻകരേം' എന്നിടത്തേക്കായിരുന്നു. ഇവിടെയായിരുന്നു യോഹന്നാൻ സ്നാപകന്റെ മാതാപിതാക്കളായ സഖറിയായും എലിസബത്തും താമസിച്ചിരുന്നത്. (ലൂക്കാ 1, 39–56). ഇവിടെ വെച്ചാണ് പ. ദൈവമാതാവ് തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ സന്ദർശിക്കുന്നത്. ഈ സന്ദർശന വേളയിൽ രണ്ടു മഹിളാരത്നങ്ങളും ഗർഭവതികളായിരുന്നു. ഈ സന്ദർഭത്തിൽ ഗർഭസ്ഥ



www.malankaralibrary.com

ശിശുവായ യോഹന്നാൻ കുതിച്ചു ചാടി എന്നാണ് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ ഇന്നു കാണുന്ന ഫ്രാൻസിസ്കൻ ദേവാലയം 1955 ൽ ഇറ്റാലിയൻ വാസ്തുശിൽപ്പി അന്റോണിയോ ബർലുസ്സി രൂപകൽപ്പന ചെയ്തതാണ്. പ. കന്യാമറിയത്തിന്റെ സ്തോത്ര ഗീതം ഇവിടെ ലോകത്തിലെ വിവിധ ഭാഷകളിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.

യേശുവിന്റെ ജന്മസ്ഥലമായ ബെത്‌ലഹേമിലേക്കായിരുന്നു സംഘത്തിന്റെ അടുത്ത യാത്ര. ബെത്‌ലഹേം ഇന്നൊരു പാലസ്തീനിയൻ നഗരമാണ്. ഈ നഗരം ഇന്ന് പാലസ്തീനിയൻ നാഷണൽ അതോറിറ്റിയുടെ അധീനതയിൽ സ്ഥിതിചെയ്യുന്നു. തിരുജനന ദേവാലയത്തിൽ പ്രവേശിക്കുന്ന ആർക്കും യേശുവിന്റെ ജനന സ്ഥലത്ത് മുട്ടുകുത്തി തറ ചുംബിക്കുന്നതിനുള്ള അവസരം ലഭിക്കും. കുഴിനാപ്പുറത്തച്ചൻ ഇവിടെ മുട്ടുകുത്തി യേശുവിന്റെ ജനനസ്ഥലമടയാളപ്പെടുത്തിരിയിരിക്കുന്ന നക്ഷത്ര അടയാളത്തിൽ ചുംബിച്ചു.



**ബേത്‌ലഹേമിൽ യേശു ജനിച്ച സ്ഥലം**

ഇതോടു കൂടി ഈ സംഘത്തിന്റെ വിശുദ്ധനാട് തീർത്ഥാടനം അവസാനിക്കുകയായിരുന്നു. ട്രാവൽ ഗൈഡുകൾക്ക് ഉള്ള ടിപ്പുകൾ നൽകി എല്ലാവരും മടക്കയാത്രയ്ക്കൊരുങ്ങി. ഒരിക്കലും മറക്കാത്ത ഭക്തി നിർഭരമായ ഓർമ്മകളും പേറിയാണ് എല്ലാവരും തിരികെ തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിഹാദ് എയർവേയ്സിന്റെ വിമാനത്തിൽ വന്നിറങ്ങിയത്. എയർപോർട്ടിൽ അപ്പോൾ അവരെ സ്വീകരിക്കാൻ തീർത്ഥാടന സംഘാടകരായ 'സ്കൈവേയ്സി' ന്റെ പ്രതിനിധികളുണ്ടായിരുന്നു. എല്ലാവർക്കും നന്ദി പറഞ്ഞ് ഗുഡ്സമരിറ്റൻ ഹോമിലേക്ക് യാത്ര തിരിക്കുമ്പോൾ കുഴിനാപ്പുറത്തച്ചന്റെ മനസ്സിൽ ഭക്തി നിറഞ്ഞ സംതൃപ്തി മാത്രമാണുണ്ടായിരുന്നത്.



www.malankaralibrary.com

അദ്ധ്യായം - 4

# വിശുദ്ധനാമകരണ ചടങ്ങിനായി

**2014** ൽ കുഴിനാപ്പുറത്തച്ചൻ ഒരു യൂറോപ്യൻ യാത്ര കൂടി നടത്തി. 2014 ഏപ്രിൽ 27ന് റോമിൽ നടക്കുന്ന പ. ജോൺ പോൾ XXIII മാർപ്പാപ്പയുടെയും പ. ജോൺ പോൾ II മാർപ്പാപ്പയുടെയും വിശുദ്ധനാമകരണചടങ്ങിൽ സംബന്ധിക്കുന്നതിനുവേണ്ടിയായിരുന്നു അത്. ഇത്തവണ യൂറോപ്പിലേക്കുള്ള ക്ഷണക്കത്ത് നൽകിയത് ജർമ്മനിയിലെ ബോണിൽ സ്ഥിരതാമസമാക്കിയിട്ടുള്ള മാതൃസഹോദരപുത്രിയായി ശ്രീമതി. റോസമ്മ ഫിലിപ്പായിരുന്നു. തിരുവനന്തപുരത്തുനിന്നും ഏപ്രിൽ 7ന് ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ട് ഇന്റർനാഷണൽ എയർപോർട്ടിലെത്തിയ



**മാതൃസഹോദര പുത്രി റോസമ്മ ഫിലിപ്പും കുടുംബവും**

ബഹു. അച്ചനെ സ്വീകരിക്കാൻ ശ്രീമതി. റോസമ്മ ഫിലിപ്പും ഭർത്താവ് ശ്രീ. ഫിലിപ്പ് താണിക്കാട്ടും എത്തിയിരുന്നു. സഹോദരിയോടൊപ്പം രണ്ട് ദിവസം തങ്ങിയിട്ട്, സ്വിറ്റ്സർലണ്ടിലെ സുഹൃത്തായ ഫാ. ക്ലൗസ് റേംഗലിനെ കാണുന്നതിനായി ഫ്ളൂവേലിയിലേക്ക് പോയി. ഫാ. ക്ലൗസിനോടൊപ്പം ഫ്ളുവേലിയിലെ ഫ്രാൻസിസ്കൻ കൊൺവെൻചൽ ആശ്രമത്തിൽ ഒരാഴ്ചക്കാലം താമസിച്ചു. പ്രകൃതിരമണീയമായ ഫ്ളൂവേലിയിൽ തങ്ങിയ ആ ദിവസങ്ങൾ ഏറെ സുന്ദരമായിരുന്നു. പച്ച വിരിച്ച പുൽമേടുകൾ നിറഞ്ഞ ഒരു കുന്നിൻപ്രദേശമായിരുന്നു ഫ്ളൂവേലി. വി.



www.malankaralibrary.com

ബ്രൂഡർക്ലൗസിന്റെ തീർത്ഥാടന സ്ഥലമാണത്. ഫാ. ക്ലൗസിനോടൊപ്പം ദിവസവും ആശ്രമത്തിൽ ജർമ്മൻ ഭാഷയിൽ വി. കുർബ്ബാന അർപ്പിച്ചു. വി. ബ്രൂഡർ ക്ലൗസിന്റെ കപ്പേളയിൽ സന്ദർശനം നടത്തുക ഈ ദിവസങ്ങളിലെ പതിവായിരുന്നു. പ്രകൃതിരമണീയമായ ഈ തീർത്ഥാടനസ്ഥലത്തെ നടപ്പാതകളിലൂടെ കിലോമീറ്ററുകൾ നടക്കുന്നത് ബഹു. അച്ചൻ



**ഫ്ളൂവേലിയിലെ വിശുദ്ധ നിക്കോളാവൂസിന്റെ ദേവാലയം**

ഏറെ ആസ്വദിച്ചിരുന്നു. ഫ്ളൂവേലിയിലെ ഒരാഴ്ചക്കാലത്തെ താമസത്തിനുശേഷം ഏപ്രിൽ 17-ന് റോമിലെത്തി. എല്ലാ സന്ദർശനത്തിലുമെന്ന



**റോമിലെ മരിയദാസി മിണ്ടാമഠം**



www.malankaralibrary.com

തുപോലെ ബഹു. അച്ചന് അവിടെ താമസസൗകര്യമൊരുക്കിയത് പൊർത്തുവെൻസെയിലെ 'മിണ്ടാമഠ'ത്തിലെ മരിയ ദാസി (Serve di Maria) സിസ്റ്റേഴ്സ് ആയിരുന്നു. പ്രാർത്ഥിക്കുന്നവർക്കായി മാത്രം സമയം മാറ്റിവച്ചിരിക്കുന്ന സിസ്റ്റേഴ്സിന്റെ ജീവിതം കുഴിനാപ്പുറത്തച്ചന് ഏറെ പ്രചോദനാത്മകമായിരുന്നു. അവർക്കുവേണ്ടി ഇറ്റാലിയൻ ഭാഷയിൽ വി. കുർബ്ബാന അർപ്പിച്ചും അവരോടൊത്ത് പ്രാർത്ഥിച്ചുമാണ് ബഹു. അച്ചൻ സമയം ചെലവഴിച്ചത്. ഇതിനിടയിൽ ഒരു ദിവസം അസ്സീസ്സിയിലെ വി. ഫ്രാൻസിസിന്റെ കബറിടം സന്ദർശിക്കുവാനും നീക്കിവെച്ചു. റോമിൽ നിന്നും ട്രെയിനിലാണ് അസ്സീസിയിലേക്ക് യാത്രയായത്. അസ്സീസി റെയിൽവേ സ്റ്റേഷനിൽ നിന്നും വി. ഫ്രാൻസിസിന്റെ കബറിടം സ്ഥിതി ചെയ്യുന്ന ദേവാലയത്തിലേക്കു പോകുവാൻ 15 മിനിറ്റ് ബസ് യാത്ര ആവ



**അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ കബറിടം**

ശ്യമായിരുന്നു. വി. ഫ്രാൻസിസിന്റെ കബറിടത്തിൽ മുട്ടുകുത്തി പ്രാർത്ഥിച്ചു. കേരളത്തിൽ ഫ്രാൻസിസിന്റെ ചൈതന്യത്തിൽ ജീവിക്കുന്ന സന്ന്യാസീ സന്ന്യാസിനികളുടെ ചിത്രങ്ങൾ അപ്പോൾ ബഹു. അച്ചന്റെ മനസ്സിലൂടെ കടന്നുപോയി. അസ്സീസ്സിയോട് യാത്ര പറഞ്ഞ് തിരകെ റോമിയലെത്തിയപ്പോൾ സമയം സന്ധ്യയായിരുന്നു.

ഇതോടൊപ്പം ഗ്രീസ് സന്ദർശിക്കാനും ബഹു. കുഴിനാപ്പുറത്തച്ചൻ സമയം കണ്ടെത്തി. ഇതിന്റെ പ്രധാന കാരണം അദ്ദേഹത്തിന്റെ ഡോക്ടറൽ തീസിസിന്റെ ഗൈഡായിരുന്ന ഡോ. ഡിമിട്രിയോസ് സലാക്കാസ് ഗ്രീക്ക് കത്തോലിക്കാ സഭയുടെ അധിപനായി അവിടെയായിരിക്കുന്നു എന്നുള്ളതായിരുന്നു. ഗ്രീസിൽ നേരത്തെ ബുക്ക് ചെയ്ത ഹോട്ടലിൽ താമസിച്ചുകൊണ്ട് ബിഷപ്പ് സലാക്കസിനെ സന്ദർശിക്കുവാൻ പോവുകയായിരുന്നു. ഗ്രീക്ക് കത്തോലിക്കാ ആസ്ഥാനം സന്ദർശിച്ച് തന്റെ ഗുരു




www.malankaralibrary.com



**ബിഷപ്പ് ഡിമിട്രിയോസ് സലാക്കാസിനോടൊപ്പം
ആഥൻസിലെ ബിഷപ്സ് ഹൗസിൽ**

ഭൂതന് ആശംസകൾ അർപ്പിച്ചു. തുടർന്ന് ബഷപ്സ് ഹൗസിന്റെ ചാപ്പലിൽ ഗ്രീക്ക് ആരാധനാക്രമമനുസരിച്ചുള്ള അംശവസ്ത്രങ്ങളണിഞ്ഞുകൊണ്ട് ഇറ്റാലിയൻ ഭാഷയിൽ ലത്തീൻ റീത്തിൽ വി. കുർബ്ബാന അർപ്പിച്ചു.



**ആഥൻസിലെ ബിഷപ്സ് ഹൗസിലെ ചാപ്പലിൽ ഗ്രീക്ക് ആരാധനാക്രമം
അനുസരിച്ചുള്ള അംശവസ്ത്രങ്ങൾ അണിഞ്ഞ്**

അടുത്തദിവസം ഒരു ടാക്സിയിൽ ആഥൻസ് നഗരം മുഴുവൻ ചുറ്റി സഞ്ചരിച്ചു കണ്ടു. പൗരാണികതയുടെ ഒരു നേർകാഴ്ച തന്നെയായി രുന്നു ആതെൻസ് നഗരം. പുരാവസ്തുക്കളും മറ്റും ഇവിടെ സസൂക്ഷ്മം



www.malankaralibrary.com

പരിരക്ഷഇക്കപ്പെടുന്നുണ്ട്. ആർക്കോപോളിസ്, ഹെഫേസ്തൂസ് ക്ഷേത്രം, ആൽക്കിയോളജിക്കൽ മ്യൂസിയം, ലീക്കാബെത്തൂസ് കുന്നുകൾ, ബെനാക്കി മ്യൂസിയം, ഗ്രീസിന്റെ ദേശീയ ഗ്രന്ഥാലയം, സിന്റാഗ്മ സ്ക്വയർ, സേയൂസ് ക്ഷേത്രം, ദേശീയ ഉദ്യാനം, ബിസെന്റൈൻ ക്രിസ്ത്യൻ മ്യൂസിയം തുടങ്ങിയവയായിരുന്നു ഇവിടെ കുഴിനാപ്പുറത്തച്ചന്റെ പ്രധാന സന്ദർശകലക്ഷ്യങ്ങൾ.



**ആഥൻസിലെ ആർക്കോപോളീസിൽ**

ഗ്രീസിൽ നിന്നും ഏപ്രിൽ 25 ന് ബഹു. അച്ചൻ റോമിലെത്തി. ഏപ്രിൽ 26-വൈകുന്നേരം അച്ചൻ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരം സന്ദർശിച്ചു. ആ ചത്വരം അടുത്ത ദിവസത്തിനായി ഒരുങ്ങിയിരുന്നു. നിറയെ പുഷ്പങ്ങളാൽ അലംകൃതമായിരുന്നു. ബലിയർപ്പകർക്കും തീർത്ഥാടകർക്കും വേണ്ടി ഇരിപ്പിടങ്ങൾ ക്രമീകരിക്കപ്പെട്ടിരുന്നു. തലേദിവസം വൈകുന്നേരം തന്നെ തീർത്ഥാടകരെകൊണ്ട് റോഡുകൾ നിറഞ്ഞിരുന്നു. വത്തിക്കാനിൽ നിന്നും കിലോമീറ്ററുകൾ അകലെ വരെ ജന



**വിശുദ്ധനാമകരണ ചടങ്ങിനായി തയ്യാറായ സെന്റ് പീറ്റേഴ്സ് ചത്വരം**



www.malankaralibrary.com



പോളണ്ടിൽ നിന്നും കാൽനടയായെത്തിയ ജോസഫ് റാപ്സ്

നിബിഡമായിരുന്നു റോഡുകൾ. വി. ജോൺ പോൾ II മാർപാപ്പയുടെ ജന്മദേശമായ പോളണ്ടിൽ നിന്നുമായിരുന്നു ഏറ്റവും അധികം തീർത്ഥാടകർ. ഈ ദിവസത്തിനുവേണ്ടി ഒരുങ്ങി മാസങ്ങൾ നീണ്ട കാൽനടയാത്ര നടത്തി, 2000ലധികം കിലോമീറ്ററുകൾ താണ്ടിയെത്തിയ ജോസഫ് റാപ്സ് എന്ന പോളിഷ് തീർത്ഥാടകനെ അവിടെ കണ്ടെത്താനായി. മാസങ്ങൾ നീണ്ട യാത്രയ്ക്കുശേഷം അയാളുടെ മുഖത്ത് ക്ഷീണം തെല്ലുമില്ലായിരുന്നു. മറിച്ച് ഭക്തിയും സംതൃപ്തിയും മാത്രമായിരുന്നു അയാളുടെ മനസ്സിലപ്പോൾ.

പോളണ്ടിൽ നിന്നും ചില തീർത്ഥാടകരെത്തിയത് അവരുടെ പരമ്പരാഗത വസ്ത്രശൈലിയിലായിരുന്നു. അവർക്കെല്ലാം ഒരേയൊരുകാര്യം മാത്രമേ മനസ്സിലുണ്ടായിരുന്നുള്ളൂ. തങ്ങളുടെ 'കരോൾ വോയ്റ്റിവാ' (ജോൺ പോൾ II മാർപ്പാപ്പ) വിശുദ്ധനാകുന്നു. പോളിഷ് ജനതയെ ഇത്ര




നാമകരണ ചടങ്ങിനായി പോളണ്ടിലെ
പരമ്പരാഗതവേഷത്തിൽ എത്തിയവരോടൊപ്പം



www.malankaralibrary.com

യേറെ സ്വാധീനിച്ച മറ്റൊരു വിശുദ്ധനുണ്ടോയെന്ന് സംശയം. ജീവിതത്തിന്റെ അരിഷ്ടതകളുടെ നടുവിലൂടെ ഏകനായി നടന്നുനീങ്ങി ആത്മീയ ഔന്നത്യത്തിലെത്തിയ കരോൾ വോയ്റ്റിവ ഇന്നും പോളിഷ് ജനതയെ ഏറെ പ്രചോദിപ്പിക്കുന്നു.

സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ബഹു. അച്ചനെ തേടി തിരുവനന്തപുരം മേജർ അതിരൂപതാംഗവും റോമിൽ ഉപരിപഠനം നടത്തുന്ന വൈദികനുമായ റവ. ഫാ. ജസ്റ്റിൻ കോണത്തുവിള എത്തി. അദ്ദേഹം കുഴിനാപ്പുറത്തച്ചനുവേണ്ടി വിശിഷ്ടമായ ഒരു സമ്മാനം കരുതിയിരുന്നു. അടുത്തദിവസം നടക്കുന്ന വിശുദ്ധനാമകരണകർമ്മത്തിലെ വി. കുർബ്ബാനയിൽ സഹകാർമികനാകുന്നതിനുള്ള 'പ്രത്യേക പാസ്സ്' ആയിരുന്നു അത്. മനസ്സ് നിറഞ്ഞ സന്തോഷത്തോടെയാണ് ബഹു. അച്ചൻ അന്ന് വൈകുന്നേരം പൊർത്തുവെൻസെയിലെ മിണ്ടാമഠത്തിലെത്തിയത്. സിസ്റ്റേഴ്സ് ഭക്ഷണം തയ്യാറാക്കി ഭക്ഷണമുറിയിൽ വച്ചിരുന്നു. അത് കഴിച്ചിട്ട് ചാപ്പലിൽ പോയി പ്രാർത്ഥിച്ചതിനുശേഷം ശാന്തമായി കിടന്നുറങ്ങി.




**നാമകരണചടങ്ങിൽ
സഹകാർമ്മികനാകുന്നതിനുള്ള പാസ്സ്**

അടുത്ത ദിവസം ഏപ്രിൽ 27, പ്രഭാതത്തിൽ 4 മണിക്ക് തന്നെ ഉണർന്നു. ഒരുങ്ങി 5 മണിയോടെ വത്തിക്കാനിലേക്ക് തിരിച്ചു. വത്തിക്കാന് മൂന്ന് കി.മീ. അപ്പുറത്ത് വച്ച് തന്നെ ബസ്സ് യാത്ര അവസാനിപ്പിക്കേണ്ടിവന്നു. കാരണം റോഡുകൾ മുഴുവൻ ജനസഹസ്രങ്ങളെ കൊണ്ട് നിറഞ്ഞു കഴിഞ്ഞു. പിന്നീട് തിങ്ങിഞെരുങ്ങി 3 കി.മീ. കാൽനടയാത്ര. വി. കുർബ്ബാനയ്ക്ക് സഹകാർമികനാകുന്നതിനുള്ള പാസ്സ് ഉള്ളതുകൊണ്ട് എല്ലായിടത്തും വേഗം കടത്തിവിട്ടു. പക്ഷെ ആ മൂന്നുകിലോമീറ്ററുകൾ താണ്ടാൻ രണ്ട് മണിക്കൂറോളമെടുത്തു. അത്രയ്ക്ക് ജനസഹസ്രങ്ങളെക്കൊണ്ട് നിറഞ്ഞ നിരത്തുകളായിരുന്നു റോം മുഴുവൻ. ഒരു വിധത്തിൽ ബഹു. അച്ചൻ വത്തിക്കാനിലെത്തി എന്ന് പറഞ്ഞാൽ മതിയല്ലോ.



www.malankaralibrary.com

സെന്റ് പീറ്റേഴ്സ് ചത്വരത്തിലെ പ്രവേശനകവാടത്തിൽ കാർമികന്റെ പാസ് കാണിച്ചപ്പോൾ ഗാർഡ് ഇരിപ്പിടത്തിലേക്ക് നയിച്ചു. ഇരിപ്പിടത്തിൽ അംശവസ്ത്രങ്ങൾ ക്രമീകരിച്ചിരുന്നു. അവ വേഗം അണിഞ്ഞ് വി. ബലിയർപ്പണത്തിനായി തയ്യാറായി ഇരിപ്പിടത്തിലിരുന്നു. ഏതാണ്ട് ഒരു മണിക്കൂർ നീണ്ടുനിന്നു കാത്തിരുപ്പ്.



**വിശുദ്ധനാമകരണചടങ്ങിൽ സഹകാർമ്മികനായി ഒരുങ്ങി സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ**

കൃത്യം 9.30 ന് പ. ഫ്രാൻസിസ് മാർപ്പാപ്പ പോപ്പ് മൊബൈലിൽ എല്ലാവരെയും ആശീർവദിച്ചുകൊണ്ട് സെന്റ് പീറ്റേഴ്സ് ചത്വരത്തിലെത്തി. അദ്ദേഹം അംശവസ്ത്രങ്ങൾ അണിയുന്നതിനായി സെന്റ് പീറ്റേഴ്സ് ബെസ്സലിക്കയുടെ ഉള്ളിലേക്ക് പോയി. ഈ തിരുകർമ്മത്തിന് മറ്റൊരു പ്രത്യേകത കൂടിയുണ്ടായിരുന്നു. രണ്ട് മാർപ്പാപ്പമാരെ വിശുദ്ധരായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ മറ്റു രണ്ട് മാർപ്പാപ്പമാർ ഒരുമിച്ച് വി. കുർബ്ബാന അർപ്പിക്കുന്നു. പ്രായാധിക്യത്തിന്റെ അവശതയുണ്ടെങ്കിലും വിരമിച്ച ബെനഡിക്ട് XVI മാർപ്പാപ്പയും ഈ ചടങ്ങിൽ ആദ്യന്തം പങ്കെടുക്കുന്നുണ്ടായിരുന്നു. രണ്ടു മാർപ്പാപ്പമാർ ചേർന്നപ്പിക്കുന്ന ഈ വി. കുർബ്ബാനയിൽ സഹകാർമികനാകുന്നതിനുള്ള അസുലഭ ഭാഗ്യമാണ് കുഴിനാപ്പുറത്തച്ചന് കൈവന്നത്.

വി. കുർബ്ബാന ആരംഭിച്ചു. നൂറിൽപ്പരം കർദ്ദിനാൾമാർ (പ. ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ, മാർ ജോർജ് കർദ്ദിനാൾ ആലഞ്ചേരി എന്നിവർ ഉൾപ്പെടെ), നൂറുകണക്കിന് മെത്രാൻമാർ, ആയിരക്കണക്കിന് വൈദികർ തുടങ്ങിയവർ ഈ വി. കുർബ്ബാനയിൽ സഹകാർമികരായി. വത്തിക്കാൻ ഗായകസംഘത്തിന്റെ 'ഗ്രിഗോറിയൻ



www.malankaralibrary.com



**വിശുദ്ധനാമകരണ ചടങ്ങിന്റെ വേദിയിൽ**
**പ. ബെനഡിക്ട് XVI മാർപ്പാപ്പയും പ. ഫ്രാൻസിസ് മാർപ്പാപ്പയും**

ചാന്റ്' ലക്ഷക്കണക്കിന് വരുന്ന വിശ്വസീ സമൂഹത്തെ ഭക്തിയുടെ നിർവൃതിയിലേക്ക് നയിച്ചു. ദിവ്യകാരുണ്യസ്വീകരണത്തിന് പതിനായിരങ്ങളായിരുന്നു കടന്നുവന്നത്. ലോകത്തിന്റെ നാനാഭാഗത്തുനിന്നും വിവിധരാഷ്ട്രങ്ങളുടെ സമുന്നതനേതാക്കളെല്ലാവരും ഈ ചടങ്ങിൽ സംബന്ധിക്കുന്നതിന് റോമിൽ എത്തിച്ചേർന്നിരുന്നു എന്നുതന്നെ പറയാം.

ഇറ്റാലിയൻ സമയം കൃത്യം 10.15 ന് വിശുദ്ധപദവി പ്രഖ്യാപനമുണ്ടായി. പ. ജോൺ XXII മാർപ്പാപ്പയെയും പ. ജോൺ പോൾ II മാർപ്പാപ്പയെയും വിശുദ്ധപദവിയിലേക്കുയർത്തിക്കൊണ്ടുള്ള പ്രഖ്യാപനം പ. ഫ്രാൻസിസ് മാർപ്പാപ്പ വായിച്ചു. ഇനി ഈ രണ്ടു മാർപ്പാപ്പമാരും വിശുദ്ധരെന്ന നിലയിൽ അൾത്താരയിൽ വണങ്ങപ്പെടും എന്നതായിരുന്നു പ്രഖ്യാപനത്തിന്റെ സാരം.

കുഴിനാപ്പുറത്തച്ചനെ സംബന്ധിച്ചിടത്തോളം ആത്മീയനിർവൃതിയുടെ നിമിഷങ്ങളായിരുന്നു അവ. വി. ജോൺ പോൾ II ന്റെ കരം നേരിട്ട് ചുംബിക്കുന്നതിനുള്ള അസുലഭഭാഗ്യം 2000–ാമാണ്ടിൽ ലഭിച്ചതിനെ ഓർത്ത് ദൈവത്തിന് നന്ദി പറഞ്ഞു. ചടങ്ങുകൾക്ക് ശേഷം തിരികെ മിണ്ടാമഠത്തിലെത്തിയപ്പോൾ സമയം ഉച്ചതിരിഞ്ഞിരുന്നു.

അടുത്ത ദിവസം, തന്റെ ഡോക്ടറൽ തീസിസിന്റെ മോഡറേറ്ററായിരുന്ന ആർച്ച് ബിഷപ്പ് ഡോ. സിറിൽ വസീൽ എസ്.ജെ.യെ കാണുന്നതിനുവേണ്ടി ഓറിയന്റൽ കോൺഗ്രിഗേഷന്റെ ഓഫീസിലേക്ക് പോയി.



www.malankaralibrary.com



ആർച്ച് ബിഷപ്പ് സിറിൽ വസീലിന് സാൽവിഫിക് ലോയുടെ മൂന്നാം പതിപ്പ് നൽകിയപ്പോൾ

സെന്റ് പീറ്റേഴ്സ് ബസിലിക്കയ്ക്ക് അഭിമുഖമായി 'വിയാ ദെല്ലാ കൊൺചീല്യാ സ്സിയോണെ' യിലാണ് ഈ കാര്യാലയം പ്രവർത്തിക്കുന്നത്. ആർച്ച് ബിഷപ്പ് വസീൽ ഈ കാര്യാലയത്തിലെ സെക്രട്ടറി ജനറലാണിപ്പോൾ. ഏറെ ഊഷ്മളമായിരുന്ന ഈ സന്ദർശനം. തുടർപഠനത്തെക്കുറിച്ചും നാട്ടിലെ പ്രേഷിത പ്രവർത്തനങ്ങളെക്കുറിച്ചുമെല്ലാം അദ്ദേഹം അന്വേഷിച്ചു. വായനയും എഴുത്തും മിഷൻ പ്രവർത്തനങ്ങളുമെല്ലാം നന്നായി മുന്നോട്ട് പോകുന്നു എന്നറിയിച്ചപ്പോൾ അദ്ദേഹം ഏറെ സന്തുഷ്ടി പ്രകടിപ്പിച്ചു. അദ്ദേഹത്തിന് തന്റെ പുസ്തകം 'സാൽവിഫിക് ലോ' യുടെ മൂന്നാം പതിപ്പ് സമ്മാനിച്ചു.

വത്തിക്കാൻ ചത്വരത്തിലേക്ക് ഒരിക്കൽ കൂടി ബഹു. അച്ചൻ നടന്നു. തലേദിവസത്തെ അലയടികൾ അപ്പോഴുമവിടെയുണ്ടായിരുന്നു. ബസ്സിലിക്കയിലെ വി.ജോൺ പോൾ II ന്റെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു. തിരികെ ഉച്ചയോടുകൂടി വീണ്ടും മിണ്ടാമഠത്തിലെത്തി അടുത്ത ദിവസം ജർമ്മനിയിലേക്ക് നടത്താനുള്ള യാത്രയുടെ ഒരുക്കങ്ങൾ ചെയ്തു.

റോമിലെ ഹ്യുമിചീനോ ഇന്റർനാഷണൽ എയർപോർട്ടിൽ കുഴിനാപ്പുറത്തച്ചൻ ജർമ്മനിയിലേക്കുള്ള വിമാനം കാത്തിരിക്കുമ്പോൾ അവിടേക്ക് വാർദ്ധക്യത്തിലെത്തിയെങ്കിലും അരോഗ്യ ദൃഢഗാത്രനായ ഒരു വൈദികവേഷധാരി കടന്നുവന്നു. ജർമ്മനിയിലെ ഏറ്റവും പ്രശസ്ത രൂപതയായ കൊളോൺ അതിരൂപതയുടെ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ യൊവാക്കിം മേയ്സ്നർ ആയിരുന്നു അത്. ചിത്രങ്ങളിലൂടെ ഏറെ പരിചിതനായ അദ്ദേഹത്തെ നേരിട്ട് കണ്ടപ്പോൾ കുഴിനാപ്പുറത്തച്ചൻ



www.malankaralibrary.com

പെട്ടെന്ന് അടുത്ത് ചെന്ന് സ്വയം പരിചയപ്പെടുത്തി. കരങ്ങൾ ചുംബിച്ചു. കൊളോൺ അതിരൂപതയിൽ അവധിക്കാല ശുശ്രൂഷ നടത്തിയതിനെക്കുറിച്ച് സംസാരിച്ചു. മലങ്കര സുറിയാനി കത്തോലിക്കാസഭയെക്കുറിച്ചും കേരള കത്തോലിക്കാസഭയെക്കുറിച്ചും അതീവസംതൃപ്തിയോടെയാണ് അദ്ദേഹം സംസാരിച്ചത്. ഫ്ളൈറ്റിൽ ഇടയ്ക്കുള്ള വഴിക്ക് ഇരുവശവുമായിരുന്നു കർദ്ദിനാളിന്റെയും കുഴിനാപ്പുറത്തച്ചന്റെയും ഇരിപ്പിടങ്ങൾ. കൊളോൺ എയർപോർട്ടിൽ എത്തുന്നതുവരെ സഭാസംബന്ധമായ നിരവധി വിഷയങ്ങൾ അവരുടെ സംഭാഷണത്തിൽ കടന്നുവന്നു. തികഞ്ഞ സംതൃപ്തിയോടെയാണ് കുഴിനാപ്പുറത്തച്ചൻ കർദ്ദിനാളിന്റെ കരംമുത്തി യാത്ര പറഞ്ഞത്.



**കർദ്ദിനാൾ യോവാക്കീം മെയ്സ്നറോടൊപ്പം ഫ്യുമിച്ചീനോ എയർപോർട്ടിൽ**

എയർപോർട്ടിൽ ബഹു. അച്ചനെ കൂട്ടിക്കൊണ്ട് പോകുന്നതിന് ഫിലിപ്പ് – റോസമ്മ ദമ്പതികളുടെ മകൻ വിബിൻ എത്തിയിരുന്നു. ഒരു ദിവസം കൂടി ആ കുടുംബത്തോടൊപ്പം തങ്ങിയിട്ട്, മെയ് ഒന്നിന് ഇന്ത്യയിലേക്ക് പോരുന്നതിന് ഫ്രാങ്ക്ഫർട്ട് എയർപോർട്ടിലേക്ക് ബഹു. അച്ചനെ കൂട്ടിക്കൊണ്ടുവന്നത് ഈ കുടുംബത്തിലെ മൂത്തമകൻ വിൻസിയായിരുന്നു. എല്ലാവർക്കും നന്ദി പറഞ്ഞ് ഇന്ത്യയിലേക്ക് വിമാനം കയറുമ്പോൾ മനസുനിറയെ ഭക്തിനിർഭരവും മനോഹരവുമായ ഏറെ ചിത്രങ്ങൾ നിറഞ്ഞ യൂറോപ്പായിരുന്നു കുഴിനാപ്പുറത്തച്ചന്റെ മനസ്സിൽ.



www.malankaralibrary.com

അദ്ധ്യായം - 5

# ഒരു സൗത്ത് ആഫ്രിക്കൻ യാത്ര

**തോ**മസ് കുഴിനാപ്പുറത്തച്ചൻ നടത്തിയ മറ്റൊരു പ്രധാന വിദേശ യാത്ര സൗത്ത് ആഫ്രിക്കൻ സന്ദർശനം ആയിരുന്നു. ബഹു. അച്ചന്റെ പ്രൈമറി സ്കൂൾ അധ്യാപികയും മാതൃഇടവകാംഗവുമായ മേരിക്കുട്ടി ടീച്ചറിന്റെ മൂത്ത മകൻ ശ്രീ. മണിലാലിന്റെ ക്ഷണമനുസരിച്ചായിരുന്നു യാത്ര. ആഫ്രിക്കയിൽ നിന്നും അവധിക്കാലങ്ങളിൽ നാട്ടിലെത്തുമ്പോൾ ശ്രീ. മണിലാലും കുടുംബവും കുഴിനാപ്പുറത്തച്ചനെ സന്ദർശിക്കാറുണ്ടായിരുന്നു. പലപ്പോഴും ചില ജീവകാരുണ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടായിരുന്നു ഈ സന്ദർശനം. അപ്പോഴൊക്കെ ആഫ്രിക്കയിലേക്ക് അവർ ക്ഷണിക്കുക പതിവായിരുന്നു. അതിൻ പ്രകാരം 2016 ൽ ആഫ്രിക്കൻ സന്ദർശനത്തിനു വഴിയൊരുങ്ങി. മണിലാൽ വിസായ്ക്കു വേണ്ടിയുള്ള ക്ഷണക്കത്ത് തയ്യാറാക്കി അയച്ചു. പ. ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാബാവ അനുമതി കത്തും നൽകി. തിരുവനന്തപുരത്തെ റിയാ ട്രാവൽസ് വിസ വേഗം ശരിയാക്കി നൽകി.

2016-ൽ ഡിസംബർ 3ന് ആയിരുന്നു യാത്ര. മുംബൈയിൽ സാകിനാക മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ വികാരി ബഹു. ഫിലിപ്പ് പുലിപ്രയച്ചനോടൊപ്പം ഒരു ദിവസം തങ്ങിയിട്ടായിരുന്നു സൗത്താഫ്രിക്കയിലെ ജൊഹാനെസ്ബർഗിലേക്ക് യാത്ര തിരിച്ചത്. ജൊഹാനെസ്ബർഗ് ഒർത്താംബോ ഇന്റർനാഷണൽ എയർപോർട്ടിൽ ബഹു. അച്ചനെ സ്വീകരിക്കാൻ മണിലാൽ ഏർപ്പാട് ചെയ്തിരുന്നത് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ഒരു പ്രമുഖ വൈദികനായ ബഹു. ജോൺ ഇരുമേടയച്ചന്റെ സഹോദരീഭർത്താവ് രാജൻ സാറിനെയും കുടുംബത്തെയുമായിരുന്നു. രണ്ടു ദിവസങ്ങൾ അവിടെ തങ്ങി. ജൊഹാനെസ്ബർഗിലെ ഒരു ചെറിയ മലയാളിക്കൂട്ടായ്മയോടൊപ്പമായിരിക്കുവാൻ സാധിച്ചു. ഒരു വലിയ മൃഗസംരക്ഷണ വനഭൂമി (animal sanctuary) യുടെ അരികിലായിരുന്നു ബഹു. അച്ചൻ താമസിച്ച ഭവനം. രണ്ടാം നിലയിലെ ജനാലകൾ തുറക്കുമ്പോൾ നൂറുമീറ്റർ അകലെ വരയൻ കുതിരകളും ഒട്ടകപക്ഷികളും ഒക്കെ വന്നു നിൽക്കുന്നത് കാണാമായിരുന്നു. അവരുടെ ഭവനങ്ങളിലെ സൗകര്യങ്ങളിൽ രണ്ട് ദിവസങ്ങളിലും ആ സമൂഹത്തോടൊപ്പം മലങ്കര സുറിയാനി കത്തോലിക്കാ ആരാധനാക്രമത്തിൽ വി. കുർബ്ബാന അർപ്പിച്ചു. രണ്ടാം ദിവസം ജൊഹാനെസ്ബെർഗിലെ ആ മലയാളി കൂട്ടായ്മയോട് യാത്ര പറഞ്ഞ് സൗത്താഫ്രിക്കയിലെ മറ്റൊരു നഗരമായ ഈസ്റ്റ് ലണ്ടനിലേക്ക് വിമാനം കയറി.



www.malankaralibrary.com



**ജൊഹാനെസ്ബെർഗിലെ മലങ്കര സുറിയാനി കത്തോലിക്കാ കൂട്ടായ്മയോടൊപ്പം**

ഈസ്റ്റ് ലണ്ടൻ എയർപോർട്ടിൽ കുഴിനാപ്പുറത്തച്ചനെ സ്വീകരിക്കുവാൻ മണിലാലും കുടുംബവും എത്തിയിരുന്നു. അവർ തങ്ങളുടെ ഭവനത്തിലേക്ക് അദ്ദേഹത്തെ കൂട്ടിക്കൊണ്ടു പോയി. മണിലാൽ, ഭാര്യ സിമി, മക്കളായ അലൻ, ഡേയ്ൽ എന്നിവരടങ്ങുന്നതായിരുന്നു ആ കുടുംബം യാത്രക്ഷീണം മാറി കുളിച്ച് വൈകുന്നേരം ആ കുടുംബത്തോടൊപ്പം സന്ധ്യാ പ്രാർത്ഥന നടത്തി. അത്താഴത്തിനു ശേഷം അവരുടെ ഭവനത്തിൽ വിശ്രമിച്ചു.



**മണിലാലിനോടും കുടുംബത്തോടുമൊപ്പം ഈസ്റ്റ് ലണ്ടനിൽ**

സൗത്താഫ്രിക്കയിൽ കേയ്പ്പ് പ്രവിശ്യയിൽപ്പെട്ട് ഒരു തീരദേശ നഗരമാണ് ഈസ്റ്റ് ലണ്ടൻ. ഇന്ത്യൻ മഹാ സമുദ്രത്തോട് ചേർന്ന് ബഫല്ലോ



www.malankaralibrary.com

നദിക്കും നഹൂൺ നദിക്കും മധ്യേ സ്ഥിതിചെയ്യുന്ന ഭൂപ്രദേശമാണിത്. ഈ നഗരം ആദ്യം അറിയപ്പെട്ടിരുന്നത് പോർട്ട്റെക്സ് എന്ന പേരിലായിരുന്നു. പിന്നീട് ഇംഗ്ലണ്ടിന്റെ തലസ്ഥാനമായ ലണ്ടൻ നഗരത്തോടുള്ള ആദരസൂചകമായി ഈ നഗരം 'ഈസ്റ്റ് ലണ്ടൻ' എന്ന പേരിലറിയപ്പെടുകയായിരുന്നു. സൗത്ത് ആഫ്രിക്കയിലെ രണ്ടാമത്തെ വലിയ വ്യാവസായിക നഗരമായി ഇത് വളർന്നിട്ടുണ്ട്. ഈ നഗരത്തിലെ ഒരു പ്രധാന ആകർഷണമാണ് ഇവിടുത്തെ സിറ്റി ഹാൾ. വിക്ടോറിയൻ, നെയോക്ലാസ്സിക്കൽ, റിണയിസൻസ് കാലയളവുകളിലെ വാസ്തു ശിൽപകലയുടെ വ്യത്യസ്ത ഭാവങ്ങളുടെ സങ്കലനമാണ് ഈ കെട്ടിട സമുച്ചയം എന്നു പറയാം.

അടുത്ത ദിവസം രാവിലെ മണലാലിന്റെ വീട്ടിൽ നിന്നും ഏതാണ്ട് മൂന്ന് കി.മീ. അകലെയുള്ള 'ക്രിസ്തുവിന്റെ ദിവ്യകാരുണ്യ ഹൃദയ ദേവാലയ'ത്തിൽ പോയി കുഴിനാപ്പുറത്തച്ചൻ ലത്തീൻ ക്രമത്തിൽ ഇംഗ്ലീഷ് ഭാഷയിൽ വി.കുർബാന അർപ്പിച്ചു. ഈ ഇടവകയുടെ വികാരി ഒരു മലയാളി വൈദികനായിരുന്നു. ഫാ. വർഗ്ഗീസ് കണ്ണനായിക്കൽ സി. എം. ഐ. ഏറെ സൗഹാർദ്ദത്തോടെയാണ് അദ്ദേഹം കുഴിനാപ്പുറത്തച്ചനെയും മണിലാലിനെയും ഇടവകയിലേക്ക് സ്വീകരിച്ചത്. വി. കുർബ്ബാനയ്ക്കു ശേഷം വികാരിയച്ചനോടൊപ്പം പ്രഭാതഭക്ഷണം കഴിച്ച് യാത്ര പറഞ്ഞു.

അന്ന് സന്ദർശനത്തിനായി മണിലാലും സംഘവും തെരഞ്ഞെടുത്തത് 'അഡോ എലിഫന്റ് നാഷണൽ പാർക്കാ'യിരുന്നു. ആനകളുടെ ഒരു വലിയ സംരക്ഷണ കേന്ദ്രമായിരുന്നു ഇത്. ഈസ്റ്റ് ലണ്ടനിൽ നിന്നും 250 കി. മീ. അകലെയായിരുന്നു ഈ വന്യമൃഗ സംരക്ഷണ പ്രദേശം. മൂന്നര മണിക്കൂർ ദൈർഘ്യമുള്ള കാർ യാത്രയായിരുന്നു അവിടേക്ക്.



**അഡോ വന്യമൃഗസംരക്ഷണകേന്ദ്രത്തിൽ നിന്നും**

പോർട്ട് എലിസബത്തിന് സമീപമാണ് ഈ വന്യമൃഗ സംരക്ഷണ കേന്ദ്രം സ്ഥിതിചെയ്തിരുന്നത്. ക്രൂഗർ നാഷണൽ പാർക്ക്, ട്രാൻസ് ഫ്രോണ്ടിയർ പാർക്ക് എന്നിവയ്ക്ക് ശേഷം സൗത്ത് ആഫ്രിക്കയിലുള്ള ഏറ്റവും



www.malankaralibrary.com

വലിയ മൃഗസംരക്ഷണകേന്ദ്രമായിരുന്നു ആദോ. 1640 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണമുണ്ട് ഈ പാർക്കിന്. ഇവിടെ ഇപ്പോൾ 600 ൽ പരം കാട്ടാനകൾ യഥേഷ്ടം വിഹരിക്കുന്നുണ്ട്. ആനകളെ കൂടാതെ സിംഹം റിനോസെറോസ്, ഒട്ടകപക്ഷി, വരയൻകുതിര, കാട്ടുപോത്ത്, മ്ലാവ്, കാട്ടുപന്നി തുടങ്ങിയ മൃഗങ്ങളും ഈ സങ്കേതത്തിലുണ്ട്. ഒരു വർഷം ഏകദേശം രണ്ടേമുക്കാൽ ലക്ഷം സന്ദർശകർ ഇവിടെ എത്തുന്നതായി കണക്കാക്കപ്പെടുന്നു.

ഈ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിലേക്കുള്ള പ്രവേശനത്തിന് ഫീസ് നൽകണമായിരുന്നു. ഒരാൾക്ക് 100 റാൻഡ് (സൗത്ത് ആഫ്രിക്കൻ കറൻസി) ആയിരുന്നു പ്രവേശന ഫീസ്. സംഘം ഈ സാങ്ച്വറിയിൽ പ്രവേശിച്ച് അല്പദൂരം പോയി കഴിഞ്ഞപ്പോൾ തന്നെ പാതയോരത്ത് കാട്ടാന കൂട്ടത്തെ കണ്ടു. വലുതും ചെറുതുമായി ഏതാണ്ട് ഇരുപതോളം വരുന്ന കാട്ടാനകൾ. വാഹനം കണ്ടിട്ടും അവയ്ക്ക് വലിയ ഭാവവ്യത്യാസം ഒന്നും ഉണ്ടായില്ല. അവ തീറ്റയും ഉല്ലാസവും ഒക്കെയായി തുടർന്നു. ആരും വാഹനത്തിൽ നിന്നും പുറത്തിറങ്ങാൻ പാടില്ല എന്നതായിരുന്നു സാംങ്ച്വറിയുടെ നിയമം. കാറ് നിർത്തിയിട്ട് ആനക്കൂട്ടത്തെ അടുത്തിരുന്ന് വീക്ഷിച്ചു. നമ്മുടെ നാട്ടിലെ ആനകളിൽ നിന്നും അവ വ്യത്യസ്തമായിരുന്നു. ആകാര സൗഷ്ഠവത്തിലും കൊമ്പുകളുടെ നീളത്തിലുമൊക്കെ. റോഡിന്റെ ഇടതു വശത്ത് ഒട്ടക പക്ഷികളും കാട്ടുപന്നികളും മ്ലാവുമൊക്കെ നിൽക്കുന്നതുകാണാമായിരുന്നു. പിന്നീടങ്ങോട്ടുള്ള യാത്രയിൽ ഇത്തരം മൃഗങ്ങളും ആനക്കൂട്ടവും ധാരാളമുണ്ടായിരുന്നു. നൂറുകണക്കിന് ആനകളെയും മറ്റു വന്യമൃഗങ്ങളെയും അവയുടെ ആവാസ കേന്ദ്രങ്ങളിൽ തന്നെ കാണാനായതിന്റെ സംതൃപ്തിയോടെയാണ് അവർ സംഘവും മുന്നോട്ട് പോയത്.



**അഡോ വന്യമൃഗസംരക്ഷണകേന്ദ്രത്തിലെ ആനക്കൂട്ടം**
**കുഴിനാപ്പുറത്തച്ചൻ പകർത്തിയ ദൃശ്യം**



www.malankaralibrary.com

തുടർന്ന് സംഘം നീങ്ങിയത് അഡോ റെസ്റ്റ്ക്യാമ്പിലേക്കായിരുന്നു. ഇവിടുത്തെ പ്രധാന ആകർഷണം ആനിമൽ മ്യൂസിയം ആയിരുന്നു. അവിടെ ആനകളുടെയും മറ്റ് വന്യമൃഗങ്ങളുടെയും അസ്ഥി പഞ്ജരങ്ങൾ സൂക്ഷിച്ചിരുന്നു. 1968 വരെ ഈ സങ്കേതത്തിലുണ്ടായിരുന്ന ആനകളിൽ ഏറ്റവും പ്രമുഖനായിരുന്നു 'ഹാപൂർ' എന്ന കൊമ്പൻ. ഈ ആനയുടെ തല, കൊമ്പുകൾ സഹിതം സ്റ്റഫ് ചെയ്ത് റെസ്റ്റ്ക്യാമ്പിലെ അനിമൽ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സൗത്ത് ആഫ്രിക്കൻ സർക്കാർ ഈ ആനയുടെ പേരിൽ ഒരു ജലതുരങ്കം (Water Hole) തന്നെ സ്ഥാപിച്ചിട്ടുണ്ട്. വിവിധ മൃഗങ്ങളുടെ തലയോട്ടികളും അസ്ഥികളും മറ്റും ഭിത്തി




**അഡോ റെസ്റ്റ് ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്ന ആനയുടെ അസ്ഥിപഞ്ജരം**

കളിന്മേൽ സ്ഥാപിച്ചിരിക്കുന്നത് ഏറെ ആകർഷകമായിട്ടായിരുന്നു. അവിടെ ഉച്ചഭക്ഷണത്തിനു ശേഷം സംഘം കൗതുക വസ്തുക്കൾ വാങ്ങുന്നതിനായി സമീപത്തുള്ള സ്റ്റോറിൽ കയറി. ഒരു പ്രധാന ആകർഷണമായിരുന്നു ഒട്ടക പക്ഷിയുടെ മുട്ടത്തോടുകൾ മനോഹരമായി അലങ്കരിച്ച് വച്ചിട്ടുള്ളത്. വിലയൽപ്പം കൂടുതലായിരുന്നെങ്കിലും ഫാ. തോമസ് രണ്ടെണ്ണം വാങ്ങി. അതോടൊപ്പം ആഫ്രിക്കൻ ആനകളുടെ മനോഹരമായ ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുള്ള ഒരു ചായക്കപ്പും വാങ്ങി. തിരികെ ഈസ്റ്റ് ലണ്ടനിലേക്ക് സഞ്ചരിക്കുമ്പോൾ തികച്ചും മനസ്സു നിറഞ്ഞ അനുഭവമായിരുന്നു ബഹു. അച്ചന്.



www.malankaralibrary.com





**അഡോ റെസ്റ്റ് ക്യാമ്പിൽ ഹാപ്പൂർ എന്ന ആനയുടെ അവശേഷിപ്പുകളോടൊപ്പം**

സൗത്ത് ആഫ്രിക്കൻ യാത്രയിലെ മറ്റൊരു മറക്കാനാവാത്ത കാഴ്ചയായിരുന്നു "ടൂ ഓഷ്യൻസ് അക്വേറിയം" (Two Oceans Aquarium). കേയ്പ് ടൗണിലായിരുന്നു ഈ അക്വേറിയം. 1995 നവംബർ 13 ന് ഉദ്ഘാടനം ചെയ്യപ്പെട്ട ഈ അക്വേറിയത്തിൽ നാലാൾ വലുപ്പമുള്ള സ്രാവുകളുടെയും ഇതര മനോഹര മത്സ്യങ്ങളുടെയും ഒരു വലിയ സങ്കേതം തന്നെ ഒരുക്കിയിരുന്നു. വർണ്ണ മനോഹരമായ ഒരു കാഴ്ച തന്നെയായിരുന്നു ഇത്. എണ്ണിയാൽ തീരാത്തത്ര 'ഫിഷ് ഗാലറി'കൾ കണ്ണ് കുളിർപ്പിക്കത്തക്കതായിരുന്നു; കടൽ കുതിര, മൊറോയ് ഈൽസ്, ക്ലൗൺഫിഷ്,




www.malankaralibrary.com


ടൂ ഓഷ്യൻസ് അക്വേറിയത്തിൽ നിന്നുള്ള ദൃശ്യം

ക്ലിപ് ഫിഷ്, സീസ്റ്റാഴ്സ്, ജെല്ലിഫിഷ്, ഷൈഷാർക്ക്, ജാപ്പനീസ് സ്പൈഡർ, ക്രാബ്സ്, അറ്റ്ലാന്റിക് ഹോഴ്സ്ഷൂ ക്രാബ്സ് തുടങ്ങിയ ഇനങ്ങളിൽപെട്ട കൂറ്റൻ മത്സ്യങ്ങളും ഞണ്ടുകളും ഇതര സമുദ്രജീവികളും ഏതൊരു സന്ദർശകനെയും അതിശയത്തിലാഴ്ത്താൻ പോരുന്നവയായിരുന്നു. ഈ ഗാലറികളിൽ കുറെയേറെ ക്രമീകരിച്ചിരുന്ന ഒരു പഴയ വൻ കപ്പലി ന്റെ അതിവിശാലമായ അറകൾക്കുള്ളിലായിരുന്നു. അതോടൊപ്പം പെൻഗ്വിനുകളുടെ ഒരു വൻശേഖരവും ഇവിടെയുണ്ടായിരുന്നു. ആഫ്രിക്കൻ ബ്ലാക്ക് ഫൂട്ടഡ് പെൻഗ്വിനുകളും, നോർത്തേൺ റോക്ക് ഹോപ്പർ പെൻഗ്വിനുകളുമായിരുന്നു ഇവിടെ ഉണ്ടായിരുന്നത്.

അടുത്ത ദിവസം മണിലാലും സുഹൃത്തുക്കളും ചേർന്ന് ബഹു. അച്ചനുവേണ്ടി ഒരുക്കിയത് ഓർമ്മയിൽ എന്നും തങ്ങി നിൽക്കുന്ന ഒരു ബോട്ടുയാത്രയായിരുന്നു. ബഫല്ലോ റിവർ ഹാർബറിന് കിഴക്കു വശ


ഈസ്റ്റ് ലണ്ടനിലെ ബോട്ട് യാത്രയിൽ നിന്നും



www.malankaralibrary.com



**നഹൂൺ നദിയിലെ ബോട്ട് യാത്ര**

ത്തായി ഈസ്റ്റ് ലണ്ടനിൽ കൂടി ഒഴുകുന്ന നഹൂൺ നദിയിലൂടെ 90 മിനിറ്റ് നീണ്ടു നിൽക്കുന്നതായിരുന്നു ഈ ബോട്ട് സഞ്ചാരം. റോയി, റെറ്റി, വിനീത്, വിനയ്, റെജി, ജയ, റിജിൻ, റെനിറ്റ്, മണിലാൽ, സിമി, അലൻ, ഡെയ്ൽ, പീയൂസ്, ഷൈനി, ജസ്റ്റിൻ, ജെഫിൻ, സുനിൽ, രാജി, ഷാനെ, ഷെറിൻ, എന്നിവരായിരുന്നു കുഴിനാപ്പുറത്തച്ചനെ കൂടാതെ ഈ ഉല്ലാസ ഓമല്ലൂർ സ്വദേശിയായ റെജിയുടെ ഭവനത്തിൽ എല്ലാവരും സമ്മേളിച്ച് ഉച്ചഭക്ഷണം തയ്യാറാക്കി കഴിച്ചു. എന്നും ഓർമ്മിക്കത്തക്ക ഒരു മനോഹരദിവസമായിരുന്നു അത്.

അടുത്ത ദിവസം ഈസ്റ്റ് ലണ്ടൻ നഗരത്തിൽ തന്നെ കേംബ്രിഡ്ജ് എന്ന സ്ഥലത്തുള്ള 'യേശുവിന്റെ ദിവ്യകാരുണ്യ ഹൃദയ ദേവാലയം' (Church of Eucharistic Heart of Jesus)ത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ ആരാധനാ ക്രമമനുസരിച്ച് കുഴിനാപ്പുറത്തച്ചൻ മലയാളത്തിൽ വി.കുർബ്ബാന അർപ്പിച്ചു. നൂറോളം വരുന്ന മലയാളി സമൂഹം വി. ബലിയിൽ സംബന്ധിച്ചു. പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് തിരുമേനിയുടെ അനന്തിരവൻ ഡോണിയായിരുന്നു ഈ കുർബ്ബാനയിൽ ശുശ്രൂഷകനായി ബഹു. അച്ചനെ സഹായിച്ചത്. കുർബ്ബാനയ്ക്കു ശേഷം എല്ലാവർക്കും ലഘു ഭക്ഷണവും ക്രമപ്പെടുത്തിയിരുന്നു.

ഈസ്റ്റ് ലണ്ടനിൽ നിന്നും കോക്ക്സ്റ്റഡ് എന്ന നഗരത്തിലേക്കായിരുന്നു അടുത്ത യാത്ര. കോക്ക്സ്റ്റഡ്വരെ മണിലാൽ കുഴിനാപ്പുറത്തച്ചനെ അനുഗമിച്ചു. കോക്ക്സ്റ്റഡിൽ ബഹു. അച്ചന് ആതിഥ്യമരുളിയത് അദ്ദേഹത്തിന്റെ ജൻമദേശമായ ഓമല്ലൂർ സ്വദേശിയായ കരിമ്പനാക്കുഴിയിൽ ബിജുവും കുടുംബവുമായിരുന്നു. ഫാ. തോമസിനെ ബിജുവിന്റെ വീട്ടിലാക്കിയിട്ട് മണിലാൽ തിരികെ ഈസ്റ്റ് ലണ്ടനിലേക്ക് പോയി. ബിജു,



www.malankaralibrary.com


സ്മിബുവും ബിജുവും


ഭാര്യ സോബി, മക്കളായ നിത്യ, നിതിൻ, എന്നിവരടങ്ങുന്നതായിരുന്നു ആ കുടുംബം. രാത്രിയിൽ ഏറെ നേരം നാട്ടിലെ വർത്തമാനങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു. അച്ചനും ബിജുവിനും അവസരം ലഭിച്ചു. അടുത്ത ദിവസം രാവിലെ കോക്ക്സ്റ്റഡ് ലത്തീൻ കത്തോലിക്കപ്പള്ളിയിൽ മലങ്കര റീത്തിൽ വി. കുർബ്ബാന അർപ്പിച്ചു. തുടർന്ന് ബിജുവിനോടും പത്തനംതിട്ട രൂപതയിലെ പ്രമുഖ വൈദികനായ ബഹു. ജോസ് ചാമക്കാലയിൽ കോർ എപ്പിസ്കോപ്പായുടെ സഹോദരപുത്രൻ സ്മിബുവിനോടും ഒപ്പം ക്വാസുലു നേറ്റാൾ പ്രവിശ്യയുടെ തലസ്ഥാനമായ പീറ്റർ മാരിറ്റ്സ് ബർഗ്ഗ് നഗരം സന്ദർശിച്ചു. ഇന്ത്യക്കാരെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു സൗത്താഫ്രിക്കൻ നഗരമാണിത്. 1893 ജൂൺ 7ന് നമ്മുടെ രാഷ്ട്രപിതാവയ മഹാത്മാ ഗാന്ധിക്ക് ഫസ്റ്റ് ക്ലാസ്സ് ടിക്കറ്റ് ഉണ്ടായിട്ടും ഫസ്റ്റ് ക്ലാസ് കമ്പാർട്ടുമെന്റിൽ ട്രെയിൻ യാത്ര നിഷേധിക്കപ്പെട്ട റെയിൽവേ സ്റ്റേഷൻ ഉൾപ്പെട്ട നഗരമായിരുന്നു ഇത്. ഗാന്ധിജിയുടെ മനസ്സിൽ 'സത്യാഗ്രഹം' എന്ന ആശയം ഉദിക്കുന്നതിന് ഏറെ സഹായിച്ച ഒരു സംഭവമായിരുന്നു ഇത്. 1993 ൽ ഈ നഗരത്തിലെ ചർച്ച് സ്ട്രീറ്റിൽ മഹാത്മാ ഗാന്ധിയുടെ പൂർണ്ണകായ വെങ്കല പ്രതിമ സ്ഥാപിച്ചുകൊണ്ടാണ് സൗത്താഫ്രിക്കൻ ഗവൺമെന്റ് ഈ സംഭവത്തിന്റെ ശതാബ്ധി ആചരിച്ചത്. ആർച്ച് ബിഷപ്പ് ഡസ്മണ്ട് ടുട്ടു ആയിരുന്നു ഈ സ്മാരകം അനാച്ഛാദനം ചെയ്തത്. മാരിറ്റ്സ്ബർഗിലെ കൊടും തണു


പീറ്റർ മാരിറ്റ്സ്ബെർഗിലെ
ഗാന്ധി പ്രതിമയ്ക്കരികിൽ



www.malankaralibrary.com

പ്പത്ത് ഗാന്ധിജി കഴിച്ചു കൂട്ടിയ ആ വെയിറ്റിംഗ് റൂം ഇന്ന് ഒരു ഗാന്ധി മ്യൂസിയമായി സംരക്ഷിക്കപ്പെടുന്നു. ഈ മുറിയും ചർച്ച് സ്ട്രീറ്റിലെ ഗാന്ധി പ്രതിമയും സന്ദർശിക്കുന്നതിന് ബഹു. അച്ചന് അവസരം ലഭിച്ചു.



മണ്ടേല ക്യാപ്ചർ സൈറ്റിലെ
ശില്പനത്തിനരികിൽ സ്മിബുവിനോടൊപ്പം

അടുത്ത ദിവസം ഹൗവിക്ക് (Howick) ലുള്ള നെൽസൺ മണ്ടേല കാപ്ചർ സൈറ്റ് (Nelson Mandela Capture Site) സന്ദർശിക്കുന്നതിനും കുഴിനാപ്പുറത്തച്ചന് സാധിച്ചു. 1962 ആഗസ്റ്റ് 5 ന് സൗത്താഫ്രിക്കൻ അപ്പാർത്തീഡ് പോലീസ് ആഫ്രിക്കൻ ജനതയുടെ സ്വാതന്ത്ര്യത്തിന്റെ മുന്നണി പോരാളിയായ നെൽസൺ മണ്ടേലയെ അറസ്റ്റ് ചെയ്ത സ്ഥലമാണിത്. ഇവിടെ സ്ഥിതി ചെയ്യുന്ന മ്യൂസിയം മണ്ടേലയുടെ അറസ്റ്റിനെയും തുടർന്നുള്ള 27 വർഷത്തെ ജയിൽ വാസത്തെയും സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ നൽകുവാൻ പോരുന്നതാണ്. ഇവിടുത്തെ സുപ്രധാന കാഴ്ച 50 സ്റ്റീൽ തൂണുകളിൽ ആലേഖനം ചെയ്തിരിക്കുന്ന മണ്ടേലയുടെ ചിത്രമാണ്. മാർക്കോ ക്യാഫനേല്ലി, ജെറമി റോസ് എന്നീ ശിൽപ്പികൾ നിർമ്മിച്ച ഏറെ പ്രത്യേകതകൾ നിറഞ്ഞ ശിൽപ്പമാണിത്. ഒരു പ്രത്യേക കോണിൽ നിന്ന് നോക്കിയാൽ മാത്രമേ അൻപത് തൂണുകളിലൂമായി മണ്ടേലയുടെ ചിത്രം വ്യക്തമാവുകയുള്ളൂ. 6 മുതൽ 9.5 മീറ്റർ വരെ ഉയരമുള്ള ഈ തൂണുകളുടെ മൊത്ത വ്യാപ്തി 30 മീറ്ററാണ്. കാഴ്ചക്കാരിൽ അത്ഭുതമുളവാക്കുന്ന ശിൽപ്പമാണിത്. ഈ സന്ദർശനങ്ങൾക്ക് ശേഷം ബഹു. അച്ചൻ ദർബനിലെ കിംഗ് ഷാക്കാ ഇന്റർനാഷ



www.malankaralibrary.com

ണൽ എയർപോർട്ടിൽ നിന്നും തിരികെ ജോഹനെസ്ബെർഗ്ഗിലേക്ക് യാത്ര യായി. രാജൻ സാറിനോടും കുടുംബത്തോടുമൊപ്പം ഒരു ദിവസം കൂടി ചെലവഴിച്ചിട്ട് സൗത്ത് ആഫ്രിക്കയുടെ ഒത്തിരി മനോഹര ചിത്രങ്ങളും മനസ്സിൽ പേറിക്കൊണ്ട് ഇന്ത്യയിലേക്ക് പറന്നു.



**ക്യാപ്റ്റൻ മനീഷിനോടും കുടുംബത്തോടുമൊപ്പം**

തിരികെ മുംബെയിലെത്തിയപ്പോൾ കുഴിനാപ്പുറത്തച്ചനെ സ്വീകരി ക്കാൻ അദ്ദേഹത്തിന്റെ സുഹൃത്ത് എയർ ഇന്ത്യയുടെ വൈമാനികനും മലയാളിയുമായ ക്യാപ്റ്റൻ മനീഷും കുടുംബവുമുണ്ടായിരുന്നു. മനീ ഷിന്റെ ഭാര്യ പ്രൊഫ. അനു മുംബൈയിലെ വിദ്യാവർദ്ധിനി എഞ്ചിനീ യറിംഗ് കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്യുന്നു. അവ രുടെ ശൈശവം വിട്ടിട്ടില്ലാത്ത ഏകമകൻ ധ്രുവ്. അവരോടൊപ്പം മനോ ഹരമായ ഒരു സന്ധ്യ ബഹു. അച്ചൻ ചെലവഴിച്ചു. സൗത്താഫ്രിക്കയിൽ നിന്നും കൊണ്ടുവന്ന ഒട്ടകപക്ഷിയുടെ മുട്ടകളിൽ ഒന്ന് ആ കുടുംബ ത്തിന് സമ്മാനിച്ചു. രാത്രിയിൽ അവർ കുഴിനാപ്പുറത്തച്ചനെ സാകിനാക മലങ്കര കത്തോലിക്കാ ദേവാലയത്തിൽ എത്തിച്ചു. അന്ന് രാത്രി അവിടെ ഫാ. ഫിലിപ്പ് പുലിപ്രയോടൊപ്പം ചെലവഴിച്ചതിനുശേഷം തിരുവനന്ത പുരത്തിനു വിമാനം കയറി.



www.malankaralibrary.com

# ഉപസംഹാരം

**യാ**ത്രകൾ ബഹു. കുഴിനാപ്പുറത്തച്ചന് സമ്മാനിച്ചത് എന്നും അറിവിന്റെ പുതിയ വെളിച്ചങ്ങൾ തന്നെയായിരുന്നു. ഇന്ത്യയ്ക്കകത്തും വിദേശങ്ങളിലുമായി വേറെയും യാത്രകൾ അദ്ദേഹം നടത്തിയിട്ടുണ്ട്. പ. ദൈവമാതാവിന്റെ പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ പോർച്ചുഗലിലെ ഫാത്തിമ, സ്പെയിനിലെ മാഡ്രിഡ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് നടത്തിയ യാത്രകൾ ഏറെ അവിസ്മരണീയങ്ങളായിരുന്നു. ഇന്ത്യയിലെ പ്രധാന യാത്രകൾ ആൻഡമാൻ നിക്കോബാർ ദ്വീപ് സമൂഹങ്ങളിലേക്കും, ഡൽഹി, ആഗ്ര, മുംബൈ, ജയ്പൂർ, ഗോവ, ചെന്നൈ തുടങ്ങിയ നഗരങ്ങളിലേക്കുമായിരുന്നു. ഇന്ത്യയിലെ യാത്രകളുടെ പ്രധാന ഉദ്ദേശ്യം കുടുംബാംഗങ്ങളെ സന്ദർശിക്കുക എന്നതായിരുന്നു. ഏറെ സന്തോഷവും നന്മ നിറഞ്ഞ അനുഭവങ്ങൾ പങ്കുവച്ചവയായിരുന്നു ഈ യാത്രകളെല്ലാം തന്നെ.



www.malankaralibrary.com



ഭാഗം - 3

# ഓർമ്മകളുടെ ചിത്രശാല



www.malankaralibrary.com

# I
# കുടുംബം നന്മയുടെ ഉറവിടം



കുഴിനാപ്പുറത്തച്ചന്റെ പിതാവ് ജോൺ തോമസും മാതൃസഹോദരീ ഭർത്താക്കന്മാരായ ചാക്കോ, ജോർജ്ജ് എന്നിവരും



കുഴിനാപ്പുറത്ത് കുടുംബത്തിലെ ഏറ്റവും മുതിർന്ന അംഗമായ ചിന്നമ്മയും സഹോദരൻ കെ.കെ. ജോണും



കുഴിനാപ്പുറത്ത് കുടുംബത്തിലെ സമർപ്പിത സമൂഹത്തോടൊപ്പം



www.malankaralibrary.com



സഹോദരപുത്രിയായ സിജിയും കുടുംബവും പ. കാതോലിക്കാബാവ തിരുമേനിയോടൊപ്പം



മൂത്തസഹോദരി മേരിക്കുട്ടിയുടെ കുടുംബത്തോടൊപ്പം



സഹോദരങ്ങളായ തങ്കമ്മ, പൊടിമോൾ, ജോസഫ് എന്നിവരും കുടുംബാംഗങ്ങളും



www.malankaralibrary.com



സഹോദരകുടുംബാംഗങ്ങളോടൊപ്പം കോയമ്പത്തൂരിൽ




ജയ്പൂരിലെ കുടുംബാംഗങ്ങളോടൊപ്പം



പൂനെയിലെ കുടുംബാംഗങ്ങളോടൊപ്പം



www.malankaralibrary.com



സഹോദരപൗത്രി
ആഞ്ജലീന മോൾക്കൊപ്പം



സഹോദരീപൗത്രി അന്നമോളുടെ
ആദ്യകുർബ്ബാന സ്വീകരണ വേളയിൽ



പിതൃസഹോദരപുത്രൻ സാബു
തോമസിന്റെ കുടുംബത്തോടൊപ്പം



കുടുംബത്തിൽ ഒരു ഭക്ഷണനേരം




www.malankaralibrary.com



ജ്യേഷ്ഠസഹോദരൻ അനിയൻകുഞ്ഞും ഭാര്യ ലിസ്സിയും



മാതൃസഹോദരപുത്രൻ രാജൻ ജോർജ്ജ് ആൻഡമാൻ കടൽത്തീരത്ത്
കുഴിനാപ്പുറത്തച്ചൻ പകർത്തിയ ചിത്രം



വലിയവീട്ടിൽ കുടുംബാംഗങ്ങളോടൊപ്പം



www.malankaralibrary.com

# II
# പ്രേഷിത ഭൂമിയിൽ



പ. കാതോലിക്കാബാവ തിരുമേനിയോടും മേജർ അതിഭദ്രാസനത്തിലെ
വൈദിക കൂട്ടായ്മയോടുമൊപ്പം ഗോവയിൽ



വി. അൽഫോൻസാമ്മയുടെ കബറിടത്തിലെ വൈദിക കൂട്ടായ്മയിൽ




അഭി. ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ രോഗശയ്യയ്ക്കരികിൽ



www.malankaralibrary.com



**സഹോദര വൈദികരോടൊപ്പം ഗോവയിലെ
വി. ഫ്രാൻസിസ് സേവ്യറിന്റെ കബറിടത്തിൽ**




**തിരുവനന്തപുരം മലങ്കര കൺവെൻഷന്റെ
ലോഗോ പ്രകാശനം**



**2012 ൽ റോമിൽ നടന്ന കർദ്ദിനാൾ
കൺസിസ്റ്ററിയിൽ ഫാ. മാത്യു കണ്ടത്തിലിനൊപ്പം**



**വന്ദ്യ തോമസ് താന്നിക്കാക്കുഴി കോർഎപ്പിസ്കോപ്പായോടൊപ്പം ജർമ്മനിയിൽ**



www.malankaralibrary.com



ആലുവാ സെമിനാരിയിൽ സഹപാഠിയായിരുന്ന
ഫാ. മാത്യു പുന്നത്താനത്ത്കുന്നേലിനോടൊപ്പം



തിരുവനന്തപുരം മൈനർ സെമിനാരി ബാച്ചിലെ സഹപാഠിയായ
ഫാ. ഗീവർഗ്ഗീസ് കല്ലിട്ടയിലിനോടൊപ്പം



തിരുവനന്തപുരം മേജർ അതിഭദ്രാസന കോടതിയിലെ സഹപ്രവർത്തകരായ
സി. ഡോ. നോബിൾ തെരേസ് ഡി. എം., സി. ഐറിൻ ഡി.എം. എന്നിവരോടൊപ്പം



www.malankaralibrary.com



**സൗത്താഫ്രിക്കൻ സന്ദർശനവേളയിൽ ജൊഹാനെസ്ബർഗിലെ ബഥനി സിസ്റ്റേഴ്സിനോടൊപ്പം**



**തിരുവനന്തപുരത്തെ സേക്രട്ട് ഹാർട്ട് സിസ്റ്റേഴ്സിനോടൊപ്പം**



**ആലുവ സെമിനാരിയിലെ മലങ്കരക്കാരായ ഫിലോസഫി സ്റ്റുഡൻസിനോടൊപ്പം**



www.malankaralibrary.com



ഫാ. സഖറിയാസ് നന്ത്യാട്ട് ഒ.ഐ.സി.,
ബഥനി വൈദിക വിദ്യാർത്ഥികൾ എന്നിവരോടൊപ്പം പൂനെയിൽ



പൊറ്റയിൽ, പാമാംകോട് ഇടവകകളിലെ
വൈദിക വിദ്യാർത്ഥികളോടൊപ്പം ഉല്ലാസയാത്രയിൽ




റെക്ടർ ഫാ. ജൂബി കുഴിനാപ്പുറത്തിനോടും മൈനർ സെമിനാരി
വിദ്യാർത്ഥികളോടുമൊപ്പം പുത്തൂർ രൂപതയിൽ



www.malankaralibrary.com



അഭി. തോമസ് മാർ യൗസേബിയോസ് തിരുമേനിയോടും പൂഴിക്കുന്ന് ഇടവകയിലെ ആദ്യ കുർബ്ബാന സ്വീകരിച്ച കുഞ്ഞുങ്ങളോടുമൊപ്പം



കാഞ്ഞിരംപാറ ഇടവകയിലെ സൺഡേ സ്കൂൾ കുഞ്ഞുങ്ങളോടൊപ്പം



അഞ്ചാമട ഇടവകയിലെ ദൈവജനത്തോടൊപ്പം ഓണാഘോഷവേളയിൽ



www.malankaralibrary.com


# III
# സാംസ്കാരിക രംഗത്ത്



**പ. കാതോലിക്കാ ബാവ തിരുമേനിയോടും ഗാനഗന്ധർവ്വൻ യേശുദാസിനോടുമൊപ്പം തിരുവനന്തപുരം അരമനയിൽ**



**കവി പാലാ നാരായണൻ നായരുടെ പേരിലുള്ള പുരസ്കാരദാന വേദിയിൽ ഡോ. പുതുശ്ശേരി രാമചന്ദ്രനോടൊപ്പം**



**കവടിയാർ കൊട്ടാരത്തിൽ രാജകുടുംബാംഗം അവിട്ടം തിരുനാൾ ആദിത്യവർമ്മയോടും ദീപികയിലെ സഹപ്രവർത്തകരോടുമൊപ്പം**



www.malankaralibrary.com



**ഡോ. ഡി. ബാബുപോൾ പൊറ്റയിൽ ഇടവകയിലെ
വിദ്യാർത്ഥികളുമായി സംവദിക്കുന്നു**




**വിദ്യാഭ്യാസ സമ്മേളനത്തിൽ ശ്രീ. ടി.പി. ശ്രീനിവാസനൊപ്പം**



**ചീക്കനാൽ ഗവ. എൽ.പി. സ്കൂളിലെ വാർഷിക സമ്മേളനത്തിൽ
ആറന്മുള എം.എൽ.എ. ശ്രീമതി. വീണാ ജോർജ്ജിനൊപ്പം**



www.malankaralibrary.com



ദീപിക സംഘടിപ്പിച്ച കേരളകർഷക ജാഥയെത്തുടർന്ന് മുഖ്യമന്ത്രി
ശ്രീ. പിണറായി വിജയനുമായുള്ള കൂടിക്കാഴ്ചയിൽ നിന്ന്




കേരളത്തിന്റെ മുൻ ചീഫ് സെക്രട്ടറി ശ്രീ. സി.പി. നായരുമൊത്ത്




കൈരളി പീപ്പിൾ ചാനലിലെ വട്ടമേശ എന്ന സംവാദപരിപാടിയിൽ നിന്ന്



www.malankaralibrary.com



**ഡോ. ശശി തരൂർ എം.പി.യോടൊപ്പം**



**തോന്നയ്ക്കൽ ആശാൻ സ്മാരകത്തിലെ
സാംസ്കാരിക സമ്മേളന ഉദ്ഘാടനവേദിയിൽ നിന്ന്**



**ചീക്കനാൽ ഗവ. എൽ.പി. സ്കൂളിൽ കിന്റർഗാർട്ടൻ
സെക്ഷൻ ഉദ്ഘാടന സമ്മേളനം**



www.malankaralibrary.com



ദീപികയുടെ ചീഫ് എഡിറ്റർ റവ. ഡോ. ജോർജ്ജ് കുടിലിലിനെ
തിരുവനന്തപുരം ഓഫീസിലേക്ക് സ്വീകരിക്കുന്നു. ദീപിക എം.ഡി.
വെരി. റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ സമീപം



ചിന്തയിൽ മുഴുകി



ഒരു കുഴിനാപ്പുറത്ത് സംരംഭമായ
ലേക്ക് മൗണ്ട് ഹൗസ്ബോട്ടിൽ



ശിശുദിനറാലിയിൽ പൊറ്റയിൽ സെന്റ് മേരീസ് സ്കൂളിലെ കുഞ്ഞുങ്ങളോടൊത്ത്



www.malankaralibrary.com




**2012 മെയ് 20 ന് സുഹൃത്തായ കൊല്ലം ബാബു അരമണിക്കൂർ കൊണ്ട് മുഖത്ത് നോക്കി വരച്ച പോർട്രെയിറ്റ്**



6 വീക്ഷണം TVM ദീപിക

# പാളം തെറ്റുന്ന കൗമാരം

**2012 മെയ് 19 ലെ ദീപിക ദിനപ്പത്രത്തിന്റെ എഡിറ്റോറിയൽ പേജിൽ 'പാളം തെറ്റുന്ന കൗമാരം' എന്ന ലേഖനം പ്രസിദ്ധീകൃതമായപ്പോൾ**



www.malankaralibrary.com

# IV
# ജീവകാരുണ്യ പാതയിൽ



ദീപികയുടെ ജീവകാരുണ്യസംരംഭമായ ക്യാൻസർ അവെർനെസ്സ് പ്രോഗ്രാമിന്റെ ലോഗോ കേരള നിയമസഭാ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പ്രകാശനം ചെയ്തപ്പോൾ. ദീപിക ചീഫ് എഡിറ്റർ റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ സമീപം



ഓമല്ലൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ഫ്രാൻസിസ് ജോൺ കുഴിനാപ്പുറത്ത് മെമ്മോറിയൽ എൻഡോവ്മെന്റുകൾ വിതരണം ചെയ്ത സമ്മേളനത്തിൽ കുടുംബാംഗങ്ങളോടൊപ്പം



www.malankaralibrary.com




**പത്തനാപുരം ഗാന്ധിഭവനിലെ ഓണാഘോഷത്തിൽ നിന്ന്**



**കുമാരപുരം ബഥാനിയ റീഹാബിലിറ്റേഷൻ സെന്ററിൽ ജൂബിലി ആഘോഷിച്ചപ്പോൾ**



**ബാലരാമപുരം വൈദികജില്ലാ എം.സി.വൈ.എം. സംഘടിപ്പിച്ച പരിസ്ഥിതി ദിന ആഘോഷത്തിൽ നിന്ന്**



**മൂന്നാംമൂട് സെന്റ് ജോസഫ്സ് ഹോമിലെ കുഞ്ഞുങ്ങളോടൊത്ത്**



www.malankaralibrary.com

# V
# ബാല്യകാല സൗഹൃദങ്ങൾ



വട്ടക്കൂട്ടത്തിൽ റോബിയോടും കുടുംബത്തോടുമൊപ്പം



താഴേതിൽ ഷെർലി തോമസിനോടും കുടുംബത്തോടുമൊപ്പം




www.malankaralibrary.com

# VI
# രജതജൂബിലി ആഘോഷങ്ങളിൽ നിന്നും



പ. കാതോലിക്കാബാവായോടും അഭിവന്ദ്യ പിതാക്കാന്മാരോടുമൊപ്പം



റാന്നി ട്രിനിറ്റി ആശ്രമാധിപനും
ഓമല്ലൂർ സ്വദേശിയുമായ വെരി.
റവ. ഔഗേൻ റമ്പാച്ചനോടൊപ്പം



ശ്രീമതി ഷൈനി വിൽസ് ടീച്ചർ
പുസ്തക രൂപത്തിൽ തയ്യാ
റാക്കി നൽകിയ തീം കേക്ക്




www.malankaralibrary.com



ആറന്മുള എം.എൽ.എ. ശ്രീമതി. വീണ ജോർജ്ജ് പൊന്നാട അണിയിക്കുന്നു. അഭി. സാമുവേൽ മാർ ഐറേനിയസ് തിരുമേനി, ഫാ. മാത്യു ചന്ദ്രൻ കുന്നേൽ എന്നിവർ സമീപം



വൈദിക കൂട്ടായ്മയിൽ



ഓമല്ലൂർ സ്വദേശികളായ വൈദികരോടൊപ്പം




www.malankaralibrary.com



**ഇടവകവികാരി ഫാ. വർഗ്ഗീസ് തയ്യിൽ ഉപഹാരം സമർപ്പിക്കുന്നു**



**പകലോമറ്റം മഹാകുടുംബയോഗത്തിന്റെ തിരുവനന്തപുരം ചാപ്റ്റർ പ്രസിഡന്റ് ശ്രീ. റ്റി.ഒ. ജേക്കബ് ഐ.പി.എസ്. ഉപഹാരം സമർപ്പിക്കുന്നു. ശ്രീ. മോഹൻ വർഗ്ഗീസ് ശ്രീ. ബിജു ഉമ്മൻ എന്നിവർ സമീപം**



**കുഴിനാപ്പുറത്ത് കുടുംബയോഗം സെക്രട്ടറി ഷിബു കെ.എസിനോടൊപ്പം**



www.malankaralibrary.com



**പാമാംകോട് ഇടവകാംഗങ്ങളോടൊപ്പം**



ഓമല്ലൂർ ചീക്കനാൽ സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാപള്ളിയിൽ റവ.ഡോ. തോമസ് കുഴിനാപ്പുറത്തിന്റെ പൗരോഹിത്യ രജതജൂബിലിയോടനുബന്ധിച്ചു നിർമിച്ച ഗ്രോട്ടോ കൂദാശ നിർവഹിച്ച കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ,. മെത്രാപ്പോലീത്തമാരായ യൂഹാനോൻ മാർ ക്രിസോസ്റ്റം, സാമുവേൽ മാർ ഐറേനിയോസ്, തോമസ് മാർ യൗസേബിയോസ് എന്നിവരെ ദേവാലയത്തിലേക്ക് സ്വീകരിക്കുന്നു.

റവ.ഡോ.തോമസ് കുഴിനാപ്പുറത്തിന്റെ പൗരോഹിത്യ രജതജൂബിലി

## പൗരോഹിത്യം സാമൂഹിക നവോത്ഥാനത്തിനു പ്രചോദനമാകണം: കർദിനാൾ മാർ ക്ലീമിസ്

**ഓമല്ലൂർ:** പൗരോഹിത്യ ശുശ്രൂഷ സാമൂഹിക നന്മയ്ക്കുള്ള ഉപാധിയും പ്രചോദനവുമാകണമെന്ന് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. ചീക്കനാൽ സെന്റ് പീറ്റേഴ്സ് പള്ളിയിൽ ദീപിക തിരുവനന്തപുരം യൂണിറ്റ് റസിഡന്റ് മാനേജർ റവ. ഡോ.തോമസ് കുഴിനാപ്പുറത്തിന്റെ പൗരോഹിത്യ രജതജൂബിലിയോടനുബന്ധിച്ച ഗ്രോട്ടോ കൂദാശ നിർവഹിച്ചു സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

സഭയ്ക്കും സമൂഹത്തിനും ഫാ.ഡോ.തോമസ് കുഴിനാപ്പുറത്ത് നൽകിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ ഏറെ വിലമതിക്കപ്പെടുന്നതാണെന്നും കർദിനാൾ പറഞ്ഞു.

ഗ്രോട്ടോ കൂദാശയ്ക്ക് പത്തനംതിട്ട രൂപതാധ്യക്ഷൻ ഡോ. സാമുവേൽ മാർ ഐറേനിയോസ്, പാറശാല രൂപതാധ്യക്ഷൻ ഡോ.തോമസ് മാർ യൗസേബിയോസ്, ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നിവർ സഹകാർമികരായിരുന്നു. ഫാ. ഡോ.തോമസ് കുഴിനാപ്പുറത്ത് കൃതജ്ഞതാബലിയർപ്പണം നടത്തി.


തുടർന്ന് നടന്ന സമ്മേളനം പത്തനംതിട്ട രൂപതാധ്യക്ഷൻ ഡോ.സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. വീണാ ജോർജ് എംഎൽഎ അധ്യക്ഷത വഹിച്ചു. ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം അനുഗ്രഹപ്രഭാഷണം നടത്തി. ദീപിക മാനേജിംഗ് ഡയറക്ടർ ഫാ.മാത്യു ചന്ദ്രൻകുന്നേൽ മുഖ്യസന്ദേശം നൽകി പുസ്തക പ്രകാശനം നിർവഹിച്ചു. മദർ ഹൃദ്യ എസ്ഐസി, ജോയി വളവിൽ, സേവ്യർ കോശി കുഴിനാപ്പുറത്ത്, വികാരി ഫാ. വർഗീസ് തയ്യിൽ എന്നിവർ പ്രസംഗിച്ചു. ദീപിക എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഡോ.റെജി മനയ്ക്കലേട്ട് ആശംസകൾ നേർന്നു.

**ജൂബിലി ആഘോഷം പത്രവാർത്തകളിൽ**



www.malankaralibrary.com

# VII
# യാത്രകൾ, വിശേഷങ്ങൾ



താജ്മഹലിനുമുന്നിൽ



ആഗ്രഫോർട്ട് പരിസരത്ത് അണ്ണാറ
ക്കണ്ണനോട് ഒരു കുശലാന്വേഷണം




ജയ്പൂർ പാലസിൽ നിന്നും



www.malankaralibrary.com



ഒരു ഇറ്റാലിയൻ സന്ദർശനവേളയിൽ
സിഞ്ഞോർ എൻസോ ഫൊന്താന
പകർത്തിയ ചിത്രം



സൗത്താഫ്രിക്കയിലെ
നഹൂൺ നദിയിലെ
ബോട്ട് യാത്രയിൽ നിന്ന്



ഈസ്റ്റ് ലണ്ടൻ അക്വേറിയത്തിലെ
നീർനായ



ആൻഡമാനിലെ സെല്ലുലാർ
ജയിലിനു മുന്നിൽ



www.malankaralibrary.com

# VIII
# ഫാ. തോമസ് ക്യാമറയിൽ പകർത്തിയ ചില ദൃശ്യങ്ങൾ



**സൂര്യാസ്തമയം ഒരു ആകാശകാഴ്ച. 2018 ജാനുവരി 30 ന് തിരുവനന്തപുരത്ത് നിന്നും കൊച്ചിയിലേക്ക് നടത്തിയ വിമാനയാത്രയിൽ വിമാനത്തിന്റെ ജനാലയിൽക്കൂടി പകർത്തിയ ചിത്രം**



**ആംസ്റ്റർഡാം സിറ്റി ഒരു ഉയരങ്ങളിൽ നിന്നും**



www.malankaralibrary.com



**സൗത്താഫ്രിക്കയിലെ അഡോ നാഷണൽ എലിഫന്റ് പാർക്കിൽ നിന്നും**




**ആൻഡമാനിലെ റോസ് ഐലന്റിൽ നിന്നും**



www.malankaralibrary.com



വി. ജോൺ പോൾ II മാർപ്പാപ്പയുടെ വിശുദ്ധനാമകരണചടങ്ങിൽ നിന്ന്



ഗ്രീസിലെ ആഥൻസ് സിറ്റി



www.malankaralibrary.com




ചാലക്കുടി പുഴയിലെ മീൻപിടുത്തം



ആൻഡമാനിലെ പോർട്ട് ബ്ലെയറിൽ നിന്നുള്ള ദൃശ്യം



www.malankaralibrary.com



ഭാഗം - 4

# സാഹിത്യ സപര്യ

www.malankaralibrary.com



### കുഴിനാപ്പുറത്തച്ചന്റെ സാഹിത്യശൈലിക്കൊരാമുഖം

# ക്രിസ്ത്വാനുഭവത്തിലേക്ക് തുറക്കുന്ന വാതിൽ

**സുകന്യ പാമാംകോട്**

**അ**ത്യുന്നതനായ ദൈവത്തോടുള്ള ദൈവജനത്തിന്റെ സംവാദമാണ് പ്രാർത്ഥന. ഹൃദയത്തിൽ നിന്നുരുവായി അധരത്തിലൂടെ അവിടുന്ന് നമ്മോട് സംവദിക്കുന്നു. ദൈവികമായ പ്രബോധനങ്ങൾ മനസ്സിലാക്കാൻ ബലഹീനനായ മനുഷ്യന് പലപ്പോഴും കഴിയാതെ പോകാറുണ്ട്. അത്തരം വേളകളിൽ സാധാരണക്കാരന് സഹായിയായി നല്ല ഇടയന്മാരെ ദൈവം തെരഞ്ഞെടുത്ത് നൽകുന്നു. അത്തരത്തിൽ ആത്മീയ രഹസ്യങ്ങളെ ദൈവജനത്തിന് ലളിതമായ രിതിയിൽ മനസ്സിലാക്കിത്തരാൻ തെരഞ്ഞെടുക്കപ്പെട്ട ഇടയൻ തന്നെയാണ് ബഹു. തോമസ് കുഴിനാപ്പുറത്ത് അച്ചൻ. സമുചിതമായി ഭാഷ കൈകാര്യം ചെയ്യാനുള്ള പ്രാവീണ്യം കുഴിനാപ്പുറത്ത് അച്ചന്റെ രചനകളിൽ കൃത്യമായി കാണാം. ബഹു. അച്ചന്റെ 'കാനോനിക പഠനങ്ങ'ളും 'ദൈവജനം' എന്ന അതിവിശിഷ്ട ഗ്രന്ഥവും ആത്മീയതയുടെ ഒരായിരം തിരിനാളങ്ങൾ തെളിയിക്കുന്നു. അതേ സമയം അവയിലെ ഭാഷാപരമായ സവിശേഷതകളും പഠനവിധേയമാകേണ്ടതു തന്നെ. അതിനായുള്ള എളിയ ഉദ്യമമാണ് ഇവിടെ നടത്തുന്നത്.

ഭാഷ ആത്മപ്രകാശനോപാധിയാണ്. ഒരു വ്യക്തിയിൽ അന്തർലീനമായിരിക്കുന്ന ആശയങ്ങളും ചിന്താസരണികളും മറ്റുള്ളവരിലേക്ക് സംവേദനം ചെയ്യുന്നതിന് ഭാഷയാണ് ആശ്രയമാകുന്നത്. ദൈവിക രഹസ്യങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്ത സാധാരണക്കാരന് പ്രത്യാശ പകർന്നുകൊണ്ട് ഭാഷ തന്നെയാണ് പ്രവർത്തിക്കുന്നതും. ഭാഷ എത്രത്തോളം ലളിതമാകുന്നുവോ അത്രത്തോളം എല്ലാ വിഭാഗം വ്യക്തികളിലും സ്വാധീനം ചെലുത്തും. എന്നാൽ ഭാഷാലാളിത്യം കൊണ്ടു മാത്രം ഒരു കൃതി ശ്രേഷ്ഠമാകുന്നില്ല. ഏറ്റവും ഹൃദ്യവും സ്പഷ്ടവുമായി ആശയങ്ങൾ സംവേദനം ചെയ്യപ്പെടണം എന്നതും പ്രസക്തമാണ്. പ്രത്യേകിച്ചും ആത്മീയവും ദൈവശാസ്ത്രാധിഷ്ഠിതവുമായ പ്രബന്ധങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അതിലെ ഭാഷ വസ്തുനിഷ്ഠവും ശക്തവും ആയിരിക്കണം.

കുഴിനാപ്പുറത്ത് അച്ചന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രബന്ധങ്ങളുടെ സമാഹാരങ്ങളാണ് 'ദൈവജന'വും 'കാനോനിക പഠനങ്ങളും'. ഭാഷ



www.malankaralibrary.com

യുടെ എല്ലാവിധ സവിശേഷതകളും ഇവയിൽ പ്രതിഫലിക്കുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്. വളരെ സങ്കീർണ്ണമായ ദൈവശാസ്ത്രസംബന്ധിയായ വസ്തുതകളെ ലളിതമായും സാധാരണക്കാരന് പോലും പ്രയോജനപ്രദമാകുന്ന രീതിയിലും സമന്വയിപ്പിക്കാൻ തന്റെ രചനകളിലൂടെ അച്ചന് സാധിച്ചിട്ടുണ്ട്. കാനോനിക നിയമങ്ങൾ ജനകീയമാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഗൗരവപൂർണ്ണമായ ഒരു വിഷയം കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട ഔചിത്യവും മിതത്വവും പാലിച്ചിരിക്കുന്നു എന്നത് എടുത്തു പറയേണ്ടതു തന്നെയാണ്. ഹൃദയാവർജ്ജകമായ നിരവധി വാക്യങ്ങളിലൂടെ കടന്നു പോകുമ്പോൾ നൂതനമായ അനുഭവങ്ങൾ ഇതൾ വിടരുമെന്നതിൽ സംശയമില്ല.

പരിശുദ്ധസഭയെ ക്രിസ്തുവിന്റെ ശരീരമായും മണവാട്ടിയായും കൽപ്പിക്കുന്നത് നമുക്ക് സുപരിചിതമാണ്. 'രക്ഷയുടെ കൂദാശയാണ് സഭ' എന്ന കാഴ്ചപ്പാട് വേറിട്ട ചിന്തകളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. 'രക്ഷ' എന്ന പദത്തിന്റെ അർത്ഥവ്യാപ്തിയും അദൃശ്യമായ ദൈവകൃപയുടെ ദൃശ്യമായ അടയാളമെന്ന് വിശേഷിപ്പിക്കാവുന്ന കൂദാശയുടെ മഹത്ത്വവും സമഞ്ജസമായി സമ്മേളിക്കുന്ന ഒരു വീക്ഷണം 'സഭ' എന്നതിൽ നൽകിയിരിക്കുന്നു. മാനവകുലത്തിന് യേശുക്രിസ്തുവിനാൽ നൽകപ്പെട്ട രക്ഷയെക്കുറിച്ച് പറഞ്ഞുകൊണ്ട് നിയമാധിഷ്ഠിതമായ രക്ഷയിലേക്ക് ശ്രദ്ധകേന്ദ്രീകരിക്കുന്നതായി കാണാം.

വാച്യമായ അർത്ഥത്തിനുപരി അനേകം വ്യംഗ്യാർത്ഥങ്ങളെ രൂപപ്പെടുത്തിയെടുക്കാൻ ഭാഷയ്ക്കുള്ള കഴിവിനെ അച്ചൻ ഉപയോഗിച്ചിട്ടുണ്ട്. അതിന് ഉത്തമ ദൃഷ്ടാന്താണ് 'ആത്മാക്കളുടെ രക്ഷ' എന്ന പ്രയോഗം. ദൈവജനത്തിന്റെ രക്ഷ എന്ന അർത്ഥത്തിൽ ഈ പ്രയോഗത്തെ കാണാമെങ്കിലും ക്രൈസ്തവേതര വിഭാഗക്കാരായ വ്യക്തികളെക്കൂടി ഈ സംജ്ഞയിൽ ഉൾപ്പെടുത്തുന്നുണ്ട്. മാത്രമല്ല നശ്വരവും അപ്രധാനവുമായ ശരീരത്തെയല്ല, സുപ്രധാനമായ ആത്മാവിനെ തന്നെയാണ് രക്ഷയ്ക്ക് പാത്രമാക്കാൻ തെരഞ്ഞെടുത്തിരിക്കുന്നത്. നിത്യരക്ഷ എന്ന് നാം പറയാറുള്ള ക്രിസ്തീയ ജീവിത ലക്ഷ്യത്തിന്റെ വിശുദ്ധി പൂർണ്ണമായി ഉൾക്കൊള്ളാൻ ആ ഒരൊറ്റ പദപ്രയോഗത്തിന് സാധ്യമാണ്.

ഇനി, ഭാഷയെ പ്രബോധനാത്മകമായി കൈകാര്യം ചെയ്തിരിക്കുന്ന വിധം എപ്രകാരമാണെന്ന് 'ദൈവജനം' എന്ന ഗ്രന്ഥത്തിൽ നിന്നും പരിശോധിക്കാം. ഒരു നിശ്ചിത ഇടവകയിൽ അംഗമായിരിക്കുന്നു എന്നു പറയുമ്പോഴും വിശ്വാസി ഇടവകയുടെ പ്രാധാന്യത്തെക്കുറിച്ചും കാനോനികമായ അർത്ഥതലങ്ങളെക്കുറിച്ചും പലപ്പോഴും ചിന്തിക്കാതെ പോകുന്നു. എന്നാൽ, ഇടവകയേയും ദൈവജനത്തേയും കൂട്ടിച്ചേർത്ത് വായിച്ചാൽ വേറിട്ട ചിന്തകൾക്ക് വഴി തെളിയുന്നു.''ദൈവജനം ഒരു ബലിവേദിക്കു ചുറ്റും ഒന്നിച്ച് അണിനിരക്കുമ്പോഴുണ്ടാകുന്ന കൂട്ടായ്മയാണ് ഇടവക''– ഈ വാക്യത്തോടെയാണ് ദൈവജനം എന്ന



www.malankaralibrary.com

ഗ്രന്ഥം ആരംഭിക്കുന്നതു തന്നെ. ആത്മീയത എന്ന ഘടകമാണ് മറ്റു ജീവികളിൽ നിന്നും മനുഷ്യനെ വ്യതിരിക്തനാക്കുന്നത് എന്നു പറയുന്നതിലൂടെ വിശ്വാസത്തിന്റെ മൂല്യത്തെ ഉയർത്തിക്കാട്ടുകയും ചെയ്തിരിക്കുന്നു. അതോടൊപ്പം ഇന്ന് വിശ്വാസികൾ ചിന്തിക്കേണ്ട പ്രധാനപ്പെട്ട പല കാര്യങ്ങളെക്കുറിച്ചും സൂചിപ്പിച്ചിരിക്കുന്നതു കാണാം. ഉദാഹരണമായി "ചിത്രങ്ങൾക്കും ചില്ലുകൂടുകൾക്കും മുന്നിൽ കണ്ണീരൊഴുക്കുന്നതിലുപരി ഓരോ വ്യക്തിയുടെയും സത്താപരമായ ആവശ്യമായി പ്രാർത്ഥനയും ദൈവാരാധനയും മാറേണ്ടിയിരിക്കുന്നു." എന്ന് പറയുന്നത് ചിന്തിക്കേണ്ട വസ്തുത തന്നെയാണ്. ഈ സന്ദർഭങ്ങളിലെല്ലാം ഒരു പ്രബോധകന്റെ കർത്തവ്യം അച്ചൻ നിർവഹിക്കുന്നുണ്ട്. നിത്യജീവിതവുമായി ബന്ധപ്പെട്ടു വരുന്നതും പരിചിതങ്ങളായ വസ്തുക്കളുമായി ഈ പ്രബോധനങ്ങളെ ബന്ധിപ്പിച്ചിടുവാൻ അഭ്യസ്ഥവിദ്യനല്ലെങ്കിൽ കൂടി ഒരുവന് ഇതെല്ലാം അനായാസേന ഗ്രഹിക്കാൻ കഴിയും എന്ന ബോധ്യം ഇവിടെ ഉണർന്നു പ്രവർത്തിച്ചിരിക്കുന്നു. ദൈവാരാധനയ്ക്കുള്ള മാധ്യമങ്ങളായി പാറമടത്തൊഴിലാളിയുടെ കൂടത്തിന്റെ ശബ്ദവും കൃഷിക്കാരന്റെ മൺവെട്ടിയും കാര്യാലയ ജീവനക്കാരന്റെ തൂലികയും മാറുന്നു എന്ന സങ്കൽപ്പം എല്ലാവരേയും ഒന്നായിക്കാണുന്ന ക്രൈസ്തവ വീക്ഷണത്തിന്റെ പ്രതിഫലനമായി തിരിച്ചറിയാവുന്നതാണ്. ഇടവകയിലെ ദൈവാരാധനയിൽ ഭാഗഭാക്കാക്കുന്നതിലൂടെ താൻ ചെയ്യുന്ന ഓരോ ജോലിയും ദൈവമഹത്വത്തിനും ദൈവാരാധനയ്ക്കും വേണ്ടിയാണെന്ന ബോധ്യം ഓരോ ക്രൈസ്തവനിലും വളരണം.

ഒരു ക്രൈസ്തവ പുരോഹിതൻ ഉപയോഗിക്കുന്ന ഭാഷയും ഒരു സാഹിത്യകാരന്റെ ഭാഷയും താരതമ്യപ്പെടുത്തിയാൽ നിരവധി വ്യതിരിക്തതകൾ കാണാനാകും. എന്നാൽ ഇവിടെ ഇത്തരം വേർതിരിവുകൾക്ക് ഇട നൽകാത്ത വിധത്തിലുള്ളതാണ് കുഴിനാപ്പുറത്ത് അച്ചന്റെ ആഖ്യാന ശൈലി. ഓരോ ഖണ്ഡിക ആരംഭിക്കുമ്പോഴും അത്യാകർഷകമായ വാക്യങ്ങൾ പ്രയോഗിക്കുക മാത്രമല്ല തുടർന്നുള്ള ഭാഗത്തേയ്ക്ക് അനുവാചകനെ കൊണ്ടെത്തിക്കുന്ന വിധത്തിൽ ഒരു ചങ്ങലയിലെ കണ്ണികൾ പോലെ ഓരോ വാക്യങ്ങളും കോർത്തിണക്കിയിരിക്കുന്ന കാഴ്ചയാണ് ഈ കൃതികളിൽ കാണുന്നത്. ദൈവശാസ്ത്രത്തിന്റെ നിർദ്ദേശാത്മക ഭാഷയേയും നിയമത്തിന്റെ നിബന്ധനാത്മക ഭാഷയേയും കൃത്യമായി മനസ്സിലാക്കിക്കൊണ്ട് ദൈവശാസ്ത്ര-നിയമ പാരസ്പര്യം എപ്രകാരമാണെന്ന് വ്യക്തമായ ധാരണ സഹൃദയനുണ്ടാകത്തക്ക വിധം പ്രസ്തുത വിഷയം അച്ചൻ കൈകാര്യം ചെയ്തിട്ടുണ്ട്. സഭയുടെ ഘടനാത്മകതയ്ക്കുള്ളിൽ നിയമത്തെ സന്നിവേശിപ്പിച്ചാൽ ദൈവജനത്തിന് ഒരുക്കിയിരിക്കുന്ന രക്ഷ അതിനുള്ളിൽ അനുഭവവേദ്യമാകും എന്ന് പറഞ്ഞിരിക്കുന്ന വസ്തുത ചിന്തനീയമാണ്. കാരണം വിശ്വാസത്തിന്റെ അടിത്തറ നിയമത്താൽ ശക്തമാക്കപ്പെടുമ്പോൾ ഓരോ വ്യക്തിയിലും ഒരു പുതിയ



www.malankaralibrary.com

മനുഷ്യൻ രൂപപ്പെടുകയും നിത്യരക്ഷ നേടാൻ പ്രാപ്തരാകുകയും ചെയ്യും.

ഓരോ ലേഖനവും സൂക്ഷ്മമായി പരിശോധിച്ചാൽ ഏറ്റവും കൂടുതൽ പ്രയോഗിക്കപ്പെട്ടിരിക്കുന്ന പദം രക്ഷ ആണെന്ന് ബോധ്യമാകും. എന്നാൽ,ആവശ്യമില്ലാതെയുള്ള വിരസമായ പ്രയോഗമല്ല അത്. സന്ദർഭങ്ങൾക്ക് ചേരും വിധം ശ്രദ്ധാപൂർവ്വമാണ് ഓരോ വാക്കുകളും ഉപയോഗിച്ചിരിക്കുന്നത്. ബന്ധത്തിന്റെ ശക്തിയും സ്നേഹവും അതിലുൾച്ചേരുന്നുണ്ട്. രക്ഷയിലേക്ക് നടന്നടുക്കാനുള്ള മനുഷ്യ മനസ്സിന്റെ ആഗ്രഹത്തെ ആകർഷിക്കാൻ ഈ പദപ്രയോഗം നടത്തുന്നതിലൂടെ സാധിക്കുന്നുണ്ട്.

അല്മായരെ ഉദ്ദേശിച്ചു തന്നെയാണ് ഇതെല്ലാം എഴുതപ്പെടുന്നത് എന്നിരിക്കെ അവർക്ക് സുഗ്രാഹ്യമായ ഒരു ഭാഷാശൈലി സ്വികരിക്കണം എന്നത് നിസ്തർക്കമാണ്. അല്മായരുടെ സവിശേഷ സ്ഥാനം എന്താണ് എന്ന് വ്യക്തമാക്കിയിരിക്കുന്ന ഒരു ഭാഗം "ദൈവജനം" എന്ന ഗ്രന്ഥത്തിൽ കാണാം. ആദ്ധ്യാത്മികമായ ഉത്തരവാദിത്വങ്ങളെ അല്മായർക്കു ബോധ്യപ്പെടുത്തിക്കൊടുക്കുന്ന ആ ഭാഗം ഇവിടെ ഉദ്ധരിക്കാം. "പെരുന്നാൾ പ്രദക്ഷിണങ്ങളിലണിനിരക്കുവാനും പള്ളിപ്പറമ്പിന്റെ ആദായത്തിനു കാവൽ നിൽക്കുവാനും മാത്രം അല്മായൻ സന്നദ്ധനായാൽ പോരാ. സഭയുടെ പ്രബോധനങ്ങൾ ആഴത്തിൽ പഠിക്കാനും വിശ്വാസസത്യങ്ങൾ ഉത്തരവാദിത്വബോധത്തോടെ ജീവിത പ്രമാണങ്ങളായി സ്വീകരിക്കാനും തയ്യാറുള്ള അല്മായരെയാണ് ഇന്നിന്റെ ഇടവകക്കാവശ്യം."

വൈദികൻ ഒരു പ്രവാചകൻ കൂടി ആയിരിക്കണമെന്നു നിസ്സംശയം പറയുന്ന അച്ചനിലും ഇതേ പ്രവാചകദൗത്യം തന്നെ നിഴലിക്കുന്നു. ഒരു വ്യക്തിയെ പ്രവാചകൻ എന്ന നിലയിൽ അംഗികരിക്കുന്നത് അയാളുടെ വാക്കുകൾ കേട്ടിട്ടാണ്. ഒരു ജനതയെ മുഴുവൻ നവീകരിക്കാനും രക്ഷയുടെ മാർഗ്ഗത്തിലേക്ക് നയിക്കാനും പ്രവാചകന് തന്റെ വാക്കുകളിലൂടെ സാധിക്കണം. ശ്രോതാവിന് മനസ്സിലാകുന്നതും ഉൾക്കൊള്ളാൻ കഴിയുന്നതുമായ ഭാഷയും രീതിയും ഉണ്ടെങ്കിലേ ആശയസംവേദനം ഉദ്ദേശിച്ചവിധത്തിൽ നടക്കുകയുള്ളൂ. വായനക്കാരനെ തൃപ്തിപ്പെടുത്താനും തന്റെ ലക്ഷ്യം ഭംഗിയായി പൂർത്തീകരിക്കാനും പ്രവാചക തീക്ഷ്ണത ഒരിടത്തു പോലും ചോർന്നു പോകാത്ത വിധത്തിലുമാണ് കുഴിനാപ്പുറത്ത് അച്ചന്റെ എഴുത്ത് മുന്നേറുന്നത്.

ആദ്യന്തം തത്ത്വാധിഷ്ഠിതമായ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഉപയോഗിച്ച ഭാഷയല്ല ആനുകാലിക വിഷയങ്ങളിലേക്ക് മാറുമ്പോൾ അച്ചൻ ഉപയോഗിക്കുന്നത്. കൗമാര പ്രശ്നങ്ങൾ, ഭ്രൂണഹത്യ, കുറ്റകൃത്യങ്ങൾ, സാമ്പത്തിക അസമത്വം എന്നിങ്ങനെ സമകാലിക പ്രസക്തിയുള്ള കാര്യങ്ങളെക്കുറിച്ചും സസൂക്ഷ്മം അച്ചൻ വിലയിരുത്തുന്നു.



www.malankaralibrary.com

മലയാള ഗദ്യ ശാഖയ്ക്കു തന്നെ കിട്ടിയ ഒരു വിലപ്പെട്ട ലേഖനമാണ് 'പാളം തെറ്റുന്ന കൗമാരം'. ഈ ലേഖനം കേരള സർവ്വകലാശാല പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു എന്നതു തന്നെ ഇതിന്റെ പ്രാധാന്യം വിളിച്ചോതുന്നു. 'ജുവനൈൽ ഡെലിംക്വൻസി' എന്ന മന:ശാസ്ത്ര പ്രശ്നത്തിന്റെ പശ്ചാത്തലത്തിൽ വളരെ ശാസ്ത്രീയമായി കൗമാര പ്രശ്നങ്ങൾ ഇതിൽ ചർച്ച ചെയ്തിട്ടുണ്ട്

വി.കുർബാനയെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഓരോ കാര്യങ്ങളും വളരെ ഗൗരവപൂർവ്വം മനസ്സിലാക്കേണ്ടതാണ്. രഹസ്യാത്മകമായ ഒന്നിനെ വാക്കുകളിലൂടെ അവതരിപ്പിക്കുക അത്ര എളുപ്പമല്ല. എന്നാൽ, ദിവ്യ കാരുണ്യ ദർശനത്തെ സംബന്ധിച്ച് വേറിട്ട വീക്ഷണങ്ങൾ നമുക്ക് ഇവിടെ കാണാം. ജീവന്റെ അപ്പം, അമർത്യതയുടെ ദിവ്യ ഔഷധം എന്നെല്ലാം വിശേഷിപ്പിക്കാവുന്ന വി.കുർബാനയുടെ ആത്യന്തിക ലക്ഷ്യം വിശുദ്ധിയുടെ സംവേദനമാണ് എന്ന് അഭിപ്രായപ്പെട്ടിരിക്കുകയാണ് അച്ചൻ.

ഒരു വ്യക്തി തെരഞ്ഞെടുക്കുന്ന ജീവിതാന്തസ്സുകളിൽ പ്രധാനപ്പെട്ട വയാണ് പൗരോഹിത്യവും വിവാഹവും. ഓരോ ക്രൈസ്തവനും ചെറിയ പ്രായത്തിൽ തന്നെ ഇത്തരം ജീവിതാന്തസ്സുകളെക്കുറിച്ചും അതിന്റെ തെരഞ്ഞെടുപ്പ്, സ്വഭാവം, പ്രത്യേകതൾ എന്നിവയെക്കുറിച്ചും വ്യക്ത മായി മനസ്സിലാക്കിയിരിക്കണം. എങ്കിലേ ഉചിതമായത് തെരഞ്ഞെടുക്കാ നാകൂ. എന്നാൽ, ഇവയെക്കുറിച്ചുള്ള അറിവില്ലായ്മ മൂലം പലപ്പോഴും ശരിയായ ദൈവവിളി സ്വീകരിക്കാനാകാതെ പോകുന്നു. തത്ഫലമായി ജീവിതം പരാജയപ്പെടുകയും ചെയ്യുന്നു. വിശ്വാസികൾക്ക് ഏറ്റവും ആധി കാരികമായി തന്നെ ഇവയെക്കുറിച്ചും ഇതുമായി ബന്ധപ്പെട്ട സഭാ നിയ മങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ അച്ചന്റെ ലേഖനങ്ങൾ സഹായിക്കും. ആദ്ധ്യാത്മികമായും നിയമപരമായും ഉള്ള വസ്തുതകൾ വേർതിരിച്ച് പറഞ്ഞിരിക്കുന്നത് വളരെ ഉപകാരപ്രദവും സൗകര്യവുമാണ്.

നിബന്ധനകളുടെ ഒരു സമാഹാരം എന്ന നിലയിൽ നിയമ വ്യവസ്ഥ കളെ കുറിച്ച് ചിന്തിക്കാൻ താല്പര്യം കാണുന്നില്ല. അവ ആവിഷ്ക്കരി ക്കുന്നതിലെ സങ്കീർണ്ണത തന്നെയാണ് കാരണം. എന്നാൽ അത്തരം പ്രശ്നങ്ങളില്ലാതെ തന്നെ ഭാഷയെ മൃദുലമായി അനുവാചകന് മുന്നിൽ അവതരിപ്പിക്കുകയാണ് കുഴിനാപ്പുറത്തച്ചൻ. ആശയസംക്രമണോപാധി യായ ഭാഷയെ ഒട്ടും തന്നെ ഔചിത്യം കൈവിടാതെ ലക്ഷ്യാനുരൂപമാ യിട്ടാണ് അദ്ദേഹം സമീപിച്ചിരിക്കുന്നത്. സഭയുടെ കാനോനിക വിഷയ ങ്ങളിൽ നിന്നും വേറിട്ട് ബൈബിൾ കേന്ദ്രീകൃതമാകുമ്പോൾ സാങ്കേതി കമായ ശൈലി മാറി ഭാഷ കുറച്ചു കൂടി ആർദ്രമായിത്തീരുന്നു. പല പ്പോഴായി എഴുതപ്പെട്ട ലേഖനങ്ങളെ ഒന്നിച്ചു ചേർത്തപ്പോൾ ഭാഷയു ടേയും ആഖ്യാനത്തിന്റേയും തുടർച്ച നഷ്ടപ്പെടുത്താതെ ശരിയായ വിധ



www.malankaralibrary.com

ത്തിൽ ക്രോഡീകരിക്കാൻ അച്ചന് കഴിഞ്ഞിട്ടുണ്ട്. ഇത് ഒരു എഴുത്തുകാരന്റെ വിജയത്തെയാണ് കാണിക്കുന്നത്.

ഒരു കത്തോലിക്കാ വിശ്വാസിയെ സംബന്ധിച്ചിടത്തോളം മറ്റൊരു ക്രിസ്തുവായി ജീവിക്കാനുള്ള നിയോഗമാണ് അവനിൽ നൽകപ്പെട്ടിരിക്കുന്നത്. “ഇനിമേൽ ഞാനല്ല; ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്” എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമ്മുടെ ജീവിതത്തിലും പകർത്തുന്നതിന് നമ്മുടെ ഹൃദയങ്ങളിലെ അജ്ഞതയാകുന്ന കൂരിരുട്ട് മാറേണ്ടിയിരിക്കുന്നു. മനുഷ്യമനസ്സിനെ സമ്പൂർണ്ണമായും മാറ്റിമറിക്കാൻ ശക്തമായ മാധ്യമമാണ് ഭാഷ. ആ ശക്തിയെ ഉൾക്കൊണ്ടു കൊണ്ട് പ്രകാശത്തിലേക്ക് നമ്മെ വഴി നടത്താൻ കുഴിനാപ്പുറത്തച്ചന്റെ രചനകൾക്ക് സാധിക്കും. അച്ചന്റെ രചനകൾ ഓരോ കത്തോലിക്കാ വിശ്വാസിയും ഒരിക്കലെങ്കിലും വായിച്ചിരിക്കേണ്ടതു തന്നെയാണ്. ഇന്നത്തെ കാലഘട്ടം നേരിടുന്ന പ്രതിസന്ധികളും ഉന്നയിക്കപ്പെടുന്ന പല ചോദ്യങ്ങളുടെ ഉത്തരങ്ങളും ആണ് അച്ചന്റെ രചനാലോകം. ഇത് അദ്ദേഹത്തിന്റെ ക്രാന്തദർശിത്വത്തിന് തെളിവു കൂടിയാണ്.

ഭാഷയുടെ സഞ്ചാരം അനന്തമാണ്. ദൈവസ്നേഹത്തേയും സംരക്ഷയേയും അത് അനുസ്മരിപ്പിക്കുന്നു. അതിനു സമാനമായി ആത്മീയതയിൽ അടിയുറച്ച് മുന്നേറുവാനും സഭയുടെ നെടും തൂണുകളായി മാറാനും ദൈവജനങ്ങൾക്ക് മാർഗ്ഗദർശിയാകാൻ ബഹു.തോമസ് കുഴിനാപ്പുറത്തച്ചന്റെ രചനകൾക്ക് സാധിക്കുമെന്ന് പറയാം.“ക്രിസ്ത്വാനുഭവത്തിലേക്ക് തുറക്കുന്ന വാതിൽ”– അച്ചന്റെ രചനകൾക്ക് ഇതിനെക്കാൾ നല്ല വിശേഷണം നൽകാൻ കഴിയില്ല. ഒരു രക്ഷകനു വേണ്ടി ദൈവജനം പ്രത്യാശയോടെ കാത്തിരുന്നു എന്ന് നമുക്കറിയാം. ലോകരക്ഷകനായ ഈശോയുടെ വരവോടെ അത് സഫലമായി മാറി. ഇവിടെയും ഒരു വിശ്വാസ സമൂഹം രക്ഷയുടെ പടവുകൾ കയറുന്നതിന് സഹായകമാകാൻ അച്ചന്റെ പ്രബോധനങ്ങൾക്കായി പ്രത്യാശാപൂർവ്വം കാത്തു നിൽക്കുന്നു. ആ രചനകൾ ആദ്ധ്യാത്മിക വളർച്ചയ്ക്കു മാത്രമല്ല ഗദ്യശാഖയുടെ പരിപോഷണത്തിനും ഉതകുന്നതാണ്.

*(മലയാളം ഡിഗ്രി പരീക്ഷയിൽ കേരള സർവ്വകലാശാലയിൽ രണ്ടാം റാങ്ക് ജേതാവാണ് ലേഖിക)*



www.malankaralibrary.com



# സർവ്വാശ്ലേഷിയായ ഐക്യത്തി ലേക്ക് നയിക്കുന്ന രചനകൾ

റവ. ഡോ. മാത്യു
ചാർത്താംകുഴി

'**അ**നുഗ്രഹത്തിന്റെ അക്ഷര വർഷങ്ങൾ' എന്ന ഈ ഗ്രന്ഥം ഏറെ പ്രത്യേകതകളുള്ളതാണ്. ഇത് രചനകളെക്കുറിച്ചുള്ള ഒരു കൃതിയാണ്. അതോടൊപ്പം കൂടുതൽ വായനയിലേക്കും പഠനത്തിലേക്കും നയിക്കുന്നു എന്നതും ഈ കൃതിയുടെ മറ്റൊരു പ്രത്യേകതയാണ്. ദൈവ ശാസ്ത്രപരവും സാമൂഹികവും കാനോനികവുമായ രചനകളിലേക്ക് നയിക്കുന്ന ഒരു ചൂണ്ടുപലകയാണിത്. ബഹു. തോമസ് കുഴിനാപ്പുറ ത്തച്ചന്റെ ദൈവശാസ്ത്ര പഠനങ്ങളെ ക്രിസ്തുവിജ്ഞാനീയം ദൈവജ നകേന്ദ്രീകൃതം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി തിരിക്കാം. സാമൂ ഹികവും കാനോനികവുമായ പഠനങ്ങൾ ഇവയോട് ചേർന്ന് നിൽക്കുന്നു.

**ക്രിസ്തുവിന്റെ നിത്യയൗവ്വനവും പ്രപഞ്ചത്തിന്റെ പ്രത്യാശയും**

ക്രിസ്തുവിന്റെ ജനനത്തെ പ്രശസ്ത ദൈവശാസ്ത്രജ്ഞനായ കാൾ റാനറുടെ ചിന്തകളുടെ പിൻബലത്തോടെ പ്രകാശത്തിന്റെ തിരുനാളായി അവതരിപ്പിക്കുന്നു. മരണമില്ലാത്തവൻ മനുഷ്യനായി അവതരിച്ച തിരു നാളായിരുന്നു ക്രിസ്തുമസ്. മനുഷ്യനായി അവതരിച്ച മരണവിഹീനൻ മരണത്തെ അതിജീവിച്ചതിലൂടെ ക്രിസ്തുമസ് നിത്യ യൗവ്വനത്തിന്റെ പെരുന്നാളായി മാറി. അസ്തിത്വവാദം തുറന്നുവിട്ട നിരാശയിൽ നിപതിച്ച മാനവ സമൂഹത്തിന് ക്രിസ്തുവിന്റെ നിത്യയൗവ്വനം പുതു പ്രത്യാശ നൽകുന്നു എന്ന് റാനറുടെ ചിന്തകളുടെ വെളിച്ചത്തിൽ കുഴി നാപ്പുറത്തച്ചൻ സ്ഥാപിക്കുന്നു. ക്രിസ്തുമസ് രാത്രിയെ വിശുദ്ധ രാത്രി യായി നോക്കിക്കാണുന്ന ചിന്താപഥത്തിലേക്കും നമ്മുടെ ശ്രദ്ധതിരിക്കു ന്നു. അതോടൊപ്പം ക്രിസ്തുമസ് സമാധാനത്തിന്റെ ഉത്സവമാണെന്ന ചിന്തയും പങ്കുവയ്ക്കപ്പെടുന്നു.

ക്രിസ്തുവിന്റെ ദൈവരാജ്യത്തിനു വേണ്ടിയുള്ള കാത്തിരുപ്പാണ് കുഴിനാപ്പുറത്തച്ചന്റെ ക്രിസ്തു വിജ്ഞാനീയ ചിന്തകളിലെ മറ്റൊരു പ്രധാന പ്രതിപാദ്യ വിഷയം. ക്രിസ്തു ഈ ഭൂമിയിൽ ഉദ്ഘാടനം ചെയ്ത ദൈവരാജ്യം പൂർത്തിയാകുന്നതുവരെ ദൈവപരിപാലനയിൽ ആശ്രയിച്ച് പ്രത്യാശയോടെ കാത്തിരിക്കുവാൻ വിത്തിന്റെ ഉപമയുടെ വിശകലന



www.malankaralibrary.com

ത്തിലൂടെ അനുവാചകരെ ഉദ്ബോധിപ്പിക്കുന്നു. ഈ പഠനത്തിൽ ക്രിസ്തു എങ്ങിനെയാണ് തന്റെ ജനത്തെ പരിപാലിച്ച് പൂർണതയിലെത്തിക്കുന്നതെന്ന് ഉദ്ബോധിപ്പിക്കുന്നു. അതോടൊപ്പം ക്രിസ്തുവിന്റെ ദൈവരാജ്യം എല്ലാ വിഭാഗീയതകൾക്കും അതീതമായി സർവ്വാശ്ലേഷിയായ ഒരു യാഥാർത്ഥ്യമാണെന്ന പ്രബോധനവും ഇവിടെ കണ്ടെത്താനാവും. ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കു പിന്നിൽ വചനവിത്തായ ക്രിസ്തുവിന്റെ അഴിച്ചിലിനോടൊപ്പം അനേകം വിശുദ്ധരുടെ സഹന ചരിത്രവും വളമായി തീർന്നിട്ടുണ്ട്. കൊയ്ത്ത് സുനിശ്ചിതമാണെന്ന മുന്നറിയിപ്പും ഇവിടെ കാണാം. ദൈവരാജ്യത്തിന്റെ പൂർണ്ണതയിലേക്കുള്ള സൂചനയാണിത്. ക്രിസ്തുവിന്റെ ജീവിതം ദൈവരാജ്യ സാക്ഷാത്ക്കാരത്തിൽ നിർണ്ണായകമാണെന്നും ഇവിടെ സ്ഥാപിക്കപ്പെടുന്നു.

ക്രിസ്തു വിജ്ഞാനീയ ചിന്തകളിൽ മറ്റൊരു പ്രധാന വിഷയം ക്രിസ്തുവിന്റെ കുരിശിനെയും സഹനത്തെയും സംബന്ധിച്ചുള്ളതാണ്. മൂന്നു ലേഖനങ്ങൾ ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. ദൈവം നമ്മോടു കൂടെ എന്നതിന്റെ അർത്ഥം ദൈവം നമ്മുടെ സഹന പർവ്വങ്ങളിലും നമ്മോടൊത്തുണ്ട് എന്ന് വ്യക്തമാക്കപ്പെടുന്നു. സഹനത്തിന്റെ കാസാ അതിന്റെ അവസാന തുള്ളി വരെ വലിച്ചൂറ്റി കുടിച്ച ദൈവമാണ് നമ്മോടു പറയുന്നത്. “നിങ്ങളുടെ സഹനങ്ങളിൽ ഞാൻ നിങ്ങളോടുകൂടെയുണ്ട്” എന്ന്. മനുഷ്യ ജീവിതങ്ങളിലെ സഹനവും വേദനയുമൊക്കെ നമ്മുടെ ദൈവത്തിന് അപരിചിതമല്ല എന്ന് വ്യംഗ്യ ഭാഷയിൽ അവതരിപ്പിക്കുകയാണ് ഇവിടെ. ക്രിസ്തുവിന്റെ കുരിശ് അതിൽ തന്നെ സാർത്ഥമാകുന്നില്ല. അതിന് മുന്നിൽ ഉത്ഥാനത്തിന്റെ പുതിയൊരദ്ധ്യായം കൂടി രചിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ കുരിശ് പ്രത്യാശയുടെ പ്രതീകമായി ഉത്ഥാനത്തിലേക്ക് തുറക്കപ്പെടുന്ന വാതിലായി പരിണമിക്കുന്നു. വേദനയ്ക്കും സഹനത്തിനും മുന്നിൽ നൽകപ്പെട്ട പ്രത്യാശയുടെ അച്ചാരമാണ് ക്രിസ്തുവിന്റെ ഉത്ഥാനമെന്ന് കുഴിനാപ്പുറത്തച്ചൻ സ്ഥാപിക്കുന്നു. ക്രിസ്തുവിന്റെ ഉത്ഥാനത്തിന് ഒരു പ്രാപഞ്ചികമാനം കൂടി തെയ്യാർദ്ദിയൻ ചിന്തയുടെ അടിസ്ഥാനത്തിൽ നൽകപ്പെടുന്നു. ഭൗതികതയിലേക്ക് കടന്നു വന്ന് ഉത്ഥാനത്തിലൂടെ ഭൗതികതയെ അതിജീവിച്ച ക്രിസ്തു എല്ലാ പ്രപഞ്ച വസ്തുക്കളെയും തന്നിലേക്കാകർഷിക്കുന്നു. ഭൗതികതയെയും ആത്മീയതയെയും സമന്വയിപ്പിക്കുന്ന ഒരു പ്രാപഞ്ചിക കേന്ദ്രമായി ഉത്ഥിതനായ ക്രിസ്തു നിലകൊള്ളുന്നു.

അതൊടൊപ്പം പ്രപഞ്ചത്തോടു ചേർന്നു നിൽക്കുന്ന ഒരു ആദ്ധ്യാത്മികതയ്ക്കും ദൈവശാസ്ത്ര വ്യാഖ്യാനം നൽകുന്നതിന് കുഴിനാപ്പുറത്തച്ചന് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ പരിസ്ഥിതിയോട് ദൈവികമായി സമീപിക്കേണ്ടതിന്റെ ആവശ്യകതയെയും അതിനെ ദൈവോന്മുഖമായി നയിക്കേണ്ട ചുമതലയെയും കുറിച്ച് ഈ പ്രബന്ധത്തിൽ ചർച്ച ചെയ്യുന്നു.



www.malankaralibrary.com

ക്രിസ്തു കേന്ദ്രീകൃത ചിന്തകളുടെ തുടർച്ചയെന്നോണം അവിടുത്തെ മാതാവായ പരി.ദൈവമാതാവിനെക്കുറിച്ചുള്ള ചിന്തകളും കുഴിനാപ്പുറ ത്തച്ചൻ പങ്കുവയ്ക്കുന്നു. പരി.ദൈവമാതാവിനെക്കുറിച്ച് സഭാപിതാവായ മാർ അപ്രേമിന്റെ പ്രബോധനങ്ങളും കത്തോലിക്കാ സഭയുടെ മരിയൻ വിശ്വാസ സത്യങ്ങളും ആധുനിക ദൈവശാസ്ത്ര ചിന്താധാരകളുടെ പിൻബലത്തോടെ അവതരിപ്പിക്കപ്പെടുന്നു. പരി.ദൈവമാതാവ്, ക്രിസ്തു തന്റെ ദൈവജനത്തിന് നൽകിയ ഒരു വലിയ സമ്മാനമാണെന്ന വസ്തുത കൂടുതൽ സ്ഥിരീകരിക്കപ്പെടുന്നു. പരി.അമ്മയുടെ സംരക്ഷ ണവും തണലും വൈദിക ജീവിതത്തിൽ ഒരു വലിയ തുണയാണെന്ന ബോധ്യവും പങ്കുവയ്ക്കപ്പെടുന്നു.

**ദൈവജനം ഒരു കേന്ദ്ര പ്രമേയം**

കുഴിനാപ്പുറത്തച്ചന്റെ ദൈവശാസ്ത്ര ചിന്തകൾക്കുള്ള മറ്റൊരു പ്രത്യേ കത അവയെല്ലാം തന്നെ ദൈവജന കേന്ദ്രീകൃതമാണ് എന്നുള്ളതാണ്. പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണനും ചിന്തകനുമായിരുന്ന ദിവംഗത നായ റവ. ഡോ. ഗീവർഗ്ഗീസ് പണിക്കരുടെ വാക്കുകൾ ഇത്തരുണത്തിൽ സ്മർത്തവ്യമാണ്.അദ്ദേഹം ദൈവജനം എന്ന ഗ്രന്ഥത്തെക്കുറിച്ച് ഇപ്ര കാരമെഴുതി. "കുഴിനാപ്പുറത്തച്ചന്റെ തെരഞ്ഞെടുത്ത പ്രബന്ധങ്ങളാണ് 'ദൈവജനം' എന്ന ഗ്രന്ഥം ഉൾക്കൊള്ളുന്നത്. ഈ പ്രബന്ധങ്ങളെല്ലാം തന്നെ ദൈവശാസ്ത്ര തലത്തിലുള്ളവയാണ്. എന്നാൽ ഈ പ്രബന്ധ ങ്ങൾ വിശ്വാസികൾക്ക് ദൈവശാസ്ത്രപരമായ അറിവ് പ്രദാനം ചെയ്യു ന്നവയാണ്. ഇടവക ദൈവജന കേന്ദ്രം, ഇടവക ഒരു കാനോനിക വീക്ഷണം, ധനികർക്ക് ദൈവരാജ്യം അന്യമോ, മനുഷ്യനുവേണ്ടി ഒരു ധർമ്മ സമരം തുടങ്ങിയ പ്രബന്ധങ്ങൾ വഴി പ്രത്യേക വിധത്തിൽ ഇന്ന് പ്രചാരത്തിലിരിക്കുന്ന വികല ചിന്താഗതികളെ ലളിതമായ ഭാഷയിൽ അതേസമയം ആശയ സംപുഷ്ടിയോടു കൂടി നേരിടുന്നതിനു കുഴിനാ പ്പുറത്തച്ചന് സാധിച്ചിട്ടുണ്ട്." (*ഐക്യദീപം* 1998 ജൂലൈ, പേജ് 34)

പ്രസാധകനും ഗ്രന്ഥകാരനുമായ ജോൺ പെല്ലിശ്ശേരിയും 'ദൈവജനം' എന്ന ഗ്രന്ഥത്തെ വിലയിരുത്തിയിട്ടുണ്ട്. 'ഉള്ളടക്കത്തിലും ഉൾക്കാഴ്ച യിലും കാതലായ ഘടകം 'ദൈവജനം' തന്നെ. മാർപാപ്പയും മെത്രാനും വൈദികനും സന്ന്യസ്തരും അല്മായനും അനുഭാവിയും ഉൾപ്പെട്ട സമൂ ഹം. പിഴവുകളും പാളിച്ചകളും മൂടിവെച്ച് രാജപ്രൗഢിയോടെ വിളംബര പ്പെടുത്തുന്ന ആധിപത്യ സ്വരമോ അധീശത്വ പ്രബോധനമോ അല്ല. രച യിതാവും കൂടി ഉൾപ്പെട്ട ദൈവജനത്തിന്റെ സാംഗോപാംഗ പുരോഗതി ലക്ഷ്യമാക്കി സ്ഥലകാല പരിമിതകൾക്കകം തോഴനുസമം വഴികാട്ടുന്ന ഇടയ സമാന സമീപനം വിശ്വസനീയത സൃഷ്ടിക്കുന്നു. 'ഇടവക ദൈവ ജനകേന്ദ്രം' എന്ന പ്രബന്ധത്തിൽ തറച്ചു കയറുന്ന ഒരു ഖണ്ഡികയു ണ്ട്. 'ദൈവശാസ്ത്രം പുരോഹിത ശാസ്ത്രം എന്ന പരിവേഷം അഴിച്ചു



www.malankaralibrary.com

മാറ്റി ദൈവജനശാസ്ത്രം എന്ന ശീർഷകം സ്വീകരിക്കേണ്ടിയിരിക്കുന്നു... ചിത്രങ്ങൾക്കും ചില്ലുകൂടുകൾക്കും മുന്നിൽ കണ്ണീരൊഴുക്കുന്നതിലുപരി ഓരോ വ്യക്തിയുടെയും സത്താപരമായ ആവശ്യമായി പ്രാർത്ഥനയും ദൈവാരാധനയും മാറേണ്ടിയിരിക്കുന്നു'. ഇങ്ങനെ ദൈവശാസ്ത്രവും ദൈവജന ശാസ്ത്രവും ദൈവാനുഭവാനുഭൂതികളും കൂട്ടം ചേർന്ന് കൂട്ടായ്മയിലേക്ക് നയിക്കുന്നത് ഒരു കുടമാറ്റത്തിന്റെ തിമിർപ്പോടെയാണ്'.

അതുപോലെ പ്രശസ്ത ഗ്രന്ഥകാരനായ ഡോ. എം.വി.തോമസ് ദൈവജനം എന്ന ഗ്രന്ഥത്തെ ഇപ്രകാരം അവലോകനം ചെയ്തു. "ഏറ്റവും ശ്രദ്ധേയം അല്മായരെ സംബന്ധിച്ച നിരീക്ഷണങ്ങളാണ്. 'പെരുന്നാൾ പ്രദക്ഷിണങ്ങളിലണിനിരക്കാനും പള്ളിപ്പറമ്പിന്റെ ആദായത്തിന് കാവൽ നിൽക്കാനും മാത്രം അല്മായൻ സന്നദ്ധനായാൽ പോരാ, സഭയുടെ പ്രബോധനങ്ങൾ ആഴമായി പഠിക്കാനും വിശ്വാസ സത്യങ്ങൾ ഉത്തരവാദിത്വത്തോടെ ജീവിത പ്രമാണങ്ങളെ സ്വീകരിക്കാനും തയ്യാറുള്ള അല്മായരെയാണ് ഇന്നിന്റെ ഇടവകയ്ക്കാവശ്യം.' എന്ന നിരീക്ഷണം ശ്രദ്ധേയമാണ്.' (*ദീപിക* 1998 ജൂലൈ 26) സഭയിലെ അല്മായ ശ്രേണിയുടെ 'ദൈവജന വിലയിരുത്തൽ ഇങ്ങനെ പുരോഗമിച്ചത് ഗ്രന്ഥത്തിന്റെ അനുവാചക വൃന്ദത്തെ വർദ്ധിപ്പിക്കുന്നതിന് ഏറെ സഹായിച്ചു എന്നത് ഒരു അനിഷേധ്യ വസ്തുതയാണ്.

സഭയിലെ വിശ്വാസ പരിശീലനത്തെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടുകൾ കുഴിനാപ്പുറത്തച്ചൻ പങ്കു വയ്ക്കുന്നുണ്ട്. ദൈവജനരൂപീകരണത്തിൽ വിശ്വാസ പരിശീലനത്തിനുള്ള പങ്ക് ഇവിടെ വ്യക്തമായി സ്ഥാപിക്കപ്പെടുന്നു. കേവലം അറിവിന്റെ സംവേദനമായി വിശ്വാസ പരിശിലനം തരംതാഴാതെ ക്രൈസ്തവ മൂല്യങ്ങളിലധിഷ്ഠിതമായി ശ്രേഷ്ഠ വ്യക്തിത്വങ്ങളെ രൂപപ്പെടുത്തുന്നതിനാണ് ലക്ഷ്യം വയ്ക്കേണ്ടത്.

ദൈവജനശുശ്രൂഷകരെ വാർത്തെടുക്കുന്ന വൈദിക പരിശീലനത്തെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കപ്പെടുന്നു. ക്രിസ്തുവിന്റെ അനന്തമായ സ്നേഹത്തിലും കരുണയിലും ആശ്രയിച്ചുകൊണ്ട് സ്വന്തം മൂല്യങ്ങളും ആദർശങ്ങളും രൂപപ്പെടുത്തി ദൈവജനശുശ്രൂഷയാകുന്ന ബലിജീവിതത്തിലേക്കാണ് വൈദികാർത്ഥി രൂപപ്പെടേണ്ടത് എന്ന ബോധ്യവും പങ്കുവയ്ക്കപ്പെടുന്നു.

സന്ന്യാസ സമർപ്പണത്തെക്കുറിച്ചും ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ സന്ന്യാസ ദർശനത്തിലധിഷ്ഠിതമായി കുഴിനാപ്പുറത്തച്ചൻ തന്റെ കാഴ്ചപ്പാടുകൾ വ്യക്തതയോടെ അത് അവതരിപ്പിക്കപ്പെടുന്നുണ്ട്. സംസ്ക്കാരങ്ങളെ സമന്വയിപ്പിക്കുവാൻ മാർ ഈവാനിയോസ് തിരുമേനിക്കുണ്ടായിരുന്ന ദർശനസിദ്ധി കണ്ടെത്തി 1997 ൽ അവതരിപ്പിക്കപ്പെട്ടപ്പോൾ (ദീപിക 1997 ജൂലൈ 15) തിരുമേനിയെ ദാർശനികനായി മുന്നോട്ട് വയ്ക്കുന്ന പ്രഥമ പഠനം വെളിച്ചത്തു വരികയായിരു



www.malankaralibrary.com

ന്നു. അതോടൊപ്പം മാർ ഈവാനിയോസ് ഭാരത ക്രൈസ്തവ സന്ന്യാസത്തിന്റെ പ്രവാചകനായി നിദർശനം ചെയ്യപ്പെട്ടപ്പോൾ അത് തിരുമേനിയുടെ ആർഷജ്ഞാനത്തെക്കുറിച്ച് ഇതര കൃതികൾ മെനയുവാൻ പല എഴുത്തുകാർക്കും പഠനോപാധിയായി എന്നു പറഞ്ഞാൽ അസ്ഥാനത്താവുകയില്ല.

**സാമൂഹിക ഉത്തരവാദിത്വങ്ങളിലേക്ക് വിരൽ ചൂണ്ടപ്പെടുന്നു**

മനുഷ്യന്റെ സാമൂഹിക ജീവിതത്തെ സംബന്ധിക്കുന്ന വിലയിരുത്തലുകൾ കുഴിനാപ്പുറത്തച്ചൻ നടത്തുന്നത് ദൈവശാസ്ത്ര തത്ത്വങ്ങളുടെയും സാമൂഹിക പഠനങ്ങളുടെയും പിൻ ബലത്തോടെയാണ്. ധനികന്റെ ദൈവരാജ്യ പ്രവേശനത്തിന് ദരിദ്രരോടുള്ള സ്നേഹവും പങ്കുവയ്ക്കലും അനിവാര്യമാണെന്ന് വി.ബൈബിളിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെടുമ്പോൾ അത് സാമൂഹിക വേർതിരിവുകൾക്കെതിരെ ഉയർത്തിയ ഒരു വെല്ലുവിളിയായിരുന്നു. സാമൂഹിക വേർതിരിവുകൾ ദൈവനീതിക്ക് നിരക്കാത്തതാണെന്നും അതിനെതിരെ നിലകൊള്ളുവാനും സജീവ മാതൃകയാക്കുന്നതിനും സഭയ്ക്ക് ദൈവദത്തമായ ഉത്തരവാദിത്വവും കടമയുണ്ടെന്നും ഇവിടെ വ്യക്തമാക്കപ്പെടുന്നു.

ഈ ഉത്തരവാദിത്വത്തിലേക്കുള്ള ഒരു തുറന്ന വാതിലാണ് സഭയുടെ സാമൂഹിക പ്രബോധനം എന്ന പഠനം. റേരും നൊവാരും മുതൽ ചെന്തേസിമൂസ് ആന്നൂസ് വരെയുള്ള സഭയുടെ സാമൂഹിക പ്രബോധനങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ഈ പഠനം തൊഴിൽ സാമ്പത്തിക അസമത്വത്തിനെതിരെ സഭയുടെ ദൗത്യം, ചില സാമൂഹിക പ്രത്യയശാസ്ത്രങ്ങൾക്കെതിരെ സ്വീകരിക്കേണ്ട ശക്തമായ നിലപാടുകൾ, അശരണരുടെ സംരക്ഷണത്തിനുള്ള മനുഷ്യന്റെ സ്വാഭാവിക കടമ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള സഭാ പ്രബോധനങ്ങൾ കൂലംകഷമായി ചർച്ച ചെയ്യുന്നു.

'മനുഷ്യ മന:സാക്ഷിയോട് സഭ സംസാരിക്കുന്നു' എന്ന പ്രബന്ധത്തിൽ വി.ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ സത്യത്തിന്റെ പ്രഭ (Veritatis Splendor) എന്ന ചാക്രിക ലേഖനമാണ് ചർച്ചചെയ്യപ്പെടുക. ഇവിടെ സഭ ഒരു മാർഗ്ഗ സമൂഹമായി അവതരിപ്പിക്കപ്പെടുന്നു. ഈ മാർഗ്ഗം രക്ഷയിലേക്ക് നയിക്കുന്നതാണ്. രക്ഷയിലേക്ക് നയിക്കപ്പെടുമ്പോൾ കൃത്യമായ പന്ഥാവിലൂടെ ലക്ഷ്യസ്ഥാനത്തെത്തി ചേരുവാനുള്ള മാതൃകയാണ് സഭ ചൂണ്ടി കാട്ടുന്ന ധാർമിക നിയമങ്ങൾ. ആപേക്ഷിക സിദ്ധാന്തങ്ങൾ കൊണ്ട് ഈ ധർമ്മ വഴിയിൽ വെള്ളം ചേർക്കുന്നതിനെ സഭ നിശിതമായി വിമർശിക്കുന്നു. ഈ ധർമ്മ വഴിയിലൂടെയുള്ള തീർത്ഥയാത്രയിൽ മനുഷ്യന് സഹായിയായ ആന്തരിക ശക്തിയാണ് മന:സാക്ഷി. അതോടൊപ്പം ക്രൂശിതനായ ക്രിസ്തുവിന്റെ മാതൃകയും മനുഷ്യന്റെ വഴിയിൽ വെളിച്ചം വിതറുന്നു എന്ന് ചാക്രിക ലേഖനം ഉദ്ബോധിപ്പിക്കുന്നു.



www.malankaralibrary.com

'മനുഷ്യ ജീവനുവേണ്ടി ഒരു ധർമ്മ സമരം' എന്ന ലേഖനം 1994 സെപ്റ്റംബർ 5 മുതൽ 13 വരെ നടന്ന കെയ്റോ കോൺഫെറൻസിന്റെ ഉള്ളുകള്ളികളെ വെളിച്ചത്ത് കൊണ്ടു വരികയും മനുഷ്യ ജീവന്റെ മാഹാത്മ്യത്തെ ഉയർത്തിക്കാട്ടുകയും ചെയ്യുന്നു. പെരുപ്പിച്ച് കാണിക്കുന്ന ജനസംഖ്യാ കണക്കുകൾ നിരത്തി നവജാത ശിശുക്കൾക്ക് നേരെ കത്തിയോങ്ങി നിൽക്കുന്ന ആധുനിക ലോക സമൂഹത്തിന്റെ പൊള്ളത്തരങ്ങൾ കൃത്യമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. അതോടൊപ്പം മനുഷ്യ ജീവൻ അതിന്റെ പ്രാരംഭദശമുതൽ ആദരിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും വ്യക്തമാക്കപ്പെടുന്നു. മനുഷ്യ ജീവനെ ദൈവശാസ്ത്രപരമായും വി.ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിലും സമീപിക്കുന്നു എന്നത് ഈ ലേഖനത്തിന്റെ ഒരു പ്രത്യേകതയാണ്.

2014 ഒക്ടോബർ 5 മുതൽ 19 വരെ വത്തിക്കാനിൽ നടന്ന കുടുംബ ജീവിതത്തെ സംബന്ധിക്കുന്ന അസാധാരണ സിനഡിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ടതാണ് 'കുടുംബം. യാഥാർത്ഥ്യവും വെല്ലുവിളികളും' എന്ന ലേഖനം. കുടുബം ഒരു ദൈവിക യാഥാർത്ഥ്യമാണെന്ന് സമർത്ഥിക്കുന്നതോടൊപ്പം ദമ്പതികളുടെ നന്മയും സന്താനങ്ങളുടെ പരിപോഷണവും കുടുംബത്തിന്റെ അനിഷേധ്യ ലക്ഷ്യങ്ങളാണെന്ന് പങ്കുവയ്ക്കപ്പെടുന്നു. വാർദ്ധക്യവും വൈധവ്യവും ആദരിക്കപ്പെടണമെന്ന് ഉദ്ബോധിപ്പിക്കുന്നതിനോടൊപ്പം ഇന്നത്തെ കുടുംബം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെക്കുറിച്ചും ചർച്ച ചെയ്യുന്നു.

'പാളം തെറ്റുന്ന കൗമാരം' എന്ന പ്രബന്ധം ഏറെ അനുവാചക ശ്രദ്ധ ആകർഷിച്ച ഒരു രചനയായിരുന്നു. കൗമാരത്തിലെ കുറ്റവാസനയെ തികച്ചും ശാസ്ത്രീയമായി പഠിക്കുകയും അതിന്റെ കാരണങ്ങളാരായുകയും നിവാരണ നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്ത ഒരു പഠനമായിരുന്നു അത്. ഈ സാമൂഹിക വിപത്തിന്റെ സൃഷ്ടിയിൽ വ്യക്തികളെക്കാളുപരി സമൂഹത്തിനാണ് പങ്കാളിത്തം എന്ന കണ്ടെത്തൽ ചില സാമൂഹിക വ്യവസ്ഥിതകളെ പൊളിച്ചെഴുതാൻ സമൂഹ മന:സാക്ഷിയെ പ്രേരിപ്പിക്കുന്നു. അതോടൊപ്പം ഈ സാമൂഹിക തിന്മയെ നേരിടുന്നതിന് സമൂഹം കൈക്കൊണ്ടിട്ടുള്ള സമിപനങ്ങളെയും പഠന സമേതം വിലയിരുത്തുന്നു. ഈ പഠനത്തിന് ലഭിച്ച സ്വീകാര്യത കേരള സർവ്വകലാശാല 1998-ൽ ഈ പ്രബന്ധം പ്രീ-ഡിഗ്രി മലയാള പാഠപുസ്തകമായ 'ഭാഷാതിലക' ത്തിലേക്ക് തെരഞ്ഞെടുത്തു എന്ന വസ്തുതയിൽ വ്യക്തമാക്കപ്പെടുന്നുണ്ട്. ഈ പഠനത്തിന്റെ പ്രസക്തി ഒരിക്കൽ കൂടി ഉറപ്പിച്ചു കൊണ്ട് സർവകലാശാല വാർഷിക പരീക്ഷയിൽ ഈ പാഠത്തിൽ നിന്നും ഉപന്യാസ ചോദ്യം നൽകുകയും ചെയ്തു.

ആകാശവാണി തിരുവനന്തപുരം നിലയവും ദൂരദർശൻ കേന്ദ്രവും കുഴിനാപ്പുറത്തച്ചന്റെ പ്രഭാഷണങ്ങളും ചർച്ചകളും നിരവധി തവണ സംപ്രേഷണം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളെ ലക്ഷ്യബോധത്തിലേക്ക്



www.malankaralibrary.com

നയിക്കാനുതകുന്ന പ്രഭാഷണമായിരുന്നു 'ആത്മവിശ്വാസം കഠിനാദ്ധ്വാനം ലക്ഷ്യബോധം വിദ്യാർത്ഥികളിൽ' എന്നത്. ആത്മവിശ്വാസം ഒരു വ്യക്തിയുടെ കഴിവുകളെ തിരിച്ചറിയുവാനും കൂടുതൽ പ്രോജ്ജ്വലിപ്പിക്കാനും സാധിക്കുന്നതിലൂടെയാണ് വെളിപ്പെടുക എന്ന് വ്യക്തമാക്കുന്ന പ്രഭാഷണമായിരുന്നു ഇത്. സ്ഥിരോത്സാഹവും ലക്ഷ്യബോധവും ഉണ്ടെങ്കിൽ നാളത്തെ നവസമൂഹ സൃഷ്ടിക്ക് വിദ്യാർത്ഥികൾക്ക് മികച്ച സംഭാവനകൾ നൽകാൻ സാധിക്കുമെന്ന പ്രത്യാശയും ഈ പ്രഭാഷണം പ്രകടിപ്പിച്ചു.

വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മറ്റൊരു പ്രഭാഷണമായിരുന്നു 'മൂല്യാധിഷ്ഠിത വിദ്യാഭ്യാസം: സ്വഭാവവും പ്രസക്തിയും.' മൂല്യങ്ങളുടെ വിത്തുകൾ ഏറെയും ജന്മസിദ്ധമാണ് എന്ന് ഈ പ്രഭാഷണത്തിൽ വ്യക്തമാക്കപ്പെട്ടു. കുട്ടികൾ വളരുന്ന ചുറ്റുപാടുകൾ ജന്മസിദ്ധമൂല്യങ്ങളെ വളർത്തുകയോ തളർത്തുകയോ ചെയ്യുന്നതിൽ നിർണ്ണായക പങ്കു വഹിക്കുന്നു എന്ന കണ്ടെത്തലും ഏറെ പ്രസക്തമാണ്. അക്ഷരങ്ങൾ അഭ്യസിക്കുന്നതിനൊപ്പമോ അതിലധികമോ പ്രാധാന്യം മൂല്യാധിഷ്ഠിത പരിശീലനത്തിനും നൽകപ്പെടേണ്ടതുണ്ടെന്ന് ഇവിടെ ഊന്നിപ്പറയുന്നു.

**നിയമങ്ങൾ വിമോചനത്തിലേക്കുള്ള ചൂണ്ടുപലകകൾ**

കുഴിനാപ്പുറത്തച്ചന്റെ ഗവേഷണ വിഷയം സഭാനിയമമായിരുന്നു. വി. തോമസ് അക്വിനാസും മറ്റും നിയമത്തെ ഒരു നിയന്ത്രണോപാധിയായി കരുതിക്കൊണ്ടാണ് നിർവ്വചനങ്ങൾ ചമച്ചിരിക്കുന്നത്. സഭ മനുഷ്യനെ രക്ഷയിലേക്ക് നയിക്കുന്ന ഒരു കൂദാശയാണെന്ന കണ്ടെത്തൽ സഭയിലെ നിയമങ്ങളെ വ്യത്യസ്തമായ കാഴ്ചപ്പാടിൽ നോക്കി കാണുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഈ ദർശനവഴികളിലൂടെ സഞ്ചരിച്ച് രക്ഷയുടെ കൂദാശയായ സഭയിലെ നിയമങ്ങൾ ദൈവജനത്തെ രക്ഷയിലേക്ക് നയിക്കുന്ന ചൂണ്ടുപലകകളാകാതെ മറ്റ് നിർവ്വാഹമില്ലെന്ന് കുഴിനാപ്പുറത്തച്ചൻ സ്ഥാപിക്കുകയായിരുന്നു, തന്റെ കാനോനിക പഠനങ്ങളിലൂടെ.

ഈ കാഴ്ചപ്പാടോടെ സഭയിലെ യാഥാർത്ഥ്യങ്ങളെ നോക്കികാണാനുള്ള പരിശ്രമങ്ങളായിരുന്നു കാനോനിക പഠനങ്ങളിൽ എല്ലാം തന്നെ. പ്രശസ്ത നോവലിസ്റ്റും പണ്ഡിതനുമായ ശ്രീ.സെബാസ്റ്റ്യൻ തൈശ്ശേരി കാനോനിക പഠനങ്ങളെ ഇപ്രകാരം വിലയിരുത്തുന്നു. "യഥാർത്ഥത്തിൽ നിയമം എന്താണെന്നും നിയമം എന്തിനാണെന്നും സഭയിൽ നിയമങ്ങളുടെ പ്രസക്തി എന്താണെന്നും മനസ്സിലാക്കണമെങ്കിൽ ഈ ഗ്രന്ഥം വായിക്കുക തന്നെ വേണം. യഥാർത്ഥത്തിൽ നിയമം അനുസരിക്കുക വഴി നാം ചെയ്യുന്നത് മറ്റുള്ളവരുടെ അവകാശത്തെ അംഗീകരിക്കുകയും ആദരിക്കുകയും ആണ്. ഈ പശ്ചാത്തലത്തിൽ സഭാനിയമങ്ങൾ എന്താണ് എന്നതിനെപ്പറ്റി ഗഹനമായ ഒരു അന്വേഷണവും പഠനവും നടത്തുകയാണ് ബഹു. തോമസ് കുഴിനാപ്പുറത്തച്ചൻ ഈ ഗ്രന്ഥ രചനവഴി ചെയ്തിരിക്കുന്നത്" (*മതവും ചിന്തയും*, 2013 ജൂലൈ -ആഗസ്റ്റ്



www.malankaralibrary.com

പേജ് 59). 1998 ആംഗ്ലേയ ഭാഷയിൽ പ്രസിദ്ധീകരിച്ച (*Christian Orient* XXI/41-48) മെത്രാപോലീത്തൻ സഭയെ സംബന്ധിക്കുന്ന പഠനം പര്യവസാനിച്ചത് അന്ന് മെത്രാപ്പോലീത്തൻ സ്ഥാനം മാത്രമുണ്ടായിരുന്ന മലങ്കര സുറിയാനികാത്തോലിക്കാ സഭയ്ക്ക് ഈ പദവി ചരിത്രപരമായി തികച്ചും അപര്യാപ്തമാണെന്ന് ഉറച്ച കണ്ടെത്തലോടെയായിരുന്നു. www.malankara.net എന്ന വെബ്സൈറ്റിലും ഈ ലേഖനം 1998 ൽതന്നെ പ്രത്യക്ഷപ്പെട്ടു. 2005 ൽ ഈ പ്രവചനം സാക്ഷാത്കൃതമാക്കിക്കൊണ്ട് മലങ്കര സുറിയാനി കത്തോലിക്ക സഭ, മേജർ ആർക്കി എപ്പിസ്കോപ്പൽ സ്ഥാനത്തേക്കുയർത്തപ്പെടുന്ന ചരിത്രസംഭവത്തിന് നമ്മൾ സാക്ഷ്യം വഹിച്ചു.

ദൈവശാസ്ത്രവും സഭാനിയമവും തമ്മിലുള്ള പാരസ്പര്യം ചർച്ച ചെയ്യുന്നതിന് കുഴിനാപ്പുറത്തച്ചൻ തെരഞ്ഞെടുത്തത് പ്രശസ്ത കാനോനിക ദൈവശാസ്ത്രജ്ഞനായ ലാഡിസ്ലാസ് ഓയർസിയെയായിരുന്നു. ആയിരക്കണക്കണക്കിന് രചനകളുടെ കർത്താവായ ഓയർസിയുമായി വ്യക്തിപരമായി കത്തിടപാടുകൾ നടത്തുന്നതിനും കുഴിനാപ്പുറത്തച്ചന് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. ദൈവശാസ്ത്രവും നിയമവും പരസ്പരം ബന്ധപ്പെട്ട് പുഷ്ടിപ്പെടേണ്ട ചിന്താധാരകളാണെന്ന ദർശനം ഇവിടെ പങ്കുവയ്ക്കപ്പെടുന്നു. നിയമത്തിന്റെ പരിണാമത്തിലും പുരോഗമനത്തിലും ദൈവശാസ്ത്രത്തിന് തനതായ സംഭാവനകൾ നൽകാൻ കഴിയുമെന്ന് കുഴിനാപ്പുറത്തച്ചൻ സ്ഥാപിക്കുകയായിരുന്നു.

പൗരസ്ത്യ സഭകളുടെ കാനോന സംഹിത (CCEO) യുടെ അകത്തളങ്ങളിലേക്ക് കടന്നു ചെന്ന് വി.ഗ്രന്ഥത്തിന്റെയും സഭാപിതാക്കന്മാരുടെയും, ആധുനിക ദൈവശാസ്ത്രജ്ഞന്മാരുടേയും ചിന്താധാരകളുടെ പിൻബലത്തോടെ ഈ നിയമസംഹിതയ്ക്ക് അനിവാര്യമായ ഒരു രക്ഷാസ്വഭാവമുണ്ടെന്ന് സ്ഥാപിക്കുകയായിരുന്നു കുഴിനാപ്പുറത്തച്ചൻ തന്റെ ഗവേഷണഗ്രന്ഥമായ 'രക്ഷാ നിയമ' (*Salvific Law*) ത്തിൽ സ്ഥാപിച്ചു. ആംഗലേയ ഭാഷയിൽ രചിക്കപ്പെട്ട ഈ ഗ്രന്ഥത്തിന്റെ വിപുലീകൃതമായ മൂന്നാം പതിപ്പാണ് ഇപ്പോൾ ലഭ്യമായിരിക്കുന്നത്. ഈ ഗ്രന്ഥം മുന്നോട്ടുവച്ച നിയമദർശനം ആഗോള വിചിന്തനങ്ങൾക്ക് വിധേയമായി. കാനഡ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ചില അന്തർ ദേശീയ പ്രസിദ്ധീകരണങ്ങളിൽ വിശ്വവിഖ്യാതരായ എഴുത്തുകാർ തന്നെ ഈ ഗ്രന്ഥത്തെ അവലോകനം ചെയ്യുകയുണ്ടായി.

'പൗരസ്ത്യ സഭകളുടെ കാനോന സംഹിതയിലെ ദിവ്യകാരുണ്യ ദർശനം' എന്ന പ്രബന്ധം നിയമസംഹിതയുടെ ദിവ്യകാരുണ്യ ആദ്ധ്യാത്മികതയിലേക്ക് വിരൽ ചൂണ്ടുന്ന ഒരു പഠനമാണ്. 2009 ൽ റാഞ്ചിയിൽ നടന്ന അഖിലേന്ത്യാ കാനൻ നിയമ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട ഈ പഠനം ഏറെ വൈജ്ഞാനിക ശ്രദ്ധ നേടി. ദിവ്യകാരുണ്യത്തിന് ഔഷധാത്മക (medicinal) മൂല്യം കൂടിയുണ്ടെന്ന് സഭാ നിയമസംഹിതയുടെ



www.malankaralibrary.com

വെളിച്ചത്തിൽ കുഴിനാപ്പുറത്തച്ചൻ വ്യക്തമായി പറഞ്ഞു വച്ചു.

ഇടവകയെക്കുറിച്ചുള്ള കാനോനിക പഠനമാണ് ശ്രദ്ധേയമായ മറ്റൊരു ലേഖനം. ഇടവകയുടെ കാനോനിക വീക്ഷണം അവതരിപ്പിക്കുമ്പോഴും ദൈവജനകേന്ദ്രമാണ് പ്രാഥമികമായി ഇടവക എന്ന ബോധ്യം പങ്കുവെയ്ക്കുവാൻ കുഴിനാപ്പുറത്തച്ചൻ പരിശ്രമിക്കുന്നുണ്ട്. ഇടവകയുടെ നടത്തിപ്പിൽ തെരഞ്ഞെടുക്കപ്പെട്ട വിവിധ സമിതികളുടെ പങ്കാളിത്തം ഉറപ്പാക്കണമെന്ന ഉദ്ബോധനവും ഇവിടെ കണ്ടെത്താനാവും.

മെത്രാൻ സ്ഥാനത്തെ സംബന്ധിക്കുന്ന കാനോനകൾ പങ്കുവയ്ക്കുന്ന ലേഖനത്തിൽ ഈ പദവിയുടെ അധികാര മഹിമയെക്കാളുപരി ദൈവജനശുശ്രൂഷയ്ക്ക് പ്രാധാന്യം നൽകാനാണ് കുഴിനാപ്പുറത്തച്ചൻ പരിശ്രമിച്ചിരിക്കുന്നത്. ഒരു നിശ്ചിത ഭദ്രാസനത്തിന്റെ ചുമതല വഹിക്കുമ്പോഴും സഭയുടെ കാലോനികമാനം മനസ്സിൽ കരുതിക്കൊണ്ടു വേണം ഈ ശുശ്രൂഷ നിർവഹിക്കേണ്ടത് എന്ന കണ്ടെത്തലും ഇവിടെ പങ്കുവയ്ക്കപ്പെടുന്നു. പൗരോഹിത്യത്തെക്കുറിച്ച് പൊതുവെ പറയുമ്പോഴും ഈ കാഴ്ചപ്പാട് നിലനിർത്തുവാൻ പരിശ്രമിക്കുന്നുണ്ട്. പൗരോഹിത്യ ദൗത്യം ദൈവികമാണെന്നും അത് ഒരു സമ്പൂർണ്ണ സമർപ്പണം ആവശ്യപ്പെടുന്നു എന്നും നിയമസംഹിതയുടെ വെളിച്ചത്തിൽ ചൂണ്ടിക്കാണിക്കപ്പെടുന്നു. പൗരോഹിത്യ കൂട്ടായ്മയും സാക്ഷ്യവും ഇവിടെ ഊന്നിപ്പറയുന്നുണ്ട്.

വിവാഹ കൂദാശയുടെ കാനോനികമാനം ചൂണ്ടിക്കാണിക്കാനുള്ള പരിശ്രമത്തിൽ വിവാഹത്തിനുള്ള തടസ്സങ്ങൾ വിശകലന വിധേയമാക്കപ്പെടുന്നു. വിവാഹത്തിന്റെ പവിത്രത സംരക്ഷിക്കപ്പെടുന്നതിനും ദമ്പതികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് വിവാഹ ബന്ധത്തെ കാർക്കശ്യ സ്വഭാവത്തോടെ സഭാ നിയമം നോക്കി കാണുന്നത് എന്നു സമർത്ഥിക്കാനും കുഴിനാപ്പുറത്തച്ചന് സാധിക്കുന്നുണ്ട്. ദമ്പതികളുടെയും കുടുംബങ്ങളുടെയും നന്മയും സുരക്ഷിതത്വവും ആണ് ഈ നിയമങ്ങളുടെ അന്തരാത്മാവ് എന്ന കണ്ടെത്തലിൽ ഈ ലേഖനം പര്യവസാനിക്കുന്നു. ഇതോടൊപ്പം അല്മായ ദൈവശാസ്ത്രത്തിന് ഒരു ആമുഖം കുറിക്കുന്നതിനും ഒരു ലേഖനം നീക്കിവച്ചിരിക്കുന്നു. സഭയിൽ അല്മായർ ആരെന്നും അവരുടെ ദൈവിക ദൗത്യങ്ങളെന്തെന്നും കർദ്ദിനാൾ ഇവ്സ് കൊംഗാറിന്റെയും മറ്റും കൃതികളെ ആസ്പദമാക്കി സമർത്ഥിക്കുമ്പോൾ വൈദിക-അല്മായ വൈജാത്യങ്ങൾ കേവലം ചരിത്രസൃഷ്ടികളാണെന്ന നിഗമനത്തിലേക്ക് വരെ എത്തിചേരുന്നുണ്ട്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അനന്യ വ്യക്തിത്വം എന്ന പ്രബന്ധം 1991 മുതൽ ആനുകാലികമായി പരിഷ്കരിച്ച് വിവിധ പ്രസിദ്ധീകരണങ്ങളിൽ വെളിച്ചം കണ്ടുവന്നിരുന്നു. 1991ൽ വിരചിതമായതാണ് ചുവടെ ചേർക്കുന്ന വാക്യം "തന്മൂലം മലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം കാതോലിക്കാ സ്ഥാനം നേടിയെടു



www.malankaralibrary.com


ക്കേണ്ട ഒരു സാധ്യതയാണെന്ന് മേൽ പ്രസ്താവിച്ച ചരിത്രസത്യം വിളിച്ചോതുന്നു." ഈ പ്രവചനം 2005 ൽ സാക്ഷാത്കൃതമായപ്പോൾ മലങ്കര കാത്തോലിക്കാ സഭയുടെ കാതോലിക്കാ ബാവാ സ്ഥാനത്തെ ചൊല്ലിയുള്ള ശബ്ദകോലാഹലങ്ങൾ അങ്ങിങ്ങ് പ്രതിധ്വനിച്ചു. ഈ വാദ പ്രതിവാദങ്ങൾക്കുള്ള കൃത്യമായ കാനോനിക മറുപടി 2007 ജൂൺ ലക്കം 'ക്രൈസ്തവ കാഹള'ത്തിൽ ഈ ലേഖനത്തിന്റെ പരിഷ്കരിച്ച പതിപ്പിലാണ് നൽകപ്പെട്ടത്. മേജർ ആർച്ച് ബിഷപ്പ് സ്ഥാനം കാതോലിക്കാ സ്ഥാനത്തിന് തുല്യമാണെന്ന് പൗരസ്ത്യസഭകളുടെ ഉറവിടമായ *ക്ലേരി സാംങ്തിതാത്തി* 335-ാം കാനോനയുടെ അടിസ്ഥാനത്തിൽ വ്യക്തമായി ഇവിടെ സ്ഥാപിക്കപ്പെട്ടു. ഈ കണ്ടെത്തൽ പിന്നീട് മലങ്കര സുറിയാനി കാത്തോലിക്കാ സഭയുടെ പ്രത്യേക കാനോനസംഹിത (CPCSMCC) യിൽ സന്നിവേശിപ്പിച്ച് റോമിലെ പരി.സിംഹാസനത്തിന്റെ അംഗീകാരം നേടിയപ്പോൾ അല്പായുസ് മാത്രമുണ്ടായിരുന്ന അടിസ്ഥാനരഹിത വാദമുഖങ്ങളുടെ മുനയൊടിക്കുകയായിരുന്നു.

**ഉപസംഹാരം**

ബഹു. തോമസ് കുഴിനാപ്പുറത്തച്ചന്റെ രചനകളെ കുറിച്ച് പഠിക്കാൻ ശ്രമിക്കുമ്പോൾ എല്ലാ വിഭാഗീയതകൾക്കും അതീതമായ മാനവരക്ഷയുടെ ദർശനമാണ് അവിടെ കണ്ടെത്താൻ കഴിയുക. കത്തോലിക്കാ സഭയുടെ സർവ്വാശ്ലേഷിയായ പ്രേഷിതദൗത്യം സമൂഹത്തിലെയും സഭയിലെയും വൈജാത്യങ്ങളെയും വിഭാഗീയതകളെയും അതിജീവിക്കുന്നതായിരിക്കണമെന്ന ഊന്നൽ ഇവിടെ വളരെ വ്യക്തമാണ്. ഈ സർവ്വാശ്ലേഷിയായ ഐക്യം പക്ഷേ ഐകരൂപ്യ (uniformity)ത്തിലേക്കല്ല നയിക്കേണ്ടതെന്നു ഉത്തമ ബോധ്യവും ഓരോ പഠനത്തിലും നിഴലിക്കുന്നുണ്ട്. ഓരോ സമൂഹവും വ്യക്തിയും തനതായ വ്യക്തിത്വം നിലനിർത്തികൊണ്ടുള്ള ഐക്യത്തിലാണ്, ആത്യന്തിക രക്ഷയുടെ മുന്നാസ്വാദനം സംഭവിക്കുക എന്ന സത്യവും ഇവിടെ സംവേദനം ചെയ്യപ്പെടുന്നു. ആത്മാക്കളുടെ രക്ഷയാണ് അത്യുന്നതനിയമം എന്ന സൂത്രവാക്യം ഈ ചിന്തകളുടെയെല്ലാം അടിസ്ഥാന പ്രമാണമാണുതാനും.



www.malankaralibrary.com



# സാൽവിഫിക് ലോ: ഒരു പഠനം

ഡോ. ഡി. ബാബു പോൾ

**നി**യമത്തെക്കുറിച്ച് പൊതുവേയുള്ള കാഴ്ചപ്പാട് മനുഷ്യനെ നിയന്ത്രിക്കുന്നതിനുള്ള ഒരു ഉപാധി എന്നതാണ്. എന്നാൽ ഈ നിർവചനം കൃത്യമല്ല എന്ന് സമർത്ഥിക്കുവാനാണ് തന്റെ ഗവേഷണ പ്രബന്ധമായ 'രക്ഷാനിയമം' (Salvific Law) എന്ന ഈ കൃതിയിൽ ഫാ. തോമസ് കുഴിനാപ്പുറത്ത് ശ്രമിച്ചിട്ടുള്ളത്.

'പൗരസ്ത്യ സഭകളുടെ കാനോനസംഹിത'യെപ്പറ്റി നടത്തിയ ഉപരി പഠനത്തിന്റെ ഭാഗമായി അച്ചൻ തയ്യാറാക്കിയ ഈ പഠനം പരിശോധിച്ച ഡോ. ഡിമിട്രിയോസ് സലാക്കാസ് ആ ബിരുദാനന്തര ബിരുദ ഗവേഷണ പ്രബന്ധം ഒരു ഡോക്ടറൽ പ്രബന്ധം ആകേണ്ടിയിരുന്നു' എന്നാണ് അഭിപ്രായപ്പെട്ടത്. അങ്ങനെ പിന്നീട് ഒരു ഡോക്ടറൽ പ്രബന്ധം തയ്യാറാക്കി സമർപ്പിക്കുന്നതിന് അച്ചന് ഒരു വർഷം മാത്രമേ വേണ്ടി വന്നുള്ളൂ.

യേശുക്രിസ്തു നേടിത്തന്ന രക്ഷയുടെ അനുഭവത്തിലേക്ക് മാനവരാശിയെ നയിക്കുക എന്നതാണ് സഭയുടെ എക്കാലത്തെയും ദൗത്യം. അതിനാൽ തന്നെ സഭയുടെ എല്ലാ സംവിധാനങ്ങളും ഈ ദൗത്യത്തിലേക്ക് നയിക്കുന്നതാകണം. സഭയുടെ നിയമങ്ങൾ ഇതിനപവാദമായിക്കൂടാ. ദൈവൈക്യത്തിലേക്ക് മനുഷ്യനെ എത്തിക്കുക എന്നല്ലാതെ മറ്റൊരു ലക്ഷ്യവും കാനൻ നിയമങ്ങൾക്ക് ഉണ്ടാകരുത് എന്ന് പറയുന്നതിന്റെ അടിസ്ഥാനവും മറ്റൊന്നല്ല. ദൈവത്തിന്റെ അനന്ത നന്മയുടെ വ്യത്യസ്ത ഭാവങ്ങളാണ് ഈ കൃതിയുടെ കാതൽ. അതോടൊപ്പം സഭാമക്കളായ വിശ്വാസികൾ ദൈവത്തോടും സഹജീവികളോടും പ്രകൃതിയോടും പുലർത്തേണ്ടത് ഇതേ കരുണയും സ്നേഹവും ആണെന്ന കാഴ്ചപ്പാടും പങ്കുവയ്ക്കപ്പെടുന്നു.

നാല് അദ്ധ്യായങ്ങളിലായി നിയമത്തിന്റെ അന്തരാർത്ഥങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിൽ തെളിയുന്ന ചിത്രം കാരുണ്യവാനും സ്നേഹസമ്പന്നനും മാനവവംശത്തെ മുഴുവൻ ആശ്ലേഷിക്കുവാൻ കാത്തുനിൽക്കുന്നവനുമായ ദൈവത്തിന്റേതാണ്. വി.അപ്രേം എഴുതിയത് കുഴിനാപ്പുറത്തച്ചൻ ഉദ്ധരിക്കുന്നതിങ്ങനെ: "ഭൂമിയിലെ പൂഴിയിലേക്ക്, വെറും മണ്ണിലേക്ക് ദൈവത്തിന്റെ കരുണ ഒഴുകിയിറങ്ങി. നന്മയും വിശുദ്ധിയും



www.malankaralibrary.com

തന്നെയായ ദൈവം പൂഴിയിൽ നിന്നും മനുഷ്യനെ- ആദത്തെ-രൂപപ്പെടുത്തിയപ്പോൾ അറിഞ്ഞിരുന്നു അവൻ നന്ദികേട് കാണിക്കുമെന്നും തന്നിൽ നിന്നും അകന്നു പോകുമെന്നും. എന്നിട്ടും അവിടുന്നവനെ സൃഷ്ടിക്ക് മകുടവും വിജയശ്രീലാളിതനുമാക്കി."

പരമനന്മയായ ദൈവം സൃഷ്ടിയുടെ മകുടമായി മനുഷ്യനെ സൃഷ്ടിച്ചപ്പോഴും അവനിൽ പരിമിതികൾ ഉണ്ടെന്ന് നന്നായി അറിഞ്ഞിരുന്നു. ഈ പരിമിതകളോടെ അവൻ ജീവിച്ച് നിത്യസൗഭാഗ്യത്തിലേക്ക് പ്രവേശിക്കണം എന്നതായിരുന്നു ദൈവഹിതം. ദൈവത്തിന്റെ രക്ഷാകര മനസ്സ് നമുക്ക് കാണാൻ സാധിക്കുന്നതിവിടെയാണ്. പരിമിതകളോട് കൂടിയ മനുഷ്യനെ പൂർണ്ണതയിലേക്ക് എത്തിക്കുന്നതിന് ദൈവം കല്പ്പനകൾ നൽകി. ദൈവത്താൽ സംസ്ഥാപിതമായ സഭയുടെ നിയമങ്ങൾക്കും ഈ രക്ഷാകരമാനം അനിവാര്യമായി ഭവിക്കുന്നതിന്റെ യുക്തി ഇവിടെയാണ് കാണേണ്ടത്. ഇക്കാര്യമാണ് ഗ്രന്ഥകാരൻ പഠനവിധേയമാക്കുന്നത്.

രക്ഷ എന്ന ആശയത്തിന്റെ വേദപുസ്തകപരവും ദൈവശാസ്ത്രപരവുമായ വിശകലനങ്ങൾക്കാണ് പ്രഥമ അദ്ധ്യായം മാറ്റിവെച്ചിരിക്കുന്നത്. ഈ പദത്തിന്റെ എബ്രായ മൂലത്തിന്റെ വിശകലനമാണ് ആദ്യം. ഈ പദം പഴയ നിയമത്തിൽ പൊതുവെ യുദ്ധപശ്ചാത്തലത്തിലാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. ഒപ്പം നീതിന്യായമേഖലയിലും ഈ പദത്തിന് സവിശേഷമായ ഒരു അർത്ഥമുണ്ട് എന്നും കാണാവുന്നതാണ്. അനീതി അനുഭവിക്കുന്നവന്റെ നിലവിളി കേൾക്കുന്ന ഏതൊരുവനും അവനെ രക്ഷിക്കുവാൻ കടമയുണ്ട് എന്ന് ഉദ്ബോധിപ്പിക്കുന്ന പശ്ചാത്തലത്തിലാണ് ഈ പദം ഉപയോഗിക്കപ്പെടുന്നത്. ഇത് ഭരണകർത്താവിനെ സംബന്ധിച്ചിടത്തോളം വലിയ ഉത്തരവാദിത്വമാണെന്ന സൂചനയും വ്യക്തമാണ്.

സമകാലീന സാമൂഹിക വ്യവസ്ഥിതിയിലും ഏറെ പ്രസക്തമായ ഒരു ഉദ്ബോധനമാണ് ഇത്. അനീതി അനുഭവിക്കുന്നവന്റെ നിലവിളിക്കു മുന്നിൽ കാതടയ്ക്കുന്ന ന്യായാധിപനും ഭരണകർത്താവും തല്സ്ഥാനത്തിനു യോഗ്യനല്ല. വേദപുസ്തകത്തിലെ ഈ ദർശനം പങ്കുവയ്ക്കാൻ സഭയുടെ വക്താക്കൾക്കു ഉത്തരവാദിത്വമുണ്ടെന്ന് 'സാൽവിഫിക് ലോ' ഓർമ്മിപ്പിക്കുന്നു. അതായത് ന്യായാധിപന്മാർ രക്ഷകരുമായിരിക്കണമെന്നതാണ് വേദപുസ്തകത്തിന്റെ പാഠം. പഴയ നിയമത്തിലെ ന്യായാധിപന്മാരെല്ലാം രക്ഷകരും ആയിരുന്നുവല്ലോ.

രക്ഷയുടെ ദൈവശാസ്ത്രം വിശകലനം ചെയ്യുമ്പോൾ സഭാപിതാക്കന്മാരുടെ കൃതികളെയും ആധുനിക ദൈവശാസ്ത്രജ്ഞൻമാരെയും ഒരുപോലെ ഉദ്ധരിക്കുന്നുണ്ട് ഗ്രന്ഥകർത്താവ്. പരിശുദ്ധാത്മാവിന്റെ സഹായത്തോടെയാണ് ഒരുവൻ ആത്യന്തികമായ രക്ഷ കൈവരിക്കേണ്ടത് എന്ന് ചൂണ്ടിക്കാട്ടുന്ന ഗ്രന്ഥകാരൻ മനുഷ്യന്റെ ശാരീരിക സൗഖ്യവും സ്വസ്ഥതയും രക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് സൂറിയാനി പിതാവ് മാർ അപ്രേമിന്റെ രചനകളെ ഉദ്ധരിച്ച് സമർത്ഥിക്കുന്നുമുണ്ട്.



www.malankaralibrary.com

നിയമം എന്ന സംജ്ഞയെ ആഴത്തിൽ പരിശോധിക്കാൻ തുനിയുന്ന ഗ്രന്ഥകാരൻ അഞ്ചുതലങ്ങളിൽ നിയമം വിശകലനം ചെയ്യുന്നു. നിയമത്തെക്കുറിച്ചുള്ള ദാർശനിക വിചാരത്തിൽ പ്ലേറ്റോ തുടങ്ങിയുള്ള ദാർശനികർ നിയമത്തെ സംബന്ധിച്ച് നടത്തിയിട്ടുള്ള പരാമർശങ്ങളുടെ അന്ത:സത്ത അന്വേഷിക്കുമ്പോൾ നിയമം മൂല്യബദ്ധമായിരുന്നു എന്നും എക്കാലവും സമൂഹം ചില അടിസ്ഥാനമൂല്യങ്ങൾ പാലിച്ചിരുന്നു എന്നും നിരീക്ഷിക്കുന്ന ഗ്രന്ഥകാരൻ പൊതുനന്മ നിയമനിർമ്മാണത്തിന്റെ അടിസ്ഥാന ലക്ഷ്യമാണെന്നുള്ള കാഴ്ചപ്പാട് മദ്ധ്യകാലത്തിന്റെ സംഭാവനയായിരുന്നു എന്ന് അഭിപ്രായപ്പെടുന്നു.

നിമയവ്യവസ്ഥിതികളിലൂടെയുള്ള അന്വേഷണത്തിൽ പാശ്ചാത്യ നിയമ ദർശനത്തിന്റെ പോലും അടിസ്ഥാനമായി ഭാരതീയ തത്ത്വചിന്തയെ കാണുന്ന ഗ്രന്ഥകാരൻ പുരാതന നിയമവ്യവസ്ഥകളിൽ സുപ്രധാനം എന്ന് പറയാവുന്ന റോമൻ, ഇന്ത്യൻ, ഗ്രീക്ക്, ഈജിപ്ഷ്യൻ, യൂദവ്യവസ്ഥിതികളെക്കുറിച്ചുള്ള പഠനവും നടത്തിയിരിക്കുന്നു എന്നത് എടുത്ത് പറയണം.

ബൈബിളിലെ നിയമദർശനം ആരംഭിക്കുന്നത് ദൈവം മനുഷ്യനിൽ നന്മ നിക്ഷേപിച്ചിടത്താണ്. പഴയനിയമത്തിൽ ഇത് ഇസ്രായേലുമായി നടത്തിയ ഉടമ്പടിയുടേതാകുന്നു. ഇസ്രയേൽ പലപ്പോഴും ഈ ഉടമ്പടിയിൽ നിന്ന് വ്യതിചലിച്ചിരുന്നു. ഈ അപചയത്തിൽ നിന്നും മോചനത്തിനുള്ള ശ്രമങ്ങൾ ഒരിടത്തും പൂർണ്ണമായും ഫലം കാണുന്നില്ല. അവിടെയാണ് ദൈവം തന്നെ മനുഷ്യനായി അവതരിക്കുന്നതിന്റെ പ്രസക്തി. ദൈവം സ്വജീവിതത്തിലൂടെ ഈ ഭൂമിയിൽ വരച്ചുകാട്ടിയ പുതിയ ഉടമ്പടി സ്നേഹത്തിന്റേതായിരുന്നു.

കത്തോലിക്കാ സഭയുടെ പുരാതന പ്രബോധനങ്ങളിലെല്ലാം തന്നെ നിയമത്തിന്റെ ആത്യന്തിക ലക്ഷ്യം മനുഷ്യരക്ഷയാണെന്ന് വ്യക്തമായി പഠിപ്പിച്ചിരുന്നു എന്നും ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. ദൈവത്തോടു പുലർത്തേണ്ട സ്നേഹത്തിന് മനുഷ്യനെ പ്രാപ്തനാക്കുന്ന മാർഗ്ഗങ്ങളായിരിക്കണം സഭാ നിയമങ്ങൾ എന്നതായിരുന്നു കത്തോലിക്കാ സഭയുടെ പ്രബോധനം. സഭ ഒരു ദൈവിക യാഥാർത്ഥ്യം എന്നതുപോലെ തന്നെ ഒരു സാമൂഹികയാഥാർത്ഥ്യവുമാണ്. ദൈവശാസ്ത്രജ്ഞന്മാരിൽ പ്രമുഖനും രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങളുടെ ബുദ്ധികേന്ദ്രവുമായിരുന്നു കാൾ റാനറുടെ ഉദ്ധരണികളോടെയാണ് ഈ ആശയം ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. ഒരു സാമൂഹിക യാഥാർത്ഥ്യം എന്നതിലുപരി ദൈവജനത്തിനു കൃപ പ്രദാനം ചെയ്തുകൊണ്ട് അവരെ ആത്യന്തിക രക്ഷയിലേക്ക് നയിക്കുന്നതിന് ദൈവത്താൽ സ്ഥാപിതമായ ഒരു കൃപാസ്ഥാപനം (Institution of grace) ആണ് സഭയെന്ന ദർശനവും ഈ പുസ്തകത്തിൽ കാണാം. ഇങ്ങനെ ചിന്തിക്കുമ്പോൾ സഭയുടെ നിയമങ്ങൾക്ക് മനുഷ്യനെ കൃപാജീവിതത്തിലേക്ക് നയിക്കുന്ന ഉപകരണങ്ങളാകാതെ നിർവ്വാഹമില്ല.



www.malankaralibrary.com

പുസ്തകത്തിന്റെ രണ്ടാം അദ്ധ്യായം പൗരസ്ത്യ സഭകളുടെ കാനോന സംഹിതയുടെ ക്രോഡീകരണ ചരിത്രമാണ്. 20-ൽപ്പരം വ്യക്തിസഭകൾ കത്തോലിക്കാ കൂട്ടായ്മയിൽ പൗരസ്ത്യ പാരമ്പര്യം പിന്തുടരുമ്പോൾ അവയ്ക്ക് പൊതുവെ ഒരു നിമയസംഹിതയ്ക്ക് രൂപം നൽകുവാൻ സാധിച്ചു എന്നത് ചെറിയ കാര്യമല്ല. വ്യക്തി സഭയ്ക്ക് തങ്ങളുടെ തനതായ പാരമ്പര്യം നിലനിർത്തിക്കൊണ്ട് വളരുന്നതിനുള്ള അവസരങ്ങൾ നൽകുന്ന ഈ പൊതു കാനോനസംഹിത ഭാരതത്തിലെ രണ്ടു പൗരസ്ത്യ വ്യക്തിസഭകളും പ്രയോജനപ്പെടുത്തി പ്രത്യേക നിയമസംഹിതകൾക്ക് രൂപം നൽകിയിട്ടുണ്ടല്ലോ.

തുടർന്നുവരുന്ന അദ്ധ്യായങ്ങളിൽ സഭാ നിയമത്തിന്റെ രക്ഷാകര സ്വഭാവം "പൗരസ്ത്യ സഭകളുടെ കാനോനസംഹിത"യുടെ പശ്ചാത്തലത്തിൽ പഠനവിധേമാക്കുന്നു. പരിശുദ്ധകുർബാനയെ സംബന്ധിച്ച നിയമങ്ങൾ ആണ് ഈ അദ്ധ്യായത്തിൽ ആദ്യം ചർച്ച ചെയ്യുന്നത്. ഒരു വിശ്വാസിയുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ കേന്ദ്രബിന്ദുവായ പരിശുദ്ധ കുർബ്ബാനയ്ക്ക് നൽകുന്ന പ്രാധാന്യത്തിലൂടെ ഓരോ വ്യക്തിയുടെയും ആദ്ധ്യാത്മികതയെയും തദ്വാരാ ആത്മരക്ഷയെയും ഗൗരവമായി നോക്കിക്കാണുന്ന നിയമസംഹിതയാണ് പൗരസ്ത്യ സഭകളുടെതെന്ന് സമർത്ഥിക്കുകയാണ് ഗ്രന്ഥകാരൻ. അന്ത്യോഖ്യായിലെ മാർ ഇഗ്നാത്യോസിന്റെ ഉദ്ധരണിയോടെ വി.കുർബ്ബാന ജീവന്റെ അപ്പവും അമർത്യതയുടെ ദിവ്യഔഷധവുമാണെന്ന് ഇവിടെ ചൂണ്ടിക്കാണിക്കപ്പെടുന്നു.

തുടർന്ന് ഈ നിയമസംഹിതയിൽ ഉപയോഗിച്ചിരിക്കുന്ന രണ്ട് സംജ്ഞകളായ 'സാലൂസ്' (രക്ഷ) 'സാലൂസ് ആനിമാരും' (ആത്മരക്ഷ) എന്നിവയുടെ വിശകലനമാണ് കാണുന്നത്. ബൈബിളിൽ 'രക്ഷ' യെ സൂചിപ്പിക്കുന്നതിനായി ഉന്നയിച്ചിട്ടുള്ള അതേ പദങ്ങൾ തന്നെയാണ് കാനോനസംഹിതയിലും ഉപയോഗിക്കപ്പെട്ടിരിക്കുന്നത് എന്ന വസ്തുത ഏറെ പ്രാധാന്യത്തോടെ ഗ്രന്ഥകാരൻ ചൂണ്ടിക്കാട്ടുന്നു. മനുഷ്യന്റെ രക്ഷയ്ക്കു വേണ്ടി നൽകപ്പെട്ട ദൈവവചനത്തിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ അതേ അർത്ഥത്തിൽ മനുഷ്യരക്ഷയെകുറിച്ചുള്ള കരുതൽ മുന്നിൽ കണ്ടു കൊണ്ട് കാനോനസംഹിത അവതരിപ്പിക്കുമ്പോൾ അത് ഈ സംഹിതയുടെ അടിസ്ഥാനപരമായ രക്ഷാകര സ്വഭാവത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

സംഹിതയിൽ കാണുന്ന ആത്മരക്ഷ എന്ന പ്രയോഗവും ഇതിനോട് ചേർത്തു വച്ച് മനസ്സിലാക്കേണ്ടതുണ്ട്. മനുഷ്യന്റെ 'ആത്മരക്ഷയാണ് അത്യുന്നത നിയമം' എന്നു വ്യാഖ്യാനിക്കപ്പെടുന്നതിലൂടെ മനുഷ്യന്റെ ശാരീരിക രക്ഷ അവഗണിക്കപ്പെടുന്നു എന്ന് അർത്ഥമില്ല. മനുഷ്യന്റെ സമഗ്രമായ രക്ഷ ലാക്കാക്കിക്കൊണ്ടായിരിക്കണം സഭാ പ്രവർത്തനങ്ങളെല്ലാം മുന്നോട്ട് പോകേണ്ടത് എന്ന് സംഹിത അനുശാസിക്കുന്നു.

നിയമത്തിന്റെ കർശനമായ പാലനത്തോടൊപ്പം നിയമത്തിനപ്പുറത്തുള്ള 'ന്യായദർശന' (Equity) ത്തിലൂടെയും നീതി നടപ്പിലാക്കപ്പെ



www.malankaralibrary.com

ടണം എന്ന് "പൗരസ്ത്യകാനോന സംഹിത" അനുശാസിക്കുന്നു എന്ന കണ്ടെത്തലും ഗ്രന്ഥകാരൻ നടത്തുന്നുണ്ട്. നിയമത്തിന്റെ പൊളിച്ചെഴുത്തല്ല മറിച്ച് നിയമത്തിനപ്പുറത്തും നീതിക്കുവേണ്ടിയുള്ള അന്വേഷണമാണിത്. നിയമത്തിന്റെ അതിർത്തികളെ അതിലംഘിച്ചു പോലും നീതി നടപ്പിലാക്കുവാനുള്ള സഭയുടെ സമീപനം കല്ലുകളേന്തി പാപിനിക്കു നേരെ നിന്ന നിയമജ്ഞരോട് യേശു പുലർത്തുന്ന സമീപനം തന്നെയാണ്.

അവസാനത്തെ അദ്ധ്യായത്തിൽ പൗരസ്ത്യ കാനോന സംഹിതയുടെ രക്ഷാകര സ്വഭാവം മറ്റു ചില ഭാവങ്ങളിൽ നാം കാണുന്നു. ശിക്ഷാ നിയമങ്ങളെ സഭ നോക്കിക്കാണുന്നത് ശിക്ഷിക്കപ്പെടുന്ന ആളിന്റെ മാനസ്സാന്തര ലക്ഷ്യം വച്ചുകൊണ്ടാണ്. ബൈബിളിലെ 'വഴിതെറ്റിപോയ ആടിന്റെ' ഉപമ പരാമർശിച്ചുകൊണ്ടാണ് 'കാനോനസംഹിത' യിൽ ശിക്ഷാ നിയമങ്ങളുടെ ഭാഗം ആരംഭിക്കുന്നതു തന്നെ. വഴിതെറ്റിപോയതിനെ തിരിച്ച് ആലയിലേക്ക് നയിക്കുന്നതിനുള്ള ഉപകരണങ്ങളായ ഈ നിയമങ്ങൾ ഒരിക്കലും തെറ്റു ചെയ്തവന്റെ നാശം ആഗ്രഹിക്കുന്നില്ല.

അതുപോലെ സഭയിലെ അനുരജ്ഞനകൂദാശയായ വി.കുമ്പസാരത്തെ സംബന്ധിക്കുന്ന സഭാ നിയമങ്ങളിലും ഈ രക്ഷാകരസ്വഭാവം ദർശിക്കുവാനാകും. പാപങ്ങൾ മോചിക്കാൻ അധികാരമുള്ള വൈദികൻ കുമ്പസാരകൂട്ടിൽ ദൈവത്തിന്റെ കരുണയുടെയും നീതിയുടെയും പ്രതിപുരുഷനാകണം എന്നാണ് കാനോനസംഹിത അനുശാസിക്കുന്നത്. കുമ്പസാരിക്കുന്ന ആൾ മരണത്തെ മുഖാമുഖം കാണുന്ന ഒരു സന്ദർഭത്തിലാണെന്നുള്ളതെങ്കിൽ അയാളെ അപ്പോൾ കുമ്പസാരിപ്പിക്കുന്ന വൈദികന് ഏതു പാപവും (മാർപ്പാപ്പയ്ക്ക് മാത്രം ഇളവ് നൽകാൻ പറ്റുന്ന പാപങ്ങൾ പോലും) മോചിക്കുവാൻ സാധിക്കും എന്നും കാനോ സംഹിത അനുശാസിക്കുന്നു. മനുഷ്യന്റെ ആത്മരക്ഷയ്ക്കു മുമ്പിൽ നിയമത്തിന്റെ എല്ലാ വാതിലുകളും മലർക്കെ തുറന്നിടുന്ന സഭയുടെ നിയമദർശനമാണ് ഇവിടെ കാണുന്നത്.

ചുരുക്കത്തിൽ ക്രൈസ്തവസഭയിലെ നിയമങ്ങൾക്ക് അനിവാര്യമായി വേണ്ട രക്ഷാകര സ്വഭാവം 'പൗരസ്ത്യ കാനോനസംഹിത' യുടെ പശ്ചാത്തലത്തിൽ പഠനവിധേയമാക്കിക്കൊണ്ട് കുഴിനാപ്പുറത്തച്ചൻ അവതരിപ്പിക്കുന്ന അടിസ്ഥാന ദൈവശാസ്ത്ര തത്ത്വമിതാണ്. "സഭയുടെ നിയമങ്ങൾ അടിസ്ഥാനപരമായി മനുഷ്യരെ രക്ഷയിലേക്ക് നയിക്കുന്ന ഉപകരണങ്ങളായിരിക്കണം. അങ്ങനെ ആകുന്നില്ലെങ്കിൽ അവ സഭയുടെ നിയമങ്ങളായിരിക്കുകയില്ല.'' സഭയിലെ നിയമനിർമ്മാതാക്കളും വ്യാഖ്യാതാക്കളും പാലകരും ഒരുപോലെ മനസ്സിൽ എപ്പോഴും സൂക്ഷിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ട തത്ത്വമാണിത് എന്നതിൽ അഭിപ്രായഭേദം ഉണ്ടാകാൻ ഇടയില്ല.

(കടപ്പാട്: '*ഐക്യദീപം*' 2018 ഒക്ടോബർ, പേജ് 13-16)



www.malankaralibrary.com



# ജീവിത സ്പർശിയായ ദൈവശാസ്ത്രം

റവ. ഡോ. ഗീവർഗ്ഗീസ് പണിക്കർ

**കു**ഴിനാപ്പുറത്തച്ചന്റെ തെരഞ്ഞെടുത്ത പ്രബന്ധങ്ങളാണ് 'ദൈവ ജനം' എന്ന ഗ്രന്ഥം ഉൾക്കൊള്ളുന്നത്. ഈ പ്രബന്ധങ്ങളെല്ലാം തന്നെ ദൈവശാസ്ത്ര തലത്തിലുള്ളവയാണ്. ഇന്നത്തെ ദൈവശാസ്ത്രം പലപ്പോഴും ദൈവശാസ്ത്രജ്ഞന്മാർക്കു വേണ്ടിയുള്ള ദൈവശാസ്ത്രമാണ്. എന്നാൽ ഈ പ്രബന്ധങ്ങൾ വിശ്വാസികൾക്ക് ദൈവശാസ്ത്രപരമായ അറിവ് പ്രദാനം ചെയ്യുന്നവയാണ്.

ദൈവശാസ്ത്രജ്ഞന്മാർക്കു വേണ്ടിയുള്ള ദൈവശാസ്ത്രം 15-ാം നൂറ്റാണ്ടിന്റെ അവസാനത്തോടു കൂടി അദ്ധ്യാത്മിക ജീവിതവുമായി ബന്ധമില്ലാത്തതായി തീർന്നു എന്ന് ഹാൻസ് ഊർസ് ഫോൺ ബാൽതാസറിനെപ്പോലുള്ള ആധുനിക ദൈവശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇന്നത്തെ ദൈവശാസ്ത്രം വ്യക്തിഗതമായി (Individualistic) തരം താഴ്ന്നിരിക്കുകയാണ്. പലപ്പോഴും വിശ്വാസം ഇല്ലാതാക്കുന്ന വിധത്തിലുള്ള പ്രത്യയശാസ്ത്രങ്ങളായി ഇന്ന് 'തിയോളജി' മാറിപ്പോയിരിക്കുന്നു. ഇപ്രകാരമുള്ള ഒരു കാലത്ത് ദൈവത്തിന്റെ വെളിപ്പെടുത്തലിനെ ദൈവജനത്തിന്റെ ആധ്യാത്മികതയ്ക്കു വേണ്ട താങ്ങും തണലുമായി അവതരിപ്പിക്കുന്ന ദൈവവിജ്ഞാനീയ ചിന്തകളാണ് ആവശ്യം. ഈ വിധത്തിലുള്ള ചിന്തകളും പ്രബോധനങ്ങളുമാണ് കുഴിനാപ്പുറത്തച്ചന്റെ ഈ പ്രബന്ധങ്ങളിൽ ഞാൻ കാണുന്നത്. ദൈവവിജ്ഞാനീയ ചിന്തകൾ എപ്പോഴും അന്വേഷണവും ആസ്വാദനവും സമീപനവും ഉൾക്കൊള്ളുന്നവയായിരിക്കണം. എന്നു പറഞ്ഞാൽ ജീവിതത്തെയും ജീവിത ബന്ധങ്ങളെയും സ്പർശിക്കുന്നവയായിരിക്കണം.

ഇടവക ദൈവജനകേന്ദ്രം, ഇടവക ഒരു കാനോനിക വീക്ഷണം, ധനികർക്ക് ദൈവരാജ്യം അന്യമോ, മനുഷ്യ ജീവനുവേണ്ടി ഒരു ധർമ്മ സമരം തുടങ്ങിയ പ്രബന്ധങ്ങൾ വഴി പ്രത്യേക വിധത്തിൽ ഇന്ന് പ്രചാരത്തിലി



www.malankaralibrary.com


രിക്കുന്ന വികല ചിന്താഗതികളെ ലളിതമായ ഭാഷയിൽ അതേസമയം ആശയ പുഷ്ടിയോടു കൂടി നേരിടുന്നതിന് കുഴിനാപ്പുറത്തച്ചന് സാധിച്ചിട്ടുണ്ട്. ഒരുദാഹരണം മാത്രം ചൂണ്ടിക്കാണിക്കട്ടെ. “ദൈവാരാധന ബാഹ്യവും വൈകാരികവുമായ തലങ്ങൾ കടന്ന് ആന്തരികവും ബോധ്യങ്ങളിലധിഷ്ഠിതമായ മേഖലകളിലേക്ക് ഉയരേണ്ടതും ഇന്നിന്റെ ആവശ്യമാണ്. ചിത്രങ്ങൾക്കും ചില്ലുകൂടുകൾക്കും മുന്നിൽ കണ്ണീരൊഴുക്കുന്നതിലുപരി ഓരോ വ്യക്തിയുടെയും സത്താപരമായ ആവശ്യമായി പ്രാർത്ഥനയും ആരാധനയും മാറേണ്ടിയിരിക്കുന്നു.” ഈ ഉദ്ധരണി ഒരു കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നു. അതായത് ആരാധനയും ആദ്ധ്യാത്മികതയും മനശാസ്ത്രപരമായ ആശ്വാസത്തിനും, ചില ആവശ്യസാധ്യത്തിനും മാത്രമുള്ള ഒരു മാർഗ്ഗമാകാതെ സൂക്ഷിക്കണമെന്ന്; ആരാധനയും പ്രാർത്ഥനയും സമഗ്രമായി മനുഷ്യന്റെ അസ്തിത്വത്തെയും പ്രവർത്തനത്തെയും ഉയർത്തി ദൈവീകമണ്ഡലത്തിലാക്കുന്നവയായിരിക്കണമെന്നുള്ള വലിയ ആദ്ധ്യാത്മിക സത്യം നാം മറക്കരുത്.

പുസ്തകത്തിന്റെ അച്ചടിയും ഫോർമാറ്റും ആശയപ്രകടനത്തിന്റെ മഹിമയ്ക്ക് മാറ്റുകൂട്ടിയിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്.

(കടപ്പാട്: *‘ഐക്യദീപം’* 1998 ജൂലൈ, പേജ് 34)



www.malankaralibrary.com



### തോമസ് കുഴിനാപ്പുറത്തച്ചന്റെ ദൈവശാസ്ത്ര ദർശനം

# ഒരു അല്മായ വീക്ഷണം

**ഷെവ. പ്രൊഫ. പാപ്പിതോമസ് വിളവിനാൽ**

**ഈ** രചന തുടങ്ങുന്നതിനു മുമ്പ് പുരോഗമന ചിന്താഗതിക്കാരനായ ഒരു അകത്തോലിക്ക അല്മായ ക്രിസ്ത്യാനി ഒരു കത്തോലിക്കാ പുരോ ഹിതന്റെ ദർശനങ്ങളെ എങ്ങനെ വിലയിരുത്തും എന്ന ആശങ്ക ഉണ്ടാ യിരുന്നു. എന്നാൽ അച്ചന്റെ ചില ലേഖനങ്ങൾ വായിച്ചപ്പോൾ ഔദ്യോ ഗിക ഭാരവാഹിത്വമുള്ള മലങ്കര കത്തോലിക്കാ സഭയിലെ ഉത്തരവാദി ത്വമുള്ള ഒരു പുരോഹിതനു ചിന്തിക്കാവുന്ന അതിരുകൾക്കപ്പുറം വിശാല മനസ്കതയോടെ ചിന്തിച്ചു രേഖപ്പെടുത്തിയതു ബോദ്ധ്യപ്പെട്ടപ്പോൾ എന്റെ സങ്കോചം തെല്ലൊന്നു മാറിയെന്ന് മുന്നമേ പ്രസ്താവിക്കട്ടെ. അദ്ദേഹത്തിന്റെ കൃതികളിലെ ദൈവശാസ്ത്ര ദർശനം കുറിക്കുവാൻ മുഖ്യമായും നാലു ഗ്രന്ഥങ്ങളെയാണ് ഞാൻ ആശ്രയിച്ചത്. *ദൈവജനം* (1998) *കനോനിക പഠനങ്ങൾ* (2012) *സ്നേഹത്തിന്റെ സന്തോഷം* (2016) *മാതാപിതാക്കളും മക്കളും അറിയാൻ* (2016)

കാൽനൂറ്റാണ്ടു കാലത്തെ സജീവ ആദ്ധ്യാത്മിക ജീവിതത്തിനിടയിൽ മനസ്സിൽ നിറഞ്ഞു തുളുമ്പിയ ശുഭോത്കൃഷ്ട ചിന്തകൾ കുറിക്കുന്ന തിനും പിന്നീട് പ്രസിദ്ധീകരിക്കുന്നതിനും ഉള്ള തീഷ്ണമായ ആവേശം അച്ചന്റെ ലേഖനങ്ങളിലെല്ലാം ദൃശ്യമാണ്. സുതാര്യമായ ചിന്തയും ശുദ്ധവും ലളിതവുമായ ഭാഷാജ്ഞാനവും അച്ചന് കൈമുതലായി ഉണ്ട്.

**ദൈവജനം**

തോമസ് കുഴിനാപ്പുറത്ത് അച്ചന്റെ ഏറ്റവും ഉത്കൃഷ്ടമായ കൃതി 1998 ൽ എഴുതി പ്രകാശനം ചെയ്ത ദൈവജനം ആണെന്നു ഞാൻ കരുതുന്നു. മൂന്നു വിഭാഗങ്ങളിലായി ഇരുപതോളം ലേഖനങ്ങൾ അതിൽ ഉള്ളടങ്ങിയിരിക്കുന്നു. സഭയെകുറിച്ചും ക്രിസ്തുവിനെകുറിച്ചും ജനത്തെ കുറിച്ചും ഉത്തരവാദിത്വമുള്ള ഒരു വൈദികനായി സദാ ചിന്തിക്കുന്നതിന്റെ പരിണിതഫലമാണ് ദൈവശാസ്ത്ര പണ്ഡിതന്മാരായ മഹത്തുക്കളുടെ അഭിപ്രായങ്ങളെയും സഭയുടെ കാനോനിക സംഹിതകളെയും താരത



www.malankaralibrary.com

മൃപ്പെടുത്തി ഉത്തമമായ വ്യാഖ്യാനം കൊടുത്ത് സ്വന്തം സഭയെ പരിപോഷിപ്പിക്കുന്ന ലേഖനങ്ങൾ ചമയ്ക്കുന്നത്. സമാദരണീയനായ ഡോ. ഡി. ബാബു പോൾ പ്രസ്തുത കൃതി കൃത്യമായി പഠിച്ച് ഒരു ഉപോത്ഘാതം എഴുതിയിട്ടുള്ളത് വായനക്കാർക്ക് പുസ്തകത്തെക്കുറിച്ച് ശരിയായ ഒരു ദിശാ വീക്ഷണം ലഭിക്കുന്നതിന് സഹായകമാണ്. സഭയുടെ നാനാമുഖമായ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്ന ബൗദ്ധിക തലത്തിലുള്ള ഒരു കൃതിയായി ഡോ. ബാബുപോൾ ദൈവജനത്തെ കാണുന്നതായി അവലോകനത്തിൽ പറഞ്ഞിട്ടുണ്ട്.

ആധുനിക ചുറ്റുപാടുകളിലെ ദൈവജനത്തിന്റെ ചിത്രം ഒരു പുനഃസൃഷ്ടി നടത്തി അനുവാചകരുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കാനാണ് അച്ചന്റെ ശ്രമം. അതിൽ അച്ചൻ വിജയിച്ചതിന്റെ തെളിവാണ് രണ്ടു വർഷത്തിനകം, ഗഹനമായ തത്വചിന്തകൾ അടങ്ങിയ പ്രസ്തുത പുസ്തകം പുനഃപ്രകാശനം നടത്തേണ്ടി വന്നത് എന്നു ഞാൻ കരുതുന്നു.

**സാമൂഹിക പരിഷ്കർത്താവ്**

പ്രതിബദ്ധതയുള്ള ഒരു സാമൂഹ്യ പരിഷ്കർത്താവിന്റെ ഈടുറ്റ ചിന്തകളാണ് വായനക്കാർക്ക് ദൈവജനം സംഭാവന ചെയ്യുന്നത്. സാമൂഹിക, ധാർമ്മിക, രാഷ്ട്രീയ വെല്ലുവിളികളോട് സഭാ വിശ്വാസങ്ങൾക്കനുസരണമായി പ്രതികരിക്കുവാൻ കഴിവുള്ള അൽമായ ഗണം ഓരോ ഇടവകയ്ക്കും ഉണ്ടാവണം എന്ന് അച്ചൻ ഉദ്ബോധിപ്പിക്കുമ്പോൾ നിലവിലുള്ള പഴഞ്ചൻ ധാരണകളിൽ നിന്നും അച്ചൻ വളരെ മുമ്പോട്ടുപോയി എന്നു കരുതണം. അതുപോലെ തന്നെ ദൈവ ശാസ്ത്രം ജനകീയമാക്കി ദൈവജനശാസ്ത്രം എന്ന ശീർഷകത്തിൽ പഠിച്ച ജീവിതത്തിന്റെ വിവിധ പന്ഥാവുകളിൽ നടപ്പിലാക്കാൻ അല്മായർ തയാറാവണമെന്ന ആശയം അച്ചനുള്ളതായി ദൈവജനത്തിൽ ഉടനീളം കാണുവാൻ സാധിക്കും.

ഒരു രാജ്യത്തിന്റെ സംസ്ക്കാരം അവിടുത്തെ മതങ്ങളിലൂടെയാണ് പുഷ്ടിപ്പെട്ടു പൂവണിയുന്നത്. മതവും സംസ്ക്കാരവും വേർപിരിക്കാൻ പറ്റാത്തവണ്ണം ഇഴയടുപ്പത്തിലാണ്. അച്ചന്റെ ആശയത്തിനു പിൻബലമേകാൻ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ ഒരു ദാർശനിക ചിന്ത ചൂണ്ടികാട്ടിക്കൊണ്ട് അച്ചൻ പറയുന്നു. ഗ്രാമോത്സവങ്ങളിൽ സഭയ്ക്ക് ശക്തമായ സാന്നിദ്ധ്യം ഉണ്ടാവണമെന്നും അതേ സമയം മാനവരക്ഷയ്ക്കു വേണ്ടി പീഢകൾ സഹിച്ച് ക്രൂശിക്കപ്പെട്ട നമ്മുടെ നാഥനെ മറന്നൊന്നും ചെയ്തുകൂടാ എന്നും ഇടവക ജനത്തെ ഓർമ്മിപ്പിക്കുന്നു.

**വൈദികർക്ക് ഒരു ചൂണ്ടുപലക**

രണ്ടു മുതൽ നാലുവരെയുള്ള അദ്ധ്യായങ്ങൾ സഭയുടെ ആദിമചരിത്രം പരിശോധിച്ച് വിലയിരുത്തിയ ശേഷം 1990ൽ റോമിൽ നിന്നും പുറത്തിറക്കിയ കാനേനിക സംഹിതയുടെ (CCEO) ചട്ടക്കൂട്ടിൽ നിന്നു



www.malankaralibrary.com

കൊണ്ട് സഭ മുന്നേറണമെന്നുള്ള ആഹ്വാനം ആണ് അച്ചൻ നൽകുന്നത്. കൂട്ടത്തിൽ വൈദികരുടെ സ്ഥാനവും ഉത്തരവാദിത്വവും തുറന്നു കാട്ടുന്നു. തുടർന്നു വൈദിക പരിശിലനത്തിന്റെ വിവിധ വശങ്ങൾ വരച്ചു കാണിക്കുന്നു. വൈദികപരിശീലനത്തിന്റെ ലക്ഷ്യം ഉത്തമന്മാരായ ആത്മപാലകരെ പുരോഹിതനും അജപാലകനുമായ യേശുക്രിസ്തുവിന്റെ മാതൃകയിൽ സൃഷ്ടിക്കുക എന്നതാണ്. ക്രിസ്തുവിന്റെ ജീവിതത്തിലൂടെ കാട്ടിത്തന്ന ഇടയനടുത്ത മാതൃക അനുകരിക്കുവാൻ സഭാ വൈദികരെയും വൈദിക വിദ്യാർത്ഥികളെയും ഉദ്ബോധിപ്പിക്കുന്നു. ഇതനുസരിച്ച് തത്വശാസ്ത്ര പഠനം പൂർത്തിയാക്കുന്ന വൈദിക വിദ്യാർത്ഥിക്ക് ദൈവജനവുമായി അടുത്തറിയുന്നതിന് ഒരു വർഷത്തെ പ്രത്യേക പരിശീലനം (റീജൻസി) നൽകുന്നു. റീജൻസി പരിശീലനത്തിനു ശേഷം നാലുവർഷം ആഴമായ ദൈവശാസ്ത്ര പഠനം നടത്തുന്നു. പഠനകാലത്ത് ഗ്രഹിക്കുന്ന അറിവുകൾ ധ്യാനം വഴി ഹൃദിസ്ഥമാക്കുന്നു. പ്രസംഗവും പ്രവർത്തനവും വഴി അവർ ക്രിസ്തുവിന്റെ മൂർത്തിമദ്ഭാവമായി രൂപാന്തരപ്പെടുന്നു. അങ്ങനെ പതിനൊന്നു വർഷത്തെ ചിട്ടയായ പഠനവും പരിശീലനവും കഴിഞ്ഞ് പൂർണ്ണപട്ടം സ്വീകരിച്ച് കഴിയുന്ന പുരോഹിതനാണ് സഭയുടെ വിശ്വാസസത്യങ്ങളായ ബൈബിൾ, ത്രിത്വരഹസ്യം, ക്രിസ്തുവിജ്ഞാനീയം, മരിയശാസ്ത്രം, സഭാശാസ്ത്രം, ആരാധനാക്രമം തുടങ്ങിയവയുടെ ഉറച്ച അടിത്തറയുള്ള പരിപാലകനായി മാറുന്നത്.

ചുരുക്കത്തിൽ വിശ്വാസികളുടെ മദ്ധ്യേ കാണപ്പെടുന്ന ക്രിസ്തുവായി വൈദികൻ രൂപാന്തരപ്പെടണമെന്ന് അച്ചൻ തുറന്നു പറയുന്നു. അങ്ങനെയുള്ള ഒരു പുരോഹിതനു മാത്രമേ അജഗണത്തെ രക്ഷയുടെ പാതയിലേക്ക് നയിക്കാൻ പറ്റുകയുള്ളൂ. അതാണ് ജനത്തിന്റെ ചൂണ്ടു പലകയാണ് വൈദികർ എന്ന് വിവക്ഷിക്കുന്നത്.

**അല്മായരുടെ ഉയർച്ചയും താഴ്ച്ചയും**

തുടർന്നുള്ള അദ്ധ്യായങ്ങളിൽ ജനത്തിന്റെ സഭാ പങ്കാളിത്തത്തെ കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ജനത്തിനു നല്ല വഴി കാട്ടുകയും മറുവശത്ത് വൈദികരുടെ പരിണമിച്ചു വരുന്ന ജീവിത ശൈലികളുടെ കറുത്തവശം അനാവരണം ചെയ്യുകയും ചെയ്യുന്നു. അതോടൊപ്പം അല്മായക്കാരുടെ അധ:സ്ഥിതിയെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ട് അവരുടെ അവസ്ഥ പുനരുദ്ധരിക്കാൻ അച്ചൻ ശക്തമായി പ്രതികരിക്കുന്നതും കാണാം.

അല്മായ സമൂഹം കേവലം ഭരണീയരായി മാത്രം കരുതപ്പെട്ടുകൂടാ എന്ന് അച്ചൻ അടിവരയിട്ടു പറയുന്നു. അവരുടെ വിശ്വാസം വഴി അവർ ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരാകുന്നു. ആദിമ സഭയിൽ ദൈവജനം ഏക സമൂഹമായാണ് പരിഗണിക്കപ്പെട്ടു പോന്നിരുന്നത്.



www.malankaralibrary.com





ശുശ്രൂഷകളിൽ മാത്രം നിലനിന്നിരുന്ന വ്യത്യാസം അവസ്ഥാന്തരമായിരുന്നില്ല. നാലാം നൂറ്റാണ്ടുവരെ ഇങ്ങനെ തുടർന്നുവന്നെങ്കിലും ഫ്യൂഡലിസവും സാമ്രാജ്യത്വവും വളർന്നതോടെ തദനുസൃതമായ മാറ്റങ്ങൾ സഭയിലും സംഭവിക്കുകയായിരുന്നു. 4–ാം നൂറ്റാണ്ടിൽ റോമ ചക്രവർത്തിയായ കോൺസ്റ്റന്റൈയിൻ തന്റെ രാജ്യത്തിന്റെ ഔദ്യോഗിക മതമായി ക്രിസ്തുമതത്തെ സ്വീകരിച്ചു കൊണ്ട് മെത്രാന്മാർക്കും വൈദികർക്കും പ്രഭുതുല്യമായ അധികാരാവകാശങ്ങൾ കൊടുത്തു. അത് രാജാവും പ്രജകളും എന്ന കാഴ്ചപ്പാടിലൂടെ സഭാ ജീവിതത്തെ തളർത്തി. അങ്ങനെ അല്മായ ജനത്തിന്റെ താഴോട്ടുള്ള വളർച്ച പൂർണ്ണമായി താഴേ തട്ടിലെത്തി. 16–ാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റു നവീകരണ പ്രസ്ഥാനം സഭാജനത്തിന്റെ അസ്തിത്വം കുറച്ചുകൂടി താഴ്ത്തി.

**ഇവ്സ് കൊംഗാറിന്റെ വീക്ഷണം**

സഭയിൽ അല്മായ പങ്കാളിത്തത്തെക്കുറിച്ച് നല്ല വഴി കാട്ടുകയും വൈദികരുടെ പരിണമിച്ചു വരുന്ന ജീവിത ശൈലികളുടെ കറുത്ത വശം അച്ചൻ എടുത്തു കാട്ടുകയും ചെയ്യുന്നു. അതിന് അച്ചൻ കൂട്ടുപിടിക്കുന്നത് ഇവ്സ് കൊംഗാറിന്റെ കൃതികളെയാണ്. 20–ാം നൂറ്റാണ്ടിലെ പ്രശസ്ത ദൈവശാസ്ത്രജ്ഞനായിരുന്ന കർദ്ദിനാൾ ഇവ്സ് കൊംഗാർ, ഒരു നല്ല അല്മായ ദിശ സഭയ്ക്കു നൽകിയതും അല്മായക്കാർ ഒരേ സമയം ലോകത്തോടും ദൈവത്തോടും ബന്ധപ്പെട്ടിരിക്കുന്നുവെന്ന കൊംഗാറിന്റെ വാദം അച്ചൻ പരിലാളിച്ച് എടുത്തു കാട്ടുന്നു. കുർബാന ആഘോഷം പുരോഹിതനും ജനത്തിനും തുല്യപ്രാധാന്യം നൽകുന്നുവെന്ന് കൊംഗാർ വാദിക്കുന്നു.

സഭയുടെ നീതി നിർവഹണ മേഖലയിലും യോഗ്യരായ അല്മായർ പ്രവർത്തിക്കുന്നുണ്ട്. ഭദ്രാസന കൗൺസിലിലും സഭാ കൗൺസിലിലും ന്യായമായ സ്ഥാനം സഭ അതുകൊണ്ട് കൽപ്പിച്ചു നൽകണം എന്നും കർദ്ദിനാൾ കൊംഗാർ നിർദ്ദേശിക്കുന്നു. ഇതിനെ അനുകൂലിച്ചുകൊണ്ട് പ്രബുദ്ധരായ അല്മായക്കാർ മുന്നോട്ടു വരണം എന്ന കുഴിനാപ്പുറത്തച്ചന്റെ അഭിപ്രായം സഭയ്ക്ക് ഒരു മുതൽക്കൂട്ടാണ്.

തുടർന്നുള്ള പത്ത് അദ്ധ്യായങ്ങൾ വിശ്വാസികളുടെ ആത്മവിശ്വാസം ഊട്ടി ഉറപ്പിക്കാൻ ഉതകുന്ന സഭയുടെ വിവിധ മേഖലകളെക്കുറിച്ചുള്ള അറിവുകളാണ് പ്രദാനം ചെയ്യുന്നത്. അജഗണങ്ങൾക്ക് വളരെ ഗുണം ചെയ്യാൻ ഉപയുക്തമായ അവയെല്ലാം സഭയുടെ ഉന്നമനത്തെ ലാക്കാക്കി എഴുതപ്പെട്ടവയാണ്. പാളം തെറ്റുന്ന കൗമാരം എന്ന അവസാനത്തെ അദ്ധ്യായം കേരള യൂണിവേഴ്സിറ്റി പ്രീഡിഗ്രി ക്ലാസ്സിലെ മലയാളം പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബ.തോമസച്ചന് ലഭിച്ച വിലയുള്ള ഒരു അംഗീകാരമായി കണക്കാക്കാവുന്നതാണ്.



www.malankaralibrary.com

**കാനോനിക പഠനങ്ങൾ**

'സഭാ നിയമങ്ങൾ സാർവത്രിക രക്ഷയിലേക്കുള്ള ചൂണ്ടു പലകകൾ' എന്ന ഒന്നാമത്തെ ലേഖനം തുടങ്ങുന്നത് ശ്രദ്ധേയമായ ഒരു പ്രഖ്യാപനത്തോടെയാണ്. രക്ഷയുടെ കൂദാശയാണ് സഭ. ഈ പ്രതിപാദസഞ്ചയത്തിൽ ഉള്ളടങ്ങിയിരിക്കുന്ന അവഗാഹമായ ആശയം എത്ര വായനക്കാർ ഗ്രഹിച്ചിട്ടുണ്ടെന്ന് സന്ദേഹിക്കുന്നു. രക്ഷയും കൂദാശ സഭയും എന്താണെന്ന് ആഴത്തിൽ മനസ്സിലാക്കിയ ഒരാൾക്ക് മാത്രമേ ആ വാചകത്തിന്റെ അർത്ഥവ്യാപ്തി ഉൾക്കൊള്ളാൻ കഴിയൂ എന്ന് ഞാൻ കരുതുന്നു.

**രക്ഷയും സഭയും കൂദാശയും**

രക്ഷ എന്ന പദം നാം നിത്യവും കേൾക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതാണ്. 'ആ അപകടത്തിൽ മിക്കവാറും പേർ മൃതിയടഞ്ഞു. 10 പേർ മാത്രം രക്ഷപ്പെട്ടു.' മറ്റൊന്ന് 'ഉരുൾ പൊട്ടലിൽ അല്ലെങ്കിൽ പകർച്ച വ്യാധിയിൽ പത്തുശതമാനം പേർ മാത്രം രക്ഷപ്രാപിച്ചു.' അപ്പോൾ രക്ഷ പ്രാപിക്കുക എന്നതിന്റെ അർത്ഥം – ഒരു വലിയ ദുരന്തത്തിൽ നിന്നും മോചനം ലഭിച്ച് സുരക്ഷിതരാവുക എന്നാണല്ലോ.

രക്ഷയെ കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിൽ കാണുന്നത് പരിശോധിക്കാം. ഇസ്രായേലിന് ഒരു രക്ഷകനെ അയയ്ക്കും എന്ന് പഴയ നിയമത്തിൽ യേശയ്യാ പ്രവാചകൻ പ്രവചിച്ചിട്ടുണ്ട്.അന്ത്യോഖ്യായിലെ സംഘാലയത്തിൽ വച്ച് പൌലോസ് ശ്ലീഹാ യേശുവിനെകുറിച്ച് പ്രബോധിപ്പിച്ചത് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന പ്രകാരം ഇസ്രായേലിന് രക്ഷകനായി യേശുവിനെ കൊടുത്തു. പൗലോസ് ശ്ലീഹാ തീമോത്തിയോസിന് എഴുതിയ ഒന്നാം ലേഖനത്തിൽ പറഞ്ഞിരിക്കുന്നു. ക്രിസ്തു പാപികളെ രക്ഷിപ്പാനായി ലോകത്തിൽ വന്നു. യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തു പറഞ്ഞിരിക്കുന്നത് രേഖപ്പെടുത്തി വച്ചതു കാണുക; ലോകത്തെ രക്ഷിപ്പാനാണ് ഞാൻ വന്നിരിക്കുന്നത്.

**സർവജനത്തിനും രക്ഷ**

ലോകത്തെ രക്ഷിപ്പാനാണ് താൻ വന്നത് എന്നതു കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? കാണുക: ക്രിസ്തു പറഞ്ഞു വരാനിരിക്കുന്ന ലോകാന്ത്യ നാളിൽ സർവ്വ സൃഷ്ടികളും നശിച്ചു പോകും. കുറെ വ്രതന്മാർ മാത്രം രക്ഷ പ്രാപിക്കും. അതിനാൽ മനുഷ്യ രാശിയെ മുഴുവനും രക്ഷിക്കാനുള്ള ലക്ഷ്യത്തിലാണ് ക്രിസ്തു മനുഷ്യനായി ഭൂമിയിൽ അവതരിച്ചത്. മനുഷ്യ രക്ഷയ്ക്ക് ഉതകുന്ന സഭ അതിനായി സ്ഥാപിച്ചു. ശ്ലീഹന്മാരുടെ തലവനായ പത്രോസിനെ പല പരീക്ഷകൾക്കും വിധേയനാക്കിയ ശേഷം യോഗ്യനാണെന്ന ഉറപ്പിന്മേൽ ക്രിസ്തു പറഞ്ഞു. "പത്രോസെ നീ പാറയാകുന്നു. ഈ പാറമേൽ എന്റെ സഭയെ പണി



www.malankaralibrary.com

യും." അതിനുശേഷം ശിഷ്യന്മാരെയെല്ലാം വേണ്ടവണ്ണം ജ്ഞാനമുള്ള വരാക്കി ദിവ്യശക്തികളും കൃപാവരവും നൽകി ലോകത്തിന്റെ അതിർത്തി കൾ വരെ സഭയെ കുറിച്ച് പ്രഘോഷിപ്പാൻ ചുമതലപ്പെടുത്തി. അങ്ങനെ കാതോലികവും ശ്ലൈഹീകവുമായ ഏക സഭ നിലവിൽ വന്നു. ആ സഭ യുടെ പ്രവർത്തന രീതിയും (ഭരണഘടന) വ്യക്തികളുടെ ജീവിത രീതിയും ക്രിസ്തു അവരെ നല്ലവണ്ണം പഠിപ്പിച്ചിരുന്നു. എന്നിട്ട് അരുളി ചെയ്തു. "ഞാൻ നിങ്ങളെ സ്നേഹിക്കുന്നതു പോലെ നിങ്ങളും പര സ്പരം സ്നേഹിക്കണം." അവരുടെ പാദങ്ങൾ കഴുകി തുടച്ചു മാതൃക കാണിച്ചു കൊടുത്തു.

**രക്ഷയുടെ കൂദാശ**

വിശുദ്ധ സഭയിലെ ജീവിതം രക്ഷയിലേക്കു നയിക്കുമെന്ന് സ്പഷ്ട മായി ശ്ലീഹന്മാർ ജനത്തെ പഠിപ്പിച്ചു. സഭയുടെ ശിരസ്സ് ക്രിസ്തുവും, ഉടൽ വിശ്വാസികളായ ജനവും. പരിശുദ്ധ റൂഹാ അതിന്റെ ജീവനുമായി ഭൂമിയിൽ വളർന്നു. വിശുദ്ധ സഭയിലെ കൂദാശകളാൽ പ്രത്യക്ഷമായ വിശുദ്ധകർമ്മങ്ങൾ കൊണ്ട് അപ്രത്യക്ഷങ്ങളായ വിശുദ്ധ കൃപകൾക്ക് മനുഷ്യരെ യോഗ്യരാക്കി. അതിനു വേണ്ടത് ദൈവവുമായുള്ള സംയോ ഗമാണെന്ന് ശിഷ്യന്മാർ വിശ്വാസികളെ പഠിപ്പിച്ചു.

സഭയുടെ കൂദാശകൾ വഴി ഭൗമിക കാലത്തു തന്നെ രക്ഷയുടെ അനുഭവം ഉണ്ടാവണം. അതിന്റെ തുടർച്ചയായാണ് അന്ത്യകാലത്ത് ആത്മാവ് നിത്യമായ രക്ഷയിലേക്ക് എത്തിച്ചേരുന്നത്. അങ്ങനെ ജീവി ച്ചിരിക്കുമ്പോൾ തന്നെ ഭൗമിക ജീവിതവും ആത്മീയ ജീവിതവും രക്ഷ യുടെ മാർഗ്ഗത്തിലൂടെ ഒന്നാകുന്നു. ഞാനും പിതാവും ഒന്നാകുന്നു എന്ന അദ്വൈതസിദ്ധാന്തം അന്വർത്ഥമാകുന്ന മനുഷ്യരെയാണ് വ്രതന്മാർ എന്ന് വിവക്ഷിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ രക്ഷയുടെ കൂദാശയാണ് വിശുദ്ധ സഭ. ആ സഭയിൽ കൂടി സർവ്വ മനുഷ്യർക്കും രക്ഷ പ്രാപി ക്കാൻ സാധിക്കുമെന്ന് കുഴിനാപ്പുറത്തച്ചൻ ഉറപ്പായി പറയുന്നു. യഹൂദ മതാചാരങ്ങൾ പിന്തുടരാത്ത പുറജാതികൾക്കു പോലും വിശുദ്ധ സഭാ സ്ഥാപനം വഴി രക്ഷ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു.

**കാനോന സംഹിത**

സഭയിലെ കൂദാശകളുടെ നിർവഹണത്തിന് പൗരോഹിത്യ ശ്രേണികൾ ഉണ്ടാവേണ്ടത് അത്യാവശ്യമാണെന്ന് വി. ജസ്റ്റിൻ, കാൾറാനർ തുടങ്ങിയ ദൈവശാസ്ത്രജ്ഞരെ ഉദ്ധരിച്ചുകൊണ്ട് കുഴിനാപ്പുറത്ത് അച്ചൻ എടുത്തു കാട്ടുന്നു. അതിനുവേണ്ടി പടുത്തുണ്ടാക്കിയതാണ് കാനോനിക സംഹിത എന്ന സഭാ നിയമങ്ങൾ. ഭൗമിക ആവശ്യങ്ങളുടെ സംരക്ഷണത്തോടു കൂടിയുള്ള ആത്മാക്കളുടെ രക്ഷയാണ് ആത്യന്തിക ലക്ഷ്യം.



www.malankaralibrary.com

സഭയിലെ നിയമങ്ങളെക്കുറിച്ചുള്ള പ്രതിപാദ്യമാണ് അടുത്ത രണ്ടു അദ്ധ്യായങ്ങൾ. സമൂഹത്തിന്റെ പൊതുവായ നന്മകളെ ലക്ഷ്യമാക്കിയുള്ള നിയമമാണ് സഭയ്ക്ക് ആവശ്യം. ദൈവഹിതത്തെക്കുറിച്ചുള്ള ജ്ഞാനവും യുക്തിയും ഉള്ള ഭരണാധികാരികൾ ആണ് കാനൻ സംഹിതയ്ക്ക് രൂപം കൊടുക്കേണ്ടത്. സഭയുടെ രക്ഷാകരമായ നിലനിൽപ്പിനു ജ്ഞാനമാർഗ്ഗവും യുക്തിമാർഗ്ഗവും ആയ നിയമ നിർമ്മാണം അത്യന്താപേക്ഷിതമാണെന്ന് ഓയ്ർസിയൻ ചിന്തകൾ നമ്മേ പഠിപ്പിക്കുന്നുവെന്ന് അച്ചൻ ഓർമ്മപ്പെടുത്തുന്നു. ഭക്തിമാർഗ്ഗം വിശ്വാസികൾക്ക് രക്ഷനേടിക്കൊടുക്കുമെങ്കിലും സഭയുടെ നിലനിൽപ്പിനു ദൈവശാസ്ത്രവുമായി ബന്ധിപ്പിച്ച ജ്ഞാന മാർഗ്ഗവും ഭക്തിമാർഗവും ഒരുപോലെ പ്രധാനമാണ്. വിശുദ്ധ കുർബ്ബാന അങ്ങനെയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത് എന്ന് തന്റെ ഗവേഷണ പന്ഥാവിലൂടെ അച്ചൻ എടുത്തു കാട്ടുന്നു.

**കൂദാശയുടെ കൂദാശയായ വി.കുർബാന**

നാലാമത്തെ അദ്ധ്യായം അർത്ഥവത്തായ ഒരു പ്രഖ്യാപനം കൊണ്ടാണ് അച്ചൻ ആരംഭിക്കുന്നത്. "സഭയെ സജീവ ക്രിസ്തു ശരീരമാക്കുന്നത് കൂദാശകളുടെ കൂദാശയായ പരിശുദ്ധ കുർബ്ബാനയാണ്." ഈ ചിന്ത ഈ കാലഘട്ടത്തിലെ ലക്ഷ്യം തെറ്റിയ ക്രിസ്ത്യാനിക്ക് ഒരു വഴികാട്ടിയാണെന്ന് ഞാൻ കരുതുന്നു. അൾത്താരയിലെ ബലിയർപ്പണ സമയത്ത് ക്രിസ്തുവിന്റെ ശരീര രക്തങ്ങൾ അനുഭവിപ്പാൻ വിശുദ്ധിയോടും പ്രാർത്ഥനയോടും അൾത്താരയ്ക്കു മുന്നിൽ ഒത്തു ചേരുന്ന ജനം ബലി അനുഭവത്തോടു കൂടി ക്രിസ്തുവിന്റെ ജീവനുള്ള ശരീരമായി രൂപാന്തരപ്പെടുന്നു. അതാണ് കാതോലികവും സാമൂഹികവുമായ വിശുദ്ധ സഭ.

ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും കുർബ്ബാനയിൽ പങ്കുകൊള്ളാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ടെന്ന് അച്ചൻ കാനോനിക സംഹിത ഉദ്ധരിച്ചുകൊണ്ട് ഓർമ്മപ്പെടുത്തുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ അകത്തോലിക്കാ ക്രിസ്ത്യാനിക്കും അവൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, വിശുദ്ധിയോടെ സ്വീകരിക്കുമെങ്കിൽ കുർബ്ബാന നൽകാവുന്നതാണ് എന്ന് കാനോൻ അനുശാസിക്കുന്നു. ഉപജീവനത്തിനായി വെളിനാടുകളിൽ കഴിയേണ്ടി വരുന്ന ക്രിസ്ത്യാനികൾക്ക് ആശ്വാസകരമായ ഒരു നിയമമാണ് ഇത്. തിരുശരീരമാകുന്ന വിശുദ്ധ കുർബ്ബാന വിശുദ്ധിയോടു അനുഭവിക്കുന്നവരെയെല്ലാം ഒരേ ശരീരമായി രൂപാന്തരപ്പെടുന്നുവെന്ന് കൊരിന്ത്യർ ലേഖനം എടുത്തു കാട്ടി അച്ചൻ സമർത്ഥിക്കുന്നു.

**അല്മായരും പുരോഹിതരും**

"ഇടവക ഒരു കാനോനിക വീക്ഷണം" എന്ന അഞ്ചാമത്തെ ലേഖനം, തിരുസഭയുടെ നിലവിലുള്ള ഭരണക്രമത്തെ വിവരിക്കുകയാണ്.



www.malankaralibrary.com

എന്നാൽ ലേഖനത്തിന്റെ തുടക്കം അൽപ്പം ആശയക്കുഴപ്പം ഉണ്ടാക്കു ന്നില്ലേ എന്ന് സന്ദേഹിക്കുന്നു. ആദിയിൽ സഭ വിശ്വാസികളുടെ കൂട്ടമാ യിരുന്നു. അതിനു നേതൃത്വം കൊടുക്കാൻ പിന്നീട് ഉണ്ടായതാണ് പൗരോ ഹിത്യ ശ്രേണി. അത് പരിണമിച്ച് വിശ്വാസികളുടെ മേലും സഭയിലും ആധിപത്യം ഉറപ്പിച്ചിരിക്കുന്നുവെന്ന് ഈ ലേഖകന് പറയേണ്ടി വരുന്നു.

ആത്മീയ കാര്യങ്ങളിൽ നല്ല ശിക്ഷണം ലഭിച്ച പുരോഹിതർ സഭ യുടെ നിയന്ത്രണം നടത്തേണ്ടത് ആവശ്യമാണ്. വിശ്വാസികളുടെ രക്ഷാ കര ജീവിതത്തിനു മുൻതൂക്കം കൊടുത്ത് സഭയെ പരിപാലിക്കേണ്ടത് പുരോഹിതന്മാർ തന്നെയാണ്. അവിടെ അധികാരമല്ല അളവുകോൽ ചുമ തലയാണ് നടപ്പിലാക്കേണ്ടത്.

പത്താമത്തെ ലേഖനം സഭയിൽ ഭരണരീതികളിൽ ഒരു തിരുത്തൽ നടപടി വേണമെന്ന് കാണിക്കുന്നത് ശുഭോദർക്കമാണ്. അതിന് അച്ചൻ ആശ്രയിക്കുന്നത് പന്ത്രണ്ടാം പീയൂസ് മാർപാപ്പയുടെ ഉദ്ധരണിയാണ്. "അല്മായർ സഭയിൽ ആയിരിക്കുന്നു എന്നല്ല മറിച്ച് അവർ തന്നെയാണ് സഭ" ആദിമകാലം മുതൽക്കെ അല്മായക്കാർ സഭയുടെ സജീവ ഘട കങ്ങളായിരുന്നു. അന്ന് ദൈവജനം ഏക സമൂഹമായാണ് പരിഗണിക്ക പ്പെട്ടിരുന്നത് എന്ന് അച്ചൻ വ്യക്തമാക്കുന്നു. കാലക്രമത്തിൽ ആ വീക്ഷ ണത്തിന് ച്യുതി സംഭവിച്ചു. ആദിമ സഭയുടെ ആത്മചൈതന്യം ചോർന്നു പോയി എന്ന് പറയാതെ വയ്യ. നഷ്ടപ്പെട്ട ആത്മചൈതന്യത്തിന്റെ പുനരാവിഷ്ക്കരണമാണ് ആധുനിക കാലത്തിന്റെ ആവശ്യമെന്ന് അച്ചൻ ദർശിക്കുന്നു.

അല്മായർ ജീവസന്ധാരണത്തിന് ഏതു തൊഴിൽ സ്വീകരിച്ചാലും ആ തൊഴിലിൽ കൂടി ക്രിസ്തുവിന്റെ സുവിശേഷം പ്രസരിപ്പിക്കുകയാണ് ചെയ്യേണ്ടത്. അവരും ദൈവത്തിന്റെ വയലിലെ വേലയാണു ചെയ്യുന്ന ത്. അങ്ങനെ ബഹുമുഖമായ പ്രവർത്തനങ്ങളിൽ സജീവമായി പങ്കു ചേർന്നുകൊണ്ട് അല്മായർ തങ്ങളുടെ അസ്തിത്വത്തെ സാർത്ഥകമാ ക്കുന്നു. ഒരേ സമയത്തു തന്നെ അവർ ലോകത്തോടും സഭയോടും ബന്ധപ്പെട്ടിരിക്കുന്നുവെന്നും കർദ്ദിനാൾ ഇവ്സ് കൊംഗാറിന്റെ കൃതി കളെ ഉദ്ധരിച്ചുകൊണ്ട് കുറിനാപ്പുറത്ത് അച്ചൻ വിശദമാക്കുന്നു. വിശുദ്ധ കുർബ്ബാന സമയത്ത് "ആമേൻ" പറയുമ്പോഴും തിരുശരീര രക്തങ്ങൾ സ്വീകരിക്കുമ്പോഴും സഭയിലെ ദൈവജന ഐക്യത സുദൃഢമാക്കുന്നു വെന്ന് കർദ്ദിനാൾ കൊംഗാർ പറയുന്നു. ഒരു കാലത്ത് സഭാ ഭരണത്തിൽ തളർന്നു പോയ അല്മായ പങ്കാളിത്തം 1990 ലെ പൗരസ്ത്യ സഭക ളുടെ കാനോനിക സംഹിതയെ ആശ്രയിച്ച് ആവുംവിധം പുഷ്ടിപ്പെടുത്തി നേരെയാക്കാനുള്ള ശ്രമം അച്ചൻ നടത്തുന്നത് ശ്ലാഘനീയമാണ്.

**സ്നേഹത്തിന്റെ സന്തോഷം**

2015-ൽ ഫ്രാൻസിസ് മാർപാപ്പ വിളിച്ചു ചേർത്ത രണ്ടു സുന്നഹദോ സുകളുടെ ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ക്രോഡീകരിച്ച്



www.malankaralibrary.com

2016-ൽ പുറപ്പെടുവിച്ച അപ്പോസ്തലിക പ്രബോധനത്തെ ആശ്രയിച്ച് എഴുതപ്പെട്ടിട്ടുള്ളതാണ് "സ്നേഹത്തിന്റെ സന്തോഷം ഒരു സമ്പൂർണ്ണ പഠനം" എന്ന ഗ്രന്ഥം. അതിൽ തോമസച്ചൻ ഒരു ശ്രദ്ധേയമായ ലേഖനം എഴുതി ചേർത്തിട്ടുണ്ട്. അതാണ് "വിവാഹവഴിയിലെ കാരുണ്യ സ്പർശം." ഭാര്യാഭർതൃസ്നേഹമാണ് അതിന്റെ പ്രമേയം. അതിനു അച്ചൻ അവലംബമാക്കിയത് മാർപാപ്പ ഉദ്ധരിച്ചതും ക്രിസ്തു വിശദീകരിച്ചു തന്നതുമായ സഭയുടെ മണവാളനും മണവാട്ടിയും എന്ന ആലങ്കാരിക താരതമ്യ പ്രബോധനങ്ങളായ വേദവാക്യങ്ങളാണ്.

അതിനാൽ അച്ചൻ വരച്ചു കാട്ടുന്നത് ഇപ്രകാരമാണ്. "പരസ്പരം സമ്പൂർണ്ണമായി നൽകുകയും സ്വീകരിക്കുകയും ചെയ്യുന്ന സ്ത്രീയും പുരുഷനും അവരുടെ വിവാഹ ജീവിതത്തിൽ അവസാനം വരെ സമർപ്പിതരായി കഴിയേണ്ടതാണെന്ന് കരുതിയാണ് ജീവിക്കേണ്ടത്." സ്വന്തം ശരീരങ്ങളാകുന്ന ഉടമ്പടി അടയാളം കൊണ്ടാണ് ക്രിസ്തുവാകുന്ന മണവാളൻ തന്റെ സഭയാകുന്ന മണവാട്ടിയെ വിവാഹം ചെയ്തത്." സ്വന്തം ജീവനും ശരീരവും രക്തവും നൽകുന്ന ഉടമ്പടിയാണ് വിവാഹത്തിൽ പ്രതിഫലിക്കുന്നത് എന്ന് അതോടെ ജനത്തെ പഠിപ്പിക്കുകയായിരുന്നു. ഇത് സഭയിലെ എല്ലാ വിവാഹിതരും ഇനിയും വിവാഹിതരാവാൻ പോകുന്നവരും മനസിലാക്കണം എന്ന് അച്ചൻ പ്രബോധിപ്പിക്കുന്നു. അജപാലകർ ഇത് ജനത്തെ മനസ്സിലാക്കിക്കുന്ന ഉത്തരവാദിത്വം ശ്രദ്ധയോടു കൂടി നടപ്പാക്കേണ്ടതാണെന്ന് അച്ചൻ ഓർമ്മിപ്പിക്കുന്നു. വിവാഹിതരുടെ സങ്കീർണ്ണ വേർപെടൽ (divorce) സഭയ്ക്കു വരുത്തി വയ്ക്കുന്ന ഭാരമേറിയ ഉത്തരവാദിത്വത്തെക്കുറിച്ച് അച്ചൻ ഇവിടെ ചർച്ച ചെയ്യുന്നു. "ആത്മാക്കളുടെ രക്ഷയാണു അത്യുന്നത നിയമം" എന്ന ഫ്രാൻസിസ് മാർപാപ്പയുടെ പ്രഖ്യാപനം ഉത്തരവാദിത്വത്തോടു കൂടി അജപാലകർ പരിപാലിക്കണം എന്ന് അച്ചൻ ഓർമ്മപ്പെടുത്തുന്നു.

**കാരുണ്യ നിഷേധം നീതി നിഷേധം**

കുഴിനാപ്പുറത്ത് തോമസച്ചൻ പറയുന്നു: ബലഹീനരോടു കരുണാപൂർണ്ണവും സ്നേഹമസൃണവുമായ സമീപനങ്ങൾക്കു പകരം ധാർഷ്ട്യത്തിന്റെയും കാർക്കശ്യത്തിന്റെയും സമീപനം ചേർന്നതല്ല എന്ന പാപ്പായുടെ ആദർശം എല്ലാ വൈദികരും ഉൾക്കൊള്ളണം. പ്രസ്തുത ആദർശത്തിന്റെ ഉൾക്കാമ്പ് തെരഞ്ഞെടുത്ത് ആന്തരികമായ ഉൾപ്രേരണ പ്രതിഫലിപ്പിച്ച് അജപാലകരെ കൂടുതൽ ബോധവാന്മാരാക്കാനാണ് അച്ചന്റെ ലക്ഷ്യവും പരിശ്രമവും. കാരുണ്യ നിഷേധം നീതിനിഷേധമാണെന്ന് അച്ചൻ അവരെ പ്രബോധിപ്പിക്കുന്നു. അച്ചന്റെ ഇംഗിതം മാർപാപ്പയുടെ ചിന്തയിലൂടെ പ്രതിഫലിക്കുമ്പോൾ അച്ചൻ അത് ശിരസാവഹിച്ച് പ്രകാശിപ്പിക്കുന്നതായാണ് ഈ ലേഖനത്തിൽ ആദ്യന്തം ദർശിക്കുന്നത്.



www.malankaralibrary.com

നിത്യ ബ്രഹ്മചാരിയായി സ്വയം വ്രതമെടുത്ത് അജപാലനം നടത്തുന്ന വന്ദ്യപുരോഹിതനായ കുഴിനാപ്പുറത്തച്ചൻ തന്റെ ഉത്തമ കുടുംബ ദർശനം അവതരിപ്പിക്കുന്നത് ഒരു ആത്മനിയന്താവിന്റെ ചാതുരിയോടെയാണ്. കുടുംബകോടതിയിലെ കക്ഷികളെ നേരിടുമ്പോൾ ലഭിക്കുന്ന അനുഭവജ്ഞാനത്തിന്റെ പിൻബലത്തോടെ ആവണം ഇത്തരം ഉപദേശം കൊടുക്കാൻ അച്ചൻ പ്രാപ്തനാകുന്നത് എന്നു ഞാൻ കരുതുന്നു.

**മാതാപിതാക്കളും മക്കളും അറിയാൻ**

"മാതാപിതാക്കളും മക്കളും അറിയാൻ" എന്ന ഗ്രന്ഥത്തിൽ കുഴിനാപ്പുറത്ത് അച്ചന്റെ പ്രൗഢമായ അഞ്ചു ലേഖനങ്ങൾ ഒന്നിനൊന്നു മെച്ചമായി കാണുന്നത് പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. കുടുംബജീവിതത്തെക്കുറിച്ച് നല്ലതുപോലെ നിരീക്ഷിച്ചും ചിന്തിച്ചും പഠിച്ചിട്ടുണ്ട്. സഭയുടെ കുടുംബകോടതിയിൽ നിഷ്പക്ഷമായി പ്രവർത്തിക്കുന്നതിന് ഒരു കുടുംബദർശനം അത്യാവശ്യമാണെന്ന് അച്ചനു ബോധ്യമുണ്ട്. ദൈവം രൂപപ്പെടുത്തിയെടുത്ത ഒരു പ്രസ്ഥാനം ആണ് കുടുംബം. അത് ഏദൻ തോട്ടത്തിൽ വച്ചു തന്നെ നടന്നു. നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി ലോകം മുഴുവൻ നിറയാൻ അവരെ അനുഗ്രഹിച്ചു. ആ പ്രക്രിയയിൽ അലോസരം ഉണ്ടായാൽ ഭാര്യാഭർത്താക്കന്മാർ ചിന്തിക്കേണ്ടത് വേർപെടലല്ല പിന്നെയോ ഒരു നല്ല പരിഹാരം ദൈവം കാണുമെന്ന് വിശ്വസിച്ച് ക്ഷമിച്ച് കാത്തിരുന്ന് ദൈവേഷ്ടം ചെയ്യുകയാണ് വേണ്ടത് എന്ന് അച്ചൻ ഉപദേശിക്കുന്നു. ഫലം ഉടനെ ഇല്ലെങ്കിലും ഫലം ഉണ്ടാകും തീർച്ച. കാരണം ഇതൊരു ദൈവ കർമ്മ പദ്ധതിയാണ്. വചനം അനുസരിക്കാത്തവരെ പെരുമാറ്റം കൊണ്ട് വിശ്വാസത്തിലേക്കു നയിക്കുവാൻ ഭാര്യമാർക്കു കഴിയുമെന്ന് ഒന്നു പത്രോസ് മൂന്നിന്റെ ഒന്നിൽ പറഞ്ഞിരിക്കുന്നു.

**മനുഷ്യജീവനു വേണ്ടി ഒരു ധർമ്മ സമരം**

പ്രത്യേക ശ്രദ്ധ അർഹിക്കുന്ന ഒരു ലേഖനമാണ് മനുഷ്യ ജീവനു വേണ്ടി ഒരു ധർമ്മ സമരം. 1994 ൽ കൂടിയ കെയ്റോ കോൺഫറൻസ് എന്ന സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന ഭ്രൂണഹത്യയെക്കുറിച്ചുള്ള ഭാഗം ലോകമന:സാക്ഷിയെ പിടിച്ചു കുലുക്കുന്നതാണ്. പാശ്ചാത്യ രാജ്യങ്ങളുടെ ഗൂഢതന്ത്രങ്ങളെ പുറത്തു കാണിച്ച് മനുഷ്യജീവിതത്തിനു അർപ്പിച്ച അമൂല്യസ്ഥാനം ശ്ലാഘനീയമാണ്. ഈ ലേഖനവും തക്കതായ ക്ലാസ്സുകളിൽ പാഠപുസ്തകത്തിൽ ചേർത്ത് വരും തലമുറയെ പഠിപ്പിച്ച് ഉൽബുദ്ധരാക്കേണ്ടത് ഈ തലമുറയുടെ ഉത്തരവാദിത്വം ആണെന്നുള്ളതിന് സംശയം ഇല്ല.

'മാതാപിതാക്കളും മക്കളും അറിയാൻ' എന്ന ഗ്രന്ഥത്തിലെ മറ്റൊരു ഈടുറ്റ ലേഖനമാണ് 'പാളം തെറ്റുന്ന കൗമാരം.' വിദ്യാഭ്യാസ കാലത്തു തന്നെ സാമൂഹ്യ ബോധത്തിൽ ഉറച്ച് വളരുവാനും പാളം തെറ്റാത്തവർക്ക് അവരുടെ ജീവിതാവസാനം വരെ മനസിൽ തികട്ടിവരാൻ ഉതകുന്ന അനേകം ആശയങ്ങൾ നിറഞ്ഞു നിൽക്കുന്ന ഒരു ലേഖനമാണ് ഇത്.



www.malankaralibrary.com

വിദ്യാഭ്യാസത്തിലൂടെ ഒരു നല്ല തലമുറയെ വാർത്തെടുക്കുവാൻ ഉതകുന്ന പഠനങ്ങൾ കലാലയങ്ങളിൽ ഉണ്ടാവണമെന്ന് അടിവര ഇട്ടു പറയുന്ന മറ്റൊരു ലേഖനമാണ് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം- സ്വഭാവവും പ്രസക്തിയും എന്ന ലേഖനം.

കുട്ടികളെത്തന്നെ ലക്ഷ്യമിട്ട ഒരു മികവുറ്റ ചിന്തയാണ് അടുത്ത ലേഖനമായ 'ആത്മവിശ്വാസം, കഠിനാദ്ധ്വാനം, ലക്ഷ്യബോധം കുട്ടികളിൽ' എന്നത്.

ഈ പുസ്തകത്തിൽ കുട്ടികളെ വളർത്തുന്ന രക്ഷാകർത്താക്കൾ, മാതാപിതാക്കൾ അദ്ധ്യാപകർ ഇവർ അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ വളരെ സ്പഷ്ടമായി പ്രതിപാദിക്കുന്നു. അവരുടെ മാനസിക വളർച്ചയ്ക്കും അവർ ആത്മവിശ്വാസത്തിൽ ഉറയ്ക്കുന്നതിനും അനുവർത്തിക്കേണ്ട വിവരങ്ങൾ ക്രോഡീകരിച്ച് എടുത്തിട്ടുള്ളത് അഭിനന്ദനം അർഹിക്കുന്നു. അതോടൊപ്പം അമിതമായ ആത്മവിശ്വാസം വളർത്തുന്നത് ബുദ്ധിയല്ല എന്നുകൂടി അച്ചൻ ഓർമ്മിപ്പിക്കുന്നുണ്ട്. തികഞ്ഞ ലക്ഷ്യബോധവും ആത്മവിശ്വാസവുമുള്ള ഒരു പുതിയ തലമുറയുടെ സൃഷ്ടിക്കുവേണ്ടി അച്ചൻ ഉള്ളുതുറന്നു പ്രയത്നിക്കുന്നതിൽ അഭിനന്ദിക്കുന്നു.

**ഉപസംഹാരം**

ബഹുമാനപ്പെട്ട കുഴിനാപ്പുറത്ത് തോമസച്ചന് എല്ലാ നന്മകളും ഭാവുകങ്ങളും ഈ ജൂബിലി വേളയിൽ ആശംസിക്കാൻ എനിക്ക് സന്തോഷമുണ്ട്. ഇനിയും ഒന്നു രണ്ടു ജൂബിലികളും പുതിയ പുതിയ അനേകം പുസ്തകങ്ങളും അച്ചന്റെ ജീവിതയാത്രയിൽ ഉണ്ടാവുമെന്നും വീണ്ടുമൊരു വിലയിരുത്തലിനും ദർശന നിർദ്ധാരണത്തിനും അനുവാചകർ ഉണ്ടാവുമെന്നും പ്രത്യാശിക്കുന്നു.



www.malankaralibrary.com



# കുഴിനാപ്പുറത്തച്ചന്റെ അജപാലനദർശനവും അതിന്റെ സാക്ഷാത്കാരവും

ഡോ. എം.വി.തോമസ്

**ദൈ**വശാസ്ത്ര വിശാരദൻ കാനൻ നിയമ വിദഗ്ദൻ പ്രഗല്ഭനായ എഴുത്തുകാരൻ കഴിവുറ്റ സംഘാടകൻ മാതൃകാ യോഗ്യനായ അജപാലകൻ എന്നിങ്ങനെ വിവിധതലങ്ങളിൽ സഭയ്ക്കും സമൂഹത്തിനും സേവനം അർപ്പിച്ചു കൊണ്ടിരിക്കുന്ന റവ. ഡോ. തോമസ് കുഴിനാപ്പുറത്ത് മലങ്കര കത്തോലിക്കാ സഭയുടെ ഒരുവലിയ മുതൽക്കൂട്ടാണ്. പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രഥമ പഞ്ചരത്നങ്ങളിലൊരാളായ ബഹു.ജോൺ കുഴിനാപ്പുറത്തച്ചന്റെ പിൻതലമുറക്കാരനും കുഴിനാപ്പുറത്ത് കുടുംബയോഗത്തിന്റെ സ്ഥാപക പ്രസിഡന്റുമാണ് അദ്ദേഹം. തിരുവനന്തപുരം മേജർ അതിരൂപതയുടെ സഭാ കോടതി ജഡ്ജി, മലങ്കര മേജർ സെമിനാരി പ്രൊഫസ്സർ, ദൈവശാസ്ത്ര പ്രസിദ്ധീകരണ കമ്മീഷൻ സെക്രട്ടറി, ദീപിക ദിനപത്രത്തിന്റെ തലസ്ഥാന നഗരിയിലെ യൂണിറ്റ് മേധാവി, ഏതാനും ഇടവകകളുടെ വികാരി എന്നീ സ്ഥാനങ്ങൾ അദ്ദേഹം വഹിക്കുന്നുണ്ട്. ബഹു. തോമസച്ചൻ അനുഗൃഹീതനായ ഒരു എഴുത്തുകാരൻ എന്ന നിലയിലും പ്രഖ്യാതനാണ്. ഇരുപത്തി രണ്ടാം വയസ്സിൽ അദ്ദേഹം രചിച്ച പ്രബന്ധം (പാളം തെറ്റുന്ന കൗമാരം) 1998 ൽ കേരള സർവകലാശാലയുടെ പ്രീഡിഗ്രി മലയാളപാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിരുന്നു. വാർഷിക പരീക്ഷയിൽ പ്രസ്തുത പാഠത്തെ ആസ്പദമാക്കി ഉപന്യാസമെഴുതാനുള്ള ചോദ്യമുണ്ടാവുകയും ചെയ്തു. ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ വൈദിക പരിശീലനം നേടുന്ന കാലത്തു തന്നെ മതവും ചിന്തയും എന്ന ദൈവശാസ്ത്ര ദാർശനിക മാസികയുടെ സ്റ്റുഡന്റ് ചീഫ് എഡിറ്ററായി. 1994 ഡിസംബർ 26 ന് വൈദികനായതിനുശേഷം രണ്ടു വർഷത്തിനുള്ളിൽ തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ചാൻസലർ എന്ന സമുന്നതപദവിയിൽ അദ്ദേഹം നിയമിക്കപ്പെട്ടു. അതിഭദ്രാസനത്തിന്റെ ചരിത്രത്തിൽ അന്ന് ആദ്യമായിട്ടാണ് ഒരു യുവവൈദികൻ ആ പദവിയിലെത്തിയത്. അതിഭദ്രാസനത്തിലെ ഇടവകപൊതുഭരണ നിബന്ധനകൾ പാസ്റ്റർ കൗൺസിൽ പ്രസ്ബിറ്ററൽ കൗൺസിൽ എന്നിവയുടെ നിയമാവലികൾ തുടങ്ങിയവ തയ്യാറാക്കുന്നതിൽ അദ്ദേഹം നിർണായക പങ്കു വഹിച്ചു. ദൈവജനം എന്ന ദൈവശാസ്ത്ര ഗ്രന്ഥം രചിച്ചതും ഇതേ കാലത്താണ്. ദൈവജന സമൂഹം ആധുനിക ചുറ്റുപാടുകളിൽ അഭിമുഖീകരിക്കുന്ന ചില സൂമൂഹിക പ്രതിഭാസങ്ങളോട്, സഭാ



www.malankaralibrary.com

പ്രബോധനങ്ങളുടെ വെളിച്ചത്തിൽ നടത്തുന്ന ധാർമ്മിക പ്രതികരണങ്ങൾ ഈ ചെറു ഗ്രന്ഥത്തിന്റെ സവിശേഷതയാണ് എന്ന് അന്ന് മലങ്കര കത്തോലിക്കാ സഭയുടെ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പായിരുന്ന അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനി അഭിപ്രായപ്പെടുകയുണ്ടായി. പുസ്തകം പ്രസിദ്ധീകരിച്ച കാലത്തു തന്നെ അതിനൊരു റിവ്യൂ എഴുതുന്നതിന് എനിക്ക് അവസരം ലഭിച്ചു. 'പ്രശ്ന സങ്കീർണമായ ആധുനിക യുഗത്തിൽ അത്യധികം പ്രസക്തമായ ഒരു അധ്യാത്മിക ഗ്രന്ഥം' (ദീപിക 1998 ജൂലൈ 26) എന്നാണ് ആലേഖന സമാഹാരത്തെ ഞാൻ വിശേഷിപ്പിച്ചത്. ബഹു.കുഴിനാപ്പുറത്തച്ചൻ ക്രൈസ്തവ കാഹളം ഐക്യദീപം തുടങ്ങിയ മാസികകളുടെ പത്രാധിപ സമിതിയംഗമായി പ്രവർത്തിക്കുകയും സഭാ സംബന്ധമായി ഒട്ടേറെ ലേഖനങ്ങൾ എഴുതുകയും ചെയ്തു.

1998 ൽ കാനൻ നിയമത്തിൽ ഉപരി പഠനത്തിനായി റോമിലെ പൊന്തിഫിൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. 2001 ൽ രക്ഷാ നിയമം (*Salvific Law*) എന്ന വിഷയത്തിൽ പ്രബന്ധം സമർപ്പിച്ച് അച്ചൻ പി.എച്ച്.ഡി ബിരുദം നേടി. ഈ പ്രബന്ധം ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഗ്രന്ഥം ഇതിനോടകം തന്നെ അന്തർദേശീയ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ടെന്ന് മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ് അത്യുന്നത കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ തിരുമേനി ചൂണ്ടിക്കാണിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. ഈ ഗ്രന്ഥത്തിന്റെ അന്ത:സത്ത ഉൾക്കൊള്ളുന്ന കാനോനിക പഠനങ്ങൾ എന്ന ലേഖന സമാഹാരം 2012 ൽ തിരുവനന്തപുരം മേജർ അതിരൂപതയിലെ ദൈവശാസ്ത്ര പ്രസിദ്ധീകരണ കമ്മീഷൻ പുറത്തിറക്കി. സഭാ നിയമത്തെ ഒരു നിബന്ധന എന്നതിലുപരി രക്ഷാകര അർഥം കൂടി ഉണ്ടെന്ന് ഈ ഗ്രന്ഥത്തിലൂടെ സ്ഥാപിക്കുന്ന ബഹു. കുഴിനാപ്പുറത്തച്ചനെ അഭിവന്ദ്യ ക്ലീമീസ് ബാവാ തിരുമേനി മുക്തകണ്ഠം അഭിനന്ദിച്ചിട്ടുണ്ട്. ഇതിലെ ലേഖനങ്ങൾ സമാഹരിച്ചത് ബഹു. കോശി പുന്നമൂട്ടിൽ അച്ചനാണ്.

നവ വൈദികനെന്ന നിലയിൽ ബഹു.കുഴിനാപ്പുറത്തച്ചൻ ആദ്യം സേവനം അനുഷ്ഠിച്ചത് പിരപ്പൻ കോട് കുഷ്ഠരോഗാശുപത്രിയിലും പരിസരപ്രദേശങ്ങളിലുമാണ്. അതോടൊപ്പം ആറ്റിങ്ങലിൽ പുതിയ ഒരു മിഷൻ ഇടവകയ്ക്ക് തുടക്കം കുറിക്കുക എന്ന ദൗത്യവും അദ്ദേഹത്തിന് ലഭിച്ചു. 1994 ഡിസംബർ 26 അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനിയാണ് ബഹു.അച്ചനെ ഇതിലേക്ക് ചുമതലപ്പെടുത്തിയത്. ബഹു. തോമസ് അച്ചന്റെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി 1995 ജൂലൈ 4 ന് ആറ്റിങ്ങലിലെ താല്കാലിക ദേവാലയം ബഹു.മാത്യു കടകംപള്ളി അച്ചൻ ആശീർവദിച്ചു. ഈ ഇടവക ഉത്തരോത്തരം പുരോഗതി പ്രാപിച്ചു. 1995 സെപ്റ്റംബർ 30 ന് ബഹു.തോമസ് കുഴിനാപ്പുറത്തച്ചൻ കുളത്തൂർപ്പുഴയ്ക്കു സമീപം ചോഴിയക്കോട് എന്ന മലയോര പ്രദേശത്തേക്ക് ഇടവക വികാരിയായി സ്ഥലം മാറിപ്പോയി.



www.malankaralibrary.com





1998 ൽ റോമിൽ ഉപരിപഠനം നടത്തിയ അവസരത്തിൽ ഇറ്റലിയിലെ മൊന്തേക്യാ എമിലീയായിൽ ബഥനി മഠം സ്ഥാപിച്ചു കൊണ്ട് ഇറ്റലിയിലെ ആദ്യത്തെ മലങ്കര കത്തോലിക്കാ സമൂഹത്തിന് രൂപം നൽകുവാനുള്ള സൗഭാഗ്യം ബഹു.കുഴിനാപ്പുറത്തച്ചന് ലഭിച്ചു. ഇറ്റലിയിലെ റേജിയോ എമിലിയാ ബിഷപ്പ് ഹൗസ്, ബിബിയാനോ എന്നിവിടങ്ങളിൽ ബഥനി സന്യാസിനീ സമൂഹത്തിന്റെ ഭവനങ്ങൾ സ്ഥാപിക്കുന്നതിനും അദ്ദേഹം നേതൃത്വം നൽകി. 2001 ൽ കേരളത്തിൽ തിരിച്ചെത്തിയ ശേഷം ചെങ്ങന്നൂർ താലൂക്കിലെ കാരക്കാടും സമീപ പ്രദേശങ്ങളിലുമുള്ള അഞ്ച് ഇടവകകളുടെ വികാരിയായി. പിന്നീട് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാലയ്ക്കടുത്തുള്ള ചെറുവാരക്കോണം, വന്യക്കോട് എന്നീ ഇടവകകളുടെ ചുമതലയേറ്റു. ക്യാൻസർ രോഗികൾക്ക് ആശ്വാസമരുളുന്ന ഗുഡ്സമരിറ്റൻ ഫോം, പട്ടം സെന്റ് മേരീസ് പ്രിന്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ ഡയറക്ടറായി പ്രവർത്തിച്ചു. തിരുവനന്തപുരം നഗരത്തിലുള്ള ബാർട്ടൺഹിൽ കാട്ടുവിള, കാഞ്ഞിരംപാറ, അഞ്ചാമട എന്നീ ഇടവകകളിലും വികാരിയായി സേവനം അനുഷ്ഠിച്ചു. ഇപ്പോൾ തിരുവനന്തപുരത്ത് തിരുമലയ്ക്കു സമീപത്തുള്ള പാമാംകോട്, പാപ്പനംകോട് എന്നീ ഇടവകകളിൽ വികാരിയായി പ്രവർത്തിച്ചു വരികയാണ്.

ബഹു.തോമസ് കുഴിനാപ്പുറത്തച്ചന്റെ ഇതുവരെയുള്ള ജീവിത രേഖ പരിശോധിച്ചാൽ അജപാലന സംബന്ധമായി അദ്ദേഹത്തിന് സുവ്യക്തമായ ഒരു കാഴ്ചപ്പാടുള്ളതായി നമുക്ക് മനസ്സിലാക്കാൻ കഴിയും. അത് ക്രിസ്തുവിന്റെയും സഭയുടെയും പ്രബോധനങ്ങൾക്ക് അനുസൃതമായി സ്വന്തം ചിന്തയുടെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ സ്ഫുടം ചെയ്ത് എടുത്തിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ രചനകളിലും പ്രഭാഷണങ്ങളിലും പ്രവർത്തനങ്ങളിലും മഹത്തായ ആ ദർശനത്തിന്റെ സ്ഫുലിംഗങ്ങൾ ജ്വലിച്ച് നിൽക്കുന്നതായി നമുക്ക് അനുഭവപ്പെടും. അദ്ദേഹത്തിന്റെ അജപാലനദർശനത്തെപ്പറ്റി സാമാന്യ ബോധം ലഭിക്കുന്നതിന് അദ്ദേഹം രചിച്ച ഏതാനും ചില ഏടുകളും അവ അച്ചൻ പ്രാവർത്തികമാക്കിയ രീതികളും നേരിട്ടു കാണാനും അനുഭവിക്കാനും ഭാഗ്യം ലഭിച്ച ഒരു വ്യക്തിയാണ് ഈ ലേഖകൻ. ബഹു. അച്ചൻ പട്ടം അരമനയിൽ ചാൻസലറായി വന്നകാലം മുതൽ എനിക്ക് അദ്ദേഹത്തെ പരിചയമുണ്ടാരുന്നു. നന്നേ ചെറുപ്പത്തിലെ വളരെ നന്നായി എഴുതുന്ന ഒരു വൈദികൻ എന്ന നിലയിൽ അദ്ദേഹം എന്നിൽ അത്ഭുതാദരവുകൾ ജനിപ്പിച്ചു. ഏതാണ്ട് രണ്ട് പതിറ്റാണ്ടുകൾക്കുശേഷം അദ്ദേഹം ഞാൻ അംഗമായ വട്ടിയൂർക്കാവ് ഇടവകയിൽ വന്നതോടെയാണ് ബഹു. അച്ചന്റെ അജപാലന രംഗത്തെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളെപ്പറ്റിയും അതിന്റെ പിന്നിലുള്ള മഹത്തായ ദർശനത്തെപ്പറ്റിയും കൂടുതല വ്യക്തതയോടെ മനസ്സിലാക്കുവാൻ എനിക്കു കഴിഞ്ഞത്.

അജപാലന ചുമതലയുള്ള വികാരി ആരായിരിക്കണം എന്ന സ്വയം ബോധം ബഹു. തോമസച്ചന് നല്ലതുപോലെ ഉണ്ട്. അദ്ദേഹം പറയുന്നു



www.malankaralibrary.com

"പുരോഹിതനും പ്രവാചകനും അജപാലകനുമായി ക്രിസ്തുവിനെ അനുകരിക്കാനുള്ള ദൈവവിളിയാണ് ഇടവകവികാരിയുടേത്" എന്ന് ദൈവജനം എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നു. ഇടവകവികാരിയുടെ പദവിയും ഉത്തരവാദിത്വവും എത്രയോ വലിയതാണെന്ന് അദ്ദേഹം വിവരിക്കുന്നത് ഇങ്ങനെയാണ്. "വൈദികൻ ആധ്യാത്മിക നിയന്ത്രിതാവ് മാത്രമല്ല, തന്റെ അജഗണത്തിന്റെ എല്ലാ ജീവിത മേഖലകളിലും ഭാഗഭാക്കായിക്കൊണ്ടാണ് അദ്ദേഹം ഇടവകയെ നയിക്കുന്നത്. വിശ്വാസികളുടെ ആവശ്യങ്ങളോടും അവരുടെ ജീവിതത്തിലെ ജയപരാജയങ്ങളോടും ക്രിയാത്മകമായും ഉത്തരവാദിത്വ പൂർണമായും പ്രതികരിക്കുവാൻ ഇടവക വികാരിയാകണം." (*ദൈവജനം*, 2000 പുറം.6) അദ്ദേഹം ക്രിസ്തുവിന്റെ അനുകർത്താവെന്ന നിലയിലാണ് ഓരോ നിമിഷവും ജീവിച്ചിരുന്നത്. ഇടവകയിലെ ഓരോ വ്യക്തിയുടെയും നേട്ടങ്ങളും കോട്ടങ്ങളും പ്രശ്നങ്ങളും അദ്ദേഹം നന്നായി അറിഞ്ഞിരുന്നു. പാവപ്പെട്ടവനോട് പക്ഷം ചേരുന്നതിന് അദ്ദേഹം സദാ വ്യഗ്രത കാട്ടിയിരുന്നു. കൂടാതെ ഓരോരുത്തരുടെയും കഴിവുകളെ കണ്ടെത്തി അവരെ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിൽ അദ്ദേഹം വളരെയധികം ശ്രദ്ധപതിപ്പിച്ചിരുന്നു. ഒരു എഴുത്തുകാരൻ, മാധ്യമപ്രവർത്തകൻ, പ്രഭാഷകൻ എന്നീ മേഖലകളിലുള്ള എന്റെ താൽപ്പര്യങ്ങൾക്ക് വലിയ പിന്തുണയും പ്രോത്സാഹനവുമാണ് ബഹു. കുഴിനാപ്പുറത്തച്ചനിൽ നിന്ന് ലഭിച്ചിട്ടുള്ളത്. എന്റെ കൊച്ചുമകളായ സൂസന് സംഗീതത്തിലുള്ള വാസന പരിപോഷിപ്പിക്കുന്നതിന് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. അതിരൂപതാ തലത്തിൽവരെ അവൾക്ക് സമ്മാനം നേടികൊടുക്കുന്നതിന് അദ്ദേഹം അവസരമൊരുക്കി. സൺഡേ സ്കൂൾ കലാ മത്സരങ്ങളിലും പരീക്ഷകളിലും ജില്ലാ തലത്തിൽ അഞ്ചാമട ഇടവകയെ ഒന്നാം സ്ഥാനത്തേക്ക് കൊണ്ടുവരുവാൻ അദ്ദേഹത്തിന് സാധിച്ചു. ഇടവകാംഗങ്ങളുടെ ആധ്യാത്മികവും ഭൗതികവും കലാപരവും സാംസ്ക്കാരികവും വിദ്യാഭ്യാസപരവും തൊഴിൽ പരവുമായ നിലവാരം ഉയർത്തുന്നതിന് അദ്ദേഹം വ്യഗ്രത പുലർത്തി.

ബഹു. അച്ചന്റെ ചിന്തയും പ്രവർത്തനങ്ങളും സദാ വ്യാപരിച്ചുകൊണ്ടിരുന്ന മറ്റൊരു മേഖല യഥാർഥമായ ക്രിസ്തീയ കുടുംബങ്ങളുടെ രൂപവത്ക്കരണമായിരുന്നു. കാൽ നൂറ്റാണ്ട് മുമ്പ് എഴുതിയ പാളം തെറ്റുന്ന കൗമാരം (ദൈവജനം എന്ന ഗ്രന്ഥത്തിൽ) എന്ന പ്രശസ്തമായ ലേഖനമെഴുതിയ അച്ചൻ ഇപ്പോൾ ബാല്യം, കൗമാരം, യൗവ്വനം വാർദ്ധക്യം തുടങ്ങിയ എല്ലാ ജീവിത ഘട്ടങ്ങളും പാളം തെറ്റുന്നതു കണ്ട് അത്യധികം ദു:ഖിക്കുന്നു. ഇടവകയിലെ ഓരോ ജീവിത ഘട്ടത്തിലുള്ളവർക്കും വേണ്ടി അദ്ദേഹം ക്ലാസുകളും ചർച്ചകളും സംഘടിപ്പിച്ചിരുന്നു. പഠിക്കുവാൻ കഴിവും താത്പര്യവുമുള്ളവർക്ക് എല്ലാവിധ പിന്തുണയും സഹായ സഹകരണങ്ങളും നൽകി. ബഹു. അച്ചൻ വികാരി ആയിരുന്ന കാലത്ത് അഞ്ചാമട മിഷൻ ഇടവകയിൽ നിന്ന് അഞ്ചു പേർ ഡോക്ടറേറ്റ് നേടി. എം.ഫിൽ, എം.ടെക്ക് തുടങ്ങിയ ബിരുദങ്ങൾ നേടിയവരും



www.malankaralibrary.com

ഉണ്ടായിരുന്നു. ബഹു. അച്ചൻ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച മാതാ *പിതാക്കളും മക്കളും അറിയാൻ, സ്നേഹത്തിന്റെ സന്തോഷം* (ഫ്രാൻസിസ് പാപ്പായുടെ കുടുംബ ദർശനം) എന്നീ ഗ്രന്ഥങ്ങൾ ആധുനിക കാലത്തെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി നമ്മുടെ കുടുംബങ്ങളെ സന്തുഷ്ടിയുടെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ബഹു. അച്ചന്റെ അടങ്ങാത്ത ത്വരയാണ് പ്രകടമാക്കുന്നത്. ആദ്യ ഗ്രന്ഥത്തിലെ 12 ലേഖനങ്ങളിൽ അഞ്ചെണ്ണവും ബഹു. അച്ചനാണ് എഴുതിയിരിക്കുന്നത്.ബഹു. അച്ചൻ എന്നെക്കൊണ്ട് രണ്ട് ലേഖനങ്ങൾ എഴുതിച്ചു. രണ്ടാമത്തെ ഗ്രന്ഥത്തിലെ 10 ലേഖനങ്ങളിൽ ഒരെണ്ണം അച്ചന്റേതാണ്. കുട്ടികളുടെയും മുതിർന്നവരുടെയും മൂല്യബോധവും ആത്മീയതയും കൈവരിക്കുന്നതിന് നമ്മുടെ കുടുംബങ്ങളെ സഹായിക്കുന്ന ഈ പുസ്തകങ്ങൾ തയ്യാറാക്കുന്നതിനു വേണ്ടി നല്ലൊരു സംഖ്യ ബഹു. അച്ചൻ സ്വന്തം പോക്കറ്റിൽ നിന്നു ചെലവഴിച്ചിട്ടുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്. പുസ്തകങ്ങൾ വിറ്റു തീർന്നിട്ടും മുടക്കു മുതലിന്റെ പകുതി പോലും കിട്ടിയിട്ടില്ല. ഒട്ടേറെ കോപ്പികൾ സൗജന്യമായിട്ടാണ് അദ്ദേഹം വിതരണം ചെയ്തത്.

ദൈവജനം എന്ന ഗ്രന്ഥത്തിൽ അജപാലകരുടെ പ്രധാന പ്രവർത്തന മേഖലയായ ഇടവകകളെപ്പറ്റി രണ്ട് ലേഖനങ്ങൾ ഉണ്ട്. ഇടവക ദൈവജനകേന്ദ്രം, ഇടവക ഒരു കാനോനിക വീക്ഷണം എന്നിവയാണ് ആ ലേഖനങ്ങൾ. സാർവ്വത്രികവും ദൃശ്യവുമായ സഭയെ പ്രതിനിധാനം ചെയ്യുന്ന വിശ്വാസികളുടെ പ്രാദേശിക സമൂഹമാണ് ഇടവക. എന്ന് രണ്ടാം വത്തിക്കാൻ സുഹദോസ് നൽകുന്ന നിർവചനത്തിൽ ഊന്നിക്കൊണ്ടാണ് ഈ ലേഖനങ്ങൾ രചിച്ചിരിക്കുന്നത്. സഭയുടെ സുവിശേഷവത്കരണ ദൗത്യം നിവൃത്തിയാകേണ്ടത് ഇടവകയിലൂടെയാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. ദൈവാരാധനയുടെ ഊർജസ്ത്രോതസായിട്ടാണ് അദ്ദേഹം ഇടവകയെ കാണുന്നത്. "വർത്തമാന കാല സംഭവങ്ങളായി പുനരവതരിപ്പിക്കുന്ന ദൈവാരാധന ക്രൈസ്തവ ജീവിതത്തിൽ നെടുനായകത്വം വഹിക്കേണ്ടതുണ്ട്" (പുറം 5) എന്ന് ബഹു. അച്ചൻ അഭിപ്രായപ്പെടുന്നുണ്ട്. ഇടവകയിലെ മുഴുവൻ ആളുകളെയും വിശുദ്ധ കുർബാനയിലും മറ്റ് ആരാധനാ ക്രമങ്ങളിലും സജീവമായി പങ്കെടുപ്പിക്കുന്നതിനും അതിലൂടെ അവരെ ശക്തിപ്പെടുത്തുന്നതിനും ബഹു. അച്ചൻ സദാ ശ്രദ്ധ പതിപ്പിച്ചിരുന്നു. ഇടവകയിലെ മതബോധനം, യുവജനപ്രവർത്തനം ഭക്ത സംഘടനകളുടെ പ്രവർത്തനം തുടങ്ങിയ എല്ലാ കാര്യങ്ങളും ഭംഗിയായും കാര്യക്ഷമമായും നടത്തുന്നതിന് അല്മായരുടെ പങ്കാളിത്തം അദ്ദേഹം ഉറപ്പുവരുത്തിയിരുന്നു.

സഭാ നിയമങ്ങളും കർക്കശമായി നടപ്പാക്കുന്നതിൽ ശ്രദ്ധാലുക്കളായ പല ഇടവക വൈദികരും വിശ്വാസികളെ സഭയിൽ നിന്ന് അകറ്റി നിർത്താറുണ്ട്. സഭാ നിയമം കേവലം നിബന്ധന മാത്രമല്ല, അതിന് രക്ഷാകരമായ ഒരു അർഥം കൂടിയുണ്ടെന്ന് സമർത്ഥിക്കുന്ന ബഹു.അച്ചൻ ഇട



www.malankaralibrary.com

വക ഭരണത്തിൽ അത് പ്രാവർത്തികമാക്കി കാണിച്ചു തന്നു. വളരെ യേറെ വർഷങ്ങളായി സഭയിൽ നിന്ന് വിട്ടു നിൽക്കുന്നവരുടെയും കൂദാശകൾ സ്വികരിക്കാത്തവരുടെയും പ്രശ്നങ്ങൾ ആഴത്തിൽ പഠിച്ചപ്പോൾ സാധുവായ വിവാഹത്തിന്റെ അഭാവമാണ് അവരെ ഈ അവസ്ഥയിൽ എത്തിച്ചിരിക്കുന്നതെന്ന് അദ്ദേഹം മനസ്സിലാക്കി. അവരുടെ പ്രശ്നങ്ങൾക്ക് കാനോനികമായ പരിഹാരങ്ങൾ കണ്ടെത്തിയ അദ്ദേഹം അവരെ വീണ്ടും സഭാ കൂട്ടായ്മയിലേക്ക് കൊണ്ടു വന്നു. ബഹു. കുഴിനാപ്പുറത്തച്ചന്റെ സ്നേഹമസൃണമായ സമീപനവും പെരുമാറ്റവും ഇടവകയുടെ പ്രവർത്തനം പുണ്യമാക്കി.

ആതുര സേവനത്തിന് അദ്വിതീയമായ സ്ഥാനമാണ് ബഹു. അച്ചൻ നൽകിയിരിക്കുന്നത്. അദ്ദേഹം അഞ്ചാമട ഇടവകയിൽ ചുമതലയേറ്റ് അധികം കഴിയും മുമ്പ് ഒരു ജീവകാരുണ്യ ഫണ്ട് രൂപീകരിച്ചു. ഇടവകാംഗങ്ങളുടെ ജന്മദിനം, വിവാഹ വാർഷികം തുടങ്ങിയ സന്ദർഭങ്ങൾ പള്ളിയിൽ പൊതുവായി ആഘോഷിക്കുകയും ആ സന്ദർഭങ്ങളിൽ ജീവകാരുണ്യ ഫണ്ടിലേക്ക് ബന്ധപ്പെട്ടവരിൽ നിന്ന് സംഭാവനകൾ സ്വീകരിക്കുകയും ചെയ്തിരുന്നു. നോമ്പു കാലങ്ങളിൽ വർജന മുഖേന ലഭിക്കുന്ന പണം പ്രത്യേകം ശേഖരിച്ച് ഈ ഫണ്ടിൽ നിക്ഷേപിച്ചു. ഇടവകയിലെ പാവപ്പെട്ടവർക്കും രോഗികൾക്കും മറ്റ് ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്കും ഉചിതമായ ധനസഹായവും പ്രാർത്ഥനാസഹായവും നൽകിയിരുന്നു. വിവാഹധനസഹായം ഒട്ടേറെ പെൺകുട്ടികൾക്ക് പ്രയോജനപ്പെട്ടു. നാലുവർഷത്തെ സേവനത്തിനു ശേഷം ബഹു. അച്ചൻ ഇടവക വിട്ടു പോയപ്പോൾ ഈ ഫണ്ടിൽ അമ്പതിനായിരത്തിൽപ്പരം രൂപ നീക്കിയിരിപ്പുണ്ടായിരുന്നു.

ഇടവക സംബന്ധമായ വിവരങ്ങൾ പരസ്പരം അറിയുന്നതിനും മറ്റുള്ളവരെ അറിയിക്കുന്നതിനും വേണ്ടി ജ്യോവാനി എന്നൊരു പ്രതിമാസ പത്രിക ബഹു. അച്ചന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരണം തുടങ്ങി. ബഹു. അച്ചൻ വികാരി ആയിരുന്ന കാലത്തു മാത്രമാണ് ഈ ആനുകാലികം അഞ്ചുമട ഇടവകയിൽ നിന്ന് പ്രസിദ്ധീകരിച്ചത്. സഭാപരമായ പ്രബോധനങ്ങൾക്കു പുറമെ കാലികപ്രസക്തിയുള്ള വാർത്തകളും കുറിപ്പുകളും ആ മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു.

ബഹു. തോമസ് കുഴിനാപ്പുറത്തച്ചൻ പുസ്തകങ്ങളിലൂടെ, പ്രസംഗങ്ങളിലൂടെ, അവതരിപ്പിക്കുന്ന അജപാലനപരമായ ആശയങ്ങൾ സ്വന്തം പ്രവർത്തന മണ്ഡലത്തിൽ പ്രാവർത്തികമാക്കാൻ പരമാവധി പരിശ്രമിച്ചിരുന്നു. ഇത് അങ്ങേയറ്റം മാതൃകാപരവും പ്രശംസനീയവുമായ ഒരു അധ്യാത്മിക നേട്ടമാണ്.



www.malankaralibrary.com



# ഉത്തമമായ വായനാനുഭവം

റവ.ഫാ.ഡാനിയേൽ
പൂവണ്ണത്തിൽ

**അ**രണ്ട സന്ധ്യാ വെളിച്ചത്തിൽ നിന്നും പാതിരാവിന്റെ വറുതിയിലേക്ക് മനുഷ്യ ജന്മങ്ങളൊക്കെ ഇടറി നീങ്ങുന്ന ഒരു കാലമാണ് നമ്മുടേത്. ഒരു ദർശനത്തിന്റെ തിരിവെളിച്ചം ഈ വഴികളിൽ നമുക്ക് കൂട്ടിനുണ്ടാവുക എന്നത് വല്ലാത്തൊരു സാന്ത്വനമാണ്.

സ്വന്തം പാതകളിൽ പാഥേയം പോലെ കാത്തുകൊണ്ടുപോയ ദർശനസൗഭാഗ്യങ്ങൾ വിവേകം നഷ്ടപ്പെട്ടൊരു തലമുറയ്ക്ക് സ്നേഹപൂർവ്വം കൈമാറിയവരൊക്കെ അങ്ങനെയാണ് ഗുരുതുല്യരായത്.

അവർക്കു മുന്നിൽ നമുക്ക് അഞ്ജലീബദ്ധരാകാം....!

ആ ഗുരുശൃംഖലയിൽ ചൂണ്ടികാണിക്കാൻ തീർച്ചയായും നമുക്കുമുണ്ടൊരു നാമം– ബഹുമാനപ്പെട്ട തോമസ് കുഴിനാപ്പുറത്തച്ചൻ. ദൈവജനമെന്ന ശീർഷകത്തിൽ അദ്ദേഹം പല കാലങ്ങളിൽ കുറിച്ചിട്ട ലേഖനസമാഹാരം പുറത്തിറങ്ങിയിട്ട് ഇത് അഞ്ചാം വർഷം. ഇതിനിടയിൽ രണ്ടു പതിപ്പുകളിലായി 4000 കോപ്പികൾ അനുവാചക സമക്ഷം എത്തി. കേരള സർവ്വകലാശാലയുടെ അംഗീകാരം നേടിയ ഈ ഗ്രന്ഥത്തെക്കുറിച്ചുള്ള പഠനങ്ങളാണ് ഇപ്പോൾ അവതരിപ്പിക്കുന്നത്. ഇനിയും വേണ്ട വിധം വിലയിരുത്തപ്പെടേണ്ട 'ദൈവജനം' പുനർവായനയ്ക്ക് വിധേയമാക്കപ്പെടട്ടെ

സഭാശാസ്ത്രത്തിനും ക്രിസ്തുവിജ്ഞാനീയത്തിനും ദൈവശാസ്ത്ര പഠനങ്ങൾക്കും ഉറപ്പുള്ളൊരു അടിസ്ഥാനമായി സാമൂഹിക പരിതസ്ഥിതികളിലേക്ക് നീളേണ്ട ക്രൈസ്തവന്റെ പ്രവാചകത്വത്തിന് സാക്ഷ്യപത്രമായി 'ദൈവജനം' വായിക്കപ്പെടട്ടെ, വിലയിരുത്തപ്പെടട്ടെ.

ദൈവജനകേന്ദ്രീകൃതമാണ് സഭാ സമൂഹങ്ങൾ എന്ന പരമാർത്ഥം സൗകര്യപൂർവ്വം മറന്നു കളയാൻ മടി കാണിക്കാത്ത സംവിധാനക്രമങ്ങൾ ആധുനിക സഭയുടെ ഒരു പ്രത്യേകതയാണ്. അല്മായനെ അകലെയെങ്ങോ അജ്ഞാപിച്ചകറ്റി നിർത്തിയുള്ള സഭാ വളർച്ചയെ രണ്ടാം വത്തിക്കാൻ കൗൺസിൽ നിരുത്സാഹപ്പെടുത്തിയെങ്കിലും മനോഭാവങ്ങളിലെ മാറ്റങ്ങൾ കാലമിനിയും കാത്തിരിപ്പുണ്ട്. ഈ പശ്ചാത്തലത്തിലോ



www.malankaralibrary.com

പരിതസ്ഥിതിയിലോ ഏറെ പ്രസക്തമാവുന്നൊരു ഗ്രന്ഥം കൈരളിക്കും സഭയ്ക്കും സമ്മാനിച്ചിട്ടുണ്ട് ബഹുമാനപ്പെട്ട തോമസ് കുഴിനാപ്പുറത്തച്ചൻ 'ദൈവജനം' എന്ന ശീർഷകത്തിൽ.

അന്വേഷണം, ആസ്വാദനം, സമീപനം എന്നീ മേഖലകളിലായി ഉൾച്ചേർത്തിരിക്കുന്ന പ്രൗഢഗംഭീരമായ പത്തൊൻപത് ലേഖനങ്ങളുടെ സമാഹാരമാണ് 'ദൈവജനം'. അവതാരികയിൽ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപ്പൊലീത്ത രേഖപ്പെടുത്തുംപോലെ ജീവിതസ്പർശിയായ ഒരു ദൈവശാസ്ത്രം ഉളവാക്കുന്ന പ്രായോഗിക ഫലങ്ങൾ ഇഴതിരിച്ചറിയുവാൻ ദൈവജനത്തെ ഒരുക്കുന്ന വിധത്തിലാണീ ലേഖനങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. ദൈവജനത്തിന്റെ വിവിധ അനുഭവങ്ങളെയും അവരുടെ വ്യത്യസ്ത ജീവിത മേഖലകളെയും ആധുനിക ചുറ്റുപാടുകളിൽ അവരനുഭവിക്കുന്ന പ്രശ്നങ്ങളെയും സംബന്ധിക്കുന്ന അന്വേഷണവും ആസ്വാദനവും സമീപനവുമാണീഗ്രന്ഥം.

ഇടവക ദൈവജനകേന്ദ്രം എന്ന ലേഖനത്തോടെയാണീ ഗ്രന്ഥം തുടങ്ങുന്നത്. ഒരു ബലിവേദിക്കു ചുറ്റും ഒന്നിച്ച് അണിനിരക്കുമ്പോഴുണ്ടാകുന്ന കൂട്ടായ്മയാണ് ഇടവക. ഇടവകയുടെ കേന്ദ്രമായ ദൈവാരാധന ചിത്രങ്ങൾക്കും ചില്ലുകൂടുകൾക്കും മുന്നിൽ കണ്ണീരൊഴുക്കുന്നതിലുപരി ഓരോരോവ്യക്തിയുടെയും സത്താപരമായ ആവശ്യമായി മാറണം. ഈ അസ്തിത്വബന്ധം ഉണ്ടാകുമ്പോൾ പള്ളിവിട്ടുപുറത്തുവരുന്ന പാറമടത്തൊഴിലാളിയുടെ കൂടത്തിന്റെ ശബ്ദം പ്രാർത്ഥനാ മഞ്ജരിയായി ഉന്നതങ്ങളിലേക്കുയരും. കൃഷിവലന്റെ മൺവെട്ടിയും കാര്യാലയജീവനക്കാരന്റെ തൂലികയുമൊക്കെ ദൈവാരാധനയുടെ മാധ്യമങ്ങളായി മാറും. ഇതേ ബോധ്യം ഉള്ളിൽ കൊളുത്തപ്പെട്ടവർ കവാടത്തിനു പുറത്തു വച്ച് മാനവരക്ഷയ്ക്കു വേണ്ടി പീഡനങ്ങൾ സഹിച്ച ക്രിസ്തുവിനെ പിൻചെന്നു കൊണ്ട് സുരക്ഷിതത്വത്തിന്റെ സ്വകാര്യപാളയം വിട്ടിറങ്ങി കരയുന്നവരുടെ കണ്ണീരൊപ്പാനും അസ്വതന്ത്രരെ വിമുക്തരാക്കാനും തയ്യാറാവുമ്പോൾ ഇടവകയുടെ ദൗത്യം പൂർണ്ണമാകുന്നു. ഇത് കുഴിനാപ്പുറത്തച്ചന്റെ ദൈവശാസ്ത്രാധിഷ്ഠിതമായ അജപാലന ദർശനത്തിലേക്ക് വിരൽ ചൂണ്ടുന്ന ഒരു ലേഖനമാണ്.

സമാന ചിന്താഗതികളെ അവതരിപ്പിക്കുന്ന വിശ്വാസ പരിശീലനം, മലങ്കര കത്തോലിക്കാ സഭയുടെ കാനോനിക വ്യക്തിത്വം അല്മായ പങ്കാളിത്വം, വിശ്വാസികളും വിവാഹ കൂദാശകളും തുടങ്ങി ഏഴ് ലേഖനങ്ങളോടെ അന്വേഷണമെന്ന ഭാഗം പൂർണ്ണമാകുന്നു.

ആസ്വാദനം എന്ന ശീർഷകത്തിൽ കാൾറാനർ മുതൽ ഒയർസി വരെയുള്ള ഏഴു ദൈവശാസ്ത്രജ്ഞരുടെ ചിന്തകളെ വിശകലനാത്മകമായി തുടർന്ന് ഗ്രന്ഥകാരൻ അപഗ്രഥിക്കുന്നു. കാലഘട്ടങ്ങളെ അതിജീവിച്ച അവരുടെ ദർശനങ്ങളുടെ സമകാലിക പ്രസക്തി ഇവിടെ വിമർശനാത്മകമായി വിലയിരുത്തപ്പെടുന്നു.



www.malankaralibrary.com

സമിപനം എന്ന ശീർഷകത്തിലുള്ള മൂന്നാം ഭാഗത്തിൽ സാമൂഹിക പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്ന ഒരു ദൈവശാസ്ത്രം അവതരിക്കപ്പെടുന്നു. ധനം, തൊഴിൽ, ജീവൻ, നിയമം, കൗമാരം എന്നിങ്ങനെ സമൂഹ ജീവിതത്തിലെ അടിസ്ഥാന മേഖലകളിലെ സഭാ നിലപാടുകൾ ഗ്രന്ഥകാരൻ അതിവിദഗ്ദ്ധമായി സംക്ഷേപിച്ചിരിക്കുന്നു. ഈ ഭാഗത്തെ ഏറ്റവും ശ്രദ്ധേയമായ ലേഖനം, കേരളാസർവ്വകലാശാല പ്രീ-ഡിഗ്രി പാഠ്യപദ്ധതിയിലേക്ക് തെരഞ്ഞെടുത്തിരുന്ന 'പാളം തെറ്റുന്ന കൗമാരം' എന്നതാണ്. ജുവനൈൽ ഡെലിംക്വൻസി എന്ന മന:ശാസ്ത്ര പ്രശ്നത്തിന്റെ പശ്ചാത്തലത്തിൽ കൗമാരങ്ങളുടെ വഴിതെറ്റലുകളിലേക്ക് ഒരന്വേഷണവുമാണീ ലേഖനം. അന്തിമ വിശകലനത്തിൽ ചൂണ്ടുവിരലുകൾ ഉയരുന്നത് ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിനു നേരെയാണ്. പന്ത്രണ്ടാം പീയൂസ് പാപ്പയുടെ വാക്കുകളോടെ ലേഖനം സമാപിക്കുന്നു. "കുട്ടിയുടെ ഘാതകനെ ശിക്ഷിക്കാൻ നീതിന്യായ കോടതികളുണ്ടിവിടെ. പക്ഷെ കുട്ടിയുടെ കൈയിൽ ആയുധം വച്ചു കൊടുക്കുന്ന, അവനെ അവന്റെ വഴിക്കു മാത്രം വിട്ടയയ്ക്കുന്ന, സമൂഹത്തെ ശിക്ഷിക്കാൻ ഇവിടെ ഏത് നിയമമാണുള്ളത്?"

ദൈവജനമെന്ന വിശാലമായ സങ്കൽപ്പത്തെ ഏറെക്കൂറെ സാമാന്യമായൊരു ചിത്രം വരച്ചു കാട്ടുന്നതിൽ ഗ്രന്ഥകാരൻ വിജയിച്ചിട്ടുണ്ട്. ഭാഷാശൈലി അന്യൂനമാണ്. ദർശനസമഗ്രത ഒഴിച്ചുനിർത്താനാവാത്ത പ്രത്യേകതയും. ഇരുപത്തിയഞ്ചുവയസ്സിനുള്ളിൽ എഴുതപ്പെട്ട ലേഖനങ്ങളാണിതിൽ മിക്കവവാറും. പക്ഷെ ഇവ അനുവാചകമനസ്സിൽ ദ്യോതിപ്പിക്കുന്നത് ഒരു ഇളമുറക്കാരന്റെ ആദ്യ ചിന്തകളെയല്ല, ശോഭനമായ ഒരു ഭാവിയിലേക്ക് നീളുന്ന സ്വപ്നങ്ങളുള്ള, വലിയ കാഴ്ചകളുടെ സ്വന്തക്കാരനെയാണ്. യാഥാർത്ഥ്യങ്ങളെ കണ്ണടച്ചിരുട്ടാക്കി കടമകൾ മറക്കുന്ന ഒരു വർത്തമാന സംസ്ക്കാരത്തിലും യാഥാർത്ഥ്യങ്ങളേട് സർഗ്ഗാത്മകമായി പ്രതികരിക്കുന്ന എഴുത്തുകാർ സഭയിൽ വളർന്നുവരുന്നതിന് ഈ പുസ്തകം സാക്ഷിയാവുന്നു. ഉത്തമമായ ഒരു വായനാനുഭവം സമ്മാനിക്കാൻ ഏറെക്കരുത്തുള്ള ഒരു ഗ്രന്ഥമാണ് 'ദൈവജനം'.

(2002-ൽ പ്രസിദ്ധീകരിച്ച 'ദൈവജന പഠനങ്ങൾ' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ നിന്നും.)



www.malankaralibrary.com

## റവ. ഡോ. തോമസ് കുഴിനാപ്പുറത്തിന്റെ

## രചനാ സൂചിക

1. **ദൈവശാസ്ത്ര പഠനങ്ങൾ**

1.1 "ഇടവക ദൈവജനകേന്ദ്രം" (*പ്രേഷിത കേരളം*, ആലുവ 1991)

1.2 "വിശ്വാസ പരിശീലനം ചരിത്രത്തിലൂടെ" (ഈ ലേഖനം 1990 മുതൽ വിവിധ വിശ്വാസ പരിശീലന പ്രസിദ്ധീകരണങ്ങളിൽ വെളിച്ചം കണ്ടു)

1.3 "വൈദികപരിശീലന ഘട്ടങ്ങൾ" (*ക്രൈസ്തവ കാഹളം* 1990 മാർച്ച്-ഏപ്രിൽ)

1.4 "ക്രിസ്മസ് ചിന്തകൾ : കാൾ റാനർ" (1992 ഡിസംബർ ലക്കം പ്രസിദ്ധീകരിച്ച *ക്രൈസ്തവ കാഹള*ത്തിൽ ഈ ലേഖനം വെളിച്ചം കണ്ടു)

1.5 "വിത്തിന്റെ ഉപമ: കാത്തിരിപ്പിന്റെ കഥ" (വിരിയുന്ന നവലോകം എന്ന ഉപമ വിജ്ഞാനീയഗ്രന്ഥത്തിൽ ഈ ലേഖനം 1994 ൽ പ്രസിദ്ധീകൃതമായി. ഈ ഗ്രന്ഥത്തിന്റെ മൂന്ന് എഡിറ്റർമാരിൽ ഒരാളായിരുന്നു ലേഖകൻ)

1.6 "കുരിശ് പ്രത്യാശയുടെ പ്രതീകം: മോൾട്ട്മാൻ" (1993 മാർച്ച്-ഏപ്രിൽ ലക്കം *ക്രൈസ്തവകാഹള*ത്തിൽ പ്രസിദ്ധീകൃതമായി.)

1.7 "പ്രപഞ്ച പരിണാമം ഉത്ഥിതനായ ക്രിസ്തുവിലേക്ക് : ഷർദ്ദാൻ" (1990 ലെ *ക്രൈസ്തവ കാഹള*ത്തിന്റെ ഈസ്റ്റർ പതിപ്പിൽ പ്രസിദ്ധീകരിച്ച ഈ ലേഖനം 1995 ൽ *മതവും ചിന്തയും* ദാർശനിക ദ്വൈമാസിക പുന: പ്രസിദ്ധീകരിക്കുകയുണ്ടായി. 2000 ൽ ജയിംസ് ചെല്ലങ്കോട്ട് എഡിറ്റ് ചെയ്ത 'ഉത്ഥാനം' എന്ന ഗ്രന്ഥത്തിൽ ഈ ലേഖനം ഉൾപ്പെടുത്തിയിരുന്നു.)

1.8 "മാർ ഇവാനിയോസ് ഭാരത ക്രൈസ്തവ സന്ന്യാസത്തിന്റെ പ്രവാചകൻ" (1997 ജൂലൈ 15 ലെ *ദീപിക*യിൽ ആദ്യമായി പ്രസിദ്ധീകരിച്ച ഈ ലേഖനം മാർ ഇവാനിയോസ് തിരുമേനിയെ ഒരു ദാർശനികനായി അവതരിപ്പിക്കുന്ന പ്രഥമ പഠനമായിരുന്നു. പത്തോളം വിവിധ പ്രസിദ്ധീകരണങ്ങളിൽ ഈ ലേഖനം വെളിച്ചം കണ്ടിട്ടുണ്ട്.)

1.9 "ധനികർക്ക് ദൈവരാജ്യം അന്യമോ?" (1992 ൽ കൊച്ചി പി.ഓ.സി. യിൽ നിന്നും പ്രസിദ്ധീകരിക്കുന്ന *താലന്ത്* എന്ന വിശ്വാസ പരിശീലന പ്രസിദ്ധീകരണത്തിൽ ഈ ലേഖനം വെളിച്ചം കണ്ടു)

1.10 "The call to be a Prietst'' (This article which deal with priestly vocation was published in *Vishal Malankara Voice,* 2010 May- June issue)

1.11 "മരിയ ദർശനം മാർ അപ്രേമിന്റെ വീക്ഷണവും സഭയുടെ വിശ്വാസ സത്യങ്ങളും" (*ഐക്യദീപം* 2013 ഒക്ടോബർ ലക്കത്തിൽ ഈ ലേഖനം പ്രസിദ്ധീകൃതമായി. മരിയൻ വിശ്വാസ സത്യങ്ങളുടെ പഠനമാണ് ഈ ലേഖനം.)

1.12 "Towards An Ecological Spirituality'' (*Caritas*, St. Joseph's Pontifical seminary, Aluva- 1992)

1.13 "Johannine Sonship A Scriptrual Study'' ( *Caritas*, St.Joseph's Pontifical Seminary, Aluva, 1993)

1.14 "Relevance of Philosophy in Priestly Formation'' (*Upasana,* Malankara Major Seminary, Trivandrum, 1990)



www.malankaralibrary.com





1.15 "ദൈവം നമ്മോടു കൂടെ കഴുകുമരത്തിനരുകിൽ മുഴങ്ങിക്കേട്ട ശബ്ദം" (*പുലരി,* സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, ആലുവ, 1992)

1.16 "കുരിശ് ഉത്ഥാനത്തിലേക്കുള്ള വാതിൽ" (കുരിശിനെ സംബന്ധിക്കുന്ന ദൈവശാസ്ത്രം മലങ്കര ആരാധന ക്രമത്തിലെ സ്ലീബാ വന്ദനവിന്റെ ശുശ്രൂഷയെ ആസ്പദമാക്കി വിശകലനം ചെയ്യുന്നു. *ഐക്യദീപം*, 2014 ഒക്ടോബർ)

2. **സാമൂഹിക പഠനങ്ങൾ**

2.1 "സഭയുടെ സാമൂഹിക പ്രബോധനം" ('റേരും നൊവാരും' മുതൽ 'ചെന്തേസിമൂസ് ആന്നൂസ്' വരെയുള്ള സഭയുടെ സാമൂഹിക പ്രബോധനങ്ങളെ കുറിച്ച് പഠിക്കുന്ന ഈ ലേഖനം *ക്രൈസ്തവ കാഹള*ത്തിൽ 1991 ൽ ആദ്യമായി പ്രസിദ്ധീകൃതമായി. 1991 ലെ ഏറ്റവും നല്ല ഉപന്യാസത്തിനുള്ള ആലുവാ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലെ പുരസ്കാരത്തിന് ഈ ലേഖനം അർഹമായി.)

2.2 "മനുഷ്യ മന:സാക്ഷിയോട് സഭ സംസാരിക്കുന്നു." (ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ 'വെരിത്താത്തിസ് സ്പ്ലെൻദോർ' എന്ന ചാക്രിക ലേഖനത്തെ അധികരിച്ച് എഴുതപ്പെട്ട ഈ ലേഖനം 1993-ൽ *താലന്തിൽ* ആദ്യമായി പ്രസിദ്ധീകൃതമായി)

2.3 "മനുഷ്യ ജീവനുവേണ്ടി ഒരു ധർമ്മ സമരം" (1994 സെപ്റ്റംബർ 5 മുതൽ 13 വരെ കെയ്റോയിൽ ജനപ്പെരുപ്പത്തെയും വികസനത്തെയും കുറിച്ച് ചർച്ച ചെയ്യാൻ കൂടിയ ലോകസമ്മേളനത്തിന്റെ ഉള്ളുകള്ളികളെക്കുറിച്ച് വിലയിരുത്തുന്ന ഈ ലേഖനം 1994 ഒക്ടോബർ ലക്കം *താലന്തിൽ* പ്രസിദ്ധീകൃതമായി)

2.4 "പാളം തെറ്റുന്ന കൗമാരം" (നിരവധി പ്രസദ്ധീകരണങ്ങളിൽ ആവർത്തിച്ച് പ്രസിദ്ധീകൃതമായ ഈ ലേഖനം 1998 ൽ കേരളാ സർവ്വകലാശാല പ്രീഡിഗ്രി പാഠപുസ്തകമായ 'ഭാഷാതിലക'ത്തിൽ ഉൾപ്പെടുത്തി. *'മതവും ചിന്തയും'* 1991 മെയ് -ജൂൺ ലക്കത്തിൽ ആദ്യമായി പ്രസിദ്ധീകൃതമായ ഈ ലേഖനം കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖപ്പത്രമായ *'വിജ്ഞാന കൈരളി'*യിൽ പുന:പ്രസിദ്ധീകരിക്കയുണ്ടായി)

(1.1 മുതൽ 1.9 വരെയും 2.1 മുതൽ 2.4 വരെയും ഉള്ള ലേഖനങ്ങൾ സമാഹരിച്ച ഗ്രന്ഥമായ *ദൈവജനം* 1998 ലും 2000ലും രണ്ടു പതിപ്പുകളായി പുറത്തിറങ്ങുകയുണ്ടായി. രണ്ടാം പതിപ്പ് പ്രസിദ്ധീകരിച്ചത് കാർമൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസ് ആണ്. ISBN 81-97655-13-5)

2.5 "ആത്മവിശ്വാസം കഠിനാധ്വാനം ലക്ഷ്യബോധം വിദ്യാർത്ഥികളിൽ" (2012 ൽ ആകാശവാണി പ്രക്ഷേപണം ചെയ്ത പ്രഭാഷണത്തിന്റെ ലിഖിത രൂപമായ ഈ ലേഖനം കണ്ണൂരിൽ നിന്നും പ്രസിദ്ധീകരിക്കുന്ന *ഒറ്റമൂലി* മാസിക 2013 ഒക്ടോബർ ലക്കത്തിലും ഗാന്ധിഭവൻ *സ്നേഹരാജ്യം* മാസിക 2014 ജൂലൈ ലക്കത്തിലും പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിന്റെ 2014 വാർഷിക പതിപ്പിലും പ്രസിദ്ധീകരിക്കയുണ്ടായി)

2.6 "കുടുംബം യാഥാർത്ഥ്യവും വെല്ലുവിളികളും" (2014 ഒക്ടോബറിൽ റോമിൽ നടന്ന കുടുംബജീവിതത്തെ സംബന്ധിച്ച സുന്നഹദോസിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ഈ ലേഖനം കുടുംബജീവിതത്തിന്റെ



www.malankaralibrary.com

ദൈവശാസ്ത്രപരവും ആരാധനാക്രമപരവുമായ അടിസ്ഥാനങ്ങൾ വിശകലനം ചെയ്യുന്നു. *ക്രൈസ്തവ കാഹളം* 2014 നവംബർ)

2.6 "ആരോഗ്യപൂർണ്ണമായ മാതൃത്വവും പിതൃത്വും", (2017 ഡിസംബർ 21-ന് ആകാശവാണി തിരുവനന്തപുരം നിലയം പ്രക്ഷേപണം ചെയ്ത പ്രഭാഷണത്തിന്റെ ലിഖിതരൂപം, *സ്നേഹസ്മൃതി*, Silver Jubilee Souvenir, 1992-2017, SFS Church, Vattiyoorkavu, 2017)

2.8 "വിവാഹവഴിയിലെ കാരുണ്യസ്പർശം", (പ. ഫ്രാൻസിസ് പാപ്പായുടെ "അമോരിസ് ലെത്തീസ്യ" എന്ന ചാക്രികലേഖനത്തെ അധികരിച്ചെഴുതിയ ഈ ലേഖനം 2018 ജനുവരി-ഫെബ്രുവരി ലക്കം *അഭിമുഖം* ജേണലിൽ പ്രസിദ്ധീകരിക്കുകയുണ്ടായി)

2.9 "കോവിഡും കുടുംബവും", (2020-ൽ കോവിഡ് പശ്ചാത്തലത്തിൽ എഴുതിയ ഈ ലേഖനം, മാർത്തോമ്മാസഭയുടെ തിരുവനന്തപുരം കൊല്ലം ഭദ്രാസനത്തിന്റെ ജിഹ്വയായ *എക്ലേസിയ* ഉൾപ്പെടെ 4 പ്രിന്റ് മാധ്യമങ്ങളും നിരവധി ഓൺലൈൻ മാധ്യമങ്ങളും പ്രസിദ്ദീകരിക്കുകയുണ്ടായി.)

3. **കാനോനിക പഠനങ്ങൾ**

3.1 "Metropolitan Church *sui iuris* : Juridical Status and Power of Governance" (*Christaian Orient* XXI/41-48 . The author established in 1998 that the Metropolitan status of the Syro-Malankara Catholic Church was incompatible with the history of the church. In 2005 the Syro-Malankara Catholic church was raised to the status of a Mjor Archiepiscopal Church *sui iuris*)

3.2 "സഭാ നിയമങ്ങൾ സാർവത്രിക രക്ഷയിലേക്കുള്ള ചൂണ്ടു പലകകൾ" (കുവൈറ്റിൽ നിന്നും പ്രസിദ്ധീകരിക്കുന്ന *യുവജ്യോതി*യിൽ ആദ്യമായി പ്രസിദ്ധീകരിച്ച ഈ ലേഖനം സഭാ നിയമത്തെ കുറിച്ച് ഒരു പുതിയ കാഴ്ചപ്പാട് പങ്കു വയ്ക്കുന്നു.)

3.3 "ദൈവശാസ്ത്ര നിയമ പാരസ്പര്യം ഓയർസിയൻ ചിന്തകൾ" (പ്രശസ്ത ദൈവശാസ്ത്രജ്ഞനായ ലാഡിസ്ലാസ് ഓയ്ർസിയുടെ ചിന്തകളിലേക്ക് വെളിച്ചം വീശുന്ന ലേഖനമാണിത്.)

3.4 "പൗരസ്ത്യ സഭകളുടെ കാനോന സംഹിത" (CCEO) യുടെ രക്ഷാകര സ്വഭാവം (ലേഖകൻ അവതരിപ്പിച്ച ഡോക്ടറൽ പ്രബന്ധത്തിന്റെ മലയാള പരിഭാഷയാണീ ലേഖനം. ഇത് ആദ്യമായി പ്രസിദ്ധീകൃതമായത് *ഐക്യദീപം* മാസികയിലാണ്. നിയമ ദർശനത്തിൽ തോമസ് അക്വിനാസിന്റെ വീക്ഷണത്തെ പോലും വിമർശനാത്മകമായി വിലയിരുത്തിയ ഈ പ്രബന്ധം നിയമക്കാഴ്ചപ്പാടിൽ ഒരു പുതിയ പാത വെട്ടിത്തുറക്കുകയായിരുന്നു.)

3.5 "പൗരസ്ത്യ സഭകളുടെ കാനോന സംഹിതയിലെ ദിവ്യകാരുണ്യ ദർശനം" (2009 ഒക്ടോബർ 21 മുതൽ 25 വരെ റാഞ്ചിയിൽ നടന്ന അഖിലേന്ത്യാ കാനൻ ലോ കോൺഫെറൻസിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ മലയാള പരിഭാഷയായ ഈ ലേഖനം *ക്രൈസ്തവ കാഹളം* മാസികയിലാണ് ഇത് ആദ്യമായി പ്രസിദ്ധീകരിച്ചത്)



www.malankaralibrary.com

3.6 "ഇടവക ഒരു കാനോനിക വീക്ഷണം" (നിരവധി പ്രസിദ്ധീകരണങ്ങളിൽ 1996 മുതൽ വെളിച്ചം കണ്ട ഈ ലേഖനം ഇടവകയെ സംബന്ധിക്കുന്ന കാനോനിക ദർശനം വിശകലനം ചെയ്യുന്നു.)

3.7 "ശ്രേഷ്ഠാചാര്യ ശുശ്രൂഷ പൗരസ്ത്യ കാനോനസംഹിതയിൽ" (*ക്രൈസ്തവ കാഹളം* 2010 മാർച്ച് ലക്കത്തിലാണ് ഈ ലേഖനം ആദ്യമായി പ്രസിദ്ധീകൃതമായത്)

3.8 "പൗരോഹിത്യം പൗരസ്ത്യ കാനോന സംഹിതയിൽ" (*ക്രൈസ്തവ കാഹള*ത്തിൽ 2012 ൽ ആണ് ഈ ലേഖനം ആദ്യമായി പ്രസിദ്ധീകൃതമായത്)

3.9 "വിശ്വാസികളും വിവാഹ വിളിച്ചുചൊല്ലുകളും" (വിവാഹത്തിന്റെ കാനോനിക ദർശനം അവതരിപ്പിക്കുന്ന ഈ ലേഖനം *ഐക്യദീപ*ത്തിലാണ് ആദ്യമായി പ്രസിദ്ധീകൃതമായത്)

3.10 "മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അനന്യ വ്യക്തിത്വം" (1991 മുതൽ വിവിധ പ്രസിദ്ധീകരണങ്ങളിൽ കാലാനുസൃതമായി പരിഷ്ക്കരിച്ച് ഈ ലേഖനം പ്രസിദ്ധീകരിച്ചു വന്നിരുന്നു. 2007 ജൂൺ ലക്കം *ക്രൈസ്തവ കാഹള*ത്തിൽ പ്രസിദ്ധീകരിച്ച ഈ ലേഖനത്തിന്റെ പരിഷ്കൃത പതിപ്പിലാണ് മേജർ ആർച്ച് ബിഷപ്പ് സ്ഥാനം, കാതോലിക്കോസ് സ്ഥാനത്തിന് തുല്യമാണ് എന്ന കണ്ടെത്തൽ പൗരസ്ത്യ കാനോന സംഹിതയുടെ ഉറവിടമായ *ക്ലേരി സാംക്തിതാത്തി* 335-ാം കാനോനയുടെ വെളിച്ചത്തിൽ കാനോനിക അടിസ്ഥാനം കണ്ടെത്തി ആദ്യമായി അവതരിപ്പിക്കപ്പെട്ടത്.)

3.11 "അല്മായ പങ്കാളിത്തം സഭയിൽ" (അല്മായ ദൈവശാസ്ത്രവും കാനോനിക ദർശനവും ഈ ലേഖനത്തിൽ അവതരിപ്പിക്കപ്പെടുന്നു.)

3.2 മുതൽ 3.11 വരെയുള്ള രചനകൾ *കാനോനിക പഠനങ്ങൾ* എന്ന ഗ്രന്ഥത്തിൽ സമാഹരിച്ചിട്ടുണ്ട് ഈ ഗ്രന്ഥം 2012 ജൂൺ മാസത്തിലാണ് പ്രസിദ്ധീകൃതമായത്.

3.12 *Salvific Law* (It is the book form of the doctoral thesis of the Author. The third edition of this book was published by Carmel International Publishing House :ISBN 978-93-80483-54-2. This work being internationally well reviewed serves an important purpose reminding that the end of canon law is never the law, nor even on the welfare of the Church, but the Salvation of the Souls)

3.13 The concept of Eucharist in Oriental Code:Towards a Euchristic Spirituality in Canon Law (It is a paper presented at the Canon Law Conference organised by Canon Law Society of India. *Indian Canonical Studies*, 2009)



www.malankaralibrary.com

## Appendix
## Wikipedia Article
(As on December 18, 2019)

### Thomas Kuzhinapurath

From Wikipedia, the free encyclopedia

**Thomas Kuzhinapurath** is an author and priest of the Syro-Malankara Catholic Church.[1]

### Early Life

Thomas Kuzhinapurath was born on April 5, 1969, to Pakalomattom Kuzhinapurath John Thomas and Annamma John at Omallur, Pathanamthitta, Kerala. The religious atmosphere of Omallur played a pivotal role in the formation of a religious mind in Kuzhinapurath in his early childhood. Rektha Kanda Swamy Temple and Manjanikkara Dayara are famous religious pilgrim places of Omallur. The parents of Kuzhinapurath are from an agricultural background. They earned their living from agricultural fields. Omallur was also famous for the agricultural fest and cattle fair called VayalVanibham.[2,3,4]

Kuzhinapurath had his elementary education in Govt. LPS, Cheekkanal, Omallur. His schooling at the upper primary and high school level was in Arya Bharati High School, Omallur. After completing the high school, being influenced by the life model of his paternal grand uncle Fr. John Kuzhinapurath, he joined St. Aloysius Seminary, Trivandrum at the age of 15 in 1984.[2, 3]

### Seminary Life

Being a teenager in the Seminary Kuzhinapurath was attracted by the life of the saintly prelate Archbishop Benedict Mar Gregorios. He could learn a lot and become convinced of some spiritual ideals from the Archbishop. He served as the altar boy of the Archbishop for one year. After the initial formation in the seminary he joined for Pre-Degree in Kerala University. After the Pre-DgreeKuzhinapurath joined St. Mary's Malankara Major Seminary, Trivandrum for the 3 year philosophical training. At the final year as a requirement of the philosophical studies he prepared a comparative



www.malankaralibrary.com

study on Teilhard de Chardin and Aurobindo, called *Towards the Absolute.* Dr. Thomas Naickamparampil, who guided the thesis qualified it as a 'painstaking endeavor'.[2, 3, 5]

The study of philosophy led Kuzhinapurath to the field of fiction. At this time he wrote and published several short stories in Malayalam. Some of them are *Vetikkettu*, *Anveshanam*, *Manimuzhakkam*, *Kelante Artham Kandethal*.[2, 3]

Along with this Kuzhinapurath succeeded in taking a bachelor's degree in Philosphy from the University of Kerala.[2, 3]

Then Kuzhinapurath joined St. Joseph's Pontifical Institute, Aluva for four years of theological studies. The theological formation in this institute made him familiar with the writings of Karl Rahner, Jurgen Moltmann etc. He became the student chief editor of the philosophical journal *Mathavum Chinthayum.* As a requirement of the theological studies he prepared a thesis on the existential christology of Karl Rahner under the guidance of Dr. George Karakunnel. During this time he worked as the co-editor of the book, 3 ViriyunnaNavalokam", a scriptural study of the parables of Jesus, published by S H League, Aluva. By this time Kuzhinapurath has published a series of theological articles on Karl Rahner, Jurgen Moltmann, Teilhard de Chardin etc. His articles of this period dealt with various moral, social and political issues. An article he wrote during this period at the age of 22, was later selected by the University of Kerala for the Pre-Degree syllabus in 1998.[3] At the end of theological formation Kuzhinapurath was ordained priest on December 26, 1994.[2, 3]

### A Catholic Priest

Being a priest of the Syro-Malankara Catholic Church Kuzhinapurath was appointed to serve in St. John's Leprosy Hospital, Pirappancode, Trivandrum in January 1995. Along with his charitable works in the hospital he has started the mission work in the nearby town, Attingal.[2, 3] In 1995 he started St. Thomas Mission Center at Attingal in a thatched shed. Being a young priest of 25 he traveled hundreds of kilometers on a Bajaj 4 S Champion motorcycle for missionary and charitable work. This very first appointment in the leprosy



www.malankaralibrary.com

hospital did a lot in molding in his character a leniency towards the marginalized in the society.[6] In 1996 Archbishop Cyril Mar Baselios appointed Kuzhinpurath the chancellor of the Archdiocese of Trivandrum at the age of 26.[2][3] Being the chancellor of the Archdiocese of Trivandrum Kuzhinapurath assisted the formulation and publication of the statutes of the Archdiocese.[6] He also worked as a missionary in the mission centers of Channankara, Kazhakkuttam and Attingal. In 1998 he was sent to Rome for higher studies in Oriental Canon Law (CCEO). He studied under the guidance of the great professors like Ivan Zuzek, Dimitri Salachas, George Nedungatt and Cyril Vasil at Pontifical Oriental Institute, Rome.[6]In 2000 Kuzhinapurath was appointed the Contact Person of the Syro-Malankara Catholic Church for the Great Jubilee 2000 in Rome. Pope John Paul II gave an audience to the Hierarchy and the representatives of the clergy, the religious and the laity of the Syro-Malankara Catholic Church on November 22, 2000.[6] In 2000 Kuzhinapurath started the first religious house of Syro-Malankara Catholics in Italy for Bethany Madhom in Montecchio Emilia in Reggio Emilia.[6]

**Writing Career**

He has authored the well known book Salvific Law.[7] This is the doctoral thesis which he defended in Pontifical Oriental Institute, Rome. This book very well establishes that Christian Church and its laws should necessarily be instruments of liberation.[8] Kuzhinapurath was one of the contributors of the Kerala University textbook named "Bhasha Thilakam" (1998).[5] Kuzhinapurath was the chief editor of the philosophical journal "Mathavum Chinthayum" published from Aluva, Kerala.[9] His other works are Daivajanam,[10] Kanonika Padhanangal,[11] Snehathinte Santhosham Oru Sampoorna Padhanam: An Integral Study of Pope Francis' Apostolic Exhortation Amoris Laetitia,[12] Mathapithakkalum MakkalumAriyaan. [13] His work Salvific Law was well reviewed in international journals.[14, 15] The Book "Daivajanam" contains essays on theologians and philosophers like Karl Rahner, Teilhard de



www.malankaralibrary.com

Chardin, Aurobindo, Jurgen Moltmann, Gregory of Nyssa and LadislasOrsy.[2, 3] The three volume "Encyclopedia of South Indian Literature" edited by Dr. Madhubala Sinha contains a long article on Thomas Kuzhinapurath.[2, 3, 16] Kuzhinapurath is the Resident Manager of the Thiruvanthapuram office of Deepika (newspaper), the oldest Malayalam News Paper.[17]

All India Radio and Doordarshan had broadcast of Thomas Kuzhinapurath's talks and panel discussions.[6]

He is the Judicial Vicar of the Major Archieparchy of Trivandrum and the Vice-President of the Ordinary Tribunal of the Syro-Malankara Catholic Church.

References

1 https://www.amazon.com/Thomas-Kuzhinapurath/e/B002V34LOK

2 [a b c d e f g h i j] ,Dr. Madhubala Sinha (ed.) Encyclopedia of South Indian Literature, Vol.3, pp. 269 -272, Anmol Publications Pvt. Ltd., New Delhi, ISBN 978-81-261-3740-4

3 [a b c d e f g h i j] *Sinhâ, Madhubâlâ (2009). Encyclopaedia of South Indian literature. ISBN 9788126137404.*

4 https://www.scribd.com/document/258598936/Anugrahathinte-25-Akshara-Varshangal-Malayalam

5 :[a b] University of Kerala Press, (1998) "Palamtettunna Kaumaram", BhaashaThilakam, ed. University of Kerala Publication Dept., Trivandrum, ISBN-81-86397-13-2.

6 [b c d e f] Malankara Seminary Publications, (2015), Anugrahathinte 25 Akshara Varshangal: Fr. Thomas Kuzhinapurathinte Rachanavazhikalilekku Oru Thiranottam, ed. Juby Peter, Trivandrum.

7 https://www.amazon.in/Thomas-Kuzhinapurath/e/B002V34LOK

8 http://www.worldcat.org search?q= Thomas+ Kuzhinapurath &qt = results_page



www.malankaralibrary.com

**9** S H League, Aluva, (1993)

**10** Carmel International Publishing House, (2000) *Daivajanam*, Thomas Kuzhinapurath, Trivandrum, ISBN 978-93-80483-54-2.

**11** Malankara seminary Publications, (2012) *KanonikaPadhanangal: Fr. Thomas Kuzhinapurathinte Theranjedutha Prabandhangal*, ed. Koshy Punnamoottil, Trivandrum.

**12** The Commission for Theology and Publication, (2016), *Snehathinte Santhosham Oru Sampoorna Padhanam: An Integral Study of Pope Francis' Apostolic Exhortation Amoris Laetitia*, ed. Thomas Kuzhinapurath, Trivandrum.

**13** The Commission for Theology and Publication, (2016), *Mathapithakkalum Makkalum Ariyaan*, ed. Thomas Kuzhinapurath, Trivandrum.

**14** Corbishop John D. Faris, *Salvific Law. Salvific Character of CCEO: An Historical Overview,* by Thomas Kuzhinapurath Kerala, India: MS Publications, 2008. xi-212 pp. Published in *Studia Canonica*, Ottawa, 42/1 (2008) 269-270

**15** Sunny Thomas Kokkaravalayil SJ, "Kuzhinapurath, Thomas, Salvific Law, Salvific Character of CCEO: an Historical Overview, MS Publications, Thiruvananthapuram, 2004, revised ed., 2008, pp. xi + 212," in *Orientalia Cristiana Periodica*, Rome, 77 (2011), 262-264.

**16** http://www.indianbooks.co.in/books/encyclopaedia-of-south-indian-literature.html

**17** "Rev. Dr. ThomasKuzhinapurath Rashtra Deepika Thiruvananthapuram Resident Manager", Deepika (newspaper), Trivandrum , August 1, 2017




www.malankaralibrary.com

"*Salvific Law* concludes that the supreme function of conon law is to help Christian faithful to live a life which is oriented towards the ultimate communion with God."

**Moran Mor Baselios Cardinal Cleemis Catholicos**.
Major Archbishop Catholicos of the Syro-Malankara Catholic Church.

"Ususally doctoral studies in conon law deal with either the historical or pastoral implications of one or more canons. But the studies on the theology of canons are very rare. Here in *Salvific Law* Fr. Kuzhinapurath successfully came across the soteriology of the whole CCEO."

**Archbishop Dr. Cyril Vasil' SJ.**
The Secretary General of the Congregation for the Oriental Churches, Rome.

"The master's thesis itself can be considered as a doctoral research."

**Bishop Dr. Dimitrios Salachas**
The Exarch Emiritus of the Greek Catholic Church, Athens.

"*Salvific Law* succeeds in demonstrating that Code of Canons of the Oriental Churches has a paricular congruence with the Divine Will. The aim of both is the salvation of souls. While this book will be of interest to theologians and canonists, it is also particularly suited for priests and even laity."

**Dr. Daniel G. Fulton,** Philadelphia
*L'Osservatore Romano* (Indian Edition), July 31, 2008.

"*Salvific Law* serves a valid and important pupose of reminding all those who are engaged in the juridical governance of the Church that the end is never the law, not even the welfare of the Church, but the salvation of the souls."

**Chorbishop Dr. John D. Faris**, New York
*Studia Canonica*, Ottawa, Vol. 42/1,2008

"*Salvific Law* explains the meaning of the key terms useful to understand canon law. Therefore it can be used as a handbook for those who wish to acquire a deeper knowledge of canon law. It serves to enlighten the legislators, judges and followers of ecclesiastical law."

**Dr. S. Kokkravalel SJ**
*Orientale Cristiane Periodica*, Rome, No. 1, 2011

The Commission of Theology and Publication
Major ARchbishop's House, Pattom,
Trivandrum - 695 004, Kerala, India
Mobile : 0091-8129482279 | 0091-9745448182

www.malankaralibrary.com